# ധ്യാനപ്രസംഗങ്ങൾ

മോൺ. മാത്യു മങ്കുഴിക്കരി

# ധ്യാനപ്രസംഗങ്ങൾ

(പരിഷ്ക്കരിച്ച പുതിയ പതിപ്പ്)

MALANKARA
LIBRARY

**DHYANA PRASANGANGAL**

(Malayalam)

**Mgr. Mathew J. Mankuzhikary**

Revised third edition

1-1-1985

Rights reserved

Nihil Obstat

**Fr. Joseph Vilangattil**

Imprimatur

**Bp. Sebastian Mankuzhikary**

Printed at

Viani Printings

Ernakulam Cochin - 682018

Published by the author

Price Rs. 12.00

# പ്രസ്താവന

"ധ്യാനപ്രസംഗങ്ങൾ" പ്രസിദ്ധം ചെയ്ത കുറച്ചു മാസങ്ങൾ കഴിഞ്ഞതോടെ കോപ്പികളെല്ലാം തീർന്നതിനാൽ ഒരു **മൂന്നാം പതിപ്പ്** ഉടനെ തയ്യാറാക്കേണ്ടിവന്നു.

ആദ്യപതിപ്പ് പ്രധാനമായി വൈദിക വിദ്യാർത്ഥികളെ ഉദ്ദേശിച്ചുള്ളതായിരുന്നു. ആ പ്രത്യേകത മാററി അല്മായ സഹോദരീസഹോദരന്മാർക്ക് കൂടുതൽ പ്രയോജനകരമാകത്തക്ക വിധം ഈ പുതിയ പതിപ്പ് സജ്ജീകരിക്കണമെന്നു പലേ മാന്യ സുഹൃത്തുക്കളും അഭിപ്രായപ്പെട്ടതനുസരിച്ച് പ്രസംഗങ്ങൾ മാറിയെഴുതുകയും ചിലതു പുതുതായി ചേർക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ പരിഷ്ക്കരിച്ച ഈ പുതിയ പതിപ്പ് ഉടനെ പ്രസിദ്ധം ചെയ്യുവാൻ കഴിയുന്നതിൽ ഈയുള്ളവനു വലിയ ചാരിതാർത്ഥ്യമുണ്ട്.

ഇതിൻെറ മുദ്രണം ഭംഗിയായി സാധിച്ചിരിക്കുന്ന എറണാകുളം വിയാനി പ്രിൻറിംഗ്സ് അധികൃതരോടു ഞാൻ ഹൃദയപൂർവ്വം നന്ദിപറയുന്നു.

ആദ്യപതിപ്പ് ഹാർദ്ദവമായി സ്വാഗതം ചെയ്ത ഉദാരമതികളായ അനുവാചകരോട് എനിക്ക് അതിമാത്രം കൃതജ്ഞതയുണ്ട്. പരിഷ്ക്കരിച്ച ഈ പുതിയ പതിപ്പും അപ്രകാരം സ്വീകരിക്കപ്പെടുമെന്നു പ്രതീക്ഷിക്കുന്നു. എൻെറ ധ്യാനപ്രസംഗങ്ങളിൽ സംബന്ധിച്ചിട്ടുള്ള എല്ലാ മാന്യ അല്മായസഹോദരർക്കുമായി ഈ ഗ്രന്ഥം സവിനയം സമർപ്പിക്കുകയും അവർക്കെല്ലാം വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

രചയിതാവ്

സെൻറ് തോമസ് സെമിനാരി
കോട്ടയം–10
1985 ജനുവരി 1

# വിഷയവിവരം


| | | |
|---|---|---|
| | പ്രാരംഭം—ആ മൂന്നു ചോദ്യങ്ങൾ | 5 |
| 1. | ദൈവം, നമ്മുടെ പിതാവ് | 17 |
| 2. | ജീവിതലക്ഷ്യം | 25 |
| 3. | ദൈവവിളി | 41 |
| 4. | വിശ്വാസത്തിന്റെ വെളിച്ചത്തിൽ | 48 |
| 5. | ക്രിസ്തീയ പുണ്യപൂർണ്ണത | 57 |
| 6. | പാപം | 65 |
| 7. | അഹങ്കാരം | 77 |
| 8. | മരണം | 85 |
| 9. | വിശുദ്ധ പുണ്യം | 96 |
| 10. | നരകം | 113 |
| 11. | മന്ദജീവിതം | 123 |
| 12. | സഹോദരങ്ങളോടുള്ള അനുരഞ്ജനം | 134 |
| 13. | ദൈവത്തോടുള്ള അനുരഞ്ജനം | 148 |
| 14. | കുമ്പസാരം | 158 |
| 15. | കർത്താവിന്റെ കരുണ | 173 |
| 16. | പരിഹാരജീവിതം | 182 |
| 17. | ധൂർത്തനുള്ള വിരുന്ന് | 191 |
| 18. | പ്രാർത്ഥന | 202 |
| 19. | നിന്റെ സഹോദരൻ എവിടെ? | 210 |
| 20. | ഇതാ, നിന്റെ അമ്മ | 219 |

## പ്രാരംഭം

# ആ മൂന്നു ചോദ്യങ്ങൾ

മിശിഹായിൽ പ്രിയ സഹോദരരേ,

ക്രിസ്തുനാഥൻെറ തിരുനാമത്തിൽ നിങ്ങളെയെല്ലാം ഈ ധ്യാനത്തിലേക്കു ഹൃദയപൂർവ്വം സ്വാഗതം ചെയ്തുകൊള്ളുന്നു. ധ്യാനത്തിനു പ്രാരംഭമായി ഒരു സംഭവം പറയട്ടെ. ഒരു വൈദികൻ അപരിചിതമായ ഒരു സ്ഥലത്തു സഞ്ചരിക്കുകയായിരുന്നു. അവിടെ ജീർണ്ണിച്ചുപോയ ഒരു കെട്ടിടം അദ്ദേഹം കണ്ടു. അതിനുള്ളിൽ കയറിനോക്കിയപ്പോൾ എല്ലാം വളരെ ഭംഗിയായി സജ്ജീകരിച്ചിട്ടുള്ള ഒരു സമ്മേളനശാലയാണെന്നു മനസ്സിലായി. ആ ഭവനത്തിൻെറ ഭിത്തികളിൽ വലിയ ചാർട്ടുകളും പടങ്ങളും തൂക്കിയിട്ടുണ്ടു്. ആ പ്രദേശത്തിൻെറ സ്ഥിതിവിവരക്കണക്കുകളെല്ലാമാണു് അതിൽ രേഖപ്പെടുത്തിയിരുന്നതു്. ഗഹനമായ ആലോചനകൾ അവിടെ നടക്കുന്നുണ്ടെന്നർത്ഥം. ആ സമ്മേളനശാലയുടെ ഏറ്റവും പ്രധാന ഭാഗത്തു് ഒരു വലിയ ചിത്രം ഭംഗിയായി അലങ്കരിച്ചു സജ്ജീകരിച്ചിട്ടുണ്ടു്. കമ്മ്യൂണിസ്റ്റു് വിപ്ലവത്തിനു നേതൃത്വം വഹിച്ച സഖാവു ലെനിൻെറ പടമാണതു്. അവിടെ സമ്മേളിക്കുന്ന ഓരോ കമ്മ്യൂണിസ്റ്റു് പ്രവർത്തകനും, അവരുടെ ആലോചനയുടെ അവസാനത്തിൽ ആ ചിത്രത്തിൻെറ മുൻപിൽ വന്നുനിന്നിട്ടു് തന്നോടുതന്നെ ചോദിക്കുന്ന മൂന്നു ചോദ്യങ്ങൾ. ഒന്നു്— "ഞാൻ സഖാവു ലെനിനുവേണ്ടി എന്തു ചെയ്യേണ്ടതായിരുന്നു? രണ്ടു്—ഞാൻ സ. ലെനിനുവേണ്ടി ഇതുവരെ എന്തുചെയ്തിട്ടുണ്ടു്? മൂന്നാമത്തെ ചോദ്യം—ഞാൻ സ. ലെനിനുവേണ്ടി ഇനി എന്തു ചെയ്യുവാൻ വിചാരിക്കുന്നു?" വളരെ ഗൗരവാവഹമായ മൂന്നു ചോദ്യങ്ങൾ—ഗാഢവിചിന്തനത്തിൻേറയും തീരുമാനത്തിൻേറയും ഫലം; തൻെറ നേതാവിനോടുള്ള ഭക്തിയുടേയും കടപ്പാടിൻേറയും വ്യക്തമായ പ്രകടനവും. സഹോദരരേ, നമ്മുടെ

സഖാക്കരം ഈ ചോദ്യങ്ങരം മൂന്നം കടം വാങ്ങിച്ചതാണു്. ഇതവരുടെ സ്വന്തമല്ലെന്നു നിങ്ങരംക്കറിയാം. എന്തുകൊണ്ടെന്നാൽ അവരാരും ജനിക്കുന്നതിനുമുമ്പു് ഈ മൂന്നു ചോദ്യങ്ങളുമായി ഒരു കത്തോലിക്കാ യുവാവാണു് ആദ്യം മുമ്പോട്ടുവന്നതു്, ഇഗ്നേഷ്യസ് ലയോള. അദ്ദേഹം തന്റെ പ്രഭുസദനത്തിന്റെ മുകളിലത്തെ മുറിയിൽ ഏകനായിരുന്നു ധ്യാനിച്ചശേഷം തന്നോടുതന്നെ ചോദിച്ചു: ''ഞാൻ ക്രിസ്തുനാഥനുവേണ്ടി എന്തു ചെയ്യേണ്ടതായിരുന്നു? ഞാൻ ക്രിസ്തുനാഥനുവേണ്ടി ഇതുവരെ എന്തുചെയ്തിട്ടുണ്ടു്? ഞാൻ ക്രിസ്തുനാഥനുവേണ്ടി ഇനി എന്തുചെയ്യുവാൻ വിചാരിക്കുന്നു?'' ഇങ്ങനെയാണു് ആ മൂന്നു ചോദ്യങ്ങരം രൂപം കൊണ്ടതു്. വിശുദ്ധ ഇഗ്നേഷ്യസ്, സൈനികോദ്യോഗസ്ഥൻ, തന്റെ ജീവിതത്തിന്റെ അനുഭവങ്ങരം ശരിയായി പഠിച്ചിട്ടു് തന്റെ നേതാവും രാജാവുമായ ക്രിസ്തുവിനോടുള്ള കടപ്പാടുകളെപ്പററി വളരെ ഗൗരവമായി ചിന്തിച്ചു. അദ്ദേഹം തീരുമാനിച്ചു. ആ തീരുമാനത്തിന്റെ ശക്തിയാൽ ആ പ്രഭുസദനം വിറകൊണ്ടുവെന്നും ഒരു ഭിത്തി വിണ്ടുകീറിയെന്നും പറയുന്നു. ഇന്നും ആ ഭിത്തി അതുപോലെ തന്നെ കാണാൻ കഴിയുന്നതാണു്.

സഹോദരരെ, വി. ഇഗ്നേഷ്യസിന്റെ വിചിന്തനവും ആ ചോദ്യങ്ങരംക്കുള്ള മറുപടിയും അദ്ദേഹത്തിന്റെ ജീവിതത്തെ എങ്ങനെ രൂപാന്തരപ്പെടുത്തിയെന്നു നമുക്കറിയാം. ആ ജീവിതത്തിലുണ്ടായ പരിവർത്തനം ലോകത്തെ എങ്ങനെ ബാധിച്ചുവെന്നു സഭാചരിത്രം വ്യക്തമാക്കുന്നുണ്ടല്ലോ. ഇഗ്നേഷ്യസ് ക്രിസ്തുനാഥനുവേണ്ടി ഒരു വലിയ വിപ്ലവകാരിയായി; ഒരുത്തമ വൈദികനായി; ഒരു സമൂഹത്തിന്റെ നേതാവായി; ക്രിസ്തുനാഥനുവേണ്ടി നിരന്തരം സമരം ചെയ്യുന്ന ഒരു സൈന്യത്തെ അദ്ദേഹം രൂപവത്കരിക്കുകയും ചെയ്തു.

ഈ ധ്യാനത്തിൽ നമുക്കു ചെയ്യാനുള്ളതും ഇതുതന്നെയാണു്. ഈ മൂന്നു ചോദ്യങ്ങരംക്കു് ഉത്തരം കണ്ടുപിടിക്കുവിൻ. അപ്പോരം വി. ഇഗ്നേഷ്യസിനെപ്പോലെ നമ്മളും ജീവിതവിജയം സാധിക്കും. ഞാൻ ക്രിസ്തുനാഥനുവേണ്ടി എന്തു ചെയ്യേണ്ടതായിരുന്നു? ഞാനും എന്റെ കർത്താവും തമ്മിലുള്ള ബന്ധം ശരിയായി അനുസ്മരിച്ചുകൊണ്ടു് അവിടുത്തേയ്ക്കു വേണ്ടി

എന്തുചെയ്യേണ്ടതാണെന്നു ധ്യാനിച്ചു കണ്ടുപിടിക്കണം. ഇതിനായി ക്രിസ്തുനാഥൻ എനിക്കുവേണ്ടി എന്തുചെയ്തുവെന്നു് ആദ്യം പഠിക്കുക. ഒരു ക്രൈസ്തവൻ ഈ പഠനം എത്രയോ വ്യക്തമായി നടത്തേണ്ടതാണു്. നിങ്ങൾക്കറിയാം ലോകം നേതാക്കന്മാരുടെ പിറകേ ഓടുന്ന കാലമാണിതു്. നേതാവിനോടുള്ള കടപ്പാടുകൾ ഏററുപറഞ്ഞുകൊണ്ടു് വിശ്വസ്തസേവനത്തിനു ബദ്ധപ്പെടുന്നവരെ ഇന്നു് എല്ലായിടത്തും നാം കാണുന്നു. ഇതെല്ലാം കണ്ടും കേട്ടും കഴിയുന്ന ഒരു കത്തോലിക്കാ യുവാവു്, തന്റെ നേതാവിനെപ്പററി പഠിക്കുകയും ഏററം ഗാഢമായ ഒരു ബന്ധം പാലിക്കയും ചെയ്യേണ്ടതാണല്ലോ.

നമ്മുടെ കർത്താവിന്റെ ജീവചരിത്രം — വി. ഗ്രന്ഥം — പ്രതിദിനം നമ്മൾ വായിക്കുന്നുണ്ടല്ലോ. ആ പഠനമാണു നമ്മുടെ ജീവിതത്തെ രൂപപ്പെടുത്തേണ്ടതു്; നമ്മെ വേറൊരു ക്രിസ്തുവാക്കിത്തീർക്കേണ്ടതു്. ആകയാൽ ക്രിസ്തു എനിക്കുവേണ്ടി എന്തുചെയ്തു, അവിടുന്നു കാലത്തിന്റെ തികവിൽ മനുഷ്യനായി ലോകത്തിൽ അവതരിച്ചു. എനിക്കുവേണ്ടി എന്നെപ്പോലെ ആയി, എന്റെ അപരാധങ്ങൾ ഏറെറടുത്തു എനിക്കുവേണ്ടി പരിഹാരം ചെയ്‌വാനായി. ലോകത്തിന്റെ പാപങ്ങളെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായി അവിടുന്നു സ്വയം ഹോമിച്ചു. എല്ലാവരും ഈ ലോകത്തിൽ ജീവിച്ചു സുഖവും ബഹുമാനവും ആർജ്ജിക്കുവാൻ പരിശ്രമിക്കുമ്പോൾ നമ്മുടെ കർത്താവു് ക്ലേശിക്കാനും മരിക്കാനുമായി ലോകവാസം സ്വീകരിച്ചു അവിടുന്നു് ഒരപരാധവും ചെയ്തിട്ടില്ല കുരിശുമരണം കൈവരിച്ചതെന്നു് നിങ്ങളോടു പ്രത്യേകം പറയേണ്ടതില്ല. എന്നാൽ, ക്രിസ്ത്യാനികൾ അതു കൂടുതൽ കൂടുതൽ മനസ്സിലാക്കേണ്ടതാണു്. ക്രിസ്തു തന്നെത്തന്നെ ശത്രുക്കളുടെ കൈയ്യിൽ ഏല്പിച്ചുകൊടുത്തു. "നിങ്ങൾ എന്നെയാണു് അന്വേഷിക്കുന്നതെങ്കിൽ എന്നെ പിടിച്ചുകൊള്ളുക. ഇവർ പൊയ്ക്കൊള്ളട്ടെ." തന്റെ അനുയായികൾ നിർബാധം പൊയ്ക്കൊള്ളട്ടെ. ആടുകൾക്കുവേണ്ടി നല്ല ഇടയൻ തന്റെ പ്രാണൻ ബലികഴിക്കുന്നുവെന്നു നമ്മുടെ കർത്താവു പറഞ്ഞതു് അവിടുന്നുതന്നെ പ്രവർത്തിച്ചു കാണിക്കുന്നു; പൂർത്തിയാക്കുന്നു

എല്ലാ ന്യായാധിപന്മാരുടെ മുമ്പിലും അവിടുന്നു നിന്നു; ഒരു കുററവും അവർക്കു കണ്ടുപിടിക്കുവാനുണ്ടായില്ല. റോമൻ ഗവർണ്ണർ അതു വ്യക്തമായിത്തന്നെ പറഞ്ഞു: ''ഇവനിൽ ഒരു തെററും ഞാൻ കാണുന്നില്ല''. ക്രിസ്തുവിൽ ഒരു തെററു മില്ല. അവിടുന്നു തന്നെ ഒരിക്കൽ ചോദിച്ചു: ''നിങ്ങളിൽ ആർക്കു് എന്നിൽ ഒരപരാധം ആരോപിക്കാൻ കഴിയും?'' ലോകനേതാക്കന്മാരിൽ ക്രിസ്തു മാത്രമേ അങ്ങനെ ചോദിക്കാൻ ധൈര്യപ്പെട്ടിട്ടുള്ളു. ആയിരങ്ങളുടെ മുമ്പിൽനിന്നു് അതേ ചോദ്യം തന്നെ ആവർത്തിച്ചിട്ടു് അവർക്കാർക്കും ഒന്നും പറയു വാനുണ്ടായില്ല; സാക്ഷാൽ ദൈവമായ അവിടുത്തെ ജീവിതം പരമപരിശുദ്ധമാണെന്നു നമുക്കറിയാം. എന്നാൽ, ''ഇവനിൽ ഒരു കുററവും ഞാൻ കാണുന്നില്ല'' എന്നു് ആവർത്തിച്ചു പ്രഖ്യാ പിച്ച പീലാത്തോസ് തന്നെ അവിടുത്തെ മരണത്തിനും വി ധിക്കാൻ മുതിരുന്നു! ആ അന്യായത്തിൻെറ തികവിൽ, ആ വിധിവാചകത്തിനു ഒപ്പുവയ്ക്കുന്നതിൻെറ മദ്ധ്യത്തിൽ, വെള്ള മെടുത്തു കൈ കഴുകിക്കൊണ്ടു അദ്ദേഹം പറയുന്നു: ''ഈ രക്ത ത്തിൽ എനിക്കു പങ്കില്ല''. പീലാത്തോസിൻെറ കൈ കഴു കൽ വിശ്വസാഹിത്യത്തിലെ ശൈലിയായി, ഏററവും വ ലിയ കാപട്യത്തിനും അനീതിക്കും. ഇതാണു നമ്മുടെ കർത്താ വിൻെറ ജീവിതത്തിൻെറ ചുരുക്കം. അവിടുന്നു നമ്മുടെ അപ രാധങ്ങളും ഏറെറടുത്തു നമുക്കുവേണ്ടി മരണം വരിച്ചു. അങ്ങ നെ നമ്മോടുള്ള സ്നേഹം അതിൻെറ പൂർണ്ണതയിൽ വ്യക്ത മാക്കി. ഒരുത്തനു് തൻെറ സ്നേഹിതനുവേണ്ടി പരമാവധി എന്തുചെയ്യുവാൻ കഴിയും. പ്രാണൻ ത്യജിക്കുക. ക്രിസ്തുനാഥൻ അതുതന്നെ ചെയ്തിരിക്കുന്നു.

ഇതുകൊണ്ടും അവസാനിച്ചില്ല. ഈശോയുടെ ജീവിതം നമ്മുടെ മദ്ധ്യത്തിൽ തുടരുന്നു. ''ലോകത്തിൻെറ അവസാനം വരെ എല്ലാ ദിവസവും ഞാൻ നിങ്ങളോടുകൂടെ ആയിരിക്കും; ഞാൻ ഒരിക്കലും നിങ്ങളെ അനാഥരായി ഉപേക്ഷിക്കുക യില്ല.'' എന്നു് അരുളിച്ചെയ്തുകൊണ്ടു് അവിടുന്നു വിശുദ്ധ കുർ ബാനയിൽ എന്നും വസിക്കുന്നു. ''ഇവർ അറിയാതെചെയ്തു ഇവരോടു ക്ഷമിക്കണമേ'' എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഇതു് ഒരു കടങ്കഥയല്ല. ഇതു നമ്മുടെ ജീവിതത്തിനു് അർത്ഥം കല്പിക്കുന്ന സത്യമാണു്. അങ്ങനെയല്ലേ? സ്വയം ചോദിക്കുക.

ആകയാൽ, ഇത്രയെല്ലാം എനിക്കുവേണ്ടി ചെയ്തിരിക്കുന്ന ഈ നേതാവിനോടുള്ള ബന്ധം ഞാൻ എങ്ങനെ പാലിക്കുന്നു? അവിടുത്തേക്കുവേണ്ടി ഞാൻ എന്തു ചെയ്യേണ്ടതായിരുന്നു എന്നു പര്യാലോചിക്കണമല്ലോ. ഞാൻ ഒരു ക്രിസ്ത്യാനിയായി ജീവിക്കുവാൻ ആരംഭിച്ചിട്ട്—സഭാമാതാവിന്റെ വത്സല സന്താനമായി വി. ബലിയുടെയും കൂദാശകളുടെയും അനുഗ്രഹങ്ങൾ സുലഭമായി പ്രാപിച്ചുകൊണ്ട് ജീവിക്കുവാൻ തുടങ്ങിയിട്ട്—എത്രയോ കാലമായി. എന്നിട്ട് ഞാനെന്റെ കർത്താവിനോടുള്ള ബന്ധം എങ്ങനെ പാലിച്ചുകൊണ്ടുവരുന്നു? എങ്ങനെ ക്രിസ്തുനാഥനുവേണ്ടി ഞാൻ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു? നേതാക്കന്മാർക്കുവേണ്ടി അനുയായികൾ ജീവൻ അർപ്പിക്കുന്ന ഈ കാലത്തു ക്രിസ്തുവിന്റെ അനുയായികൾ മാത്രം നിരുത്തരവാദികളാകരുതല്ലോ. എന്താണു ഞാൻ ചെയ്യേണ്ടതു്? എന്തുചെയ്താലും അധികമാവില്ല. കർത്താവിന്റെ ആദ്യപ്രേഷിതർ അവിടുത്തേക്കുവേണ്ടി പ്രാണൻ ത്യജിച്ചു മരിച്ചതു നാം കാണുന്നു. വി. പത്രോസ് മരണത്തിന്റെ മുമ്പിൽ നില്ക്കുകയാണു്. കുരിശിൽ മരിക്കാൻപോകുന്ന വ്യക്തി പറയുന്നു: "നിങ്ങളെന്നെ കുരിശിൽ തൂക്കിക്കൊല്ലാൻ പോകുകയാണോ? ഒരു കാര്യം ചെയ്യണേ. എന്റെ കർത്താവു മരിച്ചതു സൗകര്യം എനിക്കു വേണ്ട. എന്റെ തല താഴെയും കാലു മുകളിലുമായി ക്രൂശിക്കണേ." ആ പാവപ്പെട്ട മീൻപിടുത്തക്കാരന്റെ ഗുരുഭക്തി നോക്കൂ. തന്റെ നേതാവിനോടുള്ള ബന്ധം! അതാണു് ഇരുപതാം നൂററാണ്ടിൽ നമ്മളും ചെയ്യേണ്ടതു്. എന്നാൽ, എന്റെ നേതാവിനോടു ഞാനെങ്ങനെ വർത്തിക്കുന്നുവെന്നു ചിന്തിക്കുക. ഞാൻ ക്രിസ്തുവിനുവേണ്ടി എന്തു ചെയ്യേണ്ടതായിരുന്നു? രണ്ടു വിവാഹം കഴിച്ച ആ കുടുംബനായകൻ തോമസ്സ് മൂറിനെപ്പററി നിങ്ങൾക്കറിയാമല്ലോ. അദ്ദേഹം തന്റെ ആദ്യഭാര്യ മരിച്ചപ്പോൾ വേറൊരു വിവാഹംകൂടി കഴിച്ചു തന്റെ കുഞ്ഞുങ്ങളെ വളർത്താൻ വേണ്ടി. ആ കുടുംബനായകൻ, ആ പിതാവു്, ആ ഭർത്താവു്, ആ ഗവർമ്മെൻറുദ്യോഗസ്ഥൻ 16-ാം നൂററാണ്ടിൽ ക്രിസ്തുവിനുവേണ്ടി എന്തുചെയ്തുവെന്നു നമുക്കറിയാം. അദ്ദേഹം ക്രിസ്തുവിനെ ഏററുപറഞ്ഞുകൊണ്ടു് തന്റെ പ്രാണൻ ത്യജിച്ചു. "ഞാനെന്റെ ദൈവത്തെ സേവിച്ചു; എന്റെ രാജാവിനേയു

സേവിച്ചു. എന്നാൽ, രാജാവിൻെറ ഇഷ്ടം ദൈവത്തിൻെറ ഹിതത്തിനു് എതിരായി വന്നപ്പോഠം ഞാൻ രാജാവിനെ വിട്ടുംവച്ചു് ദൈവത്തോടു ചേർന്നുനില്ക്കുന്നു. അതിനാണു് ഈ മരണം'' എന്നു് അദ്ദേഹം അന്ത്യവേളയിൽ വിളിച്ചുപറഞ്ഞു. ഇതുപോലെ എത്രയോ വീരമാതൃകകഠം നമുക്കു കാണുവാൻ കഴിയും. ആ പാവപ്പെട്ട ഇററാലിയൻ ബാലിക, മരിയ ഗൊരേററി, എഴുത്തും വായനയും അറിയാൻ പാടില്ലാത്തവഠം, 16-ാം നൂററാണ്ടിലെ പണ്ഡിതനെ അനുകരിച്ചു പറഞ്ഞു: ''ഇതു പാപമാണു്; ദൈവത്തിനിഷ്ടമല്ല ഞാൻ ചെയ്യുകയില്ല'' എന്നു്. മരിയ 14 മുറിവുകളേററു നിലംപതിച്ചു മരിച്ചു. എന്തിനു്? ക്രിസ്തുവിനോടുള്ള ബന്ധം പാലിക്കുവാൻ. നമ്മെ ലജ്ജിപ്പിക്കുന്ന മാതൃകകഠം! ആകയാൽ, ക്രിസ്തുനാഥൻെറ അനുയായികളായ നാം നമ്മുടെ കർത്താവിനുവേണ്ടി എന്തുചെയ്യേണ്ടതായിരുന്നു? ഇതു നിങ്ങഠം ഗാഢമായി ചിന്തിച്ചു ബോദ്ധ്യം വരുത്തേണ്ട ഒരു സത്യമാണു്.

ഈശോയുടെ പാദങ്ങളിലിരുന്നു നമുക്കു് ആവർത്തിച്ചു ചോദിക്കാം: എൻെറ കർത്താവിൻെറ തിരുമുമ്പിലല്ലേ ഞാൻ? എന്താണു് ഞാൻ ക്രിസ്തുവിനുവേണ്ടി ചെയ്യേണ്ടിയിരുന്നതു്? ഈ ആവർത്തനം ഒരാവശ്യമാണെന്നു ധരിക്കണമേ. വിശുദ്ധ ഇഗ്നേഷ്യസിൻെറ ചൈതന്യം നമ്മെ ഭരിക്കട്ടെ. വിശുദ്ധ തോമസ്മൂറിൻെറ ആദ്ധ്യാത്മികതീക്ഷ്ണത നമ്മിൽ നിലനില്ക്കട്ടെ. മരിയഗൊരേററിയുടെ ആത്മശക്തി നമ്മിൽ പ്രായോഗികമാകട്ടെ. അതാണു നമുക്കു വേണ്ടതു്. ആവർത്തിച്ചു ചിന്തിച്ചു് ഒരു പുതിയ ബോദ്ധ്യം സമ്പാദിക്കുക. ധ്യാനത്തിൻെറ ഫലമതാണു്. ഇഗ്നേഷ്യസിനൊരു പുതിയ ബോദ്ധ്യം കിട്ടി. തോമസ്സ്മൂറിനു് ഒരു പുതിയ ബോദ്ധ്യം ലഭിച്ചു. നമുക്കൊരു പുതിയ ബോദ്ധ്യമുണ്ടാകണം. കർത്താവിനുവേണ്ടിമാത്രം ജീവിക്കേണ്ടതിനെപ്പററി നമുക്കു് ഒരു പുതിയ ബോദ്ധ്യം കൈവരണം.

ഞാനൊരു സംഭവം ഓർക്കുന്നു: ഒരു ഏകാന്തധ്യാനത്തിൽ—വിശുദ്ധവാരത്തിലായിരുന്നു അതു് — വളരെ പേർ സംബന്ധിക്കുകയുണ്ടായി. അവരിൽ ഒരു യുവാവു് എൻെറയടുത്തുവന്നു പറയുകയാണു്: ''അച്ചോ, ഞാനീ ധ്യാനത്തിനു

വന്നിട്ടുണ്ടെങ്കിലും ഞാനൊരു കുഴപ്പക്കാരനാണ്. ഈ ധ്യാനത്തിൽനിന്ന് എന്തു ഫലം കിട്ടുമെന്ന് എനിക്കറിയാൻ പാടില്ല. എനിക്കൊരാളോട് വിരോധമാണച്ചാ. ഞാനയാളെ കൊല്ലാൻ തീരുമാനിച്ചിരിക്കയാണ്. അതിൽനിന്ന് എന്നെ മാററാൻ ആർക്കും കഴിയുകയില്ല''. കൊള്ളാം, എൻെറ സഹോദരാ, നമുക്കു ധ്യാനിക്കാം. കർത്താവു അനുഗ്രഹിക്കും'' ഞാൻ അയാളെ പറഞ്ഞയച്ചു. പിറേറദിവസം ആ മനുഷ്യൻ വന്നുപറഞ്ഞു: ''അച്ചാ, ധ്യാനവും കൊള്ളാം, എല്ലാം കൊള്ളാം. എന്നാൽ ഞാൻ അയാളെ കൊല്ലുക തന്നെ ചെയ്യും''. ഏററം അസാധാരണമായ ഒരനുഭവംതന്നെ! ''ആകട്ടെ, നമുക്കു ധ്യാനം തുടരാം. നാളെ ദുഃഖവെള്ളിയാഴ്ചയാണല്ലോ'' ഞാൻ മറുപടി പറഞ്ഞു. ദുഃഖവെള്ളിയാഴ്ചയിലേക്കു ഞങ്ങൾ കടന്നു. ദുഃഖവെള്ളിയാഴ്ച രാത്രിയിൽ ആ യുവാവ് പിന്നെയും വന്നു, ''അച്ചാ, അച്ചനിനിയെന്തുപറഞ്ഞാലും ഞാൻ അനുസരിക്കാം'. അയാൾ ശാന്തമായി പറഞ്ഞു. അനന്തരം ഇങ്ങനെ തുടർന്നു. ''ഈ പരിവർത്തനത്തിനുള്ള കാരണം ധ്യാനപ്രസംഗമൊന്നുമല്ലച്ചാ. ഇന്നു വൈകുന്നേരത്തെ ധ്യാനത്തിനുശേഷം അച്ചൻ ഞങ്ങളെ വിശുദ്ധ കുരിശു മുത്തിച്ചില്ലേ? കർത്താവു തൂങ്ങി മരിച്ച ആ വിശുദ്ധ കുരിശു ചുംബിച്ചപ്പോൾ എനിക്കു ശക്തിയായ ഒരു വിചാരമുണ്ടായി. ഈശോ എൻെറ പാപങ്ങൾക്കു വേണ്ടിയാണല്ലൊ മരിച്ചതു്. ആ കുരിശിൽ തൂങ്ങിക്കൊണ്ടാണല്ലൊ എനിക്കുവേണ്ടി മാപ്പപേക്ഷിച്ചതു്. അതുകൊണ്ടു് ഞാനും എൻെറ ശത്രുവിനോടു ക്ഷമിക്കണം, ഈശോയെപ്രതി അച്ചാ, അതാണെന്നെ മാനസാന്തരപ്പെടുത്തിയതു്''. സഹോദരരേ, ക്രിസ്തുനാഥൻെറ ജീവിതത്തെപ്പററിയുള്ള ഒരു പുതിയ ബോദ്ധ്യമാണതു്. ഓരോരുത്തർക്കും ഓരോ തരത്തിലായിരിക്കും ആ ബോദ്ധ്യത്തിൻെറ ഫലമുണ്ടാകുന്നതു്. ഈ ബോദ്ധ്യം ഈ ധ്യാനത്തിൽനിന്നും നാം സമ്പാദിക്കുക തന്നെ വേണം. അതു നമ്മിൽ ഒരു പരിവർത്തനമുണ്ടാക്കണം. അതിനുവേണ്ടി പ്രാർത്ഥിക്കുക. അങ്ങനെ ഒന്നാമത്തെ ചോദ്യം— ഞാൻ ക്രിസ്തുനാഥനുവേണ്ടി എന്തു ചെയ്യേണ്ടതായിരുന്നു?

ഇനി രണ്ടാമത്തെ ചോദ്യം, അതിനുള്ള ഉത്തരം ഒരു ജീവിതപരിശോധനയാണ്. ''ക്രിസ്തുനാഥനുവേണ്ടി ഞാനിതുവരെ എന്തുചെയ്തിട്ടുണ്ടു്?'' ഈശോയുടെ തിരുമുമ്പിലിരുന്നു

പരിശോധിക്കണം. ക്രിസ്തുനാഥൻ ചെയ്തതെല്ലാം വീണ്ടും അനുസ്മരിക്കുക. അവിടുത്തെ പുണ്യാത്മാക്കൾ ചെയ്തതോരോന്നും ഓർമ്മിക്കുക. ഇതിന്റെ മദ്ധ്യത്തിൽ നിന്നുകൊണ്ട് സ്വയം ചോദിക്കുക—ഇത്രയെല്ലാം അനുഗ്രഹങ്ങൾ പ്രാപിച്ചിരിക്കുന്ന ഞാൻ ഇക്കാലത്തിനിടയ്ക്ക് എന്റെ ദിവ്യരക്ഷകനുവേണ്ടി എന്തു ചെയ്തിട്ടുണ്ട്? സഹോദരരേ, ഇവിടെ സ്വന്തം ജീവിതപഠനം കൃത്യമായി നടത്തണം. വളരെ ശരിയായ ഒരു പരിശോധനയാണ് ആവശ്യം. നമ്മുടെ പരിശോധന പലപ്പോഴും ഉപരിപ്ലവമാകുന്നു. ജീവിതത്തിലേയ്ക്കു കടന്നുചെന്നു നമ്മുടെ വ്യാപാരങ്ങളെ ഓരോന്നും പ്രത്യേകം തിരിച്ചെടുത്തു പരിശോധിച്ചെങ്കിൽ മാത്രമേ പ്രയോജനപ്പെടുകയുള്ളു. എന്റെ ഉള്ളിന്റെ ഉള്ളിലേയ്ക്കു കടന്ന് എന്റെ ജീവിതത്തിന്റെ ഗതിയെന്താണെന്നു കണ്ടുപിടിക്കണം. അതു് ഞാൻതന്നെ ചെയ്യണം. വിളക്കുമായിവന്ന് കർത്താവു നമ്മുടെ ജീവിതത്തെ പരിശോധിക്കുമ്പോൾ അവിടുന്നു കാണുന്ന വിധത്തിൽ നമ്മെ നമുക്കു കാണാൻ കഴിയണം. അതാണു നമ്മുടെ ധ്യാനത്തിന്റെ ശരിയായ ഫലം. വി. അഗുസ്തീനോസ് പ്രാർത്ഥിച്ചിരുന്നു: ''എന്റെ ദൈവമേ, ഞാൻ എന്നെത്തന്നെ അറിയട്ടെ. അങ്ങനെ ഞാൻ എന്നെ ദ്വേഷിക്കട്ടെ.'' വിശുദ്ധനു തന്നെപ്പററിത്തന്നെ ശരിയായ അറിവു വേണം. ആ ആത്മജ്ഞാനത്തിനുവേണ്ടി പുണ്യവാൻ പ്രാർത്ഥിച്ചു. ആ അറിവിനുവേണ്ടിത്തന്നെ നമ്മളോരോരുത്തരും പ്രാർത്ഥിക്കണം. എന്തുകൊണ്ടെന്നാൽ, നമ്മുടെ കണ്ണുകൾ കാണുന്നതു പലപ്പോഴും ശരിയായിട്ടല്ല. അന്ധമായ ഒരു ആത്മസംതൃപ്തി നമ്മെ വഴിതെററിക്കാറുണ്ട്. എന്നാൽ, വിശുദ്ധ കൊച്ചുത്രേസ്യാ പറഞ്ഞിരിക്കുന്നതുപോലെ, നമ്മുടെ അന്ത്യവേളയിൽ കർത്താവു നമ്മുടെ സുകൃതഭണ്ഡാഗാരത്തിൽ കള്ളനാണയങ്ങൾ കണ്ടുപിടിക്കും. പിന്നെ പരിഹരിക്കുക സാദ്ധ്യമല്ലല്ലോ. ആകയാൽ, ശരിയായ ജീവിതപരിശോധന നടത്തി ധ്യാനം ഫലപ്രദമാക്കാം.

ജീവിതപരിശോധനയിൽ രണ്ടു കാര്യങ്ങൾ നാം സൂക്ഷിക്കണം. ഒന്നാമതായി നമ്മൾ പരിശോധിക്കുന്നതു മററുള്ളവരുടെ ജീവിതം ആകരുതു്; സ്വന്തം കാര്യത്തിൽ ശ്രദ്ധിക്കുക.

ഒരു ധ്യാനത്തിനിടയ്ക്കു് എന്നോടൊരാൾ പറഞ്ഞു: "അച്ചനിന്നു പറഞ്ഞതൊക്കെ ചിലർക്കു നല്ലവണ്ണം പററിയിട്ടുണ്ടച്ചോ. അവർക്കതു കിട്ടേണ്ടതുതന്നെയാണു്". ഞാൻ മറുപടി പറഞ്ഞു: "സഹോദരാ, നിങ്ങൾക്കു തെററിപ്പോയി; കാരണം, ഞാൻ പറഞ്ഞ കാര്യങ്ങൾ നിങ്ങൾക്കുവേണ്ടി മാത്രമായിരുന്നു. അവ നിങ്ങൾക്കു് എത്രമാത്രം പ്രയോജനപ്പെട്ടുവെന്നാണു് എനിക്കറിയേണ്ടതു്. അന്യരെയൊക്കെ അവരുടെ വഴിക്കു വിട്ടേക്കുക" ഈ വഴിപിഴക്കൽ വന്നുകൂടാതിരിക്കുവാൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണല്ലോ. ഒട്ടുവളരെപ്പേർ ഇവിടെ ധ്യാനിക്കുന്നുവെന്നതു് വാസ്തവം തന്നെ. എന്നാൽ, ഞാൻ മാത്രമേയുള്ള കർത്താവിൻെറ മുമ്പിൽ; എൻെറ കാര്യത്തിൽ മാത്രമേ ഞാൻ ശ്രദ്ധിക്കേണ്ടതുള്ളൂ; ഞാൻ മററുള്ളവർക്കുവേണ്ടി ചിന്തിക്കേണ്ടതില്ല; എൻെറ കർത്താവു് എന്നെ വിളിച്ചിട്ടുള്ളതു് എൻെറ കാര്യം പറയാനാണു് എന്ന ചിന്ത എല്ലാവക്കും ഉണ്ടായിരിക്കണം.

രണ്ടാമതു്, നാം നമ്മുടെ മനഃസാക്ഷിയോടു മൽപ്പിടുത്തം നടത്തരുതു്. ദൈവം നമുക്കു ചിലപ്പോൾ ചില പ്രചോദനങ്ങൾ തരും. അപ്പോൾ, "അതു പോകട്ടെ, ഇതു് എന്തെങ്കിലുമാകട്ടെ" എന്നു പറഞ്ഞു നാമതു് അടിച്ചമർത്തിക്കളയരുതു്. പിന്നെയോ, ആ ദിവ്യപ്രേരണ സ്വീകരിച്ചു നമ്മുടെ ജീവിതത്തെ ശരിയായി വിധിക്കണം. സ്വന്തമായി വിധിക്കാൻ കഴിവില്ലെങ്കിൽ നിങ്ങൾ ആരെയെങ്കിലും സമീപിക്കുക. സംശയസ്ഥിതിയിൽ തുടരരുതു്. ആദ്ധ്യാത്മിക ജീവിതത്തിൻെറ അടിസ്ഥാനം ഉറപ്പിക്കുമ്പോൾ അനിശ്ചിതമായിട്ടൊന്നുമുണ്ടാകരുതല്ലോ. ബ്രഹ്മാണ്ഡമായ ഒരു കെട്ടിടം പണുതുയർത്തുമ്പോൾ അതിൻെറ അടിസ്ഥാനത്തെപ്പററി ബോദ്ധ്യമുണ്ടായിരിക്കണം. അതുപോലെതന്നെ, നമ്മുടെ ആദ്ധ്യാത്മികസൗധം ആകാശംവരെ എത്തുന്നതാണു്; നിത്യതത്തിലേക്കു നീണ്ടുനില്ക്കുന്നതാണു്. അതിൻെറ അടിസ്ഥാനം ഭദ്രമായിരിക്കണം. ആകയാൽ, നമുക്കെന്തു സംശയമുണ്ടെങ്കിലും പരിഹരിക്കണം. ക്രിസ്തുനാഥനുവേണ്ടി ഇതുവരെയും ഞാനെന്തു ചെയ്തിട്ടുണ്ടു്? എന്ന ചോദ്യത്തിനുള്ള ഉത്തരമാണിതു്. നമുക്കു പരിശോധിക്കാനുള്ള കാര്യങ്ങളൊക്കെ വ്യക്തമായി

കാണുക. ആത്മപരിശോധന ഉച്ചയ്ക്കും വൈകിട്ടും കാര്യമായി നടത്തുക. എന്നാൽ അതുകൊണ്ടു തീർന്നില്ല. ധ്യാനത്തിനിടയ്ക്കു കിട്ടുന്ന അവസരങ്ങളിൽ ധ്യാനവിഷയത്തിന്റെ വെളിച്ചത്തിൽ നമ്മുടെ ജീവിതം പരിശോധിച്ചു കൊണ്ടിരിക്കുകയും വേണം.

മൂന്നാമത്തെ ചോദ്യം സൃഷ്ടിപരമാണ്; വളരെ ആവശ്യകവുമാണ്. അതായത്, ഇനി ക്രിസ്തുനാഥനുവേണ്ടി എന്തു ചെയ്യുവാൻ ഞാൻ വിചാരിക്കുന്നു? നമ്മുടെ ജീവിതത്തിൽ വരുത്തേണ്ട പരിവർത്തനങ്ങളെപ്പററി വേണ്ട തീരുമാനങ്ങൾ സ്വീകരിക്കുവാൻ ഈ ചോദ്യം നമ്മെ സഹായിക്കും. ധ്യാനത്തിന്റെ സാക്ഷാത്തായ ഫലം ഇതിലാണ് അടങ്ങിയിരിക്കുന്നത്. ആകയാൽ, ഈശോ എന്താവശ്യപ്പെട്ടാലും അതുപോലെ ചെയ്യാനുള്ള സന്നദ്ധതയുണ്ടായിരിക്കണം. അവിടുത്തേക്കു സ്വാതന്ത്ര്യം അനുവദിക്കണമെന്ന് അവിടുന്നാഗ്രഹിക്കുന്നു. ഇതേപ്പററി ധ്യാനം മുമ്പോട്ടുപോകുമ്പോൾ കൂടുതൽ വ്യക്തമായി ചിന്തിക്കും. എന്നാൽ, ഓരോ പ്രാവശ്യവും ധ്യാനവിഷയാനുസാരം വേണ്ട പ്രതിജ്ഞകൾ രേഖപ്പെടുത്തിവയ്ക്കേണ്ടതാണ്. ഓരോ ധ്യാനവും ഉപദേശവും കഴിയുമ്പോൾ കുറച്ചുസമയം ശാന്തമായിരുന്ന്, ധ്യാനിച്ച കാര്യങ്ങളെപ്പററി രണ്ടാമതൊന്നു ചിന്തിക്കുക; നമ്മുടെ ഹൃദയത്തിൽ ഗാഢമായി പതിഞ്ഞ കാര്യങ്ങൾ എഴുതിവയ്ക്കുക. തൽസംബന്ധമായ പ്രതിജ്ഞകളും കുറിച്ചിടുക. ധ്യാനസമയത്ത് ഒന്നും എഴുതാതിരിക്കുകയാണു നല്ലത്. പ്രതിജ്ഞകൾ ആവർത്തിച്ചെഴുതേണ്ടിവന്നാൽ അതേപ്പററി ആരും വിഷമിക്കേണ്ടതില്ല. ആവർത്തിക്കുന്നതിന്റെ അർത്ഥം അതു കൂടുതലാവശ്യമാണെന്നാണ്. ഒടുവിൽ, എല്ലാ പ്രതിജ്ഞകളും ഒരുമിച്ചു പരിശോധിച്ച് പ്രധാനപ്പെട്ടവ തിരഞ്ഞെടുക്കാമല്ലോ. ഇതു് ധ്യാനത്തിന്റെ അവസാനഘട്ടത്തിൽ നിർവ്വഹിക്കാനുള്ളതാണ്.

ക്രിസ്തുനാഥനുവേണ്ടി ഇനി ഞാനെന്തു ചെയ്യുവാൻ വിചാരിക്കുന്നു? വിശുദ്ധ ഇഗ്നേഷ്യസ് തീരുമാനിച്ചു; വിശുദ്ധ ഫ്രാൻസീസ് സേവ്യർ തീരുമാനിച്ചു അതിന്റെ ഫലം അവർക്കു ലഭിച്ചുകഴിഞ്ഞു. ലോകത്തിനു് അതിന്റെ പങ്ക് കിട്ടിക്കൊണ്ടുമിരിക്കുന്നു. ഇതാണു നാം സമ്പാദിക്കേണ്ട അനുഗ്രഹവും.

നിശ്ചയമായിട്ടും ഈ ധ്യാനം നമ്മെ രൂപാന്തരപ്പെടുത്തും. ചിലർ പറയാറുണ്ട്; "അച്ചാ, ഞാൻ എത്രയോ ധ്യാനം കൂടിയിട്ടുണ്ട്, എന്നിട്ട ഞാൻ ഒട്ടും നന്നായില്ല. ഇനി എന്തിനാ ഒരു ധ്യാനം കൂടെ." ഇതു പിശാചിൻെറ തട്ടിപ്പാണ്. അങ്ങനെയുള്ളവരോട് എനിക്കു ചോദിക്കുവാനുള്ളത്, സഹോദരൻ കഴിഞ്ഞകൊല്ലം ധ്യാനിച്ചു, അല്ലേ? എന്നിട്ട കാര്യമായ ഒരു ഫലവും കിട്ടിയില്ലെന്നാണു പറയുന്നത്: ശരി. എന്നാൽ, നമ്മുടെ കർത്താവു സഹോദരനോട് എന്താണു ചെയ്യുന്നത് "മതി, ഇനി ധ്യാനിക്കേണ്ട" എന്നുപറഞ്ഞു് അവിടുത്തേക്കു് ആ കായ്ക്കാത്ത വൃക്ഷം വെട്ടിക്കളയാമായിരുന്നു. പക്ഷെ അവിടുന്നങ്ങനെ ചെയ്തില്ലല്ലോ. ഈ ധ്യാനംകൂടെ നമ്മൾ നടത്തണമെന്നാണ് കർത്താവിൻെറ ഹിതം. ആകയാൽ, മുമ്പുകഴിച്ച ധ്യാനങ്ങൾകൊണ്ടു നന്നായില്ലെങ്കിൽ ഇക്കൊല്ലത്തേതുകൊണ്ടു നന്നാകണം. അങ്ങനെ പലരും അത്ഭുതകരമായി നന്നാകുന്നതു ഞാൻ കണ്ടിട്ടുണ്ട്. നമ്മുടെ കർത്താവു് നമ്മളേയും അനുഗ്രഹിക്കും. ആകയാൽ ആശങ്കകളൊന്നും നമ്മെ അലട്ടരുത്. ആവശ്യമില്ലാത്ത ആകുലതയിൽ പെടാതെ സൂക്ഷിക്കണേ. ജീവിതത്തെ കുഴച്ചുമറിച്ചു നിരാശയിൽ ചെന്നു ചാടി ധ്യാനം നിഷ്ഫലമാക്കരുത്, ചില കുഞ്ഞുങ്ങൾ കാണിക്കുന്ന ചാപല്യമാണത്. അതായത്, വൃത്തിയായി കുളിപ്പിച്ചു നിറുത്തിയ കുഞ്ഞു് ഒഴുകിപ്പോകുന്ന മലിനജലം ചവിട്ടിത്തെറിപ്പിച്ച് വീണ്ടും തന്നെത്തന്നെ അഴുക്കാക്കുന്നു. ഇങ്ങനെ നമ്മൾ ചെയ്യരുതല്ലൊ. പഴയ കുററങ്ങളെപ്പററിയുള്ള അനാവശ്യഭീതി ഉപകാരപ്രദമല്ല.

ഇതു വളരെ ആവശ്യകമായ ഒരു കാര്യമാണ്. എന്തുകൊണ്ടെന്നാൽ, പിശാചു ധ്യാനത്തിനിടയ്ക്കു വേണ്ടാത്ത വികൃതികളൊക്കെ ഒപ്പിക്കും: അതിനൊന്നും നമ്മൾ കീഴ്പെടരുത്. നമ്മുടെ കർത്താവിൻെറ കാരുണ്യത്തിൽ നമുക്കു് ആശ്രയിക്കാം. അവിടുന്നു നമ്മെ അനുഗ്രഹിക്കുവാൻ കാത്തിരിക്കുന്നു. ആകയാൽ നിരുപാധികം നമ്മെ കർത്താവിനു് ഏല്പിക്കുക. കാരുണ്യനിധിയായ അവിടുന്നു നമ്മെക്കൊണ്ടു് എന്തെങ്കിലും ചെയ്തുകൊള്ളട്ടെ. നമുക്കു സന്തോഷപൂർവ്വം ധ്യാനത്തിൽ പ്രവേശിക്കാം. സന്തോഷസമേതം ധ്യാനത്തിൽ വർത്തിക്കാം.

സന്തോഷത്തോടെ ധ്യാനം അവസാനിപ്പിക്കയും ചെയ്യാം. ഇതാണു് ഈ ധ്യാനത്തിൻെറ വിജയത്തിനു് ഏററവും ആവശ്യമായിട്ടുള്ള മനോഭാവം.

നിങ്ങളെല്ലാവരും എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കുക. എല്ലാ സഹോദരന്മാർക്കും എല്ലാവരുടെയും പ്രാർത്ഥനയുടെ ഫലം കിട്ടണം. ഓരോരുത്തർക്കും ഓരോ തരത്തിലാണു് പ്രാർത്ഥനയുടെ ആവശ്യകത. അതുകൊണ്ടു് എല്ലാവരും എല്ലാവർക്കുംവേണ്ടി പ്രാത്ഥിക്കുക. ഞാനും നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കും. എത്രയോ ആളുകൾ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടു്. ആകയാൽ ശാന്തിയോടും സമാധാനത്തോടുംകൂടെ നമ്മെ കർത്താവിൻെറ കൈകളിൽ ഏല്പിച്ചുകൊണ്ടു് ആരംഭിക്കാം. പരിശുദ്ധ ജനനിയോടു നിരന്തരം പ്രാർത്ഥിക്കണം. തീർച്ചയായിട്ടും അമ്മ നമ്മെ കാത്തുപരിപാലിക്കും, വിശുദ്ധ യൗസേപ്പിതാവും നമുക്കുവേണ്ടി പ്രാർത്ഥിക്കും. നമ്മുടെ കാവൽമാലാഖയോടു് അപേക്ഷിക്കുവാൻ മറന്നുപോകരുതു്, കാരണം, പിശാചിൻെറ തട്ടിപ്പുകളിൽനിന്നു മാലാഖ ,നമ്മെ രക്ഷിക്കണം, ദൈവത്തിൻെറ തിരുമുഖം എപ്പോഴും കണ്ടുകൊണ്ടിരിക്കുന്ന മാലാഖ നമുക്കുവേണ്ടി അപേക്ഷിക്കും. ഈ നല്ല ചിന്തകളോടുകൂടി പരിശുദ്ധാത്മാവിൻെറ പ്രവർത്തനങ്ങൾക്കു നമുക്കു വിധേയരാകാം. പരിശുദ്ധാത്മാവു്, ആ ദിവ്യശില്പി എല്ലാം ചെയ്യട്ടെ നമ്മൾ പരിശുദ്ധാത്മാവിനോടു പ്രാർത്ഥിച്ചുകൊണ്ടാണു് ഓരോ ധ്യാനവും ആരംഭിക്കുക. മററു സമയങ്ങളിലും നമുക്കു പ്രാർത്ഥിക്കാം: പരിശുദ്ധാത്മാവേ, അങ്ങു് എഴുന്നള്ളിവന്നു്, അങ്ങയുടെ വിശ്വാസികളുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുക. അവിടുത്തെ ദാനങ്ങൾ ധാരാളമായി ഞങ്ങൾക്കു തരുക. അങ്ങനെ, ഞങ്ങളെയെല്ലാം വിശുദ്ധീകരിക്കുക എന്നിങ്ങനെ. ഈശോയുടെ തിരുഹൃദയത്തിനു നമ്മെത്തന്നെ കാഴ്ചവയ്ക്കുകയും ചെയ്യാം. കത്താവിൻെറ ഏററവും പരിശുദ്ധ ഹൃദയമേ, ഞങ്ങൾ അങ്ങിൽ ആശ്രയിക്കുന്നു.

# 1. ദൈവം - നമ്മുടെ പിതാവ്

മിശിഹായിൽ പ്രിയ സഹോദരരേ,

നമ്മുടെ കർത്താവിൻേറതായി സുവിശേഷത്തിൽ ആദ്യമായി രേഖപ്പെടുത്തിയിരിക്കുന്ന വാക്യം ഇങ്ങനെയാണ്: ''നിങ്ങൾ എന്തിന് എന്നെ അന്വേഷിച്ചു; ഞാനെൻെറ പിതാവിൻെറ കാര്യത്തിൽ ഏർപ്പെട്ടിരിക്കേണ്ടതല്ലയോ?'' നമ്മുടെ കർത്താവിനോട് നമുക്കു പ്രാർത്ഥിക്കാം. നാഥാ, അങ്ങയുടെ അനുയായിയായ ഞാനും ഈ ലോകത്തിൻെറ മദ്ധ്യത്തിൽ ഇങ്ങനെ പറയേണ്ടതാണല്ലോ. എൻെറ മാതാവിനോടും പിതാവിനോടും സഹോദരന്മാരോടും സഹോദരിമാരോടും ഇങ്ങനെ പറയണം: സമ്പത്തിനോടും ബഹുമാനത്തിനോടും ഇങ്ങനെ പറയണം: എൻെറ കണ്ണിനോടും, കൈകാലുകളോടും നാവിനോടും ഹൃദയത്തോടും ചുരുക്കത്തിൽ എല്ലാററിനോടും ഇപ്രകാരം പറയണം: ''നിങ്ങൾ എന്തിനെന്നെ അന്വേഷിക്കുന്നു. ഞാനെൻെറ പിതാവിൻെറ കാര്യത്തിലേർപ്പെട്ടിരിക്കേണ്ടതല്ലയോ''. കർത്താവേ, ഇതേ ചൈതന്യം എന്നെയും ഭരിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് നമുക്ക് ഈ ധ്യാനത്തിലേക്കു പ്രവേശിക്കാം.

ദിവ്യരക്ഷകൻെറ വാക്കുകളിൽ വ്യക്തമായിക്കാണുന്നത് നമുക്കൊരു പിതാവുണ്ടെന്നുള്ള സത്യമാണ്. ''ഞാൻ എൻെറ പിതാവിൻെറ കാര്യത്തിൽ ഏപ്പെട്ടിരിക്കേണ്ടവനല്ലയോ?'' അവിടുന്ന് ഇങ്ങനെ ചോദിച്ചത് തൻെറ മാതാപിതാക്കന്മാരായ പരിശുദ്ധ മറിയത്തോടും വിശുദ്ധ യൗസേപ്പപിതാവിനോടുമാണല്ലോ. മൂന്നുദിവസം മകനെ കാണാതെ ആകുലതയോടെ അന്വേഷിച്ചിട്ട് ഒടുവിൽ ദേവാലയത്തിൽവച്ചു ബാലനെ കണ്ട് ആനന്ദത്തോടുകൂടി അമ്മ ഓടിവന്നു പറയുന്നു: ''മകനേ, എന്തുകൊണ്ടു ഞങ്ങളോടിങ്ങനെ ചെയ്തു; ഞാനും നിൻെറ പിതാവും നിന്നെ അന്വേഷിച്ചു നടക്കുകയായിരുന്നല്ലോ''. അപ്പോൾ, ആ വത്സല പുത്രൻ വ്യക്തമാ

ക്കുന്നു, വളർത്തുപിതാവായ യൗസേപ്പിനെക്കാളും, തനിക്കു മാംസരക്തങ്ങൾ പകർന്നുതന്ന തന്റെ മാതാവിനെക്കാളും ഉയർന്നുനില്ക്കുന്ന, തന്നോടു ബന്ധവും സ്നേഹവും പുലർത്തുന്ന ഒരു പിതാവുണ്ടെന്നു്. അതാണു സ്വർഗ്ഗസ്ഥനായ ദൈവം. ''എന്റേയും നിങ്ങളുടേയും പിതാവു്'' (യോഹ 20:17) എന്നു ദിവ്യരക്ഷകൻ ദൈവത്തെപ്പററി പിന്നീടു് അരുളിച്ചെയ്തിട്ടുണ്ടല്ലോ. ആകയാൽ, ദൈവം നമ്മുടേയും പിതാവാണു്. ഈ സത്യം പറഞ്ഞുതരാനാണു് നമ്മുടെ കർത്താവു ലോകത്തിലേയ്ക്കു വന്നതു്.

അധഃപതിച്ച മനുഷ്യവർഗ്ഗം ദൈവത്തെ ഉപേക്ഷിച്ചു; ധൂർത്തപുത്രനെപ്പോലെ പിതൃഭവനം വിട്ടകന്നുപോയി. തൽഫലമായി ക്രൂരന്മാരായ പല യജമാനന്മാരേയും അവൻ സേവിക്കേണ്ടിവന്നു. ലോകചരിത്രം ഇതിനു സാക്ഷ്യംവഹിക്കുന്നുണ്ടു്, നമ്മുടെ കർത്താവിന്റെ വരവിനുമുമ്പുള്ള ലോകത്തെ വീക്ഷിക്കുക. ആദത്തിന്റെ പാപംമൂലം ദൈവത്തിൽനിന്നകന്നുപോയ മനുഷ്യൻ ലോകത്തിൽ കണ്ട പല ഭീകരശക്തികളേയും ദേവന്മാരും ദേവികളുമായി സേവിച്ചു പ്രീണിപ്പിക്കുവാൻ ശ്രമിച്ചു. അവൻ വിഷസർപ്പങ്ങളെക്കണ്ടു പേടിച്ചു് അതിനു പാലും പഴവും സമർപ്പിച്ചു് ആരാധിച്ചു. നൈൽ നദിയിലെ ഹിംസ്രജന്തുക്കളെ പ്രീണിപ്പിക്കുവാനായി സ്വന്തം കുഞ്ഞുങ്ങളെ ഈജിപ്തിലെ അമ്മമാർ അവയ്ക്കു കാഴ്ചവയ്ക്കുകയായി. കൊടുങ്കാററും പേമാരിയും കണ്ടു ഭയപ്പെട്ടു് അവയെ ഭജിച്ചു് സ്വാധീനമാക്കുവാൻ പണിപ്പെട്ടു. ഇങ്ങനെതന്നെ അഗ്നിപൂജയും സൂര്യാരാധനയും നടപ്പിലായി. ഇപ്രകാരം, പ്രപഞ്ചത്തിന്റെ നാഥനായിരുന്ന മനുഷ്യൻ ആദ്യപാപത്തിന്റെ ഫലമായി പ്രകൃതിശക്തികളുടെ മുൻപിൽ കുമ്പിടേണ്ടിവന്നു. മനുഷ്യവംശത്തിന്റെ ഗതികേടു കണ്ടാലും! ഇത്രയേറെ അധഃപതിച്ച മനുഷ്യന്റെ മുമ്പിലാണു് നമ്മുടെ കർത്താവു കടന്നുവന്നിട്ടു പറഞ്ഞതു്: നമുക്കൊരു പിതാവുണ്ടു്; എന്റെയും നിങ്ങളുടെയും പിതാവായ ദൈവം. ഇന്നത്തെ ലോകത്തോടും നാം ആവർത്തിച്ചു പറയേണ്ട സത്യമാണിതു്. അധഃപതനത്തിന്റെ നാശഫലങ്ങൾ ഇന്നും ബാക്കിയുണ്ടു്. നിത്യപിതാവായ ദൈവത്തെപ്പററി ചിന്തി

ക്കാത്ത ലോകം, പ്രകൃതിയിലെ ഓരോ ജീവിയുടേയും മുമ്പിൽ ഭജനമിരുന്നു് അതിനെ പ്രസാദിപ്പിക്കുവാൻ ഇക്കാലത്തും ഒരുമ്പെടുന്നുണ്ടു്. തൃശ്ശിനാപ്പള്ളിയിൽനിന്നു് ഒരു വന്ദ്യ വൈദികൻ എഴുതി അയയ്ക്കുകയാണു്: അവരുടെ ആശ്രമത്തിൽ ഒരു മൂർഖൻപാമ്പു കയറി. പലരോടും പറഞ്ഞു അതിനെ തല്ലിക്കൊല്ലാൻ. ആ നാട്ടുകാരായ വേലക്കാർ പാമ്പിനെ തൊടില്ല. ഒടുവിൽ കേരളീയനായ ആ വൈദികൻ തന്നെ ഒരു വടിയെടുത്തു് നല്ല അടികൊടുത്തു, പാമ്പു ചത്തു. അതിന്റെ വയറുപൊട്ടി രണ്ടുമൂന്നു മുട്ട പുറത്തിറങ്ങി. ഇതറിഞ്ഞു് അവിടത്തെ നാട്ടുകാരായ സവർണ്ണഹിന്ദുക്കൾ പരവേശത്തോടെവന്നു് ആ ചത്ത പാമ്പിനെ കൊണ്ടുപോയി. ഒരു ചിതയുണ്ടാക്കി അതിൽവച്ചു ദഹിപ്പിച്ചു. ആ ചിതയ്ക്കു ചുറ്റും നൃത്തം ചെയ്തു് അവർ ശാപവാക്കുകളുരുവിടുകയുണ്ടായി. ''ഈ സർപ്പഭഗവാനെ കൊന്നവൻ നശിച്ചുപോകട്ടെ.'' അവനെ ആയിരം പാമ്പു കടിച്ചു കൊല്ലട്ടെ. അവന്റെ സന്തതി അററു പോകട്ടെ.'' ആ വൈദികൻ തന്റെ കത്തു് ഇങ്ങനെ അവസാനിപ്പിക്കുന്നു, ''ഞാൻ ഒരു വൈദികനായതുകൊണ്ടു് സന്തതി അററുപോകാനൊന്നുമില്ലല്ലോ'' 20-ാം നൂററാണ്ടിൽ, ആർഷസംസ്കാരത്തിന്റെ മുമ്പിൽ, ആററംയുഗത്തിന്റെ മദ്ധ്യത്തിൽ, ആകാശഗോളങ്ങളുടെ ഇടയിൽക്കൂടി മനുഷ്യൻ റോക്കററിൽ സഞ്ചരിക്കുന്ന കാലത്തു് നമ്മുടെ ഭാരതത്തിൽ പാമ്പിനെ കൊന്നതിനു പ്രായശ്ചിത്തം ചെയ്യുന്നു. 2000 കൊല്ലങ്ങൾക്കുമുമ്പു് ഇതുപോലൊരു ലോകത്തിലേയ്ക്കാണു നമ്മുടെ കർത്താവു കടന്നുവന്നതു്. ആകയാൽ നിങ്ങൾക്കൊരു പിതാവുണ്ടു്'' നമ്മുടെ കർത്താവു പറയുകയാണു്, ''എന്റേയും നിങ്ങളുടേയും പിതാവു്.'' തന്റെ മനുഷ്യാവതാരംവഴി അവിടുന്നു വ്യക്തമാക്കിയ വലിയ സത്യമാണതു്, ദൈവപിതാവിനോടു പ്രാർത്ഥിക്കുവാൻ ഈശോ നമ്മെ പഠിപ്പിച്ചു. ''സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...'' അങ്ങനെ, പിതാവായ ദൈവത്തിന്റെ പക്കലേയ്ക്കു് അവിടുന്നു നമ്മെ ആനയിച്ചിരിക്കുന്നു. നമുക്കു് ആശ്വാസത്തോടും അഭിമാനത്തോടുംകൂടി ആ പിതാവിന്റെ പക്കൽ നിലകൊള്ളാം. അവിടത്തെ തിരുമുമ്പിലിരുന്നാണല്ലോ നാം ധ്യാനിക്കുന്നതു്. നമുക്കു നമ്മോടുതന്നെ പറയാം: ''ഞാനെന്റെ പിതാവിന്റെ

പാദങ്ങളിലാണ്. അവിടുന്നെന്നെ തൃക്കൺപാർക്കുന്നു. അവിടുത്തേ ഹിതം അനുവർത്തിക്കുവാൻ ഞാൻ തയ്യാറാകുന്നു. ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കണം.''

ദൈവത്തെപ്പററി ചിന്തിക്കുമ്പോഠം നാം അങ്ങേയററം അഭിമാനം കൊള്ളേണ്ടതാണ്. അവിടുത്തെ മഹത്വത്തെപ്പററി ചിന്തിക്കുക. നമ്മുടെ പിതാവു സർവ്വശക്തനാണ്, സർവ്വജ്ഞനാണ്, സകല നന്മകളുടേയും തികവാണ്, എല്ലാത്തിന്റേയും ആരംഭവും അന്ത്യവുമാണ്. അവിടുന്നു സർവ്വവ്യാപിയാണ്. അവിടുന്ന് എന്റെ ഹൃദയത്തിലുണ്ട്; എനിക്കു പുറത്തും എന്റെ ഉള്ളിലും എല്ലായിടത്തും സന്നിഹിതനാണ്. എല്ലാം അവിടുന്നു നേരിട്ടു കണ്ടറിയുന്നു. വി. ഫ്രാൻസീസ് സെയിൽസ് പറയുന്നതുപോലെ, ഞാൻ എന്നിൽത്തന്നെ ആയിരിക്കുന്നതിൽ അധികമായി ഞാനെന്റെ ദൈവത്തിലായിരിക്കുന്നു.

ഞാൻ എന്റെ ദൈവത്തെപ്പററി ചിന്തിക്കാറുണ്ടോ? നമ്മോടുതന്നെ ചോദിക്കുക. ഞാൻ അവിടുത്തെ സന്താനമാണെന്നുള്ള ബോധം നിലനിത്തുന്നുണ്ടോ? ഞാൻ ദൈവത്തിന്റെ തൃക്കൈകളിൽ സദാ സംവഹിക്കപ്പെടുന്നു എന്ന സത്യം എനിക്കറിയാമോ? ഓ, എന്റെ ദൈവത്തോട് എനിക്കുള്ള ബന്ധം എത്രയോ ഗാഢമാണ്! നമ്മിലുള്ള ദൈവസാന്നിദ്ധ്യം ഏററു പറഞ്ഞു നമുക്ക് അവിടുത്തെ ആരാധിക്കാം. ഇതൊരു അനുഭവമായി പാലിക്കുവാൻ ഈ ധ്യാനദിവസങ്ങഠം സഹായകമാകട്ടെ.

പ്രിയപ്പെട്ടവരേ,

ദിവ്യരക്ഷകൻ തിരുവവതാരം ചെയ്തപ്പോഠം അവിടുത്തേക്കുവേണ്ടി മാലാഖമാർ, ആകാശത്തിൽ ഗാനാലാപം ചെയ്തു: ''ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതി'' എന്നു്. തൊഴുക്കൂട്ടിൽ പിറന്ന ദിവ്യശിശു പുൽത്തൊട്ടിയിൽനിന്നു നമുക്കുവേണ്ടിയർപ്പിക്കുന്ന ആരാധനാസ്തോത്രങ്ങളാണതു്. നാമെല്ലാവരും അഭിമാനപൂർവ്വം ദൈവത്തിന്റെ തിരുമുമ്പിൽ വ്യാപരിച്ചു

കൊണ്ടു് അവിടുത്തേക്കു പരമമായ ആരാധന സമർപ്പിക്കണം. അതാണു സൃഷ്ടികളായ നമ്മുടെ ഒന്നാമത്തെ കടമ. "നിന്റെ തിരുനാമം......ഭൂമിയിലുമാകണം" എന്നിങ്ങനെ പ്രാർത്ഥിച്ചുകൊണ്ടു് ദൈവത്തോടുള്ള നമ്മുടെ ഈ കടമ ഏററുപറയുവാൻ ദിവ്യരക്ഷകൻ നമ്മോടാവശ്യപ്പെടുന്നു. ഇതനുസരിച്ചു നമ്മുടെ സകല വ്യാപാരങ്ങളും നിർവ്വഹിക്കുവാൻ നാം ശ്രമിക്കണം. ഈ ധ്യാനദിവസങ്ങളിൽത്തന്നെ നമ്മുടെ ജീവിതം ഇപ്രകാരം ക്രമപ്പെടുത്തുന്നതായാൽ, അതൊരു വലിയ നേട്ടമായിരിക്കും.

രണ്ടാമതായി, നമ്മുടെ നല്ലപിതാവു് നമുക്കു തന്നിട്ടുള്ള അനുഗ്രഹങ്ങൾക്കു കൃതജ്ഞത പ്രകാശിപ്പിക്കണം. ദൈവം നമുക്കു് ആസ്തിക്യം നല്കി. "അങ്ങു് അങ്ങയുടെ കരങ്ങൾ എന്റെമേൽ വച്ചു: ശൂന്യതയുടെ അഗാധത്തിൽനിന്നു് അവിടുന്നാണു് എന്നെ ഉയർത്തിയെടുത്തതു്." (സങ്കീ. 138_5)നമുക്കു മനുഷ്യത്വം തന്നു, ഈ പ്രപഞ്ചത്തിന്റെ നാഥന്മാരായി ദൈവം നമ്മെ സൃഷ്ടിച്ചു, മനുഷ്യത്വത്തിലടങ്ങിയിരിക്കുന്ന മഹത്വം പ്രത്യേകം നാം പരിഗണിക്കേണ്ടതാണു്, എല്ലാററിനേയും ഭരിക്കുന്ന അധികാരികളായിട്ടു ദൈവം നമ്മെ ആക്കി. ഉൽകൃഷ്ടതരങ്ങളായ കഴിവുകൾ—ബുദ്ധിയും മനസ്സും— നമുക്കു തന്നു. ബുദ്ധികൊണ്ടു മനുഷ്യൻ കണ്ടുപിടിക്കുന്ന അത്ഭുതകര കാര്യങ്ങൾ നാം ഇപ്പോൾ കണ്ടുകൊണ്ടിരിക്കുകയാണല്ലോ. നമുക്കു മനസ്സുതന്നു. സ്വാതന്ത്ര്യമായി പ്രവർത്തിക്കുവാനുള്ള കഴിവു്, ഈ മാനസികശക്തികൾക്കു് അടിസ്ഥാനമായി മരണമില്ലാത്ത ആത്മാവു നില്ക്കുന്നു. അങ്ങനെ, അവസാനമില്ലാത്ത ജീവിതം നമുക്കു നല്കിയിരിക്കുന്നു. എല്ലാം നാം പഠിച്ചുവച്ചിട്ടുള്ള കാര്യങ്ങളാണല്ലോ. ഇവയ്ക്കുപുറമെ ദൈവം തന്നിട്ടുള്ള പ്രത്യേക ദാനങ്ങൾകൂടി അനുസ്മരിക്കാം. എന്റെ ആരോഗ്യം, സമ്പത്തു്, കുടുംബസ്ഥിതി, എനിക്കു് ഇതുവരെ ലഭിച്ചിട്ടുള്ള മററു വിവിധ നന്മകൾ— എല്ലാം സൃഷ്ടികർത്താവിന്റെ സ്നേഹപൂർവ്വമായ ദാനങ്ങൾ. എല്ലാററിലും പ്രധാനമായി, ദൈവം നൽകിയിരിക്കുന്ന അതിസ്വാഭാവികദാനങ്ങൾ — എന്റെ കത്തോലിക്കാവിശ്വാസം; അതാണു് എന്റെ അതിസ്വാഭാവികജീവിതത്തിന്റെ ആരംഭവും അടിസ്ഥാനവും. നല്ലപിതാവായ ദൈവത്തെ ശരിയായി അറിയാനും സ്നേഹി

കുവാനും, അങ്ങനെ എനിക്കു കഴിവുണ്ടായി. അവിടുന്നു് എന്നിൽ യഥാർത്ഥത്തിൽ വസിച്ചുകൊണ്ടു് എന്നെ സജീവ ദൈവാലയമാക്കിത്തീർത്തിരിക്കുന്നു. തൻെറ ദിവ്യദാനങ്ങൾ നല്കി എന്നെ സമ്പന്നനാക്കിക്കൊണ്ടു് എന്നെ സ്വർഗ്ഗത്തിനായി ഒരുക്കുന്നു. ഇങ്ങനെ അതിസ്വാഭാവികമായി ദൈവം നമുക്കു തന്നുകൊണ്ടിരിക്കുന്ന നിരവധിയായ അനുഗ്രഹങ്ങളും നാം അനുസ്മരിക്കണം. ആകയാൽ ഓർശ്ലേം ദൈവാലയത്തിൽവച്ചു് ബാലനായ ഈശോ അന്നു പറഞ്ഞതു് എത്രയോ ശരിയായിട്ടു് എനിക്കു പറയുവാൻ കഴിയും: 'ഞാൻ എൻെറ പിതാവിൻെറ കാര്യത്തിലേർപ്പെട്ടിരിക്കേണ്ടവനല്ലേ?'' അവിടുത്തെ മഹത്ത്വത്തെ പ്രകീർത്തിക്കേണ്ടതല്ലേ? അവിടുത്തെ അനുഗ്രഹങ്ങൾക്കൊക്കെ നന്ദിപറയേണ്ടതല്ലേ? ഈ കടമ ഞാൻ എങ്ങനെ നിർവ്വഹിച്ചുവരുന്നു? എനിക്കു കൂടുതൽ കിട്ടിയില്ലെന്നു് ആവലാതി പറയുകയായിരിക്കുമോ? ആ സഹോദരനോളം ബുദ്ധിയില്ല; ഈ സഹോദരനോളം ആരോഗ്യമില്ല, കലാപാടവമില്ല എന്നു പറഞ്ഞു് ഞാൻ പരിഭവിക്കുകയായിരിക്കുമോ? ''മകനേ, നിനക്കു വേണ്ടതു് നിനക്കു തന്നിട്ടുണ്ടു്; അതുമതി. അതു നല്ലവണ്ണം ഉപയോഗപ്പെടുത്തുക. അതിലാണു നിൻെറ ജീവിതവിജയം അടങ്ങിയിരിക്കുന്നതു്. നിൻെറ വിശ്വസ്തതയനുസരിച്ചു നിനക്കു പ്രതിഫലം നല്കും'' എന്നു ദൈവം നമ്മോടു പറയുന്നു. ആകയാൽ കർത്താവിൻെറ കാരുണ്യപൂർവ്വമായ ദാനങ്ങൾ ഏററുപറഞ്ഞുകൊണ്ടു നമുക്കു കൃതജ്ഞതാസ്തോത്രങ്ങൾ സമർപ്പിക്കാം. ''വന്നാലും നമ്മെ സൃഷ്ടിച്ച ദൈവത്തിൻെറ സന്നിധിയിൽ സാഷ്ടാംഗപ്രണാമംചെയ്തു് അവിടുത്തെ നമുക്കു ആരാധിക്കാം. എന്തുകൊണ്ടെന്നാൽ, അവിടുന്നാണു് നമ്മുടെ കർത്താവായ ദൈവം'' (സങ്കീ 91-6,7)

മൂന്നാമതായി, ഞാൻ ദൈവത്തെ സേവിക്കണം. ഞാൻ എപ്പോഴും പിതാവിൻെറ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണു്. അതാണു് എൻെറ വലിയ കടമ. എൻെറ ആരംഭം ദൈവം: എൻെറ അന്ത്യവും ദൈവം: എൻെറ സകല പ്രവൃത്തികളിലും ദൈവത്തിൻെറ മഹത്ത്വംമാത്രം ഞാൻ പരിഗണിക്കണം ''ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതി'' —അതായിരിക്കണം എൻെറ ജീവിതാദർശം. ദിവ്യനാഥൻ പറഞ്ഞു:

“സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഹിതം അനുവർത്തിക്കുന്നതാണ് എന്റെ ഭക്ഷണം.” വീണ്ടും “എന്റെ പിതാവിനു പ്രീതിജനകമായതു് ഞാൻ എല്ലായ്പോഴും ചെയ്യുന്നു” നമുക്കു നമ്മുടെ കർത്താവു കാണിച്ചു തരുന്ന മാതൃക ഇതാണ്. ഏററം വലിയ ക്ലേശത്തിന്റേയും സഹനത്തിന്റേയും മദ്ധ്യത്തിൽ—മരണകരമായ വ്യഥയനുഭവിക്കുന്നതിനിടയ്ക്കു്— ഈശോ പറഞ്ഞു: “എന്റെ ഇഷ്ടമല്ല, അങ്ങേ തിരുഹിതം നിറവേറട്ടെ.” കുരിശിൽനിന്നും അവിടുന്നു് അതുതന്നെ പറഞ്ഞു: “എല്ലാം പൂർത്തിയായി” ദിവ്യനാഥന്റെ ജീവിതദൗത്യമെല്ലാം പൂർത്തിയായി. പിതാവിന്റെ മഹത്ത്വത്തിനുവേണ്ടി ചെയ്യേണ്ടതെല്ലാം പൂർത്തിയായി. നാം ഓരോരുത്തരും എന്തു ചെയ്യണമെന്നു് അവിടുന്നു പഠിപ്പിക്കുകയാണ്. നമ്മളും പിതാവിന്റെ ഹിതം അനുവർത്തിക്കണം. അവിടുത്തെ കല്പനകൾ അനുസരിക്കണം. അതാണ് എന്റെ ജീവിതോദ്ദേശ്യം. ഞാൻ ഭക്ഷിക്കുമ്പോഴായാലും, പഠിക്കുമ്പോഴായാലും, വിശ്രമിക്കുമ്പോഴായാലും, ഉറങ്ങുമ്പോഴായാലും, ഏതേതുകാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുമ്പോഴും ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കണം. അല്ലാതെ ഞാൻ ബഹുമാനം അന്വേഷിക്കരുതു്. സുഖം അന്വേഷിക്കരുതു്. പിതാവിൽനിന്നും അന്യമായിട്ടുള്ളതൊന്നും എനിക്കു ചിന്തിക്കുവാനില്ല എന്റെ കുടുംബമായാലും ശരി, സുഹൃത്തുക്കളായാലും ശരി, എന്റെ ശാരീരികതാല്പര്യങ്ങളായാലും ശരി, എല്ലാററിന്റേയും മദ്ധ്യത്തിൽ എനിക്കു പറയാനുള്ളതു് ഇതാണ്: “നിങ്ങൾ എന്തിനു് എന്നെ അന്വേഷിക്കുന്നു. ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കേണ്ടതല്ലേ?” നമ്മുടെ അപരാധങ്ങൾക്കു് മാപ്പപേക്ഷിക്കണം. നമ്മുടെ നന്ദികേടിനെപ്പററി അങ്ങേയററം ദുഃഖിക്കണം. ‘എന്റെ ദൈവമേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു, അങ്ങയെ എന്നുമെന്നും ഞാൻ മഹത്വപ്പെടുത്തും. അങ്ങേയ്ക്കുവേണ്ടിമാത്രം ഞാൻ ജീവിക്കും. ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽമാത്രം എന്നും ഏർപ്പെട്ടിരിക്കുകയും ചെയ്യും’ എന്നു നമുക്കു് ആവർത്തിച്ചു പറയാം.

ആകയാൽ, നമുക്കൊരു പിതാവുണ്ടു്; ആ പിതാവു നമ്മിലുണ്ടു്. എപ്പോഴും നമ്മോടുകൂടെ പ്രവർത്തിക്കുന്നു. അവിടുത്തേ

സാന്നിദ്ധ്യം നമ്മെ ഭരിക്കട്ടെ, അവിടുത്തെ മഹത്വത്തെപ്പററി
യുള്ള ബോധം പാലിച്ചുകൊണ്ടു് അവിടത്തെ ആരാധിക്കു
കയും ചെയ്യണം. അവിടത്തേ അനുഗ്രഹങ്ങൾ, സ്വാഭാവിക
മായും അതിസ്വാഭാവികമായും നമുക്കു കിട്ടിക്കൊണ്ടിരിക്കുന്ന
തെല്ലാം അനുസ്മരിച്ചു് കൃതജ്ഞതാസ്തോത്രങ്ങൾ സമർപ്പിക്കാം.
അവിടുന്നു തന്ന ആസ്തിക്യവും അനുഗ്രഹങ്ങളുമെല്ലാം അവിടു
ത്തേയ്ക്കുവേണ്ടിമാത്രം വിനിയോഗിക്കാം. ഞാൻ എന്റെ പി
താവിന്റെ കാര്യങ്ങളിൽ എല്ലായ്പ്പോഴും ഏർപ്പെട്ടിരിക്കേ
ണ്ടതല്ലേ എന്ന ചിന്ത നമ്മെ സദാ ഭരിക്കുകയും ചെയ്യട്ടെ.

# 2. ജീവിതലക്ഷ്യം

മിശിഹായിൽ പ്രിയ സഹോദരരേ,

കുറെ കൊല്ലങ്ങൾക്കുമുമ്പ് നമ്മുടെ നിയമസഭയിൽ ഒന്നിലധികം പ്രാവശ്യം ചോദിച്ച ഒരു ചോദ്യമുണ്ട്. കഴിഞ്ഞ മൂന്നുമാസത്തിനിടയ്ക്ക് കേരളത്തിൽ എത്രപേർ ആത്മഹത്യ ചെയ്തു ഇതായിരുന്നു ആ ചോദ്യം. 369 എന്നായിരുന്നു അതിനു നല്കിയ മറുപടി. 90 ദിവസത്തിനുള്ളിൽ 369 പേർ ആത്മഹത്യചെയ്തുവെങ്കിൽ ദിവസംപ്രതി നാലുപേരിലധികമുണ്ടെന്നു തെളിയുന്നു. കേരളമാണെങ്കിൽ ഏററവും ചെറിയ പ്രവിശ്യയാണ്. അന്നു രണ്ടുകോടി ജനങ്ങൾമാത്രം. അതിൽ നാലുപേരിലധികം പ്രതിദിനം ആത്മഹത്യചെയ്യുന്നുവെന്നുള്ള നിർഭാഗ്യകരമായ സത്യത്തിനു മുമ്പിലാണ് നാം നിലകൊള്ളുന്നത്. മനുഷ്യജീവിതത്തിൻെറ വിലയെന്താണെന്നു നമുക്കറിയാമെങ്കിൽ, ഈ വസ്തുതയെ എങ്ങനെ അവഗണിക്കും. എന്നാൽ, ഇത്രയധികം ആളുകൾ എന്തിനിങ്ങനെ ആത്മഹത്യ ചെയ്യുന്നു എന്നും കൗൺസിലിൽ ചോദിക്കുകയുണ്ടായി. അതിനു നല്കിയ ഉത്തരത്തിൻെറ സാരം ഇതായിരുന്നു: ജീവിത വ്യാമോഹങ്ങൾ വർദ്ധിക്കുന്നു. അതെല്ലാം സാധിക്കാതെ വരുന്നു. ഉടനെ നിരാശപ്പെടുന്നു, അങ്ങനെ അതു് ആത്മഹത്യയിൽ ചെന്നവസാനിക്കുന്നു.

മനുഷ്യനെ നശിപ്പിക്കുന്ന ജീവിതവ്യാമോഹങ്ങൾ—അവ ആരേയും ബാധിക്കാവുന്നതാണല്ലോ. അവയെപ്പററി കൂടുതൽ പര്യാലോചിക്കുന്നതു പ്രയോജനകരമായിരിക്കും. ജീവിതലക്ഷ്യം ശരിയായി ഗ്രഹിക്കാതെ ചില താൽക്കാലിക താല്പര്യങ്ങളിലേക്കു മനുഷ്യൻ കടന്നുപോകുന്നു. അവയെല്ലാം സ്വന്തമാക്കാൻ അവൻ ബദ്ധപ്പെടുന്നു; എന്നാൽ, അവ അവനു കൈവരുന്നില്ല. ഉടനെ നിരാശയായി; ജീവിതത്തോടു വെറുപ്പായി; ആത്മഹത്യയായി. മനുഷ്യജീവിതത്തിൻെറ സാരവത്തായ ഭാഗം അവഗണിച്ചിട്ട് അഥവാ, ആത്മാവിൻെറ

കാര്യം മറന്നിട്ട് മനുഷ്യൻ ലൗകികകാര്യങ്ങൾക്കുവേണ്ടിമാത്രം ജീവിക്കുമ്പോൾ വന്നുകൂടുന്ന പരാജയമാണ് നാം ഈ ഓരോ ആത്മഹത്യയിലും കാണുക.

നമ്മുടെ ദൈവം നമുക്ക് ഒരു ശരീരം മാത്രമല്ല, മരണമില്ലാത്ത ഒരാത്മാവുകൂടി പ്രദാനം ചെയ്തിരിക്കുന്നു നമുക്കു പാരത്രികമായ ഒരു ജീവിതമുണ്ട്. ആ ജീവിതം സനാതനമാകുന്നു. നമ്മുടെ ശരീരവും അതിൻെറ എല്ലാ കഴിവുകളും ഉപയോഗപ്പെടുത്തേണ്ടതു് നമ്മുടെ ആത്മരക്ഷയെ ആസ്പദമാക്കിയാണ്. അതാണ് പ്രപഞ്ചത്തിലെ വസ്തുക്കൾ നമുക്കു വ്യക്തമാക്കിത്തരുന്ന സത്യം. വിടർന്നു നില്ക്കുന്ന മനോഹരപുഷ്പങ്ങൾ നമ്മോടു പറയുന്നു: ''വൈകുന്നേരമാകുമ്പോൾ ഞങ്ങൾ കൊഴിഞ്ഞുപോകും; നിങ്ങളാകട്ടെ എന്നും ജീവിക്കാനുള്ളവരാണ്. നിങ്ങളുടെ ജീവിതവിജയത്തിനായി ഞങ്ങളെ ഉപയോഗപ്പെടുത്തിയാലും, ഞങ്ങളുടെ ക്ഷണികജീവിതം നിങ്ങളുടെ നിത്യഭാഗ്യത്തെപ്പററി നിങ്ങളെ സദാ അനുസ്മരിപ്പിക്കട്ടെ''. പ്രകാശിക്കുന്ന സൂര്യൻ നമ്മോടതുതന്നെ പറയുന്നു: ''സനാതനപ്രകാശത്തിലേയ്ക്കെത്തുന്നതിനുവേണ്ടി നിങ്ങൾക്കു വഴികാണിച്ചുതരുകയാണു ഞാൻ. നിങ്ങൾ നിത്യതയെത്തെ ലക്ഷ്യമാക്കി പ്രയാണം ചെയ്താലും. നാം അനുഭവിക്കുന്ന ഓരോ സൃഷ്ടവസ്തുവും നമ്മെ അനുസ്മരിപ്പിക്കുന്നതു ഇതേ സത്യം തന്നെ. ഞങ്ങളെല്ലാം വെറും മാർഗ്ഗങ്ങൾ; നിങ്ങൾക്കു സൃഷ്ടികർത്താവിൻെറ പക്കലെത്തുവാനുള്ള സോപാനമായി, അതിൻെറ ഒരോ പടികളായി ഞങ്ങൾ നില്ക്കുന്നു. നിങ്ങൾ ഇവ ഓരോന്നും തരണം ചെയ്ത് ദൈവത്തിൻെറ പക്കലേയ്ക്ക് ആരോഹണം ചെയ്യുക'', നമ്മുടെ ശരീരവും അതിൻെറ പഞ്ചേന്ദ്രിയങ്ങളും നാം കാണുകയും കേൾക്കുകയും സ്പർശിക്കുകയും അനുഭവിക്കയും ചെയ്യുന്ന ഓരോന്നും ഇതു തന്നെയാണു വ്യക്തമാക്കുന്നതു്, അവയെല്ലാം ശരിയായി ഉപയോഗിച്ചുകൊണ്ടു ദൈവത്തെ സേവിക്കണം; അവിടുത്തെ പ്രാപിക്കുവാൻവേണ്ടി ഒരുങ്ങണം.

എന്നാൽ, മനുഷ്യൻെറ ചിന്താഗതി തലതിരിഞ്ഞുപോകുന്നു, അവൻ ഈ സൃഷ്ടവസ്തുക്കളിൽത്തന്നെ തൻെറ സൗഭാഗ്യം കണ്ടെത്താമെന്നു വ്യാമോഹിക്കുകയാണ്. ധാരാളം ധനം നേ

ടിയാൽമതി; അപ്പോ സന്തുഷ്ടി ലഭിക്കും. ധാരാളം സുഖം അനുഭവിക്കണം; അങ്ങനെ ചാരിതാർത്ഥ്യമടയാം എന്നാണ് അവൻ വിചാരിക്കുന്നത്. അതിനുവേണ്ടിയാണ് അവൻ നിരന്തരം പരിശ്രമിക്കുന്നത്. എന്നാൽ ഈ പരിശ്രമം വിജയകരമാകുന്നില്ല; അവൻ വിചാരിക്കുന്ന സംതൃപ്തി അവനു കിട്ടുന്നില്ല. നമ്മുടെ ഇത്രയും കാലത്തെ അനുഭവംതന്നെ നമ്മെ പഠിപ്പിക്കുന്നത് എന്താണെന്നു നോക്കു. പലതും കിട്ടുവാൻ വേണ്ടി നാം താല്പര്യപ്പെട്ടു. പക്ഷേ, നാം സംതൃപ്തരായോ; ഇല്ല നമ്മുടെ കൊച്ചുന്നാളിലെ വലിയ ആഗ്രഹം പള്ളിക്കൂടത്തിൽ പഠിച്ചു ജയിക്കുവാനായിരുന്നു. പള്ളിക്കൂടത്തിൽ പഠിച്ചു; പരീക്ഷയിൽ ജയിച്ചു കോളേജിൽ പഠിച്ച് കലാലയബിരുദങ്ങൾ സമ്പാദിച്ചവരും ഇക്കൂട്ടത്തിൽ ധാരാളം ഉണ്ടാകും. എന്നാൽ; അതുകൊണ്ടൊന്നും നമ്മൾ തൃപ്തരായിട്ടില്ല. ഇനിയും പുതിയ ആഗ്രഹങ്ങളുമായി നമ്മൾ മുന്നോട്ടു പോകുകയാണ്. എന്താണിതിനു കാരണം വി ആഗുസ്തീനോസ്. പറയുന്നു: ''ദൈവമേ, അങ്ങേയ്ക്കായി എന്നെ അങ്ങു സൃഷ്ടിച്ചു; അങ്ങയെ പ്രാപിക്കുന്നതുവരെ എൻെറ ഹൃദയം അസന്തുഷ്ടമായിരിക്കും.'' നമ്മുടെ ആരംഭമായ ദൈവംതന്നെയാണു നമ്മുടെ അന്ത്യവും. ആ ദൈവത്തെ പ്രാപിക്കുന്നതുവരെ നമുക്ക് ഒരിക്കലും ചാരിതാർത്ഥ്യത്തിനു വഴിയില്ല; നമുക്ക് ഒരിക്കലും സംതൃപ്തിയുണ്ടാകുകയില്ല. ഇതാണ് അടിസ്ഥാനതത്ത്വം. എത്രപ്രാവശ്യം നാം ചിന്തിച്ചു മുഷിഞ്ഞ ഒരു വിഷയമായാലുംശരി ഇതു, മാററിവെച്ചിട്ടു നമുക്കു ജീവിക്കുവാൻ പററുകയില്ല. ഈ വിഷയത്തിനു നവീനത്വം ഇല്ലെന്നു് ആരെങ്കിലും വിചാരിച്ചേക്കാം. പക്ഷേ, ഈ തത്ത്വമാണു നമ്മെ വിജയിപ്പിക്കേണ്ടത്. ആകയാൽ എൻെറ അഭിലാഷങ്ങൾ ഏതുവഴിക്കു തിരിഞ്ഞിരിക്കുന്നുവെന്നു സ്വയം ചോദിക്കുക. ഞാൻ എന്തുകിട്ടുവാൻ വേണ്ടി കാത്തിരിക്കുന്നു? എന്താണു വാസ്തവത്തിൽ പ്രതീക്ഷിക്കുന്നത് ഒരു കാര്യം മാത്രമേയുള്ളൂ. സഹോദരരേ, നമുക്കു ദൈവത്തെ പ്രാപിക്കണം. ആ നന്മയുടെ തികവു നമുക്കു സ്വന്തമാക്കണം. അപ്പോൾ എല്ലാമായി. വിശുദ്ധ അലോഷ്യസ് ഗോൺസാഗാ തൻെറ ജീവിതബദ്ധപ്പാടുകൾക്കിടയ്ക്കു പലപ്പോഴും ഇങ്ങനെ ചോദിച്ചിരുന്നു; ''നിത്യത്വത്തിലേക്ക് ഇതു് എത്രമാത്രം ഉപകരിക്കും?'' രാജ്യം ഭരിക്കുവാൻ അവ

—

കാശമുണ്ടായിരുന്ന ഒരു വ്യക്തിയായിരുന്നു അദ്ദേഹം. അതു വെടിഞ്ഞുകൊണ്ടാണ് വിശുദ്ധൻ സന്ന്യാസജീവിതത്തിനു പുറപ്പെട്ടതു്. അദ്ദേഹം എല്ലാ അനുഭവങ്ങളുടെ മദ്ധ്യത്തിലും സ്വയം ചോദിക്കുകയാണ്, നിത്യത്വത്തിലേക്കു് ഇതു് എന്തു മാത്രം പ്രയോജനപ്പെടും എന്നു്.

നമുക്കു നിത്യമായ ഒരു ജീവിതമുണ്ടു്; ഇവിടെനിന്നു കടന്നുപോയശേഷം പുലരുന്ന ഒരു ജീവിതമുണ്ടു്. അതിനാണു നാം തയ്യാറാകുന്നതു്. അതാണു നമ്മുടെ അന്ത്യം. അതിനു പകരിക്കണം നമ്മുടെ എല്ലാ പ്രവൃത്തികളും. അതുകൊണ്ടു് ആത്മഹത്യകളുടെ മുൻപിൽ നില്ക്കുന്ന നമുക്കു നമ്മോടുതന്നെ ചോദിക്കാം: എന്തിനു വെള്ളത്തിൽ ചാടി മരിക്കുന്നു? എന്തിനു വിഷംകുടിച്ചു മരിക്കുന്നു? എന്തിനു കെട്ടിത്തൂങ്ങി മരിക്കുന്നു? എന്തുകൊണ്ടു പ്രിയപ്പെട്ട കേരളീയർ ഇങ്ങനെ സ്വയം വധിക്കുന്നു? ജീവിത വ്യാമോഹങ്ങളിൽ കുടുങ്ങി നിരാശപ്പെടുന്നതുകൊണ്ടു് മനുഷ്യജീവിതത്തെ യഥാതഥം വിലയിരുത്തുവാൻ കഴിയാത്തതുമൂലം വന്നുകൂടുന്ന വഴിപിഴക്കൽ!. എന്നിട്ടു് അതൊക്കെ വിജയമാണെന്നു ചിലർ പറയും. ആത്മഹത്യ ചെയ്യുന്നവർ വീരസ്വർഗ്ഗം പ്രാപിക്കുന്നുവെന്നു വ്യാഖ്യാനിക്കുന്നു. അതിനു ചില പുസ്തകങ്ങളും കൂട്ടുനില്ക്കുന്നുണ്ടു്, നമ്മൾ പള്ളിക്കൂടത്തിൽവച്ചു പാടിക്കൊണ്ടുനടന്ന ആ പുസ്തകമില്ലേ? രമണൻ. അതിലെ നാലുവരിയെങ്കിലും ഹൃദിസ്ഥമാക്കാത്തവർ ഉണ്ടാകയില്ല. കൊള്ളാം; എന്നാൽ രമണന്റെ ഇതിവൃത്തമെന്താണു്? പ്രണയപരാജയത്തിൽനിന്നുണ്ടായ നിരാശ! ഉടനെ ചെത്തിപ്പൂമാലയിടുക; ആററുവക്കത്തുപോകുക; കെട്ടിത്തൂങ്ങിച്ചാകുക. അപ്പോൾ കല്പവൃക്ഷങ്ങൾ പുഷ്പവൃഷ്ടിചെയ്യും: ആകാശത്തു് വെള്ളിമേഘങ്ങൾ നിരക്കും. മാലാഖമാർ ഗാനാലാപം നടത്തും. എന്തിനു്? കെട്ടിത്തൂങ്ങിയവനെ എവിടെക്കൊണ്ടു പോകുവാൻ? സഹോദരരേ, ഇതാണു നമ്മുടെ ലോകം! ഇതുപോലുള്ള ഗ്രന്ഥങ്ങളും സിനിമകളും വിചാരശൂന്യരെ വഴിതെററിച്ചു് നശിപ്പിക്കുന്നു.

ഒരു കാര്യം മാത്രമേ ആവശ്യമുള്ളൂ, എന്റെ ആത്മാവിന്റെ രക്ഷ. ഇതാണു ദൈവം നമുക്കു പറഞ്ഞുതന്നിട്ടുള്ളതു്. ''ഞാൻ നിന്റെ ആരംഭവും അന്ത്യവുമാകുന്നു'' അവിടുന്നുതന്നെയാണു

നമ്മുടെ അദ്ധ്വാനത്തിനുള്ള പ്രതിഫലം; അല്ലാതെ ഈ കാണുന്ന സൃഷ്ടവസ്തുക്കളല്ല. ഇവ താല്ക്കാലത്തേയ്ക്കു ലഭിക്കുന്ന "പോക്കററുമണി" മാത്രം. എന്നാൽ, കുടുംബസ്വത്തിന്റെ ഓഹരി പരലോകത്തിലാണു ലഭിക്കുക. എല്ലാ നന്മകളുടേയും തികവായ ദൈവത്തെ പ്രാപിക്കുന്നതിൽ അതു അടങ്ങിയിരിക്കുന്നു. ഇന്നത്തെ ജീവിതം അതിനുള്ള ഒരുക്കമായിരിക്കണം. ഹാ! എന്റെ ദൈവമേ, അങ്ങ് എല്ലാത്തിന്റേയും ആരംഭവും അന്ത്യവുമാകുന്നു. അങ്ങയെ പ്രാപിക്കുവാൻവേണ്ടി എന്റെ ഹൃദയം എല്ലായ്പോഴും വെമ്പൽകൊള്ളുകയാണ്. ആ ഭാഗ്യത്തിനുവേണ്ടി ഞാൻ കാത്തിരിക്കുന്നു. അതാണു ഞാൻ സദാ ചിന്തിക്കുന്നത്, എന്നിൽ വസിക്കുന്ന അങ്ങ് എന്നെ അതു് എല്ലായ്പോഴും ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നു. ഞാൻ നിത്യഭവനത്തിൽ എത്തണം, അങ്ങയെ അഭിമുഖം ദർശിക്കുവാൻ കഴിയുന്ന സ്വർഗ്ഗഭാഗ്യത്തിലേയ്ക്ക്. ഇന്നു നമ്മൾ കണ്ണാടിയിൽ കൂടി കാണുന്നു, പൗലോസ് ശ്ലീഹാ പറഞ്ഞിട്ടുള്ളതുപോലെ; അന്നു നമ്മൾ അഭിമുഖം ദർശിക്കും, അപ്പോൾ സനാതനഭാഗ്യം എന്റേതായിത്തീരും. എന്നാൽ, ഇതെല്ലാം എന്റെ ജീവിതത്തിൽ അനുവർത്തിക്കുന്നുണ്ടോ എന്നു നോക്കുക.

പന്ത്രണ്ടാം പീയൂസ് മാർപാപ്പാ ആധുനികലോകത്തിന്റെ ഗതി നല്ലവണ്ണം നോക്കിക്കൊണ്ടിരുന്ന ഒരു വലിയ ചിന്തകനായിരുന്നു. ഇന്നത്തെ ആദ്ധ്യാത്മികത്വത്തിന്റെ പോക്കിനെപ്പററി തിരുമേനി പറയുന്നു: "Religion has become a question of utility". എന്നുവച്ചാൽ മതം താല്ക്കാലിക താല്പര്യങ്ങൾ സാധിക്കാനുള്ള ഒരു ഏർപ്പാടായിരിക്കുന്നു. പലരേയും സംബന്ധിച്ചിടത്തോളം ഇതൊരു സത്യമാണ്. പരിശുദ്ധപിതാവ് അതങ്ങ് ഉറക്കെ പറഞ്ഞെന്നുമാത്രം. ആദ്ധ്യാത്മികത്വം ലൗകികകാര്യങ്ങൾ നേടുവാനുള്ള ഒരു മാർഗ്ഗമായിത്തീർന്നിരിക്കുന്നു. നമ്മൾ ദിവ്യമായ കാര്യങ്ങളെ ലക്ഷ്യമാക്കി ജീവിക്കുന്നവരാണല്ലോ. എന്നാൽ, ദൈവത്തിനും സ്വർഗ്ഗത്തിനും സാക്ഷ്യം വഹിക്കുവാൻ കഴിയുന്നതാണോ നമ്മുടെ ജീവിതം?

ഓരോ ക്രിസ്ത്യാനിയും തന്റെ നേതാവായ ക്രിസ്തുവിന്റെ ജീവിതമാതൃക മുമ്പിൽവച്ചുകൊണ്ടു പ്രവർത്തിക്കണം. ഈ

കാര്യത്തിൽ ഒരുത്തക്കും സംശയമുണ്ടാകാതിരിക്കുവാൻവേണ്ടി യാണ് നമ്മുടെ കർത്താവു തികച്ചും അലൗകികമായ ഒരു ജീവിതം നയിക്കുവാൻ തിരുമനസ്സായതു്. ലൗകികമാത്രമായ താല്പര്യങ്ങൾ ക്രിസ്തുവിൻെറ ജീവിതത്തിലില്ല. സമ്പത്തിൻേറയൊ, ബഹുമാനത്തിൻേറയൊ, സുഖത്തിൻേറയൊ, താല്പര്യങ്ങളൊന്നും പുലർത്താതെ നമ്മുടെ കർത്താവു് തികച്ചും നൂതനവും അനുകരണീയവുമായ ഒരു ജീവിതം നയിച്ചു കാണിച്ചുതന്നിട്ടുണ്ടു്. ഒരു ക്രിസ്ത്യാനിക്കു കിട്ടിയിട്ടുള്ള മാതൃക അതാണു്. സമ്പത്തുവേണം, ലൗകികമായ നേട്ടങ്ങൾ വേണം എന്നു വിചാരിക്കുന്ന മനുഷ്യരെ തൊഴുക്കൂട്ടിലേയ്ക്കു നയിച്ചു് പുൽത്തൊട്ടിയിൽ കിടക്കുന്ന കർത്താവു് അവരോടു സംസാരിക്കുന്നു: "നോക്കു, മകനേ, ഇവിടെ സമ്പത്തൊന്നുമില്ല. എനിക്കു സമ്പന്നനായി ജനിക്കാമായിരുന്നു. ഹേറോദേസിൻെറ കൊട്ടാരത്തിലല്ലേ ആ പണ്ഡിതന്മാർ എന്നെ അന്വേഷിച്ചു ചെന്നതു്. പക്ഷേ, ഞാൻ തൊഴുക്കൂടു മുതൽ ആരംഭിച്ചു. ഞാൻ വളർന്നതു പരദേശത്തു്; ഞാൻ അദ്ധ്വാനിച്ചുകൊണ്ടു മുപ്പതു കൊല്ലം കഴിച്ചു; ബാക്കി മൂന്നുകൊല്ലം അലഞ്ഞുതിരിഞ്ഞു ജീവിച്ചു. ഒടുവിൽ, തല ചായിക്കുവാൻപോലും ഇടമില്ലാത്ത പരമദരിദ്രനായി മരിക്കയും ചെയ്തു. എന്തിനു്? ഈ ലോകത്തിൻെറ സമ്പത്തു നിന്നെ പിടികൂടാതിരിക്കുവാൻ; എൻെറ മാതൃക അനുസരിച്ചു നിൻെറ ജീവിതം ക്രമപ്പെടുത്തുവാൻ. അതുകൊണ്ടു്, എൻെറ പിറകെ വരുന്ന വ്യക്തികൾ ഇങ്ങനെ ജീവിക്കണം. "നിങ്ങൾ നിങ്ങൾക്കുള്ളതെല്ലാം ഉപേക്ഷിച്ചു് എന്നെ അനുഗമിക്കൂ". ആ സമ്പന്നനായ ചെറുപ്പക്കാരനോടു ദിവ്യരക്ഷകൻ പറഞ്ഞു: "നിനക്കുള്ളതെല്ലാം വിററു ദരിദ്രർക്കു കൊടുത്തിട്ടു് വന്നു് എന്നെ അനുഗമിക്കുക". ഇതിനു പ്രതിഫലമായി എന്താണു് അവിടുന്നു തരുക? "സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപമുണ്ടായിരിക്കും". നമ്മുടെ കത്താവു വാഗ്ദാനം ചെയ്തു. സകല ലൗകികസമ്പത്തിനേയും അതിശയിക്കുന്ന സനാതന ഭാഗ്യം നമുക്കു പരലോകത്തിൽ തരാമെന്നു് അവിടുന്നു വാക്കു പറഞ്ഞിട്ടുണ്ടു്. "എൻെറ പിതാവിൻെറ ഭവനത്തിൽ അനവധി വാസസ്ഥാനങ്ങളുണ്ടു്" ഇങ്ങനെ ദിവ്യനാഥൻ നമ്മെ പഠിപ്പിച്ചു. തൻെറ മാതൃക നമുക്കു കാണിച്ചുതരുകയും ചെയ്തു. ഇതുപോലെ ജീവിക്കു. ലൗകികവ്യാമോഹങ്ങളിൽ നമ്മൾ

അധഃപതിക്കരുതു്. അതിനാണീ മാതൃക; അതുകൊണ്ടാണു് അലോഷ്യസ് ഗോൺസാഗ തൻെറ സമ്പത്തു മുഴവൻ ത്യജിച്ചിട്ടു് ''ഞാൻ സ്വർഗ്ഗം സ്വന്തമാക്കിയിരിക്കുന്നു'' എന്നു പറഞ്ഞു പുറപ്പെട്ടതു്.

വീണ്ടും നമ്മുടെ കർത്താവു് ഐഹികബഹുമാനത്തിൻെറ വഴിയിലൊന്നും നടന്നിട്ടില്ല, ബഹുമാനം വേണമെന്നു മനുഷ്യർ താല്പര്യപ്പെടുന്നു. ചെറുപ്പക്കാർക്കു് ഈ താല്പര്യം അധികമുണ്ടാകാം. പരിഗണനവേണം, മാന്യത ലഭിക്കണം, എല്ലാവരുടെയും മുൻപിൽ മിടുക്കനായിരിക്കണം. അങ്ങനെ ഒരു താല്പര്യം മനുഷ്യരിൽ വളരുന്നു. എന്നാൽ, ആ താല്പര്യം മനുഷ്യനെ വഴിതെററിക്കാതിരിക്കാൻവേണ്ടി നമ്മുടെ കർത്താവു നമുക്കു മാതൃക കാണിച്ചുതന്നു. ഇങ്ങനെ പറയുന്നു: ''ഞാൻ ഒരു പാവപ്പെട്ട മരപ്പണിക്കാരൻെറ മകനായിട്ടു ജനിച്ചു, എൻെറ അമ്മ വീട്ടുജോലി ചെയ്തുപോന്ന മറിയം, ഞാൻ വളന്നതു് ഒരു തൊഴിലാളിയായിട്ടു്. പിന്നീടു ഞാൻ സ്വീകരിച്ചതു് അപമാനവും നിന്ദനവും. ഞാൻ ഭ്രാന്തനും ഭോഷനുമായി; ബറാബാസിനെക്കാൾ അധമനായി; പരിഹാസരാജാവായി; രണ്ടു കള്ളന്മാരിലും വലിയ കള്ളനും കുരിശിൽ മരിക്കേണ്ട കുററവാളിയുമായി, ഇതാണു് എൻെറ ഐഹികജീവിതത്തിൻെറ സ്ഥിതി. ഇതിൻെറ മുമ്പിൽ ലോകത്തിൻെറ ബഹുമാനങ്ങളൊന്നും പരിഗണനാർഹമല്ല. സ്വർഗ്ഗത്തിൻെറ മഹത്ത്വം മാത്രം വിലമതിക്കുക. അതു നിങ്ങൾക്കു ഞാൻ തരാം. എന്നെ അനുഗമിക്കുക. എന്നാൽ, പിതാവിൻെറ മുമ്പിൽ നിങ്ങളെ ഞാൻ ഏററു പറയും. അവിടെ നിങ്ങൾ എന്നോടുകൂടി സിംഹാസനങ്ങളിലിരിക്കും.'' ദിവ്യരക്ഷകൻെറ ഈ മാതൃക മുമ്പിൽവച്ചുകൊണ്ടു പ്രവർത്തിക്കാനുള്ള പ്രത്യേകവിളി നമുക്കു കിട്ടിയിട്ടുണ്ടല്ലോ. നമുക്കു് അവിടുത്തെ എളിമയുടെ വഴിയിലൂടെ ജീവിക്കാം. അഹങ്കാരത്തിൻെറ വ്യാമോഹങ്ങളിൽ പെട്ടു നമ്മുടെ നിത്യഭാഗ്യം അപകടത്തിലാക്കാതിരിക്കാം. സ്വർഗ്ഗത്തിലെ നിത്യമഹത്വത്തെപ്പററിയുള്ള ചിന്ത നമുക്കു സജീവമായി പാലിക്കയും ചെയ്യാം.

വേറൊരു ഐഹികവ്യാമോഹവും കൂടിയുണ്ടു്, അതായതു് സുഖേച്ഛ. ശരീരത്തോടുകൂടി ലോകത്തിൽ ജീവിക്കുന്ന മനുഷ്യൻ ഐഹികസുഖം അനുഭവിക്കുവാൻ ആഗ്രഹിക്കുന്നു.

ഭക്ഷണത്തിൻെറ സുഖം, വിശ്രമത്തിൻെറ സുഖം, പഞ്ചേന്ദ്രി യങ്ങളുടെ സുഖം – ഇങ്ങനെ പോകുന്നു ഓരോ താല്പര്യവും. എന്നാൽ, നമ്മെ വഴി തെററിക്കാതിരിക്കുവാൻ നമ്മുടെ കർ ത്താവു തൻെറ ക്ലേശത്തിൻേറയും ത്യാഗത്തിൻേറയും ജീവിതം നമ്മുടെ മുൻപിൽ അവതരിപ്പിച്ചിരിക്കുന്നു. അർദ്ധരാത്രി യിൽ പുൽക്കൂട്ടിലെ ശൈത്യമേററു നിലവിളിക്കുന്ന ദിവ്യ ശിശുവിനെ നാം കാണുന്നു. അവിടുന്നു തൻെറ നെററിയിലെ വിയർപ്പുകൊണ്ടു് അപ്പം ഭക്ഷിക്കുന്ന ഒരു തൊഴിലാളിയായി ജീവിച്ചു. ഗത്സേമ്മനിയിലെ മരണകരമായ വ്യഥയും ച മ്മട്ടി അടിയുടെ കാഠിന്യവും മുൾമുടിയുടെ പീഡയും കുരി ശിലെ മരണയാതനയും അവിടുന്നു കൈവരിച്ചു. ഒടുവിൽ, തൻെറ രക്തത്തിൻെറ അന്തിമബിന്ദുകൂടി ചിന്തി ആ ശോകം പുരുഷൻ കുരിശിൽ ജീവാർപ്പണം ചെയ്തു. ഈ മാതൃക പരി പൂർണ്ണമല്ലയോ? ഇതാണു നാം പോകേണ്ട വഴി. "സ്വയം ത്യജിച്ചു സ്വന്തം കുരിശും വഹിച്ചുകൊണ്ടു് എൻെറ പിന്നാലെ വരുവിൻ" ഇതാ അവിടുന്നു നമ്മെ വിളിക്കുന്നു. നിത്യ മായ സ്വർഗ്ഗഭാഗ്യത്തിലേക്കുള്ള വിളിയാണിതു്.

സഹോദരരേ, ഐഹികവ്യാമോഹങ്ങളിൽ നാം കുടുങ്ങ രുതു്. സമ്പത്തിൻേറയൊ ബഹുമാനത്തിൻേറയൊ സുഖ ത്തിൻേറയൊ താല്പര്യങ്ങൾക്കു വഴങ്ങി വഴിതെററാതിരിക്കു വാൻ വളരെ പൂർണ്ണമായ മാതൃക നമുക്കവിടുന്നു തന്നിരിക്കുന്നു. നിത്യരക്ഷ പ്രാപിക്കാനുള്ള ഭദ്രമായ മാർഗ്ഗം തുറന്നുവച്ചിരി ക്കുന്നു. ആകയാൽ, ലക്ഷ്യം വിടാതെ സഞ്ചരിക്കുക. ഒരു കാര്യം മാത്രമേ ആവശ്യമുള്ളു—നമ്മുടെ ആത്മാവിൻെറ രക്ഷ: സ്വർഗ്ഗപ്രാപ്തി. അവിടെ സനാതനമായ സമ്പത്തും ബഹു മാനവും സുഖവും നമുക്കു പരിപൂർണ്ണമായി കൈവരുന്നതാ ണു്. അല്ല, ഇനിയും നമുക്കു ലൗകികമായ താത്പര്യങ്ങളു ണ്ടോ? ഉണ്ടെങ്കിൽ കേൾക്കുക. "ലോകം മുഴുവൻ നേടിയാ ലും നിൻെറ ആത്മാവു നശിച്ചാൽ എന്തു പ്രയോജനം?" ഒരു മനുഷ്യൻ തൻെറ ആത്മാവിനുപകരം എന്തു കൊടുക്കും?" ഇതു് അനന്തവിജ്ഞാനമായ ദൈവത്തിൻെറ വാക്കുകളാണു്. ദൈവരക്ഷകൻെറ ഐഹികജീവിതത്തിൻെറ വ്യാഖ്യാനവു മത്രേ ഈ ലോകം മുഴുവൻ നീ സമ്പാദിച്ചാലും ശരി, ഈ

ലോകത്തിലെ ബഹുമാനവും സുഖവും സമ്പത്തും എല്ലാം നീ അനുഭവിച്ചാലും ശരി, നീ ഇതെല്ലാം വിട്ടിട്ട് ഒരുദിവസം ഇവിടെനിന്നു് ഇറങ്ങിപോകേണ്ടിവരും; അപ്പോഠം നിനക്കു സ്വർഗ്ഗപ്രവേശം ലഭിക്കുന്നില്ലെങ്കിൽ സകലതും നിഷ്ഫലമായിത്തീരുകയും ചെയ്യും.

ആകയാൽ പരിശോധിക്കുക: എന്നെ നയിക്കുന്ന ചൈതന്യമേതാണു്? ഞാനേതുവഴിയേ പോകുന്നു? എൻെറ പാവപ്പെട്ട ആത്മാവിൻെറ താല്പര്യങ്ങഠംക്കെതിരായി എന്തെങ്കിലും ചെയ്തുപോകുന്നുണ്ടോ? വളരെ ഗൗരവമായി മുൻപു ഞാൻ പറഞ്ഞതുപോലെ ദൈവികകാര്യങ്ങഠം ലൗകികതാല്പര്യങ്ങഠംക്കായി ഉപയോഗപ്പെടുത്തുന്നുണ്ടോ? മലയാളത്തിലുള്ള ഒരു മാസികയിൽ ഒരു നല്ല കത്തോലിക്കാ യുവാവു് എഴുതിയ ഒരു ലേഖനത്തിൽ ഇങ്ങനെ ചോദിക്കുന്നു: നമ്മുടെ പള്ളികളിൽ വളരെയധികം തിരുനാളുകഠം ആചരിക്കുന്നുണ്ടല്ലോ. അവയിൽ ഏതു തിരുനാളിനാണു് ഏററമധികം ആളുകഠം കൂടുന്നതും അധികം നേർച്ചവരവുണ്ടാകുന്നതും? പരിശുദ്ധ ത്രിത്വത്തിൻെറ തിരുനാളിനാണോ? അല്ല. വിശുദ്ധ കുർബാനയുടെ തിരുനാളിനാണോ? അതുമല്ല. പെന്തക്കുസ്താതിരുനാളിനാണോ? അല്ലതന്നെ. ഇവയെല്ലാം അധികമാരും ശ്രദ്ധിക്കാതെ കടന്നുപോകുകയാണു്. പിന്നെ ഏതു തിരുനാളിനാണു പ്രധാന്യം? വി. ഗീവർഗീസിൻെറയും വി. സെബസ്ത്യാനോസിൻെറയും തിരുനാളുകഠംക്കാണു്. ആയിരക്കണക്കിനു ആളുകഠം കൂടുന്നു; പതിനായിരക്കണക്കിനു നേർച്ചകാഴ്ചകളുണ്ടാകുന്നു. എന്തുകൊണ്ടു്? വെറും ലൗകികതാല്പര്യംമൂലം; പാമ്പിനേയും പകർച്ചവ്യാധിയേയും പേടിച്ചുമാത്രം. സെബസ്ത്യാനോസിനു നേർച്ചകൊടുത്തില്ലെങ്കിൽ മസൂരി വരും! ഗീവർഗീസിനു കോഴി കൊടുത്തില്ലെങ്കിൽ വീട്ടിൽ പാമ്പുകയറും!! നമ്മഠം ചിരിച്ചു തള്ളിക്കളയേണ്ട കാര്യമല്ലിതു്. നമ്മുടെ ജീവിതത്തിലേക്കു് വെളിച്ചം വീശുന്ന ഒരു സത്യമാണിതു്. ദൈവികകാര്യങ്ങഠം ലൗകികകാര്യങ്ങഠംക്കായി ഉപയോഗപ്പെടുത്തുന്നതിനൊരു തെളിവാണിതു്. ലോകായതികത്വം കത്തോലിക്കാ ജീവിതത്തിൽ വളരുന്നു. നമ്മളും കത്തോലിക്കരാണു്, നമ്മുടെ ജീവിതത്തിലും ഈ വഴിപിഴവുകളില്ലേ എന്നു ചോ

ദിക്കുക. നോക്കിയെഴുതിയും പകർത്തിയെഴുതിയും ജയിക്കുവാൻ പോയാൽഅതു ലൗകായകത്വമാണോ, ദിവ്യത്വമാണോ? ഞാൻ വെറുതെയൊരുദാഹരണം പറഞ്ഞതാണ്. അതു ദൈവികതാല്പര്യമാണോ, ലൗകികതാല്പര്യമാണോ? അതു പുണ്യംസമ്പാദിക്കുകയാണോ പാപം ചെയ്യുകയാണോ? എന്താണതിന്റെ അർത്ഥം? സെമിനാരിയിൽ നമുക്ക് എല്ലാം ഭംഗിയായി പ്രവർത്തിക്കുവാൻ കഴിയണം. അതേസമയം എന്റെ സഹോദരനു കൂടുതൽ മാർക്കുകിട്ടുന്നതുകൊണ്ടും എന്റെ സഹോദരൻ പ്രസംഗിക്കുവാൻ കൂടുതൽ പാടവം കാണിക്കുന്നതുകൊണ്ടും ഞാൻ അസൂയപ്പെടുകയും അവനെ ദ്വേഷിക്കുകയും ചെയ്താൽ അതു് ആദ്ധ്യാത്മികത്വമാണോ, അതോ, ലോകായതികത്വമാണോ? ആദ്ധ്യാത്മീകത്വത്തിന്റെ മദ്ധ്യത്തിൽ ഈ ലൗകികചിന്താഗതികൾ വളരുന്നെങ്കിൽത്തന്നെ അതിനു് എന്താണു് അർത്ഥം കല്പിക്കേണ്ടതു്? നാമിതിനൊക്കെ മറുപടി പറയേണ്ടവരാണു്. കാരണം, നമ്മൾ ദൈവത്തിന്റെ സന്നിധിയിൽ വ്യാപരിക്കുന്നു; മരണമില്ലാത്ത ആത്മാവിന്റെ ദിവ്യമൂല്യങ്ങളെപ്പററി പഠിച്ചു പാരത്രികജീവിതത്തിനു് ഒരുങ്ങുകയാണു്. ഇതെല്ലാം പരലോകത്തിലെ വിജയത്തിനായാണോ? അതോ ഈ ലോകത്തിനുവേണ്ടിയുള്ള ഒരു പരക്കംപാച്ചിൽ മാത്രമോ? ആ വൈദികവിദ്യാർത്ഥി തന്റെ ആദ്ധ്യാത്മികപിതാവിനോടിടപെടുമ്പോൾ, പരമാർത്ഥമായിട്ടു് തന്റെ കാര്യങ്ങൾ പറഞ്ഞു് ആദ്ധ്യാത്മിക പുരോഗതി പ്രാപിക്കുവാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ, അയാൾ ലോകത്തിനുവേണ്ടി ജീവിക്കുന്നോ? സ്വർഗ്ഗത്തിനുവേണ്ടി പ്രവർത്തിക്കുന്നോ? പറയൂ, കർത്താവിനോടു മറുപടി പറയുക. ഞാനതിനൊരു മാതൃക മാത്രമേ കാണുന്നുള്ളൂ, അതാണു യൂദാസ്. യൂദാസിനു പററിയ പരാജയമെന്താണെന്നറിയാമോ? ദിവ്യമായ കാര്യങ്ങളെ ലൗകികമായി പ്രയോഗിച്ചു. ഇതാണു യൂദാസിനുപററിയ അടിസ്ഥാനപരമായ തെററു്. അപ്പസ്തോലസംഘത്തിൽ ഒരു പ്രമുഖവ്യക്തിക്കുവന്ന പരാജയമാണിതു്. ദിവ്യമായ കാര്യങ്ങൾ ലൗകികമായ താല്പര്യങ്ങൾക്കുവേണ്ടി വിനിയോഗിച്ചു. കർത്താവു യൂദാസിനെ വിളിച്ചു് തെരഞ്ഞെടുത്തു് ഒരുദ്യോഗവും നൽകി. എന്നാൽ ദിവ്യനാഥൻ ഒരിക്കൽ പറഞ്ഞു: നിങ്ങളിൽ ഒരുവൻ പിശാചാണു്''. അന്നതു് അവരാരും ശ്രദ്ധി

ച്ചില്ലായിരിക്കാം. പക്ഷേ, പിന്നീട യോഹന്നാൻ എഴുതുകയാണു്: "അവനിൽ പിശാചു പ്രവേശിച്ചു". ഏതാണു് പിശാചു് പ്രവേശിച്ച വഴി? ലൗകികതാല്പര്യം; കറച്ചു ദ്രവ്യാശ. യൂദാസും ദിവ്യരക്ഷകനോടുകൂടി ജീവിച്ചു. അവിടുത്തെ പാദങ്ങളിലിരുന്നു നിത്യസത്യങ്ങരം പഠിച്ചു. "നിങ്ങരംക്കു സ്വർഗ്ഗത്തിൽ പ്രതിഫലമുണ്ടായിരിക്കു" മെന്നും "എന്റെ പിതാവിന്റെ ഭവനത്തിൽ അനവധി വാസസ്ഥലങ്ങളു" ണ്ടെന്നും "കള്ളൻ കവരുകയോ ചിതൽ അരിച്ചു കളയുകയോ ചെയ്യാത്ത സ്വർഗ്ഗീയ ഭാണ്ഡാഗാരത്തിൽ നിക്ഷേപങ്ങരം ശേഖരിക്കണെ" മെന്നും അവിടുന്നു വ്യക്തമായി പറഞ്ഞതെല്ലാം അയാളും ശ്രവിച്ചു: അവിടുന്നു പ്രവർത്തിച്ച ശതക്കണക്കിനു് അത്ഭുതങ്ങരംക്കു് അയാരം ദൃക്‌സാക്ഷിയുമായി. പക്ഷേ, യൂദാസിനെ നയിച്ചതു് ലൗകികതാല്പര്യങ്ങരം മാത്രമായിരുന്നു. "പണസഞ്ചി അവന്റെ കൈയിലായിരുന്നു: അതിലുണ്ടായിരുന്നതെല്ലാം അവൻ അപഹരിച്ചിരുന്നു". ആ ദ്രവ്യാശ വളർന്നു് അങ്ങേയററമായി. ഒടുവിൽ നമ്മുടെ കർത്താവിനെ വിററു് കാശാക്കുവാൻകൂടി യൂദാസ് തയ്യാറായി. ഏററം നിർഭാഗ്യകരം! എല്ലാ ദാനങ്ങളുടെയും ദാതാവായ ഈശോ സ്വർഗ്ഗത്തിൽ അനർഘസമ്മാനം നല്കാമെന്നു പറഞ്ഞിട്ടു്, അതിനു വില കല്പിക്കുവാൻ കഴിയാതെ അയാരം മുപ്പതു കാശിനുവേണ്ടി അവിടുത്തെ വില്ക്കുകതന്നെ ചെയ്തു.

ഇങ്ങനെയാണു് ആദ്ധ്യാത്മികത്വം വഴിമാറുന്നതു്, ലൗകികതാൽപര്യത്തിനുവേണ്ടി ഇങ്ങനെയാണു മനുഷ്യൻ വിഡ്ഢിത്തം കാണിക്കുന്നതു്. വിശുദ്ധ സുവിശേഷത്തിൽ നാം വായിക്കുന്നുണ്ടല്ലോ അമൂല്യമായ ഒരു രത്നമാണു സ്വർഗ്ഗരാജ്യമെന്നു്. അതു് എന്തു വിലകൊടുത്തും സ്വന്തമാക്കേണ്ടതാണെന്നു കർത്താവു പറഞ്ഞു. പക്ഷേ, യൂദാസ് എന്താണു് ചെയ്തതെന്നു നോക്കു. യൂദാസ് സ്വന്തം ഗുരുനാഥനെ ചുംബിച്ചു് ഒററിക്കൊടുത്തു ശത്രുക്കരംക്കു്. സഹോദരരേ, ഇങ്ങനെ ആർക്കും വഴിതെററാം. ആകയാൽ ഞാനെങ്ങനെ മുന്നോട്ടു പോകുന്നു എന്നു പരിശോധിക്കണം. അല്ലെങ്കിൽ നമ്മുടെ ചിന്താഗതി മാറിപ്പോകും, അതു നമ്മരം അറിയുകയുമില്ല. വലിയ കെട്ടിടങ്ങരം പണിയുന്നതു നാം കണ്ടിട്ടുണ്ടു്. ഓരോ കല്ലും വച്ചു പണിയുമ്പോരം ബുദ്ധിമാനായ ശില്പി തൂക്കിട്ടു നോക്കിക്കൊ

ണ്ടിരിക്കും. കെട്ടിടം നേരെയാണോ ഉയരുന്നതെന്ന്. അ ല്ലെങ്കിൽ കുറെ ഉയർന്നു കഴിയുമ്പോൾ ചുമരെല്ലാം കൂടി ഇടിഞ്ഞു വീണു് ഉടഞ്ഞുപോകും. യൂദാസിൻെറ ജീവിതസൗ ധവും ഇങ്ങനെയാണു് അധഃപതിച്ചതു്. അയാൾ ദൈവ ത്തിൽനിന്നും അല്പാല്പമായി അകന്നുപോയി. ഒടുവിൽ തമ്പു രാനെ വലിച്ചെറിയുന്ന ദൗർഭാഗ്യത്തിലെത്തിച്ചേർന്നു. "അവൻ ജനിക്കാതിരുന്നവെങ്കിൽ നന്നായിരുന്നു" എന്നു കർത്താവു അയാളെപ്പററി ആകുലതയോടുകൂടി പറയേണ്ടിവന്നു "അവൻ ജനിക്കാതിരുന്നെങ്കിൽ നന്നായിരുന്നു" ഇതു സുവിശേഷ ത്തിലെ ഏററം കടുത്ത വാക്യമാണെന്നു തോന്നുന്നു. നമ്മെ പ്പററിയും ദിവ്യനാഥൻ ഇങ്ങനെ പറയാൻ ഇടയാകാതിരി ക്കട്ടെ. ഈ ജീവിതഗതി സ്വീകരിക്കാതിരുന്നെങ്കിൽ നന്നാ യിരുന്നു; ഇതുകൊണ്ടൊന്നും കാര്യമായില്ല. യൂദാസും പ്രവർ ത്തനതല്പരനായിരുന്നു. കാര്യനിർവ്വഹണപാടവമുള്ളവനായി രുന്നു. അപ്പസ്തോലസംഘത്തിൽ ഒരുദ്യോഗം വഹിച്ച ഒന്നാ മത്തെ വ്യക്തിയായിരുന്നു. എന്നാൽ അതുകൊണ്ടു് എന്തു പ്രയോജനമുണ്ടായി? എല്ലാം വിനാശകരമായി പരിണമി ക്കയല്ലേ ചെയ്തതു്. സഹോദരരേ, ഈ വ്യാമോഹം നമുക്കു ണ്ടാകാതിരിക്കട്ടെ. നമ്മൾ ലോകത്തിലാണെന്ന കാര്യം മറ ക്കരുതു്. ലൗകികകാര്യങ്ങളിൽ ഏർപ്പെടുന്നവരാണെന്ന കാ ര്യവും വിസ്മരിക്കരുതു്.

ക്രൂശിതനെ അനുഗമിക്കുന്നവരായ നമ്മൾ എങ്ങനെ പ്രവ ർത്തിക്കണമെന്നു കാൽവരിക്കുന്നിലെ അനുഭവം വ്യക്തമാക്കു ന്നുണ്ടു്. ക്രിസ്തുവിനെ സമീപിക്കുന്ന ഒരുക്കൂട്ടരുടെ തെററായ മനോഭാവം അവിടെ വ്യക്തമായി കാണാം. കാൽവരിയുടെ മുകളിൽ ഈശോയുടെ കുരിശിൻെറ രണ്ടുവശത്തുമായി ഓരോ കുററവാളികൾ കുരിശിൽ തൂങ്ങുന്നു. അവരിൽ ഒരുവൻ പുണ്യ വാനായി. വി. ദീസ്മാസിൻെറ തിരുനാൾ നമ്മൾ പ്രതി വർഷം ആഘോഷിക്കുന്നുണ്ടു്. മററവൻ പരിത്യക്തനായി. എന്തുകൊണ്ടു്? ലോകത്തിൻെറ രക്ഷയ്ക്കുവേണ്ടി ദൈവപുത്രൻ കുരിശിൽ തൂങ്ങി മരിക്കുമ്പോൾ അവിടുത്തെ ഇരുഭാഗത്തുമായി കുരിശിൽ തൂങ്ങുവാൻ കഴിയുക എത്രയോ ഭാഗ്യമാണു്! ക്രൂശി തനോടുകൂടെ കുരിശിൽ തൂങ്ങി ക്ലേശം സഹിക്കുവാനും മരി

ക്കവാനും സാധിക്കുക എത്രയോ വലിയ അനുഗ്രഹമാണ്! എന്നാൽ ഒരുത്തന് അതു് ഭാഗ്യമായിത്തീർന്നു. അപരന് ദൗർഭാഗ്യമായും. വീക്ഷണഗതിയുടെ വ്യത്യാസമാണ് അതിനു കാരണം. ഇടതുവശത്തെ കള്ളൻ കർത്താവിനോടു പ്രാർത്ഥി ക്കാതിരുന്നില്ല. "നീ ദൈവപുത്രനാണെങ്കിൽ" —കണ്ടോ ഉയരുന്ന ആദ്ധ്യാത്മികചിന്ത! — "നീ ദൈവപുത്രനാണെ ങ്കിൽ നിന്നെത്തന്നെ രക്ഷിക്കുക: ഞങ്ങളെയും രക്ഷിക്കുക." കുരിശിൽ മരിക്കുന്ന കർത്താവിനോടു" അവൻ ചോദിച്ചതെ ന്താണെന്നു നോക്കുക, വെറും ലൗകികകാര്യം! ആണികളം പറിച്ച് അവനെ കുരിശിൽനിന്ന് ഇറക്കിക്കൊടുക്കണം. എ ന്തിന്? ഇനിയും പഴയകളവും കലഹവും തുടരാനായിരിക്കാം. അവൻ ഐഹികവ്യാമോഹങ്ങളാൽ ഇനിയും ഭരിക്കപ്പെടുന്നു. അവനീക്കുരിശിലെ ക്ലേശം മാററിക്കിട്ടണം; മരണത്തിൽ നിന്നു രക്ഷപെടണം. കഷ്ടം! അവൻ സ്വർഗ്ഗത്തിന്റെ വാ തിക്കൽവരെ എത്തിയിരിക്കുന്നു. എന്നാൽ അവനീലോക ത്തിലേക്കുതന്നെ ഇറങ്ങണം. മനുഷ്യനായി അവതരിച്ച് കുരിശിൽ മരിക്കാൻ പോകുന്ന ദൈവപുത്രൻ ആ കള്ളനുവേ ണ്ടി ചെയ്യുവാൻ ആവശ്യപ്പെടുന്നതു വെറും ക്ഷണികവും ലൗകികവുമായ ഒരു കാര്യം മാത്രം! ഇതു തന്നെയാണു ദൈവ പുത്രനെ അനുഗമിക്കുന്ന പലരുടേയും ചിന്താഗതി. അവർക്കു ഈ ലോകത്തിൽ ക്ലേശവും അപമാനവും വന്നുകൂടാതിരിക്കണം. അതിനുവേണ്ടിയുള്ള പ്രാർത്ഥനയും ഭക്തിയുംമാത്രം. അവർ നിത്യഭാഗ്യത്തെ മുൻനിറുത്തി ജീവിക്കുന്നില്ല, എന്നാൽ മറേറ കള്ളനെ നോക്കുക. അവനും അതേ അനുഭവങ്ങളിൽപ്പെട്ടു വേദനിക്കുന്നുണ്ട്. അവനും മരിക്കാൻ പോകുകയാണ്. പക്ഷേ, അവൻ തന്റെ കൂട്ടുകാരന്റെ ചിന്താഗതിയെ തിരു ത്തുന്നു: "ഈശോ യാതൊരു തെററും ചെയ്തിട്ടില്ല. തെററു ചെയ്തതു നമ്മളാണ്" ദീസ്മാസ് തികഞ്ഞ കുററബോധത്തോടെ മനസ്തപിക്കുന്നു. അനന്തരം അവൻ ദിവ്യരക്ഷകന്റെ നേരെ തിരിഞ്ഞ് അപേക്ഷിക്കുന്നു: "അങ്ങേ രാജ്യത്തിൽ എന്നെ ക്കൂടി ഓർക്കണമേ." അവനു കുരിശിൽനിന്നിറങ്ങേണ്ടാ; കുരി ശുമരണത്തിൽനിന്നു രക്ഷപ്പെടുകയും വേണ്ടാ. പ്രത്യുത ഒരു കാര്യം മാത്രമേ അവന് ആവശ്യമുള്ളു. ദൈവരാജ്യം സമ്പാ ദിക്കുക: നിത്യരക്ഷ പ്രാപിക്കുക. "അങ്ങയുടെ രാജ്യത്തിൽ

എന്നെക്കൂടി ഓർക്കണമേ'' ഇതാണു് എല്ലാ മനുഷ്യർക്കും ആവശ്യമായ കാര്യം. ഇതാണ കുരിശിൽ മരിച്ച കർത്താവു നമുക്ക നൽകുവാൻ സൂക്ഷിച്ചിട്ടുള്ള സമ്മാനവും. ക്രൂശിതനോട നമ്മളെല്ലാം ചോദിക്കേണ്ട അനുഗ്രഹവും ഇതുതന്നെയത്രേ. നിങ്ങൾ എന്തു വിചാരിക്കുന്നു? സ്വർഗ്ഗഭാഗ്യമാകുന്ന അനന്ത മായ അനുഗ്രഹം നമുക്ക വച്ചുനീട്ടുമ്പോൾ അതുപേക്ഷിച്ചിട്ട ലോകത്തിൻെറ മണ്ണാംകട്ടയ്ക്കുവേണ്ടി കൈനീട്ടുന്നതു മൗഢ്യ മല്ലേ? സ്വർഗ്ഗകവാടം തുറക്കുകയും മാലാഖമാർ മഹത്ത്വ ത്തിൻെറ കിരീടവുമായി നില്ക്കുകയും ചെയ്യുമ്പോൾ അതു തള്ളി ക്കളഞ്ഞിട്ട ലോകത്തിൻെറ ക്ഷണികബഹുമാനത്തിനുവേണ്ടി തിരിഞ്ഞുനടക്കുന്നതു് എത്രയോ കഷ്ടം. ദീസ്മാസ് സ്വർഗ്ഗം കരഗതമാക്കി. കാരണം നമ്മുടെ കർത്താവു് അവനോടു് അരു ളിച്ചെയ്തു: ഞാൻ സത്യമായും നിന്നോടുപറയുന്നു, നീ ഇന്നു് എന്നോടുകൂടെ പറുദീസയിലായിരിക്കും'' കർത്താവേ, ഇതു തന്നെ ഞങ്ങളോടും പറയണമേ; ഇതുമാത്രം ഞങ്ങൾക്ക മതി. സഹോദരരേ, നമ്മൾ വി. ബലിയിൽ സംബന്ധിക്കുന്നുണ്ട ല്ലോ കുരിശിലെ ബലിയിൽനിന്നു് എന്തനുഗ്രഹമാണു് അ പേക്ഷിക്കുന്നതു്? കാൽവരിയുടെ മുകളിൽ കുരിശിൻെറ കീ ഴിൽ നില്ക്കുമ്പോൾ എന്താണ ദിവ്യരക്ഷകനോട ചോദിക്കു ന്നതു്? വല്ല ലൗകികകാര്യമായിരിക്കുമോ? നിശ്ചയമായും അതല്ല വി. ബലിയിൽനിന്നു ലഭിക്കേണ്ട സർവ്വപ്രധാന മായ നന്മ. ''ദിവ്യനാഥാ, എൻെറ രക്ഷയ്ക്കുവേണ്ടിയാണല്ലോ അങ്ങു് കുരിശിൽ മരിച്ചതു്. കർത്താവേ, എന്നെ അങ്ങേ സ്വർഗ്ഗത്തിലേക്കു് വിളിക്കണമേ''. ഇതാണു് നമുക്ക പറയാ നുള്ള ഏററം വലിയ കാര്യം. ''ആദ്യമായി ദൈവരാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. ബാക്കിയുള്ളതെല്ലാം കൂടി നിങ്ങൾക്ക നല്കപ്പെടും'' എന്നാണല്ലോ ദിവ്യരക്ഷകൻ അരുളിച്ചെയ്തിട്ടുള്ളതു്. വി, കുർബാന സ്വീകരണശേഷവും എന്താണപേക്ഷിക്കുന്നതു്? അങ്ങു് എന്നും എൻെറ ഹൃദയ ത്തിൽ എഴുന്നള്ളി വരുന്നുണ്ടല്ലോ. എന്നാണു് അങ്ങു് എന്നെ കൂടി സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുക'' എന്നു കർത്താവി നോട ചോദിക്കുന്നുണ്ടോ?

നാം പരി. അമ്മയുടെ മുമ്പിൽ ജപമാല സമർപ്പിക്കു മ്പോൾ എന്തനുഗ്രഹമാണ പ്രത്യേകം പ്രാർത്ഥിക്കുക? ഒരു നല്ല

മരണവും നിത്യഭാഗ്യവുമല്ലയോ ദൈവമാതാവുവഴി ലഭിക്കേണ്ടതു്. ചുരുക്കത്തിൽ നമ്മുടെ എല്ലാ വ്യാപാരങ്ങളുടേയും—ആദ്ധ്യാത്മികവും ലൗകികവുമായ സകല പ്രവൃത്തികളുടേയും—സർവ്വപ്രധാനമായ ഉദ്ദേശ്യം നമ്മുടെനിത്യരക്ഷയായിരിക്കണം. ഇല്ലെങ്കിൽ കരിശിന്റെ ഇടതുവശത്തു തൂങ്ങിയ കള്ളനും നമ്മളും തമ്മിൽ എന്തുവ്യത്യാസം? നമ്മുടെ അന്ത്യവും എന്തായിരിക്കും? ദിനംപ്രതി വി. ബലിയിൽ സംബന്ധിക്കയും വി. കർബാന സ്വീകരിക്കുകയും ഇത്രയേറെ അനുഗ്രഹങ്ങൾ പ്രാപിക്കയും ചെയ്യുന്ന നമ്മൾ എവിടെ അവസാനിക്കും? "അവൻ ജനിക്കാതിരുന്നെങ്കിൽ നന്നായിരുന്നു" എന്ന ശാപ വാക്കുകൾ കേൾക്കേണ്ടിവരുമോ? ആകയാൽ ഒരുകാര്യം മാത്രമേ നമുക്കു ആഗ്രഹിക്കാനുള്ളു: നിത്യരക്ഷ

സഹോദരരേ, പുണ്യവതികളും പുണ്യവാന്മാരും നമ്മെ എന്നും ഓർമ്മപ്പെടുത്തുന്നതും ഇതുതന്നെയാണു്. കത്തോലിക്കാ തിരുസ്സഭ ദിവസവും പുണ്യാത്മാക്കളുടെ ജീവിതവിജയങ്ങൾ നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്നുണ്ടല്ലോ. ഈ വിശുദ്ധാത്മക്കൾ ഈ ലോകത്തിൽ വസിച്ചിരുന്നപ്പോൾ നമ്മളാരും അവരെ കണ്ടിട്ടില്ല. എന്നാൽ ഇപ്പോൾ അവരെല്ലാം നമുക്കു സുപരിചിതരാണു്. മാത്രമല്ല അവരോടു നമ്മൾ അടുത്ത ബന്ധം പാലിക്കുകയും ചെയ്യുന്നു. കാരണം അവർ ഇന്നും ജീവിച്ചിരിക്കുന്നു പരലോകത്തിൽ. അവരുടെ കൂട്ടത്തിൽ നമ്മളും ചെന്നുചേരേണ്ടതാണു്. ഇതിനുവേണ്ടതെല്ലാം നമ്മൾ ചെയ്തുകഴിഞ്ഞോ? "ഭയത്തോടും പരിഭ്രമത്തോടുംകൂടി നിന്റെ രക്ഷയ്ക്കുവേണ്ടി അദ്ധ്വാനിക്കണം" എന്നല്ലേ ദിവ്യരക്ഷകൻ ഉദ്ബോധിപ്പിച്ചിട്ടുള്ളതു്. വെറുതെ കൈയ്യും കെട്ടിയിരുന്നാൽ പോരാ. നമ്മൾ അദ്ധ്വാനിക്കണം; നല്ല പണിയെടുക്കണം. എന്നാലും ഭയപ്പെടുകയും പരിഭ്രമിക്കുകയും വേണം. കാരണം പരാജയം സംഭവിക്കാൻ എളുപ്പമുണ്ടു്. "ഞാൻ ഒരു നല്ല യുദ്ധം നടത്തി" യെന്നാണു് അപ്പസ്തോലൻ പറഞ്ഞിട്ടുള്ളതു്. പുണ്യവാനായ ജോൺ മരിയ വിയാനിയുടെ പുണ്യസമ്പത്തു് എത്രയോ അത്ഭുതാവഹമായിരുന്നു. എന്നാൽ ജനങ്ങൾ ഒരു ദിവസം പള്ളിയിൽ വന്നപ്പോൾ വികാരിയച്ചനെ കാണാനില്ല. അവർക്കറിയാം അവരുടെ അച്ചന്റെ സ്വഭാവം. ഇതിനുമുൻപും ഇതുപോലെ അദ്ദേഹം ഇടവകജോലി ഉപേ

ക്ഷിച്ചു് ഓടിപ്പോയിട്ടുണ്ടു്. അവരുടനെ പുറകെ പുറപ്പെട്ടു അദ്ദേഹത്തെ വഴിമദ്ധ്യേവച്ചു കണ്ടുമുട്ടി, വഴിയിൽ വട്ടംവീണു് അവർ ആവലാതിപ്പെട്ടു: ''പിതാവേ, അങ്ങെവിടെപ്പോകുന്നു? ഞങ്ങൾക്കുവേണ്ടി ആരു ബലി അർപ്പിക്കും. ഞങ്ങൾക്കാരാണു പാപമോചനം നല്കുക. ഞങ്ങളെ ദിവ്യസത്യങ്ങൾ ആരു പഠിപ്പിക്കും? അതുകൊണ്ടു് പോകാൻ പാടില്ല.'' പുണ്യവാൻ കണ്ണീർചിന്തിക്കൊണ്ടു് പറയുന്നതു കേൾക്കുക: എന്റെമക്കളേ, ഞാൻ ഇത്രയുംകാലം നിങ്ങൾക്കുവേണ്ടി അദ്ധ്വാനിച്ചു. ഞാനിനി വല്ലയിടത്തും പോയിരുന്നു് എന്റെ പാപത്തെപ്പററി കരയുകയും പ്രായശ്ചിത്തം ചെയ്കയും ചെയ്തു് എന്റെ പാവപ്പെട്ട ആത്മാവിനെ രക്ഷിക്കട്ടെ'' വി. ജോൺ വിയാനിക്കു് തന്റെ പാപത്തെക്കുറിച്ചു് കരയണംപോലും! ഒരാഴ്ചയിൽ ആകെ മൂന്നു ഉരുളൻകിഴങ്ങു ചുട്ടുതിന്നതിനു ഇനിയും പ്രായശ്ചിത്തം ചെയ്യണമെന്നു്! പ്രതിദിനം 18 മണിക്കൂർ കുമ്പസാരക്കൂട്ടിൽ ബലികഴിച്ചതും പിശാചിന്റെ ഉഗ്രമർദ്ദനമേററതും പോരാ, ഇനിയും തപശ്ചര്യ വേണമെന്നു് തന്റെ ആത്മാവിന്റെ കാര്യം ശരിപ്പെടുത്താൻ! ഇതാണു വലിയ വിശുദ്ധന്മാരുടെ ഭീതി. എന്നാൽ ഞാനും നിങ്ങളും എന്തു വിചാരിക്കുന്നു. ദൈവത്തിന്റെ നീതിയുടെ മുമ്പിൽ പ്രവേശിക്കുവാൻ നമ്മൾ എത്രയധികം പേടിക്കണം. ''ഭയത്തോടും പരിഭ്രമത്തോടുംകൂടെ നിന്റെ രക്ഷയ്ക്കായി അദ്ധ്വാനിക്കുക.'' എല്ലാം ശരിയാണെന്നാണോ നമ്മുടെ വിചാരം? നല്ല കള്ളനു കൈവന്ന ഭാഗ്യം നമുക്കും കിട്ടുമോ? ''മകനേ, നീ ഇന്നു് എന്നോടുകൂടി പറുദീസായിലായിരിക്കും'' എന്നു ദിവ്യനാഥൻ നമ്മോടും പറഞ്ഞിരുന്നെങ്കിൽ! എന്റെ കർത്താവേ, അതുമാത്രം മതി. അതിനു് ഈ ധ്യാനം പ്രയോജനപ്പെടട്ടെ. ആകയാൽ നമ്മുടെ ജീവിതഗതി എങ്ങനെയെന്നു പരിശോധിക്കണം. ഞാൻ നിത്യഭാഗ്യത്തെ ലക്ഷ്യമാക്കിയാണോ ജീവിക്കുന്നതു്? എന്റെ ഇന്നത്തെ ജീവിതം അതിനുപററുമോ? വല്ല ഐഹികവ്യാമോഹങ്ങളും എന്നെ അധീനമാക്കിയിട്ടുണ്ടോ? ഏതെങ്കിലും ദുരാശകൾ എന്നിൽ വളർന്നുവരുന്നുണ്ടോ? എന്റെ ആത്മാവിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തു്? ദൈവപുത്രസ്ഥാനവും സ്വർഗ്ഗരാജ്യത്തിന്റെ അവകാശവും ഞാൻ ഭദ്രമായി പാലിക്കുന്നുണ്ടോ? ദിവ്യരക്ഷകന്റെ അളവററ കരുണയിൽ നമുക്കു് ആശ്രയിക്കാം.

# 3. ദൈവവിളി

മിശിഹായിൽ പ്രിയ സഹോദരരേ,

കഴിഞ്ഞ പ്രാവശ്യം നമ്മൾ നിത്യരക്ഷയെപ്പററി ധ്യാനിച്ചു. ഇനി നിത്യരക്ഷ പ്രാപിക്കാനുള്ള മാർഗ്ഗത്തെപ്പററി പര്യാലോചിക്കാം. നമ്മുടെ നിത്യരക്ഷ രണ്ടു കാര്യങ്ങളിലാണ് അടങ്ങിയിരിക്കുന്നത്. ദൈവത്തിൻെറ വിളിയും അതിനു നമ്മൾ നൽകുന്ന മറുപടിയും. ദൈവത്തിൻെറ വിളിക്കു മറുപടി നൽകുന്നതിൽ ആദ്യ മനുഷ്യനായ ആദം പരാജയപ്പെടുകയും മനുഷ്യവംശം അധഃപതിക്കയും ചെയ്തു. രണ്ടാമത്തെ ആദമായ ക്രിസ്തുനാഥൻ അതിനു പരിഹാരമായി മനുഷ്യനായി വന്നു്, എല്ലാററിലും ദൈവഹിതം നിർവ്വിച്ചു കൊണ്ടു് ലോകരക്ഷ സാധിച്ചു. ഈ സമുദ്ധാരണ കൃത്യത്തിൽ ഭാഗഭാക്കാകുവാൻ അവിടുന്നു അപ്പസ്തോലന്മാരെ വിളിച്ചു. അതിൻെറ തുടർച്ചയായി ദൈവം നമ്മളേയും വിളിക്കുന്നു. അതിനു യഥാവിധി മറുപടി നൽകിക്കൊണ്ടു് നമ്മളും ജീവിതലക്ഷ്യം നേടണം. ആകയാൽ ദൈവവിളി സ്വീകരിക്കേണ്ടവരും അതു സ്വീകരിച്ചു കഴിഞ്ഞവരും അവശ്യം അനുഷ്ഠിക്കേണ്ട കാര്യങ്ങളെപ്പററി ഇപ്പോൾ ധ്യാനിക്കാം.

അടിസ്ഥാനപരമായി ചിന്തിച്ചാൽ ദൈവത്തിൻെറ വിളി സൃഷ്ടിയിൽ തന്നെ ഉണ്ടായിട്ടുണ്ടു്. ജറേമിയാസ് ദീർഘദർശി ദൈവത്തിൻെറ വാക്കുകളായി പറയുന്നു: അളവററ സ്നേഹത്താൽ ഞാൻ നിന്നെ സ്നേഹിച്ചു; നിന്നെ എൻെറ പക്കലേക്കു് ആനയിക്കുവാൻ ഞാൻ മനസ്സായി (31:3) ഏശയ്യാ ദീർഘദർശിയുടെ വാക്കുകൾ കൂടുതൽ ശ്രദ്ധാർഹമത്രേ; ''എൻെറ അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ കർത്താവു് എന്നെ വിളിച്ചു'' (45;1). ഈ വിളിയുടെ തുടർച്ചയായി ദൈവം നമുക്കു് മനുഷ്യത്വം നൽകി,'' എല്ലാററിൻെറമേലും ആധിപത്യം പ്രദാനം ചെയ്യുവാൻ തിരുമനസ്സായി. അനന്തരം

ജ്ഞാനസ്നാനം വഴി ദൈവം നമ്മെ തൻെറ മക്കളും സ്വർഗ്ഗ രാജ്യത്തിനു് അവകാശികളുമാക്കി. "ദൈവം തൻെറ ഏക ജാതൻെറ മനുഷ്യാവതാരവും കുരിശുമരണവും വഴി നമ്മെ ദൈവിക ജീവിതത്തിലേയ്ക്കു് വിളിച്ചു് സ്വർഗ്ഗഭാഗ്യത്തിനു് അവകാശികളാക്കി" എന്നു വി. പത്രോസ്ശ്ലീഹാ പഠിപ്പിക്കുന്നു. (1 പത്രോ. 5:10) ഇപ്രകാരം ആത്മീകവും ലൗകികവുമായ നന്മകൾകൊണ്ടു മനുഷ്യനെ ഒരുക്കിയതിനുശേഷം ദൈവം അവനെ ഒരു ജീവിതാവസ്ഥയിലേക്കു വിളിക്കുന്നു. ഇതാണു് അതിൻെറ സാങ്കേതികാർത്ഥത്തിലുള്ള ദൈവവിളി.

അടുത്തതായി ദൈവവിളിയുടെ ഉദ്ദേശങ്ങൾ പരിഗണിക്കാം. "അഖില വസ്തുക്കളും കർത്താവു തനിക്കായി സൃഷ്ടിച്ചു" (പ്രഭാ:16:4) എന്നു ബൈബിൾ പറയുന്നു. വി. ഇഗ്നേഷ്യസ് ലയോള ഈ സത്യം ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു. "ഞാൻ ദൈവത്തിൽ നിന്നാകുന്നു; ഞാൻ ദൈവത്തിൻെറ ആകുന്നു: ഞാൻ ദൈവത്തിനായിട്ടുള്ളവനുമാകുന്നു". തന്നിമിത്തം ദൈവത്തിനു എൻെറമേൽ പരമവും പരിപൂർണ്ണവും സാർവ്വത്രികവും സനാതനവും അപ്രതിഹിതവുമായ അധികാരമുണ്ടു്. അതാണു ദൈവം അബ്രാഹത്തിൻെറ ബലിവഴി വ്യക്തമാക്കിയതു്. ദൈവം നൽകിയ സന്താനത്തെ ദൈവത്തിനു ബലി കഴിക്കാനുള്ള കല്പന അനുവർത്തിക്കുവാൻ അബ്രാഹം സന്നദ്ധനായതും അതു കൊണ്ടുതന്നെ. ഇതുപോലെയാണു ക്രിസ്തുനാഥൻ ശിഷ്യന്മാരെ വിളിച്ചതും. പത്രോസും, അന്ത്രയോസും, യാക്കോബും യോഹന്നാനും അവരുടെ പിതാക്കന്മാരെ വിട്ടും വച്ചു് ഉടനെ കർത്താവിനെ അനുഗമിച്ചു. ഇപ്രകാരം ദൈവത്തിൻെറ അധികാരാവകാശങ്ങൾ അംഗീകരിച്ചുകൊണ്ടു് അവിടുത്തെ മഹത്വപ്പെടുത്തുകയാണു് ദൈവവിളിയുടെ പ്രധാന ഉദ്ദേശ്യം. ആകയാൽ ദൈവവിളി അനുവർത്തിക്കുന്നതിൽ ആരും തടസ്സമായി നില്ക്കുവാൻ പാടില്ല തന്നെ. വി. ക്ലാരയും വി. ഫ്രാൻസിസും മററും ദൈവഹിതം നിർവ്വഹിക്കുവാനായി തങ്ങളുടെ വീടു വിട്ടിറങ്ങിയതു് ആരുടേയും അനുമതി വാങ്ങിക്കൊണ്ടായിരുന്നില്ല. അതുപോലെതന്നെ മററുള്ളവരെ പ്രീണിപ്പിക്കുവാനായി ആരും ഒരു ജീവിതാവസ്ഥയിൽ പ്രവേശിക്കരുതു്. നമ്മുടെ യുവ

തീയുവാക്കന്മാരും അവരുടെ മാതാപിതാക്കന്മാരും ഈ യാഥാർത്ഥ്യം ശിരസ്സാ വഹിച്ച് പ്രവർത്തിക്കുവാൻ കടപ്പെട്ടിരിക്കുന്നു.

ദൈവവിളിയുടെ രണ്ടാമത്തെ ലക്ഷ്യം ദിവ്യരക്ഷകനോടു ചേന്ന് സമുദ്ധാരണകൃത്യത്തിൽ പ്രവത്തിക്കുകയാണ്. ഓരോ ക്രിസ്ത്യാനിയും ഓരോ പ്രേഷിതനാണെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു. മററുള്ളവരുടെ നിത്യരക്ഷയ്ക്കായി കഴിവതു പ്രവത്തിക്കുവാൻ എല്ലാവർക്കും കടമയുണ്ട്. ഏതൊരു ജീവിതാവസ്ഥയിൽ പ്രവേശിക്കുന്നവക്കും ഈ ഉദ്ദേശ്യമുണ്ടായിരിക്കണം. ഭാര്യ ഭത്താവിൻെറയും, ഭത്താവു ഭാര്യയുടെയും, രണ്ടുപേരുംകൂടി മക്കളുടേയും രക്ഷയ്ക്കായി പ്രവർത്തിക്കേണ്ടതാണ്. പൗരോഹിത്യവും സന്യാസവും വരിക്കുന്നയാറം കൂടുതൽ വ്യാപകമായി പ്രേഷിതപ്രവർത്തനം നടത്തുവാൻ കടപ്പെടുന്നു.

സ്വന്തം ജീവിതവിജയം സാധിക്കുകയാണ് ദൈവവിളിയുടെ വേറൊരു ഉദ്ദേശ്യം, വി. അൽഫോൻസ് ലിഗോരി പറയുന്നു: "നമ്മുടെ നിത്യരക്ഷ പ്രധാനമായും ആശ്രയിച്ചിരിക്കുന്നതു് നമ്മുടെ ജീവിതാവസ്ഥയെയാണ്." വിശുദ്ധൻ തുടന്ന് ഉപദേശിക്കുന്നു: "ദൈവം വിളിക്കുന്ന വഴിയിലൂടെ നടന്നാൽ മതി, അന്ത്യം പ്രാപിക്കുവാൻ; എന്നാൽ സ്വന്തമായി സ്വീകരിക്കുന്ന വഴിയിലൂടെ ഓടിയാൽ എവിടെ എത്തുമെന്ന് നിശ്ചയമില്ല." ആകയാൽ നമ്മും സ്വീകരിക്കുന്ന ജീവിതാവസ്ഥ നമുക്ക് പാപരഹിതമായി ജീവിക്കുവാനും, പുണ്ണ്യപൂർണ്ണത പ്രാപിക്കുവാനും, ഭാഗ്യമരണം ലഭിക്കാനും, സ്വർഗ്ഗത്തിൽ വലിയ മഹത്വം നേടുവാനും ഉപകരിക്കണം. തന്നിമിത്തം ലൗകികമായ ബഹുമാനമോ, സുഖമോ, സമ്പാദ്യമോ ലഭിക്കുവായായി ആരും ദൈവവിളി സ്വീകരിക്കരുതു്. ബിഷപ്പ് ഷീൻ ഉദ്ബോധിപ്പിക്കുന്നു: "Don't try to live by your vocation, but live for your vocation."

ജീവിതാവസ്ഥ കണ്ടുപിടിക്കാനുള്ള മാർഗ്ഗങ്ങളെപ്പററിയാണ് ഇനി ചിന്തിക്കേണ്ടതു്. അതിപ്രധാനമായ ഈ പരിശ്രമത്തിൽ മാതാപിതാക്കന്മാരും അദ്ധ്യാപകരും കുമ്പസാര

ക്കാരും യുവജനങ്ങളെ എല്ലാ വിധത്തിലും സഹായിക്കേണ്ട താണ്. ചെറുപ്പത്തിലേതന്നെ ദൈവവിളിയെപ്പററി ചി ന്തിക്കുവാൻ അവരെ പ്രേരിപ്പിക്കണം. പള്ളിക്കൂടത്തിലേയും മററും പഠനം ജീവിതാവസ്ഥയിൽ പ്രവേശിക്കാനുള്ള ഒരുക്ക മാണെന്ന് വിദ്യാർത്ഥികളെ ധരിപ്പിക്കണം. എത്ര ഉന്നത ബിരുദങ്ങൾ നേടിയാലും, വലിയ ഉദ്യോഗങ്ങളിൽ പ്രവേ ശിച്ചാലും ഒരു ജീവിതാവസ്ഥ സ്വീകരിക്കുന്നതുവരെ അവ രുടെ ഹൃദയം സംതൃപ്തിയടയുകയില്ല. അപ്പോൾ ദൈവവിളി സ്വീകരിക്കുന്നതിലാണ് ജീവിതവിജയം അടങ്ങിയിരിക്കു ന്നതെന്നു വ്യക്തം.

ക്രിസ്തുനാഥൻ പറയുന്നു: "നിങ്ങൾ എന്നെ തിരഞ്ഞെടു ത്തതല്ല, പ്രത്യുത ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയത്രേ ചെയ്തത്." ഈ വേദവാക്യം വ്യക്തമാക്കുന്നതുപോലെ, ദൈവം നമ്മെ വിളിക്കുന്നതു ഏതുവഴിക്കാണെന്നു കണ്ടുപി ടിക്കേണ്ടിയിരിക്കുന്നു. അതിനുള്ള ഒന്നാമത്തെ മാർഗ്ഗം പ്രാർത്ഥ നയാണ്. നമ്മെ സംബന്ധിച്ചുള്ള ദൈവഹിതം വ്യക്തമാ ക്കണമെന്ന് അവിടുത്തോട് അപേക്ഷിക്കണം. ഈ പ്രാർത്ഥന നിഷ്പക്ഷമായും നിസ്വാർത്ഥമായുമാണു നടത്തേണ്ടത്. നമ്മുടെ ഹിതംപോലെ ദൈവം പ്രവർത്തിക്കണമെന്നല്ല, പിന്നെയോ ദൈവത്തിൻെറ ഹിതം നമ്മെക്കൊണ്ടു ചെയ്യിക്കണമെന്നാണ് അപേക്ഷിക്കേണ്ടത്. "ഇതാ കർത്താവിൻെറ ദാസി; അങ്ങേ ഹിതംപോലെ എന്നിൽ സംഭവിക്കട്ടെ" എന്നു നിരുപാധികം സ്വയം സമർപ്പിച്ച പരി. കന്യകയേപ്പോലെ നമ്മളും ദൈവ തിരുമനസ്സിനു പൂർണ്ണമായി വിധേയമാകുക. വീണ്ടും ഈ പ്രാർത്ഥന നിരന്തരം നടത്തണം. ജീവിതാവസ്ഥയിൽ പ്രവേ ശിക്കുന്നതുവരെ തുടർന്നുകൊണ്ടിരിക്കണമെന്നാണു സാരം. അ തോടുകൂടി ദൈവത്തിനു പ്രീതികരമായവിധം ജീവിക്കാനും ശ്രദ്ധിക്കേണ്ടതാണ്. പാപരഹിതരായി വർത്തിക്കുകയും ഭക്തകൃത്യങ്ങളിൽ ഉത്സുകരായിരിക്കുകയും ചെയ്യുക പ്രാർത്ഥന ഫലപ്രദമാകുവാൻ ആവശ്യമാകുന്നു.

വി. അൽഫോൻസ് ലിഗോരി പറയുന്നു: "ദൈവം ഒരു മാലാഖയെ അയച്ച് നമ്മെ വിളിക്കുമെന്നു കരുതരുത്." ആകയാൽ പ്രാർത്ഥിക്കുന്നതോടുകൂടി, വിവിധ ജീവിതാവസ്ഥ

കളെപ്പററി ശരിയായി പഠിക്കയും ചെയ്യണം. ഈ പഠനം തിരുസ്സഭയുടെ അദ്ധ്യാപനമനസരിച്ചാണ് നടത്തേണ്ടത്. സഭാ ശത്രുക്കൾ പ്രചരിപ്പിക്കുന്ന തെററായ ആശയങ്ങൾ നമ്മെ സ്വാധീനിക്കരുത്. ആറും ഏഴും ക്ലാസുകളെപ്പററി വേണ്ട അറിവു നേടുക. ബാലികാബാലന്മാർക്കുവേണ്ട കാര്യങ്ങൾ മാതാപിതാക്കന്മാർക്കും അദ്ധ്യാപകർക്കും പറഞ്ഞുകൊടുക്കുവാൻ കഴിയുമല്ലോ. ഓരോ ജീവിതാവസ്ഥ സ്വീകരിച്ചു വിജയം വരിച്ചിരിക്കുന്ന വിശുദ്ധരുടെ ജീവിത ചരിത്രങ്ങൾ പഠിക്കുവാനും ഉത്സാഹിക്കണം. അവരിൽ ആരെ അനുകരിക്കാനാണു സാധിക്കുക എന്നു കണ്ടുപിടിക്കുവാൻ എളുപ്പമായിരിക്കും. ചെറുപ്പത്തിലേ തന്നെ വിശുദ്ധരുടെ ചരിത്രങ്ങൾ വായിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

ഈപഠനവും പര്യാലോചനയും ഫലപ്രദമായിത്തീരുവാനായി വേണ്ട അറിവുള്ളവരുടെ ഉപദേശം സ്വീകരിച്ചുകൊണ്ടിരിക്കണം. “തന്നത്താൻ നയിക്കുന്നവൻ വിഡ്ഢിയുടെ ശിഷ്യനാകുന്നു” എന്നു വി. ബർണാർദ് അഭിപ്രായപ്പെട്ടിരിക്കുന്നു. നമ്മുടെ പഠനത്തിൽ വിട്ടുപോയേക്കാവുന്ന കാര്യങ്ങൾ പറഞ്ഞു തരുവാനും തെററായ ധാരണകൾ തിരുത്തുവാനും സംശയങ്ങൾ പരിഹരിക്കാനും അന്യരുടെ സഹായം ആവശ്യമാണ്. എന്നാൽ അവരാരും സ്വന്തം അഭിപ്രായം കുട്ടികളുടെമേൽ അടിച്ചേല്പിക്കയോ, ദൈവഹിതത്തിനു വിരുദ്ധമായിപ്രവർത്തിക്കയോ ചെയ്യുവാൻ ഇടയാകാതിരിക്കട്ടെ.

ഇപ്രകാരം പ്രാർത്ഥിച്ചും പഠിച്ചും ഉപദേശം സ്വീകരിച്ചുംകൊണ്ടു ഒരു തീരുമാനത്തിലേക്കു എത്തുവാൻ കഴിയണം; അവസാനമില്ലാതെ നീട്ടിക്കൊണ്ടു പോകരുത്. സാഹചര്യങ്ങൾ ക്രമപ്പെടുന്നതനുസരിച്ചു യഥാകാലം ജീവിതാവസ്ഥയിൽ പ്രവേശിക്കുകയും വേണം. ലൗകിക താൽപര്യങ്ങളൊന്നും അതിനു തടസ്സമായി നില്ക്കുവാൻ പാടില്ല. ദൈവം നമുക്കുവേണ്ടി കാത്തു നില്ക്കുവാൻ ഇടയാക്കരുതല്ലോ. ഈശോ പത്രോസിനെയും യോഹന്നാനെയും മററും വിളിച്ചപ്പോൾ ഉടനെ തന്നെ അനുഗമിക്കുവാൻ ആവശ്യപ്പെട്ടു; പിതാവിൻെറ മരണത്തിനുശേഷം വന്നാൽ പോരെ എന്ന

ആഗ്രഹം അംഗീകരിച്ചില്ല. വീട്ടിൽ പോയി യാത്ര പറഞ്ഞിട്ട വരുവാനും അവിടുന്നു് അനുവദിച്ചില്ല (ലൂക്കാ 9:57–62). ദൈവവിളി സ്വീകരിക്കുക കുററകരമായവിധം നീട്ടിവയ്ക്കുന്നവർക്കു് പിന്നീടു് അതു് അസാദ്ധ്യമായിത്തീരുവാൻ പാടില്ലെന്നില്ല.

ഒരു കാര്യംകൂടി അനുസ്മരിപ്പിച്ചു കൊള്ളട്ടെ. സെമിനാരിയിലും സന്യാസ ഭവനത്തിലും പ്രവേശിക്കുന്നവർ തങ്ങളുടെ ശിക്ഷണകാലം ഫലപ്രദമാക്കുവാൻ ആത്മാർത്ഥമായി ശ്രമിക്കേണ്ടതാണു്. ''ഞാൻ ഒരു വളഞ്ഞ ഇരുമ്പുകഷണമാണു്. അതിന്റെ വക്രത പരിഹരിക്കുവാനായി ഞാൻ സന്യാസം വരിച്ചു'' എന്നുള്ള വി. അലോഷ്യസ് ഗൊൺസാഗായുടെ ആദർശം എല്ലാവരും മുറുകെ പിടിക്കേണ്ടിയിരിക്കുന്നു. പുണ്യവാനായതുകൊണ്ടു് സന്യാസമോ, പൗരോഹിത്യമോ സ്വീകരിക്കുന്നു''എന്നുചിന്തിക്കാതെ. പുണ്യവാനാകുവാനായി വന്നിരിക്കുന്നു'' എന്നുദൃഢമായി വിശ്വസിക്കുക. അപ്പോൾ സ്വന്തം കുററങ്ങൾ സമ്മതിക്കാനും തിരുത്തുവാനും സാധിക്കും. അതോടുകൂടി ചില ഐഹിക താൽപര്യങ്ങളിൽ കുടുങ്ങാതെ സൂക്ഷിക്കയും വേണം. അതായതു് സർവ്വ പ്രധാന കാര്യങ്ങൾ അവഗണിച്ചുകൊണ്ടു് അപ്രധാന കാര്യങ്ങൾക്കു് അമിത പ്രാധാന്യം കല്പിക്കരുതു്. ഉദാഹരണമായി സംഗീതം, സാഹിത്യം, തയ്യൽ, പെയിൻറിംഗ് മുതലായവയിൽ പ്രാവീണ്യം നേടുവാൻ, നിയമ വിരുദ്ധമായിപ്പോലും സാഹസപ്പെടും. ഈ അമിതാസക്തി ഭക്താനുഷ്ഠാനങ്ങളെ നിഷ്ഫലമാക്കുകയും പല പ്രലോഭനങ്ങൾക്കും പാപകൃത്യങ്ങൾക്കും വഴിതെളിക്കുകയും ചെയ്യും. ഒരു ചാവുദോഷം മതിയെന്നുവരാം ദൈവവിളിയെ നശിപ്പിക്കുവാൻ. മന്ദ ജീവിതത്തിൽ കുടുങ്ങി അലസരും നിരുത്തരവാദികളുമായി വ്യാപാരിക്കുന്നതുകൊണ്ടും ദൈവവിളി നഷ്ടപ്പെട്ടേക്കും. ഈ അപകടങ്ങൾ തരണം ചെയ്യാനുള്ള എളുപ്പവഴി ആദ്ധ്യാത്മികനിയന്താവിന്റെ ശിക്ഷണം സ്വീകരിക്കുകയാണു്. ഏതു സംശയവും ആഗ്രഹവും നേരിട്ട അദ്ദേഹത്തെ പരമാർത്ഥമായി അറിയിക്കുക; കിട്ടുന്ന നിർദ്ദേശങ്ങൾ യഥാശക്തി അനുവർത്തിക്കുക; പരാജയങ്ങൾ കണ്ടു പരിഭ്രമിക്കാതെ എല്ലാ കാര്യങ്ങളും പറഞ്ഞുകൊണ്ടിരിക്കുക. ഈ വിനീതമായ പരിശ്രമം വിജയിക്കുക തന്നെ ചെയ്യും.

അവസാനമായി സന്യാസവ്രതം അനുഷ്ഠിക്കയോ പൗരോഹിത്യം സ്വീകരിക്കുകയോ ചെയ്യുതോടെ പ്രലോഭനങ്ങൾ അവസാനിച്ചുവെന്നു കരുതരുത്. വളരെ വിചിത്രമായ വ്യാമോഹങ്ങൾ നമ്മെ പിടികൂടിയേക്കാം. ക്രിസ്തുനാഥൻെറ പ്രിയ വധുവോ, വേറൊരു ക്രിസ്തുവോ ആയതുകൊണ്ടു തൃപ്തിപ്പെടാതെ, ഡോക്ടറോ, പ്രൊഫസറോ, നേഴ്സോയൊക്കെ ആകണമെന്നു ശാഠ്യം പിടിച്ചേക്കാം. അതിൽ മാത്രമാണ് സൗഭാഗ്യമെന്നു വ്യാമോഹിക്കുന്നു. ഇതു് ക്രൂശിതൻെറ വഴിയല്ലെന്നു വ്യക്തമാണല്ലോ. അവിടുത്തെ കുരിശിൽ പ്രശംസ കണ്ടെത്തുവാൻ കഴിയാതായാൽ പിന്നത്തെസ്ഥിതി എന്തായിരിക്കും. യൂദാസിൻെറ അധഃപതനം! ആകയാൽ "നിങ്ങളുടെ വിളിക്കു യോജിച്ച വിധം ജീവിക്കുവാൻ ഞാൻ നിങ്ങളോടു് അപേക്ഷിക്കുന്നു" (എഫേ. 4:1) എന്നുള്ള വി. പൗലോസിൻെറ ഉദ്ബോധനം നമുക്കു് അനുവർത്തിക്കാം. പരി. കന്യകാമാതാവിനോടുകൂടി നമുക്കും ഏറ്റുപറയാം: "എൻെറ ആത്മാവു് രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു. എന്തുകൊണ്ടെന്നാൽ ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്യിരിക്കുന്നു" എന്നു്.

കുടുംബജീവിതത്തിലും കുഴപ്പങ്ങൾ തലപൊക്കാവുന്നതാണു്. "പണവും പൊന്നും കിട്ടിയതുപോരാ; ഇതിലും സൗന്ദര്യമുള്ള ഒരു ജീവിതപങ്കാളിയെ സ്വീകരിക്കേണ്ടതായിരുന്നു; എന്നോടു വേണ്ടത്ര സ്നേഹം കാണിക്കുന്നില്ല; ആരോഗ്യം വേണ്ടത്ര ഇല്ല" ഇങ്ങനെ പോകുന്നു പരാതികൾ. എന്നാൽ അലംഘനീയവും പാവനവുമായ ദാമ്പത്യബന്ധത്തെ ഹനിക്കുവാൻ ഇവയൊന്നും പര്യാപ്തമാകരുതല്ലോ. "ദൈവം യോജിപ്പിച്ചതു് മനുഷ്യൻ വേർതിരിക്കരുതു്" എന്ന വേദവാക്യം അനുസ്മരിക്കണം. "ലോകം മുഴുവൻ നേടിയാലും ആത്മാവു നശിച്ചാൽ എന്തു പ്രയോജനം?" എന്ന നിത്യസത്യം നമ്മെ ഭരിക്കണം. പ്രാർത്ഥനയും വി. ബലിയും കൂദാശകളുംവഴി ക്രൈസ്തവചൈതന്യം വളർത്തിക്കൊണ്ടുവരികയും വേണം.

"എല്ലാം പൂർത്തിയായിരിക്കുന്നു" എന്നു് ഉദ്ഘോഷിച്ചുകൊണ്ടു്, പരമപിതാവിൻെറ വിളിക്കു് ഏറ്റം പൂർണ്ണവും വിജയകരവുമായി മറുപടി നല്കി നിത്യമഹത്വം പ്രാപിച്ച ക്രിസ്തുനാഥനെപ്പോലെ നമുക്കും നമ്മുടെ ദൈവവിളിക്കു് ഉത്തരം നല്കാനും വിജയം വരിക്കാനും ഇടയാകട്ടെ.

# 4. വിശ്വാസത്തിൻെറ വെളിച്ചത്തിൽ

മിശിഹായിൽ പ്രിയ സഹോദരരേ,

"കർത്താവു് അരുളിച്ചെയ്ത കാര്യങ്ങൾ സഫലമാകുമെന്നു വിശ്വസിച്ചവൾ അനുഗൃഹീതയാകുന്നു" ഏലീശ്വ പരി. കന്യകാമറിയത്തെ അഭിനന്ദിച്ചുകൊണ്ടു പറഞ്ഞ വാക്കുകളാണിവ. മംഗലവാർത്തയിൽ മാലാഖാവഴി ദൈവം അറിയിച്ച കാര്യങ്ങൾ പരി. കന്യക പൂർണ്ണമായി വിശ്വസിച്ചു; അങ്ങനെ മനുഷ്യാവതാരം നടന്നു; മറിയം ദൈവമാതാവായിത്തീരുകയും ചെയ്തു. ഇതുപോലെനമ്മുടെ ദൈവവിളിക്കും ആധാരമായി നില്ക്കുന്നതു് ദൈവത്തിലുള്ള നമ്മുടെ വിശ്വാസമാകുന്നു. അതാണു യഥാർത്ഥ ക്രിസ്ത്യാനികളായി ജീവിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നതു്. അതുകൊണ്ടാണു് മാമ്മോദീസായിൽ വിശ്വാസസത്യങ്ങൾ നമ്മൾ പരസ്യമായി ഏററുപറയുന്നതു്. ആകയാൽ നല്ലവനായ ദൈവം നല്കിയിരിക്കുന്ന വിശ്വാസമെന്ന അനർഘദാനത്തിനായി നമുക്കു ഹൃദയപൂർവ്വം നന്ദി പറയാം; അതിൻെറ നിലനില്പിനും വർദ്ധനവിനുമായി പ്രാർത്ഥിക്കുകയും ചെയ്യാം.

വിശ്വാസം പാലിക്കാതെ ആർക്കും ജീവിക്കുവാൻ സാദ്ധ്യമല്ല. രോഗി ഡോക്ടറെ വിശ്വസിക്കണം; എങ്കിലേ ചികിത്സ നടക്കുകയുള്ളൂ. ഭക്ഷിക്കുന്നവൻ ഭക്ഷണം പാകംചെയ്തവനെ വിശ്വസിക്കണം: അല്ലെങ്കിൽ ഭക്ഷിക്കുക അസാദ്ധ്യമാകും. യാത്രക്കാരൻ വണ്ടി ഓടിക്കുന്ന ഡ്രൈവറെ വിശ്വസിക്കണം; എങ്കിലേ യാത്രചെയ്യുവാൻ പററുകയുള്ളു. ഇങ്ങനെ അനുദിനജീവിതത്തിൽ മനുഷ്യർ അവശ്യം പരസ്പരം വിശ്വസിക്കേണ്ടിയിരിക്കുന്നു. ഇതു സ്വാഭാവികതലത്തിലുള്ള വിശ്വാസമാണു്. എന്നാൽ അതിസ്വാഭാവികതലത്തിൽ ഇതിലുമധികം ആവശ്യമുണ്ടു്, വിശ്വാസത്തിനു്. കാരണം അ

തിസ്വാഭാവികതത്ത്വങ്ങൾ നമുക്കു പൂർണ്ണമായി മനസ്സിലാക്കുവാൻ കഴിയാത്തവയാണല്ലോ. അവ വെളിപ്പെടുത്തിത്തന്ന ദൈവത്തിൻെറ വിശ്വസ്തതയെ ആസ്പദമാക്കി നമ്മൾ വിശ്വസിക്കുന്നു.

ഈ വിശ്വാസമാണു നമ്മുടെ ബുദ്ധിയെ വികസിപ്പിക്കയും അറിവിനെ പൂർണ്ണമാക്കുകയും ചെയ്യുന്നതു്. പ്രകൃതിശാസ്ത്രങ്ങൾ (Natural Sciences) നമുക്കു വളരെയേറെ വിജ്ഞാനം നല്കുന്നുണ്ടെന്നുള്ളതു് വാസ്തവമത്രേ. എന്നാൽ നിരീക്ഷണപരീക്ഷണങ്ങൾവഴി ലഭിക്കുന്ന ഈ അറിവു് വളരെ അപൂർണ്ണമാണു്. ഒരു വസ്തു എന്താണു് എന്നു പറയാനേ ശാസ്ത്രത്തിനു കഴിയൂ. അതിൻെറ മൂലകാരണവും പരമാന്ത്യവും എന്താണെന്നു കണ്ടുപിടിക്കുവാൻ പ്രകൃതിശാസ്ത്രജ്ഞനു സാദ്ധ്യമല്ല. എന്നാൽ അതു തത്ത്വശാസ്ത്രജ്ഞനു് പറയുവാൻ കഴിയും. അദ്ദേഹത്തിൻെറ യുക്തിപൂർവ്വകമായ പര്യാലോചനയുടെ ഫലമാണതു്. പക്ഷേ അവിടേയും വലിയൊരു കുറവുണ്ടു്. ആ മൂലകാരണവും പരമാന്ത്യവുമായ ദൈവത്തിൻെറ സ്വഭാവവിശേഷങ്ങൾ ശരിയായി വിവരിച്ചുതരുവാൻ തത്ത്വശാസ്ത്രജ്ഞനു സാധിക്കുകയില്ല. അതു ദൈവം തന്നെ പറഞ്ഞുതരണം. ഇങ്ങനെ ദൈവം വെളിപ്പെടുത്തിയിട്ടുള്ള സത്യങ്ങളാണു ദൈവശാസ്ത്രത്തിൽനിന്നു ലഭിക്കുന്നതു്. അപ്രകാരമേ നമ്മുടെ വിജ്ഞാനം പൂർണ്ണതപ്രാപിക്കുകയുള്ളു. അതുകൊണ്ടാണു് ഇൻഡ്യൻ പ്രസിഡൻറും തികഞ്ഞ ദാർശനികനുമായിരുന്ന ഡോക്ടർ രാധാകൃഷ്ണൻ ഒരിക്കൽ ഇപ്രകാരം പ്രസ്താവിച്ചതു്: 'ശാസ്ത്രം സത്യം അന്വേഷിക്കുന്നു; മതം അതു് പ്രദാനം ചെയ്യുന്നു.'

പ്രസിദ്ധ പണ്ഡിതനും സാഹിത്യകാരനുമായിരുന്ന ജി. കെ. ചെസ്റ്റർട്ടൺ വിശ്വാസത്തെപ്പററി പറയുന്നതുകേട്ടാലും. അദ്ദേഹം ആംഗ്ലിക്കൻ സഭവിട്ടു് കത്തോലിക്ക സഭയിൽ ചേർന്ന മഹാനാണു്, തൻെറ മാനസാന്തരത്തെപ്പററി അദ്ദേഹം പ്രസ്താവിക്കുന്നു: 'ഇന്നു് എനിക്കു ഒരു നിധി കിട്ടിയിരിക്കുന്നു; അതിൻെറ മുമ്പിൽ ഈ ലണ്ടൻപട്ടണത്തിൽ സംഭരിച്ചിരിക്കുന്ന ഐഹിക ഐശ്വര്യസമൃദ്ധിയെല്ലാം വെറും ധൂളി

മാത്രം. ആ അമൂല്യനിധിയാണ് എനിക്കു ലഭിച്ചിരിക്കുന്ന കത്തോലിക്കാ വിശ്വാസം. സ്വർഗ്ഗവും ലോകവും തമ്മിൽ എത്ര അന്തരമുണ്ടോ അത്രയും അന്തരം കത്തോലിക്കാ വിശ്വാസവും ലൗകിക ഐശ്വര്യവും തമ്മിലുണ്ട്.' സഹോദരരേ, ഈ നിധി നമുക്കും കിട്ടിയിട്ടുണ്ടല്ലോ. അതിനെ നാം എത്ര കാര്യമായി പരിഗണിക്കുന്നുണ്ട്? എന്നാൽ ചിലർ രാഷ്ട്രീയത്തിൻെറ പേരിൽ മതവിശ്വാസവും അനുഷ്ഠാനങ്ങളും അവഗണിക്കുന്നു. അവർ രാഷ്ട്രീയപിതാവിൻെറ വാക്കുകൾ കേട്ടാലും: "എൻെറ രാഷ്ട്രീയവും മററെല്ലാ ജീവിതപരിപാടികളും മതവിശ്വാസത്തിൽനിന്ന് ഉൽഭൂതമായിട്ടുള്ളതാണ്, ഞാൻ തറപ്പിച്ചുപറയുകയാണ്, മനുഷ്യൻെറ സകല പ്രവൃത്തികളും മതചൈതന്യത്തിൽനിന്നു നിർഗ്ഗളിക്കുന്നതായിരിക്കണം. മതചൈതന്യത്തിൽ അധിഷ്ഠിതമായ ഒരു രാഷ്ട്രം കെട്ടിപ്പടുക്കുകയാണ് എൻെറ ലക്ഷ്യം"

വിശ്വാസമെന്ന പുണ്യം ദൈവത്തിൻെറ ദാനമാണ്. അതുവഴി നമ്മൾ ദൈവിക കാര്യങ്ങൾ ഗ്രഹിക്കുവാനും അവയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുവാനും പ്രാപ്തരാകുന്നു. അതാണ് നിത്യഭാഗ്യത്തിനുള്ളവഴി. "വിശ്വസിക്കുന്നവൻ രക്ഷപ്പെടും" എന്നാണല്ലോ ക്രിസ്തുനാഥൻ അരുളിച്ചെയ്തിരിക്കുന്നത്. "വിശ്വസിക്കാതെ എങ്ങനെ രക്ഷപ്പെടും?" എന്ന് വി. പൗലോസും ചോദിക്കുന്നു. വിശ്വാസത്തിൻെറ വെളിച്ചത്തിൽ വീക്ഷിക്കുമ്പോൾ എല്ലാ കാര്യങ്ങളും അർത്ഥവത്തായി അനുഭവപ്പെടുന്നു: "ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർതിരിക്കരുത്" എന്നുള്ള ദിവ്യരക്ഷകൻെറ വാക്കുകളിലുള്ള വിശ്വാസമല്ലയോ വിവാഹത്തിനും കുടുംബജീവിതത്തിനും പാവനതയും പ്രാധാന്യവും പ്രദാനം ചെയ്യുന്നത്? വിശ്വാസമില്ലെങ്കിൽ വൈദിക ദൈവവിളിക്ക് എന്താണർത്ഥം? രോഗവും ക്ലേശവും അവമാനവും ദാരിദ്ര്യവും എല്ലാമെല്ലാം സ്വാഗതാർഹവും അനുഗ്രഹപ്രദവുമായിത്തീരുന്നത് വിശ്വാസംകൊണ്ടാണ്. ആകയാൽ വിശ്വാസം നമുക്ക് ശക്തിയും സമാശ്വാസവും നല്കുന്നു. ഗാന്ധിജി 40 കൊല്ലത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പറയുന്നു: "എനിക്കു നിരാശയുണ്ടായിട്ടുണ്ട്; നിബിഡമായ അന്ധകാരത്തെ അഭിമു

ഖീകരിക്കേണ്ടിവന്നിട്ടുണ്ട്; വലിയ അഭിമാനക്ഷതമുണ്ടായി ട്ടുണ്ട്. പക്ഷേ ഇന്നുവരെ നേരിടേണ്ടിവന്നിട്ടുള്ള എല്ലാ വൈഷമ്യങ്ങളേയും കീഴ്പ്പെടുത്തുന്നതിനു വിശ്വാസത്തിനു കഴിഞ്ഞിട്ടുണ്ട്.''

ദിവ്യരക്ഷകൻ തന്റെ വേർപാടിന്റെ സമയത്ത്, അന്ത്യപ്രഭാഷണത്തിൽ സ്വശിഷ്യന്മാരോടു പറഞ്ഞു: ''നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുവിൻ, എന്നിലും വിശ്വസിക്കുവിൻ.'' അവിടുന്ന് ശിഷ്യന്മാരെ വിളിച്ച് കൂടെക്കൊണ്ടു നടന്ന് മൂന്നുകൊല്ലം നിത്യസത്യങ്ങൾ പഠിപ്പിക്കുകയുണ്ടായി. അതിനിടയ്ക്ക് അവരിൽ കണ്ട വിശ്വാസക്കുറവിനെ അവിടുന്ന് കുറ്റപ്പെടുത്തുകയും തിരുത്തുകയും ചെയ്തു. ''അല്പവിശ്വാസികളേ, നിങ്ങൾ എന്തിനു ഭയപ്പെടുന്നു?'' എന്ന് ക്ഷോഭംകൊണ്ട യാത്രയിൽ അപ്പസ്തോലന്മാരോടും. വെള്ളത്തിൽ താഴുവാൻ തുടങ്ങിയ പത്രോസിനോടും അവിടുന്നു ചോദിച്ചു. പിശാചുബാധ ഒഴിക്കുവാൻ കഴിയാതെപോയത് അവരുടെ വിശ്വാസക്കുറവുകൊണ്ടാണെന്ന് ഈശോ ശിഷ്യന്മാർക്ക് വ്യക്തമാക്കിക്കൊടുത്തു. ''നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോടു മാറിപ്പോകുവാൻ പറഞ്ഞാൽ അങ്ങനെ സംഭവിക്കും'' എന്ന് അവർക്ക് ഉറപ്പും നല്കി (മത്താ. 17: 18, 19). മാത്രമല്ല ശിഷ്യന്മാർക്ക് തന്നെപ്പറ്റിയുള്ള വിശ്വാസം എത്രമാത്രമുണ്ടെന്നു പരിശോധിക്കുവാനായി ക്രിസ്തുനാഥൻ അവരോടു ചോദിച്ചു: ''ഞാൻ ആരാണെന്നാണ് നിങ്ങൾ പറയുന്നത്?'' ഈ ചോദ്യം ഇന്നും ആവർത്തിക്കുന്നുണ്ട്. കർത്താവിന്റെ സഭയിൽ ആദ്ധ്യാത്മിക കാര്യങ്ങളുടെ മദ്ധ്യേ വിഹരിക്കുന്ന നമുക്ക് എന്തുമാത്രം വിശ്വാസമുണ്ട്? എങ്ങനെ ക്രൂശിതന്റെ ബലിയിൽ ഭാഗഭാക്കാകുന്നു? ദിവ്യകാരുണ്യ ഈശോയെ സ്വീകരിക്കുന്നു? വിശുദ്ധഗ്രന്ഥത്തിൽനിന്നു ദൈവസ്വരം ശ്രവിക്കുന്നു? പ്രാർത്ഥനവഴി ദൈവത്തോട് എങ്ങനെ സംസാരിക്കുന്നു? നമ്മിൽ വസിക്കുന്ന ദൈവത്തിന്റെ സാന്നിദ്ധ്യം എങ്ങനെ നമ്മെ ഭരിക്കുന്നു? ചുരുക്കത്തിൽ, ജന്മനാതന്നെ നമുക്കു കൈവന്നിരിക്കുന്ന ക്രിസ്തീയ വിശ്വാസം കൈവിട്ടുപോകാതിരിക്കുവാൻ നാം എത്ര

മാത്രം ശ്രദ്ധിക്കുന്നുണ്ടു്? വിശുദ്ധ പൗലോസിനെപ്പോലെ നമുക്കും പറയുവാൻ കഴിയുമോ, "ഞാൻ നന്നായി സമരം ചെയ്തു; എന്റെ വിശ്വാസം സംരക്ഷിച്ചു" എന്നു്?

വാസ്തവത്തിൽ വിശ്വാസ സംരക്ഷണത്തിനു് അന്നത്തേക്കാറം വലിയ സമരം ഇന്നാവശ്യമുണ്ടു്. അതാണു് നമ്മുടെ കാലത്തിന്റെ പ്രത്യേകത. ഇന്നത്തെ ലോകം രണ്ടു ചേരികളായി തിരിഞ്ഞുനിന്നു സമരം ചെയ്യുകയാണു്; ഒരു വശത്തു് ഈശ്വരവിശ്വാസികളും, മറുവശത്തു് ഈശ്വരവിശ്വാസം ഇല്ലാത്തവരും ഈ സമരം സാഹിത്യത്തിലും, കലാപരിപാടികളിലും രാഷ്ട്രീയ പ്രവർത്തനങ്ങളിലുമെല്ലാം കാണാവുന്നതാണു്. ഈശ്വരവിശ്വാസികളുടെ നേതാവായി ക്രിസ്തുനാഥൻ നിലകൊള്ളുന്നു. അവിടുന്നു് ദൈവത്തേയും മരണാനന്തര ജീവിതത്തേയുംപ്പററി നമ്മെ പഠിപ്പിച്ചു: സന്മാർഗ്ഗനിയമങ്ങളും ഉപദേശിച്ചു. ഇതാണു് തിരുസഭയിലൂടെ ഇന്നും തുടരുന്നതു്. നാസ്തികരുടെ നേതൃത്വം വഹിക്കുന്നതു് കമ്മ്യൂണിസമാണു്. അതു് ഒരു രാഷ്ട്രീയപാർട്ടിയോ, സാമ്പത്തിക സിദ്ധാന്തമോ മാത്രമല്ല; സർവ്വപ്രധാനമായി അതൊരു പ്രത്യയശാസ്ത്രമാണു്, സമഗ്രമായ ജീവിതദർശനമാണു് (Philosophy of life). നമുക്കൊരു വിശ്വാസപ്രമാണം ഉള്ളതുപോലെ കമ്മ്യൂണിസ്റ്റുകാർക്കും ഒരു വിശ്വാസസംഹിതയുണ്ടു്. നമ്മുടെ വിശ്വാസസത്യങ്ങൾക്കു് കടകവിരുദ്ധമാണു് അവരുടേതു്. നമ്മൾ ദൈവത്തിലും മരണാനന്തര ജീവിതത്തിലും മതത്തിന്റെ ആവശ്യകതയിലും സന്മാർഗ്ഗിക നിയമങ്ങളിലും അവശ്യം വിശ്വസിക്കുന്നു. അവരാകട്ടെ, ദൈവമില്ല, മരണാനന്തരജീവിതമില്ല, മതം ആവശ്യമില്ല, സാന്മാർഗ്ഗികനിയമങ്ങളൊന്നും വേണ്ട എന്നിങ്ങനെ പഠിപ്പിക്കുന്നു. കമ്മ്യൂണിസത്തിന്റെ പ്രണേതാക്കളായിരുന്ന ഹേഗലും, മാർക്സും ലെനിനുമെല്ലാം മുറുകെ പിടിച്ച ആദർശങ്ങളായിരുന്നു അവ. ഇന്നത്തെ പ്രമുഖനേതാക്കന്മാരും അതേ ആദർശങ്ങൾ പാലിച്ചു ജീവിക്കുന്നു. അതുകൊണ്ടാണു് പണ്ഡിതനായ ബിഷപ്പു് ഷീൻ പറഞ്ഞതു്, അന്തിക്രിസ്തു ഒരു വ്യക്തിയായിരിക്കണമെന്നില്ല, ഒരു സംഘടനയുമാകാം, അതാണു് കമ്മ്യൂണിസം, തൽഫലമായി മത വിശ്വാസത്തെ നശി

പ്പിക്കുവാൻ കമ്മ്യൂണിസ്റ്ററുരാജ്യങ്ങളിൽ സകലവിധ അടവുകളും പ്രയോഗിച്ചുവരുന്നു. ഏററം ഭീകരമായ മതപീഡനം തന്നെ അവിടെയെല്ലാം നടന്നിട്ടുണ്ടു്, നടക്കുന്നുമുണ്ടു്. എവിടെയൊക്കെ അവർക്കു് പൂർണ്ണമായി അധികാരം കൈയ്യടക്കുവാൻ കഴിയുന്നുവോ, അവിടെയെല്ലാം അവർ മതബോധനവും വിശ്വാസാനുഷ്ഠാനവും പാടേ തടയുന്നു. ദൈവാലയങ്ങൾ സിനിമാശാലകളും കാഴ്ചബംഗ്ലാവുകളുമാക്കുന്നു, വിശ്വാസികളെ കഠിനമായി പീഡിപ്പിക്കുകയും കൊന്നൊടുക്കുകയും ചെയ്യുന്നു. ആകയാൽ, പതിനൊന്നാം പീയൂസ് പാപ്പാ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിരിക്കുന്നു: ''ഒരു യഥാർത്ഥ കമ്മ്യൂണിസ്ററുകാരനു് ഒരു ക്രിസ്ത്യാനിയോ, ഒരു യഥാർത്ഥ ക്രിസ്ത്യാനിക്കു് ഒരു കമ്മ്യൂണിസ്ററുകാരനോ ആയിരിക്കുക സാദ്ധ്യമല്ല'' എന്നു്.

ഈ സത്യം വേണ്ടത്ര മനസ്സിലാക്കാതെ കമ്മ്യൂണിസ്റ്റുകാരുടെ വഞ്ചനാപരമായ തൊഴിലാളിപ്രേമത്തിൻെറ പേരിൽ, സമഗ്രവിമോചനത്തിനു കമ്മ്യൂണിസംതന്നെ വേണമെന്നു് ചില ക്രൈസ്തവർ വ്യാമോഹിക്കുന്നു. ഈ മായാജാലത്തിൻെറ സ്വാധീനത്തിൽ വികാരജീവികളായ ചില ക്രൈസ്തവയുവജനങ്ങൾ കുടുങ്ങുകയും ചെയ്യുന്നു. ശുദ്ധഗതിക്കാരായ ഈ അല്പബുദ്ധികൾ അവക്കു പററിയ അബദ്ധം മനസ്സിലാക്കുവാൻ ഇടയാകുന്നതിനു മുമ്പായി മോചനം ലഭിക്കാൻ ആകാത്തവിധം നാസ്തികരുടെ അടിമത്തത്തിനു് അധീനരായി തീരുകയായി! ഇത്രയും കാര്യങ്ങൾ ഇവിടെ പ്രസ്താവിച്ചതു് രാഷ്ട്രീയമുതലെടുപ്പിനൊന്നും വേണ്ടിയല്ല, പ്രത്യുത നമ്മുടെ നിത്യരക്ഷയ്ക്കു് ആധാരമായ കത്തോലിക്കാ വിശ്വാസത്തിനു് ഉണ്ടായിരിക്കുന്ന വലിയ ആപത്തു് വ്യക്തമാക്കുവാനാണു്.

ആകയാൽ, നമ്മെ വലയംചെയ്യുന്ന വിശ്വാസവിരുദ്ധമായ സാഹചര്യങ്ങൾ നമ്മെ സ്വാധീനിക്കാതിരിക്കുവാൻ ആവശ്യമായ പ്രതിവിധികൾ നമ്മൾ സ്വീകരിക്കണം. ഒന്നാമതായി, നിരന്തരമായ പാപജീവിതംവഴി വിശ്വാസത്തെ ഹനിക്കാതിരിക്കുവാൻ സൂക്ഷിക്കേണ്ടതാണു്. സന്മാർഗ്ഗനിയമങ്ങളെ തിരസ്കരിച്ചുകൊണ്ടും, മനുഷ്യൻെറ ത്രിവിധ ദുരാശകളെ യഥേഷ്ടം പ്രീണിപ്പിച്ചുകൊണ്ടും അനിയന്ത്രിതമായി

ജീവിക്കുവാൻ പ്രേരണ നൽകുന്ന നാസ്തികന്മാരുടെ വഞ്ചനയിൽ പെടാതിരിക്കണം. വിപ്ലവാസക്തി ജനിപ്പിച്ച്, അധികാരധിക്കാരത്തിനു അനീതിക്കും അക്രമത്തിനും പ്രോത്സാഹനം നല്കി, യുവജനങ്ങളെ അധ:പ്പതിപ്പിക്കുന്നവരിൽനിന്നു് അകന്നുനില്ക്കേണ്ടതാണു്. കാരണം ഈ അപകടങ്ങളിൽപ്പെട്ടു്, പാപത്തിനടിമയായി ജീവിക്കുന്നതിനിടയായാൽ വിശ്വാസം നഷ്ടപ്പെടുകതന്നെ ചെയ്യും. മൃതശരീരത്തിനു കണ്ണുണ്ടെങ്കിലും അതൊന്നും കാണുന്നില്ല; നാവുണ്ടെങ്കിലും സംസാരിക്കുന്നില്ല; കൈകളുണ്ടെങ്കിലും ഒന്നു പ്രവർത്തിക്കുന്നില്ല; എന്താണിതിനു കാരണം. അതു മൃതമാണു്; ജീവനില്ല ഇതാണു പാപികളുടെ സ്ഥിതിയും. പ്രസാദവരജീവൻ നഷ്ടപ്പെട്ട പാപിക്കു് നിത്യമായതൊന്നും പ്രവൎത്തിക്കുവാൻ കഴിവില്ല തന്നെ. ആത്മികകാര്യങ്ങൾ അവനു നിരൎത്ഥകമായിത്തീരുന്നു. അതുകൊണ്ടു് പാപത്തിൽ ജീവിക്കരുതു്; പാപസാഹചര്യങ്ങളിൽപ്പെടരുതു്; ലൗകികവ്യാമോഹങ്ങളിൽ കുടുങ്ങുകയും അരുതു്. വിനീതരും നിൎമ്മലരുമായി ജീവിക്കുവാൻ എപ്പോഴും ശ്രമിക്കുവിൻ.

രണ്ടാമതായി, വിജ്ഞാനംകൊണ്ടു് വിശ്വാസത്തെ സംരക്ഷിക്കണം. വിശ്വാസസത്യങ്ങളെപ്പററി നന്നായി പഠിച്ചുകൊണ്ടിരിക്കണം. കാരണം, ഇന്നു് അടിസ്ഥടി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന തെററായ അഭിപ്രായങ്ങളെ ശക്തിയുക്തം അഭിമുഖീകരിച്ചു പരാജയപ്പെടുത്തുവാൻ നമുക്കുകഴിയണം. അജ്ഞതയെ ചൂഷണം ചെയ്യുവാനാണു് സഭാ ശത്രുക്കൾ പരിശ്രമിക്കുന്നതു്. നാസ്തികരുടേയും യുക്തിവാദികളുടേയും കെണിയിൽപ്പെടാതെ നമ്മുടെ പാവപ്പെട്ട സഹോദരരെ സംരക്ഷിക്കേണ്ട കടമയും നമുക്കുണ്ടെന്നു് ഓൎക്കുവിൻ. പുതുമയുടെ പേരിൽ പുത്തൻ പ്രവാചകന്മാരായി, സഭാസന്താനങ്ങളിൽ നിന്നുതന്നെ ചിലർ ഓരോ കാലത്തു് പുറപ്പെടാറുണ്ടു്. ബൗദ്ധികമായ അഹങ്കാരമാണു് (Intellectual Pride) അതിനു കാരണം. പാഷണ്ഡതകൾ രൂപം പ്രാപിച്ചിട്ടുള്ളതു് അങ്ങനെയാണു്. ''മനുഷ്യപുത്രന്റെ രണ്ടാമത്തെ വരവിൽ ഈ ലോകത്തിൽ വിശ്വാസം കാണപ്പെടുമോ?'' എന്നു് ക്രിസ്തുനാഥൻ ചോദിച്ചതു് നമ്മുടെ കാലത്തു കൂടുതൽ അന്വൎത്ഥമാകുകയാണു്.

എന്നാൽ ഭയപ്പെടാനൊന്നുമില്ല. സഭാമാതാവിൻെറ ഔദ്യോഗികപഠനങ്ങളെ മുറുകെപ്പിടിച്ച് ജീവിച്ചാൽ മതി; ആരും വഴിതെററുകയില്ല.

മൂന്നാമതായി, നമ്മുടെ വിശ്വാസത്തെ ഭക്തകൃത്യങ്ങൾ കൊണ്ട് പരിപോഷിപ്പിക്കണം. വിശുദ്ധബലിയും കൂദാശകളും വഴി നമുക്ക വേണ്ട അനുഗ്രഹങ്ങൾ ധാരാളമായി ലഭിക്കുന്നതാണ്. ''പ്രലോഭനങ്ങളിൽ ഉൾപ്പെടാതിരിക്കുവാൻ നിങ്ങൾ ഉണൎന്നിരുന്നു പ്രാൎത്ഥിക്കുവിൻ'' എന്ന് ഈശോ ഉദ്ബോധിപ്പിച്ചിട്ടുണ്ടല്ലോ. ഏററം കാര്യക്ഷമമായ ഈ അനുഗ്രഹമാൎഗ്ഗങ്ങൾ ഉപേക്ഷിച്ചു ജീവിച്ചാൽ, പട്ടിണിയിരിക്കുന്നവരെ രോഗവും മരണവും ബാധിക്കുന്നതുപോലെ നമ്മുടെ വിശ്വാസത്തിനും കെടുതി സംഭവിക്കും. ഇന്നു പലേ ക്രൈസ്തവൎക്കും വന്നുകൂടുന്ന വിപത്താണിത്. ദൈവം തയ്യാറാക്കിയിരിക്കുന്ന ആത്മികപരിപോഷണം ധാരാളമായി സ്വീകരിക്കുവാൻ എല്ലാവരും ശ്രദ്ധിച്ചിരുന്നെങ്കിൽ!

നാലാമതായി, നമ്മുടെ വിശ്വാസത്തിന് സ്വന്തം ജീവിതംവഴി സാക്ഷ്യം വഹിക്കണം. വിശ്വാസപ്രമാണം നാവുകൊണ്ട് വൃഥാ ഉരുവിട്ടാൽ പോരാ, പ്രവൃത്തികൾകൊണ്ട് സമൎത്ഥിക്കുകതന്നെവേണം. വിശ്വാസാനുസൃതമായ ജീവിതം നയിക്കേണ്ടിയിരിക്കുന്നു. ക്രൈസ്തവർ, വിശിഷ്യ, വൈദികരും സന്യാസിനീസന്യാസികളും ദൈവത്തിനും സ്വൎഗ്ഗത്തിനും സാക്ഷ്യം വഹിക്കുന്നവരായി ജീവിക്കണം. ''പ്രവൃത്തിയില്ലാത്ത വിശ്വാസം ചത്തതാകുന്നു'' എന്നു വി. യാക്കോബ് പ്രസ്താവിച്ചിട്ടുണ്ടല്ലോ.

അവസാനമായി, ഹെബ്രായക്കുള്ള ലേഖനം 11-ാം അദ്ധ്യായത്തിൽ പ്രകീർത്തിച്ചിരിക്കുന്ന ആബേലിൻേറയും നോഹിൻേറയും അബ്രാഹത്തിൻേറയും മോശയുടേയും മററും വിശ്വാസദാർഢ്യം നമ്മുടെ ധ്യാനത്തിനു പലപ്പോഴും വിഷയമാക്കണം. വിശ്വാസത്തിനുവേണ്ടി കഠിനപീഡകൾ അനുഭവിക്കുകയും മരണം വരിക്കുകയുംചെയ്ത അസംഖ്യങ്ങളായ രക്ത

സാക്ഷികളുടെ ധീരമാതൃക നമുക്ക് എപ്പോഴും പ്രചോദനം നല്കേണ്ടതാണ്. രക്തസാക്ഷിയായ വി. തോമസ്മൂർ അന്ത്യ വേളയിൽ നടത്തിയ വിശ്വാസപ്രഖ്യാപനം കേട്ടാലും: "മഹാജനങ്ങളേ, നിങ്ങൾഎനിക്കുസാക്ഷികളാകുവിൻ. ഞാൻ എന്റെ കത്തോലിക്കാ വിശ്വാസത്തിനുവേണ്ടി മരിക്കുന്നു; കത്തോലിക്കാവിശ്വാസത്തിൽ മരിക്കുന്നു." ഡാനിയേൽ ഒക്കോണൽ ഡോൾഫസ്, ഗാർസിയ മൊരീന, മാർഷൽ ഫോഷ് തുടങ്ങിയ രാജ്യതന്ത്രജ്ഞന്മാരും, മാർക്കോണി, ആമ്പിയർ ലൂയി പാസ്റ്റർ മുതലായ ശാസ്ത്രവിദഗ്ദ്ധന്മാരും പുലർത്തിയ വിശ്വാസതീക്ഷ്ണത നമ്മെ ഭരിക്കുകയും നയിക്കുകയും ചെയ്യട്ടെ.

# 5. ക്രിസ്തീയ പുണ്യപൂർണ്ണത

മിശിഹായിൽ പ്രിയ സഹോദരരേ,

നമ്മുടെ അന്ത്യത്തെപ്പററി നമ്മരം ചിന്തിച്ചു; നമ്മുടെ സ്വർഗ്ഗപ്രാപ്തിയെപ്പററി. അതാണു നമ്മുടെ ദൈവവിളിയുടെ ലക്ഷ്യമെന്നു നമ്മരം കണ്ടു. എന്നാൽ നമ്മരം സ്വർഗ്ഗം പ്രാപിക്കണമെങ്കിൽ പുണ്യപരിപൂർണ്ണത സമ്പാദിക്കേണ്ടിയിരിക്കുന്നു. അതാണു ദൈവം നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥ. ആകയാൽ ദൈവം നമ്മിൽനിന്നാവശ്യപ്പെടുന്ന പുണ്യപൂർണ്ണതയെപ്പററി നമുക്കിപ്പോരം ധ്യാനിക്കാം. നമ്മുടെ കർത്താവു് നമ്മോടു പറയുന്നു: സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരാകുവിൻ.'' കർത്താവേ, അങ്ങേ തൃപ്പാദങ്ങളിലിരുത്തി ഞങ്ങളെ പഠിപ്പിക്കുകയാണല്ലോ. ഈ ധ്യാനദിവസങ്ങളിൽ പ്രത്യേകിച്ചും എന്തൊരു വലിയ കാരുണ്യമാണു ഞങ്ങളോടു് കാണിക്കുന്നതു്! എന്നാൽ, ഇത്രയേറെ നന്മകരം നല്കുന്നതോടുകൂടി അവയ്ക്കനുസരിച്ചുള്ള ഫലവും ഞങ്ങളിൽനിന്നു് അങ്ങു് പ്രതീക്ഷിക്കുന്നു. ഞങ്ങരം പരിപൂർണ്ണത പ്രാപിക്കണമെന്നാണു് അങ്ങാഗ്രഹിക്കുന്നതു്. ഞങ്ങളുടെ കുറവുകളും പോരായ്മകളും പരിഹരിച്ചുകൊണ്ടു് പരിപൂർണ്ണതയിലേക്കു് എത്തുവാനുള്ള അനുഗ്രഹം ഞങ്ങരംക്കു നല്കണമേ.

ഒരു സന്ധ്യാവേളയിൽ നമ്മുടെ കർത്താവു് ഗലീലയിലെ ഒരു മലയുടെ മുകളിലേക്കു് തനിയേ കയറിപ്പോയി. ഈശോയെ അനുഗമിച്ചിരുന്ന ശിഷ്യന്മാരും മററുള്ളവരും മലയുടെ താഴ്വാരത്തിൽ വിശ്രമിച്ചു. ആ മലക്കു രണ്ടു ശിഖരങ്ങളുണ്ടു്. അതിൽ ഒന്നിലേക്കു് കർത്താവു ഏകാകിയായി കയറി. എന്തിനു്? രാത്രി മുഴുവൻ പ്രാർത്ഥിക്കുവാൻ. അടുത്ത പ്രഭാതത്തിൽ അവിടുത്തേയ്ക്കു് ഒരു വലിയ കാര്യം നിർവ്വഹിക്കുവാനുണ്ടു്. പ്രധാന കാര്യങ്ങരംക്കു് ഒരുക്കമായി അവിടുന്നു് അധികം പ്രാർത്ഥിക്കുന്നതായി നാം സുവിശേഷത്തിൽ കാ

ന്നുണ്ടല്ലോ. ഈ രാത്രിയിലും അവിടുന്നു പ്രാർത്ഥിക്കുകയാണ്. ഈശോ പ്രാർത്ഥനയുടെശേഷം പ്രഭാതത്തിൽ ഇറങ്ങിവന്നു. പതിവനുസരിച്ച് ജനങ്ങളുടെ പക്കലേക്ക് പോകുന്നതിനു പകരം അവിടുന്ന് ആ മലയുടെ ഒരു ഭാഗത്തുള്ള നിരപ്പായ സ്ഥലത്ത് നിന്നിട്ട് എല്ലാവരേയും തൃക്കൺപാർത്തു. തന്റെ ശിഷ്യന്മാരൊക്കെ അവിടെ നില്ക്കുന്നുണ്ട്. ജനങ്ങൾ ധാരാളമായി വന്നുകൂടിയിട്ടുണ്ട്. അവിടുന്ന് ഒരു ദൃഢനിശ്ചയത്തോടുകൂടിയാണ് നില്ക്കുന്നത്. ഒരു വലിയ കാര്യം ചെയ്യുവാൻ പോകുന്നു. എന്താണത്? തന്റെ പന്ത്രണ്ടുശിഷ്യന്മാരെ തിരഞ്ഞെടുക്കുക. അവിടുന്ന് അവരെ പേർപറഞ്ഞു വിളിച്ചു. പത്രോസിനേയും, അന്ത്രയോസിനേയും, യാക്കോബിനേയും, യോഹന്നാനേയും, മത്തായിയേയും ഇങ്ങനെ ഓരോരുത്തരെ അവരുടെ പേരും ഇരട്ടപ്പേരും പറഞ്ഞ് തന്റെ പക്കലേയ്ക്കു വിളിച്ചു. ഈശോ ആ പന്ത്രണ്ടുപേരെ തിരഞ്ഞെടുത്ത് തന്റെ പാർശ്വങ്ങളിൽ നിറുത്തി ഇനി തന്റെ പുതിയ രാജ്യത്തിന്റെ പുതിയ വ്യവസ്ഥകളാണ് അവിടുന്നു പ്രഖ്യാപിക്കുവാൻ പോകുന്നത്, ക്രൈസ്തവരുടെ ജീവിതനിയമം —Rule of life. മലയിലെ പ്രസംഗം.

രണ്ടു മലകൾക്ക് വേദപുസ്തകത്തിൽ വളരെ പ്രാധാന്യമുണ്ട്; അവരണ്ടും തമ്മിൽ ഗാഢമായ ബന്ധവുമുണ്ട്. ഒന്ന് പഴയ നിയമത്തിലെ സീനായ് മല. അവിടെവെച്ചാണ് പത്തു പ്രമാണങ്ങൾ നൽകപ്പെട്ടത്. മൂശ ആ മലമുകളിൽ നാല്പതു ദിവസം പ്രാർത്ഥിച്ചതിനുശേഷം, ദൈവത്തിൽനിന്നും, കല്പലകകളിൽ എഴുതപ്പെട്ട പത്തു പ്രമാണങ്ങൾ സ്വീകരിച്ചുകൊണ്ട് ഇറങ്ങിവന്നു. എന്നാൽ പുതിയ നിയമത്തിൽ പ്രാധാന്യമേറിയ വേറൊരു മലയുണ്ട്. ഗിരിപ്രഭാഷണത്തിന്റെ തരംഗമായ മല. ഇവിടെവെച്ചാണു കർത്താവ് സുവിശേഷോപദേശങ്ങൾ പ്രഖ്യാപിച്ചത്; തന്റെ അനുയായികൾ പുണ്യപൂർണ്ണത പ്രാപിക്കുവാനായി സ്വീകരിക്കേണ്ട പ്രത്യേക ജീവിതവ്യവസ്ഥകൾ അവിടുന്ന് ക്രോഡീകരിച്ചുകൊടുത്തത്. ദാരിദ്ര്യത്തിന്റേയും വിശുദ്ധിയുടേയും എളിമയുടേയും സഹനത്തിന്റേയും ശാന്തതയുടേയും സമാധാനത്തിന്റേയും ക്ഷമയുടേയും ആദർശങ്ങൾ. ഒടുവിൽ ആ നീണ്ടപ്രസംഗം നമ്മുടെ

കത്താവ് ഉപസംഹരിക്കുകയാണ്: ''ആകയാൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ.'' ഇതാണു തൻെറ അനുയായികളിൽനിന്നു അവിടുന്നു് ആവശ്യപ്പെടുന്നതു്. സ്വർഗ്ഗസ്ഥനായ പിതാവിൻെറ പുണ്യപൂർണ്ണത അവിടുത്തെ മക്കളും യഥാശക്തി സ്വന്തമാക്കണം. ഇതേപ്പററി സൂനഹദോസ് പിതാക്കന്മാർ പറയുന്നു: ''എല്ലാ പൂർണ്ണതയുടേയും ദിവ്യഗുരുവും മാതൃകയുമായ ക്രിസ്തുനാഥൻ തൻെറ എല്ലാ ശിഷ്യന്മാരേയും അവരുടെ ജീവിതാവസ്ഥ പരിഗണിക്കാതെ, തൻെറ പിതാവു് പരിപൂർണ്ണനായിരിക്കുന്നതുപോലെ പരിപൂർണ്ണരാകുവാൻ ഉപദേശിച്ചുകൊണ്ടു് ജീവിതവിശുദ്ധിയിലേക്കു് ആഹ്വാനം ചെയ്തു. ഏതുജീവിതാന്തസ്സിലും സാഹചര്യങ്ങളിലുമായിരുന്നാലും ക്രിസ്തീയവിശ്വാസികളെല്ലാവരും ക്രൈസ്തവജീവിതത്തിൻെറ പൂർണ്ണതയും സ്നേഹത്തിൻെറ തികവും പ്രാപിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു'' (തിരുസഭ 40).

മലയിലെ പ്രസംഗംകൊണ്ടു് അവസാനിപ്പിക്കാതെ ഈശോ സ്വശിഷ്യന്മാരെ ഉദ്ബോധിപ്പിച്ചു: ''നിങ്ങൾ ലോകത്തിൻെറ പ്രകാശമാണു്; നിങ്ങൾ ഭൂമിയുടെ ഉപ്പാണു്. നിങ്ങളുടെ വെളിച്ചം മററുള്ളവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.'' എന്തിനു്? ''നിങ്ങളുടെ നല്ല പ്രവൃത്തികൾ കണ്ടു് സ്വർഗ്ഗസ്ഥനായ പിതാവിനെ മററുള്ളവർ പ്രകീർത്തിക്കുവാൻ.'' ക്രിസ്ത്യാനിയിൽനിന്നു് ആവശ്യപ്പെടുന്ന ജീവിതം ഇതാണു്. നമ്മുടെ സുകൃതവ്യാപാരങ്ങളുടെ പ്രകാശം എല്ലാവരും കൂടുതൽ വ്യക്തമായി കാണുവാൻ ഇടയാകണം. മലയുടെ മുകളിലാണു് ഈ ദീപം സ്ഥാപിക്കുക; അല്ലാതെ പറയുടെ കീഴിലല്ല. അങ്ങനെ അതു് എല്ലാവരും കാണണം. സത്യദീപമാണു് താനെന്നു് ഈശോ പറഞ്ഞിട്ടുണ്ടല്ലോ. ആക്കും വഴിതെററിപ്പോകരുതു്, സ്വർഗ്ഗത്തിലേക്കുള്ള യാത്രയിൽ പാപാന്ധകാരം എത്ര കട്ടത്തതായാലും സുകൃതങ്ങളുടെ പ്രകാശധോരണി അതിനെയെല്ലാം ജയിക്കുന്നതാണു്. ക്രിസ്തുശിഷ്യനും ഇങ്ങനെ വർത്തിക്കണമെന്നാണു് ദിവ്യനാഥൻെറ ആഗ്രഹം. ഇതാണു സുകൃതജീവിതംകൊണ്ടു് സാധിക്കേണ്ടതു്. വീണ്ടും ''നിങ്ങൾ ലോകത്തിൻെറ ഉപ്പാണു്. ഉറപ്പിനു് ഉറ കെട്ടുപോയാൽപിന്നെ എ

ന്തുകൊണ്ടാണ്‌ ഉപ്പിടുന്നതു്?'' ഈശോ ചോദിക്കുന്നു. ആദത്തിൻെറ പാപംകൊണ്ടു ജീർണ്ണിച്ചിട്ടുള്ള ഈ ലോകത്തിനു ഉപ്പായിത്തീർന്നു് അതിൻെറ മാലിന്യത്തിൽനിന്നു് അതിനെ മോചിപ്പിച്ചു് ശുദ്ധമായി നിലനിറുത്തുക, ഉപ്പായിട്ടു പ്രവത്തിക്കുക, ക്രൈസ്തവൻെറ വലിയ കടമയാണു്.

ക്രിസ്തുനാഥൻെറ ജീവിതമാതൃക അതിനു നമ്മെ പ്രേരിപ്പിക്കുന്നു. ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തതു് എന്തിനാണു്? നമുക്കു മാതൃക തരുവാൻ. മനുഷ്യനായിവന്നു്, നമ്മുടെ മദ്ധ്യത്തിൽ ജീവിച്ചു്, നമുക്കൊക്കെ കാണുവാനും കേൾക്കുവാനും അനുകരിക്കുവാനും പററിയ മാതൃക വളരെ വ്യക്തമായിട്ടു കർത്താവു നല്കിയിരിക്കുന്നു. ഈശോയുടെ മുപ്പതുകൊല്ലത്തെ ജീവിതത്തെപ്പററി സുവിശേഷകൻ എഴുതുന്നു: ''അവിടുന്നു ജ്ഞാനത്തിലും പ്രായത്തിലും പ്രസാദവരത്തിലും അഭിവൃദ്ധിയോടെ വളർന്നുവന്നു''വെന്നു്. നമ്മുടെ കർത്താവു എല്ലാ നന്മകളുടെയും പൂർണ്ണതയാണല്ലോ. അവിടുന്നതു കൂടുതൽ കൂടുതൽ ബാഹ്യമായി കാണിച്ചുതന്നു, നമുക്കു് അനുകരിക്കുവാൻ. നസ്രത്തിലെ തിരുഭവനത്തിൽ അവിടുന്നു പ്രാർത്ഥിച്ചും പ്രവത്തിച്ചും വളർന്നു. അവിടുന്നു് അനുസരണവും എളിമയും അദ്ധ്വാനവും ഏകാന്തതയും പ്രാർത്ഥനയും സർവ്വോപരി സ്നേഹവും പാലിച്ചു ജീവിച്ചു. ഈ ജീവിതം മാതൃകയായി എല്ലാവരും സ്വീകരിക്കേണ്ടതാണു്.

അനന്തരം അവിടുന്നു് എല്ലാം ഉപേക്ഷിച്ചിട്ടു് പരസ്യജീവിതമാരംഭിക്കുന്നു. സകല ലൗകികബന്ധങ്ങളും വിട്ടുകൊണ്ടു് പിതാവിൻെറ ജോലിയിൽ പ്രവേശിക്കുന്നു, അലഞ്ഞു തിരിഞ്ഞു ജീവിക്കുന്നു. ഒടുവിൽ സ്വർഗ്ഗീയപിതാവിൻെറ ഹിതാനുസാരം കുരിശിൽ സ്വയം ബലിയായി അർപ്പിക്കുന്നു. ഈ തികഞ്ഞ മാതൃക കാണിച്ചുതന്നുകൊണ്ടു് അവിടുന്നു പറയുകയാണു്; ''നിങ്ങളെന്നെ കണ്ടുപഠിക്കുവിൻ; ഞാൻ ജീവിച്ചതു കണ്ടില്ലേ? പ്രവത്തിച്ചതു കണ്ടില്ലേ? നിങ്ങളെന്നെ അനുകരിക്കുവിൻ'' ക്രിസ്ത്യാനി സ്വനേതാവിൻെറ മാതൃക തൻെറ ജീവിതത്തിലേക്കു പകത്തണം. അപ്പസ്തോലൻ പറഞ്ഞു: 'ഞാൻ ജീവിക്കുന്നു. എന്നാൽ, ഞാനല്ല ക്രിസ്തു എന്നിൽ

ജീവിക്കുന്നു.'' ഇതുപോലെ ക്രിസ്തുവിനെ നമ്മിൽ രൂപപ്പെടുത്തണം; അവിടുത്തെ സുകൃതങ്ങൾ നമ്മിൽ വളർന്നു വരണം. അതാണു പരിപൂർണ്ണത പ്രാപിക്കാനുള്ള വഴി.

ഈശോയുടെ അന്ത്യപ്രഭാഷണം അതിസ്വാഭാവിക ജീവിതത്തെപ്പററിയുള്ള വ്യവസ്ഥാപിതമായൊരു പഠനമാണത്. അതിസ്വാഭാവിക ജീവിതമെന്താണെന്ന് അവിടുന്നു പറയുന്നു: ''ഞാൻ മുന്തിരിവള്ളി; നിങ്ങൾ ശാഖകൾ; എന്റെ പിതാവു് തോട്ടക്കാരൻ.'' പിതാവാണു അതിസ്വാഭാവികജീവൻ നല്കുക. പക്ഷേ, അതു കിട്ടുന്നതു ക്രിസ്തുവഴിയാണ്. അതു വളർത്തിക്കൊണ്ടു വരണം, ക്രിസ്തുവിനോടുള്ള ബന്ധം പാലിച്ചുകൊണ്ടു്. ജീവൻ എപ്പോഴും വളരേണ്ടതാണ്. വളരുന്നില്ലെങ്കിൽ ക്ഷയിക്കുമെന്നു നമുക്കറിയാം. അനന്തരം ആദ്ധ്യാത്മികജീവിതത്തിൽ വളരുവാൻ വേണ്ടുന്ന വ്യവസ്ഥകൾ അവിടുന്നു ചൂണ്ടിക്കാണിക്കുന്നു: ''നിങ്ങൾ പിതാവിൽ വിശ്വസിക്കുവിൻ.'' എന്നിലും വിശ്വസിക്കുവിൻ.'' വിശ്വാസമാണ് അതിന്റെ അടിസ്ഥാനം. Faith is the beginning of justification ദൈവത്തിലുള്ള വിശ്വാസം; ദൈവം നമുക്കുതന്ന രക്ഷകനിലുള്ള വിശ്വാസം. നമ്മുടെ വിശ്വാസത്തിന്റെ ഏററം പ്രധാനപ്പെട്ട രണ്ടുസത്യങ്ങളാണ് ദൈവത്തിന്റെ ഏകത്വവും ത്രിത്വവും, പുത്രൻതമ്പുരാന്റെ മനുഷ്യാവതാരവും സഹനവും മരണവും ഉയിർപ്പും, അങ്ങനെ കൈവന്ന ലോകത്തിന്റെ രക്ഷയും. ഈ വിശ്വാസത്തിൽ വളരണം. അല്ലാതെ ലോകത്തിന്റെ വിജ്ഞാനംകൊണ്ടു നടന്നാൽപോരാ. ദൈവത്തിന്റെ വീക്ഷണഗതി സ്വന്തമാക്കണം. ഇനി, അതിസ്വാഭാവികജീവൻ നിലനിറുത്തുവാൻ എന്തുവേണം? പ്രമാണങ്ങൾ ആചരിക്കണം, എങ്കിലേ പ്രസാദവരജീവൻ നഷ്ടപ്പെടാതിരിക്കൂ. അതുകൊണ്ടു് ഈശോ പറയുന്നു: ''നിങ്ങൾ എന്റെ സ്നേഹിതന്മാരാണെങ്കിൽ എന്റെ കല്പനകൾ കാക്കണം. യാതൊരുവൻ എന്റെ കല്പനകൾ കാക്കുന്നില്ല, അവൻ എന്റെ സ്നേഹിതനല്ല.'' പ്രമാണങ്ങൾ പാലിച്ചു പാപരഹിതമായി ജീവിക്കുക അവശ്യാവശ്യമാണ്

പുണ്യപൂർണ്ണതയ്ക്കു് ഇത്രയും മതിയോ? പോരാ. പ്രസാദവരജീവനെ വളർത്തിക്കൊണ്ടുവരണം. അതിനുള്ള വിവേ

ങ്ങളാണ് ഭക്തകൃത്യങ്ങൾ. ഈശോ പ്രത്യേകം ഉപദേശിക്കുന്നു: ''എന്റെ പിതാവിനോടു നിങ്ങൾ എന്തു ചോദിച്ചാലും നിങ്ങൾക്കു കിട്ടും. നിങ്ങൾ മുട്ടുവിൻ, തുറന്നുകിട്ടും; അന്വേഷിക്കുവിൻ, കണ്ടെത്തും; ചോദിക്കുവിൻ, ലഭിക്കും.'' വി. ബലി, കൂദാശകളുടെ സ്വീകരണം തുടങ്ങിയവയെല്ലാം ഇതിൽപെടും. രക്ഷയുടെ ഫലം ധാരാളമായി നല്കുന്ന ഈ ദിവ്യാനുഷ്ഠാനങ്ങൾ വഴി ദൈവികജീവനെ പരിപോഷിപ്പിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണമെന്നു രണ്ടാംവത്തിക്കാൻ കൗൺസിൽ ഉപദേശിക്കുന്നു (തിരുസ്സഭ42). ആകയാൽ വി. ബലിയിൽ സംബന്ധിക്കാനും കൂദാശകൾ സ്വീകരിക്കാനും കിട്ടുന്ന സൗകര്യം പ്രയോജനപ്പെടുത്തേണ്ടതാണ്.

ഈശോ തുടന്നു അരുൾചെയ്തു: ''നിങ്ങൾ എന്റെ ശിഷ്യന്മാരെന്നു് ലോകം അറിയുവാൻവേണ്ടി പരസ്പരം സ്നേഹിക്കുവിൻ''. അന്യോന്യമുള്ള ഈ സ്നേഹവും സേവനവും വഴിയാണ് അതിസ്വാഭാവികജീവൻ വികസിക്കേണ്ടതു്. മററുള്ളവരുടെ രക്ഷയ്ക്കായുള്ള പരിശ്രമം നമ്മുടെ ജീവനെ പുരോഗമിപ്പിക്കും. ഈ ജീവൻ വിജയത്തിലേക്ക് എത്തുന്നതു് സഹനംവഴിയാണെന്നും അവിടുന്നു് ഓർമ്മിപ്പിക്കുന്നുണ്ടു്: ''നിങ്ങളെ അവർ പീഡിപ്പിക്കും. നിങ്ങളെ പിടിച്ചുകെട്ടി സംഘങ്ങളിൽ ഹാജരാക്കും. നിങ്ങളെ കൊല്ലുന്നതു് ഒരു നല്ല കൃത്യമാണെന്നു് അവർ കരുതും.'' ''ലോകം നിങ്ങളെ ദ്വേഷിക്കും. കാരണം, അതു് ആദ്യം എന്നെ ദ്വേഷിച്ചു, കാരണംകൂടാതെ.'' തുടർന്നു ദിവ്യനാഥൻ സഹനത്തിന്റെ വിജയം വ്യക്തമാക്കി: ''നിങ്ങൾ കരഞ്ഞു വിലപിക്കും; എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും.'' അവിടുത്തെ കുരിശുമരണവും ഉത്ഥാനവും ഇതിനു നല്ല തെളിവാണല്ലോ. അലസതവെടിഞ്ഞു്, ത്യാഗപൂർവ്വം ജീവിതകടമകൾ നിർവ്വഹിച്ചുകൊണ്ടു് വിജയംവരിക്കുവാനുള്ള ഒരാവേശംതന്നെ നമുക്കുവേണം: പരിപൂർണ്ണതയുടെ അന്ത്യവും പ്രതിഫലവും സ്വർഗ്ഗഭാഗ്യമാണെന്നു് ഈശോ അവരെ ഓർമ്മപ്പെടുത്തുന്നുണ്ടു്: ''എന്റെ പിതാവിന്റെ ഭവനത്തിൽ അനവധി വാസസ്ഥാനങ്ങളുണ്ടു്; നിങ്ങൾക്കുവേണ്ടി സ്ഥലമൊരുക്കുവാൻ ഞാൻ പോകുന്നു. ഞാൻ വന്നു നിങ്ങളേയും കൂട്ടിക്കൊണ്ടുപോകും.''

ഈശോ വാഗ്ദാനം ചെയ്തിട്ടുള്ള ഈ നിത്യഭാഗ്യത്തെപ്പററിയുള്ള ബോധം, നിരന്തരം പരിശ്രമിച്ച് പരിപൂർണ്ണത പ്രാപിക്കുന്നതിനു നമുക്കു സഹായകമാകുമല്ലോ.

ഇപ്രകാരം പുണ്യപരിപൂർണ്ണത പ്രാപിച്ച് സ്വർഗ്ഗമഹത്വം സ്വന്തമാക്കാനുള്ള കാര്യങ്ങൾ പഠിപ്പിച്ചതിനെ തുടന്ന് നമ്മുടെ കത്താവു് തൻെറ വൈദികക്കുവേണ്ടിയും അവരുടെ പ്രസംഗം വഴി തന്നിൽ വിശ്വസിക്കുന്നവക്കുവേണ്ടിയും പ്രാത്ഥിക്കുകയും ചെയ്തു. യോഹന്നാൻെറ സുവിശേഷം 17-ാം അദ്ധ്യായത്തിൽ ആ നീണ്ടപ്രാർത്ഥന രേഖപ്പെടുത്തിയിട്ടുണ്ടു്. "ഞാൻ നിന്നിലും നീ എന്നിലും ആയിരിക്കുന്നതുപോലെ, ഇവരും നമ്മിൽ ഒന്നായിരിക്കുവാനായി ഞാൻ പ്രാർത്ഥിക്കുന്നു." പരി. ത്രിത്വത്തിലെ മൂന്നു ദൈവാളുകളുടെ ഇടയിലുള്ള സ്നേഹവും ഐക്യവും വിശ്വാസികളുടെ ഇടയിലും നിലനില്ക്കണം. അങ്ങനെയാണു് സ്വർഗ്ഗഭാഗ്യത്തിൻെറ മുന്നനുഭവം തന്നെ അവക്കുണ്ടാകേണ്ടതു്. ഇതിൻെറയെല്ലാം തികവു് ആ പ്രാർത്ഥനയുടെ അവസാന വാക്യത്തിലുണ്ടു്: "നീ എനിക്കു തന്ന ആ സ്നേഹം ഇവരിലുമുണ്ടായിരിക്കണം; ഞാനും അവരിലുണ്ടായിരിക്കണം." ആദ്ധ്യാത്മികത്വത്തിൻെറ തികവാണിതു്. "നീ എനിക്കു തന്ന സ്നേഹം" —പിതാവും പുത്രനും തമ്മിലുള്ള സ്നേഹബന്ധമാണതു് —ദൈവികജീവിതത്തിൻെറ പൂർണ്ണത. പിതാവിൻേറയും പുത്രൻേറയും പരസ്പരസ്നേഹത്തിൽനിന്നു് പരിശുദ്ധാത്മാവു പുറപ്പെടുന്നു. പരി. ആത്മാവിൻെറ സഹവാസവും പ്രവത്തനവും വഴിയാണു് പരിപൂർണ്ണത പ്രാപിക്കേണ്ടതു്. "ഞാനും ഇവരിലുണ്ടാകണം" —എല്ലാം ദിവ്യരക്ഷകൻ വഴിയാണല്ലോ ലഭിക്കുക. പരി. ത്രിത്വം ദൈവികസ്നേഹത്തിൻെറ തികവിൽ ഓരോ ക്രൈസ്തവനിലും വസിക്കണം; അഥവാ, ദിവ്യസുതൻവഴി പരിശുദ്ധാത്മാവിൽ അവർ പരമപിതാവിനോടു ഗാഢമായ സ്നേഹഐക്യം പാലിക്കണം—"Loving and intimate union with the Father through the Son in the Holy Spirit." അങ്ങനെ ദൈവിക പൂർണ്ണത അവരിൽ ആവിഷ്ക്കരിക്കണം—ഇതാണു് ദിവ്യനാഥൻെറ ഹൃദയാഭിലാഷം. ഇതിലധികമായി എന്താണു മനുഷ്യനു് ഈ ലോകത്തിൽ ലഭിക്കേണ്ടതു്! ഇതെല്ലാം നമ്മുടെ കാലത്തും നമ്മിലും ഉണ്ടാകു

വാൻ ഈശോ ആഗ്രഹിക്കുന്നുണ്ട്. ഇതേ അനുഗ്രഹങ്ങൾ നമുക്കും ലഭിക്കുവാനായി ദിവ്യനാഥൻ തിരുസക്രാരിയിൽനിന്നു നിരന്തരം പ്രാൎത്ഥിക്കുന്നു. നമ്മൾ അവിടത്തെ ആഗ്രഹത്തോടു് സഹകരിക്കണം. എന്റെ കൎത്താവേ, ഞങ്ങൾ അങ്ങേ പാദങ്ങളിൽ ഇരുന്നു ശ്രവിക്കുന്നതു് അങ്ങേ വാക്കുകൾതന്നെയാണല്ലോ. ദിവ്യസക്രാരിയിൽനിന്നു സദാ ഉയരുന്ന പ്രാൎത്ഥനയുടെ ചൈതന്യം ഞങ്ങളുടെ ഹൃദയത്തിൽ പ്രവൎത്തിക്കട്ടെ. ഈ ചിന്തകൾ ഞങ്ങളെ സദാ ഭരിക്കട്ടെ. അതിനോടു് ആത്മാൎത്ഥമായി സഹകരിക്കുവാൻ ഞങ്ങൾ പ്രാപ്തരാകുകയും ചെയ്യട്ടെ.

# 6. പാപം

മിശിഹായിൽ പ്രിയ സഹോദരരേ,

1945 ആഗസ്റ്റ് മാസം 6-ാം തീയതി ഒരിക്കലും മറക്കുവാൻ കഴിയാതെ നില്ക്കുന്ന ഒരു ഭീകരദിനമാണ്. അന്നാണ് ജപ്പാനിലെ ഹിരോഷിമ പട്ടണത്തിൽ ആദ്യമായി ആററം ബോംബിട്ടതു്. തൽഫലമായി അവിടെ ഒരഗാധഗർത്തം ക്ഷണനേരംകൊണ്ടു് ഉണ്ടായി. അതിൽനിന്നുയർന്ന അഗ്നിജ്വാലകൾ ആകാശംമുട്ടെ കത്തിക്കാളി. നാലര ചതുരശ്രമൈലിലധികം സ്ഥലത്തുണ്ടായിരുന്ന സകലതും നശിച്ചു വെണ്ണീറായിത്തീൎന്നു. 70,000-ൽപരം ആളുകൾ ദഹിച്ചു ധൂളിയായി അന്തരീക്ഷത്തിൽ പറന്നു. അത്രയും തന്നെ ആളുകൾ മുറിവേററു് അവശരായി ഭവിച്ചു. മാത്രമല്ല, കണക്കാക്കുവാൻ കഴിയാത്തവിധം അത്രയേറെ ആളുകൾ റേഡിയോപ്രസരം മൂലം കൊല്ലംതോറും മരിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. ചുരുക്കത്തിൽ, ഈ ലോകത്തിൽ നരകം സൃഷ്ടിച്ച ഭീകരസംഭവമാണതു്. എന്നാൽ സഹോദരരേ, പരലോകത്തിൽ യഥാൎത്ഥനരകംതന്നെ സൃഷ്ടിച്ച ആ നിർഭാഗ്യസംഭവം ഇതിലും എത്രയോ ഘോരമാണ്. അതാണു മാലാഖമാർ ചെയ്ത പാപം! അങ്ങനെയാണു നരകം ആവിർഭവിച്ചതു്. അതു പാപത്തിന്റെ ഭീകരത വ്യക്തമാക്കിക്കൊണ്ടു് ഇന്നും നിലനില്ക്കുന്നു; എന്നും തുടരുകയുംചെയ്യും. ആകയാൽ ക്രിസ്തുനാഥൻ ഉദ്ബോധിപ്പിക്കുന്നു: ‘‘ശരീരത്തെമാത്രം നശിപ്പിക്കുവാൻ കഴിയുന്നവനെ ഭയപ്പെടേണ്ട. ശരീരത്തേയും ആത്മാവിനേയും നരകത്തിൽ നശിപ്പിക്കുവാൻ കഴിയുന്നവനെ ഭയപ്പെടുവിൻ’’ എന്നു്. ഈശോ ഇവിടെ ചൂണ്ടിക്കാണിക്കുന്ന മഹാ വിപത്തു പാപമത്രേ. പാപപരിഹാരബലിയായി സ്വയം ഹോമിച്ച അവിടുത്തോടു നമുക്കു പ്രാർത്ഥിക്കാം, പാപത്തിന്റെ കാഠിന്യം ശരിയായി മനസ്സിലാക്കുവാൻ അനുഗ്രഹിക്കണേ എന്നു്.

സഹോദരരേ, നമ്മൾ മുമ്പു കണ്ടതുപോലെ പാപത്തിൻെറ ചരിത്രം ആരംഭിക്കുന്നതു് ഈ ലോകത്തിലല്ല, പിന്നെയോ പരലോകത്തിലാണു്; മനുഷ്യരുടെ ഇടയിലല്ല, മാലാഖമാരുടെ മദ്ധ്യത്തിലാണു്. മാലാഖമാരുടെ പരാജയത്തെപ്പററി ഈശോതന്നെ പറഞ്ഞിട്ടുണ്ടു്. ഒരിക്കൽ അപ്പസ്തോലന്മാരുടെ ഇടയിൽ ഒരു സംസാരമുണ്ടായി, അവരിൽ വലിയവൻ ആരാണെന്നതിനെപ്പററി. അഹങ്കാരത്തിൻെറ ആവിർഭാവം! അതു കണ്ടിട്ടു് ഈശോ പറഞ്ഞു: "സാത്താൻ സ്വർഗ്ഗത്തിൽനിന്നു് ഇടിമിന്നൽപോലെ അധഃപതിക്കുന്നതു ഞാൻ കാണുന്നു." തൻെറ പ്രേഷിതന്മാരുടെ ഇടയ്ക്കു് പാപകരമായ ഒരു ചിന്ത പരക്കുന്നതുകണ്ടപ്പോൾ അവിടുന്നു് അവരുടെ ശ്രദ്ധ ദൈവത്തിൻെറ ഉൽകൃഷ്ട സൃഷ്ടികളായ മാലാഖമാരുടെ പരാജയത്തിലേക്കു് തിരിക്കുകയാണു്. ഈ വാക്യം നമ്മുടെ മുമ്പിൽ വച്ചുകൊണ്ടു് നമുക്കു ധ്യാനിക്കാം. ഈശോ അതുതന്നെ നമ്മോടും പറയുന്നുവെന്നു നമുക്കു കരുതാം.

ഒന്നാമതായി മാലാഖമാരുടെ സൃഷ്ടിയെപ്പററിയാണു് നാം ചിന്തിക്കേണ്ടതു്. മാലാഖമാരാരാണു്? അവർ ദൈവത്തിൻെറ സൃഷ്ടികളുടെ മകുടമാണു്. ദൈവം സൃഷ്ടിച്ച ഏററം ഉൽകൃഷ്ടജീവികൾ. മാലാഖമാരുടെ ഔന്നിത്യം മനസ്സിലാക്കുവാൻ നമുക്കിപ്പോൾ കഴിയുമോ? സാദ്ധ്യമല്ല. കാരണം, നമ്മുടെ ഇന്ദ്രിയങ്ങളിലൊന്നും പെടാത്തവിധത്തിൽ അത്ര ഉന്നതമാണതു്. അവർക്കു ശരീരമില്ല, ശാരീരികമായ കുറവുകളൊന്നുമില്ല. പരിശുദ്ധാത്മരൂപികളാണു് മാലാഖമാർ. അവരുടെ ബുദ്ധിശക്തിയുടെ പ്രവർത്തനങ്ങൾ അത്ഭുതകരമാണു്, നമ്മുടെ ആലോചനയും പര്യാലോചനയുമൊന്നും വേണ്ട മാലാഖമാർക്കു് കാര്യങ്ങൾ ഗ്രഹിക്കുവാൻ. ഒരു നോട്ടത്തിൽ എല്ലാം ഗ്രഹിക്കുന്ന വലിയ കഴിവു് — Intuitive vision — അവർക്കുണ്ടു്. അവക്കു്, സ്ഥലകാലവ്യത്യാസമൊന്നും ഇല്ലാത്തവിധത്തിൽ പ്രവത്തിക്കാൻ കഴിയും. പ്രസാദവരത്തിൻെറ വലിയ ദാനങ്ങളും അവർക്കു നല്കിയിരുന്നു. അവരുടെ തലവനായിട്ടു്. ഇതിലെല്ലാം അതിശയിക്കുന്ന അനുഗ്രഹങ്ങളോകൂടി ലൂസിഫർ എന്ന പ്രമുഖ മാലാഖയെ ദൈവം നിയമിച്ചു. അവർ വസിക്കുന്നതു സ്വർഗ്ഗത്തിലാണു്, ദൈവത്തോടൊ

ന്നിച്ചു്. നിത്യഭാഗ്യം അനുഭവിക്കുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവരാണവർ. എന്നാൽ അവക്കു സ്വർഗ്ഗഭാഗ്യത്തിന്റെ അനുഭവം സ്ഥിരമായി നല്കുന്നതിനുമുമ്പു് — അവരെ പ്രസാദവരത്തിൽ സ്ഥിരപ്പെടുത്തുന്നതിനുമുമ്പു് — ദൈവം അവരെ ഒരു പരീക്ഷണത്തിനു വിധേയമാക്കി. ഇത്ര ഉന്നതസൃഷ്ടികൾ തങ്ങളുടെ സ്വന്തമായിട്ടെന്തെങ്കിലും ചെയ്തു് സ്വർഗ്ഗത്തിന്റെ അവകാശം സ്വീകരിക്കുവാനുള്ള ഒരവസരം നൽകുകയായിരുന്നു ദൈവം. എന്നാൽ, ആ കല്പന അനുവർത്തിക്കുവാൻ അവർ സന്നദ്ധരായില്ല. അവരിൽ ഒരുഭാഗം ദൈവത്തിന്റെ കല്പനയെ എതിർക്കുകയാണു് ചെയ്തതു്, അഹങ്കാരത്തിന്റെ പ്രേരണയാൽ. ദൈവത്തോടുള്ള കടപ്പാടുകൾ അംഗീകരിക്കാതെ, അവർക്കുള്ള വലിയ കഴിവുകളിൽ അന്ധാളിച്ചു് അവർ ദൈവകല്പന ലംഘിച്ചു. അങ്ങനെ ഒന്നാമത്തെ പാപം വന്നുകൂടി. ആ പാപത്തിന്റെ ഫലമെന്തായിരുന്നു? പാപം ചെയ്ത ദൈവദൂതന്മാർ ഉടനെ പിശാചുക്കളായിത്തീന്നു. സ്വർഗ്ഗഭാഗ്യത്തിനു പകരം നരകദുരിതം വന്നുകൂടി. ദൈവത്തിന്റെ അനുഗ്രഹംകൊണ്ടു് നിറഞ്ഞുജീവിക്കേണ്ടവർ ദൈവത്തിന്റെ ശാപത്തിനു ഇരയായി ഭവിച്ചു. എത്രയോ വലിയ അധഃപതനം! ആരോഗ്യവാനായ ഒരു വ്യക്തി വേഗം രോഗിയായിത്തീർന്നേക്കാം; മരിച്ചെന്നും വരാം. വളരെ ബുദ്ധിശക്തിയുള്ള ഒരാൾ വെറും വിഡ്ഢിയായി പരിണമിച്ചേക്കാം, വലിയ സമ്പന്നൻ പെട്ടെന്നു ഭിക്ഷുവായി അലയുവാൻ തുടങ്ങിയെന്നു വരാം. എന്നാൽ ദൈവദൂതൻ പിശാചാകുകയോ? നന്മയുടെ തികവെന്നനിലയിൽ ദൈവം സൃഷ്ടിച്ച അവർ എല്ലാം നശിപ്പിച്ചു് ഏററം ദുർഭഗരായിത്തീന്നെന്നോ? ദൈവത്തെ സ്തുതിച്ചുകൊണ്ടു് എന്നും സൗഭാഗ്യമനുഭവിക്കേണ്ട മാലാഖമാർ ദൈവത്തെ നിരന്തരം ശപിച്ചുകൊണ്ടു് നരകവേദന അനുഭവിക്കുന്ന പിശാചുക്കളാകയോ? അതെ, ഇതെല്ലാം സംഭവിക്കുക തന്നെ ചെയ്തു. ഒരേയൊരു പാപംമൂലമുണ്ടായ വിനാശം.!

ഈ മഹാവിപത്താണു് ഈശോ തന്റെ ശിഷ്യന്മാരുടെ പാപചിന്തയുടെ മുമ്പിൽ എടുത്തു കാണിച്ചതു്. നമ്മൾ ദൈവപുത്രരും സ്വർഗ്ഗത്തിന്റെ അവകാശികളുമാണു്. എത്രയോ ദിവ്യാനുഗ്രഹങ്ങൾ എന്നും സ്വീകരിക്കുന്നു. എല്ലാം ശരി; എ

ന്നാൽ അതിൻെറ മദ്ധ്യത്തിൽ ഒരു പാപം കടന്നുകൂടിയാൽ എല്ലാം തകന്നു. യൂദാസിൻെറ പരാജയം അതാണു് നമ്മെ ഓർമ്മപ്പെടുത്തുന്നതു്. പന്ത്രണ്ടു സിംഹാസനങ്ങളിലൊന്നിലിരുന്നു് ദൈവജനത്തെ വിധിക്കേണ്ടിയിരുന്ന യൂദാസിൻെറ പരാജയം തന്നെയല്ലേ നമുക്കും വന്നുകൂടുക? ''നില്ക്കുന്നവൻ വീഴാതിരിക്കുവാൻ സൂക്ഷിക്കട്ടെ'' എന്നുള്ള വേദപുസ്തകവാക്യം സദാ ഓർമ്മിച്ചുകൊണ്ടു് നമ്മൾ ജീവിക്കണം: മാത്രമല്ല, കർത്താവു നമ്മോടു കാണിച്ചിട്ടുള്ള കാരുണ്യത്തെ നാമെന്നും പ്രകീർത്തിക്കയും വേണം.

ഇന്നത്തെ ലോകത്തെ ശരിയായി പഠിച്ചുകൊണ്ടിരുന്ന ഒരു മഹാപുരുഷനായിരുന്ന 12-ാംപീയൂസ് പാപ്പ. അദ്ദേഹം ഒരിക്കൽ പറഞ്ഞു: ''നാം ജീവിക്കുന്ന ഈ കാലത്തിനു് ഒരു വലിയ കുറവുണ്ടു്. ഇന്നത്തെ ലോകത്തിനു് പാപബോധമില്ല''—No sense of sin. അതായതു് ഇന്നു മനുഷ്യൻ പാപമല്ലെന്നും പറഞ്ഞു് പാപം ചെയ്യുന്നു! യഥാർത്ഥത്തിൽ കുററകരമായിട്ടുള്ളതു് കുററമല്ലെന്നും പറഞ്ഞു ചെയ്യുവാനുള്ള വല്ലാത്ത മിടുക്കു് നമ്മുടെ ലോകത്തിനുണ്ടു്. പഴയ കാലത്തു് ഒരാൾ തെററുചെയ്താൽ തെററാണെന്നു സമ്മതിക്കുമായിരുന്നു. ഇന്നാകട്ടെ, താൻ ചെയ്തതു് ഒരു വീരകൃത്യമാണെന്നു വാദിച്ചുകളയും. ആത്മഹത്യചെയ്യുന്നതു വീരകൃത്യമാണുപോലും! കണ്ടവൻെറ പണം അപഹരിക്കുന്നതു് മിടുക്കാണു്! ബസ്സിൽ കയറി, ടിക്കററു വാങ്ങിയിട്ടു് പൈസ കൊടുക്കാതെ പോകുന്ന വിദ്യാർത്ഥി കോളേജിൽ വന്നു പറയും: ''ഞാൻ ബസ്സുകാരെ പററിച്ചു; പൈസ കൊടുക്കാതെ പോന്നിരിക്കയാണു്!'' ആ ഹീനകൃത്യത്തിനു് ഒരു മംഗളപത്രം കൊടുക്കണമെന്നാണു് അയാളുടെ ഭാവമെന്നു തോന്നും! ഇതുപോലെതന്നെയാണു് അനുസരണത്തിൻെറ കാര്യവും. ആക്കും കീഴ്‌വഴങ്ങാതെ ഇഷ്ടംപോലെ നടക്കുന്നതാണു് സാമർത്ഥ്യമെന്നു പലരും കരുതുന്നു. ശുദ്ധതയുടെ കാര്യം പറയേണ്ടതുമില്ല. എല്ലാം കലയും സാഹിത്യവും റൊമാൻസുമാണുപോലും! അങ്ങനെ സ്വന്തം മനസ്സാക്ഷിയോടു മല്ലിടുത്തം നടത്തി മനുഷ്യൻ വഴിതെററുന്നു. ബിഷപ്പു് ഷീൻ പറയുന്നതുപോലെ, ഇതു് ഒരുതരം ഭ്രാന്താണു്. അദ്ദേഹം തുടരുന്നു: ഭ്രാന്തനോടു് പറയൂ: ''നിങ്ങൾക്കു സുഖക്കേടാണു്, ചി

കിത്സിക്കണ്''മെന്നു് അവൻ ഉറക്കെ ചിരിച്ചിട്ട പറയും: ''നിങ്ങഠംക്കാണ ഭ്രാന്തു്; എനിക്കൊരു ചികിത്സയും വേണ്ട.'' അവന രോഗമുണ്ടെന്നു സമ്മതിച്ചിരുന്നെങ്കിൽ വല്ല വിധവും ചികിത്സിച്ചു് ഭേദപ്പെടുത്താമായിരുന്നു. എന്നാൽ അതിന സമ്മതിച്ചിട്ട വേണ്ടേ. ഇതു തന്നെയാണു് ഇന്നത്തെ ലോകത്തിൻെറ ചിന്താഗതി. പാപമാണെന്നു സമ്മതിക്കാതെ, നിരന്തരം പാപത്തിൽ ജീവിച്ചു നശിക്കുന്നു. ഇതാണു പരിശുദ്ധാത്മാവിനു് എതിരായ പാപം; തെററു സമ്മതിച്ചു് മാനസാന്തരപ്പെടാതിരിക്കുക. ആകയാൽ പാപമല്ലെന്നും പറഞ്ഞു് പാപം ചെയ്യുന്ന മനഃസ്ഥിതി എനിക്കുണ്ടോ എന്നു ചിന്തിക്കണേ. പലരും ദുശ്ശീലങ്ങളിൽ ഉറച്ചു പോകുന്നതു് ഇങ്ങനയാണു്; ജീവിതം പരാജയപ്പെടുത്തുന്നതും.

വേറൊരു ചതിവു് ഇന്നു കൂടുതൽ പ്രചരിക്കുന്നുണ്ടു്. അതായതു് ''എല്ലാവരും ഇങ്ങനെ ചെയ്യുന്നു; അതുകൊണ്ടു് എനിക്കും ചെയ്യാം.'' ഭൂരിപക്ഷത്തിൻെറ കൂട്ടത്തിൽ കൂടുന്ന മന:സ്ഥിതി. ഇതു ഭൂരിപക്ഷത്തിൻെറ കാലമണല്ലോ,. ഭൂരിപപക്ഷമുണ്ടെങ്കിൽ എന്തുമാകാം; ഏതനീതിയും ചെയ്യാം. സ്കൂളിലേക്കും കോളേജിലേക്കും ആദ്യമായി പുറപ്പെടുമ്പോഠം കുട്ടികഠം എത്രയോ നല്ലവരാണു്. എന്നാൽ പഠനമൊട്ടാകുമ്പോഴേക്കും പലരും വഷളായി കഴിയും. തിന്മയെ അനുകരിക്കാനുള്ള ആവേശത്തിൻെറ ഫലം. അതോടെ പുതിയ സിദ്ധാന്തങ്ങഠം തലപൊക്കുന്നു. ''ദൈവം അങ്ങനെ എല്ലാവരേയും ശിക്ഷിക്കുവാൻ പോയാൽ പിന്നെ ആരാ സ്വർഗ്ഗത്തിൽ പോകുന്നതു? അതുകൊണ്ടു് ഭൂരിപക്ഷത്തിൻെറ പേരിൽ, ചില വ്യത്യാസമൊക്കെ ഉണ്ടാകും.'' ഇതു വളരെ ആപൽക്കരമായ ചിന്താഗതിയാണു്. സ്ട്രൈക്കുണ്ടാക്കി ഭൂരിപക്ഷത്തിൻെറ ശക്തികൊണ്ടു് അധികാരത്തെ കൊമ്പുകുത്തിക്കുന്ന പരിപാടി ദൈവസന്നിധിയിൽ നടപ്പില്ല. അവിടത്തേ നിയമങ്ങഠം സനാതനങ്ങളാണു്. അവയ്ക്കു് എതിരായി എത്രപേർ പുറപ്പെട്ടാലും എല്ലാവരും ശിക്ഷിക്കപ്പെടുകതന്നെ ചെയ്യും. നോഹിൻെറ കാലത്തുണ്ടായ ജലപ്രളയത്തെപ്പററി നമുക്കറിയാം. ആ ശിക്ഷയിൽനിന്നു് എത്രപേർ രക്ഷപെട്ടു? എട്ടുപേർ മാത്രം. ബാക്കിയുണ്ടായിരുന്ന ബഹുഭൂരിപക്ഷത്തിനും എന്തു സംഭവിച്ചു? അവരെല്ലാം ശിക്ഷിക്കപ്പെടുക തന്നെ ചെയ്തു. ഒരുദാഹര

ണ്ടം കൂടെ; അബ്രാഹത്തിൻെറ കാലത്തു് സോദോം ഗൊമോറാ പട്ടണങ്ങൾ അഗ്നിക്കും ഗന്ധകത്തിനും ഇരയായി നശിക്കുകയുണ്ടായല്ലോ. ആ ശിക്ഷയിൽ നിന്നു എത്രപേർ രക്ഷപ്പെട്ടു? ലോത്തിൻെറ കുടുംബാംഗമായ നാലുപേർ മാത്രം. മററുള്ളവരെല്ലാം അഗ്നിയിൽ നശിച്ചു. തിന്മ ചെയ്യുന്നവരെല്ലാം ശിക്ഷയനുഭവിക്കും. അതാണു സനാതനനീതി. വിഷം കുടിക്കുന്നവരൊക്കെ മരിക്കുമല്ലോ. ഭൂരിപക്ഷംകൊണ്ടു് അതിനു വ്യത്യാസമുണ്ടോ? ആകയാൽ ഈ വ്യാമോഹത്തിൽപെടാതെ നമുക്കു സൂക്ഷിക്കാം. നമ്മൾ മററുള്ളവർക്കു സന്മാതൃക നൽകേണ്ടവരാണല്ലോ.

വീണ്ടും വേറൊരു ചതിവുകൂടി തല പൊക്കിയിട്ടുണ്ടു്. ''മനുഷ്യൻ ബലഹീനനല്ലേ; തെററുപററുകയില്ലേ?'' ഇതാണു് ആ തട്ടിപ്പു്! ബലഹീനതയുടെ പേരിൽ അപരാധങ്ങളെ സ്വാഗതം ചെയ്യാമെന്നു ചിലർ വിചാരിക്കുന്നു. നമ്മൾ ബലഹീനരാണു്; ശരി. പക്ഷേ, നമുക്കും ബലം തരുവാൻ വേണ്ടിത്തന്നെയാണു് ദൈവം പ്രമാണങ്ങൾ നല്കിയിട്ടുള്ളതു്. പാളത്തിൽക്കൂടി ഓടുന്നതാണു് തീവണ്ടിയുടെ വിജയത്തിനു കാരണം. അപ്പോൾ വലിയ ഭാരം വഹിച്ചുകൊണ്ടു് അതിവേഗം അതിനു ലക്ഷ്യം പ്രാപിക്കുവാൻ കഴിയുന്നു. ഇതുപോലെ, മനുഷ്യനു് അവൻെറ ജീവിതയാത്ര സുഖകരമാക്കുവാൻ വേണ്ടിയാണു് ദൈവം പ്രമാണങ്ങൾ തന്നിട്ടുള്ളതു്. അവ നമ്മെ സ്വർഗ്ഗത്തിലേക്കെത്തിക്കും. ബലഹീനതയുടെ പേരും പറഞ്ഞു് പാളം തെററി ഓടാതിരിക്കണം. പാളം തെററുമ്പോഴാണു് വണ്ടിയപകടങ്ങൾ ഉണ്ടാകുക. ആകയാൽ പ്രമാണങ്ങൾ നല്കുന്ന ശക്തി പ്രയോജനപ്പെടുത്തണം. ബലഹീനതയെപ്പററി നമുക്കു ബോധമുണ്ടെങ്കിൽ, സൂക്ഷിച്ചു ജീവിക്കാം. നമ്മുടെ കഴിവിൽ കൂടുതലായി ദൈവം ഒന്നും ആവശ്യപ്പെടുകയില്ല. മാത്രമല്ല, അവിടുന്നു നമുക്കു വേണ്ട അനുഗ്രഹങ്ങൾ നിരന്തരം നല്കുന്നുമുണ്ടു്. അതാണു് വി. ബലിയിലും കൂദാശകളിലും നിന്നു നമുക്കു ലഭിച്ചുകൊണ്ടിരിക്കുന്നതു്. ഇവയെല്ലാം ശരിയായി ഉപയോഗപ്പെടുത്തുക. പ്രലോഭനങ്ങളിൽ പെടാതിരിക്കുവാൻ പ്രാത്ഥിക്കണമെന്നു് ഈശോ പഠിപ്പിച്ചിട്ടുണ്ടല്ലോ. അപ്രകാരം ചെയ്യുന്ന

ണ്ടോ? കുമ്പസാരം വഴി പുതിയ ദിവ്യവരങ്ങൾ പ്രാപി ക്കാമല്ലോ. അതിൽ ശ്രദ്ധയുണ്ടോ? ഇവയൊന്നും യഥാവി ധി പ്രയോജനപ്പെടുത്താതെ ബലഹീനത പറഞ്ഞു വില പിച്ചിട്ടെന്തു പ്രയോജനം? ആകയാൽ ദൈവം കരുണാപൂർ വ്വം നല്കുന്ന നന്മകൾ സ്വീകരിച്ചു ശക്തി പ്രാപിക്കുവാൻ നമുക്ക് ആത്മാർത്ഥമായി ശ്രമിക്കാം. അപ്പോൾ പാപരഹി തരായി ജീവിക്കുവാൻ കഴിയും.

ഇനി, പാപംമൂലം ഒരാത്മാവിനു വരുന്ന നാശത്തെപ്പ ററി പര്യാലോചിക്കാം. ക്രിസ്തുനാഥൻ പാപിഷ്ഠരായ ഫരി സേയരോടു പറഞ്ഞു: ''നിങ്ങൾ ശവകുടീരങ്ങളാണ്; വെള്ള പൂശി അലങ്കരിച്ച ശവകുടീരങ്ങൾ.'' പുറമെയെല്ലാം ഭംഗി യാണ്. എന്നാൽ അവയുടെ ഉള്ളിൽ എന്താണ്? ഈശോ തുടന്നു ചോദിച്ചു. കൃമികളും, പുഴുക്കളും അസ്ഥിപഞ്ജരങ്ങളും നിറഞ്ഞിരിക്കുന്നു. ഇതാണു പാപിയുടെ യഥാർത്ഥസ്ഥിതി. മാരകപാപം ആത്മാവിന്റെ മരണം വരുത്തിക്കൂട്ടുന്നു. വി. ആഗുസ്തീനോസ് പറഞ്ഞിട്ടുള്ളതുപോലെ ശരീരത്തിന്റെ ജീ വൻ ആത്മാവ്; ആത്മാവിന്റെ ജീവൻ പ്രസാദവരം; ചാവു ദോഷം ചെയ്യുന്ന മനുഷ്യൻ പ്രസാദവരം നഷ്ടപ്പെടുത്തുന്നു; ആത്മാവിനെ ഹനിക്കുന്നു. എസക്കിയേൽ പറയുന്നു: ''പാപം ചെയ്യുന്ന ആത്മാവ് മരണമടയും'' (18.20). ഇങ്ങനെ ചത്ത ആത്മാവിനെ ശരീരമാകുന്ന കുടീരത്തിൽ വഹിച്ചുകൊണ്ടു് പാപി നടക്കുകയാണ്.

ശരീരത്തെപ്പററി എല്ലാവർക്കും വലിയ ശ്രദ്ധയുണ്ടു്. എന്നാൽ ആത്മാവിനു വരുന്ന നാശത്തെപ്പററി മാത്രം ആലോ ചനയില്ല. വി. ആഗുസ്തീനോസ് ചോദിക്കുന്നു: മകനേ, നിനക്കൊരു സുഖക്കേടു വന്നാൽ അതിനുവേണ്ടി നീ എത്ര വൈദ്യന്മാരെ കാണും? എത്ര കൈപ്പുള്ള മരുന്നും കുടിക്കും. ഏതു പഥ്യവും കാക്കും. എന്നാൽ നിന്റെ പാവപ്പെട്ട ആ ത്മാവിനു രോഗം ബാധിച്ചതിനെപ്പററി നീ ചിന്തിക്കാറു ണ്ടോ? പാപമാകുന്ന രോഗത്തിനു് നീ എന്തു പ്രതിവിധി സ്വീകരിച്ചു?. എന്തു പഥ്യം ആചരിച്ചു? ഏതു ശസ്ത്രക്രിയയ്ക്കു് വിധേയനായി? ഒന്നുമില്ല, അല്ലേ? പാപത്തിന്റെ നാശ ഫലങ്ങളെപ്പററി നിനക്കൊരു ചിന്തയുമില്ല!

ഇതാ ഒരു മഹാവിശുദ്ധൻ. വി. ബർക്കുമാൻസിന്റേയും അലോഷ്യസിന്റേയും മരിയ വിയാനിയുടേയും കൊച്ചുത്രേസ്യായുടേയുമൊക്കെ സുകൃതസമ്പത്തുള്ള വ്യക്തിയാണ്. ഇദ്ദേഹം ഈ സ്ഥിതിയിൽ മരിച്ചാൽ സ്വർഗ്ഗത്തിൽ വലിയ മഹത്വം പ്രാപിക്കും; ലോകത്തിൽ വലിയ അത്ഭുതങ്ങളും നടക്കും. എന്നാൽ, ഈ മഹാവിശുദ്ധൻ ഒരു ചാവുദോഷം ചെയ്കയും ആ സ്ഥിതിയിൽ മരിക്കുകയും ചെയ്താൽ എവിടെ അവസാനിക്കും? സ്വർഗ്ഗത്തിന്റെ മഹത്വത്തിൽ വിരാജിച്ചിരുന്ന മാലാഖമാർ നരകത്തിൽ നശിച്ചതുപോലെതന്നെയായിരിക്കും ഈ വ്യക്തിക്കും വന്നുകൂടുക! "നീതിമാൻ നീതിപഥത്തിൽ നിന്നു വ്യതിചലിച്ച് അനീതി പ്രവർത്തിക്കുന്നെങ്കിൽ അവന്റെ സൽകൃത്യങ്ങളൊന്നും സ്മരിക്കപ്പെടുകയില്ല" (എസക്കി. 18.24). പാപത്തിന്റെ നാശഫലങ്ങളും കണ്ടാലും! വളരെ ആരോഗ്യവാനായ ഒരു യുവാവ്, അരോഗദൃഢഗാത്രൻ. ആ ചെറുപ്പക്കാരൻ ഇതാ പെട്ടെന്ന് ഉരുണ്ടുവീണു മരിക്കുന്നു. ഒരു നിമിഷംകൊണ്ട് എല്ലാം കഴിഞ്ഞു. എന്തു പററി? അയാൾ ഒരൗൺസ് വിഷം കഴിച്ചു. ആ വിഷം സൂക്ഷിച്ചിരുന്ന പാത്രം നല്ല ഭംഗിയുള്ള പളുങ്കുകുപ്പി. അതിനകത്തുള്ള ദ്രാവകത്തിനു നല്ല നിറം; നല്ല മണം. സ്വാദും നല്ലതാണെന്നു വിചാരിച്ചോളൂ. എല്ലാം ആകർഷകമാണ്. പക്ഷേ, അതെടുത്തു കുടിച്ചു. ഉടനെ മരണവും സംഭവിച്ചു. പാത്രത്തിന്റെ ഭംഗിയും ദ്രാവകത്തിന്റെ ആകർഷകത്വവും ഒന്നും ഗുണകരമായില്ല. എല്ലാം മരണത്തെ ക്ഷണിച്ചുവരുത്താൻ മാത്രം ഉപകരിച്ചു. എത്രയോ പേർ ഇങ്ങനെ ആകർഷിക്കപ്പെടുന്നു! എത്രയോ പേർ ഇങ്ങനെ നശിക്കുന്നു!

പാപത്തിൽ മരണമടഞ്ഞ വ്യക്തി വെൺകളി പൂശിയ ശവകുടീരംപോലെ വർത്തിക്കുന്നു. തന്റെ ആത്മാവിന്റെ നിർഭാഗ്യസ്ഥിതി പരിഗണിക്കാതെ, "എനിക്കു സർവ്വകലാശാല ബിരുദമുണ്ട്; എനിക്കു സൗന്ദര്യമുണ്ട്; കലാവാസനയുണ്ട്; കുലീനത്വമുണ്ട് എന്നൊക്കെ ചിന്തിച്ചു തൃപ്തിയടയുന്നു. എന്നാൽ, ഈ വെള്ളപൂശൽ എത്രനാളത്തേക്ക് അയാൾ കൊണ്ടുനടക്കും? അയാളുടെ നാശം ഏതു നിമിഷവും പൂർത്തിയാകാം.

വേറൊരു തരത്തിലുള്ള വെള്ളപൂശലും ഇന്നു വർദ്ധിച്ചു വരുന്നുണ്ട്. എന്താണെന്നോ പുണ്യം കൊണ്ടുള്ള വെള്ള പൂശൽ. നമ്മെ സംബന്ധിച്ചിടത്തോളം അധികമായുണ്ടാകാവുന്ന വിപത്ത് ഇതാണ്. നല്ലവരെന്ന് അഭിമാനിക്കുന്ന കത്തോലിക്കരിൽ കാണുന്ന ഒരു ദുരനുഭവമാണിത്. ഒരു ധ്യാനത്തിനിടയ്ക്ക് ഒരു മാന്യൻ എന്റെ അടുത്തുവന്നു പറഞ്ഞു: "അച്ചാ, ഞാൻ ഈ ധ്യാനം വരുവാൻ കാത്തിരിക്കയായിരുന്നു. ധ്യാനം കൂടുന്നതിനുമുമ്പു മരിക്കാനിടയാകല്ലേ എന്ന് ഞാൻ പ്രത്യേകം പ്രാർത്ഥിച്ചിരുന്നു. എനിക്കു കുറെ കാര്യങ്ങളൊക്കെ പറയാനുണ്ട്. ഞാൻ പിന്നെ വന്നു പറഞ്ഞുകൊള്ളാം; എനിക്കുവേണ്ടി പ്രാർത്ഥിക്കണേ." ആ മനുഷ്യൻ ധ്യാനത്തിന്റെ അവസാനമായപ്പോഴും വീണ്ടും വന്നു: "അച്ചാ, ഞാനാണ് ധ്യാനത്തിന്റെ ആരംഭത്തിൽവന്ന് അച്ചനോട് പ്രാർത്ഥിക്കണമേ എന്ന് പറഞ്ഞിട്ടുപോയത്. ഇനി എന്റെ കാര്യം പറയാം. ഞാൻ എന്റെ ഇടവകയിലെ പ്രധാനപ്പെട്ട വ്യക്തികളിൽ ഒരാളാണ്. എല്ലാവർക്കും എന്നെപ്പററി വളരെ മതിപ്പാണ്. ഭക്തസഖ്യങ്ങൾക്കു ഞാൻ നേതൃത്വം നൽകുന്നുണ്ട്. എന്റെ അഭിപ്രായം എല്ലാവരും സ്വീകരിക്കുന്നു. ഞാൻ മാസാദ്യവെള്ളിയാഴ്ചതോറുമെങ്കിലും കുമ്പസാരിച്ച് കർബ്ബാന കൈക്കൊള്ളുന്നുണ്ട്. എന്നാൽ എന്റെ അച്ചാ, ഇതൊക്കെ ശരിയാണെങ്കിലും ഞാൻ പലപ്പോഴും ചെയ്യുന്ന ഒരു പാപമുണ്ട്. അത് ഒരിക്കലും കുമ്പസാരത്തിൽ ഏററുപറയാറില്ല. കിട്ടാവുന്നത്ര കത്തോലിക്കാ ഗ്രന്ഥങ്ങൾ വായിച്ചുനോക്കി, പാപം ഏററുപറയാതെ മോചനം കിട്ടുവാൻ വഴിയുണ്ടോ എന്നറിയുവാൻ. പക്ഷേ, ഒരു പുസ്തകത്തിലും കണ്ടില്ല. ഇനി ഞാനെന്താണു ചെയ്യേണ്ടതെന്ന് പറഞ്ഞുതരണേ." സഹോദരരേ, ഇതാണു പുണ്യംകൊണ്ടുള്ള വെള്ള പൂശൽ. ഇതിന്നു വദ്ധിച്ചുവരികയാണ്. മനുഷ്യരുടെ മുമ്പിൽ പുണ്യവേഷം കെട്ടിക്കൊണ്ടു ദിവ്യനാഥനെ അവഹേളിക്കുന്നു. അങ്ങനെ അവർ കൂടുതൽ നശിക്കുന്നു. ദൈവദോഷകരമായ ഈ കുമ്പസാരവും കർബ്ബാന സ്വീകരണവും ഇല്ലായിരുന്നുവെങ്കിൽ അവരുടെ നരകശിക്ഷയുടെ കാഠിന്യം കുറഞ്ഞിരുന്നേനെ. ഈ നിർഭാഗ്യം നമ്മുടെ ഇടയിൽ കടന്നുകൂടിയാലോ? എന്നും വി. കർബ്ബാന സ്വീകരിക്കുന്നവർ ഇങ്ങനെ അധഃപതിച്ചാലോ? ദൈവം രക്ഷിക്കട്ടെ.

ഇങ്ങനെ പാപത്തിൽ ജീവിച്ച് ചെയ്യുന്ന ഭക്തകൃത്യങ്ങൾ കൊണ്ട് എന്തു ഫലം? ഇതു പിശാചിൻെറ വലിയ വഞ്ചനയാണ്. ഒരാളെ ഒരു ചാവുദോഷത്തിൽ അകപ്പെടുത്തുവാൻ പിശാച് ആദ്യം ശ്രമിക്കും. ആ പാപത്തിൽ വീണുകഴിഞ്ഞാൽ പിന്നെ അവനെക്കൊണ്ട് എന്തു പുണ്യവും ചെയ്യിക്കും. എന്നാൽ അവൻ പാപത്തിൽനിന്നു കരകയറാതിരിക്കുവാൻ പിശാചു പ്രത്യേകം ശ്രദ്ധിക്കും. കുരിശിൻെറ വി. യോഹന്നാൻ പറയുന്നു: ഒരു പക്ഷിയെ പിടിച്ച് അതിൻെറ, കാലിൽ ഒരു ചരടു കെട്ടിയ ശേഷം അതിനെ പറപ്പിച്ചു വിനോദിക്കുന്ന ഒരു കുട്ടിയെപ്പോലെയാണു പിശാച്. പിശാചിൻെറ പടിയിൽ അമന്ത്രിക്കുന്ന പാപിയെക്കൊണ്ട് ധാരാളം ഭക്തകൃത്യങ്ങൾ ചെയ്യിക്കും. ഈ നല്ല പ്രവൃത്തികൾ കണ്ടു മററുള്ളവർ അവനെ പ്രശംസിക്കും. അതിൽ പാപി തൃപ്തിപ്പെട്ടുകൊള്ളും. എന്നാൽ, ഈ ഭക്തകൃത്യങ്ങളെല്ലാം നിഷ്ഫലമാണെന്ന കാര്യം അവൻ ഓർക്കുന്നില്ല. പ്രസാദവരമില്ലാത്തവൻ ചെയ്യുന്ന വൻനന്മവഴി സ്വർഗ്ഗത്തിലേക്കു ഒന്നും സമ്പാദിക്കുന്നില്ല. ഒരു ഏകാന്ത ധ്യാനത്തിൽ ഇക്കാര്യത്തെപ്പററി പ്രസംഗിച്ചതു് കേട്ടതിനുശേഷം ചില യുവാക്കന്മാർ എന്നോടു പറഞ്ഞു: ''ചാവുദോഷത്തിൽ ജീവിക്കുന്നവൻ ചെയ്യുന്ന പുണ്യകൃത്യങ്ങൾകൊണ്ട് സ്വർഗ്ഗത്തിലേക്കു ഒന്നും സമ്പാദിക്കുക സാദ്ധ്യമല്ലെന്നല്ലേ അച്ചൻ പറഞ്ഞതു്? അങ്ങനെയെങ്കിൽ ഞങ്ങൾ ചെയ്യുതെല്ലാം പാഴായല്ലോ.'' അതെ; അതു ശരിയാണ്. ഇതാണു പിശാചിൻെറ കടുത്ത വഞ്ചന. ഈ ചതിയിൽ അകപ്പെടുന്നതു് എത്രയോ നിർഭാഗ്യകരം!

അവസാനമായി, ചാവുദോഷത്തിൽ ജീവിക്കുന്നയാളുടെ സ്ഥിതി എത്രയോ ആപൽക്കരമാണ്. അയാൾക്കു ബുദ്ധിയുണ്ടോ? വല്ല വിശ്വാസവുമുണ്ടോ? ഇല്ലെന്നു പറയണം. അയാളുടെ പാദങ്ങളുടെ അടിയിൽ നരകം വായ്തുറന്നു നില്ക്കുന്നു. അയാളുടെ തലയുടെ മുകളിൽ ദൈവത്തിൻെറ നീതിയുടെ ആയുധം തൂങ്ങുന്നു. അതിൻെറ മദ്ധ്യേ ലോലമായ ഒരു നൂലിൽ തൂങ്ങി അയാൾ നില്ക്കുകയാണ്. എന്നാണീ ജീവിത തന്തു പൊട്ടിപ്പോവുക? എന്നാണീ നരകഗർത്തം അയാളെ

ഗ്രസിക്കുക? ഏതു നിമിഷത്തിലുമാകാം. ഇതിനേക്കാൾ ആപൽക്കരമായ സ്ഥിതി എന്താണ്? വി. തോമസ് അക്വിനാസിനോട് ഒരിക്കൽ അദ്ദേഹത്തിൻെറ ശിഷ്യന്മാർ ചോദിച്ചു: "തിരുസ്സഭയ്ക്കെതിരായുള്ള ആക്ഷേപങ്ങൾക്കൊക്കെ അങ്ങു മറുപടി തന്നിട്ടുണ്ടല്ലോ. എന്നാൽ മറുപടി കണ്ടുപിടിക്കുവാൻ അങ്ങ് ഏററമധികം ക്ലേശിച്ച പ്രശ്നമെന്താണ്?" വിശുദ്ധൻ പറഞ്ഞു: "പല വിഷമപ്രശ്നങ്ങൾക്കും സമാധാനം കണ്ടുപിടിക്കാൻ ദൈവാനുഗ്രഹംമൂലം എനിക്കു കഴിഞ്ഞിട്ടുണ്ട്, എന്നാൽ ഇനിയും എനിക്കു മനസ്സിലാക്കാൻ കഴിയാത്ത ഒരു വിഷമപ്രശ്നമുണ്ട്." പുണ്യവാന്മാരിൽ വലിയ പണ്ഡിതനും പണ്ഡിതന്മാരിൽ വലിയ പുണ്യവാനുമായ വി. അക്വിനാസിനു ഗ്രഹിക്കുവാൻ കഴിയാത്ത ആ വിഷമപ്രശ്നം എന്തായിരിക്കാം! പുണ്യവാൻ തുടർന്നു പറഞ്ഞു: "അതു വേറൊന്നുമല്ല. ചാവുദോഷം ചെയ്ത മനുഷ്യൻ എങ്ങനെ ശാന്തമായി കിടന്നുറങ്ങുമെന്ന് എത്ര ചിന്തിച്ചിട്ടും എനിക്കു മനസ്സിലാകുന്നില്ല." സഹോദരരേ, നമുക്കു നമ്മോടുതന്നെ ചോദിക്കാം: "എനിക്കിതു മനസ്സിലാകുമോ?" നമുക്കു വിശ്വാസമുണ്ടെങ്കിൽ, നമുക്കു മരണമില്ലാത്ത ഒരാത്മാവുണ്ടെന്നു ബോധമുണ്ടെങ്കിൽ, നാം ഒരിക്കൽ മരിക്കുമെന്നു വിചാരമുണ്ടെങ്കിൽ ചാവുദോഷസ്ഥിതിയിൽ എങ്ങനെ ശാന്തമായി ജീവിക്കും?

രക്തസാക്ഷികളുടെ ജീവിതബലിയുടെ അർത്ഥമെന്താണ്? ദൈവത്തിനുവേണ്ടി എന്തു ക്ലേശം സഹിക്കുവാനും മരണം വരിക്കുവാനും അവർ ഒട്ടും മടിച്ചില്ല. പാവപ്പെട്ട മരിയ ഗൊരേററി — നിരക്ഷരകുക്ഷിയും നിർദ്ധനയുമായ ആ ബാലിക — തിന്മയുടെ ആക്രമണത്തെ സധൈര്യം അഭിമുഖീകരിച്ചുകൊണ്ടു പറഞ്ഞു: "ഇതു പാപമാണ്, ഞാൻ ചെയ്യുകയില്ല." അവൾ പ്രാണൻ ത്യജിച്ചുകൊണ്ട് പാപത്തിൻെറ മേൽ വിജയം നേടി. എന്നാൽ രക്തസാക്ഷികളുടെ പീഡനമൊന്നും നമുക്കില്ല. ദുരഭിമാനത്തിൻെറ പ്രേരണ മാത്രമാണ് നമുക്കുള്ളത്. വെള്ളപൂശാനുള്ള ഈ പ്രലോഭനം നമ്മൾ ജയിക്കുകതന്നെ വേണം. ഇല്ലെങ്കിൽ നമ്മുടെ ജീവിതംകൊണ്ട് എന്തു പ്രയോജനം?

അവസാനമായി, പാപിയുടെ നരകം ഈ ലോകത്തിൽ തന്നെ ആരംഭിക്കുന്നു. ഈശോ അരുളിച്ചെയ്തു: ''പാപം ചെയ്യുന്നവൻ പാപത്തിന്റെ അടിമയാകുന്നു'' (യോഹ. 8.34) തൽഫലമായി വി. ശ്ലീഹാ എഴുതുന്നു: ''തിന്മചെയ്യുന്ന എല്ലാ മനുഷ്യരും വേദനയും ദുഃഖവും അനുഭവിക്കും'' (റോമ്മ.2.9). പ്രകൃതിക്കെതിരായി പാപം ചെയ്യുവരെ പ്രകൃതിതന്നെ ശിക്ഷിക്കുന്നുണ്ട്. പാപജീവിതം വരുത്തി വയ്ക്കുന്ന നിരവധി കഠിനരോഗങ്ങൾ ഇതല്ലേ വ്യക്തമാക്കുന്നത്?

ആകയാൽ പാപത്തേക്കാൾ വലിയ തിന്മയില്ല എന്ന വേദവാക്യം എത്രയോ അർത്ഥവത്താണ്. ഈ ബോധത്തോടെയാണോ ഞാൻ ജീവിക്കുന്നത്? എന്നിൽ നിരന്തരം കടന്നുകൂടുന്ന ഏതെങ്കിലും പാപമുണ്ടോ? അതു പരിഹരിക്കുവാൻ ഞാൻ എത്രമാത്രം പരിശ്രമിക്കുന്നുണ്ട്? ഇങ്ങനെ സ്വയം പരിശോധിക്കുക. പാപരഹിതമായി ജീവിക്കാതെ നമ്മൾ സൗഭാഗ്യം അനുഭവിക്കയില്ലതന്നെ. ദിവ്യരക്ഷകന്റെ കരുണയിൽ ആശ്രയിച്ചുകൊണ്ട്, ഒരു പുതിയ ജീവിതം രൂപപ്പെടുത്തുമെന്നു നമുക്കു പ്രതിജ്ഞ ചെയ്യാം. പാപികളുടെ സങ്കേതമായ പരി. അമ്മയുടെ സംരക്ഷണത്തിൽ നമ്മെ ഏല്പിക്കുകയും ചെയ്യാം.

★

# 7. അഹങ്കാരം

മിശിഹായിൽ പ്രിയ സഹോദരരേ,

ഇന്നു നാം പാപമെന്ന മഹാ വിപത്തിനെപ്പററി ധ്യാനിച്ചുവല്ലോ. അതിൻെറ വിവിധ രൂപങ്ങളെക്കുറിച്ചു തുടന്നു ചിന്തിക്കാം. വി. ഇഗ്നേഷ്യസ് പറയുന്നു: പാപത്തിനു് രണ്ടു വലിയ കാരണങ്ങളുണ്ടു്— Two big roots of sin — രണ്ടു വലിയ വേരുകറം, അവയിൽ ഒന്നു് അഹങ്കാരം, മററതു് സുഖേച്ഛ. ഏതൊരു പാപവും ഇവയിൽ ഏതെങ്കിലുമൊന്നിൽപെടും. ഒരുത്തൻ മോഷ്ടിക്കുന്നു. അതു് ഒന്നുകിൽ ബഹുമാനം നേടുവാനായിരിക്കും; അല്ലെങ്കിൽ സുഖം സമ്പാദിക്കാനായിരിക്കും. ഇതു തന്നെയാണു് മററുപാപകൃത്യങ്ങരം ക്കുള്ള കാരണങ്ങളും. ഇവയിൽ ഒന്നാമത്തേതായ അഹങ്കാരത്തെപ്പററി നമുക്കിപ്പോരം ചിന്തിക്കാം.

അഹങ്കാരം, പുണ്യപൂർണ്ണതയെ സംബന്ധിച്ചിടത്തോളം ഏററം വലിയ വിപത്താണു്. ഈ തിന്മ എവിടെയെല്ലാം പ്രവേശിച്ചിട്ടുണ്ടോ അവിടെയെല്ലാം ഏററം വലിയ നാശം വരുത്തിക്കൂട്ടിയിട്ടുണ്ടു്. നാം പാപത്തിൻെറ ചരിത്രം പഠിക്കുകയായിരുന്നല്ലോ. പാപത്തിൻെറ ആരംഭം തന്നെ ദൈവദൂതന്മാരുടെ ഇടയിലായിരുന്നെന്നു നാം കണ്ടു. എന്തുകൊണ്ടു് ദൈവദൂതന്മാർ അധഃപതിച്ചു? അഹങ്കാരംകൊണ്ടു്. ആദത്തിൻെറ അധഃപതനത്തിനുള്ള കാരണവും അഹങ്കാരംതന്നെ.

പറുദീസായിൽ ദൈവത്തിൻെറ കൈകളിൽനിന്നു പിറന്നുവീണ ആദിമമനുഷ്യർ സൗഭാഗ്യശാലികളായി ജീവിതം ആരംഭിച്ചതാണു്. പക്ഷേ, അഹങ്കാരത്തിൻെറ സൃഷ്ടിയായ പിശാചു് അവിടെ കടന്നുവന്നു് ഉപദേശിച്ചു: "ഈ ഫലം ഭക്ഷിച്ചാൽ നിങ്ങരം ദൈവത്തെപ്പോലെയാകും." ഹവ്വാ കനി പറിച്ചുതിന്നു; ആദത്തിനും കൊടുത്തു. വിശപ്പടക്കുവാനായിരുന്നില്ല, ദൈവത്തെപ്പോലെയാകുവാനാണു് അവരതു

തിന്നതു്. സ്വന്തം അഹന്ത സാത്താൻ മനുഷ്യർക്കും പങ്കുവച്ചു കൊടുത്തു. അങ്ങനെ മനുഷ്യരും അധഃപതിച്ചു, മാലാഖയെപ്പോലെ. അഹങ്കാരത്തിന്റെ ജൈത്രയാത്ര പിന്നേയും തുടന്നു. രണ്ടു സഹോദരൻമാർ — കായേനും ആബേലും. ആബേലിന്റെ ബലിയിൽ ദൈവം പ്രീതനായി. കാരണം, ദൈവത്തിന്റെ പരമാധിപത്യത്തെ ഏററുപറഞ്ഞുകൊണ്ടു്, ആബേൽ ഏററം നല്ലതു് അവിടുത്തേക്കു് സമർപ്പിച്ചു. കായേനോ, സ്വയം ദൈവമാക്കിക്കൊണ്ടു് നല്ലതു തനിക്കുവേണ്ടിത്തന്നെ നീക്കിവെച്ചു; കേടുപിടിച്ചതു് ദൈവത്തിനും കൊടുത്തു. ആബേലിനു ദൈവസമക്ഷം ലഭിച്ച പ്രീതി കായേനു പിടിച്ചില്ല. അയാൾ അനുജനെ നിഷ്ക്കരുണം കൊലപ്പെടുത്തി. ആദ്യത്തെ നരഹത്യ! അഹങ്കാരത്തിന്റെ സന്താനമായ അസൂയയുടെ ഫലം! അതിൽപ്പിന്നെ ഇന്നുവരെയുണ്ടായിട്ടുള്ള കുടുംബകലഹങ്ങൾ, മഹായുദ്ധങ്ങൾ, എല്ലാം വിരൽചൂണ്ടുന്നതു് അഹങ്കാരത്തിലേക്കുതന്നെയാണു്. ആകയാൽ ഈ പാപത്തെപ്പററി കൂടുതൽ ചിന്തിക്കാം.

തന്റെ ആരംഭവും അന്ത്യവും ദൈവമാണെന്ന സത്യം പ്രത്യക്ഷമായോ, പരോക്ഷമായോ നിഷേധിക്കുന്നതാണു് അഹങ്കാരം. താൻ തന്നെ ദൈവം എന്ന ഭാവം. ഇതാണു് നാസ്തികത്വത്തിലേക്കും യുക്തിവാദത്തിലേക്കും മനുഷ്യരെ എത്തിക്കുന്നതു്. ദൈവത്തോടുള്ള കടപ്പാടു് അംഗീകരിക്കുന്നതു് അവർക്കു വലിയ ഘനക്ഷയമാണുപോലും! ശാസ്ത്രത്തിന്റെ പുരോഗമനത്തിൽ മനുഷ്യൻ സർവ്വശക്തനായിരിക്കുന്നു! വേറെ ചിലർ ദൈവമില്ലെന്നു പറയുന്നില്ലെങ്കിലും ദൈവമില്ലാത്തതുപോലെയാണു ജീവിക്കുക. എല്ലാം എന്റെ സാമർത്ഥ്യം കൊണ്ടു നടക്കുന്നു, സാധിക്കുന്നു എന്നാണവരുടെ ഭാവം. പരീക്ഷയിൽ ഒന്നാമനായി ജയിച്ചു— എന്റെ ശ്രമംകൊണ്ടു്; നല്ല ആരോഗ്യമുണ്ടു് —വ്യായാമഫലം. ധാരാളം സമ്പത്തുണ്ടു് — എന്റെ പ്രവർത്തനശേഷികൊണ്ടു്. ഇവിടെയെല്ലാം ദൈവസഹായത്തെപ്പററി ചിന്തിക്കുന്നില്ല; അവിടുത്തേക്കു കൃതജ്ഞത സമർപ്പിക്കുന്നുമില്ല. ''ശക്തനായവൻ എന്നിൽ വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ നാമം മഹത്വപ്പെടട്ടെ'' എന്നു സമ്മതിക്കുവാൻ അവർ ഒരുക്കമല്ല.

തന്നെപ്പററിയുള്ള അബദ്ധപൂർണ്ണമായ അഭിപ്രായമാണ് അഹങ്കാരത്തിനു കാരണം. ഇല്ലാത്ത നന്മകൾ ഉണ്ടെന്നു കരുതുന്നു; അല്പമായി മാത്രമുള്ളത് അധികമുണ്ടെന്നും. അന്യരുടെ പ്രശംസ കിട്ടുവനായി ധർമ്മം കൊടുത്തശേഷം താൻ വലിയ ധർമ്മിഷ്ഠനാണെന്നു ചിന്തിച്ചേക്കാം. ഒരു പ്രാവശ്യം പ്രാർത്ഥനയിൽ ഭക്തിയും തീക്ഷ്ണതയും അനുഭവപ്പെട്ടാൽ, താൻ പുണ്യത്തിൽ വളരെ വളർന്നുകഴിഞ്ഞു, ഇനി ദർശനങ്ങളും വെളിപാടുകളുമുണ്ടാകും എന്നു കരുതിയേക്കാം. ചിലർ ധ്യാനം കഴിച്ചശേഷം ഭാഷാവരവും പ്രവചനവരവും കിട്ടിക്കഴിഞ്ഞുവെന്നു വൃഥാ ഭാവിച്ചേക്കാം. ഇതെല്ലാം അഹങ്കാരത്തിൻെറ വകഭേദമാണ്.

അഹങ്കാരി അന്യരെ അവഗണിക്കുന്നു; ഞാൻ മാത്രം മിടുക്കൻ, മററുള്ളവരെല്ലാം അല്പീയസ്സുകൾ എന്നു ചിന്തിക്കുന്നു. അന്യരുടെ കുററങ്ങൾ കണ്ടുപിടിക്കാനും പറയുവാനും ബദ്ധപ്പെടുന്നു. അതുവഴി സ്വന്തം കുററങ്ങൾ മറയ്ക്കുവാനും ലഘൂകരിക്കുവാനും പണിപ്പെടുന്നു. അന്യൻെറ തോളിൽ കയറിനിന്നുകൊണ്ടു സ്വന്തം ഉയരം വർദ്ധിപ്പിക്കാനാണ് ഇക്കൂട്ടർ ശ്രമിക്കുക. മററു ചിലർ അന്യർ ചെയ്യുന്ന നല്ലപ്രവൃത്തികളെ ദുർവ്യാഖ്യാനംചെയ്തു തരംതാഴ്ത്തുന്നു. അന്യരിലുള്ള നന്മ അംഗീകരിക്കുക അവർക്കു വിഷമം. അതുപോലെതന്നെ മററുള്ളവർക്ക് ഒരു പരിഗണനയും നല്കുകയില്ല. രണ്ടുപേർകൂടി ഒരാളെ കാണാൻ പോയാൽ, ''ഞാൻ വന്നത്''' എന്നല്ലാതെ ''ഞങ്ങൾ വന്നത്''' എന്നു പറയുവാൻ ഇഷ്ടമില്ല; തൻെറ കൂടെ ഒരാൾകൂടിയുണ്ടെന്ന കാര്യം അംഗീകരിക്കുകയില്ല.

അഹങ്കാരി അധികാരത്തിനു കീഴ്പ്പെടുകയില്ല; അല്ലെങ്കിൽ എല്ലാം അയാളുടെ ഇഷ്ടപ്രകാരം നടക്കണം; അപ്പോൾ അധികാരി നല്ലവനാകും. എന്നാൽ, അയാളെ കുററപ്പെടുത്തുകയോ നിയന്ത്രിക്കുകയോ ചെയ്തുപോയാൽ, അധികാരി കൊള്ളരുതാത്തവനായി; സങ്കുചിതമനസ്കനായി; പക്ഷപാതം കാണിക്കുന്നവനായി. ആദ്ദേഹം 12-ാം നൂററാണ്ടിൽ ജനിക്കേണ്ടവനായിരുന്നുപോലും!

ഭക്തകൃത്യങ്ങളിൽപോലും ഈ സ്വന്തമിഷ്ടം കടന്നുകൂടാറുണ്ട്. ഇന്നത്തെ ധ്യാനവിഷയം രസകരമല്ല; അതുകൊണ്ട്

ധ്യാനം വേണ്ട! പ്രാത്ഥനയിൽ ഇന്നു രസമില്ല, കാരണം കളിയിൽതോററു മുഖംവീത്തു വന്നവഴിയാണ്! കുരിശിൻെറ വി. യോഹന്നാൻ പറയുന്നു: ചിലർ തങ്ങളുടെ ആദ്ധ്യാത്മിക പിതാവിൻെറ പേരു പറഞ്ഞുപോലും അഹങ്കരിക്കുന്നു. ആദ്ധ്യാത്മിക പിതാവ് വലിയ ആളാണെന്ന്! അദ്ദേഹത്തിൻെറ പ്രീതി സമ്പാദിക്കാനായി ഗൗരവമുള്ള കുററങ്ങൾ ഏററു പറയാതിരിക്കും. അവരുടെ ഇഷ്ടത്തിന് എതിരായി എന്തെങ്കിലും അദ്ദേഹം നിർദ്ദേശിച്ചാൽ, ഉടനെ മട്ടു മാറുന്നു; വേറൊരു പിതാവിനെ അന്വേഷിക്കുകയായി. ഇങ്ങനെ, അഹങ്കാരിയെ പിശാചു് യഥേഷ്ടം നയിക്കുന്നു.

അഹങ്കാരത്തിൻെറ വകഭേദങ്ങളായി ഉണ്ടാകുന്ന പലേ കുററങ്ങളുണ്ട്. അവയിലൊന്നാണ് ഔദ്ധത്യം (Presumption). തനിക്കെല്ലാം അറിയാം; എല്ലാം കഴിയും എന്ന ഭാവമാണിതു്. ഈ പാപകരമായ മനോഭാവം പലേ നാശങ്ങളും വരുത്തിവയ്ക്കും. എല്ലാമറിയാമെന്ന ഭാവത്തിൽ എന്തിനെപ്പററിയും വെട്ടിമുറിച്ച് അഭിപ്രായം പറയും. കേരളത്തിൻെറ തലസ്ഥാനം കൊച്ചിയാണെന്ന് ഇയാൾ പറഞ്ഞേക്കാം. എന്നാൽ അതു തെററാണെന്നു സമ്മതിപ്പിക്കുക സാദ്ധ്യമല്ല. ‘‘ഞങ്ങളുടെ സാറ് ഇങ്ങനെയാണ് പഠിപ്പിച്ചതു്’’ എന്നെങ്കിലും പറഞ്ഞ് വിജയം ഘോഷിക്കും. ഈ Intellectual Pride ആണ് പാഷണ്ഡതകൾ ഉണ്ടാക്കുന്നതു്. അവർ മാനസാന്തരപ്പെടുക വിഷമം. കക്ഷിപിടിത്തം, ശത്രുത, പ്രതികാരംചെയ്യൽ മുതലായ തെററുകൾക്ക് ഇതു കാരണമാകും. ഇവക്ക് ആത്മീയകാര്യങ്ങളിൽപോലും ആരുടേയും ഉപദേശം ആവശ്യമില്ല. മററുള്ളവരെ ഉപദേശിക്കാനാണു താല്പര്യം. ‘‘എന്തിന് ആദ്ധ്യാത്മിക പിതാവിനെ കാണണം? അദ്ദേഹം എന്തു പറയുമെന്ന് എനിക്കറിയാം. പിന്നെ സമയമെന്തിന് വൃഥാ കളയുന്നു?’’ എന്നാണവരുടെ വാദം. പ്രശംസകിട്ടാവുന്ന കാര്യങ്ങൾ ചെയ്യുവാൻ ഇവർ ഒരുക്കമാണ്. നിഗൂഢമായ സുകൃതാനുഷ്ഠാനങ്ങൾക്കു താല്പര്യമില്ല. അതിവേഗം പുണ്യപൂർണ്ണത പ്രാപിക്കുവാൻ സാഹസപ്പെട്ടേക്കും. അതിനുവേണ്ടി ആരുടേയും അനുവാദം കൂടാതെ. കടുത്ത പ്രായശ്ചിത്തകൃത്യങ്ങൾ ചെയ്യും. എന്നാൽ ക്ലേശം സഹിക്കുവാനുള്ള കഴിവില്ലാതെ ഒടുവിൽ നിരാശയോടെ എല്ലാം ഉപേക്ഷിക്കും.

അഹങ്കാരത്തിൽനിന്നുണ്ടാകുന്ന വേറൊരു ദുശ്ശീലമാണു് അധികാരമോഹം. ''ഏതധികാരം വഹിക്കാനും പ്രാപ്തൻ ഞാൻ തന്നെ'' എന്നാണു വിചാരം. അധികാരം കൈക്കലാക്കുവാനായി ഏതു വളഞ്ഞ വഴിയും സ്വീകരിച്ചേക്കാം. തിരുമുമ്പിൽ സേവചെയ്തു് പ്രീതി സമ്പാദിക്കുക, മററുള്ളവരെ കുററക്കാരാക്കി പുറംതള്ളുക, അന്യരുടെ സ്വാധീനം എങ്ങനേയും സമ്പാദിക്കുക തുടങ്ങിയ കുററകരമായ മാർഗ്ഗങ്ങൾ അവയിൽപ്പെടും. ഇക്കൂട്ടർ അധികാരികളാകാതിരിക്കയാണു നല്ലതു്. കാരണം, അവരുടെ സേവനം വെറും അഭിനയമായിരിക്കും. ദൈവത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി ഒന്നും ചെയ്യുകയില്ല. ഇനി, അധികാരം കിട്ടിയാലോ? ജോലി മുഴുവൻ മററുള്ളവർക്കു്, പ്രശംസ അവർക്കും. ഒരാൾ തോട്ടത്തിൽ പണി എടുക്കുകയാണു്. അധികാരി വരുന്ന സമയമായി. അപ്പോൾ സൂത്രശാലിയായ വേറൊരുത്തൻ വന്നു തൂമ്പ വാങ്ങി, തുടങ്ങും പണി. അയാളങ്ങനെ അധികാരിയുടെ മുമ്പിൽ അദ്ധ്വാനശാലിയാകും. അതുവരെ പണിയെടുത്തവൻ അലസനും! ലോകത്തിൻെറ മക്കളുടെ വിജ്ഞാനം!

വ്യർത്ഥാഭിമാനം അഹങ്കാരത്തിൻെറ വേറൊരു സന്താനമാണു്. മററുള്ളവർ കാണുവാനായി എല്ലാം ചെയ്യും. എന്തു ചെയ്താലും അതിനെ എല്ലാവരും പ്രശംസിക്കണം: ഇല്ലെങ്കിൽ അഹങ്കാരി പരിഭവിക്കും; നമ്മൾ വിശാലഹൃദയരല്ലെന്നു പഴിക്കയും ചെയ്യും. ഇനി, ആരും പുകഴ്ത്തി പറയാനില്ലെങ്കിൽ അയാൾതന്നെ ആത്മപ്രശംസ ചെയ്യും. സ്വന്തം വീരകൃത്യങ്ങളെപ്പററിയുള്ള ഈ പ്രസംഗം എല്ലാവരും കേട്ടുകൊള്ളണം. ഇതുകേൾക്കുന്നവർക്കു ലജ്ജ തോന്നിയാലും പറയുന്നയാളിനു യാതൊരു വൈമുഖ്യവുമില്ലതന്നെ. പോരാ, അഹങ്കാരി ഇഷ്ടംപോലെ കളവുപറയും; കുററങ്ങൾ നിഷേധിക്കും: കുമ്പസാരംപോലും നാശകരമാക്കുന്നതിൽ ഭയമില്ല. ഇല്ലാത്ത ഭക്തി അഭിനയിക്കും ഈ കപടഭക്തിയെപ്പററി ദൈവം എന്തു പറയുമെന്ന ചിന്ത അവർക്കുണ്ടായിരിക്കയില്ല. എല്ലാം പാഴായിപ്പോകുന്നുവെന്ന കാര്യവും അവർ അവഗണിക്കുന്നു.

ചപലരായ പെൺകുട്ടികളെപ്പോലെ അഹങ്കാരി ആഡംബരഭ്രമത്തിനു് അധീനനാകുന്നു. എല്ലാററിലും അയാൾക്കു ചില പ്രത്യേകതകളുണ്ടാകും. ചെരുപ്പ്, കുട, വാച്ചു് തുടങ്ങിയവയെല്ലാം ഏററം ഫാഷനബിളായിരിക്കണം. ഇരിക്കുന്നതിലും നടക്കുന്നതിലും സംസാരിക്കുന്നതിലും പ്രത്യേകതയും കൃത്രിമവും കാണിക്കും. ഉടുത്തൊരുങ്ങുവനായി കണ്ണാടിയുടെ മുമ്പിൽ അധികം സമയം വൃഥാകളയും, അങ്ങനെ ഒരു പ്രദർശനവസ്തുവായി അയാൾ വ്യാപരിക്കുന്നു. എല്ലാവരും പഠനത്തിലേർപ്പെട്ടിരിക്കുമ്പോൾ അഹങ്കാരി കപ്പേളയിൽ "എരിവോടെ" പ്രാർത്ഥിക്കുകയായിരിക്കും. മററുള്ളവർ ഭക്ഷിച്ചു തീരാറാകുമ്പോൾ, ഏതാണ്ടു വലിയ കാര്യം ചെയ്തു വിവശനായി വരുന്ന മട്ടിൽ ഇടയ്ക്കു കടന്നുവരും. കളികളിൽ ഏർപ്പെട്ടിരിക്കുന്നവരെ തരംതാഴ്ത്താനെന്ന വിധം അയാൾ അപ്പോൾ പണിപ്പെട്ടു ജോലി ചെയ്യുന്നുണ്ടാകും.

സഹോദരരേ, തീർന്നില്ല; അഹങ്കാരത്തിൻെറ മക്കൾ ഇനിയുമുണ്ടു്. അസൂയ അവയിൽ പെടും. അന്യരുടെ നന്മ കണ്ടിട്ടുള്ള ദുഃഖമാണിതു്. നന്മയിൽ ദുഃഖിക്കുക വാസ്തവത്തിൽ പിശാചിൻെറ പണിയാണു്. അഹങ്കാരിയും അതു തന്നെ ചെയ്യുന്നു. അന്യരുടെ ആത്മികനന്മകളെപ്പററിയുള്ള അസൂയ വലിയ കുററമാകുന്നതാണു്. അതുമൂലം അഹങ്കാരിക്കു ശാന്തിയില്ലാതാകുന്നു, എപ്പോഴും ആകുലത തന്നെ.

അഹങ്കാരിയെ ബാധിക്കുന്ന വേറൊരു ദുശ്ശീലം അരിശമാണു്. അയാൾ വിചാരിക്കുന്നതുപോലെ എല്ലാം നടക്കണം, ഇല്ലെങ്കിൽ അരിശം. എന്തേ ഇത്ര വലിയ അരിശം? അന്യരേക്കാൾ താൻ മിടുക്കനാണെന്ന ഭാവംതന്നെ കാരണം. ആരോടും കോപിക്കുവാൻ തനിക്കു് അവകാശമുണ്ടെന്നാണു് അയാളുടെ വിചാരം. അഹങ്കാരി ദൈവത്തോടും കോപിച്ചേക്കും. അയാൾ അന്ധനായി ദൈവത്തെ ശപിക്കയും പഴിക്കുകയും ചെയ്യുന്നു. ഇവയെല്ലാം വലിയ മിടുക്കാണെന്നായിരിക്കും അയാൾ വിചാരിക്കുക. തൽഫലമായി അഹങ്കാരിയെ ദൈവം എതിർക്കുന്നു. കാരണം, അയാൾ ദൈവത്തെ എതിർക്കുന്നവനാണു്. വ്യർത്ഥ്യാഭിമാനി തൻെറ പ്രവൃത്തിക

ളുടെ യോഗ്യതകരം നഷ്ടപ്പെടുത്തുന്നു. അയാരം ദൈവത്തിനു വേണ്ടിയല്ല, തന്റെ മഹത്വത്തിനുവേണ്ടിയാണല്ലോ എല്ലാം ചെയ്യുന്നതു്. മററുള്ളവരോടു സമാധാനമായി പെരുമാറുവാൻ കഴിയുകയില്ല അഹങ്കാരിക്കു്. എല്ലാററിലും എല്ലാവരോടും അയാരംക്കു് അസംതൃപ്തിയാണു്; അവജ്ഞയാണു്.

ഇപ്രകാരം നമ്മുടെ സ്നേഹിതനെന്ന നിലയിൽ കടന്നു വരുന്ന അഹങ്കാരം വരുത്തിക്കൂട്ടുന്ന നാശം എത്ര വലുതെന്നു് എല്ലാവരും അറിഞ്ഞിരുന്നെങ്കിൽ! ആരോടും പൊരുത്തപ്പെടാതെ, ആരുടേയും നന്മ പരിഗണിക്കാതെ ജീവിക്കുന്ന അഹങ്കാരിക്കു് ശാന്തിയും സമാധാനവും അനുഭവിക്കുവാൻ ഇടയാകുകയില്ല. അന്യരെ സംശയിച്ചും വെറുത്തും കഴിയുന്ന അയാരം സമൂഹത്തിനു ഭാരമായിത്തീരുന്നു; പ്രവർത്തനരംഗങ്ങളിൽ ഒററപ്പെടുന്നു; ആത്മാർത്ഥതയില്ലാത്ത മുഖസ്തുതിക്കാരുടെ തന്ത്രങ്ങളിൽ അകപ്പെടുകയും ചെയ്യുന്നു.

ആകയാൽ, അഹങ്കാരത്തിൽപെടാതിരിക്കുവാൻ നമ്മരം സ്വയം പഠിക്കണം. നമ്മുടെ യഥാർത്ഥസ്ഥിതി എന്താണു്? ഒന്നാമതായി, നമ്മരം വെറും ഇല്ലായ്മയാണു്. ദൈവത്തിന്റെ കരുണാധിക്യം മൂലം ലഭിച്ചിട്ടുള്ള നന്മകരം മാത്രമാണു് നമുക്കുള്ളതു്. അവിടുത്തെ പരിപൂർണ്ണതയുടെ മുമ്പിൽ നമ്മുടെ കഴിവുകരം എത്രയോ നിസ്സാരം. ''എന്റെ ആയുസ്സു് അങ്ങേ മുമ്പിൽ ഒന്നുമില്ലാത്തതുപോലെയിരിക്കുന്നു'' എന്നാണു് സങ്കീർത്തകൻ പറഞ്ഞിട്ടുള്ളതു്. മാത്രമല്ല, ദൈവകരങ്ങരം നമ്മെ സദാ കാത്തുപാലിക്കുന്നില്ലെങ്കിൽ നമ്മരം ഇല്ലായ്മയായിത്തീരുന്നതാണു്. ആകയാൽ വി. ശ്ലീഹാ എഴുതിയിട്ടുള്ളതുപോലെ: ''ദൈവത്തിന്റെ പറഞ്ഞറിയിക്കുവാൻ വഹിയാത്ത നന്മകരംക്കായി അവിടുത്തേക്കു സ്തോത്രം'' ചെയ്യാം. രണ്ടാമതായി, നമുക്കു സ്വന്തമായി ഒന്നും ചെയ്യുവാൻ കഴിയുകയില്ല. കാരണം, നമുക്കു കർത്താവു തന്നിട്ടുള്ള കഴിവുകരം പ്രവർത്തിക്കണമെങ്കിൽ ദൈവസഹായം അത്യാവശ്യമാണു്. പിന്നെങ്ങനെ അവയെപ്പററി നമുക്കഹങ്കരിക്കാൻ കഴിയും? മൂന്നാമതായി, നമുക്കു് ഒരു വിലയുമില്ല. ദൈവം പ്രവർത്തിച്ചിട്ടുള്ള അത്ഭുതങ്ങളാണു നമ്മിലുള്ളതെല്ലാം. അവയുള്ള അവകാശവും ദൈവത്തിനുതന്നെ. ''നിങ്ങരം ഒരു വലി

യ വിലയ്ക്കു വാങ്ങപ്പെട്ടിരിക്കുന്നു'' എന്ന വി. പൗലോസിന്റെ പ്രസ്താവന തികച്ചും ശരിയാണല്ലോ. നാലാമതായി, നമ്മൾ പാപികളാകുന്നു. കർത്താവു് നമ്മോടു ക്ഷമിക്കാതെ, നീതി പൂർവ്വം പ്രവർത്തിച്ചിരുന്നെങ്കിൽ നമ്മുടെ സ്ഥിതി എന്താകുമായിരുന്നു? വി. ആഗുസ്തീനോസു് പറയുന്നതുപോലെ, നമ്മൾ ചെയ്യാത്ത തെററുകൾക്കുകൂടി എളിമപ്പെടേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, കർത്താവിന്റെ കൈകൾ നമ്മെ താങ്ങിയതുമൂലമാണു് കൂടുതൽ കുററങ്ങൾ ഉണ്ടാകാതിരുന്നതു്. ആകയാൽ അന്യരിൽനിന്നു പ്രശംസ ആഗ്രഹിക്കാതെ, സ്വയം നിന്ദിക്കുകയും അവമാനം സഹിക്കുവാൻ സന്നദ്ധരാകുകയും വേണം.

അവസാനമായി, കഴിഞ്ഞ ജീവിതത്തിലേക്കു നമുക്കൊന്നു തിരിഞ്ഞു നോക്കാം. വീട്ടിലും വിദ്യാലയത്തിലും ഇടവകയിലും മററും ഞാൻ മൂലം ഉണ്ടായിട്ടുള്ള കുഴപ്പങ്ങൾക്കെല്ലാം കാരണം എന്റെ അഹങ്കാരമല്ലായിരുന്നോ? വിനീതമായി വ്യാപരിക്കുവാൻ എനിക്കു കഴിഞ്ഞിരുന്നെങ്കിൽ ഒട്ടു വളരെ വേദനയു, വിഷമങ്ങളും ഒഴിവാക്കാമായിരുന്നില്ലേ? ഇപ്പോൾ എന്തു തോന്നുന്നു; അഹങ്കാരംമൂലം നമുക്കും മററുള്ളവർക്കും വരുത്തിയിട്ടുള്ള വിഷമതകളെപ്പററി മനസ്തപിക്കാം. അവ പരിഹരിക്കാനുള്ള പ്രതിജ്ഞ സ്വീകരിക്കയും ചെയ്യാം.

# 8. മരണം

മിശിഹായിൽ പ്രിയ സഹോദരരേ,

മനുഷ്യരെ യഥേഷ്ടം കൊന്നൊടുക്കിക്കൊണ്ടിരുന്നറഷ്യൻ ഏകഛത്രാധിപതി സ്റ്റാലിനു് സ്വന്തം മരണത്തെപ്പററിയുള്ള ചിന്ത ഏററം ഭീകരമായിരുന്നു. അദ്ദേഹത്തിൻെറ ആരോഗ്യ സംരക്ഷണത്തിനായി അതിവിദഗ്ദ്ധരായ എട്ടു ഡോക്ടറന്മാരെ നിയമിച്ചിരുന്നു. അവരുടെ നേതാവായിരുന്ന അലക്സാണ്ടർ ഫ്രാങ്കൽ നൂറുവയസ്സുവരെ സ്റ്റാലിനെ ജീവിപ്പിക്കാമെന്നു് ഏല്ക്കുകയുണ്ടായി. അവർ പ്രതിദിനം അദ്ദേഹത്തെ പരിശോധിച്ചിരുന്നു. പുതിയ ആരോഗ്യസംരക്ഷണമാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാനായി അവർ നടത്തിയ പരീക്ഷണങ്ങൾക്കുവേണ്ടി വളരെ പണവും പലേമനുഷ്യജീവനും ഹോമിക്കുകയും ചെയ്തു എന്നാൽ സ്റ്റാലിൻ 73-ാം വയസ്സിൽ മരണമടഞ്ഞു! ശാസ്ത്രീയ നേട്ടങ്ങളെ വെല്ലുവിളിച്ചുകൊണ്ടു് മരണം അനിവാര്യമായ ഒരനുഭവമായി നിലകൊള്ളുകയാണു്. കുരിശുമരണംവഴി മരണത്തെ അനുഗ്രഹപ്രദമാക്കിയ ക്രിസ്തുനാഥനോടു നമുക്കു പ്രാർത്ഥിക്കാം. നമുക്കും ഒരു ഭാഗ്യമരണം നല്കണമെന്നു്.

ഈ ലോകത്തിലേക്കു കടന്നുവരുന്ന ഓരോമനുഷ്യനേയും സംബന്ധിച്ചിടത്തോളം ഒഴിച്ചുവയ്ക്കുവാൻ പാടില്ലാത്ത ഒരനുഭവമാണു് മരണം. പല കാര്യങ്ങളെപ്പററിയും നമുക്കു് സംശയമുണ്ടു്. നാളെ സൂര്യനുദിക്കുമോ? ആർക്കറിയാം. നാളെ എന്തെന്തു പരിവർത്തനംതന്നെ ഉണ്ടാകാൻ പാടില്ല? എന്നാൽ ഒരു കാര്യം സുനിശ്ചിതമാണു്. എന്താണതു്? നമ്മൾ ഒരിക്കൽ മരിക്കും. വിശുദ്ധ പൗലോസ് പറയുന്നു: ''ഒരു മനുഷ്യൻ വഴി പാപം ലോകത്തിൽ പ്രവേശിച്ചു; പാപംവഴി മരണവും പ്രവേശിച്ചു. എല്ലാവരും അവനോടുകൂടി പാപംചെയ്തു; അങ്ങനെ എല്ലാവരും മരിക്കുന്നു'' ദൈവം വ്യക്തമായി കല്പിച്ചതാണു്, ''ഈ പഴം ഭക്ഷിച്ചാൽ നീ മരിക്കും'' എന്നു്. അതു് കൂട്ടാക്കാതെ പിശാചിൻെറ പ്രേരണയിൽപെട്ടു് ആ ഫലം

ഭക്ഷിച്ചു. ഉടനെ ദൈവം പ്രത്യക്ഷപ്പെട്ടു പറഞ്ഞു: "ഞാൻ കല്പിച്ചതിനു് എതിരായി നീ പ്രവർത്തിച്ചു; ആകയാൽ, നീ പൊടിയാണു്, പൊടിയിലേയ്ക്കു പിൻതിരിയുകയും ചെയ്യും." അലംഘനീയമായ ഈ ആജ്ഞ എന്നും അനുവർത്തിക്കപ്പെടുന്നു. ചിലപ്പോൾ നാം കാണുന്നുണ്ടു്, കൊലക്കുററം ചെയ്തവൻ ഹൈക്കോർട്ടിൽ എത്തുമ്പോൾ രക്ഷപ്പെടുന്നതു്. തെളിവു പോരാഞ്ഞിട്ടു് അവനെ വിട്ടയയ്ക്കുന്നു. പക്ഷേ, അതുകൊണ്ടു് കാര്യമായില്ല. എന്തുകൊണ്ടെന്നാൽ അവൻെറ തലയുടെ മുകളിൽ ദൈവത്തിൻെറ വിധി നില്ക്കുന്നുണ്ടെന്നു് നമുക്കറിയാം. കച്ചേരിയിലെ വിധിയിൽനിന്നു മാത്രമേ അവൻ രക്ഷപ്പെട്ടുള്ളു. മരണത്തിൻെറ വിധിയിൽനിന്നും അവനൊരിക്കലും രക്ഷപ്പെടുകയില്ല.

ഇന്നു പ്രഭാതത്തിൽ നമ്മോടു് ഒന്നിച്ചു് ഉണർന്നവരെല്ലാം വൈകുന്നേരംവരെ ജീവിച്ചിരിക്കുമോ? നിശ്ചയമായും ഇല്ല. ഇതിനകം, ലോകമാസകലം എത്രയോ പേർ മരിച്ചുകഴിഞ്ഞു. എത്രയോ മൃതദേഹങ്ങളുടെ ചുററുമിരുന്നു് ഇപ്പോൾ ആളുകൾ വിലപിക്കുന്നുണ്ടാകാം. ധ്യാനം കഴിക്കുന്നവർപോലും അതിനിടയ്ക്കു് മരിച്ചിട്ടില്ലേ? ഉണ്ടു്. ഞാൻ മംഗലപ്പുഴ സെമിനാരിയിൽ പഠിക്കുമ്പോൾ, ഒരു കൊല്ലം വാർഷികധ്യാനം കഴിക്കുകയായിരുന്നു. ധ്യാനത്തിൻെറ രണ്ടാംദിവസം ഉച്ചയ്ക്കു ശേഷമുള്ള ഉപദേശവും കഴിഞ്ഞു് എല്ലാവരും പുഴയിൽ കുളിയ്ക്കാൻ പോയി. അനന്തരം വൈകുന്നേരത്തെ ധ്യാനത്തിനു സമ്മേളിച്ചപ്പോൾ വന്ദ്യ ഔറേലിയനച്ചൻ വന്നു പറയുകയാണു്: "സഹോദരന്മാരേ, ഒരു സെമിനാരിക്കാരൻ മരിച്ചുപോയി. മൃതശരീരം അടുത്ത മുറിയിൽ വച്ചിട്ടുണ്ടു്. ഈ ധ്യാനത്തിനുശേഷം നിങ്ങൾക്കുപോയി കാണാം." രണ്ടു മണിക്കൂർ മുമ്പു് പുഴയിലേയ്ക്കു പോയവരിൽ ഒരാളാണു മരിച്ചുകഴിഞ്ഞതു്! പിറേറദിവസം ഞങ്ങളുടെ ധ്യാനകുമ്പസാരമാണു്. പക്ഷേ, അതിനുമുമ്പു് കുമ്പസാരം കൂടാതെ ആ സഹോദരൻ ദൈവസന്നിധിയിലേക്കു കടന്നുപോയി.

വിശുദ്ധഗ്രന്ഥം പറയുന്നു: "എല്ലാമനുഷ്യരും മൃതിയടയണമെന്നു നിശ്ചയിക്കപ്പെട്ടിരിക്കുന്നു" (എബ്രാ. 4/27). എല്ലാവരും മരിക്കും. ഞാനും, നിങ്ങളും. നമുക്കു് ആ ബോദ്ധ്യം

ഉണ്ടായിരിക്കട്ടെ. മരണം മററുള്ളവർക്കു് മാത്രമായി മാററി വയ്ക്കാതെ എനിക്കും അതു് ഉണ്ടാകുമെന്ന ബോധം പാലിക്കുക. ഈ ശരീരവും ആത്മാവും തമ്മിൽ വേർപെടും. എൻെറ ശരീരം ഒരു ശവപ്പെട്ടിയിൽ നിക്ഷേപിക്കപ്പെടും. അതിനെ ആഴത്തിലുള്ള ഒരു കുഴിയിൽ ഉപേക്ഷിക്കയും ചെയ്യും. ഐഹിക ജീവിതം ഒരു നീണ്ട പ്രദക്ഷിണമാണു്. ഞാൻ ജനിച്ചപ്പോൾ ആ പ്രദക്ഷിണവീഥിയിലേയ്ക്കു കടന്നുവന്നു. ഞാൻ നിരന്തരം മുമ്പോട്ടു നീങ്ങുന്നു, മരണമാകുന്ന വാതിലിൽക്കൂടി അപ്പുറത്തേക്കു കടന്നുപോകുവാൻ. വിശുദ്ധ ആഗസ്തീനോസ് പറയുന്നു: ''നീ ജനിച്ച അന്നുമുതൽ മരിക്കുവാൻ തുടങ്ങി ഓരോ നിമിഷവും മരിച്ചുകൊണ്ടിരിക്കുന്നു.'' നീ കത്തിക്കൊണ്ടിരിക്കുന്ന ഒരു മെഴുകുതിരിയാണു്. അതിൻെറ ദൈർഘ്യം അനുനിമിഷം കുറഞ്ഞുവരുന്നു. അതു പ്രകാശിച്ചുകൊണ്ടു് ദഹിച്ചു് അവസാനിക്കുന്നു. ഇതുപോലെ നീയും ജീവിച്ചുകൊണ്ടു മരിക്കുന്നു. നിനക്കു് എത്ര വയസ്സായി? അത്രയും നീ മരണത്തെ സമീപിച്ചു എന്നർത്ഥം. നീ പ്രഭാതത്തിൽ ഉണരുമ്പോൾ വൈകുന്നേരംവരെ ജീവിക്കുമെന്നു് ഒരു നിശ്ചയവുമില്ല; വൈകുന്നേരം ഉറങ്ങാൻ പോകുമ്പോൾ അടുത്ത പ്രഭാതത്തിൽ വീണ്ടും ഉണരുമെന്നും നിശ്ചയമില്ല. ഈ സത്യം ഓർത്തുകൊണ്ടാണോ ഉണരുന്നതും ഉറങ്ങുന്നതും. നിൻെറ പേരുതന്നെ വ്യക്തമാക്കുന്നതെന്താണു്? മർത്ത്യൻ: അതായതു് മരണമുള്ളവൻ. നിൻെറ ജീവിതവാഹനത്തിൻെറ മുമ്പിൽ എഴുതിവച്ചിട്ടുള്ള സത്യമാണതു്. ആകയാൽ ഈ ധ്യാനംകൊണ്ടു് എന്താണു് ആത്യന്തികമായി സാധിക്കേണ്ടതു്, ഒരു നല്ല മരണത്തിനു് ഒരുങ്ങുക.

ഞാൻ ഒരു ഏകാന്തധ്യാനം നടത്തുകയായിരുന്നു. ഒരു മാന്യൻ വന്നു് എന്നോടു പറഞ്ഞു: ''അച്ചാ, ഞാൻ ഇക്കൊല്ലവും ധ്യാനിക്കാൻ വന്നിരിക്കുകയാണു്. എൻെറ മകനും അനുജനും കൂടി വന്നിട്ടുണ്ടു്. ഇതിനുമുമ്പു് അച്ചൻ ധ്യാനിപ്പിച്ചപ്പോൾ ഞാൻ അതിൽ സംബന്ധിച്ചിരുന്നു. പക്ഷെ, ഇത്തവണ ഞാൻ വന്നിട്ടുള്ളതു് ഒരു പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയാണു്. എനിക്കിനി ഒരു ധ്യാനം കഴിക്കുവാൻ പററുമെന്നു തോന്നുന്നില്ല. അതുകൊണ്ടു് എനിക്കു് ഒന്നുമരിക്കാൻ

ഒരുങ്ങണം. അതിനു വേണ്ടതെല്ലാം പറഞ്ഞുതരണം.'' അങ്ങനെ ആ മനുഷ്യൻ ഒരുങ്ങി, കുമ്പസാരിച്ച് മരണത്തിനുതയ്യാറായി പോയി. അധികം കഴിഞ്ഞില്ല. അദ്ദേഹത്തിൻെറ മകൻ എഴുതുന്നു: ''അച്ചാ. അപ്പച്ചൻ പറഞ്ഞതു് ഓർക്കുന്നുണ്ടല്ലോ; അതുപോലെ അദ്ദേഹം മരിച്ചു. അച്ചൻ പ്രാർത്ഥിക്കണം.'' സഹോദരരേ, ഈ ധ്യാനം ദൈവം നമുക്കു നല്കിയിരിക്കുന്ന നല്ല അവസരമാണു്, മരണത്തിനു് ഒരുങ്ങുവാൻ. ഒരു കൊല്ലം ഞാൻ വൈദികരെ ധ്യാനിപ്പിച്ചപ്പോൾ, വിയാസാക്രാസ്കും കൊന്തയും മററും നേതൃത്വം വഹിച്ചതു് ഒരു കൊച്ചച്ചനായിരുന്ന ഫാദർ ജോസഫ് പറമ്പിയായിരുന്നു. എന്നാൽ അധികദിവസം കഴിയുന്നതിനുമുമ്പ്, അടുത്തമാസം 10-ാം തീയതി എറണാകുളം ആസ്പത്രിയിൽവച്ച് അദ്ദേഹം അന്തരിച്ചു. ദൈവത്തിൻെറ ഹിതം! ആകയാൽ, ദൈവം ഈ ധ്യാനത്തിലേക്കു് എന്തിനു് എന്നെ ആനയിച്ചിരിക്കുന്നു? എൻെറ ബലിക്കുള്ള ഒരുക്കം പൂർത്തിയാക്കുവാൻ. വിശുദ്ധ സ്റ്റനിസ്ലാവോസിനെപ്പോലെ, വിശുദ്ധ അലോഷ്യസിനെപ്പോലെ, വിശുദ്ധ ബർക്കുമാൻസിനെപ്പോലെ എന്നെയും പരലോകത്തിലേക്കു് ഇപ്പോൾ തന്നെ വിളിച്ചേക്കാം. അവരൊക്കെ വൈദികരാകുന്നതിനു മുമ്പ് മരണമടഞ്ഞു എന്നു് നമുക്കറിയാമല്ലോ. അതുപോലെ എനിക്കും സംഭവിച്ചാൽ എല്ലാം വിജയകരമാകണമല്ലോ.

മരണത്തിനൊരുക്കമായി എന്താണു് ചെയ്യേണ്ടതു്? നമുക്കറിയാം. മരണം ഒരു വേർപാടാണു്; ഐഹികമായതെല്ലാം വെടിഞ്ഞു് നമ്മൾ പരലോകത്തിലേക്കു് കടന്നുപോകും. പിന്നെ നമ്മെ സംബന്ധിച്ചിടത്തോളം ഈ ലോകം ഉണ്ടെങ്കിലും ഇല്ലെങ്കിലും ഒന്നും വരാനില്ല. എല്ലാം നാം വെടിഞ്ഞു കഴിഞ്ഞു. ഈ വേർപാടിനു വേണ്ടവിധം തയ്യാറാവുകയാണു് മരണത്തിനുള്ള ഒരുക്കം. ഐഹിക കാര്യങ്ങളിൽനിന്നു പൂർണ്ണമായും വിമുക്തി പ്രാപിക്കണം. മാമ്മോദീസവഴി യഥാർത്ഥത്തിൽ നല്കപ്പെടുന്ന അനുഗ്രഹമാണിതു്—സൃഷ്ടികളിൽ നിന്നകന്നു് സൃഷ്ടികർത്താവിനുവേണ്ടി ജീവിക്കുവാനുള്ള അനുഗ്രഹം. അലോഷ്യസ് ഗൊൺസാഗ തൻെറ കുടുംബസ്വത്തും രാജ്യം ഭരിക്കാനുള്ള അവകാശവും മററും അനുജനു് കൈമാറി. അനന്തരം ചോദിച്ചു: ''അനുജാ, നമ്മളിൽ ആരാ

ണിപ്പോഠ ഭാഗ്യവാൻ?'' ഇളയവനു് ഒന്നും പറയുവാൻ തോന്നിയില്ല. അലോഷ്യസ് തുടർന്നു പറഞ്ഞു: ഞാനാണു്, ''ഞാനാണു്.: കാരണം നീ ഈ ലോകം സ്വന്തമാക്കി; ഞാൻ സ്വർഗ്ഗം എൻേറതുമാക്കി.'' വിശുദ്ധൻ പറഞ്ഞതു് വേഗം പൂർത്തിയായി എന്നു് നമുക്കറിയാം, ഈ ലോകം വെടിഞ്ഞു് സ്വർഗ്ഗഭാഗ്യത്തിലേക്കു് എത്താനുള്ള ബദ്ധപ്പാടായിരുന്നു ആ ചെറുപ്പക്കാരനു്. ക്രിസ്തുനാഥൻ സ്വശിഷ്യന്മാരോടു് ആവശ്യപ്പെട്ടു, അവക്കുള്ളതെല്ലാം ഉപേക്ഷിച്ചു് അവിടുത്തെ അനുഗമിക്കുവാൻ. ''എന്നെക്കാഠ അധികമായി മാതാപിതാക്കന്മാരേയോ, സഹോദരീസഹോദരന്മാരേയോ, വീടിനെയോ നാടിനേയോ സ്നേഹിക്കുന്നവൻ എനിക്കു യോജിച്ചവനല്ല'' എന്നു് ഈശോ വ്യക്തമായി പറഞ്ഞിട്ടില്ലേ? നമ്മുടെ ജീവിതവും ഇങ്ങനെ ക്രമപ്പെടുത്തണം. അപ്പോഠ സ്വർഗ്ഗത്തിൽ നമുക്കും വലിയ നിക്ഷേപം ലഭിക്കും. വിശുദ്ധ ഫ്രാൻസിസ് അസ്സീസി സകലതും പരിത്യജിച്ചു്, തൻെറ വസ്ത്രംപോലും ഉരിഞ്ഞുകൊടുത്തിട്ടു് തുറന്ന ലോകത്തിലേയ്ക്കു് ഇറങ്ങി. ''എൻെറ ദൈവമേ, എൻെറ സമസ്തവുമേ'' എന്നു ഉദ്ഘോഷിച്ചുകൊണ്ടു് അലഞ്ഞുതിരിഞ്ഞു് ജീവിച്ച അദ്ദേഹം മരിക്കുന്ന സമയത്തു് ആവശ്യപ്പെട്ടു, തന്നെ ചാരം വിരിച്ച തറയിൽ കിടത്തുവാൻ. പരമദരിദ്രനായി മരിയ്ക്കാനുള്ള ആഗ്രഹം! അനന്തരം അദ്ദേഹം സ്വശിഷ്യന്മാരോടു് ഒരു പാട്ടുപാടുവാൻ പറഞ്ഞു. എന്നാൽ അവർക്കു് ഗുരുവിൻെറ മരണവേളയിൽ എങ്ങനെ പാടുവാൻ കഴിയും? ആകയാൽ വിശുദ്ധൻ തന്നെ ഗാനാലാപം ആരംഭിച്ചു. അങ്ങനെ അദ്ദേഹം പാടിക്കൊണ്ടു് സ്വർഗ്ഗത്തിലേക്കു് പറന്നുപോയി!

ക്രിസ്ത്യാനി ക്രിസ്തുനാഥനെ അനുകരിക്കണം. ദരിദ്രനായി ജനിച്ചു്, ഉപരിദരിദ്രനായി ജീവിച്ചു്, ദാരിദ്ര്യത്തിൻെറ പരമകാഷ്ഠയിൽ മരിച്ച ഈശോയെ അനുകരിക്കുക നമ്മുടെ കടമയാണു്. ലോകത്തിലാണെങ്കിലും ലോകത്തിൻേറതല്ലാതെ ജീവിക്കണം. അതുകൊണ്ടു് ഐഹിക താല്പര്യങ്ങഠ നമ്മെ സ്വാധീനിയ്ക്കരുതു്. വളരെ സൂക്ഷിച്ചില്ലെങ്കിൽ പരാജയം ഉണ്ടാകും. അതാണു് യൂദാസിൻെറ ജീവിതം നമുക്കു കാണിച്ചുതരുന്നതു്. എല്ലാം ഉപേക്ഷിച്ചു് കർത്താവിൻെറ

പുറകെ പോന്നതാണ് യൂദാസ്. പക്ഷേ ദ്രവ്യാശയിൽ കുടുങ്ങി എല്ലാം നശിപ്പിച്ചു. രണ്ടു യജമാനന്മാരെ സേവിക്കുവാൻ സാദ്ധ്യമല്ലെന്നു ഈശോ പഠിപ്പിച്ചു. എന്നാൽ ദൈവത്തേയും ധനത്തേയുംകൂടി സേവിക്കുവാൻ യൂദാസ് തുനിഞ്ഞു; രണ്ടും നഷ്ടപ്പെടുത്തിക്കൊണ്ടു ദുർഭഗനായി മരിക്കയുംചെയ്തു. ഈ അധഃപതനം നമുക്കുമുണ്ടാകരുതല്ലോ. സമ്പത്തിനോടുള്ള വേണ്ടാത്ത താല്പര്യമാണ് പലരെയും വഴിതെററിയ്ക്കുക. സ്വർഗ്ഗരാജ്യത്തെപ്പററിയുള്ള ചിന്ത നമ്മെ നയിക്കണം.

നാം മരിക്കുന്നതു് എവിടെവച്ചാണെന്നു് ആക്കറിയാം. എത്രയോ പേർ വഴിയിൽ വീണു മരിക്കുന്നു. എത്രയോ പേർ വിമാനയാത്രയിൽ അന്തരിക്കുന്നു. ദൈവം വിളിക്കുന്നതു് ഏതു സ്ഥലത്തുവച്ചാണെന്നു് നമുക്കു നിശ്ചയമില്ല. ആകയാൽ വലിയ വീടുകളോടും ആഡംബരപൂർവ്വമായ പാർപ്പിടങ്ങളോടുമുള്ള താല്പര്യം നിഷ്പ്രയോജനമായിരിക്കും. അവിടെനിന്നെല്ലാം നമ്മറം ഒരു ദിവസം ഇറങ്ങിപ്പോകും; ചിലപ്പോൾ ജീവനോടുകൂടിയായിരിക്കാം, അല്ലെങ്കിൽ മരിച്ചവരായിട്ടായിരിക്കാം, ഏതായാലും പിന്നീടു് നമ്മറം മടങ്ങിവരുകയില്ല.

ഞാൻ ഇന്നു് ഉപയോഗിക്കുന്ന എല്ലാ സാധനങ്ങളും മരണത്തോടുകൂടി ഉപേക്ഷിക്കേണ്ടിവരും. എൻെറ ശവശരീരത്തിലേയ്ക്കു ഒന്നു നോക്കുക. എനിക്കു് ഒരു വസ്ത്രവും ഒരു ചെരിപ്പും മാത്രം. അവയാകട്ടെ വളരെ വില കുറഞ്ഞവ! നല്ലവ എന്തിനു വൃഥാ നഷ്ടപ്പെടുത്തണം? ഞാൻ സംഭരിച്ചുവച്ചിട്ടുള്ള വിശേഷവസ്ത്രങ്ങളും വിലയേറിയ ചെരിപ്പുകളും വാച്ചും റേഡിയോയും മററു സുഖജീവിതസാമഗ്രികളും എന്നെ നോക്കി പരിഹസിക്കുകയാണ്: ''നീ ഇത്ര ഭോഷനായിപ്പോയല്ലോ! വളരെപണംകൊടുത്തു വാങ്ങിയവയെല്ലാം ഉപേക്ഷിച്ചുകൊണ്ടു വെറും കൈയായി നീ പുറപ്പെടുകയല്ലേ? നീ നഗ്നനായി ഈ ലോകത്തിൽ പിറന്നു. നഗ്നനായിത്തന്നെ മടങ്ങിപ്പോകുന്നു.''

ജീവിതസൗകര്യങ്ങളെക്കുറിച്ചുള്ള ആഗ്രഹവും നിരർത്ഥകമാണ്. സുഖലോലുപത ക്രൈസ്തവനു് ഒട്ടും പററിയതല്ല. മററുള്ളവർക്കുവേണ്ടി സ്വയം വ്യയം ചെയ്യാനുള്ള വിളിയല്ലേ

നമുക്ക ലഭിച്ചിട്ടുള്ളതു്? ആകയാൽ നമ്മരം തികച്ചും ത്യാഗ പൂർവ്വം ജീവിക്കണം; സേവനനിരതരായിരിക്കണം. ചൂട്ടം തണുപ്പും നമ്മെ അലസരാക്കരുതു്. പല വിധത്തിൽ പണം കിട്ടുന്നുണ്ടെന്നു പറഞ്ഞു് ധൂർത്തരും ആഡംബരപ്രിയരും ആകു വാൻ പാടില്ല. പല പാവങ്ങളും വളരെ ക്ലേശിച്ചുകഴിയുമ്പോരം പണം ധൂർത്തടിക്കുന്നതു് കഠിന കുററമാണു്. ദൈവം നല്കി യിരിക്കുന്ന ധനംകൊണ്ടു സ്വർഗ്ഗത്തിലേക്ക സ്നേഹിതന്മാരെ സമ്പാദിക്കാനാണു ശ്രമിക്കേണ്ടതു്.

വീണ്ടും, മരണം ഒരു വേർപാടാണു്. നമുക്ക പ്രിയപ്പെട്ട എല്ലാവരേയും വിട്ടുപിരിയേണ്ടിവരും. മാതാപിതാക്കന്മാരും മക്കളും വേർപെടും. സഹോദരീസഹോദരന്മാരും ആപ്തമിത്ര ങ്ങളും പിരിഞ്ഞുപോകും. ചില വേണ്ടാത്ത മൈത്രി ചിലർ പാലിക്കാറുണ്ടു്. ചില inseparables! ആ നിഷിദ്ധ കൂട്ടുകെട്ടും പൊട്ടിത്തെറിക്കും, മരണത്തിൻെറ ആഗമനത്തിൽ; മാത്രമല്ല, അതു് അവസാനിക്കാത്ത ദുരിതത്തിനു കാരണമാകുകയും ചെ യ്യും. വി. ആഗ്ഗുസ്തീനോസിൻെറ ഒരനുഭവം പറയാം. അദ്ദേ ഹം റോമിൽ പ്രശസ്തനായി കഴിയുമ്പോരം ഒരു റോമൻ യുവാ വിനോടു് വലിയ മൈത്രിയിലായിരുന്നു; തികച്ചും അസ ന്മാർഗ്ഗികമായ മൈത്രി. അങ്ങനെയിരിക്കെ അയാരംക്കു് അപകടകരമായ രോഗം പിടിപെട്ടു. ആഗ്ഗുസ്തീനോസു് മാറാ തിരുന്നു തൻെറ സുഹൃത്തിനെ പരിചരിച്ചു. ഒടുവിൽ അയാ ളുടെ രോഗം ഒട്ടുശമിച്ചു; കുറച്ചൊക്കെ സംസാരിക്കാമെന്നാ യി. ആഗ്ഗുസ്തീനോസു് സന്തോഷഭരിതനായി. അദ്ദേഹം തൻെറ ആപ്തമിത്രത്തോടു് ഒരു വാക്കു് പറയാനുള്ള ആഗ്രഹത്തോടെ മുറിയിലേയ്ക്കു കടന്നുചെല്ലുകയാണു്. എന്നാൽ ആഗ്ഗുസ്തീനോ സിൻെറ ആഗമനം കണ്ടുകൊണ്ടു് ആ രോഗി വെറുപ്പോടെ മറുവശത്തേക്ക തിരിഞ്ഞു കിടന്നുകളഞ്ഞു. ഈ വിപരീതാനു ഭവം ആഗ്ഗുസ്തീനോസിനെ അധികം വേദനിപ്പിച്ചു. അദ്ദേഹം ഇപ്രകാരം ആവലാതി പറഞ്ഞു: ''സ്നേഹിതാ, നിങ്ങളുടെ രോഗം എന്നെ എത്രയോ വേദനിപ്പിച്ചു ഞാൻ താല്പര്യമാ യി നിങ്ങളെ പരിചരിച്ചു. ഇപ്പോരം രോഗമൊട്ടു ശമിക്കയും ചെയ്തു. എന്നിട്ടു് ഞാൻ വരുന്നതു കണ്ടു് നിങ്ങരം എന്താണി ങ്ങനെ വെറുപ്പുകാണിച്ചതു്?'' രോഗി ദൃഢമായ സ്വരത്തിൽ നല്കിയ മറുപടി കേട്ടാലും: ''മതി, മതി. നമ്മുടെ സ്നേഹമെല്ലാം

നിറുത്താം. മരണം വരെ എത്തിയ ഞാൻ ജീവിതമെന്താണെന്നു കണ്ടുകഴിഞ്ഞു. ഇനി ഈ വേണ്ടാത്ത സ്നേഹമൊന്നും വേണ്ടാ.'' ഈ പാഠം എല്ലാവരും പഠിക്കേണ്ടതാണ്. വേണ്ടാത്ത സ്നേഹബന്ധത്തിൽ കുടുങ്ങി മരണം ഭീകരമാക്കരുതല്ലോ.

വേറൊരു കാര്യം—അന്ത്യവേളയിൽ അധികമാളുകൾ ഉണ്ടാകാതിരിക്കയാണു നല്ലതു്. മരണാസന്നൻെറ ചുററും അധികംപേർ തിങ്ങിക്കൂടിയാൽ അയാൾ ശുദ്ധവായു കിട്ടാതെ വേഗം മരിച്ചേക്കും. മരണവേദനയിൽപെട്ടു് ഉഴലുന്ന വ്യക്തിയെ വിഷമിപ്പിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതല്ലേ? അതു പ്രിയ ജനങ്ങൾ മനസ്സിലാക്കുന്നില്ല, വീണ്ടും, എൻെറ അന്ത്യസമയത്തു് എത്ര പേർ കാത്തുനിന്നാലും, എത്ര പേർ പരിചരിച്ചാലും ഞാൻ തന്നെ ദൈവത്തിൻെറ പക്കലേക്കെത്തണം. മററുള്ളവരാരും എനിക്കുവേണ്ടി ഒന്നും ചെയ്യാൻ പോകുന്നില്ല. അതുകൊണ്ടു് നമ്മൾ ദൈവത്തെ മാത്രം കൂട്ടുപിടിക്കുക. കാവൽ മാലാഖയോടും ചേർന്നു നില്ക്കുക. ഈശോയോടും മറിയത്തോടും യൗസേപ്പിതാവിനോടുംകൂടി നമുക്കു ജീവിക്കാം. അപ്പോൾ നമ്മുടെ അന്ത്യവേളയിൽ അവർ നമ്മോടുകൂടിയുണ്ടായിരിക്കും.

സഹോദരരേ, എന്താണിനി ബാക്കിയുള്ളതെന്നു നോക്കൂ. ഓ, എൻെറ പ്രിയപ്പെട്ട ശരീരം! ഈ ശരീരത്തോടുകൂടിയാണു് ഞാനീലോകത്തിലേക്കു വന്നതു്, വാസ്തവം. എന്നാൽ, ഈ ശരീരവുംകൊണ്ടു് ഞാനീലോകത്തിൽനിന്നു് ഇറങ്ങിപ്പോകുമോ? ഇല്ല; ഇതിവിടെ വിട്ടിട്ടുതന്നെ പോകണം. ശരീരം മരിച്ചു് മരവിച്ചു് അവിടെ കിടക്കും; അതു് ആഴമുള്ള കുഴിയിൽ അവസാനിക്കും; കൃമിയും പൊടിയുമായിത്തീരുകയും ചെയ്യും. ആത്മാവും ശരീരവും തമ്മിലുള്ള വേർപാടാണല്ലോ മരണം. എന്നാൽ ഈ ശരീരത്തോടുള്ള ബന്ധം പാലിച്ചുകൊണ്ടുതന്നെയാണു് ഞാനീലോകത്തിൽ ജീവിക്കേണ്ടതു്. അല്ലാതെ നിവൃത്തിയില്ല. പക്ഷെ, ഇതു് വിട്ടുംവെച്ചു പോകേണ്ട ഒരു വസ്തുവാണെന്ന കാര്യം നാം മറക്കരുതു്. എൻെറ ശരീരം എൻെറ ആത്മാവിനുവേണ്ടിയാണു് പ്രവർത്തിക്കേണ്ടതു്; അല്ലാതെ എൻെറ ആത്മാവു് ശരീരത്തിനുവേണ്ടിയല്ല. നിത്യരക്ഷയ്ക്കു് ഹാനികരമായി എന്തെങ്കിലും ചെയ്യുവാൻ

ഴ്എൻെറ ശരീരം കാരണമാകരുതു്. അലസത, ഭോജനപ്രിയം, ജഡികാസക്തി തുടങ്ങിയ തിന്മകൾ തലപൊക്കിയേക്കും. അപ്പോഴെല്ലാം മരണ ചിന്ത നമ്മെ സഹായിക്കട്ടെ, പാപത്തിൽ പെടാതിരിക്കുവാൻ. എല്ലാവിധ സുഖസന്തോഷങ്ങൾ അനുഭവിച്ച ജീവിച്ചയാൾ മരണവേദനയുടെ മദ്ധ്യത്തിൽ എന്തുപറയും? ''എല്ലാം നിഴൽപോലെ കടന്നുപോയി. ഒരു സംതൃപ്തിയും നല്കിയില്ല; പരലോകത്തിനുവേണ്ടി ഒന്നും സമ്പാദിച്ചില്ലെന്നുമാത്രമല്ല പലേ പരാജയങ്ങളും വരുത്തിക്കൂട്ടുകയും ചെയ്തു!'' എന്നിങ്ങനെ വിലപിച്ചേക്കും.

ആകയാൽ സുഖേച്ഛയെ നിഗ്രഹിച്ചുകൊണ്ടു് ജീവിതബലിക്കു് ഒരുങ്ങുക. ഭക്ഷണം എനിക്കു വേണം എൻെറ ചുമതലകൾ നിർവ്വഹിക്കുവാനുള്ള കഴിവുകിട്ടാൻ. അല്ലാതെ ഭോജനപ്രിയത്തെ തൃപ്തിപ്പെടുത്താനല്ല. നമ്മുടെ ഭവനത്തിലെ ഭക്ഷണരീതിയിൽ അസന്തുഷ്ടനാകരുതു്. വളരെപ്പേർ നമ്മുടെ ചുററും പട്ടിണി കിടക്കുന്ന കാര്യം ഓർമ്മിക്കണം. പലരും നമ്മെ ക്ഷേമമായി സൽക്കരിച്ചേക്കും. പലഹാരങ്ങൾ മാത്രമല്ല മററു ചിലതും കൂടി ഉണ്ടാകാം. മദ്യപാനം ഇന്നു് വലിയൊരു വിപത്തായിട്ടുണ്ടു്. കുറെശെ കുടിച്ചുതുടങ്ങിയിട്ടു് അനിയന്ത്രിതമായിത്തീരുക സാധാരണമാണു്. ബുദ്ധിശക്തി ക്ഷയിക്കുകയും ആരോഗ്യം നശിക്കുകയും അകാലമൃത്യുവിനു് ഇരയാകുകയും ചെയ്യുന്നു. അന്ത്യവേളയിൽ സുബോധമുണ്ടാകുമോ? ദൈവനാമം വിളിച്ചുകൊണ്ടു മരിക്കുവാൻ കഴിയുമോ? ആകയാൽ അപകടത്തിൽപ്പെടാതെ സൂക്ഷിക്കുക; നാശം വിളിച്ചുവരുത്തരുതല്ലോ.

മരണം ആവശ്യപ്പെടുന്ന ത്യാഗത്തെപ്പററിയാണു നമ്മൾ ഇതുവരെ ധ്യാനിച്ചതു്. എന്നാൽ ഇതിലെല്ലാം വലുതായ ഒരു കാര്യം മരണവേളയിൽ നടക്കുന്നുണ്ടു്. കേൾക്കുക, വിശുദ്ധഗ്രന്ഥം പറയുന്നതു്: ഒരിക്കൽ മരിക്കും; അനന്തരം വിധിയുമുണ്ടാകും.'' (എബ്രാ. 9:27) ഇതാണു മരണത്തെ ഭീകരമാക്കുന്ന ഏററം മുഖ്യകാര്യം. മരണനിമിഷത്തിൽ തന്നെ ദൈവത്തിൻെറ മുമ്പിൽ നിൻെറ ജീവിതത്തിൻെറ ഓരോരോ വ്യാപാരങ്ങൾക്കും നീ കൃത്യമായ കണക്കു പറയേണ്ടിവരും. ''വൃഥാ പറയുന്ന ഒരു വാക്കിനു പോലും'' അവിടെ കണക്കു കേൾ

പ്പിക്കണമെന്നു് ഈശോ അരുളിച്ചെയ്തിട്ടുണ്ടു് (മത്താ 12:36.) "ഇയാൾ മരിച്ചുകഴിഞ്ഞോ? ഇയാളുടെ കണ്ണടയ്ക്കാറായോ? ഇയാളുടെ കൈകൾ ചേർത്തുവെയ്ക്കാറായോ?" എന്നു ചുററും നില്ക്കുന്നവർ ചിന്തിക്കുന്നതേയുള്ളു. എന്നാൽ അതിനുമുമ്പായി അവിടെ ആ വലിയ സംഭവം നടന്നുകഴിഞ്ഞു. നീ മരിക്കുന്ന നിമിഷത്തിൽ ദൈവം പ്രത്യക്ഷപ്പെടുന്നു. അവിടുന്നു് വിധിയാളനായിട്ടാണു് ഇപ്പോൾ വരുന്നതു്. നിൻെറ ജീവിതം മുഴുവൻ വ്യക്തമായി അവിടെ കാണാം. ഓർമ്മവെച്ചതു മുതൽ ഒടുവിലത്തെ നിമിഷം വരെയുള്ള എല്ലാ വിചാരങ്ങളും എല്ലാ പ്രവൃത്തികളും എല്ലാ സംസാരങ്ങളും അവിടെ കാണാം. ഇനി ഓരോന്നിനേയും വിധിച്ചുകൊള്ളുക. നിനക്കു തന്നെ വിധിപറയാം; ശരിയും തെററും തീരുമാനിക്കാം. ഉള്ളതു് ഉള്ളതുപോലെ അവിടെ പ്രത്യക്ഷപ്പെടും. മനഃസാക്ഷിയോടു് ബലം പ്രയോഗിച്ചു നിന്നെത്തന്നെ വഞ്ചിച്ചതു് അപ്പോൾ വ്യക്തമാകും. പാപമല്ലെന്നു പറഞ്ഞു് സ്വയം നീതീകരിച്ചതു്, അന്യരെ അനുകരിച്ചു് തെററുചെയ്തതു്, സാരമില്ലെന്നു പറഞ്ഞു് കുററങ്ങൾ അവഗണിച്ചതു്—എല്ലാം ഉള്ള വിധം അപ്പോൾ കാണാറാകും. പിന്നെ ശരിയാക്കാമെന്നു പറഞ്ഞു് നീട്ടിവച്ചതു് ഇനി ശരിയാക്കാൻ സമയമില്ലെന്നു് സ്പഷ്ടമാകും. മനുഷ്യപുത്രൻ കള്ളനെപ്പോലെ വരും; വിചാരിക്കാത്ത അവസരത്തിൽ കണക്കു ചോദിക്കും (മത്താ 24.44). നമ്മുടെ കണക്കു ദിവസവും ശരിയായി കൂട്ടിവയ്ക്കണം. കണക്കു കൂട്ടിവെയ്ക്കാൻ നമുക്കു് ഇപ്പോൾ സമയമുണ്ടു്. എന്നിട്ടും നിരുത്തരവാദിയായാലോ? ഓരോ ദിവസവും മരണത്തിനു് ഒരുങ്ങിക്കൊണ്ടല്ലേ ഉറങ്ങേണ്ടതു്? ഏതുരാത്രിയാണു് ഒടുവിലത്തേതാകുക? ആർക്കും നിശ്ചയമില്ലല്ലോ. കച്ചവടക്കാരൻ രാത്രിയിൽ ഉറക്കമിളച്ചിരുന്നു കണക്കെഴുതുന്നു. എൻെറ ജീവിതത്തിൻെറ കണക്കും പ്രതിദിനം ശരിപ്പെടുത്തേണ്ടേ? വി. ഗ്രിഗോരിയോസു് പറയുന്നു: "ദിവസവും കൃത്യമായി ആത്മശോധന ചെയ്യുന്നതു് തിരഞ്ഞെടുക്കപ്പെട്ടവരുടെ ലക്ഷണമാണു്." "മനുഷ്യപുത്രൻ കള്ളനെപ്പോലെ വരും", എത്രയോ പ്രാവശ്യം അതു കണ്ടുകഴിഞ്ഞു. എത്രയോ പേർ പെട്ടെന്നു മരിക്കുന്നു. പ്രതിദിനം പത്രങ്ങളിൽ കാണുന്നുണ്ടല്ലോ, വിമാനപകടം, വണ്ടിയപകടം, വിഷബാധ, അഗ്നിബാധ

വെള്ളപ്പൊക്കം ഇവയൊക്കെ അനവധിയാളുകളെ ആകസ്മികമായി ഹനിച്ചുകൊണ്ടിരിക്കുന്നു. ഇവരൊക്കെ പ്രസാദവരസ്ഥിതിയിലാണോ മരിച്ചതു്? രക്ഷപ്രാപിച്ചോ? ഇങ്ങനെ ആരു ചിന്തിക്കുന്നു?

ആകയാൽ നമ്മുടെ കണക്കു ശരിപ്പെടുത്തുകതന്നെ വേണം. അതിനാണീ ധ്യാനം. ഇതിനുമുമ്പും നാം ധ്യാനത്തിൽ കൂടിയിട്ടുണ്ടു്. അതെല്ലാം കടന്നുപോയി. ദൈവം ഒരവസരം കൂടി തന്നിരിക്കുന്നു. ഇതു് ഒടുവിലത്തെ അവസരമായി കരുതാം. എല്ലാ ഐഹികബന്ധങ്ങളിൽനിന്നു് മോചനം പ്രാപിക്കുക. നമ്മുടെ താല്പര്യങ്ങൾ മുഴുവൻ സ്വർഗ്ഗത്തിലേക്കു് തിരിഞ്ഞിരിക്കട്ടെ. യജമാനൻ വരുമ്പോൾ ഉണർന്നിരിക്കുന്ന ഭൃത്യരായി കർത്താവിൻെറ ആഗമനത്തിൽ നമുക്കു പ്രത്യക്ഷപ്പെടണം. പരി. മറിയത്തോടു് എത്രയോ പ്രാവശ്യം നമ്മൾ പ്രാർത്ഥിക്കുന്നുണ്ടു്: ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും ദൈവത്തോടു് അപേക്ഷിക്കണമേ എന്നു്. "നന്മനിറഞ്ഞ മറിയം" വെറുതെ ചൊല്ലിവിടല്ലേ. ഭാഗ്യമരണത്തിനായി നമ്മൾ എപ്പോഴും പ്രാർത്ഥിക്കണമെന്നാണു് സഭാമാതാവു് ഇങ്ങനെ നമ്മെ ഓർമ്മിപ്പിക്കുന്നതു്. അതോടുകൂടി, കുരിശുമരണംവഴി മരണത്തെ ജയിച്ച കർത്താവിൽ ആശ്രയിച്ചുകൊണ്ടു് നമുക്കു മരണത്തെ സ്വാഗതം ചെയ്യാം. കാരണം, മരിക്കുക നമുക്കു ലാഭമാകുന്നു. വിശുദ്ധ കൊച്ചുത്രേസ്യ ചോദിക്കുന്നു: "മരിക്കാതെ എങ്ങനെ സ്വർഗ്ഗത്തിൽ പോകും; ദൈവത്തെ കാണും?" ആകയാൽ നമുക്കു് ആത്മാർത്ഥമായി അപേക്ഷിക്കാം: കർത്താവേ, അങ്ങു് എനിക്കായി നിശ്ചയിച്ചിട്ടുള്ള മരണം ഏതുവിധമായാലും വേണ്ടില്ല, അതിൻെറ എല്ലാ ക്ലേശങ്ങളോടുംകൂടി ഇപ്പോൾതന്നെ സ്വീകരിക്കുവാൻ ഞാൻ സന്നദ്ധനാണു്. എല്ലാം അങ്ങേ ഹിതംപോലെ ഭവിക്കട്ടെ. ആമ്മേൻ.

# 9. വിശുദ്ധ പുണ്യം

മിശിഹായിൽ പ്രിയ സഹോദരരേ,

ഒരു ധ്യാനവേളയിലുണ്ടായ അനുഭവം ഞാൻ ഓർമ്മിക്കുന്നു. ഒരാൾ ധ്യാനത്തിനിടയ്ക്കു വന്നു പറയുകയാണ്: ''അച്ചാ, അങ്ങ് ആത്മാവിനെപ്പററി ഒരുപിടി കാര്യങ്ങൾ പറഞ്ഞല്ലോ. എന്നാൽ ശരീരത്തെപ്പററി ഒന്നും പറഞ്ഞില്ലല്ലോ. ഞങ്ങൾക്കൊരാത്മാവു മാത്രമല്ല ശരീരംകൂടെ ഇല്ലേ?'' വളരെ നല്ല ചോദ്യം! നമുക്ക് ഒരു ശരീരമുണ്ട്. ശരീരത്തെപ്പററി പഠിക്കയും വേണം. മണ്ണും പൊടിയുമാകുന്ന മനുഷ്യശരീരത്തിൻെറ മഹത്വത്തെപ്പററി പറയുക വളരെ ആവശ്യകമാണ്. ചെറുപ്പത്തിലെതന്നെ കുട്ടികൾക്ക് ആ അറിവുണ്ടാകണം. മനുഷ്യശരീരത്തിന് ഒരു മഹത്ത്വമുണ്ട്. എന്താണ് ഈ മഹത്ത്വത്തിനു നിദാനം? ധാരാളം സൗന്ദര്യം ഉണ്ടായിരിക്കുന്നതാണോ? വിലപിടിപ്പുള്ള പട്ടുവസ്ത്രങ്ങളും ആഭരണങ്ങളും അണിയുന്നതാണോ? വളരെയേറെ സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കുന്നതാണോ? ഇതൊന്നുമല്ല കാരണം. ഇവയെല്ലാം കൈവിട്ടുപോകും; മണ്ണും പൊടിയുമാകും. എന്നാൽ കേൾക്കുക, മണ്ണും പൊടിയുമാകുന്ന ഈ ശരീരം ഒരിക്കൽ ഉയിർത്ത് സ്വർഗ്ഗത്തിൽ പ്രവേശിച്ച് ദൈവത്തെക്കണ്ട് നിത്യമായ ആനന്ദത്തിന് അവകാശിയായിത്തീരും. ആത്മാവിനു മാത്രമല്ല, ശരീരത്തിനുംകൂടെ ദൈവം സ്വർഗ്ഗസൗഭാഗ്യം വാഗ്ദാനം ചെയ്തിട്ടുണ്ട്. കുറച്ചു വൈകിയാണതു കിട്ടുന്നതെന്നുമാത്രം. മരിച്ച ഉടനെ ആത്മാവിനു ലഭിക്കുന്ന ഭാഗ്യത്തിൽ ഈ ശരീരവും പങ്കാളിയാകും. ലോകത്തിൻെറ അവസാനത്തിൽ ഉയിർത്ത്, ശരീരവും ആത്മാവുംകൂടി സ്വർഗ്ഗത്തിൽ പ്രവേശിച്ച് നിത്യസൗഭാഗ്യം അനുഭവിക്കും. ഈശോ മരിച്ചുയിർത്തു സ്വർഗ്ഗാരോഹണം ചെയ്തല്ലോ. അതുപോലെ പരി. അമ്മയും ശരീരത്തോടുകൂടി സ്വർഗ്ഗാരോപിതയായി എന്നു നമുക്കറിയാം. ''മരിച്ചവരുടെ ഉയിർപ്പും എന്നന്നേയ്ക്കുമുള്ള ആയുസ്സും ഉണ്ടെന്നും വിശ്വസിക്കുന്നേൻ'' എന്നു നാം ചൊല്ലുന്നുണ്ടല്ലോ, വിശ്വാസപ്രമാണ

ത്തിൽ. ആകയാൽ നമ്മുടെ ശരീരം ക്ഷീണിച്ചതോ സ്ഥൂലിച്ചതോ, സുന്ദരമോ വിരൂപമോ ആയിരിക്കട്ടെ, അതിനു സ്വർഗ്ഗഭാഗ്യം ലഭിക്കുന്നതാണു്; ലോകാവസാനത്തിലായിരിക്കുമെന്നു മാത്രം.

വീണ്ടും മനുഷ്യശരീരത്തെ വേറൊരു വിധത്തിലും ദൈവം മഹത്ത്വപ്പെടുത്താറുണ്ടു്. ചില പുണ്യാത്മാക്കളുടെ മൃതശരീരങ്ങളെ ദൈവം അക്ഷയമായി സൂക്ഷിക്കുന്നുണ്ടെന്നു നമുക്കറിയാം. ഉദാഹരണമായി വി. ഫ്രാൻസിസ് സേവിയറിന്റെ തിരുശരീരം നാനൂറിലധികം കൊല്ലങ്ങൾ കഴിഞ്ഞിട്ടും ഇന്നും അക്ഷയമായി ഗോവയിൽ സ്ഥിതിചെയ്യുന്നു. ഇതുപോലെ, ലൂർദിലെ വി. ബർണർദീത്ത, സീയന്നായിലെ വി. കത്രീന, വി. ടെരീസാ മാർഗരററു്, വി. സിസിലിയാ തുടങ്ങിയ പല വിശുദ്ധരുടേയും മൃതദേഹങ്ങൾ പ്രകൃതിശക്തികളെ വെല്ലുവിളിച്ചുകൊണ്ടു് അക്ഷയമായിരിക്കുന്നുണ്ടു്. ഈ പുണ്യാത്മാക്കൾക്കു സ്വർഗ്ഗഭാഗ്യം നല്കിയതുകൊണ്ടു തൃപ്തിപ്പെടാതെ ദൈവം അവരുടെ ശരീരത്തേയും മഹത്ത്വപ്പെടുത്തിയിരിക്കുന്നു. സ്വർഗ്ഗത്തിൽ ലഭിക്കാനിരിക്കുന്ന മഹത്ത്വത്തിന്റെ സൂചനയാണിതെന്നു പറയാം. കൂടാതെ വിശുദ്ധരുടെ തിരുശേഷിപ്പുകൾ വഴി ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അത്ഭുതങ്ങളും ഇതു തന്നെയാണു വ്യക്തമാക്കുന്നതു്. എന്താണു തിരുശേഷിപ്പു്? പുണ്യാത്മാക്കളുടെ തലമുടിയോ, വസ്ത്രങ്ങളോ, ഉപയോഗിച്ചിരുന്ന സാധനങ്ങളോ, അവരുടെ ശവക്കുഴിയിൽനിന്നും ശേഖരിച്ച അസ്ഥിയുടെ കഷണങ്ങളോ, പൊടിയോ ആണു് തിരുശേഷിപ്പുകൾ. വി. കൊച്ചുത്രേസ്യായുടെ ശവകുടീരം തുറന്നപ്പോൾ കിട്ടിയതു് എല്ലിന്റെ ചില കഷണങ്ങളും കുറെ പൊടിയുമായിരുന്നു. അർജൻറീനാ രാജ്യക്കാർ കൊടുത്ത വെള്ളിയുടെ ഒരു പെട്ടിയിൽ അതു സൂക്ഷിച്ചിരിക്കുന്നു. കനകപ്പൊടിയേക്കാൾ അനർഘമാണു് ക്ഷയരോഗം പിടിച്ചു മരിച്ച ആ കന്യാസ്ത്രീയുടെ ശരീരാവശിഷ്ടങ്ങൾ! കാരണം, അവ വഴി പലേ അത്ഭുതങ്ങൾ നടക്കുന്നുണ്ടു്. ഫ്രാൻസിസ് അസ്സീസ്സി ഉപയോഗിച്ചു കീറിപ്പറിഞ്ഞ പഴഞ്ചൻ വസ്ത്രം കുറെ കൊല്ലങ്ങൾക്കു മുമ്പു് ഇററലിയിലെ ചില ദേവാലയങ്ങളിലൂടെ ആഘോഷമായി സംവഹിക്കുകയുണ്ടായി. കർത്താവിന്റെ അഞ്ചു തിരുമുറിവുകൾകൊണ്ടു് അനുഗൃഹീതമായ ആ ശരീരത്തിന്റെ മഹത്ത്വം!

ഇനി നമുക്കു ചിന്തിക്കാം. എന്തുകൊണ്ടാണ് ഇത്രയധികം താല്പര്യം ദൈവം മനുഷ്യശരീരത്തിന്റെ കാര്യത്തിൽ കാണിക്കുന്നതെന്ന്. അതിനൊരു കാരണമേയുള്ളു. അതായതു് ശുദ്ധതയെന്ന പുണ്യം. അല്ലാതെ സൗന്ദര്യവും ആരോഗ്യവുമൊന്നുമല്ല. ശരീരത്തിന്റെ മഹത്ത്വം വിശുദ്ധ പുണ്യത്തിൽ അടങ്ങിയിരിക്കുന്നു. അതുകൊണ്ടു ദൈവം രണ്ടു കല്പനകൾ നമുക്കു തന്നിരിക്കുന്നു: ആറാമത്തേതും ഒമ്പതാമത്തേതും. വിലപ്പിടിപ്പു സാധനങ്ങൾ രണ്ടും മൂന്നും പെട്ടികളിൽ വച്ചു പൂട്ടി സൂക്ഷിക്കണമല്ലോ, നമ്മുടെ പള്ളികളിലെ പൊന്നുംകുരിശും വെള്ളിക്കുരിശും സൂക്ഷിക്കുന്നതുപോലെ. ആറും ഒമ്പതും കല്പനകൾവഴി നമ്മുടെ ശരീരത്തെ ദൈവം ഭദ്രമായി സൂക്ഷിക്കുകയാണ്. അശുദ്ധമായതൊന്നും പ്രവർത്തിക്കരുതു് എന്നു കല്പിച്ചതുകൊണ്ടു നിറുത്താതെ, അശുദ്ധമായതൊന്നും ആഗ്രഹിക്കുകപോലും അരുതു് എന്നുകൂടി അവിടുന്നു് അനുശാസിക്കുന്നു. അങ്ങനെ ശുദ്ധതയുടെ പ്രാധാന്യവും ശരീരത്തിന്റെ പാവനതയും കാണിച്ചുതരുന്നു. നമുക്കു ദിവ്യ രക്ഷകന്റെ തിരുസന്നിധിയിലിരുന്നുകൊണ്ടു് വിശുദ്ധ പുണ്യത്തെപ്പററി ധ്യാനിക്കാം.

ശുദ്ധത, നമുക്കറിയാവുന്നതുപോലെ, അല്പം ക്ലേശിച്ചു് സമ്പാദിക്കേണ്ടതാണ്; കുറച്ചു ബുദ്ധിമുട്ടി സൂക്ഷിക്കേണ്ടതുമാണ്. മുള്ളുകളുടെ മദ്ധ്യത്തിലാണ് ഈ പുഷ്പം വിടരുക, വളരുക. ആയതിനാൽ അല്പം ക്ലേശിച്ചെങ്കിലേ ഈ സുകൃതം സംരക്ഷിക്കുവാൻ സാധിക്കുകയുള്ളു. മനോഹരമായ ഈ സുകൃതത്തിന്റെ ഭംഗി നമ്മെ എല്ലാവരേയും ആകർഷിച്ചിരിക്കയാണ്. അങ്ങനെയാണ് കർത്താവിന്റെ പിറകെ നമ്മൾ പോന്നിട്ടുള്ളതു്, നിത്യബ്രഹ്മചര്യത്തിന്റെ ചുമതല ഏറെറടുക്കുവാൻ വേണ്ടി ഒരുങ്ങി വന്നിട്ടുള്ളവരാണു നാം. നമ്മുടെ കർത്താവിനു് എത്രയോ ഇഷ്ടമാണതു്, ലില്ലിപുഷ്പങ്ങളുടെ മദ്ധ്യത്തിൽ വിഹരിക്കുന്ന ദിവ്യനാഥൻ നമ്മെ സന്തോഷപൂർവ്വം തൃക്കൺപാർക്കുന്നു; തന്റെ അമ്മയുടെ കൈകളിൽ നമ്മെ ഏല്പിക്കുന്നു. ഇങ്ങനെയാണ് കത്തോലിക്കാതിരുസ്സഭ വിജയിക്കുന്നതു്. ഞാൻ ഒരിക്കൽ ഹൈന്ദവനായ ഒരു ഡോക്ടറുടെ ഡിസ്പെൻസറിയിൽ ചെന്നു. ഞങ്ങൾ പരിചിതരാണ്;

പരിചയം പുതുക്കുവാനായി കയറിയതാണു്. സംസാരമദ്ധ്യേ അദ്ദേഹം പറയുകയാണു്: "അച്ചനെ കാണാനിടയായതിൽ സന്തോഷമുണ്ടു്. ഒരു കാര്യം പറയാൻ ഞാൻ കാത്തിരിക്കയായിരുന്നു, എന്തെന്നുവെച്ചാൽ, ഒരു ഡോക്ടറെന്ന നിലയിൽ എന്റെ ഇത്രയും നാളത്തെ അനുഭവം വെച്ചു നോക്കിയിട്ടു് ഇന്നത്തെ നമ്മുടെ വിദ്യാർത്ഥികൾ ഈ പോകുന്നതുപോലെ മുമ്പോട്ടുപോയാൽ ഒരു പത്തു കൊല്ലത്തിനിടയ്ക്കു് ഇവർ പരിപൂർണ്ണമായി അധഃപതിക്കും, പിന്നെ ഒരിക്കലും സമുദ്ധരിക്കുവാൻ കഴിയാത്ത വിധത്തിൽ. അതുകൊണ്ടു്, കാലം വൈകുന്നതിനുമുമ്പു വല്ലതും ചെയ്യണേ. കത്തോലിക്കരായ നിങ്ങൾക്കു മാത്രമേ അതു സാധിക്കൂ എന്നു് എനിക്കറിയാം." അക്രൈസ്തവരുടെ ഈ പ്രതീക്ഷ സഫലമാകത്തക്കവിധം പ്രവർത്തിക്കേണ്ടതു് നമ്മുടെ കടമയാണല്ലോ. ആകയാൽ നിത്യബ്രഹ്മചാരിയായ ഈശോയുടേയും നിത്യകന്യകയായ പരി. മറിയത്തിന്റേയും മക്കളായ നമ്മൾ ഇന്നത്തെ ലൈംഗികാരാജകത്വത്തിന്റെ മദ്ധ്യത്തിൽ വിശുദ്ധിയുടെ പരിമളം പരത്തുവാൻ പ്രാപ്തരാകണം. വിദ്യാലയങ്ങളിലും വ്യവസായരംഗങ്ങളിലും നമ്മുടെ നിർമ്മലജീവിതവും വിശുദ്ധ വ്യാപാരങ്ങളും വഴി മററുള്ളവർക്കു് സന്മാതൃക നല്കുവാൻ ഉത്സാഹിക്കേണ്ടതാണു്.

അശുദ്ധപാപത്തിനു രണ്ടു പ്രത്യേകതകളുണ്ടെന്നു പറയുന്നു ആദ്ധ്യാത്മികപിതാക്കന്മാർ. അശുദ്ധപാപി അടിമയും അന്ധനുമായിത്തീരുന്നു. ചിലർ കടുവാക്കുഞ്ഞുങ്ങളെ വളർത്താറുണ്ടു്. പക്ഷേ, കടുവാക്കുഞ്ഞു വളരുമ്പോൾ, അതു മനുഷ്യമാംസത്തിന്റെ സ്വാദനുഭവിക്കാൻ ഇടയായാൽ പിന്നെ അതിനെ ഒരിക്കലും വിശ്വസിക്കാൻ പററില്ല. അതു നമ്മെ കൊന്നു തിന്നുതന്നെ ചെയ്യും. ഇതുപോലെ അശുദ്ധപാപത്തിന്റെ താല്പര്യത്തിനു് ഒരിക്കൽ വഴങ്ങിയാൽ പിന്നെ ആ പ്രേരണ നൂറുനൂറായി വർദ്ധിക്കും; നമ്മെ അതിന്റെ അടിമയാക്കും. അതു മനസ്സിലാക്കി കരുതലോടെ നമ്മൾ ജീവിക്കണം, ആർക്കും ഒരു സംശയത്തിനും ഇടകൊടുക്കാതെ. പാശ്ചാത്യരാജ്യങ്ങളിലെ പെരുമാററരീതികൾ ഇവിടെ നടപ്പിലാക്കാൻ മുതിരരുതു്. കേരളത്തിൽ ഒരു മതസ്ഥനും അതു സ്വീകാര്യമാ

യിരിക്കയില്ല. കാരണം, നമ്മുടെ സംസ്കാരത്തിനു ചേർന്ന തല്ലതു്. ഇൻഡ്യയുടെ മററു ചില ഭാഗങ്ങളിൽ ചില ശീമ നടപടികറ കണ്ടേക്കം. അതും നമ്മുടെ നാടിനു പററിയതല്ല തന്നെ. ആകയാൽ ഒരു തരത്തിലും അശുദ്ധപ്രേരണയ്ക്കു് അടിമ യാകാതെ സൂക്ഷിക്കാം.

ഇനി രണ്ടാമത്തെ പ്രത്യേകത പറയാം. ചില ക്ഷുദ്രജീവികറ നമ്മുടെ രക്തം കുടിക്കുന്നതിനുമുമ്പു് ഒരു പ്രത്യേക ദ്രാവകം കുത്തിവച്ചു് ആ ശരീരഭാഗം മരവിപ്പിക്കുന്നു. പിന്നെ നമ്മറ ഒന്നും അറിയുന്നില്ല. ഇനി അതിനു യഥേഷ്ടം രക്തപാനം നടത്താം. ഇതുപോലെ നമ്മെ ബോധംകെടുത്തുന്ന ഒരു വേണ്ടാത്ത ശക്തി അശുദ്ധപാപത്തിനുണ്ടു്. കടന്നുകൂടിയ പാപത്തിൻെറ ഫലമായി, മന:സ്സാക്ഷി നിശ്ശബ്ദമാകുന്നു; സാന്മാർഗ്ഗികബോധം അധഃപതിക്കുന്നു. പിന്നെ എന്തിനും പാപി തയ്യാറാകുന്നു. അങ്ങനെ രസികനായി, സ്നേഹമയനായി വേണ്ടപ്പെട്ടവനായി വ്യാപരിക്കുന്നു! മററുള്ളവർ ആക്ഷേപിച്ചാൽ അതൊക്കെ തമാശമാത്രം. ഹേറോദേശിനു് ഒക്കെ തമാശായിരുന്നല്ലോ. ഈശോ റോമൻ ഗവർണ്ണറുടെ നിർദ്ദേശമനുസരിച്ചു് കുററവാളിയായി വന്നപ്പോഴും ആ രാജാവിനു് അതൊരു തമാശയായിരുന്നു. കുററക്കാരനെ വിസ്തരിക്കാനോ, തെളിവെടുക്കാനോ ഒന്നും ഹേറോദേശിനു താല്പര്യമില്ല. "ഒരു പ്രസംഗം പറഞ്ഞേ, കേറക്കട്ടെ; ഒരത്ഭുതം പ്രവർത്തിച്ചേ, കാണട്ടെ." അതായിരുന്നു അദ്ദേഹത്തിൻെറ നീതിനടത്തൽ. അത്രയേറെ അധഃപതിച്ചുപോയി ആ അശുദ്ധ പാപി! അദ്ദേഹത്തിനു് ഒരു ചിന്ത മാത്രമേ ഉള്ളു, സുഖിക്കണം, സന്തോഷിക്കണം. ആരു ജീവിച്ചാലും കൊള്ളാം, മരിച്ചാലും കൊള്ളാം. ഈ അധഃപതിച്ച സ്ഥിതി എങ്ങനെ വന്നുകൂടി? അശുദ്ധപാപംമൂലം അന്ത:കരണം അന്ധമായതുകൊണ്ടുതന്നെ. വീണ്ടും അശുദ്ധപാപം മനുഷ്യനെ ക്രൂരനും സ്വാത്മമതിയുമാക്കുന്നു. അങ്ങനെയാണു പലപ്പോഴും കലഹവും കൊലപാതകവും ഉണ്ടാകുന്നതു്. ജനനനിരോധനം ഭ്രൂണഹത്യ തുടങ്ങിയ ഹീനകുററങ്ങളുടെയും കാരണം ഇതുതന്നെ.

ആകയാൽ, ഈ പാപത്തെപ്പററി ശരിയായ ഒരു പരിശോധന നടത്തേണ്ടിയിരിക്കുന്നു. വല്ല അന്ധതയിലും നമ്മറ

അകപ്പെട്ടിരിക്കയാണോ എന്നറിയണമല്ലോ. പാപമല്ലെന്നും പറഞ്ഞു് പാപം ചെയ്യുന്ന തട്ടിപ്പു് ഇക്കാര്യത്തിലാണു് അധികമുള്ളതു്. അതിനാൽ വളരെ കൃത്യമായ അറിവു് ഇക്കാര്യം സംബന്ധിച്ചു വേണം. അറിവില്ലായ്മകൊണ്ടു് വരുന്ന ആപത്തുകൾ അനവധിയാണു്. പക്ഷേ, അറിഞ്ഞില്ലെന്നും പറഞ്ഞു് സ്വയം നീതീകരിക്കുക അത്ര എളുപ്പമല്ല. എന്തുകൊണ്ടെന്നാൽ, ''ഇതു കൊള്ളുകയില്ല'' എന്ന സ്വാഭാവിക ബോധം എല്ലാവർക്കുമുണ്ടു്. മററുള്ളവരുടെ മുമ്പിൽവച്ചു ചെയ്യുവാൻ കൊള്ളുകയില്ലാത്തതാണു്, പറയാൻ കൊള്ളുകയില്ലാത്തതാണു് എന്നൊരു ബോധം നൈസർഗ്ഗികമായിത്തന്നെ ആർക്കുമുണ്ടാകും. നമ്മുടെ ഉള്ളിൽ പ്രതിധ്വനിക്കുന്ന ഈ സ്വരം അവഗണിച്ചിട്ടു് തിന്മചെയ്യുന്നതു് എങ്ങനെ കുററമല്ലാതാകും. ചിലർ അശുദ്ധകാര്യങ്ങളിൽ പലതും അവഗണിക്കുന്നു. ചില ഉദാഹരണങ്ങൾ പറയാം. ''ഞാൻ വിചാരിച്ചേ ഉള്ളു, ഒന്നും പറഞ്ഞില്ല, എന്ന അഭിപ്രായം തെററാണു്. അതല്ലേ ഒമ്പതാമത്തെ കല്പന പറയുന്നതു്. അശുദ്ധ വിചാരം പാപമാകാം. ''ഞാൻ ഒന്നും പറഞ്ഞില്ല, കേട്ടേയുള്ളു.'' അശ്ലീല സംസാരം കേൾക്കുന്നതും പാപമാകും, വേണ്ടാത്ത താല്പര്യം കടന്നുകൂടുമ്പോൾ. ''ഞാൻ ഒന്നും പ്രവർത്തിച്ചില്ല, പറഞ്ഞേയുള്ളു'' വഷളായ സംസാരം ഗൗരവമായ പാപമാകാം. അതു കേട്ടയാൾക്കുണ്ടാകുന്ന പരാജയത്തിനുകൂടി പറയുന്നയാൾ കുററക്കാരനാകും. ''ഞാൻ വേറെ ആരോടും ഒന്നും ചെയ്തില്ല; തനിച്ചാണു് ചെയ്തതു്.'' തനിച്ചുള്ള അശുദ്ധകൃത്യങ്ങൾ പാപമാണു്. ''ഞാൻ മറു വർഗ്ഗത്തോടുകൂടി ഒന്നും പ്രവർത്തിച്ചില്ല, ആൺകുട്ടികളുമായാണു പ്രവർത്തിച്ചതു്.'' ഇതു കൂടുതൽ ഗൗരവമുള്ള പാപമാണു്; ദൈവം കൂടുതൽ വെറുക്കുന്ന പ്രകൃതിവിരുദ്ധമായ ഈ തിന്മ. ''അയാൾ സമ്മതിച്ചതുകൊണ്ടാണു ഞാനങ്ങനെ ചെയ്തതു്.'' ഇതു തികച്ചും തെററാണു്. ആർക്കും അങ്ങനെ അനുവാദം കൊടുക്കാൻ പാടില്ലാത്തതാണു്. ''എന്നെ കൊന്നോളൂ'' എന്നു സമ്മതിച്ചാൽ അയാളെ നമുക്കുകൊല്ലുവാൻ പാടുണ്ടോ? ''ഞാൻ മനുഷ്യരുമായി ഒന്നും ചെയ്തില്ല, മൃഗങ്ങളുമായിട്ടാണു പ്രവർത്തിച്ചതു്'', ഇതു കൂടുതൽ ഹീനമായ പാപമാണെന്നു ധരിച്ചുകൊള്ളുക. ആകയാൽ ശുദ്ധതയ്ക്കെതിരായുള്ള വിചാരത്തിനും ആഗ്രഹത്തിനും കാഴ്ചയ്ക്കും

കോംവിക്കം സംസാരത്തിനും വായനയ്ക്കും തനിച്ചും കൂട്ടു കൂടിയുമുള്ള വ്യാപാരങ്ങൾക്കും ദൈവസമക്ഷം നീ കണക്കു പറയണം. മാത്രമല്ല, വിഷയത്തിന്റെ പ്രത്യേകതകൊണ്ടു് ഇങ്ങനെയുള്ള കുററങ്ങൾ ഘനമായ പാപമാകുക എളുപ്പമാണു്. ആകയാൽ, സാരമില്ലെന്നു പറഞ്ഞു് പരാജയം സൃഷ്ടിക്കാതിരിക്കുക.

ശുദ്ധത പാലിക്കുവാനും അതിൽ വളൎന്നുവരുവാനുമുള്ള ഒന്നാമത്തേ മാർഗ്ഗം ദൈവത്തോടു ഗാഢമായ സ്നേഹബന്ധം പാലിക്കുകയാണു്. അതിനായി ദൈവികകാര്യങ്ങൾ താല്പര്യമായി പഠിക്കണം. ഈ പഠനം വഴി ദൈവസ്നേഹത്തിൽ നമ്മൾ വളരും. ഇതോടുകൂടി നമ്മുടെ അനുദിനഭക്തകൃത്യങ്ങൾ ശരിയായി നിർവ്വഹിക്കയും വേണം. വി. അൽഫോൻസ് ലിഗോരി പറയുന്നു: 'അനുദിന ഭക്തകൃത്യങ്ങൾ ശരിയായി നിർവ്വഹിക്കുവാൻ ആവശ്യമായ ത്യാഗം സഹിക്കുവാൻ സന്നദ്ധനാകാത്തവൻ ബ്രഹ്മചര്യം പാലിക്കുകയില്ല' എന്നു് വി. ബലി, ദിവ്യകാരുണ്യസ്വീകരണം ബൈബിൾ വായന തുടങ്ങിയവവഴി നമ്മൾ ദൈവത്തോടു കൂടുതൽ ഐക്യപ്പെടുകയാണു്; ഈശോയെ നമ്മുടെ സ്വന്തമാക്കുകയാണു്. ദിവ്യകാരുണ്യനാഥനെ സ്വീകരിച്ചുകൊണ്ടു് അവിടുത്തോടു ഗാഢമായി ഐക്യപ്പെടുകയും അങ്ങോട്ടു രൂപാന്തരപ്പെടുകയും ചെയ്യുന്നു. അപ്പോൾ അവിടുത്തോടു പരിപൂർണ്ണ വിശ്വസ്തത പാലിക്കുവാൻ നമുക്കു കഴിയും. മാത്രമല്ല, നമ്മൾ എവിടെയായാലും, എന്തുചെയ്താലും, അതെല്ലാം ഈശോയോടുകൂടിയും ഈശോയ്ക്കുവേണ്ടിയുമായിരിക്കും. "I go about leaning on my beloved" എന്നു് ഉത്തമഗീതത്തിൽ പറയുന്നതു് നമ്മിൽ അന്വർത്ഥമാകയും ചെയ്യും.

ശുദ്ധത പാലിക്കാനുള്ള അടുത്ത മാർഗ്ഗം എളിമയോടെ ജീവിക്കുകയാണു്. എളിമ നാലഞ്ചു കാര്യങ്ങൾ ആവശ്യപ്പെടുന്നു. ഒന്നു്, നീ നിന്നെത്തന്നെ വിശ്വസിക്കരുതു്. വി. ആഗുസ്തീനോസ് പറയുന്നു: 'നിന്നെത്തന്നെ നീ വിശ്വസിക്കരുതു്. എന്തുകൊണ്ടെന്നാൽ, ലബനാനിലേ കാരകിൽ വൃക്ഷങ്ങൾപോലെ ബലിഷ്ഠരായിരുന്ന വലിയ ആളുകൾ അധഃപതിക്കുന്നതു് ഞാൻ കണ്ടിട്ടുണ്ടു്', ഒരു വിശുദ്ധ ഗ്രിഗരി

നസ്യാൻസനോ, ഒരു വിശുദ്ധ അംബ്രോസീസോ അധ:പതിക്കുമെന്നു വല്ലവരും വിചാരിക്കുമോ! അത്രയുംപോലും സാംഗത്യമില്ലായിരുന്നു ഈ വലിയ ആളുകളുടെ വീഴ്ചയ്ക്കു്. പക്ഷേ, അവർ വീഴുകതന്നെ ചെയ്തു.' ആകയാൽ, നാം സൂക്ഷിക്കണം. വി. ഫ്രാൻസിസ് സെയിൽസ് ഉപദേശിക്കുന്നു: ഞാൻ ഒരു പാപവും കൂടാതെ, വി. അലോഷ്യസിനെപ്പോലെ ജീവിക്കുന്നു; ഒരു പ്രലോഭനവുമില്ല; വളരെ നല്ലതു്. എന്നാൽ നാളെ വലിയ കോളിളക്കമുണ്ടാകാം. നില്ക്കുന്നവൻ വീഴാതിരിക്കുവാൻ സൂക്ഷിക്കണം. ഈ ഫലം ഭക്ഷിച്ചാൽ നീ മരിക്കും'' ദൈവം പറഞ്ഞു. ''ആ ഫലം ഭക്ഷിച്ചു: ഉടനേ മരിച്ചോ? ഇല്ല. മരണം പിന്നെയാണു വന്നതു്. ആദ്യംവന്നതു് താൻ നഗ്നനാണെന്നുള്ള ബോധമാണു്; അങ്ങനെ പ്രകൃതിയുടെ പ്രക്ഷോഭണം തുടങ്ങി. നന്മയും തിന്മയും വ്യക്തമായി കണ്ടു. ഇതു നിന്നിലുണ്ടു്. നീ വളരുന്തോറും ആ ശക്തികൾ വളരും; പ്രകൃതിയുടെ പ്രേരണകൾ വളരെ വ്യക്തമായി പ്രത്യക്ഷപ്പെടും. അപ്പോൾ ഉറച്ചുനില്ക്കാൻ സൂക്ഷിക്കുന്നില്ലെങ്കിൽ നീ വീഴും. ആകയാൽ, എളിമയോടും ശ്രദ്ധയോടുംകൂടി വർത്തിക്കണം. ഒരു പക്ഷേ നീ പരാജയങ്ങളിൽനിന്നു മാനസാന്തരപ്പെട്ടയാളായിരിക്കാം. അതുകൊണ്ടു് ഇനി വീഴ്ചയൊന്നും ഉണ്ടാകുകയില്ലെന്നു കരുതേണ്ടതില്ല. കാരണം, അന്നത്തേ ബലഹീനത വീണ്ടും തലപൊക്കാവുന്നതാണു്. ഈ ചെറുപ്പകാലത്തു് വലിയ പ്രലോഭനങ്ങൾ ഉണ്ടാകുകയില്ല എന്ന വിചാരവും ശരിയല്ലെന്നു വരാം. നിനക്കു പ്രായവും പക്വതയും ലഭിച്ചിരിക്കാം. എന്നാലും അപകടം ഇല്ലാതായിട്ടില്ല. കാരണം, സൂസന്നായെ പ്രലോഭിപ്പിച്ചതു് വൃദ്ധന്മാരാണെന്നു് വേദഗ്രന്ഥം പറയുന്നു. ചുരുക്കത്തിൽ ആരുടെ സ്ഥിതിയും ഭദ്രമല്ല. എളിമയോടെ, കരുതലോടെ വേണം മുമ്പോട്ടു പോകുവാൻ.

രണ്ടാമതു്, എളിമ ആവശ്യപ്പെടുന്നു, നാം പരിപൂർണ്ണമായി ദൈവത്തിൽ ആശ്രയിക്കണമെന്നു്. പൗലോസ്ശ്ലീഹാ പ്രലോഭനത്തെപ്പററി ആവലാതിപ്പെട്ടപ്പോൾ ഈശോ അരുളിച്ചെയ്തു: ''പൗലോസെ, ഞാൻ നിന്നോടുകൂടിയുണ്ടു്. നിനക്കതു വേണ്ടുവോളം മതി.'' നമ്മുടെ ദൈവം വിശ്വസ്തനാണു്.

നമ്മുടെ കഴിവിൽ കൂടുതലായി പ്രലോഭിക്കപ്പെടുവാൻ അനുവദിക്കയില്ല. (1 കൊറി. 10. 13). ആകയാൽ എത്ര വലിയ കാററും കോളും വന്നാലും ദൈവത്തിൽ ആശ്രയിക്കാം. കടൽ ക്ഷോഭിച്ചപ്പോൾ അപ്പസ്തോലന്മാർ ചെയ്തതുപോലെ ഈശോയുടെ സഹായം അപേക്ഷിക്കാം. അവിടുന്നു നമ്മെ കൈവിടുകയില്ല. എന്നാൽ, ചിലർ പ്രാർത്ഥിക്കാതിരിക്കുന്നതായി കണ്ടിട്ടുണ്ടു്. "ഈ പ്രലോഭനം ഉണ്ടായപ്പോൾ നീ പ്രാർത്ഥിച്ചോ?" എന്നു ചോദിച്ചപ്പോൾ ഒരു കുട്ടി പറയുകയാണു്: "ഇല്ല. ആ വിചാരത്തിൽ രസിച്ചു് ഇരുന്നുപോയി." ഇതാണു തെററു്. ദൈവത്തെ വിളിച്ചു പ്രാർത്ഥിക്കണം, പാമ്പിനെ കണ്ട കുട്ടി അമ്മയെ വിളിച്ചു നിലവിളിക്കുന്നതുപോലെ. അശുദ്ധ വിചാരം താനെ ഉണ്ടാകാം; വിശപ്പും ദാഹവും ഉണ്ടാകുന്നതുപോലെ. വികാരങ്ങളും അനുഭവപ്പെടാം. അതൊന്നും പാപമാകയില്ല, അതിനു സമ്മതിക്കാതിരുന്നാൽ മതി. പഞ്ചസാര വായിലിട്ടാൽ മധുരിക്കും. എന്നാൽ അതിൽ വിഷം കലർന്നിട്ടുണ്ടെന്നു മനസ്സിലാകുമ്പോൾ വേഗം തുപ്പിക്കളയണം. ഇതുപോലെ അശുദ്ധ വിചാരങ്ങളെ തള്ളിക്കളയണം. പിന്നെ ഉപദ്രവമൊന്നുമുണ്ടാകയില്ല. മാത്രമല്ല, അശുദ്ധ വിചാരം തള്ളിക്കളയുന്നതു് ഒരു പുണ്യകൃത്യമാകയും ചെയ്യും. വേണ്ടാത്ത ചിന്തകളിൽനിന്നു മുക്തിനേടുവാനായി, ഹൃദ്യവും നിർദ്ദോഷകമായ ചിന്തകളിലേക്കു നമ്മുടെ മനസ്സിനെ തിരിക്കണം. ഉറക്കെപ്പാടുന്നതും സംസാരിക്കുന്നതും നല്ലതാണു്. കടന്നുപോയ ചിന്ത കുററകരമായോ എന്നു പരിശോധിക്കരുതു്, കാരണം, ആ ചിന്ത വീണ്ടും ഉണ്ടാകും; നമ്മെ അലട്ടും. ഒരു ഗ്രന്ഥകാരൻ പറയുന്നു, ഫോട്ടോ എടുക്കുന്നയാൾ പ്ലെയിററിൽ പതിഞ്ഞിരിക്കുന്ന പ്രതിഫലനം ഇരുട്ടുമുറിയിൽവെച്ചു പരിശോധിച്ചു് വലുതാക്കുവാൻ ശ്രമിക്കുന്നു. എന്നാൽ അതു സൂര്യപ്രകാശത്തിൽകാണിച്ചാൽ എല്ലാം മാഞ്ഞുപോകും. ഇതുപോലെ അശുദ്ധ വിചാരം ഇരുട്ടത്തുവെച്ചു പരിശോധിക്കാനും പുനഃപരിശോധിക്കുവാനും പോകരുതു്; അതു് ആപൽക്കരമാണു്. ദൈവത്തിൻെറ കരുണയിൽ ആശ്രയിച്ചു് എല്ലാം അവഗണിക്കുക.

എന്നാൽ അശുദ്ധ വിചാരങ്ങളെ വിളിച്ചുണർത്തരുതു്; അങ്ങനെ പ്രലോഭനങ്ങൾ സൃഷ്ടിക്കരുതു്. ആകയാൽ,

അപകടകരമായ സാഹചര്യങ്ങളിൽ പെടാതെ സൂക്ഷിക്കുക. 'ആപത്തിനെ സ്നേഹിക്കുന്നവൻ അതിൽ അധഃപതിക്കും'മെന്നു് വിശുദ്ധഗ്രന്ഥം പഠിപ്പിക്കുന്നുണ്ടല്ലോ. നമുക്കു നടന്നു പോകുവാൻ നല്ല വഴിയുള്ളപ്പോഠം മതിലിൻെറ മുകളിൽക്കൂടെ നടക്കേണ്ട കാര്യമില്ല; അതു് അപകടകരമാണു്. ശുദ്ധതയ്ക്കു് ആപൽക്കരമായ സാഹചര്യങ്ങഠം ഏതെല്ലാമാണു്? വേണ്ടാത്ത കാഴ്ച, വേണ്ടാത്ത സംസാരം, വേണ്ടാത്ത വായന, വേണ്ടാത്ത കൂട്ടുകൂടൽ—ഇതൊക്കെ നമ്മഠം സൂക്ഷിക്കണം. ഓരോന്നിനേയുംപററി ചിന്തിക്കാം. വേണ്ടാത്ത കാഴ്ച—എൻെറ കണ്ണുകളെ ഞാൻ സൂക്ഷിക്കണം. ആ പത്രത്തിലെ പടവും ഈ സിനിമാ മാസികയും ഒന്നും നമുക്കാവശ്യമില്ല. കാരണം, അവ മനുഷ്യൻെറ ലൈംഗിക വികാരങ്ങളെ വിജൃംഭിപ്പിക്കും; പ്രലോഭനങ്ങഠംക്കു് ഇടയാക്കും, ഞാൻ മററുള്ളവരെ നോക്കുന്നതും എന്നെത്തന്നെ നോക്കുന്നതും അശുദ്ധമായ താല്പര്യത്തോടുകൂടി ആയിരിക്കരുതു്. നാം പല ആളുകളുമായി ഇടപെടാറുണ്ടു്; എല്ലാ വർഗ്ഗത്തിൽപ്പെട്ടവരുമുണ്ടാകും. പോരെങ്കിൽ ഇന്നത്തെ അലങ്കോലവസ്ത്രധാരണവും. നമ്മുടെ വീട്ടിൽ തന്നെ വേഷംകെട്ടുന്നവരുണ്ടാകാം. ബസ്സിൽ യാത്ര ചെയ്യുമ്പോഴും പലേ വേഷക്കാരും തൊട്ടടുത്തു കണ്ടേക്കാം. ആകയാൽ നോട്ടം നിയന്ത്രിക്കണം, വീട്ടിലും, വണ്ടിയിലും പള്ളിയിലും മററെവിടേയും. കാണുന്ന കാര്യങ്ങഠം പിന്നീടു ആകർഷകമായ രൂപം പ്രാപിച്ചു് നമ്മെ പ്രലോഭിപ്പിക്കും. ദാവീദു് അധഃപതിച്ചതെന്തുകൊണ്ടു്? കാഴ്ചയിൽ ശ്രദ്ധിക്കാഞ്ഞിട്ടു് അതാണു് കൊലപാതകവും വ്യഭിചാരവുമായിത്തീന്നതു്. അതുകൊണ്ടു് എൻെറ കണ്ണു പ്രലോഭനങ്ങഠംക്കു് വഴി തെളിക്കരുതു്. എൻെറ നോട്ടം മററുള്ളവക്കും ഇടച്ചർച്ച കാരണമാകാതിരിക്കട്ടെ.

ഇതുപോലെ തന്നെ ഞാൻ കേഠംക്കുകയും പറയുകയും ചെയ്യുന്ന കാര്യങ്ങളിലും സൂക്ഷിക്കണം. അശ്ലീലമായതൊന്നും പറയരുതു്. ദ്വയാർത്ഥ പ്രയോഗങ്ങളും വേണ്ട. കത്താവിനെ സ്വീകരിക്കുന്നതു് നാവിലാണെന്നു് ഓർക്കുവിൻ. അശ്ലീലഭാഷ നമുക്കു യോജിച്ചതല്ല. എല്ലാം തമാശാണു് ചിലർക്കു്; അവിടേയും ഇവിടേയും നടന്ന വികൃതകാര്യങ്ങഠം

പറയുവാൻ പലർക്കും മടിയില്ല. ചില വീടുകളിൽ വഷളായ കാര്യങ്ങൾ സംസാരവിഷയമാകുന്നു. അവ കുഞ്ഞുങ്ങൾ കേൾക്കുവാനും അറിയുവാനും ഇടയാകുന്നു. അതോടെ അവരിൽ വേണ്ടാത്ത വികാരങ്ങൾ ഉളവാകുന്നു. ചിലയാളുകൾ എവിടെ കൂടിയാലും, പള്ളിയുടെ വാതുക്കൽ തന്നെയായാലും ഇങ്ങനെയുള്ള വിഷയങ്ങൾ പറയുവാനും ചിരിക്കുവാനുംതാല്പര്യപ്പെടുന്നു. അവർക്കു ലജ്ജയില്ല; ആത്മാഭിമാനവുമില്ല; "ഹൃദയത്തിന്റെ നിറവിൽ നിന്നു നാവു സംസാരിക്കുന്നു" എന്ന വേദവാക്യം ഓർക്കുക. ഈ രംഗങ്ങളിലൊക്കെ വളരെയധികം സൂക്ഷിക്കണം, നമ്മുടെ സാന്നിദ്ധ്യം മററുള്ളവർക്കൊരു നിയന്ത്രണമാകണം. പറയാതിരുന്നാൽ മാത്രംപോരാ, കേൾക്കാനും പോകേണ്ട. കേൾവി പാപത്തിലേയ്ക്കു നമ്മെ നയിക്കും.

നമ്മുടെ വായനയിലും ശ്രദ്ധവേണം. ജിജ്ഞാസയെ തൃപ്തിപ്പെടുത്തുവാൻവേണ്ടി മാത്രമുള്ള വായന ആപൽക്കരമാണ്. നല്ലതെന്നു ബോദ്ധ്യമുള്ളതു മാത്രം വായിക്കണം. കൈയിൽ കിട്ടുന്നതെന്തും നമ്മൾ ഭക്ഷിക്കുകയില്ലല്ലോ. നല്ലതാണോ എന്നു നോക്കിയശേഷം മാത്രമേ തിന്നുകയുള്ളു. ഇങ്ങനെതന്നെ വായനയിലും ശ്രദ്ധിക്കണം. അല്ലെങ്കിൽ വലിയ ആപത്തുണ്ടാകും. ഒരുവനെ ഭൃത്യനായി നിറുത്തുന്നതിനുമുമ്പ് അയാളുടെ സ്വഭാവഗതികൾ അന്വേഷിക്കുകയില്ലയോ? പുസ്തകങ്ങൾ ഭൃത്യന്മാരായല്ല, പിന്നെയോ യജമാനന്മാരായാണ് നമ്മോട് ഇടപെടുന്നത്. എങ്കിൽ ഒരു ചിന്തയും കൂടാതെ എന്തും വായിക്കുന്നതു ശരിയാണോ? എന്നാൽ ചിലർ അവശ്യം പഠിക്കേണ്ട പുസ്തകമൊന്നും വായിക്കാതെ, ആദർശനിഷ്ഠയില്ലാത്ത ചില എഴുത്തുകാർ പടച്ചുവിടുന്ന അശ്ലീല നോവലുകളും ചെറുകഥകളും വായിച്ചു തീർക്കുവാൻ ആർത്തികാണിക്കാറുണ്ട്. ഈ ആപൽക്കരമായ പ്രവണത ഒരു പ്രായത്തിന്റെ തലതിരച്ചിലാണ്; വേണ്ടാത്ത വിശപ്പാണ്: ആകയാൽ, വിശുദ്ധരുടെ ജീവചരിത്രങ്ങൾ തുടങ്ങിയ സദ്ഗ്രന്ഥങ്ങൾ ധാരാളമായി വായിച്ച് ബുദ്ധിയേയും മനസ്സിനേയും ഭാവനയേയും, വിശിഷ്ടചിന്തകളും ചിത്രങ്ങളും കൊണ്ടു നിറയ്ക്കുക. സത്യം സങ്കല്പത്തേക്കാൾ അത്ഭുതകരവും ആകർ

ഷകവുമാണെന്നും അപ്പോഠം ബോദ്ധ്യമാകും. നമ്മുടെ വിദ്യാർത്ഥികഠംക്കു് ഇങ്ങനെയൊരു പരിശീലനം നേരത്തേ കൊടുക്കുന്നതു് തികച്ചും പ്രയോജനകരമാണു്. ഒരു ഹൈസ്കൂഠം വിദ്യാർത്ഥി ഒരിക്കൽ എന്നോടു പറഞ്ഞു: ''അച്ചാ, ഞാനീ വേണ്ടാത്ത നോവലുകളും ചെറുകഥകളും വായിക്കാറില്ല. കൊച്ചു പ്രായം മുതൽ ഞാൻ വിശുദ്ധരുടെ ജീവചരിത്രങ്ങഠം വായിച്ചു പഠിച്ചു. പിന്നെ ഈ കെട്ടുകഥകളോടു് എനിക്കൊരു താല്പര്യവും തോന്നാറില്ല'' ആ കുട്ടി നന്നായി വളർന്നതിൻെറ ഫലമാണിതു്.

ആപൽക്കരമായ ഇടപാടുകളിൽ പെടാതിരിക്കാനും സൂക്ഷിക്കേണ്ടതാണു്. ചിലരോടു ഒരു പ്രത്യേക താല്പര്യം തോന്നാൻ പാടുണ്ടു്. പ്രകൃതിയുടെ പ്രേരണയാണിതു്. മററു വർഗ്ഗത്തിലേയ്ക്കാണു് ആ താല്പര്യം ആദ്യം എത്തുക. എന്നാൽ അതിനുള്ള സാഹചര്യം ഇല്ലാത്തപ്പോഠം ഒരേ വർഗ്ഗത്തിൽ പെട്ടവരിലേയ്ക്കും അതു തിരിയും. ഈ ദുഷ്പ്രവണതയെ നിയന്ത്രിച്ചുകൊണ്ടു് കർത്താവിൻെറ സ്നേഹത്തിൽ വളർന്നുവരേണ്ടതു് നമ്മുടെ കടമയാണു്. നമ്മുടെ സ്നേഹബന്ധങ്ങളിലെല്ലാം കർത്താവുകൂടെ ഉണ്ടായിരിക്കട്ടെ. ബിഷപ്പ് ഷീൻ പറയുന്നതുപോലെ, മൂന്നു പേരുണ്ടായിരിക്കണം സ്നേഹത്തിൻെറ വിജയത്തിനു് 'അതുവിശുദ്ധമായി നിലനില്ക്കുവാൻ; ഞാനും സ്നേഹിതനും ഈശോയും. കർത്താവിൻെറ കുത്തിത്തുറന്ന തിരുഹൃദയത്തിലൂടെ ആ താല്പര്യങ്ങളെല്ലാം കടന്നുപോകണം. വേണ്ടാത്ത മമത നിയമം ലംഘിച്ചുകൊണ്ടാണു ആരംഭിക്കുന്നതു്. മൗനം പാലിക്കേണ്ട സമയത്തു സംസാരിക്കും; പറയാൻ കഴിഞ്ഞില്ലെങ്കിൽ എഴുതി ചുരുട്ടിക്കൊടുക്കും. ഉപദേശങ്ങഠംകൊണ്ടാരംഭിച്ചു് ഉപദ്രവമായി കലാശിക്കും. വി. ബനവന്തുരാ ഭംഗിയായി ഈ വേണ്ടാത്ത മമതയുടെ ലക്ഷണങ്ങഠം എഴുതിവെച്ചിട്ടുണ്ടു്. ഒരാളോടു തോന്നുന്ന ഇന്ദ്രിയപരമായ ആകർഷണമാണിതു്; അവർ വൃഥാ സംസാരിച്ചു സമയം കളയും; മററുള്ളവരിൽ നിന്നകന്നുകൊണ്ടു രഹസ്യമായി സന്ദർശിക്കും; പരസ്പരം പ്രശംസിക്കും; അന്യരുടെ കുററം പറയും; ഈ പ്രത്യേക സ്നേഹത്തിനു് തടസ്സമായി നില്ക്കുന്നവരെപ്പററി പരാതിപ്പെടും; അന്യർ കാണാതെ പരസ്പരം കടാക്ഷിക്കും; സമ്മാനം കൊടുക്കും; സഹായിക്കുവാൻ

ബദ്ധപ്പെടും; വേർപാടിൽ അമിതമായി ദുഃഖിക്കും; വീണ്ടും കണ്ടുമുട്ടാൻ തത്രപ്പെടും. അന്യരുടെ സഹവാസം ഇഷ്ടപ്പെടുകയില്ല; ഇയാളുടെ പരിഗണനയ്ക്കു വേറൊരാൾ പാത്രമായാൽ അയാളോടു ശത്രുത കാണിക്കും; സദാ സ്നേഹിതന്റെ ആകൃതിയും പ്രകൃതിയും ഭാവനയിൽ നിലനിറുത്തും. ഇവയെല്ലാം വഴിപിഴക്കുവാൻ പോകുന്നതിന്റെ അടയാളങ്ങളാണ്. ശ്രദ്ധിക്കുക; ഇങ്ങനെ പററിപ്പിടിക്കുവാൻ വരുന്നവരോടു കർശനമായി വർത്തിക്കണമെന്നാണ് വി. സാലേസ് നിർദ്ദേശിക്കുന്നത്. അവരോട് തനിച്ച് ഇടപെടരുത്. ഇതോടുകൂടി ആദ്ധ്യാത്മികപിതാവിന്റെ ഉപദേശം സ്വീകരിക്കയും വേണം.

ഇനിയുമുണ്ട് അപകടങ്ങൾ നാം സംബന്ധികളേയും സുഹൃത്തുക്കളേയും സന്ദർശിക്കുമ്പോൾ സൂക്ഷിച്ചു പെരുമാറണം. വേലക്കാർ, സഹപാഠികൾ അങ്ങനെ പലരും നമ്മോടു കൂടുതൽ സ്വാതന്ത്ര്യം കാണിച്ചേക്കാം, "കരടി ഇങ്ങോട്ടു വെടി വെയ്ക്കുന്നതായി" കണ്ടേക്കാം. കാലത്തിന്റെ വൈകൃതങ്ങൾ! സ്വന്തം നില എപ്പോഴും സൂക്ഷിക്കണം. കുറച്ചു നിയന്ത്രണത്തോടെ ഇടപെടുക; അല്പം അകലം പാലിക്കണം. ചാപല്യമൊന്നും കാണിക്കരുത്. അന്യരെ പ്രീണിപ്പിക്കുവാൻ വേണ്ടി ആദർശങ്ങൾ വെടിയരുത്. ക്രമരഹിതമായ വാത്സല്യപ്രകടനം വേണ്ടാ. മററു വർഗ്ഗത്തിൽപെട്ടവരോടുള്ള ദീർഘമായ സംഭാഷണം ഒഴിവാക്കുക, പ്രത്യേകിച്ച് ഒററയ്ക്കും നമ്മൾ ഇടപെടുന്ന സാഹചര്യങ്ങൾ നമ്മെ ഭരിക്കുവാൻ ഇടയാകരുത്. തീയുടെ അടുത്തിരുന്നാൽ അഗ്നിബാധയ്ക്ക് എളുപ്പമുണ്ടെന്ന് വിശുദ്ധന്മാർ നമ്മെ ഓർമ്മിപ്പിക്കുന്നു. ആകയാൽ നമ്മൾ ഉറങ്ങുന്ന മുറിയിൽ കുട്ടികൾ കിടക്കാതിരിക്കയാണ് നല്ലത്. അവരുടെ നൈസർഗ്ഗികമായ ആകർഷണം അപകടകാരണമാകാം. നമ്മുടെ പുണ്യവും അതുപോലെ നല്ല പേരും സൂക്ഷിക്കണം. ദൈവത്തിന്റെയും മനുഷ്യരുടേയും ദൃഷ്ടിയിൽ കുററമില്ലാതിരിക്കട്ടെ.

വിശുദ്ധപുണ്യം സംബന്ധിച്ചുണ്ടാകാവുന്ന ആപത്തുകളിൽനിന്നു രക്ഷപ്പെടുവാനുള്ള എളുപ്പവഴി എല്ലാ കാര്യങ്ങളും പരമാർത്ഥമായി ആദ്ധ്യാത്മികപിതാവിനെ അറിയിക്കുക

യാണ്. പിശാചിൻെറ വലിയ തട്ടിപ്പെന്താണെന്നറിയാമോ? ഒന്നും സാരമില്ലെന്നും പറഞ്ഞു് നമ്മെ നടത്തുക; ഇതൊന്നും ആരോടും പറയേണ്ടതില്ല എന്നു പ്രേരിപ്പിക്കുക. അങ്ങനെ രഹസ്യമായി വയ്പിച്ചുകൊണ്ടു് നമ്മെ അവൻ നശിപ്പിക്കും. പിന്നെ കരകയറുവാൻ ഒട്ടും കഴിയുകയുമില്ല. എന്നാൽ പ്രലോഭനത്തിൻെറ ആരംഭത്തിൽ തന്നെ വേണ്ട ഉപദേശം സ്വീകരിക്കുന്നതായാൽ അപകടം വ്യക്തമാകുകയും പ്രതിവിധികൾ വിജയകരമായി സ്വീകരിക്കുവാൻ സാധിക്കുകയും "A temptation revealed is a temptation over come" എന്നു വി. ഫിലിപ്പ്നേരി പറഞ്ഞിട്ടുണ്ടു്. എളിമയോടെ പ്രവർത്തിക്കുന്നതായാൽ അഹങ്കാരിയായ പിശാചിനെ തോല്പിക്കുക എളുപ്പമായിരിക്കും. മനസ്സാക്ഷിയോടു ബലം പ്രയോഗിക്കാതെ, സ്വയം വഞ്ചിക്കാതെ കുമ്പസാരക്കാരനെ യഥാസമയം സമീപിച്ചുകൊണ്ടിരുന്നാൽ മതി.

ശുദ്ധതയെ അപകടത്തിലാക്കുന്ന വേറൊരു കാര്യമാണു് അലസത; ചാരുകസേരയും ന്യൂസ്പേപ്പറുമായുള്ള ജീവിതം! അലസനു ഗഹനമായ വിഷയങ്ങളൊന്നും വായിക്കുവാൻ ഇഷ്ടമില്ല. മൂന്നാംതരം പ്രസിദ്ധീകരണമാണു ഹൃദ്യം. ബാക്കി സമയം, രാത്രിയും പകലും ഉറപ്പെടെ ചീട്ടുകളിക്കുവാനായി വിനിയോഗിക്കും. അലസ്സൻെറ മനസ്സു് പിശാചിൻെറ പണിപ്പുരയാണെന്നു വ്യക്തം. അലസമായിരിക്കുന്നവൻ ആകാശക്കോട്ട കെട്ടും. ദിവാസ്വപ്നങ്ങൾ കാണും, പ്രലോഭനങ്ങളെ വിളിച്ചുവരുത്തും. സ്വയംഭോഗത്തിനുള്ള പ്രധാന കാരണം ഇതാണു്. കൊച്ചുപ്രായത്തിൽ ആരോ പറഞ്ഞുകൊടുത്തു, അഥവാ പ്രവർത്തിച്ചു കാണിച്ചു. പിന്നെ നിരന്തരം അങ്ങനെ ചെയ്യുകയായി. ഇപ്പോഴോ, ഒഴിയാബാധയായി. തൽഫലമായി എല്ലാ കഴിവുകളും ക്ഷയിക്കുന്നു; ജീവിതകടമകൾ ദുർഭരമാകുന്നു; ദൈവവിളികൾ നഷ്ടപ്പെടുന്നു. ദാമ്പത്യജീവിതം അധഃപതിക്കുന്നു. ആകയാൽ ഈ ദുശ്ശീലം കടന്നുകൂടാതെ സൂക്ഷിക്കണം. ഉത്തരവാദബോധത്തോടെ അനുദിനകൃത്യങ്ങൾ കൃത്യമായി നിർവ്വഹിക്കണം.

മുമ്പു പറഞ്ഞതുപോലെ പ്രലോഭനങ്ങൾക്കു കാരണം കൊടുക്കാതിരിക്കാം. സിനിമാ പ്രദർശനങ്ങൾ പാപത്തിനുള്ള

അടുത്ത കാരണമാണു്. മനുഷ്യരുടെ അധമതാല്പര്യങ്ങളെ പ്രീണിപ്പിച്ചു് പണമുണ്ടാക്കുവാനായി ഈ ശക്തിയേറിയ ആശയവിനിമയ മാദ്ധ്യമത്തെ ഇന്നു് എത്രതന്നെ ദുരുപയോഗിച്ചിട്ടില്ല. ''ജീസസ്'', ''പത്തു കല്പനകൾ'', ''മിശിഹാ ചരിത്രം'' തുടങ്ങിയ പരിപാവന ഇതിവൃത്തങ്ങൾപോലും എത്രയോ വഷളായിട്ടാണു് ഇന്നു് വെള്ളിത്തിരയിൽ പ്രതിഫലിപ്പിക്കുന്നതു് ! മാംസവും രക്തവുമുള്ള മനുഷ്യർ ഈ അശ്ലീല ഡാൻസുകളും അഭിനയങ്ങളും വികൃതവേഷങ്ങളും കണ്ടു് കല്ലുപോലെ, നിർവ്വികാരരായി ഇരിക്കുമെന്നു തോന്നുന്നുണ്ടോ? അങ്ങനെയെങ്കിൽ ഈ സിനിമാഭ്രാന്തു് പല പാപങ്ങളും ക്ഷണിച്ചുവരുത്താനുള്ള ബദ്ധപ്പാടല്ലേ? ഇതിലും ഹീനമായ വേറൊരേർപ്പാടുണ്ടു്. കാബറാ ഡാൻസും ബാറുമുള്ള ഹോട്ടലുകളിൽ രാത്രി കാലത്തു് കയറിയിറങ്ങുക. അനന്തരാനുഭവങ്ങളെപ്പററി എന്തു പറയട്ടെ! ഇതൊന്നും ദൈവപ്രമാണങ്ങൾ പാലിച്ചു ജീവിക്കുവാൻ ആഗ്രഹിക്കുന്ന ഒരുവനും പററിയതല്ലെന്നു നമുക്കറിയാം.

ആകയാൽ അലസരും സുഖലോലുപരുമായി ജീവിക്കുവാൻ ഒരുമ്പെടരുതു്. അദ്ധ്വാനശീലം സമ്പാദിക്കണം. മുപ്പതു കൊല്ലം കഠിനമായ കായികാദ്ധ്വാനമുള്ള ജോലിയിൽ ചെലവഴിച്ച ക്രിസ്തുനാഥനെ നമുക്കനുകരിക്കാം. അതു നമ്മുടെ ശരീരത്തിനും ആത്മാവിനും നന്മയ്ക്കായി ഭവിക്കും; സ്വാർത്ഥത വെടിഞ്ഞു്, മററുള്ളവർക്കുവേണ്ടി സ്വന്തം കഴിവുകൾ വിനിയോഗിക്കുവാൻ കഴിയുന്നത്ര ശ്രമിക്കുക. എല്ലാ കാര്യങ്ങളും ഉത്സാഹത്തോടെ ചെയ്യണം. രാവിലെ ഉണർന്നു പുറപ്പെടുന്നതും പ്രഭാതകൃത്യങ്ങൾ നിർവ്വഹിക്കുന്നതും ചുണയോടെ വേണം. പാഠങ്ങൾ പഠിക്കുന്നതും ജോലികൾ ചെയ്യുന്നതും അങ്ങനെതന്നെ ആയിരിക്കണം. പുസ്തകം മുമ്പിൽ വച്ചുകൊണ്ടു് വല്ലതും ചിന്തിച്ചിരിക്കരുതു്. കുളിക്കുന്നതും കഴിയുന്നത്ര കുറച്ചു സമയമെടുത്തു് വേഗമായിരിക്കണം. ശുദ്ധീകരണ സ്ഥലത്തിലെ ആത്മാക്കളെപ്പററി അപ്പോൾ ചിന്തിക്കുന്നതു് അനുഗ്രഹപ്രദമാണു്.

ഒരു കാര്യംകൂടി ചിന്തിച്ചുകൊണ്ടു് ഈ ധ്യാനം നമുക്കു നിറുത്താം; സ്വയം നിഗ്രഹം. ശുദ്ധത സംരക്ഷിക്കുന്നതിൽ

ഇതിന്ന് വലിയ പ്രധാന്യമുണ്ടു്. അധഃപതിച്ച മനുഷ്യപ്രകൃതിയിൽ ആദ്യമായി തലപൊക്കിയതു് നഗ്നതാബോധമാണു്. ലൈംഗികവിപ്ലവത്തിൻെറ ആരംഭമാണിതു്. ഇതു് നമ്മുടെ എല്ലാ ഇന്ദ്രിയങ്ങളേയും ബാധിച്ചിട്ടുണ്ടു്. ആകയാൽ വി. പൗലോസ് അപ്പസ്തോലൻ ഉപദേശിക്കുന്നു: ''പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞിട്ടു പുതിയ മനുഷ്യനെ ധരിക്കുക'' എന്നു്. ഗാന്ധിജി ഇതേപ്പററി നല്കുന്ന നിർദ്ദേശം വളരെ ശ്രദ്ധാർഹമാണു്: ''ബ്രഹ്മചര്യം വഴി പഞ്ചേന്ദ്രിയങ്ങളിൽ ഒന്നിനെ ഭരിക്കുവാൻ നമ്മൾ ശ്രമിക്കുന്നു. എന്നാൽ മററുള്ള ഇന്ദ്രിയങ്ങളെയെല്ലാം യഥേഷ്ടം വിട്ടിട്ടു് ഇതു സാധിക്കാമെന്നു കരുതേണ്ട'' ഈ നിർദ്ദേശം ഇന്ദ്രിയനിഗ്രഹത്തിൻെറ ആവശ്യം വ്യക്തമാക്കുന്നുണ്ടു്. കാണുക, കേൾക്കുക, സംസാരിക്കുക, വായിക്കുക തുടങ്ങിയ കാര്യങ്ങളിൽ സാധിക്കേണ്ട സംയമനത്തെപ്പററി മുമ്പു പറഞ്ഞുവല്ലോ. ഇനി ശേഷിക്കുന്നതു് ഭക്ഷണത്തിൻെറ കാര്യമാണു്. ഭക്ഷിക്കുവാൻവേണ്ടി ജീവിക്കാതെ ജീവിക്കുവാൻവേണ്ടി ഭക്ഷിക്കണം. മത്സ്യമാംസാദികൾക്കു് അടിമയാകല്ലേ. നോമ്പും ഉപവാസവുമൊക്കെ നമുക്കു് നല്ലതാണു്; ആവശ്യമാണു്. അതുപോലെ വളരെ രുചികരമായിത്തന്നെ പാകപ്പെടുത്തിയാലേ ഭക്ഷിക്കൂ എന്നും ശഠിക്കരുതു്. ചിലപ്പോൾ ഉപ്പും എരിവും ഉപേക്ഷിക്കുവാൻ കഴിയണം. ചുരുക്കത്തിൽ നമ്മൾ ഭോജനപ്രിയത്തിൽ പെടരുതു്; വിളക്കിൻെറ ഭംഗി നോക്കാതെ വെളിച്ചം സ്വീകരിക്കുവാൻ കഴിവുള്ളവരായിരിക്കണം. മദ്യപാനം ശുദ്ധതയ്ക്കു് തികച്ചും എതിരാണു്. അതു മൃഗീയ വികാരങ്ങളെ ജനിപ്പിക്കുകയും വിവേകത്തെ നശിപ്പിക്കുകയും ചെയ്യും. അതോടെ അശ്ലീലസംസാരവും വ്യാപാരവും അനിയന്ത്രിതമായുണ്ടാകും.

ഉറക്കത്തിൻെറ കാര്യത്തിലും സംയമനം വേണം. ഏതു പലകപ്പുറത്തുകിടന്നും ഉറങ്ങാൻ നമുക്കു കഴിയേണ്ടതാണു്. സുഖജീവിത സാമഗ്രികൾ കഴിയുന്നത്ര ഉപേക്ഷിക്കണം. നമുക്കു രണ്ടു പായും ഒരു തലയിണയും മതിയാകും; അതു് എവിടെ വിരിച്ചും ഉറങ്ങാം. കിടക്കയും കോസടിയും കൂടാതെ ഉറങ്ങാൻ പററില്ലെന്നാകരുതു്; ഒരു തലയിണ കാല്ക്കൽ കൂടി വേണമെന്നനിലയിലായാൽ ''തല''യിണ എന്ന

പേരിന്̆ അൎത്ഥമില്ലാതാകം. നമ്മുടെ തല കാലിന കീഴ്̆പെട്ടെന്നും വരും. ഒരു കാൎയ്യം കൂടി ശ്രദ്ധിക്കുക. കട്ടികഠം കവിഴ്̆ന്നുകിടന്ന്̆ ഉറങ്ങി ശീലിക്കരുത്̆. അതു ശ്വാസകോശങ്ങളുടെ ശരിയായ പ്രവൎത്തനത്തിന തടസ്സമാകും; പ്രലോഭനങ്ങഠക്കു കാരണമാകുകയും ചെയ്യും. ഉറങ്ങുന്നതിന തൊട്ടുമുമ്പുവെള്ളം കുടിക്കാതിരിക്കുക. അല്പം ദാഹത്തോടെ ഉറങ്ങാൻപോകണമെന്നാണ്̆ വൈദ്യവിധി. അതിന്̆ ആത്മീകമായും പ്രയോജനമുണ്ട്̆.

അവസാനമായി നമുക്ക്̆ എപ്പോഴും ദൈവത്തോടുകൂടിയായിരിക്കാം. വി. പൗലോസ്̆ പറഞ്ഞിട്ടുള്ളതുപോലെ നമ്മുടെ ശരീരങ്ങഠം ദൈവത്തിൻെറ സജീവാലയങ്ങളാണെന്നും മിശിഹായുടെ അവയവങ്ങളാണെന്നുമുള്ള ബോധം നിലനിറുത്തു. പരി. അമ്മയുടേയും വി. യൗസേപ്പിതാവിൻേറയും കാവൽമാലാഖായുടേയും സഹായം എന്നും അപേക്ഷിക്കാം. അവർ നമ്മെ എല്ലാ പ്രലോഭനങ്ങളിൽനിന്നും കാത്തുരക്ഷിക്കും.

രാത്രിയിൽ ഉറങ്ങാൻ പോകുമ്പോഠം മുട്ടുകുത്തി ഈശോയുടെ പീഡാനുഭവത്തേയും മരണത്തേയുംപററി അല്പനേരം ധ്യാനിക്കണം. നമ്മുടെ മരണത്തേയും വിധിയേയും പററിയും ചിന്തിക്കണം. അങ്ങനെ മരണത്തിനു ഒരുങ്ങിയും ഈശോയുടെ ബലിയോടുകൂടി നമ്മെത്തന്നെ സമൎപ്പിച്ചുകൊണ്ടു് ഉറങ്ങുക. അപ്പോഠം, മണ്ണും പൊടിയുമാകുന്ന മനുഷ്യശരീരം ഉത്ഥാനം ചെയ്തു് മനുഷ്യപുത്രൻെറ മഹത്വത്തിൽ പ്രവേശിക്കാൻ ഇടയാകും.

# 10. നരകം

മിശിഹായിൽ പ്രിയ സഹോദരരേ,

പാപത്തിനു രണ്ടുതരം ശിക്ഷകളുണ്ടു്; ഈ ലോകത്തിൽ പാപത്തിനുള്ള ശിക്ഷ മരണം; പരലോകത്തിൽ നരകവും. മരണത്തെപ്പററി നാം ധ്യാനിച്ചു. മരണം ആവശ്യം ഉണ്ടാകുമെന്നും അതോടുകൂടി നമ്മുടെ ജീവിതത്തിൻെറ വിജയപരാജയങ്ങൾ നിശ്ചയിക്കപ്പെടുമെന്നും നാം കണ്ടു. അതനുസരിച്ചു് പരലോകത്തിൽ പാപികളുണ്ടാകുന്ന അനുഭവമാണു നിത്യമായ നരകശിക്ഷ. ദിവ്യനാഥൻ ഇക്കാര്യം പ്രത്യേകം നമുക്കു പറഞ്ഞുതന്നിട്ടുണ്ടല്ലോ. ഈശോ പത്തു പന്ത്രണ്ടു പ്രാവശ്യമെങ്കിലും നിത്യശിക്ഷയെപ്പററി പറയുന്നതായി സുവിശേഷത്തിൽ കാണുന്നുണ്ടു്. എന്തിനാണതു്? നിത്യശിക്ഷ നമ്മുടെ മുമ്പിൽ കണ്ടുകൊണ്ടു് ജീവിക്കുവാൻ; അങ്ങനെ എന്നേയ്ക്കുമായുള്ള നാശത്തിൽ നാം നിപതിക്കാതിരിക്കുവാൻ.

ഇത്രയുമെല്ലാം ഈശോ പഠിപ്പിച്ചിട്ടും ഇന്നു് ഒരുക്കൂട്ടം ആളുകൾ നാടുതോറും നടന്നു് വീടുതോറും കയറിയിറങ്ങി, വലിയ നുണ പറയുന്നുണ്ടു്: ''സുവിശേഷത്തിൽ നരകത്തെപ്പററി ഒന്നും പറഞ്ഞിട്ടില്ല. അതുകൊണ്ടു് നിത്യശിക്ഷയൊന്നുമില്ല.'' ഇതാണു് അവരുടെ കുപ്രചരണം. വല്ലാത്ത ധൈര്യം തന്നെ! കാരണം, എത്രയോ വ്യക്തമായിട്ടാണു് ക്രിസ്തുനാഥൻ നരകശിക്ഷയെപ്പററി പഠിപ്പിച്ചിട്ടുള്ളതു്. അന്യാപദേശങ്ങൾവഴി അതു കൂടുതൽ വിശദീകരിച്ചിട്ടുമുണ്ടു്. വി. മത്തായിയുടെ സുവിശേഷം 25-ാം അദ്ധ്യായത്തിൽ അവിടുന്നു് ഒടുവിലത്തെ വിധിയേയും നരകത്തേയുംപററി പറയുന്നു: ''പാപികൾ നിത്യശിക്ഷയിലേയ്ക്കും നീതിമാന്മാർ നിത്യജീവനിലേക്കും പ്രവേശിക്കും.'' ആകയാൽ ഈ വഞ്ചനയിൽ നിന്നും നാം നമ്മുടെ ജനങ്ങളെ രക്ഷിക്കണം. മാത്രമല്ല, നാം തന്നെ അലംഭാവം കാണിക്കയുമരുതു്. നരകശിക്ഷ ഒരു Danger light-പോലെ സദാ നമ്മുടെ മുമ്പിൽ കണ്ടുകൊണ്ടിരിക്കണം. കള്ള ദീർഘ

ദർശികരം വരുമെന്നു കർത്താവു പറഞ്ഞിട്ടുണ്ടല്ലോ. നമ്മുടെ കാലത്തു് പ്രത്യേകിച്ചും അതനുഭവപ്പെടുകയാണു്. അതുകൊണ്ടു തന്നെയല്ലേ, പരി. അമ്മ ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടപ്പോരം നിത്യശിക്ഷയെപ്പററി നമുക്കു വ്യക്തമായ തെളിവു തന്നതു്. ഫാത്തിമാ സന്ദേശത്തിൽ എന്താണുരംക്കൊള്ളുന്നതു്? ഇന്നും ജീവിച്ചിരിക്കുന്ന സി.ലൂസി പറയുന്നു:''ഞങ്ങരം നരകം കണ്ടു. കത്തിജ്വലിക്കുന്ന അഗ്നികുണ്ഡം: അവിടെ ജ്വലിച്ചു നശിക്കുന്ന ആത്മാക്കരം'' മാത്രമല്ല, മാതാവു് പ്രത്യേകം നിഷ്കർഷിക്കുന്നു, കൊന്തയുടെ ഓരോ രഹസ്യത്തിൻേറയും ഒടുവിൽ ഇക്കാര്യം അനുസ്മരിച്ചു് ഇങ്ങനെ പ്രാർത്ഥിക്കണമെന്നു്. ''കർത്താവേ, ഞങ്ങളുടെ പാപങ്ങരം ഞങ്ങളോടു പൊറുക്കണമേ: നരകാഗ്നിയിൽനിന്നു ഞങ്ങളെരക്ഷിക്കണമേ...'' മാതാവു് ആ കുഞ്ഞുങ്ങളെ പഠിപ്പിച്ച പ്രാർത്ഥനയാണിതു്; പരലോകത്തിൽ നിന്നും നമുക്കു കിട്ടിയ സാക്ഷ്യമാണിതു്, നിത്യശിക്ഷയെപ്പററി, ആകയാൽ, എത്രയോ ആവശ്യമാണീ ചിന്തയെന്നോർക്കുക; ഭൗതികവ്യാമോഹങ്ങരം വളർന്നുവരുന്ന ഇക്കാലത്തു് പ്രത്യേകിച്ചും. അതുകൊണ്ടു് ഈ ധ്യാനാവസരത്തിൽ മാത്രമല്ല, നമ്മുടെ ജീവിതത്തിലെ ഓരോ ദിവസവും രണ്ടു മിനിററെങ്കിലും മരണത്തേയും നരകത്തേയും പററി ചിന്തിക്കണം, എന്തിനു്? ഈ ലോകത്തിൽവെച്ചു് നരകത്തിലേയ്ക്കു് ഇറങ്ങുന്ന വ്യക്തി പരലോകത്തിൽ ആ ആപത്തിൽ കുടുങ്ങുവാൻ ഇടയാവില്ല. അതുകൊണ്ടാണു് പുണ്യാത്മാക്കരം നരകശിക്ഷ മുമ്പിൽ കണ്ടുകൊണ്ടു് ജീവിച്ചതു്. വി. ഫ്രാൻസിസ് അസ്സീസി തൻെറ ശിഷ്യന്മാരെക്കൊണ്ടു് ഇപ്രകാരം പറയിച്ചിരുന്നു: ''ഫ്രാൻസിസേ, നീ ദൈവാനുഗ്രഹത്തോടു സഹകരിച്ചതു പോരാ; അതുകൊണ്ടു് നീ നിത്യനാശത്തിൽ കലാശിക്കും.'' രക്ഷാകരചിന്ത!

നരകശിക്ഷയുടെ സ്വഭാവം വ്യക്തമായി കാണാം, ക്രിസ്തുനാഥൻ അന്ത്യവിധിയിൽ പാപികളോടു പറയുന്ന വിധിവാചകത്തിൽ. അതിങ്ങനെയാണു്: ''ശപിക്കപ്പെട്ടവരേ, നിങ്ങരം എന്നിൽനിന്നും അകന്നു് പിശാചിനും അവൻെറദൂതന്മാർക്കുമായി തയ്യാറാക്കിയിരിക്കുന്ന നിത്യാഗ്നിയിലേയ്ക്കു പോകുവിൻ''. വിധിയാളനായ കർത്താവിൻെറ തിരുസന്നിധിയിൽതന്നെയാണു് ഇപ്പോരം നമ്മരം കൂടിയിരിക്കുന്നതെന്ന

ബോധത്തോടെ നമുക്ക പ്രാർത്ഥിക്കാം: കർത്താവേ, ഈ ശാപത്തിന്ന ഞങ്ങൾ ഒരിക്കലും പാത്രമാകാതിരിക്കട്ടെ. അതിന്ന വേണ്ട അനുഗ്രഹങ്ങൾ ഞങ്ങൾക്ക തരണമേ.

നരകശിക്ഷയുടെ ഭീകരത അടങ്ങിയിരിക്കുന്നതു് ദൈവം പാപിയെ ശപിക്കുന്നുവെന്നതിലാണു്. നരകത്തിൽ നശിക്കുന്ന ആത്മാക്കളുടെമേൽ ദൈവത്തിൻെറ ശാപം വന്നുകൂടുന്നു. എന്തുകൊണ്ടു്? സ്നേഹനിധിയായ ദൈവം തൻെറ സൃഷ്ടികളെ ശപിക്കുകയോ! കുരിശിൽ മരിച്ച കർത്താവു് നമ്മെ ശപിക്കുമെന്നോ? അതേ, അങ്ങനെ സംഭവിക്കും. കാരണം, പാപി ദൈവത്തെ സ്നേഹിക്കേണ്ടതിന്ന പകരം അവിടുത്തെ ദ്വേഷിക്കുന്നു. ഓരോ പ്രാവശ്യവും പാപം ചെയ്യുമ്പോൾ എന്താണുണ്ടാകുന്നതു്? ദൈവത്തെ ദ്വേഷിക്കുന്നു. പാപം സ്നേഹശൂന്യതയാകുന്നു. നമ്മുടെ കർത്താവു പറഞ്ഞില്ലേ: ''നിങ്ങൾ എൻെറ സ്നേഹിതന്മാരാണെങ്കിൽ എൻെറ കല്പനകൾ കാക്കുവിൻ. ഏതൊരുവൻ എൻെറ കല്പനകൾ കാക്കുന്നില്ല, അവൻ എൻെറ സ്നേഹിതനല്ല.'' അതുകൊണ്ടു് പാപി ദൈവത്തിൻെറ സ്നേഹിതനല്ല. അവൻ ദൈവത്തിൻെറ ശത്രുവാണു്. പാപിക്കു ദൈവത്തിൻെറ ശാപം വന്നുകൂടുകതന്നെ ചെയ്യും. ''എല്ലാ വസ്തുക്കളേക്കാൾ, നിൻെറ മുഴുവൻ ഹൃദയത്തോടും, മുഴുവാത്മാവോടും മുഴുമനസ്സോടും സകല കഴിവുകളോടുംകൂടെ നിൻെറ കർത്താവായ ദൈവത്തെ സ്നേഹിക്കുക.'' ഈ കല്പന നമ്മൾ എല്ലാവരും പാലിക്കണം. അതിന്ന പകരം പാപി തന്നെത്തന്നെ സ്നേഹിക്കുന്നു, തൻെറ ദുരഭിമാനത്തെ സ്നേഹിക്കുന്നു, തൻെറ ദ്രവ്യാശയെ സ്നേഹിക്കുന്നു. അങ്ങനെ അവൻ വഴിപിഴച്ചുപോകുന്നു. ദൈവത്തെ സ്നേഹിക്കുവാൻ കൊള്ളുകയില്ല എന്ന വിധത്തിലാണു് പാപി ദുരാശകളെ പ്രീണിപ്പിക്കുന്നതു്. അവസ്തുവേണ്ടിയാണു് അവൻ ജീവിക്കുന്നതു്; ദൈവത്തിന്ന വേണ്ടിയല്ല. നിർഭാഗ്യകരമായ സ്നേഹശൂന്യത! ദൈവത്തെ സ്നേഹിക്കേണ്ട വ്യക്തി ദൈവത്തെ ഉപേക്ഷിച്ചിട്ടു് ഓരോ സൃഷ്ടിയുടേയും മുമ്പിൽ സ്നേഹം കാഴ്ചവയ്ക്കുന്നു. അങ്ങനെ, ഈ ലോകത്തിൽ ദൈവത്തെ സ്നേഹിക്കേണ്ടതിന്ന പകരം ദൈവത്തിൻെറ ശത്രുവായി കഴിഞ്ഞശേഷം പാപി പരലോകത്തിൽ എത്തുമ്പോൾ ദൈവത്തിൻെറ സ്നേഹത്തിനു് എങ്ങനെ അർഹനാകും? അവൻ ശപിക്കപ്പെട്ടവനാണു്;

എന്നേയ്ക്കും ശാപഗ്രസ്തനായിരിക്കുകയും ചെയ്യും. അവർ അർഹിക്കുന്ന ശിക്ഷയാണിതു്. കാരണം, പാപി തന്നെത്തന്നെ ഈ ദുർഭഗസ്ഥിതിയിൽ ആക്കിത്തീർക്കുകയാണു്.

വീണ്ടും എത്ര ആത്മാക്കൾ നരകത്തിൽ നശിക്കുമോ അത്ര യും ദുരിതം അവിടെ വർദ്ധിക്കും. കാരണം സ്നേഹശൂന്യരായ ആ ആത്മാക്കൾ പരസ്പരം കടിച്ചുകീറുന്ന കാട്ടുജന്തുക്കളെപ്പോലെ വർത്തിച്ചു, നരകപീഡകൾ വർദ്ധിക്കുന്നതാണു്. ഒരു പക്ഷേ അവർ സ്നേഹത്തിൻെറ പേരിൽ കൂട്ടുകൂടി ഐഹിക ജീവിതത്തിൽ പാപം ചെയ്തു നശിച്ചവരായിരിക്കും. അങ്ങനെ രണ്ടുപേർ പാപത്തിൽ ജീവിച്ചു; രണ്ടുപേരും പാപത്തിൽ മരിച്ചു; രണ്ടുപേരും നശിച്ചു; അവരുടെ അനുഭവമെന്തായിരിക്കും?പരസ്പരം ശപിച്ചുകൊണ്ടു് നരകത്തിൽ കഴിയും. ''നീയാണെന്നെ നശിപ്പിച്ച''തെന്നൊരുവനും, ''നീയാണെന്നെ നശിപ്പിച്ച''തെന്നു് അപരനും പറഞ്ഞു ശപിക്കും. അവസാനമില്ലാത്ത ശാപം! ആകയാൽ നമ്മുടെ നല്ല ദൈവത്തെ നമുക്കു സ്നേഹിക്കാം. അവിടുന്നു് ഇനിയും നമ്മെ ശപിച്ചിട്ടില്ല; നമ്മെ സ്നേഹിക്കുകയാണു്. അതുകൊണ്ടാണു് നമ്മെ ഈ ധ്യാനത്തിലേയ്ക്കു വിളിച്ചിട്ടുള്ളതു്. അവിടുന്നു കരുണാപൂർവ്വം പറയുന്നു: ''മകനേ, നീ എന്നെ സ്നേഹിക്കുക. പാപം ചെയ്തു് എൻെറ ശത്രുവാകല്ലേ; എൻെറ ശാപം വരുത്തിവയ്ക്കല്ലേ.'' നമുക്കു പ്രാർത്ഥിക്കാം: എൻെറ നല്ല ദൈവമേ, ഞാനങ്ങയെ സ്നേഹിക്കുന്നു. അങ്ങയെ സ്നേഹിക്കാതെ പോയതിനുകൂടെ ഞാൻ അങ്ങയെ സ്നേഹിക്കട്ടെ, ഞാൻ എന്തു ചെയ്താലും എല്ലാം അങ്ങേക്കു പ്രീതികരമായ വിധം ചെയ്യുവാൻ ഉറച്ചിരിക്കുന്നു. അങ്ങയുടെ ശാപത്തിനു ഞാൻ ഒരിക്കലും പാത്രമാകാതിരിക്കട്ടെ. അങ്ങയുടെ സ്നേഹത്തിൽ ജീവിക്കുവാനും മരിക്കുവാനും എനിക്കു ഇടയാക്കണമേ.

ആ വിധിവാചകം ഇങ്ങനെ തുടരുന്നു: ''എന്നിൽനിന്നു് അകന്നുപോകുവിൻ'' ഇതാണു നരകശിക്ഷ വഴിയുണ്ടാകുന്ന വലിയ നഷ്ടം! പാപിയെ ദൈവം തള്ളിക്കളയുന്നു; ഉപേക്ഷിക്കുന്നു. ''എൻെറ ആരംഭവും അന്ത്യവുമായ ദൈവത്തോടുള്ള ബന്ധം എനിക്കില്ലാതായിരിക്കുന്നു. എൻെറ ഭാഗ്യമായ ദൈവം എനിക്കു നഷ്ടമായി; സ്വർഗ്ഗരാജ്യത്തിൻെറ അവകാശം ഞാൻ നശിപ്പിച്ചിരിക്കുന്നു. എല്ലാം എന്തിനുവേണ്ടി

കൈവെടിഞ്ഞു? അല്പമാത്രമായ, ക്ഷണികമായ താല്പര്യത്തിനുവേണ്ടി. മൗഢ്യം; ഏററം വലിയ വിഡ്ഢിത്തം!'' പാപിയുടെ നിഷ്പ്രയോജനകരമായ വിലാപമാണിതു്. നമുക്കറിയാം, രണ്ടെജമാനന്മാരെ സേവിക്കുവാൻ സാദ്ധ്യമല്ലെന്നു്. മാമ്മോദീസാവഴി നമ്മൾ ദൈവത്തിൻെറ സന്താനങ്ങളും സ്വർഗ്ഗത്തിൻെറ അവകാശികളുമായിത്തീരുന്നു. ആ അവകാശം വർദ്ധിപ്പിച്ചുകൊണ്ടുവരുവാൻ, നമുക്കു കഴിയും. അങ്ങനെ സ്വർഗ്ഗത്തിലേയ്ക്കു് കൂടുതൽ കൂടുതൽ സമ്പാദിക്കാം, സുകൃതവ്യാപാരങ്ങൾ വഴി. എന്നാൽ, പാപി എന്തു ചെയ്യുന്നു? അവനു ദൈവം വേണ്ട, അവനു സ്വർഗ്ഗവും വേണ്ട. അവനു തൻെറ ഇഷ്ടംപോലെ എല്ലാം ചെയ്യണം. എന്തു വലിയ വാശിയാണു് ചിലർക്കു്; അവസാനിക്കാത്ത വാശി! ഞാൻ നശിക്കുമെങ്കിൽ നശിക്കട്ടെ. എന്നാലും ഇവനോടു ഞാൻ ക്ഷമിക്കുകയില്ല'' എന്നു പറയുന്ന വിദ്വേഷം. 'ഈ അധികാരിയെ ഞാൻ അനുസരിക്കുകയില്ല. നരകം വേണമെങ്കിൽ വരട്ടെ. അയ്യോ! എന്താണീ പറഞ്ഞതു്! സ്വർഗ്ഗം തള്ളിക്കളഞ്ഞിട്ടു് തൻെറ വിദ്വേഷവും കൊണ്ടു നാശത്തിലേക്കു് ഓടുകയോ? ആ ദ്രവ്യാശ, ആ ജഡികാസക്തി എത്രയോ വലിയ നഷ്ടമാണു വരുത്തിക്കൂട്ടുന്നതെന്നു നോക്കുക. മനുഷ്യൻ ആദ്യമായി ദൈവത്തിൻെറ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുന്നതിനുപകരം, ഈ ലോകത്തിൻേറയും അതിൻെറ താല്പര്യങ്ങളുടേയും പുറകേ ഓടുന്നു. പിന്നെങ്ങനെ ദൈവത്തിൻെറ സന്താനവും സ്വർഗ്ഗത്തിൻെറ അവകാശിയുമായിരിക്കും? അവൻ നരകദുരിതത്തിൻെറ നടുവിൽ നിന്നു ഇങ്ങനെ നിലവിളിക്കും: ഞാൻ സ്വർഗ്ഗം നഷ്ടപ്പെടുത്തി, ഞാൻ എൻെറ ദൈവത്തെ തള്ളിക്കളഞ്ഞു. എനിക്കു മനസ്സുണ്ടായിരുന്നെങ്കിൽ സ്വർഗ്ഗം എൻേറതായിരുന്നേനെ; ദൈവം എൻെറ പിതാവും ആയിരുന്നേനെ. എന്നോടുകൂടെ ഒരു വീട്ടിൽ ജീവിച്ചവർ സ്വർഗ്ഗത്തിലായി, എന്നോടുകൂടെ ഒരേ വിദ്യാലയത്തിൽ പഠിച്ചവർ സ്വർഗ്ഗം പ്രാപിച്ചിരിക്കുന്നു. ഞാനിതാ ഉപേക്ഷിക്കപ്പെട്ട വ്യക്തിയായി, ഞാൻ തന്നെ ഈ നാശം വരുത്തിക്കൂട്ടി.'' പരീക്ഷയിൽ തോൽക്കുന്ന കുട്ടികൾ വിലപിക്കുന്നു: ''എല്ലാം പോയല്ലോ.'' ഒരു മാർക്കു കൂടെ കിട്ടിയെങ്കിൽ ഞാൻ ജയിച്ചേനെ. ഞാനതു പഠിക്കാതെ പോയല്ലോ.''

മകനേ, കരയേണ്ട. അടുത്ത കൊല്ലം മകനു ജയിക്കാം. എന്നാൽ, ദൈവത്തിൻെറ വിധിയിൽ നീ തോററാൽ, മരണ സമയത്തെ പരീക്ഷയിൽ നീ പരാജയപ്പെട്ടാൽ പിന്നെ ഒരവസരവും കിട്ടുകയില്ല. ആകയാൽ വി. ഫ്രാൻസിസ് അസ്സീസി പറഞ്ഞു: "എൻെറദൈവമേ,എൻെറസമസ്തവുമേ." അതാണു നമ്മളും ഏററുപറയേണ്ടതു്. വി. അമ്മത്രേസ്യാ തൻെറപുസ്തകത്തിൽ ബുക്കു മാർക്കായി എഴുതി വച്ചു: "ദൈവം മാത്രം മതി; ദൈവത്തെക്കിട്ടിയാൽ എല്ലാം കിട്ടി, ദൈവം നഷ്ടപ്പെട്ടാൽ എല്ലാം പോയി." നമ്മൾ ജീവിക്കുന്നതെന്തിനാണെന്നു ചോദിക്കു. നമ്മുടെ ഹൃദയം ആഗ്രഹിക്കുന്നതു് എന്താണെന്നു പരിശോധിക്കു. എൻെറ ദൈവത്തെ പ്രാപിക്കണം, സ്വർഗ്ഗം സമ്പാദിക്കണം—ഇതാണോ ലക്ഷ്യം? ദിവ്യരക്ഷകൻ പഠിപ്പിച്ചില്ലേ: "ലോകം മുഴുവൻ നേടിയാലും നിൻെറ ആത്മാവു നശിച്ചാൽ എന്തു പ്രയോജനം" എന്നു്. നരകത്തിൽ നശിച്ചവൻ നിരാശയോടുകൂടി ഈ വാക്യം എന്നും ഓർക്കും.

അടുത്തതായി, നരകശിക്ഷയുടെ വേറൊരു ഭാഗം കണ്ടാലും: പിശാചിനും അവൻെറ ദൂതന്മാർക്കുമായുള്ള സ്ഥലമാണതു്. അവിടെ പാപികൾ ഈദൃഷ്ടാത്മാക്കളുടെ അടിമകളായിരിക്കും. കാരണം ദൈവം ഉപേക്ഷിച്ചാൽ പിന്നെ വരുന്നതു് പിശാചിൻെറ അടിമത്തമാണു്. പിശാചും അവൻെറ അനുചരന്മാരും നരകത്തിൽ നശിച്ചവൻെറ മേൽ അധികാരം നടത്തും. ഇതു നാം കൂടുതൽ ഗൗരവമായി പരിഗണിക്കേണ്ട ഒരു സംഗതിയാണു്. ദൈവത്തിൻെറ സന്താനങ്ങൾ, ഈശോയുടെ തിരുരക്തം ചിന്തി രക്ഷിക്കപ്പെട്ട ആത്മാക്കൾ പിശാചിൻെറ അടിമകളായി നശിക്കുന്നതു് എന്തുകൊണ്ടാണെന്നു ചോദിക്കു. നീ തന്നെയാണു് ആ കുഴപ്പം വരുത്തിക്കൂട്ടുന്നതു്. നീ ഏതൊരു നേതാവിൻെറ പുറകേ പോകുന്നു, അവിടെ നിനക്കു പ്രതിഫലം കിട്ടും. നീ ക്രിസ്തുവിനോടുകൂടിയാണെങ്കിൽ ക്രിസ്തുവിൻെറ പ്രതിഫലം കിട്ടും. പിശാചിൻെറ കൂടെയാണെങ്കിൽ അവൻെറ പ്രതിഫലംതന്നെ നിനക്കു കിട്ടും. ഞാൻ ക്രിസ്തുവിൻെറ കൂടെയാണോ? അല്ലെങ്കിൽ പിശാചിൻെറ കൂടെയാണോ? എന്നോടു ചോദിക്കു. എങ്ങനെ ഞാനതറിയും? നീ പാലിക്കുന്ന ആദർശങ്ങൾ പരിശോധിക്കുക. ക്രിസ്തുവിൻെറ ആദർശങ്ങളാണോ നീ പാലിക്കുന്നതു്? അവ

ടത്തേ എളിമ, അനുസരണം, ശുദ്ധത, ത്യാഗസന്നദ്ധത, ക്ഷമ, ഉപവി–ഇതൊക്കെ നിനക്കുമുണ്ടോ? ഇതൊക്കെ നിനക്കു സ്വന്തമാക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ നീ ക്രിസ്തുവിന്റെ ആദർശങ്ങൾ പാലിക്കുന്നവനാണ്; നിനക്കു ക്രിസ്തുവിന്റെ പ്രതിഫലം കിട്ടും. എന്നാൽ, നേരെമറിച്ച് നിനക്കു വിദ്വേഷവും പ്രതികാരബുദ്ധിയും അലസതയും അശുദ്ധ താല്പര്യവും അധികാരധിക്കാരവുമാണോ ഉള്ളത്? എന്നാൽ, നിന്റെ നേതാവു പിശാചാണ്, ഓർത്തോളൂ. നീ ആരെ സേവിച്ചോ അവിടെ അന്വേഷിച്ചോളൂ നിന്റെ പ്രതിഫലം. ക്രിസ്ത്യാനികളാണ്, വൈദികരാണ് എന്നൊക്കെ പറഞ്ഞതുകൊണ്ടായില്ല. ഞാൻ ക്രിസ്തുവിനോടുകൂടെയാണോ? പള്ളിയിൽമാത്രം ക്രിസ്ത്യാനിയായാൽ പോരാ. ഓരോ ദിവസവും ഓരോ മണിക്കൂറിലും ഓരോ മിനിററിലും, അങ്ങനെ ജീവിതകാലം മുഴുവനും ഞാൻ ക്രിസ്തുവിനോടുകൂടി ആയിരിക്കണം. അപ്പോൾ ക്രിസ്തുവിന്റെ പ്രതിഫലം എനിക്കു കിട്ടും. അല്ലെങ്കിൽ അവസാനം ഞാൻ പിശാചിന്റെ അടിമയായിത്തീരും.

വീണ്ടും പിശാചിനുവേണ്ടിയാണോ ഞാൻ പ്രവർത്തിക്കുന്നത്? അഥവാ ക്രിസ്തുനാഥനുവേണ്ടിയോ? ക്രിസ്തുവിനുവേണ്ടിയാണെങ്കിൽ അതു വ്യക്തമാക്കണം; ഞാൻ ആത്മാക്കളെ രക്ഷിക്കണം. ഞാൻ മററുള്ളവർക്കു നല്ല മാതൃക കൊടുക്കണം; അവരെ നന്മചെയ്യുവാൻ പ്രേരിപ്പിക്കണം. എന്നാൽ, നേരേ മറിച്ച് ഞാൻ ആത്മാക്കളെ നശിപ്പിക്കുകയാണു ചെയ്യുന്നതെങ്കിൽ ഞാൻ പിശാചിന്റെ കൂടെയാണ്. ഇത്രയും കാലം കൊണ്ട് എന്തു നന്മ ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്? എന്റെ വീട്ടിലുള്ളവർ എന്നെപ്പററി എന്തുപറയും? എന്റെ സഹോദരന്മാർ എന്തുപറയും എന്നെപ്പററി? ഞാൻ പഠിച്ച വിദ്യാലയത്തിലുള്ളവർ എന്നെപ്പററി എന്തുപറയും? ഒരു കത്തോലിക്കാ യുവാവു് നല്കേണ്ട ഉത്തമമാതൃക ഞാൻ നല്കിയിട്ടുണ്ടോ? എന്റെ ഇടവകയിലുള്ള എന്റെ സമപ്രായക്കാർ എന്തുപറയും? അവരുടെ മദ്ധ്യത്തിൽ ഞാനെങ്ങനെ ജീവിച്ചു? ആത്മാക്കളെ രക്ഷിക്കാൻ എന്റെ കർത്താവിന്റെകൂടെ ഞാൻ പങ്കുചേർന്നോ? നല്ല മാതൃകവഴി ക്രിസ്തുവിനു നമ്മൾ സാക്ഷികളാകണം. ''ഒരാത്മാവിനു് ഇടർച്ചയ്ക്കു് ഇടയാക്കുന്നവനു ദുരിതം'',ഈശോ

പറഞ്ഞു; "അവൻ ഒരു തിരികല്ല കഴുത്തിൽ കെട്ടി സമുദ്രത്തിൽ ചാടി മരിച്ചുകൊള്ളട്ടെ." ക്രിസ്ത്യാനികൾക്ക് ഈ ഉത്തരവാദ ബോധം വേണം; ക്രിസ്തുവിനുവേണ്ടി, ആത്മാക്കളുടെ രക്ഷയ്ക്കു വേണ്ടി പ്രവർത്തിക്കേണ്ട വ്യക്തി, ഇതൊന്നും ഓർക്കാതെ, തന്റെ ഇഷ്ടംപോലെ നടന്ന്, കണ്ടവർക്ക് ദുർമാതൃകയും പാപ പ്രേരണയും നല്കുകയോ? അന്യരെ നന്നാക്കുന്നതിനുപകരം നശിപ്പിക്കുകയോ? എന്നാൽ, അവിടുത്തോടുകൂടെ എങ്ങനെ നമുക്കവകാശമുണ്ടാകും? എങ്ങനെ പിശാചിനു നമ്മെ ഏല്പിച്ചു കൊടുക്കാതിരിക്കും? പിശാചു വാദിക്കും, നമ്മുടെ മരണസമയത്തു കടന്നുവന്ന്: "ഞാനീ ആത്മാവിനുവേണ്ടി കുരിശിൽ തൂങ്ങിമരിച്ചിട്ടില്ല. എന്നാലും ഈ ആത്മാവു ജീവിച്ചതു് എനിക്കു വേണ്ടിയാണു്. ഞാൻ പറഞ്ഞതാണു് ഇയ്യാൾ പ്രവൃത്തിച്ചതു്: ഞാൻ വിചാരിച്ചതൊക്കെ ഇവനെക്കൊണ്ടു സാധിച്ചിട്ടുണ്ടു്. ആകയാൽ ഇവനെ എനിക്കു വിട്ടുതരിക." നീതിമാനായ ദൈവം അങ്ങനെ ചെയ്യേണ്ടിവരും. അവസാനിക്കാത്ത നിരാശയോടുകൂടെ, പ്രതികാരബുദ്ധിയോടുകൂടെ പ്രവർത്തിക്കുന്ന പിശാചിന്റെ പിടിയിൽ ഒതുങ്ങുക, എത്രയോ നിർഭാഗ്യകരം! പറുദീസായിൽ കയറി നുണപറഞ്ഞ പിശാച്ച് എല്ലാവരേയും വഞ്ചിച്ചു നശിപ്പിക്കാൻ ബദ്ധപ്പെടുന്നു. തനിക്കു നഷ്ടപ്പെട്ട സ്വർഗ്ഗഭാഗ്യം ആർക്കും ലഭിക്കരുതെന്നു പിശാചിനു നിർബന്ധമുണ്ടു്. അതിനു കൂട്ടുകൂടുന്ന പാപി എത്രയോ വിഡ്ഢിയാണു്! മാമ്മോദീസായുടെ മായാത്ത മുദ്ര പതിഞ്ഞ ആത്മാവു്, സ്ഥൈര്യലേപനത്തിന്റെ മുദ്രലഭിച്ച ആത്മാവു് പടിപടിയായിട്ടു് ഉയരുകയാണു് ദൈവസേവനത്തിനു്. "ഞാൻ പിശാചിനെ ഉപേക്ഷിക്കുന്നു" എന്നു് നാം മാമ്മോദീസായിൽ സത്യം ചെയ്തതാണു്, മൂന്നു പ്രാവശ്യം. അവന്റെ ആഘോഷങ്ങളെ ഉപേക്ഷിക്കുന്നു; അവന്റെ പ്രവൃത്തികളെ ഉപേക്ഷിക്കുന്നു" എന്നും ഏററുപറഞ്ഞു. അതിനെതിരായി അന്ധവിശ്വാസങ്ങൾ പാലിക്കുകയോ, ക്ഷുദ്രപ്രയോഗം നടത്തിയോ, പിശാചിനെ സേവിക്കുക എത്രയോ കഷ്ടം! നമുക്കു ജ്ഞാനസ്നാനവ്രതങ്ങൾ നവീകരിക്കാം. നമ്മുടെ കർത്താവിനോടു വിശ്വസ്തത കാണിക്കാം.

ഒടുവിലായി നരകത്തിൽ ഒരു ശിക്ഷകൂടെയുണ്ടു്: "നിത്യാഗ്നിയിലേയ്ക്കു പോകുക." ഏതു വഴിയെല്ലാം പാപം ചെയ്തുവോ

ആ വഴിയെല്ലാം ശിക്ഷയുമുണ്ടാകും. അതാണു് നിത്യാഗ്നി വ്യക്തമാക്കുന്നതു്. നിന്റെ സുഖലോലുപതയും, ഭോജനപ്രിയം, അലസത—ഇവയ്ക്കുള്ള ശിക്ഷയാണതു്. നാശത്തിലേയ്ക്കുള്ള വഴി വിതീകൂടിയതാണു്; വാതിലും വലുതാണു്; പൊയ്ക്കൊള്ളുക, നശിക്കുവാൻ. ഇന്നത്തെ ലോകത്തിന്റെ പ്രത്യേകതയാണതു്...സുഖലോലുപത! അതു് എത്രയോപേരെ നശിപ്പിച്ചുകഴിഞ്ഞു. ഭോജനപ്രിയം, അലസത, ജഡികാസക്തി—ഇവ നിത്യാഗ്നിയിലേക്കു വഴി തുറക്കുന്നു. ഈശോ അതുകൊണ്ടാണു പറഞ്ഞതു്: ''മകനേ, നിന്റെ കണ്ണു നിന്നെ പാപത്തിനു പ്രേരിപ്പിക്കുന്നെങ്കിൽ, അതിനെ നീ തുരന്നെടുത്തു കളഞ്ഞേക്കു. രണ്ടു കണ്ണോടുകൂടി നരകാഗ്നിക്കിരയാകുന്നതിൽ ഭേദം ഒരു കണ്ണോടുകൂടി സ്വർഗ്ഗത്തിൽ പോകുകയാണു്.'' നിന്റെ ശരീരം നിന്നെ തിന്മയ്ക്കു പ്രേരിപ്പിക്കുന്നെങ്കിൽ അതിനെ മർദ്ദിച്ചു് കീഴ്പ്പെടുത്തുക. എന്തിനു് അതിനെ നരകാഗ്നിക്കിരയാക്കിത്തീർക്കുന്നു? ''സ്വയം ത്യജിച്ചു് സ്വന്തം കുരിശുമെടുത്തുകൊണ്ടു് ഈശോയെ അനുഗമിക്കണം എന്നല്ലേ അവിടുന്നു് ആവശ്യപ്പെട്ടിട്ടുള്ളതു്? നോമ്പും ഉപവാസവും മററും നമുക്കാവശ്യമാണെന്നു ധരിക്കുക. പ്രാർത്ഥനയിലും പ്രവർത്തനങ്ങളിലും അലസത കടന്നുകൂടാതിരിക്കട്ടെ, അശുദ്ധപാപത്തിനു പ്രേരിപ്പിച്ച യുവാവിനോടു വി. മരിയ ഗൊരേററി പറഞ്ഞ വാക്കുകൾ നമുക്കു സദാ അനുസ്മരിക്കാം: ''അലക്സാണ്ടർ, നരകമുണ്ടെന്നു ഓർത്തുകൊള്ളുക, നീ നരകത്തിൽ നശിക്കും''. ചുട്ടുപഴുത്ത ഇരുമ്പുപലകയിൽ കിടന്നു് വെന്തുദഹിച്ചു മരിക്കുന്നതിനിടയിൽ വി. ലൗറന്തിയോസ് പറയുകയാണു്: നിങ്ങൾക്കു് എന്നെ കുറെസമയംകൂടി പീഡിപ്പിക്കാം, എന്നാൽ, ഞാൻ വേഗം സ്വർഗ്ഗഭാഗ്യം പ്രാപിക്കും. ഈ പീഡനം പേടിച്ചു് ഞാൻ ക്രിസ്തുനാഥനെ ഉപേക്ഷിച്ചാലോ, അവസാനിക്കാത്ത നരകാഗ്നിക്കു് ഇരയാകുന്നതാണു്.''

ആകയാൽ ഈ വിധിവാചകം നമുക്കെപ്പോഴും ഓർമ്മിക്കാം: ''ശപിക്കപ്പെട്ടവരേ, നിങ്ങൾ എന്നിൽനിന്നകന്നു്, പിശാചിനും അവന്റെ ദൂതന്മാർക്കുമായി ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേയ്ക്കു പോകുവിൻ.'' എന്തുകൊണ്ടു ശാപം? പാപി ദൈവത്തിന്റെ ശത്രുവായിരിക്കുന്നതുകൊണ്ടു്. എന്തു

കൊണ്ടു് സ്വർഗ്ഗം നഷ്ടപ്പെടുന്നു? പാപി തന്നെ അതു് ഉപേക്ഷിച്ചതുകൊണ്ടു്. എന്തുകൊണ്ടു പിശാചിൻെറ അടിമയാകുന്നു? പാപി ദൈവത്തെ ഉപേക്ഷിച്ചു് പിശാചിനെ സേവിച്ചതുകൊണ്ടു്. എന്തുകൊണ്ടു നരകാഗ്നിയുടെ പീഡനം? പാപകരമായവിധം സുഖലോലുപനായതുകൊണ്ടു്. ഇനി നമ്മോടുതന്നെ ചോദിക്കുക, മൂന്നു് ചോദ്യങ്ങരം— ഒന്നു് ഞാൻ നരകാഗ്നിയിൽ നശിക്കുന്ന ആപത്തിൽ ആയിരുന്നിട്ടുണ്ടോ? എൻെറ ജീവിതത്തിൽ എപ്പോഴെങ്കിലും ഞാനൊരു ചാവുദോഷം ചെയ്തിട്ടുണ്ടെങ്കിൽ, ദൈവം അന്നു് എന്നോടു കണക്കു ചോദിച്ചിരുന്നെങ്കിൽ ഞാൻ ഇന്നു് എവിടെ ആയിരുന്നേനേ? നരകത്തിൽ നശിച്ച ആത്മാക്കളിലൊന്നു് ഞാനാകുമായിരുന്നില്ലേ? കർത്താവു എന്നോടു കരുണ കാണിച്ചു. അവിടുത്തേ കാരുണ്യം അനവരതം നമുക്കു പ്രകീർത്തിക്കാം. രണ്ടു്, എൻെറ ഇപ്പോഴത്തെ സ്ഥിതിയെന്താണു്? ഞാൻ ഇപ്പോരം പ്രസാദവരാവസ്ഥയിലാണോ? അതോ, ദൈവത്തിൻെറ ശാപത്തിലാണോ? ഇപ്പോരം സ്വർഗ്ഗത്തിൻെറ അവകാശം സൂക്ഷിക്കുകയാണോ? അതോ നശിപ്പിച്ചിരിക്കയാണോ? എൻെറ തൽക്കാല സ്ഥിതിയെന്തു്? ദിവ്യരക്ഷകൻ ഇപ്പോരം തിരുസക്രാരിയിൽ നിന്നിറങ്ങിവന്നു് എന്നെ വിധിക്കുകയാണെന്നു വിചാരിക്കുക: എന്തായിരിക്കും എൻെറ സ്ഥിതി? നമുക്കു നല്ലവണ്ണം ചിന്തിച്ചു തീരുമാനിക്കാം. മൂന്നു്, ഞാൻ ഇങ്ങനെ മുന്നോട്ടു പോയാൽ എവിടെ അവസാനിക്കും? ഇതിനുമുമ്പും ഞാൻ ധ്യാനിച്ചിട്ടുണ്ടു്; ഇതിനുമുമ്പും ഞാൻ കുമ്പസാരിച്ചിട്ടുണ്ടു്: ഇതിനുമുമ്പും ഞാൻ പ്രതിജ്ഞയെടുത്തിട്ടുണ്ടു്. എന്നിട്ടു ഞാൻ എത്രമാത്രം നന്നായി? ഇനി ഞാൻ എങ്ങനെ തുടർന്നു ജീവിക്കുവാൻ പോകുന്നു? ഇത്രയുംനാരം ജീവിച്ചതുപോലെയാണെങ്കിൽ ഞാൻ എവിടെ അവസാനിക്കും? വളരെയേറെ തീക്ഷ്ണതയോടുകൂടെ നമുക്കു പ്രാർത്ഥിക്കാം, ക്രൂശിതനായ ഈശോയുടെ കരുണയ്ക്കായി, കുരിശിൻെറ കീഴിൽ നിൽക്കുന്ന പരി. അമ്മയോടും അപേക്ഷിക്കാം, ഈശോയുടെ തിരുമരണത്തിൻെറ ഫലം പ്രാപിച്ചു തരണേ; എന്നെ മാനസാന്തരപ്പെടുത്തണേ എന്നു്. അങ്ങനെ പിശാചിൻെറ പിടിയിൽ നിന്നു രക്ഷപെട്ടു്, എൻെറ ദൈവത്തെ സ്നേഹിച്ചു്, സ്വർഗ്ഗത്തിൻെറ അവകാശം സൂക്ഷിച്ചു്, ലോകത്തിൻേറയും പിശാചിൻേറയും ദുരാശകളുടേയും പിടിയിൽ വീണ്ടും പെടാതെ ജീവിക്കാൻ നമുക്കു് ഇടയാകട്ടെ.

# 11. മന്ദജീവിതം

മിശിഹായിൽ പ്രിയ സഹോദരരേ,

''ശപിക്കപ്പെട്ടവരെ, നിങ്ങഠം എന്നിൽനിന്നും അകന്നു് പിശാചിനും അവൻെറ ദൂതന്മാർക്കുമായി സജ്ജീകരിച്ചിട്ടുള്ള നിത്യാഗ്നിയിലേയ്ക്കു പോകുവിൻ'' എന്നുള്ള വിധിവാചകം മുമ്പിൽവച്ചുകൊണ്ടു് നാം പാപത്തിനുള്ള നിത്യശിക്ഷയെപ്പററി—നരകത്തെപ്പററി—ധ്യാനിച്ചുവല്ലോ. ഈ ശാപവും ഈ ശിക്ഷയും നമ്മുടെമേൽ ഇനിയും വന്നുകൂടിയിട്ടില്ല; കർത്താവിൻെറ കാരുണ്യാതിരേകം തന്നെ! അവിടുന്നു നമ്മെ ശപിക്കുന്നതിനു പകരം നമ്മെ സ്നേഹിക്കുന്നു; അവിടുന്നു നമ്മെ തള്ളിക്കളയുന്നതിനു പകരം തൻെറ പക്കലേയ്ക്കു വിളിച്ചു് അനുഗ്രഹിക്കുന്നു. അവിടുന്നു ഇനിയും പിശാചിനു നമ്മെ ഏല്പിച്ചിട്ടില്ല; നരകാഗ്നി നമ്മെ ഗ്രസിച്ചിട്ടുമില്ല. നമ്മുടെ മാനസാന്തരത്തിനായി അവിടുന്നു കാത്തിരിക്കയാണു്; എന്നാൽ ഈ ശാപത്തിലേക്കും ശിക്ഷയിലേക്കും നമ്മെ എത്തിക്കുന്ന വേറൊരു വാക്യംകൂടെ വേദപുസ്തകത്തിലുണ്ടു്. അതു് വി. യോഹന്നാൻെറ വെളിപാടിലാണു് രേഖപ്പെടുത്തിയിട്ടുള്ളതു്: ''നീ ചൂടോ തണുപ്പോ ഉള്ളവനാകാതെ മന്ദോഷ്ണനായതുകൊണ്ടു് നിന്നെ ഞാൻ എൻെറ വായിൽനിന്നു ബഹിഷ്ക്കരിക്കും'' (3:14) ഇതാണാ ഭീകരവാക്യം. മന്ദജീവിതം മനുഷ്യനെ നിത്യമായ നാശത്തിലേയ്ക്കെത്തിക്കുന്നു. അതു മനസ്സിലാക്കാതെ, ''ദൈവം എന്നെ ശപിച്ചിട്ടില്ല, ദൈവം എന്നെ തള്ളിക്കളഞ്ഞിട്ടില്ല'' എന്നു പറഞ്ഞു് തൃപ്തിപ്പെടുന്നവർ ഓർത്തുകൊള്ളണം, ദൈവം എന്നെ ബഹിഷ്ക്കരിക്കുമോ എന്നു്. ''നിന്നെ ഞാൻ എൻെറ വായിൽനിന്നും ബഹിഷ്ക്കരിക്കും'' ഈ ഭീകരസ്ഥിതി ഞാൻ ശരിയായി മനസ്സിലാക്കുകയില്ല; കാരണം, ഞാൻ മന്ദജീവിതത്തിൽ കുടുങ്ങി കണ്ണുമടച്ചു കഴിയുകയാണു്, എല്ലാം ശരിയെന്നു പറഞ്ഞു്. ആകയാൽ, ഈ വലിയ നാശത്തെപ്പററി നാം പ്രത്യേകം ധ്യാനിക്കണം.

The rich man's disease എന്നു പറയില്ലേ, പ്രമേഹ രോഗത്തെപ്പററി? സമ്പന്നന്റെ രോഗമാണതു്. അയാരം സുഭിക്ഷതയുടെ മദ്ധ്യത്തിൽ സുഖലോലുപനായി ജീവിക്കുന്നു. അയാരം തടിച്ചുകൊഴുത്തൊക്കെ ഇരിപ്പുണ്ടു്. എന്നാൽ അയാരം രോഗിയാണു്, പ്രമേഹരോഗം. അതാരും മനസ്സിലാക്കുന്നില്ല. അയാരംതന്നെ അതെപ്പററി ചിന്തിക്കുന്നില്ല. എങ്കിലും പ്രമേഹരോഗം അയാളെ ബാധിച്ചിട്ടുണ്ടു്. അയാളുടെ കാലോ, കൈയോ ഒന്നു മുറിഞ്ഞാൽ, അതു വളരെ വേഗം വർദ്ധിച്ചു് അയാളുടെ മരണത്തിൽ അവസാനിക്കും. ഇതുപോലെ ആദ്ധ്യാത്മിക ജീവിതത്തിൽ സമ്പന്നരായി കഴിയുന്നവരെ ബാധിക്കുന്ന രോഗമാണു് മന്ദജീവിതം—Tepidity. എല്ലാവരും പറഞ്ഞേക്കും: ക്രൈസ്തവർക്കു് എന്താ കുറവു്; അവർക്കു് എല്ലാ ആദ്ധ്യാത്മികാനുഷ്ഠാനങ്ങളുമുണ്ടു്; ഒന്നിനും കുറവില്ല. തടിച്ചു് കൊഴുത്തു് ആദ്ധ്യാത്മികതയിൽ വളരുകയാണവർ എന്നാൽ എന്റെ യഥാർത്ഥസ്ഥിതി എന്താണു്? കർത്താവു് എന്നെ ഛർദ്ദിച്ചുകളയുന്ന ദുസ്ഥിതിയിലാണോ ഞാൻ? എല്ലാം വ്യക്തമായി കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ആകയാൽ, നമ്മുടെ കർത്താവിന്റെ തൃപ്പാദങ്ങളിൽ സ്ഥലം പിടിച്ചുകൊണ്ടു് ഈ ധ്യാനം നടത്താം. രക്ഷകനായ ഈശോ അങ്ങയുടെ ദിവ്യാത്മാവുവഴി തിരുസ്സഭയെ ഭരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നുവല്ലോ. അന്നു് അങ്ങയുടെ പ്രിയശിഷ്യൻ യോഹന്നാനിലൂടെ ആദ്ധ്യാത്മിക മന്ദതമൂലമുണ്ടാകാവുന്ന വലിയ നാശത്തെപ്പററി അങ്ങേ അനുയായികളെ പഠിപ്പിച്ചു. അതുതന്നെ ഞങ്ങളേയും ഇപ്പോരം അനുസ്മരിപ്പിക്കുന്നു. പരി. ആത്മാവേ, ഞങ്ങളുടെ ബോധത്തെ പ്രകാശിപ്പിക്കണമേ. ഞങ്ങളുടെ യഥാർത്ഥസ്ഥിതി മനസ്സിലാക്കി കുറവുകരം തിരുത്തുവാനുള്ള അനുഗ്രഹം ഞങ്ങരംക്കു നൽകണമേ എന്നു പരി. കന്യകാമറിയത്തിന്റെ മദ്ധ്യസ്ഥം വഴി അങ്ങയോടു ഞങ്ങരം അപേക്ഷിക്കുന്നു.

മന്ദജീവിതം നയിക്കുന്ന വ്യക്തിയുടെ സ്ഥിതി വളരെ ആപൽക്കരമാണു്. എന്തുകൊണ്ടെന്നാൽ അയാരംക്കു്തന്നെ അറിയില്ല അയാരം അകപ്പെട്ടിരിക്കുന്ന ആപത്തിനെപ്പററി. എല്ലാം ശരിയെന്നു് വിചാരിച്ചു് അയാരം കഴിഞ്ഞുകൂടുക

യാണ്. അതേസമയം ഇഞ്ചിഞ്ചായി നശിക്കുന്നു. ആദ്ധ്യാത്മികപിതാക്കന്മാർ പറയുന്നു: മുകളിൽനിന്നു് ഒരു ഇരിമ്പുണ്ട താഴേയ്ക്കു വീണാൽ ഒച്ചയുണ്ടാകും; എല്ലാവരും അറിയും; എന്താണു് വീണതെന്നു നോക്കും; അതെടുത്തു് പൂർവ്വസ്ഥാനത്തു് പ്രതിഷ്ഠിക്കും. എന്നാൽ, ആ ഉണ്ട ഇഞ്ചിഞ്ചായിട്ടു് ഉരുണ്ടു് ഒരു കുഴിയിലേയ്ക്കു ചെന്നെത്തിയാൽ ആരുംതന്നെ അതറിയുകയില്ല. ആരുടേയും ശ്രദ്ധയ്ക്കു വിഷയമാകാതെ ആ ഉണ്ട കുഴിയിൽ ആണ്ടുപോകുന്നു. ഇനി അതിനു സ്വയം മുകളിലേക്കു കയറുവാൻ സാദ്ധ്യമല്ല. ഇതാണു മന്ദജീവിതം നയിക്കുന്നവന്റേയും ഗതി. ആണ്ടു കുമ്പസാരം കഴിക്കാതെ, പള്ളിയിലും മററും പോകാതെ നടക്കുന്ന മനുഷ്യരുടെ കുററങ്ങൾ എല്ലാവരും അറിയും. എന്നാൽ, പള്ളിയിൽതന്നെ എന്നവിധം താമസിക്കുന്നവരെപ്പററി വല്ലവരും വല്ലതും പറയുമോ? ഇല്ല. എല്ലാം സുകൃതമയമായി ആളുകൾ കാണുന്നു. പക്ഷേ ഈ ഭക്താത്മാക്കൾ ഇഞ്ചിഞ്ചായി അധഃപതിക്കുകയാണു്, അഗാധഗർത്തത്തിലേയ്ക്കു്. ഒടുവിൽ ആ അധോഗതി പൂർത്തിയാകും. അതോടെ അവർ നാശകൂപത്തിൽ ആണ്ടുപോകുകയും ചെയ്യും.

ആദ്ധ്യാത്മിക തലത്തിലുണ്ടാകുന്ന ഈ പരാജയത്തിനു രണ്ടു കാരണമുണ്ടു്: ഒന്നു് മന്ദജീവിതം നയിക്കുന്ന വ്യക്തി പല ഭക്തകൃത്യങ്ങളും ചെയ്യുന്നുണ്ടെങ്കിലും അവയിൽനിന്നു കാര്യമായ ഫലമൊന്നും ഉണ്ടാകുന്നില്ല. കാരണം അവയൊക്കെ വൃഥാ യാന്ത്രികമായി നിർവ്വഹിക്കുന്നു; ശ്രദ്ധയും ഭക്തിയുമില്ലാത്ത അനുഷ്ഠാനങ്ങൾ! ക്രൈസ്തവജീവിതത്തിന്റെ വഴിപിഴയ്ക്കലാണിതു്.

ഇനി രണ്ടാമത്തെ കാരണം— അതായതു് ഇയാളിൽ രോഗം പ്രബലപ്പെടുന്നു. രോഗാണുക്കൾ ശരീരത്തിൽ പ്രബലപ്പെടുന്നതു് എപ്പോഴാണു്? ആരോഗ്യം കുറയുമ്പോൾ. അപ്പോൾ, അയാളിൽ കടന്നുകൂടിയിട്ടുള്ള രോഗാണുക്കൾ തല പൊക്കുകയായി. ദുശ്ശീലങ്ങൾ വളരുന്നുവെന്നർത്ഥം. ആദ്ധ്യാത്മിക ശക്തിയുണ്ടായിരുന്നപ്പോൾ പ്രലോഭനങ്ങളെ അയാൾ നിഷ്പ്രയാസം ജയിച്ചിരുന്നു. ഇപ്പോഴാകട്ടെ, പ്രലോഭനങ്ങളെ അയാൾ സ്വാഗതം ചെയ്യുന്നു! മുമ്പത്തെ നിഷ്കർഷയെ

ല്ലാം പോയി; ഇഷ്ടമുള്ളതൊക്കെ കാണുന്നു: ഇഷ്ടമുള്ളതെല്ലാം കേൾക്കുന്നു: പറയുന്നു; ചിന്തിക്കുന്നു; മററുള്ളവരോടു സഹിഷ്ണുതയില്ലാതെ പ്രവർത്തിക്കുന്നു. കളവും തട്ടിപ്പും സൂത്രവും കൂടെ അക്കൂട്ടത്തിൽ കാണിക്കുന്നു. ഇങ്ങനെ, ആത്മികശക്തി ക്ഷയിച്ച ആ വ്യക്തിയിൽ ദുരാശകൾ വളർന്നു വശാകുന്നു. എന്നാൽ ഇതേപ്പററി യാതൊരു ചിന്തയുമില്ലാതെ അന്ധനായി കഴിയുന്നു. ആകയാൽ, ഈ ദുസ്ഥിതിയെപ്പററി കൂടുതൽ ദീർഘമായി ചിന്തിക്കാം.

മന്ദജീവിതം ആരംഭിക്കുന്നതും വളരുന്നതും നാശത്തിൽ കലാശിക്കുന്നതും ഏഴു ഘട്ടങ്ങളിലൂടെയാണെന്നു് ആദ്ധ്യാത്മിക പിതാക്കന്മാർ പഠിപ്പിച്ചിട്ടുണ്ടു്. ഒന്നാമത്തെ ഘട്ടം, പാപബദ്ധമായ സ്ഥിതി. കുരിശിൻെറ വി. യോഹന്നാൻ പറയുന്നു: ഒരു പക്ഷിയെ കെട്ടാൻ ഒരു നൂലുമതി, തടിച്ച വടമൊന്നും ആവശ്യമില്ല. ഇതുപോലെ നമ്മെ ബന്ധിക്കുവാൻ അല്പമായ ഒരു തെററു മതി. ആ തെററു് എന്തുമാകട്ടെ, അതെപ്പോഴും ഉണ്ടാകും. എല്ലാ കുമ്പസാരങ്ങളിലും ആ കുററം കാണും; അതു മാറാതെ തുടരുന്നു. അര ഡിഗ്രി പനിപോലാണതു്. ചിലർക്കു് എല്ലാ ദിവസവും അര ഡിഗ്രി പനിയുണ്ടായിരിക്കും, ആരോഗ്യക്ഷയത്തിൻെറ ഫലം. ഇതുപോലെ ആത്മീയാധഃപതനത്തിൻെറ ഫലമായി ഒരു തെററു് തുടർച്ചയായുണ്ടാകുന്നു. ഇതു അലസതയാകാം. അല്പമായ അസൂയയാകാം. പ്രാർത്ഥനയിലേ അശ്രദ്ധയാകാം. കളവുപറയലാകാം—ഇങ്ങനെ ഏതൊരു അല്പകുററവുമാകാം. അയാൾ അതിൽ കുടുങ്ങുന്നു; അയാളെ പിശാചു് ആ ദുശ്ശീലത്തിൽ കെട്ടിയിടുകയാണു്. ഇതു് ഒടുവിൽ അയാളെ നാശത്തിലെയ്ക്കു് എത്തിക്കും; നിശ്ചയം. ഒരു ബ്രഹ്മാണ്ഡമായ കപ്പൽ; അതിൻെറ അടിത്തട്ടിൽ ചെറിയൊരു ദ്വാരം. അതിലൂടെ അല്പാല്പമായി വെള്ളം കയറിക്കൊണ്ടിരിക്കുന്നു. ഒടുവിൽ ആ കപ്പൽ വെള്ളം നിറഞ്ഞു മുങ്ങിത്താഴുക തന്നെ ചെയ്യും. അല്പകുററം മൂലമുണ്ടാകുന്ന മഹാവിപത്തു്! ആകയാൽ നമുക്കു പരിശോധിക്കാം; എൻെറ ജീവിതത്തിൽ മാറാതെ കാണുന്ന ഏതെങ്കിലും വീഴ്ചയുണ്ടോ? എൻെറ കുമ്പസാരത്തിലെ പ്രതിജ്ഞകൾ എങ്ങനെ പാലിക്കുന്നു? എന്തുകൊണ്ടു് അവ പൂർണ്ണമായി പരിഹരിക്കപ്പെടുന്നില്ല? ഏതെങ്കിലും കുററത്തിനു് അടിമയായിരിക്കയാണോ ഞാൻ? എൻെറ

പ്രാർത്ഥനകളിൽ ഇക്കാര്യം പ്രത്യേകം അനുസ്മരിക്കാറുണ്ടോ? നമുക്ക ദൃഢമായ ഒരു നിശ്ചയം ചെയ്യാം, ഇതിനെ ആശ്രയിച്ചാണ നമ്മുടെ നിത്യരക്ഷ സ്ഥിതിചെയ്യുന്നതെന്നു് ധരിച്ചാലും. നമുക്ക പ്രാർത്ഥിക്കാം: കർത്താവേ, ഈ പ്രത്യേക ദുശ്ശീലത്തിൽനിന്നു് എന്നെ രക്ഷിക്കണമേ. ഈ ധ്യാനംവഴി എന്നിൽ അടിസ്ഥാനപരമായ ഒരു പരിവർത്തനം സാധിക്കണമേ.

മന്ദജീവിതത്തിൻെറ രണ്ടാമത്തെ ഘട്ടം ഇതിലും ആപൽക്കരമാണു്. അതാണു് അന്ധത. ഇതു് മന്ദതയുടെ വ്യക്തമായ ഒരു ലക്ഷണമാകുന്നു. എൻെറ സ്ഥിതി എന്താണെന്നു് എനിക്കറിയാൻ പാടില്ല. ഇതേപ്പററി വി. യോഹന്നാൻെറ വെളിപാടിൽ ഇപ്രകാരം പറയുന്നു: ''ഞാൻ സമ്പന്നനാകുന്നു: എനിക്കു് ഒന്നിനും മുട്ടുപാടില്ല എന്നു നീ പറയുന്നു. എന്നാൽ നീ ദരിദ്രനും കഷ്ടത നിറഞ്ഞവനും കുരുടനും നഗ്നനുമാകുന്നുവെന്നു നീ അറിയുന്നില്ല'' (3:17). ഈ സ്ഥിതിയിലേയ്ക്കു് എങ്ങനെ എത്തുന്നു? തെററുകഠം ആവർത്തിച്ചുണ്ടാകുന്നതോടുകൂടി ആദ്ധ്യാത്മിക വീക്ഷണം മന്ദീഭവിക്കുന്നു. സ്വയം പഠിക്കുവാനും പരിശോധിക്കാനും കഴിയാതെ വരുന്നു. ഉദാഹരണമായി പ്രതിദിന ധ്യാനം, അതു് ഒരു ദർപ്പണംപോലെ നമുക്ക പ്രയോജനപ്പെടേണ്ടതാണു്. നമ്മുടെ ജീവിതത്തിൻെറ ശരിയായ രൂപം ധ്യാനം വഴി വ്യക്തമാകണം. അപ്പോഠം മറന്നുകിടക്കുന്ന വൈകല്യങ്ങഠം നന്നായി കാണാറാകും. അല്ലെങ്കിൽ, നാം കുറേ ഭംഗിയുള്ള ചിന്തകളും കുറേ സുകൃതജപങ്ങളുംകൊണ്ടു തൃപ്തിപ്പെടും. ജീവിതനവീകരണം സാധിക്കത്തക്കവിധം നമ്മുടെ ആത്മീയസ്ഥിതിയൊന്നും കണ്ടുപിടിക്കുന്നില്ല; പ്രതിജ്ഞകളൊന്നും എടുക്കുന്നുമില്ല. ഇതുപോലെതന്നെ ആത്മശോധനയും നിഷ്ഫലമാകാം. ദൈവം വിളിക്കുന്നു, എൻെറ ജീവിതത്തിൻെറ കണക്കുകഠം കേഠപ്പിക്കുവാൻ എന്ന ബോധമില്ലാതെ, ഒരു പതിവെന്നവിധം ആത്മശോധന നടത്തിയാൽ എത്രകണ്ടു ഫലപ്രദമാകും? എൻെറ വിധിയാളൻെറ മുമ്പിലാണു ഞാൻ; ഈ പരിശോധനയുടെ സമയത്തുതന്നെ പലരും വിധിക്കപ്പെടുന്നുണ്ടു്; ഒരിക്കൽ ഞാനും ആ വിധിക്കു വിധേയനാകുകതന്നെ ചെയ്യും. ആകയാൽ, എൻെറ മരണത്തിനു് ഒരുക്കമായി ഞാനീ പരിശോധന നടത്തണം എന്ന ബോധമുണ്ടായിരിക്കണം. ദൈവം എനിക്കു തന്നിരിക്കുന്ന

അനുഗ്രഹങ്ങളെപ്പററിയും ഞാൻ ചിന്തിക്കണം. അഞ്ചു നാണയം കിട്ടിയവൻ അതു പത്താക്കണം എന്ന തത്വമനുസരിച്ചു നോക്കുമ്പോഠം ഞാൻ അലസനും നിരുത്തരവാദിയുമായി പരിഗണിക്കപ്പെട്ടമോ എന്ന നീതിബോധവും ഞാൻ പാലിക്കണം. വി. ആഗസ്തീനോസ് പ്രാർത്ഥിച്ചു: ''ദൈവമേ, ഞാൻ എന്നെത്തന്നെ അറിയട്ടെ; എന്നെ ദ്വേഷിക്കയും ചെയ്യട്ടെ.'' ഇതുപോലെ ഞാനും പരി. ആത്മാവിൻെറ സഹായം പ്രാർത്ഥിക്കണം, ആത്മശോധനയുടെ വിജയത്തിനായി. ഇനി, പരിശോധന എങ്ങനെയാണു നടത്തുന്നതു്? ഓരോ ദിനകൃത്യവും ചെയ്തോയെന്നു മാത്രം ചിന്തിച്ചാൽ പോരാ; പിന്നെയോ എങ്ങനെ ചെയ്യേണ്ടതായിരുന്നു, എങ്ങനെ ചെയ്തു എന്നു കണ്ടുപിടിക്കണം. എങ്കിലേ എൻെറ യഥാർത്ഥസ്ഥിതി മനസ്സിലാകുകയുള്ളു. അല്ലെങ്കിൽ ഞാൻ അന്ധതയിൽ വർത്തിക്കും.

ഈ അന്ധത വളരുകയാണോ, എൻെറ കുമ്പസാരത്തിൽ. അതിനു് ഒരുക്കമായി ശ്രദ്ധാപൂർവ്വം ജീവിതപരിശോധന നടത്തണമല്ലോ. അല്ലാതെ ഒരു പതിവെന്നവിധം വല്ലതും പറഞ്ഞു് ഒരു ഒഴുക്കൻ കുമ്പസാരം നടത്തിയാൽ പോരാ. കുമ്പസാരക്കാരനു് എൻെറ സ്ഥിതി മനസ്സിലാക്കി വേണ്ട നിർദ്ദേശം നല്കുവാൻ കഴിയണം. ഞാൻ ആരെന്നു പഠിക്കാനുള്ള വഴിയാണു് എൻെറ മാസധ്യാനം, അതു monthly sleep ആയി തീരുകയാണോ? മാസ ധ്യാനത്തിൽ രണ്ടു കാര്യങ്ങളാണു് ചെയ്യാനുള്ളതെന്നു നാം പഠിച്ചിട്ടുണ്ടു്: നമ്മുടെ ജീവിതം കൃത്യമായി പരിശോധിച്ചു് ആത്മസ്ഥിതി മനസ്സിലാക്കുക. അങ്ങനെ മരണത്തിനൊരുങ്ങുക. ഇവ രണ്ടും ചെയ്യണം. ഇതിനു പകരം എനിക്കു് ശാന്തമായിട്ടു്, ശല്യമൊന്നും കൂടാതെ കുത്തിയിരുന്നു ഉറങ്ങാനുള്ള ഒരവസരമായിട്ടു് മാസധ്യാനം കടത്തിവിട്ടാൽ എന്തു പ്രയോജനം? മാസധ്യാനം ഉത്തരവാദബോധത്തോടെ നടത്തണം. കഴിഞ്ഞ വാർഷികധ്യാനത്തിലെ പ്രതിജ്ഞകഠം എങ്ങനെ പാലിച്ചു? കഴിഞ്ഞ മാസധ്യാനത്തിലെടുത്ത നിശ്ചയങ്ങഠം അനുവർത്തിച്ചോ? എന്നിങ്ങനെ ആരംഭിച്ചു് എല്ലാ ഭക്തകൃത്യങ്ങളും ജീവിതകടമകളും ഓരോന്നായെടുത്തു പരിശോധിക്കണം. വിവിധ സുകൃതങ്ങഠം സമ്പാദിക്കുന്നതിൽ കഴിഞ്ഞ

മാസത്തെക്കാൾ എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്നും മനസ്സിലാക്കണം, ഇങ്ങനെയൊക്കെ ചെയ്യാതെ എല്ലാം തരക്കേടില്ല എന്ന മട്ടിൽ പോയാൽ മന്ദതയിൽ അധഃപതിക്കതന്നെ ചെയ്യും. മരണത്തിന്ന് ഒരുങ്ങുന്നതു് ജീവിതനവീകരണത്തിനു വളരെ സഹായകമാണ്. എന്നാൽ ഒരിക്കൽ ഒരാൾ പറഞ്ഞതു ഞാൻ ഓർക്കുന്നു: ''ഞാൻ കഴിഞ്ഞ മാസത്തിൽ നല്ലവണ്ണം പരിശോധിച്ചു മരണത്തിനൊരുങ്ങി; എന്നിട്ടു മരിച്ചില്ല. അതുകൊണ്ടു് ഇത്തവണ ഒന്നും ചെയ്തില്ല.'' ആ കൂട്ടത്തിൽ നമ്മൾ ആകരുതു്. നാം എപ്പോഴും മരണത്തിന്ന് ഒരുങ്ങിയിരിക്കണമല്ലോ. അതിനാണ് ദൈവം മാസധ്യാനത്തിന്റെ അവസരം നമുക്കു തരുന്നതു്. നമ്മൾ അതു് ഉപയോഗപ്പെടുത്തണ്ടേ? ഇങ്ങനെ അന്ധതയിൽ ആകാതിരിക്കുട. എല്ലാ മാസവും ശരിയായി മാസധ്യാനം നടത്തുന്നെങ്കിൽ നമ്മുടെ സ്ഥിതി ശരിയായി മനസ്സിലാക്കുവാനും നമ്മുടെ ആദ്ധ്യാത്മികപിതാവിനോടു പറഞ്ഞു് വേണ്ട നിർദ്ദേശങ്ങൾ സ്വീകരിക്കുവാനും കഴിയുന്നതാണ്. പ്രതിമാസം ജീവിതം പുതുതായി ആരംഭിക്കണം. വി. അമ്മത്രേസ്യ പറയുന്നതുപോലെ ''Life is a series of beginnings''. അപ്പോൾ മന്ദത കടന്നുകൂടുകയില്ല. ഇനി, എന്റെ വാർഷികധ്യാനം—അതും ഒരു ചടങ്ങായിത്തീരുകയാണോ? ശരിയായി എന്റെ ജീവിതഗതി മനസ്സിലാക്കുവാൻ ശ്രമിക്കുന്നുണ്ടോ? ഞാൻ കുറേ നീണ്ട പ്രസംഗങ്ങൾ കേട്ടു. അവയുടെ ചുരുക്കം മുഴുവൻ എഴുതി സൂക്ഷിച്ചു, എന്റെ പ്രസംഗങ്ങളിൽ അഥവാ മതപഠനക്ലാസ്സുകളിൽ പറയുവാൻ വേണ്ടി. അങ്ങനെ വാർഷികധ്യാനവും കടന്നുപോയി. ഇങ്ങനെ പ്രതിദിനധ്യാനം, ആത്മശോധന, കുമ്പസാരം, മാസധ്യാനം, വാർഷികധ്യാനം—ഇവയെല്ലാം നിഷ്പ്രയോജനമായിത്തീർന്നാൽ നാം ഇരുട്ടത്താകുന്നതിനെപ്പററി എന്താണ് അത്ഭുതപ്പെടാനുള്ളതു്? ആകയാൽ നമ്മോടു തന്നെ ചോദിക്കുക: എന്റെ യഥാർത്ഥസ്ഥിതിയെന്താണെന്നു് എനിക്കറിയാമോ? എല്ലാ കാര്യങ്ങളും എന്റെ കുമ്പസാരക്കാരനോടു പറഞ്ഞു് വേണ്ട നിർദ്ദേശങ്ങൾ സ്വീകരിക്കുന്നുണ്ടോ? നമുക്കു പ്രാർത്ഥിക്കാം: കർത്താവേ, എന്റെ കണ്ണുകൾ തുറക്കണേ. ഞാൻ എന്നെത്തന്നെ ശരിയായി കാണട്ടെ. എന്റെ യഥാർത്ഥസ്ഥിതി മനസ്സിലാക്കുവാൻ എനിക്കീ അവസരം പ്രയോജനപ്പെടട്ടെ.

മന്ദജീവിതത്തിൻെറ മൂന്നാമത്തെ ഘട്ടം ശാഠ്യം പിടിക്കലാണ്; സ്വന്തം ഇഷ്ടം മാത്രം ചെയ്യുന്ന നിർബന്ധബുദ്ധി. കൂടുതൽ വിവരിക്കാം. അന്ധതയിൽ വളരുന്ന വ്യക്തിയുടെ വൈകല്യങ്ങൾ എല്ലാവരും കാണാൻ തുടങ്ങും. അയാളതു കാണുന്നില്ലെങ്കിലും കൂടെ താമസിക്കുന്നവർ എല്ലാം മനസ്സിലാക്കും; അധികാരികളുടെ ശ്രദ്ധയിലും പെടും. അവരു പറയും: ''സഹോദരാ, ഭക്തകൃത്യങ്ങൾ മുടക്കരുത്; പ്രാർത്ഥന അലസമായി നടത്തരുത്: ജോലിയിൽ കൂടുതൽ ശ്രദ്ധിക്കണം.'' എന്നാൽ അയാൾക്ക് അതൊന്നും ഇഷ്ടമല്ല. മാത്രമല്ല, അവരെയെല്ലാം എതിർക്കും: ''എൻെറ കാര്യം ഞാൻ നോക്കിക്കൊള്ളാം. ഈ പറയുന്നവർക്കൊക്കും ഒരു കുറവുമില്ലേ? എൻെറ മേൽ കുതിര കയറുവാൻ ആരും വരേണ്ടാ. എന്നാൽ, എന്തിനു് ഈ എതിർപ്പ്? ഉള്ള തെററു മനസ്സിലാക്കി തിരുത്തുകയല്ലേ വേണ്ടതു്? പക്ഷേ മന്ദജീവിതം മൂലം അയാളുടെ ആത്മീയചൈതന്യം ക്ഷയിച്ചുപോയി; എളിമയും പരമാർത്ഥതയുമില്ല: നന്നാകാനുള്ള മനസ്സുമില്ല: ''എന്നെക്കൊണ്ടു് ഇത്രയേ പററൂ. നിങ്ങൾക്കു കഴിയുമെങ്കിൽ എല്ലാം ചെയ്തോളൂ'' എന്നു ശഠിച്ചുകൊണ്ടു് തെററിൽത്തന്നെ അയാൾ തുടരും.

ഇതു് നന്നാകാനുള്ള വഴിയല്ല. നന്നാകാനാണെങ്കിൽ അധികാരികളുടെ നിർദ്ദേശങ്ങളും മററുള്ളവരുടെ മാതൃകകളും പ്രേരണകളും പ്രയോജനപ്പെടുത്തണം. കുററവും കുറവുമില്ലാത്തവരായി ആരുമില്ല. പക്ഷേ, അവ തിരുത്താനുള്ള സന്നദ്ധത വേണം. അല്ലാതെ തെററു പറഞ്ഞുകൊടുത്തതാണു് വലിയ തെററു്, തെററു ചെയ്തതല്ല'' എന്ന മട്ടായാലോ? ശഠനു ശാഠ്യം എന്നു ചൊല്ലുണ്ടല്ലോ, രോഗം മൂർച്ഛിക്കുമ്പോൾ മരുന്നു കഴിക്കാതെ ശാഠ്യം പിടിക്കുന്ന രോഗിയുടെ സ്ഥിതിയാണിതു്. സുഖക്കേടു മാറണമെന്നു് ആഗ്രഹമുള്ളവർ ഏതു മരുന്നും കഴിക്കുമല്ലോ. അവർ ഡോക്ടരുടെ നിർദ്ദേശങ്ങൾ കൃത്യമായി അനുവർത്തിക്കാതിരിക്കുമോ? എങ്കിൽ ആത്മീയതലത്തിൽ എത്രയോ അധികം സഹകരണം കാണിക്കേണ്ടതാണു്, വിശുദ്ധരുടെ മാതൃക കണ്ടാലും. വി. അലോഷ്യസ് ഗൊൺസാഗ പറയുന്നു: ''ഞാനൊരു വളഞ്ഞ ഇരുമ്പുകഷണമാണു്. അതിൻെറ വക്രത പരിഹരിക്കുവാൻ ഞാൻ സന്യാസം വരിച്ചു.'' കടുത്ത പ്രായശ്ചിത്തവും തപസ്സും ചെയ്തു്

മാലാഖയെപ്പോലെ ജീവിച്ചിരുന്ന ഒരു പുണ്യവാനായിട്ടാണ് അദ്ദേഹം സന്യാസസഭയിലേയ്ക്കു വന്നതെന്നു നമുക്കറിയാം. എന്നിട്ടും കുററങ്ങൾ പരിഹരിക്കുവാൻ അദ്ദേഹം ബദ്ധപ്പെട്ടുന്നു! ഇതുപോലെതന്നെ വി. ബക്കുമൻസും. അദ്ദേഹം സഹപാഠികളുടെ നടുവിൽ മുട്ടുകുത്തിനിന്നു്, ''എന്റെ തെററുകൾ പറഞ്ഞുതരണമേ'' എന്നു് അപേക്ഷിച്ചിരുന്നു. ഇങ്ങനെയെങ്കിൽ നമ്മൾ, കുററങ്ങൾ ചൂണ്ടിക്കാണിച്ചുതരുന്നതു് അനുഗ്രഹമായി കരുതേണ്ടതല്ലയോ? ''തെററു പററുക മാനുഷികം; എന്നാൽ, തെററിൽ നിലനില്ക്കുക പൈശാചികം'' എന്നു വി. ആഗസ്തീനോസ് പറയുന്നു. മന്ദതയിൽ കുടുങ്ങിയിരിക്കുന്നവൻ നിരങ്കുശനായി വ്യാപരിച്ചുകൊണ്ടു് പിശാചിന്റെ പിടിയിൽ അമരുകയാണു്, അതാണു് മന്ദജീവിതത്തിന്റെ ഏററം വലിയ വിപത്തും. ആകയാൽ, നമുക്കു് എളിമയോടും ആത്മാർത്ഥതയോടും കൂടി സ്വയം ചോദിക്കാം: ഞാനെങ്ങനെ തിരുത്തലുകൾ സ്വീകരിക്കുന്നു? മററുള്ളവർ തരുന്ന നിർദ്ദേശങ്ങൾക്കു വഴങ്ങുന്നുണ്ടോ? തെററുകൾ സമ്മതിച്ചു് തിരുത്തുവാൻ ശ്രമിക്കുന്നുണ്ടോ? നന്നാകാനുള്ള നല്ല മനസ്സുണ്ടോ? കർത്താവു് എപ്പോഴും ക്ഷമിക്കും. എന്നാൽ എളിമയോടും മനസ്താപത്തോടുംകൂടി കുററം ഏററു പറയണം. ''കർത്താവേ, പാപിയായ എന്നോടു കരുണ കാണിക്കണമേ'' എന്നു നമുക്കു പ്രാർത്ഥിക്കാം.

മന്ദജീവിതത്തിന്റെ നാലാം ഘട്ടം അലസത നിറഞ്ഞതാണു്. അയാൾക്കു് എല്ലാം വിഷമകരമെന്നാണു ഭാവം. കാരണം ആത്മീയചൈതന്യം നഷ്ടപ്പെട്ടുപോയി. സുകൃതസമ്പാദനത്തിനു താല്പര്യമില്ല; സ്വർഗ്ഗീയചിന്തകളൊന്നും പുലരുന്നുമില്ല. അനുദിനകടമകൾ നിർവ്വഹിക്കാനുള്ള ത്യാഗസന്നദ്ധത ഒട്ടുമില്ല. എത്രയോ വലിയ ഉത്സാഹത്തോടെയാണു് പുതിയ ജീവിതമാരംഭിച്ചതു്. എത്രയോ താൽപര്യത്തോടെയാണു് ഓരോ കടമയും നിർവ്വഹിക്കുവാൻ തുടങ്ങിയതു്. എന്നാൽ ഇപ്പോഴോ? എല്ലാം ഭാരമായി; വിഷമമായി. രാവിലെ ഉണരുക വിഷമം. വല്ലവരും വിളിച്ചാൽ പ്രതിഷേധം. എന്തിനു് എല്ലാ ദിവസവും ഈ കുർബാനയും പ്രാർത്ഥനയുമൊക്കെ എന്നാണു് അയാളുടെ ആവലാതി. വി. ബലിക്കു നീളം കൂടുതൽ; നിന്നു മടുത്തു. പഠനം വളരെ ദുർവഹം; ആവശ്യമില്ലാത്ത വിഷയങ്ങൾ; അതോടുകൂടി വേണ്ടാത്ത ജോലി

കളും; ഇതൊന്നും മനസ്സിലാകാത്ത ഭ്രാന്തന്മാരാണ മററുള്ളവർ പോലും! അവരുടെ ഉത്സാഹപൂർവ്വമായ ജീവിതം അയാാംക്ക തികച്ചും അസഹ്യം. ഒരു കാര്യത്തിനും താൽപര്യമില്ല; പലതും അവഗണിക്കും; ഒന്നിനും നേരത്തു വരുകയില്ല; ചെയ്യുന്ന വയാണെങ്കിൽ അലക്ഷ്യമായിട്ടും. ഈ നിരുത്തരവാദിത്വവും നിർജ്ജീവസ്ഥിതിയും മന്ദതയുടെവ്യക്തമായ അടയാളമാണ്. അയാാംക്ക് ഒന്നും അനുഗ്രഹപ്രദമാ കയില്ലെന്നു മാത്രമല്ല എല്ലാം വിനാശകരമാകുകയും ചെയ്യും. ''പന്നികളുടെ മുമ്പിലിട്ട രത്നങ്ങൾ'' പോലെ എല്ലാ ദിവ്യകാര്യങ്ങളേയും അവഹേളിക്കുകയും വെറുക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ ക്രൈസ്തവജീവിതം കൂടുതൽ ഹൃദ്യവും ആനന്ദകരവുമായി പുരോഗമിക്കേണ്ടതാണ്. അതിനുപകരം ഇങ്ങനെ അധഃപതിക്കയോ? നമ്മോടു തന്നെ ചോദിക്കുക: എന്റെ അനുഭവമെന്താണ്? ആത്മികമായ ഒരാനന്ദവും ഉത്സാഹവും എന്നിൽ വളർന്നുവരുന്നുണ്ടോ? എല്ലാ കൃത്യങ്ങളും സസന്തോഷം നിർവ്വഹിക്കുന്നുണ്ടോ? അതിത്തിവയ്ക്കാതെ എല്ലാം തീക്ഷ്ണതയോടെയാണോ ചെയ്യുന്നതു്? മററു സഹോദരന്മാരോടും അധികാരികളോടും സ്നേഹവും പരാമാർത്ഥതയും പാലിക്കുന്നുണ്ടോ? എന്നും ലഭിച്ചുകൊണ്ടിരിക്കുന്ന നന്മകാംക്ക ദൈവത്തിനു നന്ദി പറയുന്നുണ്ടോ? ഈ വാർഷികധ്യാനം തന്നെ എങ്ങനെ അനുഭവപ്പെടുന്നു. ദൈവമേ, ആർക്കും അവകാശമില്ലാത്ത അനുഗ്രഹങ്ങളാണ് അങ്ങ് എന്നും ഞങ്ങാംക്ക് തന്നുകൊണ്ടിരിക്കുന്നതു്. അവ ഫലപ്രദമാകാതെ പോകുന്നതു് എത്രയോ നിർഭാഗ്യകരമാണ്. എല്ലാം ക്ഷമിക്കണമേ. അങ്ങയുടെ കരുണയിൽ ഞാൻ ആശ്രയിക്കുന്നു.

മന്ദജീവിതത്തിലെ അഞ്ചാമത്തെ ഘട്ടം നിരാശയാണ്. അന്ധതയുടെ ഫലമായി തെററുകാം അവഗണിക്കുന്നു: സാരമില്ലെന്നു പറഞ്ഞു പാപം ചെയ്യുന്നു.മനസ്സാക്ഷിയോടു ബലം പ്രയോഗിച്ചു് കാപട്യവും വഞ്ചനയും കാണിക്കുന്നു. ദൈവത്തെ ഭയപ്പെടുന്നില്ല. അന്യന്റെ പണം അപഹരിക്കാൻ മടിയില്ല. അവരെപ്പററി ഇല്ലാത്ത കുററങ്ങാം പറഞ്ഞു പരത്തുകയും വിദ്വേഷം പാലിക്കയും ചെയ്യുന്നു. അശുദ്ധപാപങ്ങാംക്കും വേഗം അധീനനാകുന്നു. കുമ്പസാരം നീട്ടിവയ്ക്കുകയും അയോഗ്യമായി നടത്തുകയും ചെയ്യുന്നു. ഇങ്ങനെ തിന്മയിൽ തഴമ്പിച്ച വ്യക്തി പിശാചിന്റെപിടിയിൽ അമർന്നു കഴിഞ്ഞു. അതോടെ സാത്താൻ അയാളെ നിരാശയിൽ കുടുക്കി

നശിപ്പിക്കുകയായി. യൂദാസിൻെറ നിരാശതന്നെ. അയാൾ സ്വയം ചോദിക്കുന്നു: ''ഞാനെന്തിനു ജീവിക്കുന്നു? എൻെറ കുമ്പസാരമൊക്കെ വാസ്തവമാണോ? ഞാനിപ്പോൾ പ്രസാദ വരസ്ഥിതിയിലാണോ? ഇനി ഞാൻ എങ്ങനെ നന്നാകും? എല്ലാം കഴിഞ്ഞു. ദൈവത്തിൻെറ ശാപവും ശിക്ഷയും എൻെറ മേൽ വന്നുകൂടുവാൻ പോകുന്നു'' എത്രയോ നിർഭാഗ്യകരമായ പരിണാമം! ദൈവദാനങ്ങൾ ദുരുപയോഗിച്ചതിൻെറ നാശ ഫലം!

ഇത്രയുമാകുമ്പോൾ മന്ദജീവിതം ആറാമത്തെ ഘട്ടത്തി ലേക്കു കടക്കും. അതാണു പരിത്യക്താവസ്ഥ. ഇത്രയേറെ ദിവ്യാനുഗ്രഹങ്ങൾ നിഷ്ഫലമാക്കിയ ഈ ദുർഭഗനെ ദൈവം ഉപേക്ഷിക്കും. ഇനി അയാൾക്കു പ്രത്യേകാനുഗ്രഹമൊന്നും നല്കുകയില്ല. കുഴിയിൽ പതിച്ച ഇരുമ്പുണ്ട അതിൽനിന്നു താനെ കരകയറുകയില്ലല്ലോ. അതുപോലെ ഈ വ്യക്തിയും ഈ വലിയ വിപത്തിൽനിന്നു രക്ഷ നേടുന്നതല്ല. അന്നു യൂദാസിനെ ഊട്ടുശാലയിൽനിന്നു പുറത്തേ അന്ധകാരത്തി ലേക്കു പറഞ്ഞുവിട്ടതുപോലെ ഇയാളും പരിത്യക്തനാകും.

അവസാനത്തെയും ഏഴാമത്തെയും ഘട്ടമാണ് ഇനി വരുന്നതു്; അതായതു് ശാപവും ശിക്ഷയും. ''ശപിക്കപ്പെട്ട വനേ, എന്നിൽനിന്നകന്നുപോകുക.'' അങ്ങനെ വെളിപാടിൽ പറഞ്ഞിട്ടുള്ളതുപോലെ, ''അവനെ ബഹിഷ്ക്കരിക്കുന്നു''. സാരമില്ലെന്നു പറഞ്ഞു് അവഗണിച്ച തിന്മയാണു വളർന്ന് നിത്യനാശത്തിലേക്ക് അയാളെ എത്തിച്ചതു്! അല്പാല്പമായി നടത്തിയ മോഷണമാണല്ലോ യൂദാസിനെ കൊലക്കയറിനു് ഇരയാക്കിയതു്.

നമുക്കു സൂക്ഷിക്കാം. ഇതാ വാർഷികധ്യാനം നടത്തുവാൻ നമുക്കവസരം ലഭിച്ചിരിക്കുന്നു. അനുഗ്രഹത്തിൻെറ ഈ അവ സരം പാഴാക്കാതിരിക്കാം. ''രക്ഷയുടെ ഈ സമയം തികച്ചും പ്രയോജനപ്പെടുത്താം. എളിമയോടും പരമാർത്ഥതയോടും പരിഹാരസന്നദ്ധതയോടുംകൂടി നമുക്കു കർത്താവിൻെറ കരുണ യിൽ ആശ്രയിക്കാം. തണുത്തുപോയതിനെ ചൂടുപിടിപ്പി ക്കാനും വഴിതെററിയതിനെ നേർവഴിയിലാക്കാനും ദുർബല മായതിനെ ശക്തിപ്പെടുത്താനും അന്ധമായതിനെ പ്രകാശി പ്പിക്കാനും പരിശുദ്ധാത്മാവിനോടു നമുക്കു ഭക്തിപൂർവ്വം പ്രാർത്ഥിക്കുകയും ചെയ്യാം. പാപികളുടെ സങ്കേതമായ പരി. അമ്മയുടെ മാദ്ധ്യസ്ഥവും അപേക്ഷിക്കാം.

# 12. സഹോദരരോടുള്ള അനുരഞ്ജനം

മിശിഹായിൽ പ്രിയ സഹോദരരേ,

വി. മത്തായിയുടെ സുവിശേഷം 18-ാം അദ്ധ്യായത്തിൽ കടക്കാരായ രണ്ടു ദാസന്മാരുടെ ഉപമ വിവരിച്ചിട്ടുണ്ടല്ലോ. യജമാനനു പതിനായിരം താലന്തു കൊടുത്തുവീട്ടാനുള്ള ഒരു ഭൃത്യനുണ്ടായിരുന്നു. അവനെ കാരാഗൃഹത്തിലാക്കുവാൻ യജമാനൻ കല്പിച്ചെങ്കിലും അവൻ കരുണയ്ക്കായി യാചിച്ചതിനാൽ യജമാനൻ കടം ഇളച്ചുകൊടുത്തു് അവനെ വിട്ടയച്ചു. എന്നാൽ ആ ഭൃത്യൻ പുറത്തിറങ്ങിയപ്പോൾ തനിക്കു നൂറു താലന്തു മാത്രം നല്കാനുള്ള തന്റെ സഹഭൃത്യനോടു് അല്പം പോലും കരുണ കാണിക്കാതെ അവനെ തടവിലാക്കി. ഈ സംഭവമറിഞ്ഞപ്പോൾ യജമാനൻ കോപിച്ചു്, തനിക്കു കിട്ടാനുള്ളതു മുഴുവൻ അടച്ചുതീക്കുവോളം ആ ദുഷ്ടഭൃത്യനെ പീഡകർക്കു് ഏല്പിച്ചുകൊടുത്തു. ഈ ഉപമയെത്തുടന്നു ക്രിസ്തുനാഥൻ അരുളിച്ചെയ്തു: നിങ്ങൾ ഓരോരുത്തനും സ്വസഹോദരനോടു ദയാപൂർവ്വം ക്ഷമിക്കുകയില്ലെങ്കിൽ എന്റെ സ്വർഗ്ഗസ്ഥനായ പിതാവു നിങ്ങളോടും അപ്രകാരംതന്നെ ചെയ്യും'' (മത്താ. 18:35). സഹോദരരേ, നമുക്കു പ്രാർത്ഥിക്കാം: കരുണാനിധിയായ കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിച്ചു് ഞങ്ങളെ അനുഗ്രഹിക്കണമേ എന്നു പ്രാത്ഥിക്കുവാൻ ഞങ്ങൾ ഇവിടെ കൂടിയിരിക്കുന്നു. എന്നാൽ ഞങ്ങൾ പരസ്പരം ക്ഷമിച്ചുകൊണ്ടുവേണം അങ്ങേ കരുണയ്ക്കു പാത്രമാകുവാനെന്നു ഞങ്ങൾ കാണുന്നു. ആകയാൽ, പരസ്നേഹത്തെപ്പററി സൂക്ഷ്മമായി പഠിച്ചു് ഞങ്ങളുടെ അപരാധങ്ങൾ പരിഹരിക്കാനും സഹോദരരോടു് രമ്യപ്പെടുവാനും ഞങ്ങൾ ആഗ്രഹിക്കുന്നു: ഞങ്ങളെ അനുഗ്രഹിക്കണമേ.

ക്രിസ്തുമതം സ്നേഹത്തിന്റെ മതമാണു്. കാരണം നമ്മുടെ ദൈവം സ്നേഹം തന്നെയാകുന്നു. വി. യോഹന്നാൻ രേഖപ്പെ

ട്ടത്തിയിരിക്കുന്നു: ''ദൈവം സ്നേഹമാകുന്നു.'' ഈ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ് നമ്മൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ആദത്തിന്റെ പാപത്തോടുകൂടി മനുഷ്യൻ ദൈവത്തിൽനിന്നകലുകയും തന്മൂലം പരസ്നേഹം ശിഥിലമാകുകയും ചെയ്തു. ''ഇവൾ എന്റെ മാംസത്തിന്റെ മാംസവും അസ്ഥിയുടെ അസ്ഥിയുമാകുന്നു'' എന്ന് ഹവ്വായെപ്പററി ആദ്യം പ്രസ്താവിച്ച ആദംതന്നെ, ദൈവകല്പന ലംഘിച്ചതിനെ തുടർന്ന് ദൈവത്തോട് ആവലാതിപ്പെടുകയാണ്: അങ്ങ് എനിക്കു കൂട്ടായി തന്നവൾ എന്നെ വഞ്ചിച്ചു'' എന്ന്. തുടർന്ന് ആദത്തിന്റെ മൂത്തമകൻ ഇളയവനെ വധിച്ചു. ലോകമഹായുദ്ധങ്ങളുടേയും മനുഷ്യക്കുരുതികളുടേയുമെല്ലാം ആരംഭം!

ഇങ്ങനെ നഷ്ടപ്പെട്ട പരസ്നേഹം പുനഃസ്ഥാപിക്കുവാനായി ദൈവപുത്രൻ മനുഷ്യനായി അവതരിച്ചു. അവിടുന്നു സ്നേഹത്തിന്റെ സന്ദേശവുമായാണ് വന്നത്. ദൈവത്തെ ഒരുഗ്രമൂർത്തിയായി വിഭാവനചെയ്ത്, അവിടുത്തെ തിരുനാമം ഉച്ചരിക്കാൻപോലും ഭയപ്പെട്ടിരുന്ന മനുഷ്യരോട് ഈശോ പറഞ്ഞു: ''ദൈവം നിങ്ങളുടെ പിതാവാണ്, സ്വർഗ്ഗം നിങ്ങളുടെ പിതൃഭവനവും'' എന്ന്. ഒരേ പിതാവിന്റെ മക്കളായ മനുഷ്യർ സഹോദരന്മാരാണ്; വെറും സഖാക്കളല്ല. പിതാവായ ദൈവം ഇല്ലെന്നു പറയുന്ന നാസ്തികന്മാർക്കു സഹോദരന്മാരില്ല, സഖാക്കളേയുള്ളു. ഡോ. രാധാകൃഷ്ണൻ ഒരിക്കൽ പ്രസംഗിച്ചു: ''ദൈവം പിതാവായുള്ളവനേ അയൽക്കാരൻ സഹോദരനാകയുള്ളു.''

ഇതുപോലെതന്നെ നമുക്കൊരു പിതൃഭവനവുമുണ്ട്—അതാണ് സ്വർഗ്ഗം. അവിടെ നമ്മൾ ദൈവത്തെ അഭിമുഖം ദർശിച്ച് എന്നുമെന്നേക്കും വസിക്കും. അതിനുള്ള ഒരുക്കമാണല്ലോ ഐഹികജീവിതം. വി. ഫ്രാൻസീസ് സാലേസ് പറയുന്നു: സ്വർഗ്ഗത്തിൽ വിശ്വാസത്തിനും ശരണത്തിനും സ്ഥാനമില്ല, അവിടെ സ്നേഹം മാത്രമേയുള്ളു. ആ സ്നേഹം ഈ ലോകത്തിൽനിന്നും കൊണ്ടുചെല്ലണം. ആകയാൽ ഇവിടെ നമ്മൾ പരസ്നേഹം പാലിച്ച് ജീവിക്കേണ്ടിയിരിക്കുന്നു.

ഈ സത്യം ഈശോ നമ്മെ പ്രത്യേകം പഠിപ്പിക്കുന്നുണ്ട്; 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന വഴി. അവിടുന്നു ദൈവത്തെ വിളിക്കുന്നതു്, ''ഞങ്ങളുടെ പിതാവേ'' എന്നാണു്, ''എന്റെ പിതാവേ'' എന്നല്ല. ഒരു ക്രിസ്ത്യാനി ''ഞാനെ''ന്നു പറഞ്ഞു ജീവിക്കുവാൻ പാടില്ല; പിന്നെയോ, ''ഞങ്ങളായി'' ജീവിക്കണം, പ്രവർത്തിക്കണം. പരമപിതാവിന്റെ മക്കളെയാരെയും വിസ്മരിക്കാനോ, അവഗണിക്കാനോ പാടില്ല. ആകയാൽ നമ്മൾ തുടർന്നു് എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുന്നു; ''അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ: ഞങ്ങളുടെ തെറ്റുകൾ ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തല്ലേ'' എന്നിങ്ങനെ. ബഹുവചനത്തിൽ ഈ കുടുംബാത്മപീയാണു് ക്രൈസ്തവന്റെ അടയാളം. വലിയ കുരിശു ധരിക്കുന്നതുകൊണ്ടുമാത്രം ആരും ക്രിസ്ത്യാനിയാകുകയില്ലെന്നു നമുക്കറിയാം. സ്നേഹശൂന്യമായ ലോകത്തിൽ നമ്മൾ നല്കേണ്ട സാക്ഷ്യം സ്നേഹത്തിന്റേതാണു്. വർഗ്ഗസമരത്തിനും വിപ്പവാസക്തിക്കും പകരം ക്രിസ്തുവിന്റെ സ്നേഹം ലോകത്തിനു നല്കുവാൻ ഈശോ നമ്മോടു് ആവശ്യപ്പെടുന്നു: 'ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ, അങ്ങനെ നിങ്ങൾ എന്റെ ശിഷ്യരാണെന്നു് എല്ലാവരും അറിയും'' (യോഹ. 13:34, 35)

വീണ്ടും, വി. ബലിയും കൂദാശകളും പരസ്നേഹം പാലിക്കുവാൻ നമ്മോടാവശ്യപ്പെടുന്നു. ഓരോ കൂദാശയ്ക്കും ഒരു സാമൂഹ്യവശമുണ്ടു്. ഒരാൾ മാമ്മോദീസാ സ്വീകരിക്കുന്നതോടുകൂടി അയാൾ ഒററപ്പെടുകയല്ല, പിന്നെയോ ഒരു വലിയ കുടുംബത്തിലേക്കു് ജനിക്കുകയാണു്; അയാൾ തിരുസ്സഭയുടെ സന്താനവും, സ്വർഗ്ഗത്തിന്റെ അവകാശിയും, ക്രിസ്തുനാഥന്റെ മൗതികശരീരത്തിന്റെ സജീവാവയവുമായി തീരുന്നു. അങ്ങനെ സഭാതനയർ ഏററം ഗാഢമായി പരസ്പരം ബന്ധപ്പെടുന്നു. വി. പൗലോസ് പറയുന്നതുപോലെ, ഒരവയവത്തിന്റെ അനുഭവങ്ങളിൽ മററുള്ളവയും ഭാഗഭാക്കാകുകയും ചെയ്യുന്നു. കുമ്പസാരമെന്ന കൂദാശവഴി നമ്മൾ ദൈവത്തോടു് രമ്യപ്പെടുന്നതിനുമുമ്പായി ദൈവജനത്തോടു രമ്യപ്പെടണം. എങ്കിലേ ''ഞങ്ങളോടു തെറ്റുചെയ്യുന്നവരോടു് ഞങ്ങൾ ക്ഷമിക്കു

ന്നതുപോലെ ഞങ്ങളുടെ തെററുകഠം ഞങ്ങളോടും ക്ഷമിക്കേണേ'' എന്നു പ്രാർത്ഥിക്കുവാനും കർത്താവിൻെറ കരുണയ്ക്കു പാത്രമാകുവാനും നമുക്കു കഴിയുകയുള്ളു. ചുരുക്കത്തിൽ പാപം മൂലം നഷ്ടപ്പെട്ട സാഹോദര്യം പുനഃസ്ഥാപിക്കുവാൻ കുമ്പസാരം നമ്മോട് ആവശ്യപ്പെടുന്നു.

വി. ബലിയുടെ സാമൂഹ്യവശം വളരെ വ്യക്തമാണ്. അതു് എല്ലാവരുംകൂടി ക്രിസ്തുനാഥനോട് ചേർന്ന്, എല്ലാവർക്കുംവേണ്ടി അർപ്പിക്കുന്ന ബലിയാണല്ലോ. ആകയാൽ ഈശോ പ്രത്യേകം നിഷ്ക്കർഷിച്ചു: ''നീ ബലി അർപ്പിക്കുവാൻ വരുമ്പോഠം, നിൻെറ സഹോദരനു് നിനക്കെതിരായി എന്തെങ്കിലും ഉണ്ടെന്നു് ഓർമ്മ വന്നാൽ ബലിസാധനം അവിടെ വച്ചിട്ടു പോയി അവനോട് രമ്യപ്പെട്ടിട്ടു മാത്രം വന്നു ബലിയർപ്പിക്കുക.'' സഭാമാതാവു് വി. കർബ്ബാനയുടെ ആരംഭത്തിൽതന്നെ ഈ അവശ്യവ്യവസ്ഥ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ടു്. സാധാരണദിവസം ചൊല്ലുവാനായി കൊടുത്തിരിക്കുന്ന സങ്കീർത്തനഭാഗങ്ങഠം നോക്കുക. ''കർത്താവേ, അങ്ങേ കൂടാരത്തിൽ ആരു വസിക്കും; അങ്ങേ വിശുദ്ധഗിരിയിൽ ആരു വിശ്രമിക്കും?'' മറുപടി: ''കറകൂടാതെ ജീവിക്കുന്നവനും നീതി പ്രവർത്തിക്കുന്നവനും, ഹൃദയത്തിൽ സത്യമുള്ളവനും നാവുകൊണ്ടു വഞ്ചിക്കാത്തവനും, സഹോദരനോട് തിന്മ ചെയ്യാത്തവനും, അയൽക്കാരനെതിരായ പ്രേരണയ്ക്കു വഴങ്ങാത്തവനും, ദുഷ്ടനോടു കൂട്ടുകൂടാത്തവനും, ദൈവഭക്തനെ മാനിക്കുന്നവനും, സത്യപ്രതിജ്ഞ ലംഘിക്കാത്തവനും നിർദ്ദോഷിക്കെതിരായി കൈക്കൂലി വാങ്ങാത്തവനും.'' ഇതെല്ലാം വി. ബലിയിൽ സംബന്ധിക്കുവാൻ വരുന്നവർക്കു് ആവശ്യമായ പരസ്നേഹമല്ലയോ വ്യക്തമാക്കുക? കള്ളക്കേസും കരിഞ്ചന്തയും അസൂയയും വ്യക്തിവിദ്വേഷവുമായി കഴിയുന്നവർക്കു് ബലിയിൽ പങ്കില്ലതന്നെ. വീണ്ടും വി. കർബാനയിൽ എല്ലാവരുംകൂടി മുട്ടുകുത്തിനിന്നു ചൊല്ലുന്ന ഒരു ജപമുണ്ടല്ലോ. അതും സാഹോദര്യംതന്നെ ആവശ്യപ്പെടുന്നു: ''കർത്താവേ, ഞങ്ങളുടെ മനസ്സിനെ എല്ലാ അശുദ്ധതയിലും ദുഷ്ടതയിലും അസൂയയിലും വഞ്ചനയിലുംനിന്നു വിമുക്തമാക്കണമേ. പരസ്പരസ്നേഹവും ഐക്യവും ഞങ്ങളിൽ ഉളവാക്കണമേ...'' വി. ബലിയിൽ ഒരേ മനസ്സോടും ഹൃദയത്തോടുംകൂടി സംബന്ധിക്കുവാനുള്ള

ആഹ്വാനമാണ് സമാധാനാശംസയിലും പ്രതിദ്ധ്വനിക്കുന്ന തു്; "സഹോദരരേ, മിശിഹായുടെ സ്നേഹത്തിൽ പരസ്പരം സമാധാനം ആശംസിക്കുവിൻ." സാഹോദര്യമില്ലാത്തവർ എങ്ങനെ മറ്റുള്ളവർക്കു് സമാധാനം ആശംസിക്കും?

വി. കർബ്ബാന എന്ന കൂദാശ സ്നേഹവിരുന്നാണല്ലോ. വി. പൗലോസ് എഴുതിയിട്ടുള്ളതുപോലെ, ഒരേ അപ്പത്തിൽ നിന്നു് ഭക്ഷിക്കുകയും ഒരേ കാസായിൽനിന്നു് കുടിക്കുകയും ചെയ്തുകൊണ്ടു് നമ്മൾ സ്നേഹത്തിൽ പരസ്പരം ഐക്യപ്പെടുന്നു. ദൈവത്തിൻെറ അതിഥികളുടെ ഇടയിൽ സ്നേഹശൂന്യത ഉണ്ടാകരുതല്ലോ. സഭാമാതാവു് ദിവ്യകാരുണ്യ ഈശോയെ സ്വീകരിക്കുന്നതിനുമുൻപു് ഇക്കാര്യം നമ്മുടെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ടു്. ആ പ്രാർത്ഥനയിലെ പ്രധാനഭാഗം ഇപ്രകാരമാണ്: "നമുക്കെല്ലാവർക്കും ദൈവത്തോടു പാപമോചനവും അനുഗ്രഹവും യാചിക്കുകയും, നമ്മുടെ സഹോദരന്മാരുടെ തെറ്റുകൾ ക്ഷമിക്കുകയും ചെയ്യാം. നമ്മുടെ മനഃസാക്ഷിയെ ശുദ്ധീകരിച്ചുകൊണ്ടു് കലഹങ്ങളിൽനിന്നും ഭിന്നതകളിൽനിന്നും പിന്മാറാം. ശത്രുതയിലും വിദ്വേഷത്തിലും നിന്നു് നമ്മുടെ ആത്മാക്കളെ വിമുക്തമാക്കാം. യോജിപ്പോടും ഐക്യമത്യത്തോടുംകൂടെ ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളാം." ആകയാൽ, ഈ കൂദാശകളിലും വി. ബലിയിലുമെല്ലാം ഭാഗഭാക്കാകുന്ന നമ്മൾ സ്നേഹരഹിതരായി വർത്തിക്കുവാൻ പാടില്ല; നേരെമറിച്ചു് സ്നേഹസമ്പന്നരായിരിക്കണം. വി. യോഹന്നാൻ ശ്ലീഹാ പറയുന്നതുപോലെ, നമുക്കു കാണാൻ കഴിയാത്ത ദൈവത്തെ സ്നേഹിക്കുന്നുവെന്നു് പറയുകയും അതേസമയം കാണാൻ കഴിയുന്ന സഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നതു് തികഞ്ഞ വിശ്വാസവഞ്ചനയല്ലയോ? കാരണം, വി. ആഗുസ്തീനോസു് പഠിപ്പിക്കുന്നു: നമ്മുടെ സ്നേഹത്തിൻെറ വിഷയം ദൈവം മാത്രമാണ്. അവിടുത്തെ നാം സ്നേഹിക്കുന്നതു് രണ്ടു രംഗങ്ങളിലാണ്; ദൈവത്തെ ദൈവത്തിൽ തന്നെ സ്നേഹിക്കുന്നു—ഇതു് ദൈവസ്നേഹം; ദൈവത്തെ സഹോദരനിൽ സ്നേഹിക്കുന്നു—ഇതു് പരസ്നേഹം. ഒരു പുഷ്പത്തിൻെറ രണ്ടു ഗുണങ്ങൾപോലെയാണിതെന്നു പറയാം. പുഷ്പഹൃദയത്തിൽ ഗുപ്തമായിരിക്കുന്ന മധുവാണ് ദൈവസ്നേഹം

അതിൽനിന്ന പരക്കുന്ന സൗരഭ്യം പരസ്നേഹവും. അതു് അന്യ ക്കു് വേഗം അനുഭവവേദ്യമാകും. ഇതുതന്നെയായിരിക്കണം മനുഷ്യഹൃദയത്തിന്റെ സ്ഥിതിയും. ആർക്കു് അധികം പര സ്നേഹമുണ്ടോ, അവക്കു് അധികം ദൈവസ്നേഹമുണ്ടായിരിക്കും.

വിശുദ്ധരുടെ ജീവിതം ഇതല്ലേ വ്യക്തമാക്കുന്നതു്? ഉദാഹരണമായി വി. ഫ്രാൻസിസ് അസ്സീസി ദൈവസ്നേഹ പരവശനായി, ''എന്റെ ദൈവമേ, എന്റെ സമസ്തവുമേ'' എന്നു് ഉദ്ഘോഷിച്ചുകൊണ്ടു് പുറപ്പെട്ടു. അദ്ദേഹം പക്ഷിക ളെ സഹോദരികളെന്നും, മൃഗങ്ങളെ സഹോദരന്മാരെന്നും സംബോധന ചെയ്തു. പട്ടിണി കിടന്ന ചെന്നായ്ക്കുപോലും ഭക്ഷ ണം നല്കുവാൻ ബദ്ധപ്പെട്ടു. എന്തുകൊണ്ടു്? എല്ലാവരെയും ദൈവത്തിന്റെ മക്കളായി വിശുദ്ധൻ വീക്ഷിച്ചു. ഇതുതന്നെ യാണു് വി. കൊച്ചുത്രേസ്യായും പഠിപ്പിക്കുന്നതു്. ''എന്റെ ദൈവവിളി സ്നേഹമാകുന്നു'' എന്ന ആദർശത്തെ ആസ്പദമാ ക്കി വിശുദ്ധ പറയുന്നു: ''സ്വർഗ്ഗത്തിലെ എന്റെ സമയം ഭൂമിയിൽ നന്മചെയ്യുന്നതിനായി ഞാൻ വിനിയോഗിക്കും. ആകാശത്തിൽനിന്നു് ഞാൻ റോസാ പുഷ്പങ്ങൾ വർഷിക്കും.''

ഇതുപോലെ ഏതൊരു ക്രിസ്ത്യാനിയും സാഹോദര്യം പാലിക്കേണ്ടതാണു്. സ്നേഹശൂന്യവും ദ്വേഷപൂർണ്ണവുമാണു് ഇന്നത്തെ ലോകം. സമത്വവും സ്വാതന്ത്ര്യവും സാഹോദര്യ വും പ്രസംഗിക്കുന്നവർ തന്നെ അതിനു് എതിരായി പ്രവർത്തി ക്കുന്നു. അന്യരോടു് അനീതി ചെയ്തുകൊണ്ടു് മററുള്ളവരെ പോററുന്നുവെന്നു് ഭാവിക്കുന്നതിൽ ആത്മാർത്ഥതയില്ല. സ്വ ന്തം ആധിപത്യം ഉറപ്പിക്കുവാൻ വേണ്ടി ചെയ്യുന്ന വഞ്ചന യാണിതു്. ഇതുപോലെതന്നെ അന്യായമായി സമ്പാദിച്ച പണംകൊണ്ടു് അത്യാഡംബരമായി തിരുനാളുകൾ ഘോഷി ക്കുന്നതും കുരിശുപള്ളികൾ പടുത്തുയർത്തുന്നതും സ്വന്തം പ്രതാ പത്തിനുമാത്രം പ്രയോജനപ്പെടും. അതു കടുത്ത ദൈവനിന്ദ യാണു്; നിത്യസത്യങ്ങളുടെ വിലയിടിച്ചു കാണിക്കലാണു്; ക്രിസ്തുനാഥനെ പരാജയപ്പെടുത്തുകയാണു്. ആകയാൽ ഈ വിഷയത്തിന്റെ പ്രായോഗിക വശങ്ങളെപ്പററി നമുക്കു കൂടുതൽ ചിന്തിക്കാം.

ഒരുവനെ നാം സ്നേഹിക്കുന്നുവെങ്കിൽ അവൻെറ നന്മയ്ക്കു വേണ്ടി കഴിവതു ചെയ്യണം: അല്ലാതെ സ്വന്തം കാര്യം നേടുകയല്ല വേണ്ടതു്. അവനെ ഒരു വ്യക്തിയായി പരിഗണിക്കുക; വസ്തുവായി തരം താഴ്ത്തരുതു്. എൻെറ പേനയോടും കുടയോടും വാച്ചിനോടും മററും എനിക്കു താല്പര്യമുണ്ടെങ്കിൽ അതൊക്കെ എൻെറ ജീവിത സൗകര്യത്തിനുവേണ്ടി മാത്രമാണു്. ആ സാധനങ്ങൾ ഉപയോഗശൂന്യമായാൽ ഉടനെ ഞാൻ അവയെ ഉപേക്ഷിക്കുന്നു. ഇതുപോലെ ഞാൻ ഒരു മനുഷ്യവ്യക്തിയോടു പ്രവൎത്തിക്കരുതു്. തൻകാൎയ്യം നേടിക്കഴിയുമ്പോൾ ആരെയും തള്ളിക്കളയരുതു്. പ്രത്യുത അപരൻെറ താല്പര്യങ്ങളെ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യണം.

നാലു താല്പര്യങ്ങളാണു് ഒരാൾക്കുള്ളതു്. അതായതു് മാനം, ധനം, ആരോഗ്യം, നിത്യരക്ഷ; ഇവയെല്ലാവർക്കുമുണ്ടു്. ഇവയ്ക്കെതിരായി ആരും ഒന്നും ചെയ്യരുതെന്നു മാത്രമല്ല, അവയ്ക്കു് അനുകൂലമായി കഴിയുന്നതെല്ലാം ചെയ്യുകയും വേണം. ഇവ ഓരോന്നിനെപ്പററി തുടൎന്നു പര്യാലോചിക്കാം.

മാനം വളരെ വിലപിടിപ്പുള്ള ഒന്നാണു്. അതിനുവേണ്ടി ഒരുവൻ എന്തു വിഷമവും സഹിക്കും. അങ്ങനെയെങ്കിൽ അന്യർക്കു് അപമാനകരമായി ഒന്നും പറയരുതു്, പ്രവൎത്തിക്കരുതു്. ഇല്ലാത്ത കുററങ്ങൾ ആരോപിക്കുക, രഹസ്യകുററങ്ങൾ പറഞ്ഞു പരത്തുക, അങ്ങനെ ഒരുവനെ തേജോവധം ചെയ്യുക –ഇവയൊന്നും നീതിക്കും ഉപവിക്കും ചേർന്നതല്ല. വെറും ഊഹാപോഹങ്ങൾ വച്ചു് അന്യരെ വിധിക്കുവാൻ പാടില്ല. മററുള്ളവരുടെ നന്മയിൽ അസൂയപ്പെടുന്നതും അവക്കു നാശമുണ്ടാകുവാൻ ആഗ്രഹിക്കുന്നതും പാപമാകുന്നു. അകാരണമായി ഒരാളെ സംശയിക്കുകയും കുററം വിധിക്കുകയും ചെയ്യുന്നതു് തികച്ചും നിർഭാഗ്യകരമാണു്. കായേൻ ആബേലിനെ ദ്വേഷിച്ചതും വധിച്ചതും എത്രയോ പ്രാവശ്യം ഇന്നും തുടരുന്നു. ഇങ്ങനെയാണു് പിശാചു് കുടുംബങ്ങളേയും സമൂഹങ്ങളേയും നശിപ്പിച്ചുകൊണ്ടിരിക്കുന്നതു്. ആകയാൽ അപരനു് അപമാനം വരുത്തിയാൽ അതിനു പരിഹാരം ചെയ്യണം, എങ്കിലേ പാപമോചനം ലഭിക്കുകയുള്ളു.

ഈശോ വ്യക്തമായി പറഞ്ഞു: "നിങ്ങൾ വിധിക്കരുത്. എന്നാൽ നിങ്ങളും വിധിക്കപ്പെടുകയില്ല." അയൽക്കാരന്റെ കുററം പറയുവാൻ കുടുംബാംഗങ്ങളും സ്നേഹിതരും ഒരുമിച്ചുകൂടുകയോ? വി. ആഗുസ്തീനോസ് തന്റെ മുറിയുടെ വാതില്ക്കൽ എഴുതിവച്ചിരുന്നു: "പരദൂഷണപ്രസക്തന്മാർക്ക് ഇവിടെ പ്രവേശനമില്ല" എന്ന്. എവിടെയും ഈ ആദർശം പാലിച്ചിരുന്നെങ്കിൽ! അന്യനെ വിധിക്കുവാൻ പുറപ്പെടുന്നവരായിരിക്കും സാക്ഷാൽ കുററക്കാർ. കാരണം ദൈവത്തിനു മാത്രമേ മനുഷ്യഹൃദയരഹസ്യം അറിയൂ. അതു തനിക്കും അറിയാം എന്നാണ് വിധിക്കുന്നവന്റെ ഭാവം! ആകയാൽ വി. ശ്ലീഹാ റോമാക്കാർക്ക് ഇപ്രകാരം എഴുതുന്നു: "അല്ലയോ മനുഷ്യാ, നീ ആരുതന്നെയായാലും മറെറാരുവനെ വിധിക്കുമ്പോൾ നിനക്ക് ഒരു ന്യായീകരണവുമില്ല. അപരനെ വിധിക്കുമ്പോൾ നീ നിന്നെത്തന്നെയാണ് വിധിക്കുന്നത്."

മററുള്ളവരോടു വിരോധം വച്ചുകൊണ്ടിരിക്കുന്നതു ശരിയല്ല. പരസ്പരം ക്ഷമിക്കുക തന്നെ വേണം. ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുകയും എല്ലാവർക്കും വേണ്ടി സ്വജീവൻ ഹോമിക്കുകയും ചെയ്ത ക്രിസ്തുവിന്റെമാതൃകയാണ് ഓരോ ക്രിസ്ത്യാനിയും അനുകരിക്കേണ്ടത്. കുററമില്ലാത്തവർ കല്ലെറിയട്ടെ" എന്ന നിർദ്ദേശം എല്ലാവരും ഓർമ്മിക്കണം. അതുകൊണ്ടു കർത്താവിൽ നിന്നും കാരുണ്യം ലഭിക്കുവാനായി നമുക്കെല്ലാവർക്കും പരസ്പരം ക്ഷമയോടും കരുണയോടുംകൂടെ വർത്തിക്കാം. ഇവിടെ വി. ആഗുസ്തീനോസിന്റെ ഉപദേശം തികച്ചും സ്വീകാര്യമാണ്. വിശുദ്ധൻ പറയുന്നു; നീയും നിന്റെ സ്നേഹിതനും കൂടി ഒരു വഴിയെ പോകുമ്പോൾ, നിന്റെ ശത്രു നിന്നെ എറിഞ്ഞുവീഴിക്കുവാൻ ശ്രമിക്കുന്നുവെന്നു കരുതുക. ഏറു വരുന്നതുകണ്ട് നിന്റെ സ്നേഹിതൻ ചാടി വീണു തടുക്കുകയും തൽഫലമായി അയാൾ മുറിവേററു നിലംപതിക്കുകയും ചെയ്യുന്നു. ഇപ്പോൾ നീയെന്തു ചെയ്യും? എറിഞ്ഞവന്റെ പിറകേ ഓടുമോ; അഥവാ ഏററുകൊണ്ടു വീണുകിടക്കുന്നവനെ പരിചരിക്കുമോ? നിനക്ക് മനുഷ്യത്വമുണ്ടെങ്കിൽ പ്രതികാരത്തിനു പുറപ്പെടാതെ, മുറിവേററു കിടക്കുന്ന സ്നേഹിതനെ ശുശ്രൂഷിക്ക തന്നെ ചെയ്യും. വിശുദ്ധൻ തുടരുന്നു: നിന്റെ സന്തതസഹ

ചാരിയായ സ്നേഹിതൻ ഈശോയാണ്. നിനക്കെതിരായി ആരെന്തു ചെയ്താലും ആ ദ്രോഹമെല്ലാം ആദ്യം സഹിക്കുന്നതും അനുഭവിക്കുന്നതും ഈശോയത്രേ. എങ്കിൽ നിന്നെ ദ്രോഹിച്ചതിനു പകരംവീട്ടുവാൻ മുതിരാതെ, നിന്നെ രക്ഷിക്കുവാൻ വേണ്ടി പീഡിതനും ക്രൂശിതനുമായി കഴിയുന്ന അവിടുത്തെ സമാശ്വസിപ്പിക്കുക. അതിനേററം പററിയ വഴി നിൻെറ ശത്രുവിനോടു ക്ഷമിക്കുന്നതും അവനെ അനുഗ്രഹിക്കുന്നതുമാകുന്നു. കാരണം, ഈശോ പറയുന്നു: "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം." നമ്മൾ പാപംമൂലം ശത്രുക്കളായിരുന്നിട്ടും കർത്താവു നമ്മെ സ്നേഹിക്കുകയുംനമുക്കുവേണ്ടി മരിക്കുകയും ചെയ്തുവെന്നു വി. ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു. ഇതാണു അവിടുന്നു നല്കിയ പുതിയ കല്പന. കണ്ണിനു കണ്ണും പല്ലിനു പല്ലും എന്ന പഴയ നിയമകാലത്തെ നീതിനടത്തലിൻെറ സ്ഥാനത്തു് ഈശോ ആവശ്യപ്പെട്ടതു്: "നിൻെറ ഒരു ചെവിട്ടിലടിച്ചാൽ മറേറ ചെവിടുകൂടി കാണിച്ചുകൊടുക്കുക. നിങ്ങളെ ദ്വേഷിക്കുന്നവരെ സ്നേഹിക്കണം; ശപിക്കുന്നവരെ അനുഗ്രഹിക്കണം" "ഈ വാക്കുകളാണ് എൻെറ ക്ലേശങ്ങളുടെ മദ്ധ്യേ എനിക്കേററം ആശ്വാസം നല്കിയതു്" എന്നു് ഈ പുതിയ കല്പനയെപ്പററി രാഷ്ട്രപിതാവു് ഗാന്ധിജി പ്രസ്താവിച്ചിരിക്കുന്നു. ക്രിസ്ത്യാനിക്കു് ആരും ശത്രുവല്ല. എല്ലാവരോടുംകൂടി സ്വർഗ്ഗത്തിൽ എന്നേക്കും സ്നേഹജീവിതം നയിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. അപ്പോൾ "എൻെറ അയല്ക്കാരനാണ് എൻെറ നരകം" എന്നു് നാസ്തികൻ പറയുന്നുവെങ്കിൽ, "അവൻ എൻെറ സ്വർഗ്ഗമാണെ" ന്നാണ് ക്രൈസ്തവരായ നമ്മൾ പറയേണ്ടതു്. അതിനാൽ അസൂയയും വിദ്വേഷവും പ്രതികാരേച്ഛയും നമ്മുടെ ഇടയിൽ കടന്നുകൂടാതെ സദാ സൂക്ഷിക്കണം. അതിനുപകരം വിശുദ്ധ ശ്ലീഹാ ഉപദേശിക്കുന്നതുപോലെ സന്തോഷിക്കുന്നവരോടുകൂടി സന്തോഷിക്കാം; ദുഃഖിക്കുന്നവരോടുകൂടി ദുഃഖിക്കുകയുംചെയ്യാം.

മനുഷ്യൻെറ സാമ്പത്തിക താല്പര്യത്തെപ്പററിയാണ് ഇനി ചിന്തിക്കേണ്ടതു്. പണം കൂടാതെ ഐഹികജീവിതം സാദ്ധ്യമല്ല. എന്നാൽ പണം നീതിപൂർവ്വം സമ്പാദിക്കണം; നീതിപൂർവ്വം കൈകാര്യം ചെയ്യണം. ഇതിനാണ് ഏഴും പത്തും കല്പനകൾ ദൈവം തന്നിട്ടുള്ളതു്. മോഷ്ടിക്കരുതു്;

അന്യരുടെ മുതൽ ആഗ്രഹിക്കുകയുമരുത്. ആന്തരിക വ്യാപാരങ്ങളിൽ പോലും അനീതി കടന്നുകൂടാൻ പാടില്ല. ആകയാൽ മററുള്ളവരുടെ ധനം അപഹരിക്കുന്നതും നശിപ്പിക്കുന്നതും കുററമാണ്. മനഃപൂർവം ആർക്കും നഷ്ടം വരുവാൻ ഇടയാക്കരുത്. പിശകായി കിട്ടുന്നതും കളഞ്ഞു കിട്ടുന്നതുമായവപോലും ഉടമസ്ഥനു കൊടുക്കേണ്ടതാണ്. കളവിനും വഞ്ചനയ്ക്കും കൂട്ടുനിൽക്കരുത്. ഇന്നത്തെ ഭരണരീതി ക്ഷേമരാഷ്ട്രത്തിൻെറ വ്യവസ്ഥയനുസരിച്ചാകയാൽ ന്യായമായ രാഷ്ട്രീയ നിയമങ്ങൾ പ്രകാരമുള്ള നികുതികളെല്ലാം സർക്കാരിലേക്ക് കൊടുക്കേണ്ടതാണ്. അതുകൊണ്ട് ധനപരമായി ആരോടെങ്കിലും അനീതി ചെയ്തിട്ടുണ്ടെങ്കിൽ അതനുസരിച്ചുള്ള കടം വീട്ടുകതന്നെ വേണം.

ഇനി, ന്യായമായി സമ്പാദിച്ച ധനമാണെങ്കിലും അത് വിനിയോഗിക്കുന്നതിലും നീതിയും ഉപവിയും പാലിക്കണം. പരിശുദ്ധ മാർപ്പാപ്പമാർ വ്യക്തമായി പഠിപ്പിക്കുന്നതുപോലെ ആർക്കും സ്വന്തം സ്വത്തിൻെറ മേൽ നിരുപാധികമായ അവകാശമില്ല; എല്ലാം ദൈവം നമ്മെ ഏല്പിച്ചിട്ടുള്ളതാണ്. അവ ദൈവകല്പനയനുസരിച്ചുവേണം വിനിയോഗിക്കുവാൻ. ''നിന്നെപ്പോലെ നിൻെറ അയൽക്കാരനെ സ്നേഹിക്കണം'' എന്ന കല്പനയനുസരിച്ച് മററുള്ളവരുടെ ജീവിതാവശ്യങ്ങൾക്കുവേണ്ടിക്കൂടി എൻെറ ധനം വിനിയോഗിക്കേണ്ടതാണ്. ആകയാൽ, പണം ധൂർത്തടിക്കുവാൻ പാടില്ല. പാർപ്പിടം, വസ്ത്രം, ഭക്ഷണം തുടങ്ങിയവയിൽ ആഡംബരങ്ങൾ ഉണ്ടാകരുത്; എല്ലാം മിതമായിരിക്കണം. കാരണം, മനുഷ്യരിൽ മൂന്നിൽ രണ്ടുഭാഗത്തിനും ഉണ്ണാനും ഉടുക്കാനുമുള്ള വകയില്ല. അവരെ സംരക്ഷിക്കുക നമ്മുടെ കടമയാണ്. ''നിൻെറ സഹോദരൻെറ കണ്ണുനീർ പ്രതികാരത്തിനായി എൻെറ പക്കൽ നിലവിളിക്കുന്നു''. എന്നു ദൈവം കുററപ്പെടുത്തുവാൻ ഇടയാകരുത്. വി. അംബ്രോസീസ് പറയുന്നു: നീ പാവങ്ങൾക്ക് എന്തെങ്കിലും കൊടുക്കുമ്പോൾ അത് നിൻെറ ഔദാര്യമൊന്നുമല്ല, പ്രത്യുത, അവർക്ക് അവകാശമുള്ളതു മാത്രമാണ്'' ദൈവദത്തമായ ഈ അവകാശം നിഷേധിക്കുവാനുള്ള ദൗർഭാഗ്യം നമുക്കുണ്ടാകാതിരിക്കട്ടെ. വി. ബസേലിയൂസ് പഠിപ്പിക്കുന്നു; ''നാം സൂക്ഷിച്ചുവയ്ക്കുന്ന ഭക്ഷണം വിശക്കുന്നവനു് ന്യായമായി ലഭിക്കേണ്ടതാണ്.''

ആരോഗ്യത്തിൻെറ കാര്യവും അവഗണിക്കുവാൻ പാടി ല്ല. നീ കൊല്ലരുതു് എന്ന അഞ്ചാം പ്രമാണം ഇതാണു് ആ വശ്യപ്പെടുന്നതു്. ആത്മഹത്യയും നരഹത്യയും ഇതിൽപ്പെടും. ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന കാല മാണിതു്. അതൊരു വീരകൃത്യമായിട്ടാണു ചില സാഹിത്യ കാരന്മാർ ചിത്രീകരിക്കുക. സിനിമായിലും നോവലുകളി ലുമെല്ലാം ആത്മഹത്യവഴി വികാരതീവ്രത ജനിപ്പിക്കുവാൻ കലാകാരന്മാർ പണിപ്പെടുന്നു. ഫലമോ! വളർന്നു വരുന്ന തലമുറ അപരിഹാര്യമായ ഈ ആപത്തിൽപ്പെടുന്നു. ചിലർ ലൗകികവ്യാമോഹങ്ങളിൽ കുടുങ്ങി മോഹഭംഗങ്ങളിലേക്കു് എത്തുന്നു. അതോടെ യൂദാസിൻെറ നിരാശയിലും ആത്മഹത്യ യിലും അവസാനിക്കുന്നു. ഇതു് പിശാചിൻെറ വിദഗ്ദ്ധ മായ തന്ത്രമാണു്. പാപത്തിൽ ജീവിച്ചു് പാപത്തിൽതന്നെ മരിക്കുവാൻ അവൻ പാവപ്പെട്ട മനുഷ്യരെ പ്രേരിപ്പിക്കുക യാണു്. സ്വയം ശപിക്കുന്നതും കുററകരമായവിധം ആരോ ഗ്യം നശിപ്പിക്കുന്നതും അഞ്ചാം പ്രമാണത്തിനു് എതിരായ തിന്മ തന്നെ.

കൊലപാതകത്തെപ്പററി എന്തുപറയട്ടെ. ഇന്നു കല ഹവും കൊലയും നിത്യസംഭവങ്ങളാണു്. ക്രൂരതയും മൃഗീയ തവും മദ്യലഹരിയുംകൂടി ചേരുമ്പോൾ മനുഷ്യജീവനു വില യില്ലാതാകുന്നു. ഗർഭഛിദ്രവും ഭ്രൂണഹത്യയും നിയമാനുസൃത മാക്കിയതോടെ എല്ലാം പൂർത്തിയായി. കടുത്ത സ്നേഹ ശൂന്യതയും സ്വാർത്ഥതയും! ഇതിനെല്ലാമുള്ള പ്രതിവിധി ക്രൈസ്തവ സ്നേഹമാണു്, വിശ്വാസമാണു്, ശരണമാണു്. ഇതേപ്പററി എല്ലാവരും വളരെ ഗൗരവമായി ചിന്തിക്കണേ. ദൈവം നമുക്കു കൂടുതൽ പ്രകാശം നല്കട്ടെ. അന്യരുടെ ആരോ ഗ്യത്തിനു് ഹാനികരമായി പ്രവർത്തിക്കുന്നവരും കൊലപാത കം നടത്തുന്നവരുമൊക്കെ അങ്ങനെ വരുത്തിക്കൂട്ടുന്ന നാശനഷ്ട ങ്ങൾക്കു് നീതിപൂർവ്വമായ പരിഹാരം ചെയ്കതന്നെ വേണം. അല്ലാതെ കർത്താവിൻെറ കരുണ അവർക്കു ലഭിക്കുന്നതല്ല.

ഇനി വരുന്നതു് നിത്യരക്ഷയാണു്. ധനവും, മാനവും, ആരോഗ്യവുമെല്ലാം യഥാവിധി വിനിയോഗിക്കുന്നതു് പരമാ ന്ത്യമായ സ്വർഗ്ഗം പ്രാപിക്കുവാനാണല്ലോ. ആകയാൽ, നമ്മൾ

ഏററം കാര്യമായി പരസ്പരം സഹായിക്കേണ്ടതു് നിത്യഭാഗ്യത്തിലേക്കു് എത്തുവാനാണു്. ഒന്നാമതായി നിത്യരക്ഷയ്ക്കു് തടസ്സമായി ആരും ഒന്നും ചെയ്യരുതു്. അന്യരെ പാപത്തിനു പ്രേരിപ്പിക്കുക, തിന്മയിൽ പങ്കുചേർക്കുക, ദുർമാതൃക നല്കുക തുടങ്ങിയവയെല്ലാം കുററകരമാണു്. നമ്മുടെ എല്ലാ പ്രവർത്തനരംഗങ്ങളിലും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. വീട്ടിലും വിദ്യാലയത്തിലും ഇടവകയിലും വിനോദരംഗങ്ങളിലും എല്ലാംതന്നെ തിന്മയ്ക്കു കാരണം കൊടുക്കരുതെന്നു മാത്രമല്ല നന്മയ്ക്കു നിദാനമാകുകയും വേണം. നമ്മുടെ നിലയും വിലയും അന്യരിലുള്ള സ്വാധീനവുമനുസരിച്ചു് ഈ കടമ വർദ്ധിക്കുന്നതാണു്. മാതാപിതാക്കന്മാരും ഗുരുജനങ്ങളും സമുദായ നേതാക്കന്മാരും ഇതിൽ കൂടുതൽ ശ്രദ്ധിക്കണം. ഈശോ വ്യക്തമായി താക്കീതു നല്കുന്നു: "ഈ ചെറിയവരിൽ ഒരുവനു് ഇടർച്ച കൊടുക്കുന്നതിനേക്കാൾ നല്ലതു് കഴുത്തിൽ തിരികല്ലു കെട്ടി കടലിൽ എറിയപ്പെടുന്നതാണു്." എല്ലാവരേയും രക്ഷിക്കാൻ വന്ന ഈശോയ്ക്കു് എതിരായി നിന്നുകൊണ്ടു് സകലരേയും നശിപ്പിക്കുവാൻ ശ്രമിക്കുന്ന പിശാചിനോടു കൂട്ടുപിടിക്കുകയോ? ഇതേപ്പററി വളരെ സൂക്ഷ്മമായ ഒരു ജീവിതപരിശോധന നടത്തേണ്ടതാണു്.

അതുപോലെ സ്വന്തം ആത്മാവിനേയും നശിപ്പിക്കരുതു്. പാപം ചെയ്യുകയും പാപസ്ഥിതിയിൽ തുടരുകയും ചെയ്യുന്നതു മൂലമുണ്ടാകുന്ന വലിയ നാശത്തെപ്പററി മുൻപു് നമ്മൾ ധ്യാനിച്ചതാണല്ലോ. ഒരാൾ തന്നോടുതന്നെ ചെയ്യുന്ന ഏററം വലിയ ദ്രോഹമാണിതു്. പാപമോചനം പ്രാപിക്കാനുള്ള വഴികൾ സുലഭമായിരുന്നിട്ടും അതിലൊന്നും ശ്രദ്ധിക്കാതെ ജീവിക്കുന്നവർ ദൈവത്തോടു് എങ്ങനെ കണക്കു പറയും? മററുള്ളവരെ പാപത്തിൽ നിന്നും രക്ഷിക്കുവാനായി പരിശ്രമിക്കേണ്ട കടമ നമുക്കുണ്ടു്. സാഹോദര്യം ആവശ്യപ്പെടുന്ന ഏററം പ്രധാന കാര്യം ഇതാകുന്നു. വീണ്ടും, സാമൂഹ്യജീവികളായ നമ്മൾ പൊതുനന്മയ്ക്കുവേണ്ടിയുള്ള പരിപാടികളിൽ കഴിവുപോലെ സഹകരിക്കണം. സ്വാർത്ഥതയും വിദ്വേഷവും കിടമത്സരവും മൂലം "ഞാനൊന്നിനുമില്ല" എന്ന മട്ടിൽ വർത്തിക്കാൻ പാടില്ല. നമ്മുടെ നിസ്സഹകരണംമൂലം ഏതെങ്കിലും നല്ലകാര്യം നടക്കാതെ പോയാൽ അതിനു നമ്മൾ കുററക്കാരാകും. ഇടവ

കയിലെ കുടുംബങ്ങൾ തമ്മിൽ കലഹിച്ച് പൊതുപ്രവർത്തനങ്ങൾക്ക് മന:പൂർവ്വം തടസ്സമുണ്ടാക്കുന്നതും, ഏഷണിപറഞ്ഞു പരത്തി ഭിന്നത ഉണ്ടാക്കുന്നതും കൂടുതൽ ഗൗരവമുള്ള തെററാണ്. ഈ ദ്രോഹങ്ങൾക്കെല്ലാം പരിഹാരം ചെയ്യുവാൻ പ്രത്യേകം കടമയുണ്ടെന്ന് എല്ലാവരും ധരിക്കണം.

ഇതിന്റെ മറുവശത്തെപ്പററി കൂടി നമുക്കു ചിന്തിക്കാം. ക്രിസ്തീയ സാഹോദര്യം വഴി ദൈവത്തിനും സ്വർഗ്ഗത്തിനും സാക്ഷ്യം വഹിക്കുവാൻ നമുക്കു കഴിയും. ക്രിസ്തുനാഥൻ നാടുതോറും നടന്നു നന്മചെയ്തുകൊണ്ട് പരമപിതാവിന്റെ സ്നേഹാധിക്യം ലോകത്തെ പഠിപ്പിച്ചു. അതേ ദൗത്യം തന്നെ അവിടുന്നു തന്റെ ശിഷ്യർക്കും നൽകി. അവർ ''എല്ലാവർക്കും എല്ലാമായി'' ജീവിച്ചു. സുവിശേഷപ്രഘോഷണത്തിന്റെ വിജയത്തിന് അതു സഹായമാകുകയും ചെയ്തു. ''നിങ്ങളുടെ നല്ല പ്രവൃത്തികൾ കണ്ടു് സ്വർഗ്ഗസ്ഥനായ പിതാവിനെ അവർ സ്തുതിക്കുവാനായി, അവരുടെ മുമ്പിൽ നിങ്ങൾ നന്മ ചെയ്യുവിൻ'' എന്നു നമ്മുടെ രക്ഷകൻ അരുളിച്ചെയ്തിട്ടുണ്ടല്ലോ.

നമ്മുടെ സ്വർഗ്ഗപ്രവേശനത്തിനുള്ള വഴിയും പരസ്നേഹകൃത്യങ്ങളാകുന്നു. വി. മത്തായിയുടെ സുവിശേഷം 25-ാം അദ്ധ്യായത്തിൽ അവസാനവിധിയെപ്പററി പറഞ്ഞിട്ടുള്ളതു നമുക്കറിയാം. ഭക്ഷണവും വസ്ത്രവും പാർപ്പിടവും മററും പാവങ്ങൾക്കു നല്കുന്നവർ വിശുദ്ധരുടെ ഗണത്തിലേക്ക് സ്വീകരിക്കപ്പെടുമെന്നും, എന്നാൽ സ്നേഹശൂന്യരായി ജീവിക്കുന്നവർ നിത്യശിക്ഷയിലേക്ക് വിധിക്കപ്പെടുമെന്നും കർത്താവ് ചൂണ്ടിക്കാണിക്കുന്നു. കരുണ ചെയ്യുന്നവരാണ് ദൈവകരുണയ്ക്കു പാത്രമാവുക.

ആകയാൽ, ഈ ധ്യാനംവഴി നമ്മുടെ പാപങ്ങൾക്കുമോചനം നേടുവാനും കർത്താവിന്റെ കാരുണ്യത്തിനും സ്നേഹത്തിനും പാത്രമാകുവാനും നമ്മൾ ആഗ്രഹിക്കുന്നുണ്ടല്ലോ. അതിനു പ്രാരംഭമായി നമ്മളും മററുള്ളവരോടു ക്ഷമിക്കുകയും രമ്യപ്പെടുകയും വേണം. വിരോധമോ, വഴക്കോ ആരെങ്കിലും കൊണ്ടുനടക്കുന്നുണ്ടെങ്കിൽ അതെല്ലാം ഉപേക്ഷിക്കണം. സ്നേഹരഹിതരായി ആരോടെങ്കിലും പെരുമാറിയിട്ടുണ്ടെങ്കിൽ

അതിനു പരിഹാരം ചെയ്യണം. അങ്ങനെ ദൈവത്തോടും ദൈവജനത്തോടും ഉള്ള സ്നേഹത്തിൽ ജീവിക്കുവാനും മരിക്കുവാനും നമുക്കിടയാകട്ടെ. നമുക്കു പ്രാർത്ഥിക്കാം: ദിവ്യനാഥാ, അങ്ങു് ഊട്ടുശാലയിൽവച്ചു് അങ്ങയുടെ അനുയായികൾക്കുവേണ്ടി പ്രാർത്ഥിച്ചുവല്ലോ, ''പിതാവേ, നീ എന്നിലും ഞാൻ നിന്നിലുമായിരിക്കുന്നതുപോലെ ഇവരും നമ്മിൽ ഒന്നായിരിക്കുവാൻവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു'' എന്നു്. കർത്താവേ, ഈ ആഗ്രഹം ഞങ്ങളിൽ സഫലമാകട്ടെ. അങ്ങനെ ഞങ്ങൾ അങ്ങേയ്ക്കു സാക്ഷ്യം വഹിക്കുവാൻ പ്രാപ്തരാകുകയും ചെയ്യട്ടെ. ആമ്മേൻ.

# 13. ദൈവത്തോടുള്ള അനുരഞ്ജനം

മിശിഹായിൽ പ്രിയ സഹോദരരേ,

കുറെനാളം മുമ്പു നമ്മുടെ പത്രങ്ങളിൽവന്ന ഒരു വാർത്ത ഞാനോർക്കുന്നു. പലേ മോഷണക്കേസ്സുകളിൽ പെട്ടിരുന്ന ഒരു കള്ളനെ പോലീസുകാർ പിടികൂടി. ഒന്നുരണ്ടു പ്രാവശ്യം പോലീസിനെ തട്ടിച്ചു് രക്ഷപെട്ടിട്ടുള്ള ആ മോഷ്ടാവിനു മനസ്സിലായി ഇത്തവണ ഒരു രക്ഷയുമില്ലെന്നു്. ആകയാൽ, തൊണ്ടി എടുപ്പിക്കാനായി ഓരോ സ്ഥലത്തു കൊണ്ടുപോകുന്നതിനിടയ്ക്കു് അവൻ ഓടിപാഞ്ഞുവന്ന ബസ്സിൻെറ മുമ്പിൽ പെട്ടെന്നു ചാടിവീണു് ആത്മഹത്യ ചെയ്തു. അങ്ങനെ തെളിവെടുക്കലും ശിക്ഷിക്കലുമെല്ലാം അവസാനിച്ചു. എന്നാൽ സഹോദരരേ, കേരള പോലീസിൻെറ കൈകളിൽനിന്നേ അവൻ രക്ഷപെട്ടുള്ളു: ആ താറിട്ട റോഡിൽനിന്നു് അവൻ ഓടിക്കയറിയതു് നീതിമാനായ ദൈവത്തിൻെറ ന്യായാസനത്തിൻെറ മുമ്പിലേക്കാണെന്നു് നമുക്കറിയാം. അവിടെനിന്നു രക്ഷപെടുക സാദ്ധ്യമല്ലല്ലോ.

ഈ നിർഭാഗ്യസംഭവം ഒരു വലിയ സത്യം നമ്മെ അനുസ്മരിപ്പിക്കുന്നു; മനുഷ്യർക്കു പാപബോധമില്ല. അവർക്കു ദൈവത്തെപ്പററി ചിന്തയില്ല. മനുഷ്യരെയാണു് അവർ ഭയപ്പെടുന്നതു്. സ്നേഹനിധിയായ ദൈവത്തിനു് എതിരായിട്ടാണു് പാപി പ്രവർത്തിക്കുന്നതെന്നു് അവർ ഓർമ്മിക്കുന്നില്ല. ''എൻെറ കുററങ്ങളം മനുഷ്യരാരും അറിഞ്ഞിട്ടില്ല; എന്നാൽ പേടിക്കേണ്ടതില്ല. അല്ല, അവരും ഇവരുമൊക്കെ അറിഞ്ഞു. കഷ്ടമായി.'' ഉടനെ നിരാശയായി; ആത്മഹത്യയായി! ഈശ്വരബോധം ക്ഷയിച്ചതിൻെറ ഫലമാണിതു്. ആകയാൽ ദൈവസന്നിധിയിൽവച്ചു നമ്മുടെ പാപങ്ങളുടെ ഗൗരവത്തെപ്പററി നമുക്കു ധ്യാനിക്കാം; ''ദൈവമേ, അങ്ങേയ്ക്കും സ്വർഗ്ഗത്തിനും എതിരായി ഞാൻ പാപം ചെയ്തുപോയി. അങ്ങയുടെ പുത്രനായി സ്വീകരിക്കപ്പെടുവാൻ ഞാൻ

യോഗ്യനല്ല'' എന്നു് നമുക്കു വിനീതമായി പ്രാർത്ഥിക്കാം. അങ്ങനെ നമ്മുടെ ധ്യാനക്രമപ്രസാരത്തിനു് ഒരുക്കമായി ഉത്തമ മനസ്താപത്തിലേക്കു് എത്തുവാൻ നമുക്കു ശ്രമിക്കാം.

പാപമെന്താണു്? ദൈവത്തിൽ നിന്നുള്ള അകൽച്ചയും സൃഷ്ടികളോടുള്ള അടുപ്പവുമാണു പാപമെന്നു് വി. ആഗുസ്തീനോസ് പഠിപ്പിക്കുന്നു. സുവിശേഷത്തിലെ ധൂർത്തപുത്രനെപ്പോലെ പാപി സ്നേഹനിധിയായ പിതാവിനെ വിട്ടുപിരിഞ്ഞുപോകുന്നു. നമ്മെ സൃഷ്ടിച്ചു പരിപാലിച്ചു കൊണ്ടു വരുന്ന ദൈവത്തോടു കാണിക്കുന്ന സ്നേഹശൂന്യതയാണു് പാപം; ഏററം വലിയ നന്ദികേടുമാണു്. ''കണ്ടാലും എത്രയോ വലിയ സ്നേഹമാണു പിതാവു നമ്മോടു കാണിച്ചതു്. ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു. നാം അങ്ങനെ ആണുതാനും'' എന്നു വി. യോഹന്നാൻ പറയുന്നു. മാത്രമല്ല, ദൈവം എപ്പോഴും നമ്മിൽ വസിക്കുന്നു; നമുക്കു വേണ്ടതെല്ലാം സദാ തന്നുകൊണ്ടിരിക്കയും ചെയ്യുന്നു. ഇതൊന്നും പരിഗണിക്കാതെ പാപി ശൂന്യഹൃദയനായി, ദൈവത്തിനെതിരായി പാപം ചെയ്യുകയും അവിടുത്തെ തൻെറ ഹൃദയത്തിൽ നിന്നു പുറംതള്ളുകയും ചെയ്യുന്നു. കടുത്ത കൃതഘ്നത! വത്സല പിതാവേ, ഞാൻ പ്രവർത്തിച്ച നന്ദികേടിനെപ്പററി ഹൃദയപൂർവ്വം ദുഃഖിക്കുന്നു; അങ്ങയെ ആത്മാർത്ഥമായി സ്നേഹിക്കുന്നു.

രണ്ടാമതായി, പാപം ഏററം വലിയ അധികാരത്തോടു കാണിക്കുന്ന ധിക്കാരമാണു്. എല്ലാ അധികാരങ്ങളുടേയും പൂർണ്ണതയായ ദൈവം നല്കിയിരിക്കുന്ന കല്പനകളുടെ ലംഘനമാണല്ലോ പാപം. സകല സൃഷ്ടികളും ദൈവത്തിൻെറ നിയമമനുസരിച്ചു പ്രവർത്തിക്കുന്നു. എന്നാൽ ദൈവം വിശേഷബുദ്ധിയും സ്വാതന്ത്ര്യമനസ്സും നൽകി അനുഗ്രഹിച്ചിരിക്കുന്ന മനുഷ്യൻ മാത്രം ദൈവത്തെ അനുസരിക്കയില്ല; അവൻ ധിക്കാരം കാണിക്കുന്നു. അതോ, ദൈവത്തിൻെറ കൺമുമ്പിൽ വച്ചു തന്നെയുമാണു്. ദൈവത്തിൻെറ ദൃഷ്ടിയിൽപെടാത്ത ഒരു സ്ഥലവുമില്ല: സമയവുമില്ല: നമ്മുടെ ഉള്ളിലെ വിചാരങ്ങൾപോലും അവിടുന്നു കണ്ടുകൊണ്ടിരിക്കുന്നു. എന്നാൽ ഇതൊന്നും പാപി പരിഗണിക്കുന്നില്ല. ദൈവത്തിൻെറ അധികാരത്തെ ചോദ്യം ചെയ്തു

പിശാചിനെപ്പോലെ മനുഷ്യനും പ്രവർത്തിക്കുന്നു. നമ്മെ ആപത്തിൽ നിന്നു കാത്തുസൂക്ഷിക്കാനും നിത്യഭാഗ്യത്തിലേക്കു ഭദ്രമായി എത്തിക്കുവാനും വേണ്ടിയാണു ദൈവം പ്രമാണങ്ങൾ തന്നിരിക്കുന്നതു്. അല്ലാതെ തൻെറ അധികാരം നടത്താനല്ല. എന്നാൽ ഇതൊന്നും പാപി കണക്കാക്കുന്നില്ല. കണ്ടാലും നമ്മുടെ പാപങ്ങളുടെ ഗൗരവം! കർത്താവേ, ക്ഷമിക്കണമേ. അങ്ങേ കല്പനകൾ പാലിച്ചു് ഞങ്ങൾ ഇനി ജീവിക്കും. ഞങ്ങളുടെ ധിക്കാരത്തിനു മാപ്പു തരണമേ.

മൂന്നാമതായി, പാപം ഏററം വലിയ മഹത്ത്വത്തോടുള്ള അവഹേളനമാണു്. ആകാശം ദൈവമഹത്ത്വം പ്രഖ്യാപിക്കുന്നു. മററു സൃഷ്ടികൾ അതേററു പറയുന്നു. എന്നാൽ ബുദ്ധിപൂർവ്വം ദൈവത്തെ മഹത്ത്വപ്പെടുത്തുവാൻ മനുഷ്യനാണു കഴിയുക. പക്ഷേ, മഹത്ത്വത്തിനു പകരം അവഹേളനമാണു് പാപി ദൈവത്തിനു നൽകുക. വെറുംഇല്ലായ്മ മാത്രമായ നമ്മൾ മഹത്ത്വപൂർണ്ണനായ ദൈവത്തെ അവഹേളിക്കുകയോ? ഇന്ത്യൻ പ്രധാനമന്ത്രിയായിരിക്കുന്ന കാലത്തു് ജവഹർലാൽ നെഹ്റു മലബാർ സന്ദർശിച്ചു. പല ദിവസങ്ങൾ നീണ്ടുനിന്ന ആ പരിപാടിയുടെ ഒടുവിൽ ഒരു തുറന്ന കാറിൽ അദ്ദേഹം തീവണ്ടിസ്റ്റേഷനിലേക്കു പോകുകയായിരുന്നു. വഴിവക്കിൽ തിങ്ങിക്കൂടിയിരുന്ന ആളുകളിൽ ഒരാൾ ഭക്ത്യാദരപൂർവ്വം നെഹ്റുവിൻെറ കാറിലേക്കു് ഒരു പൂമാല എറിഞ്ഞുകൊടുത്തു. എന്നാൽ ഈ ഭക്തിപ്രദർശനത്തിൻെറ ഫലമെന്തായിരുന്നെന്നോ? ഉടനെ പോലീസ് അയാളെ അറസ്റ്റ് ചെയ്തു കൊണ്ടുപോയി തടവിലാക്കി! വലിയ ആളുകളെ ഹാരമണിയിക്കാൻ നേരത്തേ തന്നെ സ്ഥലവും സമയവും നിശ്ചയിച്ചു് അനുവാദം വാങ്ങണം: അല്ലെങ്കിൽ ശിക്ഷിക്കപ്പെടും! എന്നാൽ രാജാധിരാജനായ ദൈവത്തിനു മാലയിടുകയാണോ പാപി ചെയ്യുന്നതു്? അവൻ കാണിക്കുന്ന അവഹേളനം എത്രയോ ഗൗരവാവഹമാണു്? ദൈവമേ, വിചാരരഹിതരായി ഞങ്ങൾ പാപം ചെയ്തു് അങ്ങയെ അവഹേളിച്ചതു കരുണാപൂർവ്വം ക്ഷമിക്കണമേ.

നാലാമതായി, പാപം ഏററം വലിയ നന്മയോടു് കാണിക്കുന്ന നിന്ദനമാണു്. ദൈവം നമ്മുടെ ആരംഭമായി

രിക്കുന്നതുപോലെ നമ്മുടെ അന്ത്യവുമാണ്. പരമനന്മയായ അവിടുത്തെ പ്രാപിക്കുന്നതാണ് നമ്മുടെ സൗഭാഗ്യത്തിന്റെ തികവ്. എന്നാൽ, പാപി തന്റെ സന്തോഷം സൃഷ്ടികളിൽ അന്വേഷിക്കുന്നു. അവനു സർവ്വനന്മയായ ദൈവത്തെവേണ്ട; പകരം ക്ഷണികമായ സന്തോഷമോ, ദുരഭിമാനമോ, തുച്ഛമായ ലൗകിക ലാഭമോ മതി. എല്ലാം ത്യജിച്ചുകൊണ്ട് ദൈവത്തെ സ്വന്തമാക്കേണ്ടതിനുപകരം എല്ലാമായ ദൈവത്തെ ത്യജിച്ചുകൊണ്ട് ഒന്നുമല്ലാത്ത ഐഹികതാല്പര്യത്തെ ആശ്ലേഷിക്കുന്നു! പാപിയുടെ മൗഢ്യം! "ഇങ്ങനെ ഞാനും പ്രവർത്തിച്ചിട്ടില്ലേ" എന്നു ചിന്തിക്കുക. കർത്താവു നമ്മുടെ അപരാധം ക്ഷമിക്കട്ടെ.

അഞ്ചാമതായി, പാപം ഏററം വലിയ നീതിയോടുള്ള വെല്ലുവിളിയാണ്. ദൈവം നീതിമാനാണ്. അവിടുന്നു നന്മചെയ്യുന്നവർക്കു സമ്മാനവും തിന്മചെയ്യുന്നവക്കു ശിക്ഷയും നൽകും. ഒരിക്കലും വ്യത്യാസം വരാത്ത നിയമമാണിത്. വി. പത്രോസ് ശ്ലീഹാ എഴുതിയിരിക്കുന്നതുപോലെ, ദൈവം വളരെനാളം ക്ഷമാപൂർവ്വം കാത്തിരിക്കും, പാപി മാനസാന്തരപ്പെടുവാനായി. അതുകൊണ്ട്, നീതി നടത്തുവാൻ ദൈവത്തിനു സാധിക്കുകയില്ലെന്നു വിചാരിക്കേണ്ടാ. ഒടുവിൽ നീതിയുടെ സമയം വരുക തന്നെ ചെയ്യും. അതാണല്ലോ യൂദാസിന്റെ അനുഭവം വ്യക്തമാക്കുന്നത്. അവസാനം വരെ ഈശോ ആ സ്നേഹശൂന്യനായ ശിഷ്യനോടു ക്ഷമാപൂർവ്വം വർത്തിച്ചു. ഒടുവിൽ അയാളുടെ വഞ്ചന പൂർത്തിയാക്കുവാനായി പൊയ്ക്കൊള്ളുവാൻ പറഞ്ഞുവിട്ടു. അങ്ങനെ അയാൾ പുറത്തേ അന്ധകാരത്തിലേക്കു കടന്നുപോകുകയും ചെയ്തു. ഓർശ്ലം പട്ടണത്തിനു ഉണ്ടാകാനിരിക്കുന്ന നാശത്തെപ്പററി ദിവ്യരക്ഷകൻ നേരത്തേ പറഞ്ഞു. അതോർത്തു കർത്താവു കണ്ണീർചിന്തിക്കരഞ്ഞു. ഒരു കോഴിപ്പിട തന്റെ കുഞ്ഞുങ്ങളെ ചിറകിന്റെ കീഴിൽ സൂക്ഷിക്കുവാൻ ആഗ്രഹിക്കുന്നതുപോലെ ഓർശ്ലത്തിന്റെ സന്താനങ്ങളേയും രക്ഷിക്കുവാൻ അവിടുന്നാഗ്രഹിച്ചു; എന്നാൽ അവർ ചെവിക്കൊണ്ടില്ല; തന്നിമിത്തം എല്ലാവരും നശിക്കയും ചെയ്തു. ആകയാൽ കത്താവിന്റെ കരുണ നമ്മെ കാത്തിരിക്കുന്നു. ഇത്രയുംനാളം

നമ്മൾ അവിടുത്തെ ക്ഷമ പരീക്ഷിച്ചു. നമ്മൾ നടത്തിയ നിരവധിയായ കമ്പസാരങ്ങളിലെ പ്രതിജ്ഞകൾ പാലിക്കാതെ നടന്നതെല്ലാം അവിടുന്നു് അവഗണിച്ചു. എന്നാൽ ഇനിയും അങ്ങനെ തുടരാതിരിക്കാം. ദൈവത്തിൻെറ കാരുണ്യാധിക്യത്തെ പ്രകീർത്തിച്ചുകൊണ്ടു നമുക്കു മാനസാന്തരപ്പെടാം; പാപമാർഗ്ഗങ്ങൾ വെടിയുകയും ചെയ്യാം.

ഒടുവിലായി. പാപം ഏററം വലിയ വിശ്വാസ്സതയോടു കാണിക്കുന്ന വഞ്ചനയാണു്. ദൈവം നമ്മെ സൃഷ്ടിച്ചു രക്ഷിച്ചുകൊണ്ടു വരുന്നതു് അവിടുത്തെ അറിഞ്ഞു സ്നേഹിച്ചു സേവിച്ചു് നിത്യരക്ഷ പ്രാപിക്കുവാനാണല്ലോ. എന്നാൽ നമ്മൾ ഓരോ പാപവുംവഴി ഈ ദൈവികപദ്ധതി പരാജയപ്പെടുത്തുന്നു; അങ്ങനെ ദൈവത്തെ വഞ്ചിക്കുന്നു. പ്രപഞ്ചത്തിലുള്ള സൃഷ്ടികളോരോന്നിനേയും ദൈവം നമുക്കുവേണ്ടി സൃഷ്ടിച്ചു; അവ നമ്മുടെ ജീവിതവിജയത്തിനായി വിനിയോഗിക്കപ്പെടണം. അങ്ങനെ നമ്മളിലൂടെ അവയ്ക്കു സാഫല്യമുണ്ടാകണം. എന്നാൽ പാപി സൃഷ്ടികളെ ഓരോവിധം ദുരുപയോഗിക്കുകയും അധഃപതിപ്പിക്കുകയും ചെയ്യുന്നു. ദൈവം നിശ്ചയിച്ചിരിക്കുന്ന കടമകൾ ശരിയായി നിർവ്വഹിക്കുവാനായി ഭക്ഷിക്കേണ്ടതിനുപകരം, ഭോജനപ്രിയത്തിനു് അടിമയാകുന്നവൻ ഭക്ഷണവിഭവങ്ങളെ തിന്മയ്ക്കുള്ള ഉപകരണമാക്കുന്നു. അടക്കവും ഒതുക്കവും പാലിക്കുന്നതിനുപകരം അലങ്കോലമായി വസ്ത്രം ധരിച്ചു് ആഡംബരഭ്രമത്തിലും അശ്ലീലതയിലും മുഴുകുന്നവൻ അവയോടും അനീതി ചെയ്യുന്നു. ഐഹികനന്മകളുടെ സമൃദ്ധിയിൽ അഹങ്കരിക്കുകയും അന്യർക്കു് ഉപദ്രവകരമായി അവയെ വിനിയോഗിക്കുകയും ചെയ്യുന്നവൻ എല്ലാററിനേയും ലക്ഷ്യത്തിൽനിന്നകററുന്നു. ഇങ്ങനെ പ്രപഞ്ചകർത്താവിനു് എതിരായി പ്രവർത്തിക്കുന്നവനോടു പ്രതികാരം ചെയ്യുവാൻ സൃഷ്ടികൾ സ്രഷ്ടാവിനോടു നിലവിളിക്കുകയാണു്. പഴയനിയമകാലത്തെപ്പോലെ ഭൂമി പിളർന്നു പാപികളെ വിഴുങ്ങുമായിരുന്നു; സമുദ്രം കരകവിഞ്ഞു്, തിന്മ ചെയ്യുവരെ ജലത്തിൽ ആഴ്ത്തുമായിരുന്നു; വായു അവരെ ശ്വാസംമുട്ടിച്ചു കൊല്ലുമായിരുന്നു: ആകാശഗോളങ്ങൾ അവരുടെമേൽ നിപതിക്കുമായിരുന്നു. അഗ്നി കത്തിക്കാളി അധർമ്മികളെ ദഹിപ്പിക്കുമായിരുന്നു. എന്നാൽ ഇതൊന്നും അന്ന

വദിക്കാതെ എല്ലാററിനേയും ദൈവം കരുണാപൂർവ്വം നിയന്ത്രിക്കുകയാണ്. നമുക്ക മാനസാന്തരത്തിന് അവസരം നൽകുകയാണ്. നമ്മുടെ അവിശ്വസ്തതയെ അവിടുന്നു ക്ഷമാപൂർവ്വം വീക്ഷിച്ചുകൊണ്ടിരിക്കുന്നു.

വീണ്ടും, നമുക്കോരോരുത്തക്കും ദൈവം തന്നിരിക്കുന്ന പ്രത്യേക കഴിവുകളിൽ ഏതിനെയാണു നാം ദുരുപയോഗിക്കാത്തത്. ദൈവത്തെപ്പററി പഠിക്കുവാനും അറിയുവാനുമാണ് അവിടുന്നു നമുക്കു ബുദ്ധിശക്തി നൽകിയത്. എന്നാൽ നമ്മൾ അതിൽ അലസരാകുകയും ദൈവത്തിനും സഹോദരന്മാർക്കും എതിരായി ദുരാലോചന നടത്തുകയുമല്ലയോ ചെയ്തത്? ദൈവത്തേയും സമസൃഷ്ടികളേയും സ്നേഹിക്കുവാനായി ഹൃദയം തന്നു. എന്നാൽ അതിൽ വളർത്തിയത് സ്നേഹശൂന്യതയും വിദ്വേഷവുമല്ലയോ? നന്മ ചെയ്യാനുള്ള സ്വാതന്ത്ര്യം നമുക്കു തന്നു; എന്നാൽ നമ്മൾ സ്വാതന്ത്ര്യത്തെ ദുരുപയോഗിച്ചില്ലേ? ദൈവത്തെ സ്തുതിക്കുവാനായി നല്കിയിട്ടുള്ള നാവിനെ ദൈവദൂഷണവും പരദൂഷണവും പറയുവാനല്ലയോ പലപ്പോഴും വിനിയോഗിച്ചത്? നമുക്കു കാഴ്ച നൽകിയത് അബദ്ധമായിപ്പോയി. കാരണം, കണ്ണുകൊണ്ടു ദൈവത്തെ ദ്രോഹിക്കയല്ലായിരുന്നോ? ദൈവം എനിക്കു തന്ന ആരോഗ്യവും സൗന്ദര്യവും നന്മയ്ക്കോ, തിന്മയ്ക്കോ വിനിയോഗിച്ചത്? അതുപോലെ എൻെറ പണവും പാണ്ഡിത്യവും എന്നെ ദൈവത്തിൽ നിന്നകററിയോ അഥവാ അവിടത്തോട് അടുപ്പിച്ചോ? എനിക്കു ധാരാളം ബന്ധുക്കളും സ്നേഹിതരും ഉണ്ടായിരിക്കും. അവരും ഞാനും ദൈവത്തെ മഹത്വപ്പെടുത്തുവാൻ പററുന്ന വിധമാണോ ഞാൻ അവരോട് ഇടപെട്ടത്? എൻെറ സ്നേഹം തികച്ചും നിർമ്മലവും നിസ്വാർത്ഥവുമാണോ? ഇപ്രകാരം, പലവിധ ദാനങ്ങൾവഴി ദൈവം എന്നോടു സ്നേഹവും വിശ്വാസവും കാണിച്ചു. എന്നാൽ ഞാൻ അവിടെയൊക്കെ വഞ്ചന പ്രവർത്തിച്ചില്ലേ? ദൈവമേ, എൻെറ അവിശ്വസ്തതയെ ക്ഷമിക്കണമേ. എൻെറ തെററുകൾക്കു മാപ്പുതരണമേ.

പ്രിയപ്പെട്ടവരെ, ലോകത്തിൻെറ പാപങ്ങൾ ഏറെറടുത്ത ദൈവത്തിൻെറ കുഞ്ഞാടിനെ കണ്ടാലും. ഗദ്സേമനിൽ

മരണകരമായ വ്യഥയനുഭവിച്ച പ്രാർത്ഥിക്കുകയും രക്തം വിയർക്കുകയും ചെയ്യുന്ന ഈശോ സംഭീതനായി നമ്മെ നോക്കുന്നു. എന്താണ് അവിടത്തെ ഇത്രയേറെ ക്ലേശിപ്പിക്കുന്ന ഭീകര കാര്യം? നമ്മുടെ നിരവധിയായ പാപങ്ങളുടെ ദർശനം തന്നെ. പരമപരിശുദ്ധനായ അവിടുന്ന് എല്ലാ അപരാധങ്ങളും ഏറ്റെടുത്തിരിക്കുകയാണ്; എല്ലാവർക്കും വേണ്ടി കുററവാളിയായിരിക്കയാണ്. അവിടുന്നു തിന്മയുടെ മൂർത്തീഭാവമായിരിക്കുന്നു. എല്ലാ പാപങ്ങളും ഈശോയുടെമേൽ മലപോലെ വന്നുകൂടിയിരിക്കുന്നു. അതിരും ആഴവും നിശ്ചയമില്ലാത്ത, പാപങ്ങളുടെ ഒരു മഹാസമുദ്രത്തിൽ അവിടുന്നു നിലയില്ലാതെ മുങ്ങിത്താഴുന്നു, ഈ പാപക്കടലിൽ നിന്നു പാഞ്ഞൊഴുകുന്ന ഒരു പ്രവാഹത്തിൽപെട്ട് ഈശോ നിസഹായനായി ഒഴുകിപ്പോകുന്നു; എൻെറ നികൃഷ്ട കുററങ്ങളല്ലയോ ആ പാപപ്രവാഹത്തെ രൂപപ്പെടുത്തിയതു്? ഏശയ്യാ പറഞ്ഞിട്ടുള്ളതുപോലെ, അവിടുന്ന്, എൻെറ പാപങ്ങൾമൂലം മുറിവേററു; എൻെറ ദുഷ്കർമ്മങ്ങൾ നിമിത്തം മർദ്ദിതനായി.

നമ്മുടെ തെററുകൾക്ക് എണ്ണിയെണ്ണി അവിടുന്നു പരിഹാരം ചെയ്തു. വെറും ഇല്ലായ്മയും പൊടിയുമായ നമ്മുടെ അഹങ്കാരത്തിനു പരിഹാരമായി ഈശോ സ്വയം ശൂന്യമാക്കി, ദാസനായി പ്രത്യക്ഷപ്പെട്ടു; അവിടുന്നു ഭ്രാന്തനായി, ബറാബാസിനേക്കാൾ അധമനായി, പരിഹാസരാജനായി, രണ്ടു കള്ളന്മാരിൽ വലിയ കള്ളനായി, കുരിശിൽ മരിക്കേണ്ട കുററവാളിയായി. നമ്മുടെ അനുസരണക്കേടുമൂലം, സകലാധികാരങ്ങളുമുള്ളവൻ എല്ലാ നിയമത്തിനും കീഴ്പ്പെട്ടു ജീവിച്ചു; കുരിശുമരണംവരെയും അനുസരിച്ചു പൂർത്തിയാക്കുകയും ചെയ്തു. നമ്മുടെ അലസതയ്ക്കു പരിഹാരം ചെയ്യുവാനായി കർത്താവു അദ്ധ്വാനനിരതനായി ജീവിച്ചു; നെററിയിലെ വിയർപ്പു കൊണ്ടു അപ്പം സമ്പാദിച്ചു. നമ്മുടെ ദ്രവ്യാശയ്ക്കു പരിഹാരമായി അവിടുന്നു പരമദരിദ്രനായി ജനിച്ചു; ഉപരിദരിദ്രനായി ജീവിച്ചു; ദാരിദ്ര്യത്തിൻെറ പരമകാഷ്ഠയിൽ, തല ചായിക്കുവാൻ ഇടമില്ലാതെ മരിച്ചു; അന്യൻെറ കല്ലറയിൽ സംസ്കരിക്കപ്പെടുകയും ചെയ്തു. നമ്മുടെ സുഖലോലുപതയ്ക്കും അവിടുന്നു പരിഹാരമനുഷ്ഠിച്ചു; പുൽക്കൂടു മുതൽ കുരിശുവരെ നീണ്ടുനിന്ന പരിഹാരം! അവിടുന്നു രക്തം വിയർത്തു. കശാ

പ്രഹരമേററു, മുംമുടി ധരിച്ചു, കുരിശുവഹിച്ചു; ക്രൂശിതനായി സഹിച്ചു മരിച്ചു.

ഇതെല്ലാം കണ്ടുകഴിഞ്ഞ നമ്മൾ വീണ്ടും പാപം ചെയ്യുക എത്രയോ വലിയ ഹൃദയശൂന്യതയാണു്; നന്ദികേടാണു്! കർത്താവേ, ഞങ്ങളുടെ അപരാധങ്ങളുടെ കാഠിന്യം ഞങ്ങൾ കാണുന്നു. അങ്ങയുടെ രക്തത്തിനുവേണ്ടി മുറവിളി കൂട്ടിയ മൂഢന്മാരാണു ഞങ്ങൾ; അങ്ങേക്കു് എതിരായി കള്ളസാക്ഷി പറഞ്ഞവരാണു്: അങ്ങയെ ക്രൂശിക്കുവാൻ കൂട്ടുനിന്നവരാണു്. അങ്ങനെ എത്രയോ പ്രാവശ്യം ചെയ്തിരിക്കുന്നു. എന്നിട്ടും അങ്ങു ഞങ്ങൾക്കുവേണ്ടി കരുണാർദ്രമായി പ്രാർത്ഥിക്കുന്നു. കർത്താവേ, ഞങ്ങളുടെ നന്ദിഹീനതയെപ്പററി ഞങ്ങൾ ദുഃഖിക്കുന്നു: ഇനിമേൽ സ്നേഹരഹിതമായി പ്രവർത്തിക്കുകയില്ലെന്നു ഉറപ്പു പറയുകയും ചെയ്യുന്നു.

ഒടുവിലായി, ഒരു കാര്യംകൂടി നമ്മൾ ഓർമ്മിക്കേണ്ടതുണ്ടു്. ചിലർക്കൊക്കെ ഒരു വിചാരം—''ഞാനങ്ങനെ വലിയ പാപമൊന്നും ചെയ്യുന്നില്ല; എൻെറ തെററുകൾ നിസ്സാരങ്ങൾ''. തികച്ചും വിചിത്രമായ മനോഭാവം! കുട്ടികളോടെന്നവിധം ഞാൻ ഒരുദാഹരണം പറയട്ടെ. പരി. മാർപാപ്പാ നമ്മുടെ നാടു സന്ദർശിക്കുവാൻ വരുന്നുവെന്നു കരുതുക. അദ്ദേഹത്തിനു വലിയ സ്വീകരണം നൽകുന്നു. എന്നാൽ ആ സ്വീകരണവേളയിൽ ഒരാൾ ഒരു വലിയ വടികൊണ്ടു പരി. പിതാവിൻെറ തലയിൽ ശക്തിയായി ഒരടി കൊടുക്കുന്നു! ഏററം ഹീനമായ കൃത്യം! വലിയ അവഹേളനം! നിന്ദനം! എല്ലാവിധത്തിലും കുററകരം. എന്നാൽ, വേറൊരാൾ മാർപ്പാപ്പയുടെ അടുത്തുനിന്നു്, ഒരു നല്ല നുള്ള കൊടുത്തു. എന്നിട്ടു് അയാൾ പറയുകയാണു്: ഞാൻ മാർപ്പാപ്പയെ തല്ലിയില്ലല്ലോ, ഒന്നു നുള്ളുക മാത്രമേ ചെയ്തുള്ളല്ലോ. നിശ്ചയമായും നുള്ളിയതും വലിയ കുററം തന്നെ. കാരണം, അയാൾ തൻെറ കൂട്ടുകാരനെയല്ല നുള്ളിയതു്. പ്രത്യുത ലോകമഹാപുരുഷനായ പരി. പിതാവിനെയാണു്.

പ്രിയരേ, ഇതു ശരിയാണെന്നു നമുക്കറിയാമെങ്കിൽ, സാരമില്ലെന്നു പറഞ്ഞു നമ്മുടെ പാപങ്ങളെ അവഗണിക്കുവാൻ

നമുക്കെങ്ങനെകഴിയും? ഒരു മനുഷ്യവ്യക്തിയുടെ കാര്യത്തിൽ എല്ലാവിധ ബഹുമാനവും ഭക്തിയും കാണിക്കണമെന്നും അതിൽ മനഃപൂർവ്വം ഒരു കുറവും വരുത്തരുതെന്നും നമുക്കു നിഷ്ക്കർഷമുണ്ടെങ്കിൽ, എല്ലാററിൻേറയും തികവായ ദൈവത്തിനെതിരായി, സാരമില്ലെന്നു പറഞ്ഞു തെററു ചെയ്യാമോ? "നിൻെറ പൂർണ്ണമനസ്സോടും പൂർണ്ണഹൃദയത്തോടും പൂർണ്ണആത്മാവോടും എല്ലാ കഴിവുകളോടുംകൂടി നിൻെറ ദൈവമായ കർത്താവിനെ സ്നേഹിക്കണം" എന്ന ദൈവകല്പന പാലിക്കേണ്ടതല്ലേ?

ക്രിസ്തുനാഥൻെറ മാതൃക നോക്കുവിൻ. അവിടുന്ന് എല്ലാററിലും എപ്പോഴും പിതാവിൻെറ ഹിതം നിർവ്വഹിച്ചു. അതിനായി അവിടുന്നു സ്വയം ശത്രുക്കളുടെ കൈകളിൽ ഏല്പിച്ചുകൊടുത്തു; കുരിശിൽ എല്ലാം പൂർത്തിയാക്കുകയും ചെയ്തു. ഓരോ ക്രിസ്ത്യാനിയും ഈ മാതൃക അനുകരിക്കേണ്ടതാണ്. രക്തസാക്ഷികളുടെ ചരിത്രം പരിശോധിക്കുവിൻ. "ദൈവത്തെ ശപിക്കുക" എന്നു പുണ്യവാനായ പോലിക്കാർപ്പിനെ നിർബന്ധിച്ച സഭാശത്രുക്കളോട് അദ്ദേഹം ചോദിച്ചു: "എന്തിനു ഞാനങ്ങനെ ചെയ്യണം? ഇക്കാലമെല്ലാം എൻെറ നല്ല ദൈവം എനിക്കു നന്മയല്ലാതെ ഒന്നും ചെയ്തിട്ടില്ല; പിന്നെന്തിനു ഞാൻ അവിടുത്തെ ശപിക്കണം?" വിശുദ്ധൻ ദൈവസ്തോത്രങ്ങൾ പാടിക്കൊണ്ട് അഗ്നികുണ്ഡത്തിൽ ജീവിതബലി പൂർത്തിയാക്കി. പതിനാറാം നൂററാണ്ടിൽ ഇംഗ്ലണ്ടിലെ ലോർഡ് ചാൻസലറായിരുന്ന തോമസ് മൂർ ഒരു കുടുംബനായകനും ഭർത്താവും പിതാവുമായിരുന്നു. ഹെൻട്രി എട്ടാമൻെറ വിശ്വാസവിരുദ്ധമായ നിയമങ്ങൾ അംഗീകരിക്കാഞ്ഞതിനാൽ അദ്ദേഹത്തെ മരണത്തിനു വിധിച്ചു. വധസ്ഥലത്തു കൂടിനിന്ന ജനങ്ങളോട് അദ്ദേഹം പറഞ്ഞു: "ഞാൻ എൻെറ ദൈവത്തെ സേവിച്ചു; രാജാവിനേയും സേവിച്ചു. എന്നാൽ, രാജാവിൻെറ ഹിതം ദൈവകല്പനയ്ക്ക് എതിരായി വന്നപ്പോൾ ഞാൻ രാജാവിനെ വിട്ടുകൊണ്ട് ദൈവത്തോടു കൂടിനിന്നു. അതിനാണ് ഈ മരണം". ഒരു ധീരമാതൃക കൂടി. നമ്മുടെ കാലത്ത്, ആ പാവപ്പെട്ട വേലക്കാരി പെൺകുട്ടി, എഴുത്തും വായനയും അറിയില്ലാത്ത മരിയാഗൊരേററി,

ആയുധവുമായിവന്നു് തന്നെ പാപത്തിനു പ്രേരിപ്പിച്ച അലക്സാണ്ടറോടു സധൈര്യം പറഞ്ഞു: "ഇതു പാപമാണു്; ദൈവത്തിനു് ഇഷ്ടമില്ല; ആകയാൽ ഞാൻ ചെയ്യുകയില്ല". അവൾ പ്രാണൻ ത്യജിച്ചുകൊണ്ടു ആ വാക്കു പാലിക്കുകയും ചെയ്തു.

പ്രിയ സഹോദരരേ, ശാന്തമായി ചിന്തിച്ചാലും. പാപത്തേക്കാൾ മരണം എന്ന പുണ്യാത്മാക്കൾ സ്വീകരിച്ച ആദർശം നമ്മളും പാലിക്കേണ്ടേയോ? ചെയ്തുപോയ തെററുകളെപ്പററി സ്നേഹജന്യമായ മനസ്താപത്തോടെ നമുക്കു മാപ്പപേക്ഷിക്കാം. നമ്മുടെ നന്ദികേടും സ്നേഹശൂന്യതയും ധിക്കാരവും വഞ്ചനയുമെല്ലാം ദൈവം ക്ഷമിക്കും. "ദൈവമേ, അങ്ങേക്കെതിരായി ഞാൻ പാപം ചെയ്തു. അങ്ങയുടെ തിരുമുമ്പിൽ ഞാൻ അപരാധം പ്രവർത്തിച്ചു" എന്ന ബോധത്തോടെ നമുക്കു് ഒരു മുഴുവൻ കുമ്പസാരം കഴിക്കാം. ദൈവസ്നേഹത്തിൽ വളർന്നു വരുകയും ചെയ്യാം.

# 14. കുമ്പസാരം

മിശിഹായിൽ പ്രിയ സഹോദരരേ,

പണ്ഡിതനായ കാർഡിനൽ ന്യൂമൻ പ്രോട്ടസ്റ്റൻറുസഭ വിട്ടു് കത്തോലിക്കാതിരുസ്സഭയിൽ പ്രവേശിച്ചപ്പോൾ തനിക്കുണ്ടായ അനുഭവങ്ങളെപ്പററി പറയുകയാണു്: 'എനിക്കു് കത്തോലിക്കാസഭയിൽ ഒരത്ഭുതം കാണാൻ കഴിഞ്ഞു; അതു കുമ്പസാരക്കൂട്ടിലെ അത്ഭുതമാണു്. പാപത്തിൻെറ ഭാരം പേറുവാൻ കഴിയാതെ ദുർഭഗനായി വർത്തിക്കുന്ന വ്യക്തി കുമ്പസാരക്കൂട്ടിൽ പ്രവേശിച്ചു് പാപമോചനം പ്രാപിക്കുന്നതിനോടുകൂടെ കൈവരുന്ന സ്വർഗ്ഗീയശാന്തിയും സമാധാനവുമാണതു്!'' ആ ശാന്തിയും സമാധാനവും, ചെറുപ്പംമുതൽതന്നെ നമ്മൾ അനുഭവിച്ചുവരുന്നതാണല്ലോ. ഈ കൂദാശ ഇല്ലാതിരുന്നുവെങ്കിൽ, മാമ്മോദീസായിൽ ലഭിച്ച പ്രസാദവരം നഷ്ടപ്പെടുത്താതെ ജീവിച്ചു്, എത്രപേർ സ്വർഗ്ഗം പ്രാപിക്കുമായിരുന്നു? ഒരു ഇഗ്നേഷ്യസും ഫ്രാൻസീസ് അസ്സീസിയും മററും പുണ്യവാന്മാരാകുമായിരുന്നോ? കുമ്പസാരംവഴി ദൈവികജീവൻ വീണ്ടും പ്രാപിക്കുവാൻ കഴിഞ്ഞു എന്നതാണു് അവരുടെ വിജയത്തിൻെറ അടിസ്ഥാനം. അതുകൊണ്ടാണു് കുമ്പസാരത്തെ Baptism of tears എന്നു വിളിക്കുന്നതു്. വാസ്തവത്തിൽ, കുമ്പസാരത്തിൽ എത്രയോ വലിയ അത്ഭുതമാണു നടക്കുക! ഈശോ മരിച്ചവരെ ഉയിർപ്പിക്കുകയുണ്ടായി. എന്നാൽ അതിലും വലിയ അത്ഭുതമാണു് മഗ്ദലേനയെ പുണ്യവതിയാക്കിയതും കുരിശിലേ കള്ളനെ സ്വർഗ്ഗത്തിൻെറ അവകാശിയാക്കിയതും. ഇതുതന്നെയാണു നമ്മുടെ കുമ്പസാരക്കൂടുകളിലും നടന്നുകൊണ്ടിരിക്കുന്നതു്. ആകയാൽ, അനുഗ്രഹസമ്പന്നമായ ഈ കൂദാശ സ്ഥാപിച്ച തന്നതിനു ക്രിസ്തുനാഥനു് എത്ര നന്ദിപറഞ്ഞാലും ഒന്നുമാകുകയില്ല. കർത്താവിൻെറ കാരുണ്യത്തെ നമുക്കു് എന്നും പ്രകീർത്തിക്കാം.

എന്നാൽ ഇന്നു് എന്താണു് നടക്കുന്നതു്? കുമ്പസാരത്തെപ്പററി പലവിധ തെററിദ്ധാരണകൾ. പലതും അജ്ഞതയുടെ

ഫലമാണ്. ആദ്യകുമ്പസാരത്തിനുള്ള ഒരുക്കമായി കുട്ടികൾക്ക് ഏതാണ്ടെല്ലാം പറഞ്ഞുകൊടുത്തു. പക്ഷേ പലതും അവർക്കു മനസ്സിലായില്ല; ബാക്കി മറന്നും പോയി. പ്രായമായപ്പോൾ, ദുരാശകൾ തലപൊക്കുകയും തെററുകൾ ഉണ്ടാകുകയും ചെയ്യുവാൻ തുടങ്ങിയപ്പോൾ, വേണ്ട അറിവൊന്നും കിട്ടിയില്ല. പിശാചിൻെറ തട്ടിപ്പും സഭാവിരോധികളുടെ കുപ്രചരണങ്ങളും കൂടിയായപ്പോൾ പരാജയം പൂർത്തിയാകുന്നു. തന്നിമിത്തം കുമ്പസാരത്തെ വെറുക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നു. ഒരു കോളേജുവിദ്യാർത്ഥിയുടെ അനുഭവം ഞാൻ ഓർക്കുന്നു. അയാൾ കുമ്പസാരവും കുർബാനയുമൊക്കെ ഉപേക്ഷിച്ചിട്ട് കാലം കുറെയായി. എന്താണു കാരണമെന്നോ? അയാൾ എന്നോടു പറഞ്ഞു: "ഞാൻ ഒരു ലോഡ്ജിൽ താമസിച്ചാണു പഠിക്കുന്നത്. അവിടെയുള്ള ചില സഹപാഠികൾ എന്നോടു ചോദിച്ചു: "നീ ഒരു കത്തോലിക്കനാണോ?" "അതേ" എന്നു ഞാൻ മറുപടി പറഞ്ഞു. ഉടനെ അവർ: "ഈ ശാസ്ത്രയുഗത്തിൽ വല്ലവരും ദൈവവും മതവുമൊക്കെ കൊണ്ടുനടക്കുമോ?" അവർ തുടർന്നു: "നീ പള്ളിയിൽ പോകാറുണ്ടോ?" "ഉണ്ട്" എന്നു ഞാൻ വീണ്ടും ഉത്തരം നല്കി. അവർ മൂന്നാമതായി ചോദിച്ചു: "നീ കുമ്പസാരിക്കുന്നുണ്ടോ?" അതിനും ഉണ്ടെന്നു തന്നെയായിരുന്നു എൻെറ മറുപടി. ഉടനെ അവർ ആർത്തട്ടഹസിച്ചു പറഞ്ഞു: "ഈ നാണംകെട്ട പണിക്ക് ആരു പോകുമെടാ." ഇങ്ങനെ അവർ എൻെറ മതാനുഷ്ഠാനങ്ങളെല്ലാം അവഹേളനവിഷയമാക്കി: എൻെറ വിശ്വാസമൊക്കെ ചിച്ചിച്ചീന്തിക്കളഞ്ഞു. അതിൽ പിന്നീടു ഞാൻ പള്ളിയിൽ പോയിട്ടില്ല; കുമ്പസാരിച്ചിട്ടുമില്ല". കണ്ടോ; ഇതാണു നമ്മുടെ യുവാക്കന്മാരുടെ ലോകം! നമ്മൾ കുമ്പസാരിക്കുന്നതിൽ ഈ മതവിരോധികൾക്ക് എന്താണിത്ര പിണക്കം? അവർക്കൊരു നഷ്ടവുമില്ലെന്നു മാത്രമല്ല, വല്ലതും മോഷ്ടിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതു മടക്കിക്കിട്ടുകയും ചെയ്യും. അതുകൊണ്ടാണ്, പണ്ടു കത്തോലിക്കർ നമ്പൂതിരിമാരുടെ വക നിലങ്ങൾ കൃഷിചെയ്തിരുന്ന കാലത്ത്, പള്ളിയിൽ പതിവുള്ള ധ്യാനം നടന്നുകാണുവാൻ അവർ ആഗ്രഹിച്ചിരുന്നത്. അങ്ങനെ, ക്രിസ്ത്യാനികൾ ധ്യാനംകൂടി കുമ്പസാരിച്ചിട്ടുവേണം മനസ്സുലേക്കുള്ള പാട്ടം അളക്കുവാൻ.

എന്നാൽ ഇന്നു സഖാക്കൾക്കു് ക്രിസ്ത്യാനിയെ പാപത്തിൽ തന്നെ നിറുത്തി, നാസ്തികനാക്കണമെന്നാണു നിർബന്ധം. ആകയാൽ, കുമ്പസാരത്തെപ്പററി ഉണ്ടായിട്ടുള്ള തെററായ ധാരണകൾ പ്രത്യേകം ശ്രദ്ധിച്ചു തിരുത്തേണ്ടിയിരിക്കുന്നു.

കുമ്പസാരം വൈദികൻെറ കണ്ടുപിടിത്തമല്ല. അതു ക്രിസ്തുനാഥൻതന്നെ സ്ഥാപിച്ചതാണു്. കഫർനാമിലെ ഭവനത്തിൽവച്ചു്, തൻെറ പാദങ്ങളിലേക്കു കെട്ടിയിറക്കിയ തളർവാതരോഗിയോടു ഈശോ പറഞ്ഞു: ''നിൻെറ പാപങ്ങൾ നിനക്കു മോചിക്കപ്പെട്ടിരിക്കുന്നു'' എന്നു്. ഇതുകേട്ട ഫരിസേയർ ചിന്തിക്കയാണു്: ഇയാൾ ദൈവദൂഷണം പറയുന്നു: പാപം മോചിക്കുവാൻ ആർക്കാണു് അധികാരം? അവരുടെ ചിന്താഗതി കണ്ടു ദിവ്യരക്ഷകൻ അരുളിച്ചെയ്തു: ''മനുഷ്യപുത്രനു ലോകത്തിൽ പാപം മോചിക്കുവാൻ അധികാരമുണ്ടെന്നു നിങ്ങൾ അറിയുവാനായി, അവിടുന്നു് ആ രോഗിയോടു് പറഞ്ഞു: ''നിൻെറ കിടക്കയും എടുത്തുകൊണ്ടു് വീട്ടിലേക്കു പോകുക'' എന്നു്. ഉടനെ അയാൾ രോഗവിമുക്തനായി മടങ്ങിപ്പോയി. ആന്തരികമായി നടന്ന പാപശാന്തിക്കുള്ള ബാഹ്യമായ അടയാളമായിരുന്നു ആ രോഗശാന്തി. ദൈവപുത്രനു പാപം മോചിക്കുവാൻ അധികാരമുണ്ടു്. അതു ലോകത്തിൽ നിലനിറുത്തുവാനും അവിടുന്നു തിരുമനസ്സായി. തൻെറ മരണത്തിൻെറ തലേരാത്രിയിൽ അവിടുന്നു സ്വശിഷ്യന്മാർക്കു ബലി അർപ്പിക്കാനുള്ള അധികാരവും നല്കിയെങ്കിൽ, താൻ മരിച്ചുയർത്ത ഞായറാഴ്ച രാത്രിയിൽ അവിടുന്നു അവർക്കു പാപം മോചിക്കാനുള്ള അധികാരം നൽകി; ''നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുമോ, അവ മോചിക്കപ്പെടുകയും ചെയ്യും'' (യോഹ. 20/23). കർത്താവു് അവരോടു് അരുളിച്ചെയ്തു. ഈ അധികാരം തന്നെയാണു് തിരുസ്സഭയിൽ ഇന്നും പ്രവർത്തിക്കുന്നതു്. ഇതാണു് പണ്ഡിതനും സാഹിത്യകാരനുമായിരുന്ന ജി. കെ. ചെസ്റ്റർട്ടനെ കത്തോലിക്കാസഭയിലേക്കു് ആനയിച്ചതു്. അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു: ''എൻെറ പാപങ്ങൾക്കു മോചനം ലഭിക്കുവാനായി ഞാൻ കത്തോലിക്കാസഭയിൽ ചേർന്നു''. ഈ വലിയ അനുഗ്രഹത്തെപ്പററിയുള്ള ബോധം ചില വിശ്വാസികളിൽ കുറഞ്ഞു കണ്ടതുകൊണ്ടാണു് സഭാമാതാവു് 13-ാം നൂററാണ്ടിൻെറ

ആരംഭത്തിൽ വ്യവസ്ഥചെയ്തതു്, ആണ്ടിലൊരിക്കലെങ്കിലും അവശ്യം കുമ്പസാരിക്കണമെന്നു്. അങ്ങനെ പണ്ടേ നിലവിലിരുന്ന കുമ്പസാരമെന്ന കൂദാശ സ്വീകരിക്കുവാനുള്ള പുതിയൊരു പ്രേരണ നൽകുക മാത്രമാണു സഭ ചെയ്തതെന്നു വ്യക്തം.

കുമ്പസാരം വലിയൊരു ഭാരമാണെന്നു ചിലർ കരുതുന്നുണ്ടു്. എന്നാൽ ഇതൊരു ഭാരമല്ലെന്നു മാത്രമല്ല വലിയ അനുഗ്രഹംകൂടിയാണു്. മനുഷ്യപ്രകൃതിക്കു് ഏററം സ്വീകാര്യമാണു് ഈ കൂദാശയെന്നു അല്പം ചിന്തിച്ചാൽ വ്യക്തമാകും. ഒരുദാഹരണം: ഒരമ്മയും മകനും തമ്മിൽ കലഹമുണ്ടായി. അരിശം മൂത്തു് മകൻ പറയുവാൻ പാടില്ലാത്ത പലതും അമ്മയോടു പറഞ്ഞു. അതുകേട്ടു് അമ്മ വേദനയോടെ ഇങ്ങനെ പ്രലപിച്ചു: 'മകനേ, നീ അങ്ങനെ എന്നോടു പറയേണ്ടതാണു്. കാരണം, എൻെറ മക്കളിൽവച്ചു് നിനക്കുവേണ്ടിയാണു് ഞാൻ കൂടുതൽ ക്ലേശിച്ചിട്ടുള്ളതു്.'' ഒടുവിൽ മകൻെറ കോപം ശമിച്ചപ്പോഠം അവൻ പശ്ചാത്താപവിവശനായി. ''കഷ്ടം, അമ്മച്ചിയോടു് അങ്ങനെയൊക്കെ പറഞ്ഞുപോയല്ലോ.'' എന്നു് പരിതപിച്ചു. ഇനി അമ്മയോടു് എങ്ങനെയെങ്കിലും അവനു രമ്യപ്പെടണം. അതിനു് അമ്മ ഇരിക്കുന്ന മുറിയിൽ, അതെടുത്തു്, ഇതെടുത്തു് അവൻ അമ്മയെ സമീപിക്കുകയാണു്. അപ്പോഴേക്കും അമ്മക്കും മനസ്സിലായി, പുത്രനു കുററബോധവും പശ്ചാത്താപവും ഉണ്ടായിരിക്കുന്നുവെന്നു്. ആ മാതാവു് ശാന്തമായി പറഞ്ഞു: ''മകനേ ഇങ്ങുവരൂ, ഇന്നു് അരിശം കുറെ കൂടിപ്പോയി അല്ലേ? ഇങ്ങനെയാണോ അമ്മച്ചിയോടു് പറയേണ്ടതു്. ആട്ടെ, പോട്ടെ, ഇനി നല്ല കുഞ്ഞായിരിക്കുക.'' അവൻ അമ്മയെ കെട്ടിപ്പിടിച്ചു ചുംബിച്ചു. അവനു സമാധാനമായി, അമ്മ എല്ലാം ക്ഷമിച്ചതോടെ. ഇതുതന്നെയാണു കുമ്പസാരത്തിലും നടക്കുന്നതു്. സുവിശേഷത്തിലെ ധൂർത്തപുത്രനെപ്പോലെ പാപി ദൈവത്തിൻെറ കരുണക്കും സ്നേഹത്തിനും പാത്രമായിത്തീരുന്നു. ഈ നൈസർഗ്ഗിക താല്പര്യം എല്ലാ മനുഷ്യർക്കുമുണ്ടു്. അതുകൊണ്ടാണു് ഹൈന്ദവർ കാശിയിലും രാമേശ്വരത്തും പോയി പാപമോചനം നേടുവാൻ ശ്രമിക്കുന്നതു്; മഹമ്മദീയർ മെക്കായിലും.

വീണ്ടും കുമ്പസാരംവഴി ആത്മീയനന്മ മാത്രമല്ല മാനസികവും ശാരീരികവുമായ പ്രയോജനവും ഉണ്ടാകുന്നുണ്ട്. ആത്മീയചികിത്സയ്ക്കു (Spiritual therapy) നമ്മുടെ ആസ്പത്രികളിൽ ഇന്നു കൂടുതൽ പ്രാധാന്യം കല്പിക്കുന്നുണ്ടല്ലോ. നല്ലൊരു കുമ്പസാരം കഴിച്ച് വി. കുർബാന സ്വീകരിക്കുന്നതോടുകൂടി രോഗശാന്തി കുറെയൊക്കെ ഉണ്ടാകുന്നതായി കാണുന്നു. പ്രസിദ്ധ മാനസിക രോഗവിദഗ്ദ്ധനായ ഡോക്ടർ ചാറത്സ് യൂങ് പറയുന്നു: "ഞാൻ ആയിരക്കണക്കിനു മനോരോഗികളെ ചികിത്സിച്ചിട്ടുണ്ട്. എന്നാൽ അവരിൽ കത്തോലിക്കരെ കുറച്ചു മാത്രമേ കണ്ടിട്ടുള്ളു. ഇതിനുള്ള കാരണം അവരുടെ കുമ്പസാരമെന്ന കൂദാശയാണ്."

കുമ്പസാരത്തെപ്പററി വേറൊരു അബദ്ധധാരണയുണ്ട്. ഒരേകാന്തധ്യാനത്തിനിടയ്ക്കു് ഒരു വിദ്യാർത്ഥിനി ചോദിക്കയാണ്: "അച്ചാ, നമ്മുടെ മെത്രാപ്പോലീത്താച്ചനും മററും കുമ്പസാരിക്കുമോ?" പാവം കുട്ടി! അവളൊരിക്കലും കണ്ടിട്ടില്ല മെത്രാനും വൈദികനും കുമ്പസാരിക്കുന്നതു്. എന്നാൽ നമുക്കറിയാം, ഈശോ ഈ കൂദാശ സ്ഥാപിച്ചതു് എല്ലാവർക്കും വേണ്ടിയാണ്. പാപമോചനം ലഭിക്കുവാനായി എല്ലാവരും കുമ്പസാരിക്കയും വേണം. വൈദികനും മെത്രാനും മാത്രമല്ല മാർപ്പാപ്പായും കുമ്പസാരിക്കുന്നുണ്ടു്. പരി. പിതാവ് ആഴ്ചതോറും കുമ്പസാരം കഴിക്കുന്നു. വാസ്തവത്തിൽ ഈ കൂദാശ കൂടുതൽ സ്വീകരിക്കുന്നതു് വൈദികരും മെത്രാന്മാരുമാണ്. വി. ഫ്രാൻസീസ് സാലേസ് മെത്രാനായിരുന്നു. അദ്ദേഹം ദിവസവും കുമ്പസാരിച്ചിരുന്നു. വി. ഇഗ്നേഷ്യസ് വൈദികനായിരുന്നു. അദ്ദേഹവും ദിവസവും കുമ്പസാരം കഴിച്ചിരുന്നു. സന്യാസിനികളായിരുന്ന വി. ക്ലാരയും അമ്മത്രേസ്യായും ദിവസംപ്രതി കുമ്പസാരിച്ചിരുന്നു!

അങ്ങനെയെങ്കിൽ, ഇവർ ഇത്രയേറെ പാപം ചെയ്തിരുന്നൊ എന്നൊരു സംശയമുണ്ടാകാം. അങ്ങനെയല്ല. പിന്നെയോ, ഈ പുണ്യാത്മാക്കൾ ഉപരിവിശുദ്ധി പ്രാപിക്കുവാനാണ് അപ്രകാരം കുമ്പസാരിച്ചതു്. ദിവസവും അലക്കിയുടുക്കുന്ന ചില സവർണ്ണഹിന്ദുക്കളുണ്ടല്ലോ. അവരുടെ വസ്ത്രങ്ങൾ പാടെ മുഷിഞ്ഞുപോയതുകൊണ്ടാണോ ഇങ്ങനെ എന്നും

അലക്കുന്നതു്? അല്ല, അവർക്കു കൂടുതൽ ശുചിത്വബോധമുള്ളതുകൊണ്ടാണു്. ആ ബോധമില്ലാത്തവർ മുഷിഞ്ഞ കറുത്ത വസ്ത്രങ്ങളും ധരിച്ചു് വളരെനാൾ നടന്നേക്കാം. ഇതുപോലെ ആത്മികനൈർമ്മല്യത്തെപ്പററി കൂടുതൽ ബോധമുള്ള വിശുദ്ധർ പ്രതിദിനം കുമ്പസാരിച്ചുവെന്നു മാത്രം. ദിവസവും ദിവ്യ കാരുണ്യനാഥനെ സ്വീകരിക്കുവാനായി അവർ അങ്ങനെ ഒരുങ്ങുകയും ചെയ്തു. പ്രതിദിനം കുർബാന സ്വീകരിക്കുന്നവർ കുമ്പസാരം അവഗണിക്കാതിരിക്കട്ടെ.

അടുത്തടുത്തു കുമ്പസാരിക്കുവാൻ വേറൊരു കാരണം കൂടിയുണ്ടു്. കുമ്പസാരംവഴി പാപമോചനം ലഭിക്കുന്നതോടു കൂടി വീണ്ടും പാപം ചെയ്യാതിരിക്കുവാനുള്ള പ്രത്യേകാനുഗ്രഹവും കിട്ടുന്നുണ്ടു്. മാത്രമല്ല, പുണ്യപുരോഗതിക്കു് പ്രയോജനകരമായ നിർദ്ദേശങ്ങളും ലഭിക്കുന്നതാണു്. എന്നാൽ പ്രത്യേകം ശ്രദ്ധിക്കുന്നില്ലെങ്കിൽ കുമ്പസാരം നീണ്ടുപോയേക്കും; ഭക്തിതീക്ഷ്ണത ക്ഷയിക്കും; സാരമില്ലെന്നു കരുതി തെററുകൾ അവഗണിക്കും: ഒടുവിൽ മന്ദജീവിതത്തിൽ കുടുങ്ങുകയും ചെയ്യും. ആകയാൽ വിശ്വാസികൾ അടുത്തടുത്തു കുമ്പസാരിക്കണമെന്നാണു് സഭാമാതാവിന്റെ ആഗ്രഹം; കുറഞ്ഞതു് രണ്ടാഴ്ചയിൽ ഒരിക്കലെങ്കിലും.

പ്രിയപ്പെട്ടവരേ, കുമ്പസാരം നീട്ടിവയ്ക്കാനുള്ള പ്രധാന കാരണം ചില വലിയ പാപങ്ങളിൽ നിപതിക്കുന്നതാണു്. ''ഈ പാപം ചെയ്തതിൽ പിന്നെ കുമ്പസാരിക്കുവാൻ മടിയായിരുന്നു''എന്നു പലരും പറഞ്ഞിട്ടുണ്ടു്. എന്നാൽ ഇങ്ങനെ കുമ്പസാരം ഉപേക്ഷിക്കുന്നതോടുകൂടി ഘനമായ പാപങ്ങൾ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കും. തൽഫലമായി ഒന്നുകിൽ അയാൾ നിരാശയിൽപ്പെടും: അല്ലെങ്കിൽ അയാളുടെ വിശ്വാസം നഷ്ടപ്പെടും. ''എനിക്കീ കുമ്പസാരത്തിലും മററും വിശ്വാസമില്ല എന്നുപറഞ്ഞു കുമ്പസാരം പാടേ പരിത്യജിക്കുന്ന ചിലരെ കാണാറുണ്ടു്. ഇവർ സുഖക്കേടു കൂടിയതിന്റെ ഫലമായി നിരാശരായി കഴിയുന്ന രോഗികളെപ്പോലെയാണു്. അവരോടു്, 'ഈ മരുന്നു കുടിക്കൂ ഭക്ഷണം കഴിക്കൂ' എന്നു പറഞ്ഞാൽ അവർ ഒട്ടും അനുസരിക്കയില്ല കാരണം, അവർ നിരാശയിലാണ്ടു കഴിയുന്നവരാണു്. അവർക്കിനി

മരുന്നും വേണ്ട, ഭക്ഷണവും വേണ്ട. കുമ്പസാരത്തിലും കുർബാനയിലും മററും വിശ്വാസമില്ലാതെ കഴിയുന്നവരുടേയും സ്ഥിതി ഇതുതന്നെയാണു്.

ഇങ്ങനെയുള്ള ഒരാളുണ്ടെന്നറിഞ്ഞു് ഞാൻ അയാളെ സന്ദർശിച്ചു. പ്രമേഹം പിടിച്ചു് ആസന്നമരണനായി കഴിയുന്ന അയാൾക്ക കുമ്പസാരത്തിൽ വിശ്വാസമില്ല; അതുകൊണ്ട കുമ്പസാരിക്കവാൻ മനസ്സുമില്ല. ഞാൻ ശാന്തമായി ചോദിച്ചു: സഹോദരൻ ചെറുപ്രായത്തിൽ അമ്മയോടുകൂടി പോയി കുമ്പസാരിച്ചിട്ടില്ലേ? പിന്നീട പ്രായമായപ്പോൾ ആദ്യവെള്ളിയാഴ്ചകളിലും തിരുനാളുകളിലും മററും കുമ്പസാരിക്കയും വി. കുർബാന സ്വീകരിക്കയും ചെയ്തിട്ടില്ലേ? പിന്നെ ഏതു ദിവസംമുതലാണു് കുമ്പസാരത്തിൽ വിശ്വാസമില്ലാതായതു്?'' അയാൾക്ക ചിന്തിക്കവാൻ കുറച്ചുസമയം കൊടുത്തശേഷം തുടർന്നു ചോദിച്ചു: ''സഹോദരൻ ഏതോ ചില പാപങ്ങൾ ചെയ്തതോടെയല്ലേ കുമ്പസാരം ഭാരമായി തോന്നിയതു്? എന്നിട്ടു് കുമ്പസാരിക്കാതെ തുടർന്നു് പാപങ്ങൾ ചെയ്തു ജീവിച്ചു. അങ്ങനെ വിശ്വാസം ക്ഷയിച്ചതല്ലേ? ഇതിനുള്ള പ്രതിവിധി കുമ്പസാരംതന്നെയാണു്. പാപമോചനം പ്രാപിക്കുന്നതോടുകൂടി അന്ധകാരം നീങ്ങും; സമാധാനം ലഭിക്കുകയും ചെയ്യും''. അതു ശരിയാണെന്നു് അയാൾക്ക ബോദ്ധ്യമായി: ഒരു നല്ല കുമ്പസാരം കഴിക്കുകയും ചെയ്തു.

ഇപ്രകാരമുള്ള പ്രലോഭനങ്ങൾക്ക കീഴ്പ്പെടാതെ ഒരാൾ കുമ്പസാരിക്കവാൻ പോകുന്നതായാൽ പിശാചു് അയാളെ അനുഗമിച്ചു് എന്തെങ്കിലും കുഴപ്പമുണ്ടാക്കും, ഈ കൂദാശ സ്വീകരിക്കുന്നതിൽ. അങ്ങനെ ഔഷധം വിഷമാകും; അനുഗ്രഹം ശാപമാകും. നമുക്കറിയാം, കുമ്പസാരം ഫലപ്രദമായി കഴിക്കവാൻ അഞ്ചു കാര്യങ്ങൾ വേണമെന്നു്—ആത്മശോധന, മനസ്താപം, പ്രതിജ്ഞ, പാപോച്ചാരണം, പ്രായശ്ചിത്തനിർവ്വഹണം. ഇവയിൽ ഏതെങ്കിലുമൊന്നിൽ കാര്യമായ കുഴപ്പം മനഃപൂർവ്വം ചെയ്താൽ നന്മയ്ക്കു പകരം തിന്മയായിരിക്കും ഉണ്ടാകുക. ആകയാൽ വി. വിൻസെൻറ് ഡി പോൾ ഉപദേശിക്കുന്നു: ധ്യാനാവസരത്തിൽ പഴയ കുമ്പസാരങ്ങളെപ്പററി പ്രത്യേകം പരിശോധിച്ചു് കുറവുകളുണ്ടെങ്കിൽ പരിഹരിക്ക

ണമെന്നു്. നമുക്കു് ഇവയിൽ ഓരോന്നിനേയും ആസ്പദമാക്കി ഒരു പരിശോധന നടത്താം.

ഒന്നാമതായി ആത്മശോധന— കുമ്പസാരം നമ്മുടെ കച്ചേരികളിലെ കേയ്സ് വിസ്താരവും വിധിയുംപോലെയാണെന്നു പറയാം. കച്ചേരികളിൽ വാദിയും പ്രതിയും സാക്ഷികളും വക്കീലന്മാരുമൊക്കെയുണ്ടല്ലൊ. അവരുടെയെല്ലാം സഹായത്തോടെയാണു് ന്യായാധിപൻ കേയ്സ് പഠിച്ചു നീതിപൂർവ്വം വിധികല്പിക്കുക. ഇതുപോലെ കുമ്പസാരത്തിലും ശരിയായ വിധിപറയേണ്ടതുണ്ടു്. എന്നാൽ കുമ്പസാരക്കൂട്ടിൽ സാക്ഷികളും വക്കീലന്മാരുമൊന്നുമില്ലല്ലൊ. അതുകൊണ്ടു് കുമ്പസാരിക്കുന്നയാൾതന്നെ തെററുകൾ ഏററുപറയണം. അതിനു് അയാൾക്കുതന്നെ കുററങ്ങൾ ഓർമ്മയുണ്ടാകണം. അതിനുവേണ്ടിയാണു് ആത്മശോധന ചെയ്യുക. കുമ്പസാരം എത്രനാളത്തേതാണോ, അതനുസരിച്ച് സമയമെടുത്തു് ജീവിതപരിശോധന നടത്തണം. ഒരു പരിശോധനയും കൂടാതെ ആരും കുമ്പസാരിക്കരുതു്. പരിശോധനയുടെ കുറവുകൊണ്ടു് വലിയ കുററങ്ങളേതെങ്കിലും വിട്ടുപോയാൽ അതു് കുമ്പസാരത്തെ പരാജയപ്പെടുത്തും. മറന്നുപോയെന്നു പറയുവാൻ നിവൃത്തിയില്ല, കാരണം ഓർക്കുവാൻ ഒട്ടും ശ്രമിച്ചിട്ടില്ല. ചില കുട്ടികൾ എല്ലാ കുമ്പസാരങ്ങളിലും, പല്ലവി പാടുന്നതുപോലെ, ഒരേ കുററങ്ങൾ തന്നെ പറഞ്ഞുകൂട്ടും. ചെയ്തതാണൊ ചെയ്യാത്തതാണോ എന്നൊന്നും അവർക്കു ചിന്തയില്ല. ആകയാൽ ദൈവപ്രമാണങ്ങളും സഭയുടെ കല്പനകളും ജീവാതാന്തസ്സിൻെറ കടമകളും ആസ്പദമാക്കി ആത്മശോധന ചെയ്യണം. ഉപേക്ഷ കൊണ്ടുണ്ടായിട്ടുള്ള തെററുകളെ അവഗണിക്കരുതു്. ഈ പരിശോധനയുടെ വിജയത്തിനായി പരി. ആത്മാവിൻെറ സഹായം പ്രാത്ഥിക്കേണ്ടതാണു്.

രണ്ടാമതായി, കുമ്പസാരത്തിൻെറ വിജയത്തിനു മനസ്താപം ആവശ്യമുണ്ടു്. പൂർണ്ണമനസ്താപം ഉണ്ടായിരിക്കുന്നതു് നല്ലതു്; അപൂർണ്ണമനസ്താപമെങ്കിലും വേണം. മനസ്താപം അതിസ്വാഭാവികമായിരിക്കണം. പാപംമൂലം അവമാനമോ രോഗമോ മറേറാ ഉണ്ടായതുകൊണ്ടുള്ള ദുഃഖമായിരിക്കരുതു്; ദൈവത്തിനും സ്വർഗ്ഗത്തിനും എതിരായി പിഴച്ചു എന്ന ദുഃഖ

മായിരിക്കണം. എല്ലാ പാപങ്ങളെപ്പററിയും മനസ്താപം വേണം. ഇതേപ്പററി എനിക്കു ഖേദമില്ല" എന്നു് ഒരു പാപത്തെപ്പററിയും പറയരുതു്. മനസ്താപത്തിനു കണ്ണീരും കരച്ചിലും മററും വേണ്ട. മനസ്താപത്തിനു പ്രേരിപ്പിക്കുന്ന കാരണങ്ങളെപ്പററി ചിന്തിക്കുക. അതായതു്, പാപംമൂലം ദൈവത്തോടു കാണിച്ച സ്നേഹശൂന്യതയേയും ദിവ്യരക്ഷകനോടു ചെയ്ത ദ്രോഹത്തേയുംപററി ധ്യാനിക്കണം. (ഇതേപ്പററി മുമ്പു ധ്യാനിച്ചതാണല്ലോ). മററുള്ളവരോടു ചെയ്തദ്രോഹം—അവരെ പാപത്തിനു പ്രേരിപ്പിച്ചു, ദുർമാതൃക നല്കി, ഇടർച്ചയ്ക്കു് ഇടയാക്കി, അവർക്കു ലഭിക്കാവുന്ന ദൈവാനുഗ്രഹങ്ങൾ നഷ്ടപ്പെടുത്തി. തന്നോടുതന്നെ ചെയ്തദ്രോഹം—പാപംവഴി നമുക്കുണ്ടാകുന്ന ബഹുവിധ നാശങ്ങളെപ്പററി മുമ്പു ധ്യാനിച്ചതാണല്ലോ. ഈ തത്വങ്ങളെ ആസ്പദിച്ചു ചിന്തിക്കുന്നതായാൽ ശരിയായ മനസ്താപം ഉണ്ടാകുന്നതാണു്; അതോടെ പ്രതിജ്ഞകൾ സ്വീകരിക്കയും ചെയ്യാം.

വീണ്ടും പാപം ചെയ്കയില്ലെന്നുള്ള പ്രതിജ്ഞ പാപമോചനം ലഭിക്കുവാൻ വളരെ ആവശ്യമാണു്. ഒരുവശത്തു പാപം, മറുവശത്തു കുമ്പസാരം എന്നവിധം ജീവിക്കുവാൻ പാടില്ല. രണ്ടുപേർ പരസ്പരം ശത്രുതയോടെ കഴിയുന്നു; രമ്യപ്പെടുവാൻ അവർ ഒരുക്കവുമല്ല. അതേസമയം മാസാദ്യവെള്ളിയാഴ്ചതോറും കുമ്പസാരിക്കുന്നുമുണ്ടു്. ശത്രുത പാലിക്കുന്നുണ്ടെന്നു കുമ്പസാരത്തിൽ പറയുമെങ്കിലും അതിനുശേഷം പള്ളിയിൽനിന്നു പുറത്തിറങ്ങുമ്പോൾ അവർ ശത്രുക്കളായി തന്നെ തുടരുന്നു. അവരുടെ കുമ്പസാരംകൊണ്ടു് എന്തു പ്രയോജനം? ആകയാൽ പ്രതിജ്ഞ കാര്യക്ഷമമായിരിക്കണം. അതിനു് രണ്ടു കാര്യങ്ങൾ ആവശ്യമുണ്ടു്: ഇനി പാപം ചെയ്കയില്ലെന്നുള്ള നിശ്ചയവും പാപകാരണങ്ങൾ ഉപേക്ഷിക്കാനുള്ള സന്നദ്ധതയും. കുററങ്ങളെല്ലാം ഏററുപറഞ്ഞാൽ മതി: പിന്നൊന്നും ചെയ്യാനില്ല എന്ന മനോഭാവം ഒട്ടും ശരിയല്ല. ആകയാൽ നമുക്കു പരിശോധിക്കാം; എന്റെ കുമ്പസാരങ്ങളിൽ ഒരേ കുററങ്ങൾ തുടർച്ചയായി പറയേണ്ടി വരുന്നുണ്ടോ? എന്തുകൊണ്ടു്? എന്റെ കുമ്പസാരത്തിലെ പ്രതിജ്ഞകൾ കാര്യക്ഷമമാകാത്തതുകൊണ്ടല്ലേ? പാപത്തിനുള്ള കാരണങ്ങൾ വെടിയാത്തതുകൊണ്ടല്ലേ? അപ്പോൾ എന്റെ കുമ്പസാരങ്ങൾ വാസ്തവമാണോ? ഇതേപ്പററി ഗൗരവമായി ചിന്തിക്കണേ.

ഇപ്രകാരം ശരിയായി ആത്മശോധനയും മനസ്താപവും പ്രതിജ്ഞയും ചെയ്ത് കുമ്പസാരത്തിന് ഒരുങ്ങിയശേഷം മാത്രമേ ഈ കൂദാശ സ്വീകരിക്കാവൂ. ഓടിവന്ന്, ഓടിപ്പോയി, ഒരുങ്ങാതെ കുമ്പസാരിക്കുവാൻ ആരും ഒരുമ്പെടരുത്. വീട്ടിലോ, പള്ളിയിലോ, എവിടെവച്ചായാലും വേണ്ടില്ല വേണ്ട സമയമെടുത്ത് ഒരുങ്ങുകതന്നെ വേണം. ഈ കുഴപ്പം ഉണ്ടാകാതിരിക്കുവാനായി നമ്മുടെ കുട്ടികളെ പൊതുവായി ഒരുക്കുന്നത് നല്ലതാണ്. പ്രായംചെന്നവർക്കുവേണ്ടിയും പ്രധാനാവസരങ്ങളിൽ ഒരനുതാപശുശ്രൂഷ നടത്തുന്നതുകൊള്ളാം. പ്രതിദിനം ദിവ്യകാരുണ്യം സ്വീകരിക്കുന്നവർ കുമ്പസാരത്തിന് ഒരു ദിവസം നിശ്ചയിച്ചുവയ്ക്കുന്നത് ഉപകാരപ്രദമാണ്. ഇനി തലേ ദിവസംതന്നെ ഒരുക്കമാരംഭിക്കുക. അതായത്, ഈ പരിഹാരത്തിൻെറ കൂദാശ ഫലപ്രദമായി സ്വീകരിക്കുവാനായി ചില പ്രായശ്ചിത്തങ്ങൾ ചെയ്യുക. പിറേറ ദിവസം ഉണരുമ്പോൾ, ഇന്നു കർത്താവിൻെറ മുമ്പിൽ കണക്കു കേൾപ്പിക്കേണ്ടതുണ്ടെന്ന് ഓർമ്മിക്കുക. രാവിലെ ധ്യാനം കഴിക്കുന്നവർ, കഴിഞ്ഞ കുമ്പസാരം മുതലുള്ള ജീവിതം ശരിയായി പരിശോധിക്കുക. ഉപേക്ഷകൊണ്ടു വന്നുപോയിട്ടുള്ള തെററുകൾ പ്രത്യേകം കണ്ടുപിടിക്കണം. പാപപരിഹാരബലിയായ വി. കുർബാനയുടെ സമയത്ത്, പാപങ്ങളെപ്പററി മനസ്താപിക്കുകയും പ്രതിജ്ഞകൾ സ്വീകരിക്കുകയും ചെയ്യുക. വി.കുർബാന സ്വീകരണം വഴി നമ്മുടെ ഹൃദയത്തിൽ എഴുന്നള്ളിവരുന്ന ഈശോയോടു എല്ലാ കുററങ്ങളും ഏററുപറയുക, ഇതിനു Spiritual Confession എന്നു പറയും. ഇങ്ങനെ ഒരുങ്ങിക്കഴിഞ്ഞാൽ ആ ദിവസം സൗകര്യംപോലെ കുമ്പസാരിക്കാം. മനസ്താപവും പ്രതിജ്ഞയും കൂടുതൽ പൂർണ്ണമാക്കുവാനായി ഗൗരവമുള്ള ഒരു പഴയ കുററം കൂടി ഓർത്ത് ഒരുങ്ങുന്നതുകൊള്ളാം.

ഇനി വരുന്നത് പാപോച്ചാരണമാണ്. തെററുകൾ ദൈവത്തോടു നേരെ ഏററുപറഞ്ഞാൽ പോരെയോ എന്നു ചിലർ ചിന്തിച്ചേക്കാം. അതുപോരാ. അങ്ങനെയല്ല ദിവ്യരക്ഷകൻ ഈ കൂദാശ സ്ഥാപിച്ചിരിക്കുന്നത്. "നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ, നിങ്ങൾ ആരുടെ പാപങ്ങൾ പിടിക്കുന്നുവോ" എന്നിങ്ങനെ അപ്പസ്തോലന്മാ

ക്കാണ് പാപമോചനാധികാരം നല്കിയതു്. തെററുകഠം ശരിയായി അറിഞ്ഞെങ്കിൽ മാത്രമേ, മോചിക്കണമോ, പിടിക്കണമോ എന്നു നിശ്ചയിക്കുവാൻ കഴിയൂ. വി. യോഹന്നാൻ ശ്ലീഹാ പറയുന്നു: ''നമ്മുടെ പാപങ്ങഠം ഏററു പറയുകയാണെങ്കിൽ, വിശ്വസ്തനും നീതിമാനുമായ അവിടുന്നു നമ്മുടെ പാപങ്ങഠം മോചിക്കുകയും സകല കുററങ്ങളിൽ നിന്നു നമ്മെ ശുദ്ധമാക്കുകയും ചെയ്യും. വൈദികൻെറ കൈകഠം വഴി ഈശോ തൻെറ ജീവിതബലി അർപ്പിക്കുന്നതു പോലെ, വൈദികൻ വഴി അവിടുന്നു നമ്മുടെ പാപം മോചിക്കയും ചെയ്യുന്നു. ആകയാൽ മോചിക്കപ്പെട്ടിട്ടില്ലാത്ത എല്ലാ ചാവുദോഷങ്ങളും ഏററു പറയേണ്ടതാണു്. ''ഇതു ചാവുദോഷമല്ലായിരിക്കാം'' എന്നിങ്ങനെ സംശയം സൃഷ്ടിച്ചു് തെററുകഠം പറയാതിരിക്കരുതു്. ദുരഭിമാനത്തിൽ കുടുങ്ങി ഭാഗ്യം പരീക്ഷിക്കാതെ, നിത്യരക്ഷയുടെ കാര്യം ഏററം ഭദ്രമാക്കുകയല്ലേ വേണ്ടതു്? ചാവുദോഷങ്ങളുടെ എണ്ണം മനഃപൂർവ്വം കുറച്ചു പറയരുതു്. പ്രവൃത്തിവഴിയുണ്ടായ കുററം വിചാരം വഴി മാത്രമാണെന്നും, കൂട്ടുകൂടി ചെയ്തതു് തനിച്ചാണ് ചെയ്തതെന്നും പറഞ്ഞാൽ പോരാ. ഇതുപോലെ പാപത്തിൻെറ എണ്ണവും കാഠിന്യവും വ്യക്തമാക്കുന്ന എല്ലാ സാഹചര്യങ്ങളും വെളിപ്പെടുത്തണം. ''കുമ്പസാരക്കാരൻ ചോദിച്ചില്ല, അതുകൊണ്ടു കുററങ്ങഠം പറഞ്ഞില്ല'' എന്ന അഭിപ്രായം തെററാണു്. കാരണംപറയേണ്ട കടമ കുമ്പസാരിക്കുന്ന ആളിനുണ്ടു്, വൈദികൻ ചോദിച്ചില്ലെങ്കിലും കുമ്പസാരക്കാരൻ കേഠക്കരുതെന്ന ഉദ്ദേശ്യത്തോടെ തെററുകഠം വളരെ പതുക്കയോ, ശബ്ദകോലാഹലത്തിനിടയിലോ പറയുന്നതും ശരിയല്ല. കുമ്പസാരത്തിൻെറ പൂർണ്ണതയ്ക്കുവേണ്ടി വൈദികൻ എന്തെങ്കിലും ചോദിച്ചാൽ, ചോദ്യം കേട്ടു മനസ്സിലാക്കിയ ശേഷമേ ഉത്തരം പറയാവൂ; ചോദിച്ചതു മനസ്സിലായില്ലെങ്കിൽ അക്കാര്യം പറയണം. അല്ലാതെ വൃഥാ ''അതേ, അല്ല'' എന്നിങ്ങനെ പറയരുതു്. ഒരു കുററം ഏററു പറയേണ്ടതു് എങ്ങനെയെന്നു് അറിയില്ലെങ്കിൽ ഇങ്ങനെ പറയുക: ''ഞാൻ ഒരു കുററം ചെയ്തിട്ടുണ്ടു്; അതെങ്ങനെ ഏററുപറയണമെന്നു് അറിയില്ല.'' ''കുറെ സമയമെടുത്തു കുമ്പസാരിച്ചാൽ, ഞാൻ വളരെ പാപം ചെയ്തിരിക്കുന്നുവെന്നു് മററുള്ളവർ വിചാരിക്കും''

എന്നു ചിന്തിച്ച് തെററുകൾ പറയാതിരിക്കരുതു്. പാപങ്ങൾ പറയുവാൻ കുറച്ചു സമയം മതി; കൂടുതൽ സമയം വേണ്ടിവരുന്നതു് സംശയങ്ങൾ പരിഹരിക്കാനും ഉപദേശം സ്വീകരിക്കാനുമാണെന്നു് എല്ലാവരും ധരിച്ചുകൊള്ളുക. അതുപോലെ "എൻെറ കുററങ്ങൾ കേൾക്കുമ്പോൾ വൈദികനു് വെറുപ്പോ, അത്ഭുതമോ, ഇടർച്ചയോ തോന്നും" എന്ന ചിന്തയും തെററാണു്. കാരണം കുമ്പസാരക്കാരൻ, ഏതെല്ലാം കുററങ്ങൾ ഏതെല്ലാം വിധം ഉണ്ടാകാം; അവയ്ക്കുള്ള പ്രതിവിധികൾ ഏതെല്ലാം എന്നൊക്കെ ദീർഘമായി പഠിച്ചശേഷം മാത്രമേ അതിനു നിയുക്തനാകയുള്ളു. അദ്ദേഹത്തിനു് ഒന്നും പുതുമയായി, അത്ഭുതകരമായി തോന്നുകയില്ല; അവജ്ഞയും വെറുപ്പും ഉണ്ടാകയുമില്ല. ക്രൂശിതനായ ഈശോയുടെ പാദങ്ങളിലിരുന്നുകൊണ്ടു്, അവിടുത്തെ തിരുരക്തത്തിൻെറ ഫലം പങ്കുവച്ചുകൊടുത്തു് പാപിയെ പിശാചിൻെറ പിടിയിൽനിന്നു രക്ഷിക്കണമെന്ന ചിന്ത മാത്രമാണു് അദ്ദേഹത്തെ ഭരിക്കുക. അതിനു് വേണ്ടിയാണു് വളരെ ക്ലേശകരവും ഉത്തരവാദപൂർണ്ണവുമായ ഈ ചുമതല അദ്ദേഹം നിർവ്വഹിക്കുന്നതു്. കുമ്പസാരത്തിൽ നൽകുന്ന നിർദ്ദേശങ്ങൾക്കും ചെയ്യുന്ന തീരുമാനങ്ങൾക്കുമെല്ലാം അദ്ദേഹം ദൈവസമക്ഷം കണക്കു കേൾപ്പിക്കേണ്ടിവരും. വൈദികനും നമ്മെപ്പോലെ കുമ്പസാരിക്കുന്ന ആളാകയാൽ കുമ്പസാരിക്കുന്നവരുടെ വിഷമതകളെല്ലാം അദ്ദേഹത്തിനുമറിയാം. ആകയാൽ എല്ലാ വിധത്തിലും അനുതാപിയെ സഹായിച്ച് കുമ്പസാരം സുകരവും അനുഗ്രഹപ്രദവുമാക്കുവാൻ അദ്ദേഹം അങ്ങേയററം ശ്രമിക്കുന്നതാണു്. അതുകൊണ്ടു് തെററായ അഭിപ്രായങ്ങൾ പാലിച്ച് കുഴപ്പങ്ങൾ ഉണ്ടാക്കാതിരിക്കുവാൻ ശ്രദ്ധിക്കണേ.

ഇനി ശ്രദ്ധിക്കേണ്ട വേറൊരു കാര്യം കുമ്പസാരരഹസ്യമാണു്. ഇതേപ്പററിയും തെററിദ്ധാരണകൾ പരത്തുവാൻ പററുന്ന പുസ്തകങ്ങൾ ഇന്നു് പ്രചരിക്കുന്നുണ്ടു്. തികച്ചും പൈശാചികമായ വഞ്ചനയാണിതു്. കുമ്പസാരക്കാരൻ കുമ്പസാരം സംബന്ധിച്ച കാര്യങ്ങളെല്ലാം രഹസ്യമായി കാത്തുവരുന്നു: ഇനിയും അങ്ങനെതന്നെ കാക്കുകയും ചെയ്യും. മരിക്കേണ്ടി വന്നാലും ഇതിനു വ്യത്യാസമുണ്ടാകയില്ല. ആകയാൽ കുമ്പസാരക്കാരൻ എൻെറ തെററുകൾ എൻെറ അധികാരികളെ

അറിയിക്കുമോ? അങ്ങനെ എന്നെ ശിക്ഷിക്കുവാനോ എൻെറ ദൈവവിളിക്കു തടസ്സമുണ്ടാകുവാനോ ഇടയാകുമോ'' എന്നൊന്നും ഭയപ്പെടേണ്ടതില്ല. നിങ്ങളെപ്പററി കുമ്പസാരക്കാരനു് ഒന്നും പറയാനില്ല. വെറും ഊഹാപോഹങ്ങളെ ആസ്പദമാക്കി കുമ്പസാരരഹസ്യത്തെപ്പററി തെററായി വിചാരിക്കരുതു്. വേറൊരു കാര്യം കുമ്പസാരക്കൂട്ടിൽ ആരും തിങ്ങിക്കൂടരുതു്. ഒരാരം ഏററുപറയുന്ന കാര്യങ്ങരം കേരംക്കുവാൻ ശ്രമിക്കരുതു്. അതിനു മനഃപൂർവ്വം ഇടയാക്കുന്നതു വലിയ കുററമാണു്. അകന്നു നില്ക്കണം. നമ്മരം വളരെ അടുത്തുനിന്നതുകൊണ്ടു്, പാപം പറയാതെ പോകുവാനുള്ള നിർഭാഗ്യകരമായ പ്രേരണ ആക്കും നല്ലരുതു്. ഇനി അങ്ങനെ അടുത്തു നിന്നതിൻെറ പേരിൽ പാപം പറയാതിരിക്കുന്നതും കുററകരമാണു്. അക്കാര്യം വൈദികൻെറ ശ്രദ്ധയിൽ പെടുത്തിയാൽ അദ്ദേഹം ആളുകളെ അകററിനിറുത്തുന്നതാണു്.

ഇപ്രകാരം പഴയ കുമ്പസാരങ്ങളിൽ ഏതിലെങ്കിലും ഗൗരവമായ ഒരു കുഴപ്പം ഉണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യം ആദ്യം തന്നെ കുമ്പസാരക്കാരനോടു് പറയണം. തെററുപററിയതു മുതലുള്ള കുമ്പസാരങ്ങരം ആവർത്തിക്കേണ്ടിവരാം. അങ്ങനെയെങ്കിൽ, ഏററുപറഞ്ഞിട്ടുള്ള തെററുകരംതന്നേയും പൂർണ്ണമായി വീണ്ടും വെളിപ്പെടുത്തണം. തെററായി നടത്തിയ കുമ്പസാരങ്ങളുടേയും കുർബാനസ്വീകരണങ്ങളുടേയും എണ്ണവും അതിനിടയിൽ സ്വീകരിച്ചിട്ടുള്ള മററു കൂദാശകളുടെ കാര്യവും കൂടി ഏററുപറയണം. ഇതെങ്ങനെ കഴിയും എന്നു വിഷമിക്കേണ്ടതില്ല. കുമ്പസാരക്കാരൻ എല്ലാവിധത്തിലും സഹായിച്ചു് നമ്മുടെ കുമ്പസാരം വിജയകരമാക്കുന്നതാണു്. അതിനു വേണ്ട അറിവും മനസ്സും അദ്ദേഹത്തിനുണ്ടെന്നു ധരിച്ചാലും: അദ്ദേഹം പറയുന്നതു സമ്മതിച്ചു് അനുസരിച്ചാൽമാത്രം മതി.

കുമ്പസാരക്കാരൻ നല്കുന്ന ഉപദേശം ശ്രദ്ധിച്ചുകേരംക്കണം. തെററുകരം തിരുത്താനുള്ള വഴികരം പറഞ്ഞുതരും. കൂടുതൽ കാര്യങ്ങരം അദ്ദേഹത്തോടു ചോദിച്ചു മനസ്സിലാക്കുകയും ചെയ്യാം. തുടർന്നു് അദ്ദേഹം നിർദ്ദേശിക്കുന്ന പ്രായശ്ചിത്തം ശരിയായി മനസ്സിലാക്കണം. മനസ്സിലായില്ലെങ്കിൽ ചോദിച്ചു് അറിയുക തന്നെ വേണം. ചെയ്യുവാൻ കഴി

യാത്ത പ്രായശ്ചിത്തമാണെങ്കിൽ അക്കാര്യം കുമ്പസാരക്കാരനോടു പറയണം; ചെയ്യുവാൻ സാധിക്കുന്ന വേറൊരു പ്രായശ്ചിത്തം അദ്ദേഹം സസന്തോഷം തരുന്നതാണു്. ഇതേത്തുടർന്നു പാപമോചനം നല്കുന്നു. ഈ സമയത്തു് കുമ്പസാരത്തിനുള്ള പ്രാർത്ഥനകൾ ചൊല്ലുവാൻ ബദ്ധപ്പെടേണ്ടതില്ല. അതെല്ലാം കുമ്പസാരിക്കുവാൻ കാത്തുനില്ക്കുമ്പോൾ തന്നെ ചൊല്ലാവുന്നതാണു്. എന്നാലിപ്പോൾ— പാപം മോചിക്കുമ്പോൾ— രണ്ടു കാര്യങ്ങൾ പ്രത്യേകം അപേക്ഷിക്കുക: "കർത്താവേ, എന്റെ പാപങ്ങൾക്കു മാപ്പുതരണമേ: ഇനി പാപം ചെയ്യാതിരിക്കുവാനുള്ള അനുഗ്രഹവും നല്കണമേ." ഈ രണ്ടാമത്തെ അനുഗ്രഹത്തിനായി പ്രത്യേകം അപേക്ഷിക്കുവാൻ ശ്രദ്ധിക്കണം. അപ്പോൾ തെററുകൂടാതെ ജീവിക്കുന്നതിനു് ദിവ്യസഹായം കൂടുതൽ ലഭിക്കും.

ഇങ്ങനെ പാപം മോചിക്കുന്നതോടുകൂടി ആ വലിയ അത്ഭുതം നമ്മിൽ നടന്നുകഴിഞ്ഞു! നമ്മുടെ പാപങ്ങൾമൂലം ഉണ്ടാകാവുന്ന നിത്യശിക്ഷയിൽനിന്നു മോചനം ലഭിച്ചിരിക്കുന്നു: നമ്മൾ ദൈവത്തിന്റെ മക്കളും സ്വർഗ്ഗത്തിന്റെ അവകാശികളുമായിക്കഴിഞ്ഞു. അങ്ങനെ നമ്മുടെ തെററുകൾക്കു നിഷ്പ്രയാസം മോചനം ലഭിച്ചെങ്കിൽ, അതിനുവേണ്ടി ദിവ്യരക്ഷകൻ അനുഷ്ഠിച്ച പരിഹാരം എത്ര വലുതാണെന്നു നോക്കുക. പുൽക്കൂടുമുതൽ അതാരംഭിച്ചു; കുരിശിൽ അതു പൂർത്തിയാക്കി. "പിതാവേ, അവർ അറിയാതെ ചെയ്തു; അവരോടു ക്ഷമിക്കണമേ" എന്നു് കുരിശിൽനിന്നു് അവിടുന്നു പ്രാർത്ഥിച്ചു. ഈ കഠിനമായ പരിഹാരത്തെപ്പററിയുള്ള ബോധത്തോടെ. കുമ്പസാരക്കാരൻ നിർദ്ദേശിച്ച പ്രായശ്ചിത്തം ചെയ്യുക. അതു നീട്ടിവയ്ക്കുല്ലേ; അലക്ഷ്യമായി ചെയ്കയുമരുതു്. കുരിശിലെ ബലിയോടു ചേർത്തു് അതു കാഴ്ചവയ്ക്കുക. എന്നാൽ അതുകൊണ്ടു നിറുത്താതെ നമ്മുടെ അദ്ധ്വാനവും ബുദ്ധിമുട്ടുമെല്ലാം പരിഹാരമായി കാഴ്ചവച്ചുകൊണ്ടിരിക്കാം. അങ്ങനെ പരിഹാരക്കടം വീട്ടാനും സ്വർഗ്ഗത്തിലേക്കു സമ്പാദിക്കുവാനും നമുക്കു കഴിയും.

അവസാനമായി ഒരു വാക്കുകൂടി, ധ്യാനത്തിൽ സംബന്ധിക്കുന്നവർ ഒരു മുഴുവൻ കുമ്പസാരമാണു കഴിക്കുക. എന്നാൽ

അതു് ഓർമ്മവച്ച കാലംമുതലുള്ള കുമ്പസാരമാകണമെന്നില്ല. കഴിഞ്ഞ പ്രാവശ്യം നടത്തിയ മുഴവൻ കുമ്പസാരത്തിനുശേഷമുള്ള കുററങ്ങൾ മാത്രം ഏററുപറഞ്ഞാൽ മതി. അതിൽ കൂടുതൽ പിറകോട്ടു പോകണമെങ്കിൽ അതിനു വ്യക്തമായ ആവശ്യം ഉണ്ടായിരിക്കണം. ജീവിതം മുഴവൻ കുഴച്ചു മറിക്കുന്നതു ശരിയല്ല; തന്മൂലം അനാവശ്യ സംശയങ്ങളുണ്ടാകാം. ആകയാൽ കുമ്പസാരക്കാരൻ നല്കുന്ന നിർദ്ദേശമനുസരിച്ചു ചെയ്യുക. അതാണു് ദൈവഹിതമെന്നു വിചാരിക്കാം.

കുമ്പസാരമെന്ന കരുണയുടെ കൂദാശവഴി ഇക്കാലമെല്ലാം നമ്മുടെ കുററങ്ങൾക്കു മാപ്പുനല്കിയ ദിവ്യരക്ഷകനു് കൃതജ്ഞതാസ്തോത്രങ്ങൾ സമർപ്പിക്കാം. ഏററം ഫലപ്രദമായ ഒരു മുഴവൻ കുമ്പസാരം കഴിക്കുവാനുള്ള അനുഗ്രഹത്തിനായി അപേക്ഷിക്കാം. പരി. അമ്മയും നമ്മുടെ കാവൽമാലാഖമാരും നമ്മെ പിശാചിൻെറ വഞ്ചനകളിൽപ്പെടാതെ സൂക്ഷിക്കട്ടെ.

# 15. കർത്താവിൻെറ കരുണ

മിശിഹായിൽ പ്രിയ സഹോദരരേ,

നമ്മുടെ ധ്യാനം അതിൻെറ പകുതിഭാഗം കടന്നുപോകുകയാണ്. ഈ അവസരത്തിൽ നമ്മുടെ ഇപ്പോഴത്തെ മനോഭാവമെന്തെന്ന് പഠിക്കുക ആവശ്യകമാണ്. ഇപ്പോൾ എന്നെ ഭരിക്കുന്ന മനോഭാവം എന്താണ് എന്ന നമ്മോടുതന്നെ ചോദിക്കാം. എന്തുകൊണ്ടെന്നാൽ നാം വളരെ ശരിയായി പ്രവർത്തിക്കുന്നെന്നു വിചാരിക്കും; അതേസമയം വളരെ തെററായിട്ടായിരിക്കും മുമ്പോട്ടു പോകുക. വി. ഗ്രന്ഥം പറയുന്നതുപോലെ മനുഷ്യൻ ശരിയെന്നു വിചാരിക്കുന്ന ഒരു വഴിയുണ്ട്. പക്ഷേ, അതിൻെറ അന്ത്യം നാശത്തിലായിരിക്കും. (സഭാ. 14.12). ഈ ആപത്തു നമുക്കു വന്നുകൂടരുതല്ലോ. നാം ഏതു നല്ല കാര്യം ചെയ്യുമ്പോഴും നമ്മുടെ ഉള്ളിൽ രണ്ടു ശക്തികൾ പ്രവർത്തിക്കുന്നതു കാണാം. ഒരു വശത്ത് നമ്മുടെ നല്ല കർത്താവും മറുവശത്ത് നമ്മുടെ ജന്മശത്രുവായ പിശാചും. ഈ ധ്യാനവേളയിൽ ഇതു പ്രത്യേകിച്ച് ഉണ്ടാകുകതന്നെ ചെയ്യും; ഉണ്ടായിക്കൊണ്ടിരിക്കുന്നുമുണ്ട്. ആകയാൽ ഇപ്പോൾ എന്നെ ഭരിക്കുന്നതു ഏതൊരു ശക്തിയാണ് എന്നു വളരെ കാര്യമായി ചിന്തിച്ചു തീരുമാനിക്കണം, എൻെറ കർത്താവിൻെറ ചൈതന്യത്തിന് അധീനമായി ഞാൻ വ്യാപരിക്കുകയാണോ? അഥവാ എൻെറ ശത്രുവായ പിശാചിൻെറ പ്രേരണയ്ക്കു് ഞാൻ വശംവദനായിരിക്കുകയാണോ? ഇവിടെ, പിശാച് എങ്ങനെ പ്രവർത്തിക്കുന്നു, നമ്മുടെ കർത്താവ് എങ്ങനെ പ്രവർത്തിക്കുന്നു എന്നു നാം വേർതിരിച്ചറിയേണ്ടതുണ്ട്.

പിശാചിൻെറ പ്രവർത്തനം ഒരു പ്രത്യേക തരത്തിലാണ്. തിന്മയിലേക്കുള്ള വഴി എളുപ്പമാക്കിത്തരുവാനാണ് പിശാച് ആദ്യം ശ്രമിക്കുക. പാപത്തിൻെറ വഴി സുഗമമാക്കിത്തരും. ഇതൊന്നും പാപമല്ല എന്ന് ഒരിക്കലും,

ഇതെല്ലാം നിസ്സാരമാണ് എന്നു വേറൊരിക്കലും, എല്ലാവരും ഇങ്ങനെതന്നെ ചെയ്യുന്നുണ്ട്, ആകയാൽ നിനക്കും ചെയ്യാം എന്നു മറെറാരിക്കലും, ഒന്നു കമ്പസാരിച്ചാൽ മതിയല്ലോ, അതുകൊണ്ടു സാരമില്ല എന്നു വേറൊരു സന്ദർഭത്തിലും ഉപദേശിച്ചു നമ്മെ പാപത്തിനു പ്രേരിപ്പിക്കും. മുക്കുവൻ ഇരയിട്ടു മീൻ പിടിക്കാൻ ശ്രമിക്കുന്നതുപോലെയാണിതു്. എന്നാൽ, ഈ തട്ടിപ്പിൽ നാം പെട്ടു് പാപത്തിൽ കുടുങ്ങിയാലോ? ഉടനെ പിശാചിൻെറ മട്ടുമാറും. പാപത്തിൻെറ ഭീകരത മുഴുവൻ വ്യക്തമാക്കിക്കൊണ്ടു് നമ്മെ നിരാശയിൽ ആഴ്ത്തും; മാനസാന്തരത്തിനുള്ള വഴി അടയ്ക്കും. ഇതാണു പിശാചിൻെറ അതിവിദഗ്ദ്ധമായ നശീകരണപരിപാടി. പന്ത്രണ്ടിൽ ഒരുവനായിരുന്ന യൂദാസിൻെറ അനുഭവം ഇതിനു നല്ല മാതൃകയാണ്. യൂദാസിനു് പാപത്തിലേയ്ക്കുള്ള വഴി വളരെ എളുപ്പമാക്കിക്കൊടുത്തു. അല്പം ധനദുർമോഹമുണ്ടായിരുന്ന ആ വ്യക്തിയെ ആ വഴിക്കു നയിച്ചു് അങ്ങനെ മുമ്പോട്ടു കൊണ്ടുപോയി. അവസാനം പറഞ്ഞു: "നീ അധികമൊന്നും ചെയ്യേണ്ടതില്ല. ഈശോയെ തിരിച്ചറിയുവാനായി പതിവുള്ള അഭിവാദന ചുംബനം നല്കിയാൽ മാത്രം മതി. പിടിക്കുകയും കെട്ടുകയും ഒക്കെ മററുള്ളവർ ചെയ്തുകൊള്ളും. എല്ലാം എളുപ്പമായില്ലേ? നിനക്കു പണവും കിട്ടും. പിന്നെന്തുവേണം?" എന്നാൽ ആ കാപട്യത്തിൻെറ ചുംബനം അർപ്പിച്ചതിനെ തുടർന്നു് എന്തുണ്ടായിയെന്നു നമുക്കറിയാം. ആ ഗുരുദ്രോഹത്തിൻെറ ഭയാനകത മുഴുവൻ വ്യക്തമാക്കപ്പെട്ടു. യൂദാസ് നിരാശയോടെ നിലവിളിക്കുന്നു: "ഹാ, ഞാൻ പാപം ചെയ്തു! ഞാൻ നിഷ്ക്കളങ്കമായ രക്തത്തെ ഒററിക്കൊടുത്തു!" ഇനിയെന്താണു ചെയ്യുക! തന്നെ തിന്മയിലേക്കു നയിച്ചവരുടെ അടുത്തുചെന്നു് നിലവിളിക്കയായി. അവർ പറഞ്ഞു: "അതിനു ഞങ്ങളെന്തു വേണം? നീ നിൻെറ പാടുനോക്കു. പറഞ്ഞ പണം തന്നില്ലേ?" ആ പണം അവരുടെ മുമ്പിൽ വലിച്ചെറിഞ്ഞിട്ടു് അയാളും പോയി കെട്ടിത്തൂങ്ങിച്ചത്തു! ഇതുതന്നെയാണ് പിശാചിനു വേണ്ടതു്. ആകയാൽ, "എന്നെ ഇപ്പോഴും നയിക്കുന്ന ചൈതന്യമേതാണ്?" നമ്മോടുതന്നെ ചോദിക്കുക. ഞാൻ ചെയ്തുപോയ തിന്മകളിൽനിന്നു മോചനം പ്രാപിക്കാമെന്നു വിചാ

രിച്ചപ്പോൾ പിശാച് എന്നെ നിരാശപ്പെടുത്തുകയാണോ? ഇന്നും ഈ വഞ്ചന ധാരാളമായി നടക്കുന്നുണ്ട്. ഇന്നത്തെ ആത്മഹത്യകളുടെ അടിസ്ഥാനകാരണമെന്താണ്? നിരാശ! പിശാചിന് ആരേയും കൊല്ലാൻ അധികാരമില്ല. അതു കൊണ്ട് തന്നെത്താൻ കൊല്ലുവാൻ മനുഷ്യരെ പ്രേരിപ്പിക്കുന്നു. അങ്ങനെ പാപത്തിൽ അവസാനിക്കുന്ന വ്യക്തികൾ നിത്യനാശത്തിൽ കലാശിക്കുമല്ലോ.

ഈ നിർഭാഗ്യകരമായ നിരാശയുടെ കഥ എത്രയെങ്കിലുമുണ്ട്. ഒരേകാന്തധ്യാനത്തിലെ അനുഭവം ഞാനോർക്കുന്നു. ആ ധ്യാനത്തിൻെറ അവസാനദിവസം രാത്രിയിൽ എല്ലാവരും ഉറങ്ങാൻ പോയി. അപ്പോൾ ഒരാൾ വന്ന് എന്നോടു പറഞ്ഞു: ''അച്ചാ ഇവിടെ ഒരു മനുഷ്യൻ ഉറങ്ങാതെയിരിപ്പുണ്ട്. ഞങ്ങൾ ചോദിച്ചിട്ടു ഒന്നും പറയുന്നില്ല. അച്ചനൊന്ന് അയാളോടു സംസാരിക്കണം''. അനന്തരം അവർ പോയി ആ മനുഷ്യനെ കൂട്ടിക്കൊണ്ടുവന്നു. ഒരു 45 വയസ്സെങ്കിലുമുള്ളയാൾ! ഞാൻ ചോദിച്ചു: ''എന്തുപററി സഹോദരാ, എല്ലാവരും ഉറങ്ങിയല്ലോ; സഹോദരനെന്താ ഉറങ്ങാതിരിക്കുന്നതു്?'' അയാൾ എന്നെ ഒന്നു തുറിച്ചുനോക്കുകമാത്രം ചെയ്തു. ഒന്നും മറുപടി പറഞ്ഞില്ല. ഞാൻ വീണ്ടും ചോദിച്ചു: ''എന്താ വല്ല വിഷമവുമുണ്ടോ? പറയൂ, നമുക്കു ശരിപ്പെടുത്താമല്ലോ.'' അയാൾ വിരസമായി പറഞ്ഞു: ''എന്നോടൊന്നും ചോദിക്കണ്ടാ; ഞാനൊന്നും പറയുകയുമില്ല''. സുവിശേഷത്തിലെ മൂകനായ പിശാചിൻെറ പുറപ്പാടാണ്! കർത്താവിൻെറ കരുണയെപ്പററി ഞാൻ ആ മനുഷ്യനോടു സംസാരിക്കുവാനാരംഭിച്ചു. അയാൾ കുറേനേരം ഒന്നും മിണ്ടാതിരുന്നശേഷം പറയുകയാണ്: ''അതെയതെ, അതുതന്നെയാണ് എനിക്കും പറയുവാനുള്ളതു്. എത്രയോ നാളായി ഒരു പാപം മറച്ചുവച്ച് ഞാൻ കള്ളക്കുമ്പസാരം കഴിക്കുന്നു: ഞാൻ ഇതിനുമുമ്പ് എത്രയോ ധ്യാനം കൂടിയതാണ്. അപ്പോഴൊന്നും അതു പറഞ്ഞിട്ടില്ല. ഇനിയൊട്ടു പറഞ്ഞിട്ടു ഫലവുമില്ല; ദൈവം എന്നോടു ക്ഷമിക്കുകയില്ല''. നോക്കു സഹോദരരേ, പലനാൾ ദൈവാനുഗ്രഹം ദുരുപയോഗിച്ചു നടന്ന വ്യക്തി തൻെറ തെററിൻെറ കാഠിന്യം ഗ്രഹിച്ച് ഒന്നു കുമ്പസാരിച്ച് നന്നാകാമെന്നായപ്പോൾ അയാളെ നിരാശയിൽ കുടുക്കി നശിപ്പിക്കുവാൻ പിശാചു ശ്രമിക്കുകയാണ്.

എന്നാൽ, ഇത്രയും ഏററുപറഞ്ഞതിനെ തുടർന്നു് കുമ്പസാരത്തിൽ കർത്താവു കാണിക്കുന്ന സ്നേഹത്തേയും കരുണയേയും പററി ഞാൻ കൂടുതൽ സംസാരിച്ചു. ഒടുവിൽ അയാളിൽ ഒരു പരിവർത്തനമുണ്ടായി: ഒരു നല്ല കുമ്പസാരം കഴിച്ചു് സമാധാനം പ്രാപിക്കുകയും ചെയ്തു.

ഇത്രയും നമ്മിലുള്ള പിശാചിൻെറ പ്രവർത്തനത്തെപ്പററി. ഇനി കർത്താവു് എങ്ങനെ പ്രവർത്തിക്കുന്നുവെന്നു പഠിക്കാം. ഈശോ പാപത്തിൻെറ ഗൗരവത്തെപ്പററിയും അതുമൂലം വരാവുന്ന നാശഫലങ്ങളെപ്പററിയും നമ്മെ വിവരിച്ചു ധരിപ്പിക്കുന്നു. അങ്ങനെ നമ്മെ തിന്മയിൽ നിന്നകററി നിറുത്തുവാൻ അവിടുന്നു ശ്രമിക്കുന്നു. എന്നാൽ ഇതൊന്നും വകവെയ്ക്കാതെ ഒരു വ്യക്തി പാപത്തിൽചെന്നു ചാടിയാലോ, അവിടന്നു എന്തു ചെയ്യും? ''ഞാൻ പറഞ്ഞതല്ലേ; നീ നശിച്ചുപൊയ്ക്കൊള്ളൂ'' എന്നുപറഞ്ഞു തള്ളിക്കളയുമോ? ഒരിക്കലുമില്ല. പിന്നെയോ പാപത്തിൽ ചാടിയവൻെറ കൂടെ അവിടുന്നു് ഇറങ്ങുകയായി പാപക്കുഴിയിലേക്കു്, പാപിയെ തൻെറ ചുമലിലെടുത്തു് കരകയററി രക്ഷിക്കുവാൻ. ഇതിനാണു അവിടുന്നു് ഈ ലോകത്തിലേക്കു വന്നതു്; ഞാൻ പാപികളെ അന്വേഷിച്ചാണു വന്നതു്, അല്ലാതെ പുണ്യവാന്മാരെയല്ല'' എന്നു നമ്മുടെ കർത്താവുതന്നെ പറഞ്ഞുവല്ലോ (മത്താ 9. 13). നിത്യരക്ഷകൻെറ ഈ കരുണയുടെ ദൗത്യം നാം എല്ലാവരേയും അറിയിക്കണം. ഇന്നത്തെ ലോകത്തിനു് ഈശോയുടെ തിരുഹൃദയത്തിൻെറ കാരുണ്യാതിരേകത്തെപ്പററി കൂടുതൽ അറിയേണ്ടതുണ്ടു്; എന്നാൽ നമുക്കുതന്നെ ആ ബോദ്ധ്യം വേണം. എങ്കിലേ നാം മററുള്ളവരോടു് അതേപ്പററി പറയൂ. തിരുവനന്തപുരം സെൻട്രൽ ജയിലിൽനിന്നു് ഒരാൾ ഇപ്രകാരം എഴുതുന്നു: ''എൻെറ ഉദ്യോഗം പോയി. എൻെറ കുടുംബത്തോടുള്ള ബന്ധം അററുകഴിഞ്ഞു. എൻെറ സാമ്പത്തികമായ നേട്ടങ്ങളൊക്കെ നഷ്ടപ്പെട്ടു. തികഞ്ഞ അവമാനവും ക്ലേശവും എനിക്കു വന്നുകൂടിയിരിക്കുന്നു''. ആ കത്തു് ഇങ്ങനെ തുടരുന്നു: ''എന്നാൽ ഈ ജയിലറയിൽ എന്നെ ആശ്വസിപ്പിക്കുന്ന ഒരു ചിന്തയുണ്ടു്. എന്താണെന്നോ? ജയിൽമുറിയുടെ മുകളിൽ ഗദ്സേമിനിലെ ക്രിസ്തുവിൻെറ പടം വെച്ചിട്ടുണ്ടു്. ക്രിസ്തുനാഥൻ ഗദ്സേമിനിയിൽ രക്തം വിയർത്തു പ്രാർത്ഥിച്ചതും, മരണകരമായ ക്ലേശം സഹിച്ചതും

മനുഷ്യരുടെ അപരാധങ്ങൾക്കു വേണ്ടിയാണല്ലോ. അവിടുന്നൊരു കുററവും ചെയ്തിട്ടില്ല. അതാണെന്നെ ആശ്വസിപ്പിക്കുന്ന ചിന്ത.'' ഈ കത്തെഴുതിയതു് ആരാണെന്നോ? രണ്ടു മൂന്നു ബിരുദങ്ങളുള്ള ഒരു സവർണ്ണഹൈന്ദവവ്യക്തി.

ക്രിസ്തുനാഥനെപ്പററിയുള്ള ചിന്ത— അവിടുന്നു നമ്മുടെ അപരാധങ്ങൾ ഏറെറടുത്തു് അവയ്ക്കുവേണ്ടി പരിഹാരം ചെയ്തുവെന്ന ചിന്ത— ആരേയും ആശ്വസിപ്പിക്കും. ''എന്നെ പിടിച്ചുകൊള്ളുക; ഇവർ പൊയ്ക്കൊള്ളട്ടെ'' എന്നു പറഞ്ഞ അവിടുന്നു പീഡകർക്കു സ്വയം ഏല്പിച്ചുകൊടുത്തു. ''പിതാവേ, അവരോടു ക്ഷമിക്കണമേ. കാരണം അവർ അറിയാതെ ചെയ്തു'' എന്നിങ്ങനെ എല്ലാവർക്കുംവേണ്ടി മാപ്പിരന്നുകൊണ്ടു് അവിടുന്നു സ്വജീവൻ ഹോമിക്കുകയും ചെയ്തു.'' ഈ സത്യം എല്ലാവരും അറിയണം. എന്തുകൊണ്ടെന്നാൽ, നമ്മുടെ നാട്ടിൽ ഒരു വലിയ ദ്രോഹം ചെയ്യുന്നുണ്ടു്, അതായതു്, ഒരാൾക്കു് ഒരു തെററുപററിയാലുടനെ എല്ലാവരുംകൂടെ ആക്രോശിക്കയായി, മുടിഞ്ഞുപോയി, നശിച്ചുപോയി എന്നു്. ഇതുകേട്ടാൽ തോന്നും, ഇവരൊക്കെ പരമപരിശുദ്ധരാണെന്നും ഒടുവിലത്തെ വിധി നടത്താൻ ഇവരെയാണു് ഏല്പിച്ചിരിക്കുന്നതെന്നും. ഇവരുടെ ഈ തെററായ തീക്ഷ്ണതയുടെ ഫലമായി എത്രയോ പേർ അകന്നുപോകുന്നു, കർത്താവിന്റെ അനുഗ്രഹത്തിൽനിന്നു്.

ഒരവസരത്തിൽ സ്ത്രീകളുടെ ഏകാന്തധ്യാനത്തിൽ രണ്ടു മൂന്നു് യുവതികൾ സംബന്ധിച്ചു. പാപജീവിതത്തിന്റെ ഫലമായി ജയിൽ ശിക്ഷപോലും കഴിഞ്ഞുവന്നവർ. അവർ പള്ളിയിൽ പോകുന്നില്ല, ഒരുകൂദാശയും സ്വീകരിക്കുന്നില്ല. അവരിലൊരാളോടു് ഞാൻ ചോദിച്ചു: ''സഹോദരി, നിങ്ങൾക്കു പള്ളിയിൽ പോയി കുർബാന കാണാൻ പാടില്ലേ?'' അവർ എന്നെ അത്ഭുതപൂർവ്വം നോക്കിയിട്ടു് പറയുകയാണു്: ''അച്ചാ, ഞങ്ങൾ പള്ളിയിൽ പോകുകയോ? പററില്ല'' ''എന്തുകൊണ്ടു് മകളേ, പള്ളിയിൽ നമുക്കെല്ലാവർക്കും പോകാമല്ലോ.'' ''പോകാൻ മേലച്ചാ. പള്ളിയിൽ ചെന്നാൽ എല്ലാവരും ഞങ്ങളെ വെറുപ്പോടെ നോക്കും: പുച്ഛിച്ചു ചിരിക്കും. മാറി മുട്ടുകുത്തും.'' കണ്ടോ സഹോദരരേ, നമ്മുടെ

പുണ്യാത്മാക്കളെ പേടിച്ചിട്ട് അവർക്കു പള്ളിയിൽ പോകാൻ പാടില്ല. നമ്മുടെ കർത്താവിനേക്കാൾ അധികം പുണ്യമൊന്നും നമുക്കു വേണ്ട. അവിടുന്ന് പാപികളെ വിളിക്കാൻ വന്നിരിക്കുകയാണ്. ഒരു നല്ലവാക്കു് പറയൂ എല്ലാവരോടും. നമ്മൾ അതു പറയേണ്ടവരാണ്. കാരണം, ഈശോ നമ്മോടു് ഓരോരുത്തരോടും ഇതിനകം എത്രയോ അധികം ക്ഷമിച്ചിരിക്കുന്നു. ഈ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നമുക്കു് ഏറ്റുപറയുവാൻ കഴിയണം, ''എന്നോടു് ഇത്രയേറെ കാരുണ്യം കാണിച്ചിരിക്കുന്ന കർത്താവു് നിങ്ങളോടു് ക്ഷമിക്കും. നിശ്ചയം. ആരെല്ലാം നിങ്ങളെ കുറ്റം വിധിച്ചാലും മാററി നിറുത്തിയാലും കർത്താവ് ഒരിക്കലും ഉപേക്ഷിക്കുകയില്ല'' എന്ന്. അവിടുന്നു കൂട്ടം വിട്ടുപോയ ആടുകളെ അന്വേഷിച്ചു വന്നവനാണ്. തന്റെ കാരുണ്യം എന്നുമെന്നും പ്രവർത്തിക്കുന്നു. യൂദാസിനുവേണ്ടി എന്താണ് അവിടുന്ന് ചെയ്യാത്തതു്? നിങ്ങൾക്കു പടം വരയ്ക്കാനറിയാമെങ്കിൽ വരച്ചു സൂക്ഷിക്കേണ്ട ഒരു ചിത്രമുണ്ടു്. എന്താണ് ആ ചിത്രം? ഈശോയുടെ പാദങ്ങളിൽ മഗ്ദലേന— അതല്ല ആ ചിത്രം. പ്രത്യുത യൂദാസിന്റെ പാദങ്ങളിൽ ഈശോ! ഈ ചിത്രം നമ്മൾ ധ്യാനവിഷയമാക്കണം. ഈശോയുടെ പാദങ്ങളിലെ മഗ്ദലേനയെ നാം വേഗം ഓർമ്മിക്കും. പക്ഷേ, യൂദാസിന്റെ പാദങ്ങളിലെ ഈശോയെ കാണാതെ പോകുന്നു. എന്നാൽ ഓരോ ക്രിസ്ത്യാനിയും ഈ വിഷയം മറന്നു കളയരുതു്. നമ്മുടെ ദിവ്യനാഥൻ ആ ദുർഭഗനായ ശിഷ്യനുവേണ്ടി എന്തുതന്നെ ചെയ്തില്ല! അവസാനം ആ തിന്മയുടെ തികവിന്റെ മുമ്പിൽ തന്റെ തിരുഹൃദയം തുറന്നു് സ്നേഹം മുഴുവൻ കാഴ്ചവച്ചു. ''സ്നേഹിതാ, ഒരു ചുംബനംകൊണ്ടു് മനുഷ്യപുത്രനെ ഒററിക്കൊടുക്കുന്നുവോ?'' ഇത്രയുമൊക്കെയായിട്ടും യൂദാസിനോടു വിരോധമില്ല; സ്നേഹം ഉണ്ടുതാനും. സ്നേഹിതനെത്തന്നെയാണ് ഈശോ കാണുന്നതു്. സ്നേഹം ഇനിയും സ്വീകരിക്കാം, ഈ ചതിവിന്റെ തികവിൽതന്നെ. അവിടുന്ന് ഇനിയും അനുഗ്രഹിക്കാനൊരുക്കമാണ്. എങ്കിൽ, ആ കർത്താവിനെ എന്തിനു നമ്മൾ സംശയിക്കുന്നു? ആ കാരുണ്യത്തിന്റെ മുമ്പിൽനിന്നു് എന്തേ അകന്നുപോകുന്നു? എന്തിനു പിശാചിന്റെ വഞ്ചനയിൽ കുടുങ്ങുന്നു?

അന്നു് നമ്മുടെ കർത്താവു് തന്റെ കരുണയെപ്പററി പ്രസംഗിച്ചു. പരസ്പരം ക്ഷമിക്കണം. കാരുണ്യം കാണിക്കണമെന്നൊക്കെ പറഞ്ഞപ്പോഠം പത്രോസു് ശ്ലീഹാസ്സു് ഒരു താല്പര്യം. അദ്ദേഹം ചോദിച്ചു: കത്താവേ, എന്റെ സഹോദരൻ എനിക്കെതിരായി തെററു ചെയ്താൽ ഞാൻ എത്ര പ്രാവശ്യം ക്ഷമിക്കണം?'' കർത്താവു് എങ്ങാനും കുറച്ചുപറഞ്ഞെങ്കിലോ എന്ന ശങ്കയോടെ പത്രോസു് തുടർന്നു ചോദിക്കുന്നു: ''ഏഴു പ്രാവശ്യമോ?'' യഹൂദനിയമമനുസരിച്ചു് മൂന്നു പ്രാവശ്യമേ ക്ഷമിക്കേണ്ടതുള്ളു. പത്രോസു് അതു് ഇരട്ടിച്ചു് ഒന്നും കൂടിചേർത്തു് പൂർണ്ണമാക്കുകയാണു്. എന്നാൽ ഈശോയുടെ മറുപടി എന്തായിരുന്നു? ഏഴല്ല, ഏഴു് എഴുപതു പ്രാവശ്യം എന്നു നിന്നോടു ഞാൻ പറയുന്നു''. എന്നാൽ, 490 പ്രാവശ്യം കൊണ്ടു് നിറുത്താം; പിന്നെ ക്ഷമിക്കേണ്ടതില്ല എന്നല്ല ഈശോയുടെ വാക്കുകളുടെ അർത്ഥം. എപ്പോഴെല്ലാം ക്ഷമ ലഭിക്കുവാൻ ആഗ്രഹിക്കുന്നുവോ, അപ്പോഴെല്ലാം ക്ഷമിക്കണം. ഈ ആദർശം എല്ലാ ക്രൈസ്തവരും പാലിക്കേണ്ടതാണു്. കാരണം, അതു ക്രിസ്തുനാഥന്റെ ദൗത്യമാണു്. ഫരിസേയർ ഈശോയുടെമേൽ ആരോപിച്ച ഒരു കുററം: ''ഇവൻ പാപികളുടേയും ചുങ്കക്കാരുടേയും സ്നേഹിതനാകുന്നു. ഇവൻ പാപികളോടുകൂടി ഭക്ഷിക്കുന്നു'' എന്നാണല്ലോ, അങ്ങനെയെങ്കിൽ കർത്താവു് ചെയ്തതു മുഴുവൻ തെററാണു്. പാപികഠംക്കുവേണ്ടി മരിച്ചതു് അതിലും വലിയ തെററായിപ്പോയി!

ദിവ്യരക്ഷകൻ എല്ലാവരുടേയും തെററുകഠം ഏററെടുത്തിട്ടു് തെററുകാരനാകാൻ വന്നതല്ലേ? അവിടുന്നു് എല്ലാവർക്കും വേണ്ടി അപരാധിയായിത്തീർന്നു. ആ അപരാധത്തിന്റെ പുറകെ നമ്മളും നമ്മുടെ തെററുകളെല്ലാം അവിടുത്തെ പാദങ്ങളിൽ കാഴ്ചവയ്ക്കുകയാണു്. ഇതാണു മറിയം മഗ്ദലേന അന്നു ചെയ്തതു്. അങ്ങനെ അവഠം വലിയ പുണ്യവതിയായിത്തീർന്നു. അതിനു നമ്മുടെ കർത്താവുതന്നെ സാക്ഷ്യം വഹിക്കുന്നുണ്ടു്; ''ഇവഠം അധികം സ്നേഹിച്ചതിനാൽ'' ഈശോ പറഞ്ഞു: ''ഇവളുടെ അനവധിയായ പാപങ്ങഠം ക്ഷമിക്കപ്പെട്ടിരിക്കുന്നു'' (ലൂക്കാ. 9. 47). മറിയം ഈശോയുടെ പാദങ്ങളിൽ പ്രണമിച്ചു്, തന്റെ പരസ്യപാപങ്ങഠംക്കു പരസ്യ

പ്രായശ്ചിത്തം ചെയ്യുവാൻതന്നെ തയ്യാറായി. അവരം സാഹചര്യങ്ങളൊന്നും പരിഗണിച്ചില്ല. അവിടെ ഫരിസേയ പ്രമാണികളുണ്ട്, പാപിയ്ക്കു കല്ലും തടിയുമായി കാത്തിരിക്കുന്നവർ. അവരെന്തു പറയും, ഇവരെന്തു ചെയ്യും എന്നൊന്നും അവരം ആലോചിച്ചില്ല. തനിക്കെത്ര വലിയ ശിക്ഷയാണാവോ കല്പിക്കുവാൻ പോകുന്നതു് എന്ന ചിന്തയും അവളെ പിടിച്ചുനിറുത്തിയില്ല. "കർത്താവു് എന്നെ സ്വീകരിക്കാതെ തള്ളിക്കളഞ്ഞാലോ" എന്നും അവരം ശങ്കിച്ചില്ല. കാരണം, ഈശോയുടെ കരുണയെപ്പററി അവരംക്കു നല്ല ബോദ്ധ്യമുണ്ടായിരുന്നു. അങ്ങനെ ലോകത്തെ മറന്നു്, അതിൻെറ വിചാരഗതികളെ പരിഗണിക്കാതെ, ഈശോയുടെ കരുണയിൽ ആശ്രയിച്ചു് അവിടുത്തെ പക്കലെത്തുന്നു, ആ യഹൂദ സദസ്സിൽ, അന്യൻെറ വീട്ടിൽ. ഫലമോ? മറിയം തികച്ചും അനുഗൃഹീതയായി. എന്താണു് അവളെ അതിനു യോഗ്യയാക്കിയതു്? സ്നേഹം. "മകളേ, നീ അധികം സ്നേഹിച്ചു" നമ്മുടെ കർത്താവു പറഞ്ഞു. നാം നമ്മുടെ തെററുകരംക്കു മാപ്പപേക്ഷിക്കാൻ പ്രേരിതരാകുന്നതു് സ്നേഹത്തിൻെറ പേരിലാണു്. "ഞാനെൻെറ നല്ലദൈവത്തിനെതിരായി തെററു ചെയ്തു. എൻെറ സ്നേഹശൂന്യത പരിഹൃദമാകണം. കർത്താവിനെ ഞാൻ അവഹേളിച്ചതിനു പരിഹാരം ചെയ്യണം. എൻെറ നല്ല പിതാവായ ദൈവത്തോടുള്ള സ്നേഹബന്ധം പുനഃസ്ഥാപിക്കണം. അവിടുത്തെ പ്രിയ പുത്രനായിട്ടുതന്നെ ജീവിക്കുകയും മരിക്കുകയും വേണം. അതിനുവേണ്ടി എന്തു ചെയ്യുവാനും ഞാൻ ഒരുക്കമാണു്. ലോകം എന്തു പറയുമെന്നു പരിഗണിക്കുന്നില്ല" ഇങ്ങനെ കർത്താവിനെ സമീപിച്ചാലും. അവിടുന്നു നമ്മെ കാത്തിരിക്കുന്നു. ഈ ധ്യാനത്തിനു് അവസരം തന്നതു് അവിടുന്നാണു്. ഈ പാപബോധവും മനസ്താപവും അവിടുത്തെ ദാനമാകുന്നു.

ഈശോയുടെ പാദങ്ങളിലേ മറിയത്തെപ്പററി ധ്യാനിച്ചുകൊണ്ടുവന്ന ഒരു വ്യക്തി എന്നോടു പറഞ്ഞു: അച്ചൻ പറഞ്ഞ വിഷയത്തെക്കുറിച്ചു് ഞാൻ സ്വന്തമായി ധ്യാനിച്ചു. അതിൻെറ ഫലമായി എൻെറ മനസ്സിൽ ഗാഢമായി പതിഞ്ഞ ഒരു ചിന്തയുണ്ടു്: "മറിയം ഈശോയുടെ പാദങ്ങളിൽ പ്രണമിച്ചു് പ്രാർത്ഥിച്ചപ്പോരം ആ പാദങ്ങളിൽ ആണിപ്പഴുതുകരം

ഇല്ലായിരുന്നല്ലോ.'' ഹാ! വളരെ ശരിയായ ചിന്ത! ആ തൃപ്പാദങ്ങളിൽ അന്നു് ആണിപ്പഴുതുകൾ ഇല്ലായിരുന്നു. എന്തെന്നാൽ ഈശോ സഹിച്ചതും മരിച്ചതും പിന്നീടാണു്. അയാൾ ഇങ്ങനെ തുടർന്നു: ''എന്നാൽ ഞാനിന്നു കർത്താവിന്റെ പാദങ്ങളിലെത്തുമ്പോൾ അവയിൽ എനിക്കുവേണ്ടി ആണികൾ തറച്ച തിരുമുറിവുകളുണ്ടു്; ഇന്നു് അവിടുത്തെ തിരുഹൃദയം കുത്തിത്തുറന്നതാണു്. എന്നെസ്വീകരിക്കാൻ വിരിച്ചു പിടിച്ചിരിക്കുന്ന തൃക്കൈകളിലും മുറിവുകളുണ്ടു്. പിന്നെ, ഞാനെന്തിനാണു ഭയപ്പെടുക. മറിയത്തേക്കാൾ എത്രയോ അധികം ഞാനെന്റെ ഈശോയെ സ്നേഹിക്കേണ്ടതാണു്.'' പ്രിയരേ, നിങ്ങൾ ഈ വഴിക്കു ചിന്തിക്കൂ. ഈയാളുടെ വിചാരങ്ങൾ നമുക്കു സ്വന്തമാക്കാം. ഈശോയുടെ തുറന്നുവച്ചിരിക്കുന്ന തിരുഹൃദയത്തിൽ നമുക്കു് അഭയം തേടാം. അവിടുന്നു കുമ്പസാരക്കൂട്ടിൽ നമ്മെ കാത്തിരിക്കുകയാണു്, ധൂർത്തപുത്രനെ കരുണാപൂർവ്വം സ്വീകരിച്ചു അനുഗ്രഹിച്ച പിതാവിനെപോലെ. നമ്മുടെ മാലിന്യങ്ങൾ അവിടുന്നു കഴുകിക്കളയും. പ്രസാദവരമാകുന്ന വസ്ത്രം നമ്മെ ധരിപ്പിക്കും; സുകൃതങ്ങളാകുന്ന ആഭരണങ്ങൾ നമ്മെ അണിയിക്കും; സ്നേഹവിരുന്നിലേക്കു നമ്മെ ആനയിക്കുകയും ചെയ്യും.

# 16. പരിഹാരജീവിതം

മിശിഹായിൽ പ്രിയ സഹോദരരേ,

ധ്യാനകമ്പസാരം കഴിച്ചു; അതിനുള്ള പ്രായശ്ചിത്തവും ചെയ്തുകഴിഞ്ഞു. എന്നാൽ അതുകൊണ്ടു് എല്ലാമായി എന്നു കരുതരുതു്. പരിഹാരചൈതന്യം തുടർന്നു പാലിക്കണം. പരിഹാരജീവിതം നയിക്കുകയും വേണം. ധ്യാനം വഴി ലഭിച്ച അനുഗ്രഹങ്ങൾ നിലനിറുത്തുവാനും വികസിപ്പിക്കുവാനും അതാവശ്യമാണു്.

ഇതൊന്നും വേണമെന്നില്ല; അങ്ങനെ നമ്മൾ ക്ലേശം സഹിക്കുവാൻ സ്നേഹനിധിയായ ദൈവം ആഗ്രഹിക്കുന്നില്ല എന്നൊരു അഭിപ്രായഗതി ചിലർക്കുണ്ടായേക്കാം. എന്നാൽ അതു് വിശുദ്ധ ഗ്രന്ഥത്തിനും തിരുസ്സഭയുടെ പഠനത്തിനും വിരുദ്ധമാണെന്നു് ഓർക്കണം. ആദിമാതാപിതാക്കന്മാരുടെ പാപം ദൈവം ക്ഷമിച്ചു, അവർക്കു് നിത്യശിക്ഷ നൽകിയില്ല. എന്നാൽ നീണ്ടുനില്ക്കുന്ന ശിക്ഷകൾ ഐഹികജീവിതത്തിലേക്കു കല്പിക്കുകയുണ്ടായി. ദൈവം സ്ത്രീയോടും അരുളിച്ചെയ്തു: ''ഗർഭധാരണത്തിലുള്ള നിന്റെ വേദനകൾ ഞാൻ വർദ്ധിപ്പിക്കും, വേദനയോടെ നീ കുട്ടികളെ പ്രസവിക്കും.'' ആദത്തോടു് അവിടുന്നു പറഞ്ഞു; നീ നിമിത്തം ഭൂമി ശപിക്കപ്പെട്ടതായിരിക്കും. അതു നിനക്കു് മുള്ളും മുൾച്ചെടികളും മുളപ്പിക്കും. നിന്റെ നെററിയിലെ വിയർപ്പുകൊണ്ടു് അപ്പം ഭക്ഷിക്കും. നീ പൊടിയാകുന്നു, പൊടിയിലേക്കു് പിന്തിരിയുകയും ചെയ്യും''. ഈ ശിക്ഷകൾ ഇന്നും മനുഷ്യർ അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ടല്ലൊ? സങ്കീർത്തകൻ പറഞ്ഞിട്ടുള്ളതുപോലെ ദൈവം ''അവരോടു് ക്ഷമിച്ചെങ്കിലും അവരുടെ കുററങ്ങൾക്കു് ശിക്ഷനൽകി'' (99).

ഇതുപോലെ പിൽക്കാലത്തു ദൈവം പാപത്തിനു പരിഹാരം ആവശ്യപ്പെട്ടതായി ഇസ്രായേലിന്റെ ചരിത്രത്തിൽ

കാണുന്നു. നിനിവേക്കാർ ദീർഘദർശിയുടെ നിർദ്ദേശാനുസാരം ഉപവാസവും മററു പ്രായശ്ചിത്തകൃത്യങ്ങളും നിർവ്വഹിക്കുകയും അങ്ങനെ ദൈവകോപത്തിൽനിന്നു രക്ഷപെടുകയും ചെയ്തുവല്ലോ. പരിഹാരത്തിനുള്ള ഇതേ ആഹ്വാനം തന്നെയാണു യോഹന്നാൻ മാംദാനയും യഹൂദർക്കു നൽകിയതു്.

ലോകത്തിൻെറ പാപങ്ങൾക്കു പരിഹാരം അനുഷ്ഠിക്കുവാൻ വന്ന ദൈവപുത്രൻെറ ഐഹികജീവിതം ആദ്യന്തം പ്രായശ്ചിത്തം നിറഞ്ഞതായിരുന്നല്ലോ. "എനിക്കൊരു കാസാ കുടിക്കുവാനുണ്ടു്, ഒരു മാമ്മോദീസ മുങ്ങുവാനുണ്ടു്" എന്നു് അവിടുന്നു പ്രസ്താവിച്ചതുപോലെ കാൽവരിയിലെ കുരിശിൽ എല്ലാം പൂർത്തിയാക്കിക്കൊണ്ടു് സ്വജീവൻ അർപ്പിച്ചു. ഈ പരിഹാരജീവിതത്തിൽ പാപരഹിതയായ പരിശുദ്ധ മാതാവും പരസ്യപാപിനിയായിരുന്ന മഗ്ദലേനായും ഭാഗഭാക്കായി. അധികം സ്നേഹിച്ചതുവഴി അസംഖ്യങ്ങളായ പാപങ്ങൾക്കു് മോചനം നേടി പുണ്യവതിയായി പുറപ്പെട്ട മഗ്ദലേന ഈശോയുടെ കുരിശിൻെറ വഴിയിൽ നടന്നു്, ക്രൂശിതൻെറ പാദങ്ങളിൽ സ്വയം സമർപ്പിച്ചു. മാത്രമല്ല, പാരമ്പര്യം പറയുന്നതുപോലെ അവൾ തൻെറ ജീവിതശിഷ്ടം മുഴുവൻ ഒരു കുരിശിൻെറ ചുവട്ടിൽ പ്രാർത്ഥനയും പ്രായശ്ചിത്തവുമായി കഴിച്ചുകൂട്ടുകയും ചെയ്തു.

ഇതേ കടമ നമുക്കുമുണ്ടു്. കാരണം, ക്രിസ്തുവിൻെറ ഭൗതികശരീരത്തിൽ നിർവ്വഹിക്കപ്പെട്ട പരിഹാരകൃത്യം അവിടുത്തെ മൗതികശരീരത്തിൽ തുടർന്നു് നിർവ്വഹിക്കേണ്ടിയിരിക്കുന്നു. ഈ സത്യം അല്പം കൂടി വിശദീകരിക്കാം. ക്രിസ്തുനാഥനു് രണ്ടു ശരീരങ്ങൾ ഉണ്ടു്: ഭൗതിക ശരീരവും മൗതിക ശരീരവും. പരി. ആത്മാവിൻെറ ഹിതാനുസാരം രൂപവത്കൃതമായ ഭൗതിക ശരീരം ഈശോയ്ക്കു് സഹിക്കാനും മരിക്കാനും ആവശ്യമായിരുന്നു; ആ പരിഹാരകൃത്യം കുരിശിലെ ബലിയിൽ പൂർത്തിയാക്കിക്കൊണ്ടു് അവിടുന്നു മരിച്ചു ഉയിർത്തു, ഇനി ഈ പരിഹാരം ലോകാവസാനംവരെ തുടരേണ്ടതു് ഈശോയുടെ മൗതിക ശരീരത്തിലാണു്. മാമ്മോദീസായിൽ ജലത്താലും പരി. ആത്മാവിനാലും ജനിക്കുന്നവരുടെ സമൂഹമാണു് ഈ മൗതിക ശരീരം. അതിൻെറ ശിരസ്സു് ക്രിസ്തുനാഥൻതന്നെ. "സ്വയം

ത്യജിച്ച സ്വന്തം കുരിശുമെടുത്തു് എന്നെ അനുഗമിക്കുക.' എന്നുള്ള ദിവ്യരക്ഷകൻെറ ആഹ്വാനം മൗതികശരീരത്തിൽ നിർവ്വഹിക്കേണ്ട പരിഹാരമല്ലയോ വ്യക്തമാക്കുന്നതു്? ആകയാൽ നമ്മുടേയും മററുള്ളവരുടേയും അപരാധങ്ങൾക്കു പരിഹാരം അനുഷ്ഠിച്ചുകൊണ്ടു് ഈശോയുടെ സമുദ്ധാരണ കൃത്യത്തിൽ നമ്മൾ ഭാഗഭാക്കാകണം. ഇതുതന്നെ വി. പൗലോസ്ശ്ലീഹായും ഏററുപറയുന്നു: ''മിശിഹായുടെ സഹനങ്ങളുടെ കുറവിനെ സഭയാകുന്ന അവിടുത്തെ ശരീരത്തെപ്രതി എൻെറ ശരീരത്തിൽ ഞാൻ പരിഹരിക്കുന്നു.''

നമ്മുടെ ആത്മീയഭദ്രതയ്ക്കും പരിഹാരം ആവശ്യമാണു്. കുമ്പസാരംവഴി പാപങ്ങൾക്കു മോചനം ലഭിക്കുമെങ്കിലും അവയുടെ താൽക്കാലിക ശിക്ഷ ശേഷിക്കുവാൻ പാടുണ്ടു്. ഈ ലോകത്തിലോ പരലോകത്തിലോ വച്ചു് ആ കടം പരിഹരിക്കേണ്ടതാണു്. ഇവിടെ വച്ചുതന്നെ പരിഹരിക്കുകയാണു് എളുപ്പവും പ്രയോജനകരവും. ഇതു് കരുണയുടെ കാലവും സ്വീകാര്യമായ സമയവുമാകയാൽ ദൈവത്തിൽനിന്നു ക്ഷമയും മോചനവും പ്രാപിക്കുക സുകരമാണു്. മാത്രമല്ല, ഇപ്പോൾ ചെയ്യുന്ന പരിഹാരകൃത്യങ്ങൾവഴി കടം വീട്ടുന്നതോടുകൂടി സ്വർഗ്ഗീയ മഹിമ വർദ്ധിപ്പിക്കുവാനും കഴിയും. ആർക്കും അദ്ധ്വാനിക്കുവാനും സമ്പാദിക്കുവാനും കഴിയാത്ത അന്ധകാര കാലമാണു മരണത്തോടുകൂടി ആരംഭിക്കുക.

വീണ്ടും പാപത്തിൽ വീഴാതെ സൂക്ഷിക്കുവാനും പുണ്യത്തിൽ വളരുവാനുംകൂടി പരിഹാരം ചെയ്യുക ആവശ്യമാണു്. ഇതു് അല്പംകൂടി വിവരിച്ചു പറയാം. വിഷമജ്വരം പിടിപെട്ട ഒരാൾ ആസ്പത്രിയിൽ കിടന്നു കുറെ ആഴ്ചകൾ ചികിത്സ നടത്തിക്കഴിയുമ്പോൾ പനി മാറുന്നു. ഇനി വീട്ടിലേക്കു മടങ്ങാമെങ്കിലും പ്രത്യേകം സൂക്ഷിച്ചു ജീവിക്കണം. അല്ലെങ്കിൽ പനി വീണ്ടും വരും. കാരണം പനി മാറിയെങ്കിലും പനിമൂലം ഉണ്ടായിട്ടുള്ള ബലഹീനത മാറിയിട്ടില്ല. ആത്മാവിൻെറ കാര്യത്തിലും ഇതു ശരിയാണു്. ധ്യാനവും കുമ്പസാരവുമൊക്കെ ഒരുതരം ആസ്പത്രി ചികിത്സയാണു്. കുമ്പസാരത്തോടുകൂടി സുഖക്കേടു ഭേദമായെങ്കിലും പാപം മൂലം ഉണ്ടായിട്ടുള്ള ദൗർബല്യം നീങ്ങിയിട്ടില്ല. ദുരാശകൾ

പ്രബലപ്പെടുകയും മനശ്ശക്തി ക്ഷയിക്കയും ചെയ്യു. അതു് അങ്ങനെതന്നെ തുടരുകയാണു്. തന്മൂലം പഴയ തെററുകരം ആവർത്തിക്കുക എളുപ്പമായിരിക്കും. ആകയാൽ പരിഹാര കൃത്യങ്ങരംവഴി ഈ ദൗർബല്യം ഇല്ലാതാക്കുകയും മനശ്ശക്തി വർദ്ധിപ്പിക്കുകയും വേണം. ഇല്ലെങ്കിൽ ധ്യാനവും കുമ്പസാരവുമെല്ലാം ഫലശൂന്യമാകുകയും പഴയപടി പാപങ്ങളിൽ നിപതിക്കുകയും ചെയ്യും. ഇതുകൊണ്ടാണു് പുണ്യാത്മാക്കരം, ഒരിക്കൽ ചെയ്തുപോയ തെററുകരംക്കു് ജീവിതകാലം മുഴുവൻ പ്രായശ്ചിത്തം ചെയ്തുകൊണ്ടിരുന്നതു്. കുമ്പസാരത്തിനുശേഷം ബാക്കി വരുന്ന താൽക്കാലിക ശിക്ഷ ഒരു ഭാരമായി നമ്മെ ബാധിക്കുന്നതുകൊണ്ടു് പുണ്യപുരോഗതി ഉണ്ടാകാനും വിഷമമാണു്. എന്നാൽ ദൈവമക്കരംക്കു് സഹജമായ സ്വാതന്ത്ര്യം, പാപകടം തീർന്നു് നമുക്കുണ്ടാകുന്നതോടുകൂടി സുകൃത സമ്പാദനം സുകരമാകുന്നതാണു്. ഇപ്രകാരം ഏതു വിധത്തിൽ നോക്കിയാലും പ്രായശ്ചിത്തം ചെയ്തുകൊണ്ടു് ജീവിക്കുക അവശ്യാവശ്യംതന്നെ.

അടുത്തതായി പരിഹാരജീവിതത്തിൻെറ പ്രായോഗികവശത്തെപ്പററി നമുക്കു ചിന്തിക്കാം. രണ്ടുതരത്തിലാണു് നമ്മരം പ്രായശ്ചിത്തം ചെയ്യേണ്ടതു്: ഒന്നു്, പരിഹാരചൈതന്യം പാലിക്കുക: രണ്ടു്, പരിഹാരകൃത്യങ്ങരം ചെയ്യുക. പരിഹാരചൈതന്യം പാലിക്കുന്നതിനു് ഒന്നാമതായി ചെയ്യേണ്ടതു് മനസ്താപപൂർവ്വം പാപബോധം നിലനിറുത്തുകയാണു്. അപരാധം ചെയ്ത ദാവീദു രാജാവു് തൻെറ തെററുകളെപ്പററി വിലപിച്ചുകൊണ്ടു ജീവിച്ചുവെന്നു് അനുതാപ സങ്കീർത്തനങ്ങളിൽനിന്നു മനസ്സിലാക്കാം. ''എൻെറ പാപങ്ങരം ഞാനറിയുന്നു; ഞാനവയെല്ലാം കണ്ടുകൊണ്ടിരിക്കുന്നു.'' (51) ഇതേത്തുടർന്നു് പാപത്തിൻെറ കാഠിന്യത്തെപ്പററി ചിന്തിച്ചു് അദ്ദേഹം മനസ്താപഭരിതനായിത്തീരുന്നു: അങ്ങേയ്ക്കു് എതിരായി ഞാൻ പാപം ചെയ്തു: അങ്ങയുടെ മുമ്പാകെ ഞാൻ തിന്മ പ്രവർത്തിച്ചു.'' അനന്തരം ദൈവത്തിൻെറ കരുണയും ക്ഷമയും ലഭിക്കുവാനായി പ്രാർത്ഥിക്കുന്നു: ''എൻെറ പാപങ്ങളിൽനിന്നു മുഖംതിരിക്കണമേ; എൻെറ അപരാധങ്ങരം മായിച്ചുകളയണമേ.'' പത്രോസ്ശ്ലീഹായും തൻെറ ജീവിതകാലമെല്ലാം സ്വന്തം തെററിനെപ്പററി കരഞ്ഞു കഴിഞ്ഞു

വെന്നു് പാരമ്പര്യം പറയുന്നു. വി. ആഗസ്റ്റീനോസു് തന്റെ കട്ടിലിനു ചുററും അനുതാപ സങ്കീർത്തനങ്ങളുടെ ഭാഗങ്ങൾ വലിയ അക്ഷരത്തിൽ എഴുതി തൂക്കിയിട്ടിരുന്നു. വി. ഫ്രാൻസിസു് അസീസ്സി പലപ്പോഴും ഉറക്കെ വിലപിച്ചിരുന്നു. തന്റെ പഴയ കുററങ്ങളെപ്പററി നമുക്കും ഈ വിശുദ്ധരെപ്പോലെ പാപബോധം പാലിക്കാം. എന്നാൽ പാപങ്ങളുടെ സാഹചര്യങ്ങളെപ്പററി വിശദമായി ചിന്തിച്ചു് പുതിയ പ്രലോഭനങ്ങൾ സൃഷ്ടിക്കരുതു്. അതുപോലെ പാപഭീതി വളർന്നു് നിരാശപ്പെടാനും ഇടയാക്കരുതു്.

രണ്ടാമതായി, നമ്മുടെ പാപങ്ങളെപ്പററി കഠിനമായ വെറുപ്പും ദുഃഖവും പാലിക്കണം. പാപത്തിൽ അഹങ്കരിക്കുന്നവരാകരുതു്. ലോകത്തിന്റെ പാപങ്ങൾ വഹിച്ചുകൊണ്ടു് കുററവാളിയായി കാൽവരി മുകളിൽ നിലകൊണ്ട ഈശോയെപ്പോലെ, സാക്ഷാൽ കുററക്കാരായ നമ്മൾ ഏററം ഹീനമായി പ്രവർത്തിച്ചുവെന്ന ബോധത്തോടെ ജീവിക്കേണ്ടതാണു്. ''കർത്താവേ, പാപിയായ എന്നോടു കരുണ കാണിക്കണമേ''എന്നു ദേവാലയത്തിൽവച്ചു് വിലപിച്ച വിനീതനായ ചുങ്കക്കാരനെപ്പോലെ നമുക്കു പലപ്പോഴും പ്രാർത്ഥിക്കാം.

മൂന്നാമതായി, പാപഭയം പാലിച്ചുകൊണ്ടു് അപകട സാഹചര്യങ്ങളിൽപ്പെടാതെ സൂക്ഷിക്കുകയും വേണ്ട പ്രതിവിധികൾ സ്വീകരിക്കുകയും ചെയ്യണം. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടു് എല്ലാം ക്ഷമിച്ചശേഷം ഈശോ പ്രത്യേകം കല്പിച്ചതു് ഓർമ്മിക്കുക: പൊയ്ക്കൊള്ളുക; ഇനി പാപം ചെയ്യരുതു്.'' ''ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തല്ലെ; തിന്മയിൽനിന്നു രക്ഷിക്കണമേ'' എന്നു് ആത്മാർത്ഥമായി നമുക്കു പ്രാർത്ഥിക്കാം; പാപത്തിനു് ഇട കൊടുക്കാതെ ജീവിക്കുകയും ചെയ്യാം.

ഇപ്രകാരം പരിഹാരചൈതന്യം പാലിച്ചാൽ മാത്രം പോരാ, പ്രായശ്ചിത്തകൃത്യങ്ങൾ ചെയ്യുക കൂടി വേണം. എങ്കിലേ പരിഹാരമനോഭാവം പൂർണ്ണമാകയുള്ളു. എന്തെല്ലാം പ്രായശ്ചിത്തങ്ങളാണു് ചെയ്യേണ്ടതു് എന്നു ചോദി

ച്ചാൽ, ദൈവംതന്നെ കല്പിച്ചുതരുന്നവ എന്നാണ് ഉത്തരം. അതായത് ദൈവപരിപാലനയനുസരിച്ച് അനിവാര്യമായി നമുക്കുണ്ടാകുന്ന ക്ലേശങ്ങൾ സന്തോഷസമേതം സ്വാഗതം ചെയ്യണം. ഉദാഹരണമായി ദാരിദ്ര്യം, അവമാനം, രോഗം തുടങ്ങിയവ ഓരോ വിധത്തിൽ അനുഭവപ്പെടാം. കടുത്ത ചൂടും തണുപ്പും വെള്ളപ്പൊക്കവും അഗ്നിബാധയും കൊടുങ്കാററും പലവിധ ക്ലേശങ്ങൾക്ക് വഴിതെളിക്കാം. സ്വജനങ്ങളുടെ സുഖക്കേടും മരണവും, നമ്മുടെ തന്നെ അസുഖവും തൊഴിലില്ലായ്മയും നമ്മെ അധികം വിഷമിപ്പിച്ചേക്കാം. പല കടുത്ത പ്രലോഭനങ്ങൾ നമ്മെ അലട്ടിയേക്കാം. സ്നേഹിതന്മാരിൽ നിന്നുണ്ടാകുന്ന വഞ്ചനയും മർദ്ദനവും അഭിമുഖീകരിക്കേണ്ടിവരാം. ഭാര്യാഭർത്താക്കന്മാർ പരസ്പരവും, മക്കൾ മാതാപിതാക്കന്മാർക്കും വലിയ ഭാരമാകാം. ഇവയെല്ലാം പാപപരിഹാരത്തിനും പുണ്യപുരോഗതിക്കുമായി ദൈവം അനുവദിക്കുന്നതാണെന്ന് ധരിച്ച് സമാധാനമായി വർത്തിക്കണം; നിരാശപ്പെടരുത്, പുണ്യാത്മാവായ ജോബിനെപ്പോലെ, "ദൈവം തന്നു; ദൈവം എടുത്തു; അവിടത്തേയ്ക്കു സ്തുതി" എന്നു പറയുവാൻ നമുക്കും കഴിയണം.

ഇവിടെ ഒരു കാര്യം പ്രത്യേകം ഓർമ്മിക്കുക: ഈ ക്ലേശങ്ങളൊന്നും ഒട്ടും കൂടുതലല്ല, നമ്മുടെ നിരവധിയായ പാപങ്ങൾ അർഹിക്കുന്ന കഠിനവും നിത്യവുമായ ശിക്ഷയുടെ മുമ്പിൽ. ഒരേയൊരു ചാവുദോഷം മാത്രമേ ചെയ്തിട്ടുള്ളുവെങ്കിൽത്തന്നേയും, അതിന് അപ്പോൾത്തന്നെ ദൈവം നമ്മെ ശിക്ഷിച്ചിരുന്നെങ്കിൽ, ഒരേയൊരു പാപംചെയ്തു അധഃപതിച്ച മാലാഖമാരോടുകൂടി നമ്മളും നരകാഗ്നിയിൽ നിത്യമായി നശിക്കുമായിരുന്നില്ലേ? നരകത്തിൽനിന്ന് ഒരാത്മാവിനെ മോചിച്ച് ഈ ലോകത്തിൽ കൊണ്ടുവന്നാൽ അയാൾ ലോകാവസാനം വരെ തന്നെ ഏതു ക്ലേശങ്ങളും സഹിക്കുവാൻ സന്നദ്ധനാകുകയില്ലേ? എന്നാൽ ദൈവം നമ്മോട് അങ്ങനെയൊന്നും ചെയ്തില്ല; താരതമ്യേന നിസ്സാരമായ സഹനം മാത്രമേ ആവശ്യപ്പെടുന്നുള്ളു. ഇനി, ഒരു ലഘുപാപം മാത്രമേ നാം ചെയ്തിട്ടുള്ളുവെങ്കിൽത്തന്നെ അതിനുണ്ടാകാവുന്ന ശുദ്ധീകരണസ്ഥലത്തിലെ കഠിനശിക്ഷയിലേക്ക് നമ്മെ തള്ളിയിരുന്നെങ്കിലോ? ശുദ്ധീകരണസ്ഥലം ഒരു

നൈററ് ക്കുബ്ബ്യല്ലെന്നു് ഓർമ്മിച്ചാലും! അവിടെ ശിക്ഷിക്ക പ്പെട്ട ചില ആത്മാക്കൾക്ക പകരം വി. അലക്കോക്കും, സിയന്നായിലെ വി. കത്രീനായും പരിഹാരം ചെയ്യുവാൻ അനുവദിക്കപ്പെട്ടതിന്റെ ഫലമായി, ഈ പുണ്യവതികൾ ഭീകരമായ ക്ലേശങ്ങൾ ദീർഘകാലം സഹിക്കേണ്ടിവന്നുവെ ന്നു് അവരുടെ ചരിത്രത്തിൽ കാണുന്നുണ്ടു്. ലോകത്തിലെ ഏതുവിധ സഹനത്തേക്കാളും കഠിനമാണു് ശുദ്ധീകരസ്ഥല ത്തിലേതെന്നു് അവർ പറയുന്നു. അതുകൊണ്ടാണു ചില പുണ്യാത്മാക്കൾ ദൈവത്തോടു് ഇങ്ങനെ പ്രാർത്ഥിച്ചിരു ന്നതു്: ''കർത്താവേ, എന്റെ കടങ്ങൾ ഈ ലോകത്തിൽ വച്ചു്തന്നെ പരിഹരിക്കാൻ അനുവദിക്കണമേ; പരലോക ത്തിലേക്കു് ഒന്നും നീട്ടിവച്ചേക്കല്ലേ''. വീണ്ടും, നമ്മുടെ പാപങ്ങൾക്കുവേണ്ടി ദിവ്യരക്ഷകൻ കൈവരിച്ച ദാരുണ ക്ലേശങ്ങളുടെ ആധിക്യത്തിന്റെ മുമ്പിൽ നമ്മൾ എത്ര കുറച്ചു മാത്രമാണു പരിഹാരം ചെയ്യുന്നതെന്നു ചിന്തിക്കുക. ആക യാൽ ദൈവം കരുണാപൂർവ്വം അനുവദിക്കുന്ന ക്ലേശങ്ങൾ പൂർണ്ണമനസ്സോടെ സ്വീകരിച്ചു് നമ്മുടെ പാപങ്ങൾക്കുള്ള താൽക്കാലികശിക്ഷ പരിഹരിക്കാം.

അടുത്തതായി നമ്മളനുഷ്ഠിക്കേണ്ട പ്രായശ്ചിത്തം പരി. ദൈവജനനി നമുക്കു് നിർദ്ദേശിച്ചിട്ടുണ്ടു്. ഫാത്തിമായിലെ കുട്ടികളോടു് മാതാവു് പറഞ്ഞു: ''അനുദിനജീവിതകടമകൾ ശരിയായി നിർവ്വഹിക്കുവാൻ ആവശ്യമായിവരുന്ന ക്ലേശം സഹിച്ചുകൊണ്ടു് പരിഹാരം ചെയ്യുക'' എന്നു്. അലസത യ്ക്കും അശ്രദ്ധയ്ക്കും അധീനരാകാതെ ഓരോ കടമയും താൽപ ര്യമായി ചെയ്യണം. അതിനു കുറച്ചു ത്യാഗവും സഹനവും ആവശ്യമാണല്ലോ. സാരമില്ലെന്നു കരുതി അവയൊന്നും അവഗണിക്കരുതു്. അവ വഴി നമ്മുടേയും മററുള്ളവരുടേയും തെററുകൾക്കു് പരിഹാരം ചെയ്യുവാൻ നമുക്കു കഴിയും. രാവി ലെ ഉണരുമ്പോൾത്തന്നെ നമ്മുടെ അന്നത്തെ സകല വ്യാപാ രങ്ങളും കുരിശിലെ ബലിയോടുകൂടെ ദൈവത്തിനു് സമർ പ്പിക്കുക. പ്രധാന കാര്യങ്ങൾ ആരംഭിക്കുമ്പോൾ ഈ നിയോ ഗം പുതുക്കിക്കൊണ്ടിരിക്കണം. ഞാൻ ചെയ്യുന്ന ഈ ജോലി, അലസതയ്ക്കു് പരിഹാരമായി, ഈ പഠനം വിദ്യാലയങ്ങളിലെ ക്രമക്കേടുകൾക്കു് പരിഹാരമായി, ഈ ഭക്ഷണം ഭോജനപ്രി

യത്തിനും മദ്യപാനത്തിനും പരിഹാരമായി, ഈ ഭക്തകൃത്യം ദൈവദൂഷണങ്ങൾക്കു പരിഹാരമായി, എന്റെ ബൈബിൾ വായന അശ്ലീലഗ്രന്ഥപാരായണത്തിനു പരിഹാരമായി ഞാൻ ചെയ്യുന്നു എന്നിങ്ങനെ നിയോഗം വയ്ക്കുന്നതു തികച്ചും അനുഗ്രഹപ്രദമാണ്. അതുവഴി നമ്മുടെ ഓരോ കൃത്യവും നന്നായി ചെയ്യുവാൻ ഇടയാകുന്നതോടുകൂടി പരിഹാരക്കടം തീർക്കാനും കഴിയും.

ഇനി നമ്മൾ ചെയ്യേണ്ടതു് സഭാമാതാവു് നിശ്ചയിച്ചിട്ടുള്ള പ്രായശ്ചിത്തങ്ങളാണ്. വെള്ളിയാഴ്ചയുള്ള മാംസവർജ്ജനവും നോമ്പുകാലത്തെ ഒരുനേരവും ഇവയിൽ പെടും. പാപത്തിൻ കീഴുള്ള കടത്തിൽനിന്നു പല മാംസവർജ്ജനവും മററും ഒഴിവാക്കിയിട്ടുണ്ടെങ്കിലും പരിഹാരം ചെയ്യുക എന്ന പൊതു കടമയിൽനിന്നു് ആർക്കും ഒഴിവില്ല എന്നു് പരിശുദ്ധ പിതാവു് പ്രത്യേകം പ്രസ്താവിക്കുകയുണ്ടായി. ഇവയോടുകൂടി ഓരോരുത്തരും സ്വന്തമായി ചെയ്യുന്ന ചില പ്രായശ്ചിത്തങ്ങളും ചേക്കാം. മാർത്തോമ്മാ ക്രിസ്ത്യാനികൾ മുമ്പു് അനുഷ്ഠിച്ചിരുന്ന അമ്പതുനോമ്പും, ഇരുപത്തഞ്ചു്നോമ്പും, എട്ടുനോമ്പും, മൂന്നു നോമ്പും മററും അനുസ്മരിച്ചുകൊണ്ടു് നമ്മൾ വ്യക്തിപരമായോ പൊതുവായോ ചില പ്രായശ്ചിത്തങ്ങൾ ചെയ്യുന്നതു നല്ലതാണ്. എന്നാൽ ഈ പ്രായശ്ചിത്തങ്ങൾകൊണ്ടുമാത്രം നമ്മൾ വലിയ വിശുദ്ധന്മാരായിരിക്കുന്നു എന്നു കരുതേണ്ടതില്ല. വി. അൽഫോൻസ് ലിഗോരി പറയുന്നു, ഈ തപശ്ചര്യകൾ തോട്ടത്തിനു ചുററും കെട്ടുന്ന മുള്ളുവേലി മാത്രമാണ്, കന്നുകാലികൾ കയറാതിരിക്കുവാൻ. സാക്ഷാൽ തോട്ടമുണ്ടാകണമെങ്കിൽ, സ്ഥലം കിളച്ചൊരുക്കി, നല്ലയിനം വിത്തുകൾ പാകി ചെടികൾ വളർത്തണം. ഇതുപോലെ ശാരീരികമായ ചില പ്രായശ്ചിത്തങ്ങൾ ചെയ്യുന്നതു പാപക്കടം വീടാനും ദുരാശകൾ ആക്രമിക്കാതിരിക്കാനുമാണ്. സുകൃതസുമങ്ങളും പുണ്യഫലങ്ങളും ഉണ്ടാകുവാൻ സൃഷ്ടിപരമായ മററു മാർഗ്ഗങ്ങൾ സ്വീകരിക്കുകതന്നെ വേണം.

നമ്മുടെ ഈ പരിഹാരകൃത്യങ്ങളുടെ കൂട്ടത്തിൽ പരസ്നേഹപ്രവൃത്തികൾക്കും സ്ഥാനമുണ്ടു്. ദാനധർമ്മം, രോഗീപരിചരണം, മതോപദേശം, പ്രേഷിതപ്രവർത്തനങ്ങൾ തുടങ്ങിയവ

വഴി നമ്മുടെ പാപങ്ങൾക്ക് പരിഹാരം ചെയ്യാവുന്നതാണ്. ദാവീദ് രാജാവ് അൻപത്തൊന്നാം സങ്കീർത്തനത്തിൽ പറയുന്നു: ''ദുഷ്ടരെ ഞാൻ അങ്ങയുടെ വഴി പഠിപ്പിക്കും?; പാപികൾ അങ്ങേ പക്കലേക്കു പിന്തിരിയും.

പ്രിയപ്പെട്ടവരേ, ഒരു സത്യംകൂടി അനുസ്മരിപ്പിച്ചുകൊണ്ട് ഈ ധ്യാനം അവസാനിപ്പിക്കാം. നമ്മുടെ പരിഹാര കൃത്യങ്ങൾക്ക് അവയിൽത്തന്നെ, ദൈവദൃഷ്ടിയിൽ പ്രത്യേക വിലയില്ല; എല്ലാം വെറും പൂജ്യം മാത്രം. പൂജ്യം എത്രയെഴുതിയാലും എന്താണുവില? എന്നാൽ അതിന്റെ ആരംഭത്തിൽ ഒന്ന് എന്നൊരു അക്കം എഴുതുക. അപ്പോൾ പൂജ്യങ്ങൾക്ക് 10, 100, 1000, 10000 എന്നിങ്ങനെ വലിയവിലയുണ്ടാകും. ഇതുപോലെ നമ്മുടെ പ്രായശ്ചിത്തങ്ങൾ ഈശോയുടെ ബലിയോട് ചേർത്തു സമർപ്പിക്കുക. അപ്പോൾ അവയ്ക്കു് അളവററ വിലയായി. വി. കുർബ്ബാന എന്ന ബലി അനുനിമിഷം നടക്കുന്നുണ്ടല്ലോ. നമ്മുടെ ഒരോ പ്രവൃത്തിയും അതതു നിമിഷം അർപ്പിക്കപ്പെടുന്ന ബലികളോട് ചേർത്ത് നിർവ്വഹിക്കുക. അങ്ങനെ നമ്മുടെ പാപക്കടങ്ങൾ പരിഹരിക്കാനും സ്വർഗ്ഗത്തിൽ മഹത്വം നേടുവാനും നമുക്ക് ഉത്സാഹിക്കാം, നമ്മുടെ ഈ ധ്യാനചിന്തകളും ഇപ്പോൾ ലോകമാസകലം അർപ്പിക്കപ്പെടുന്ന വി. ബലികളോട് ചേർത്ത് ദൈവസമക്ഷം സമർപ്പിക്കുകയും ചെയ്യാം.

# 17. ധൂർത്തനുള്ള വിരുന്ന്

മിശിഹായിൽ പ്രിയ സഹോദരരേ,

ഈശോ പ്രസംഗിച്ച ധൂർത്തപുത്രൻെറ ഉപമ നമുക്കെല്ലാവർക്കും അറിയാമല്ലോ. ധൂർത്തൻ തൻെറ പിതാവിൻെറ ഭവനത്തിൽനിന്നും ഇറങ്ങിപ്പോയി. ഇഷ്ടംപോലെ ജീവിച്ച്, ഉണ്ടായിരുന്ന ധനമെല്ലാം നശിപ്പിച്ചു. ഒടുവിൽ ക്രൂരനായ ഒരു യജമാനൻെറ കീഴിൽ ജോലി ചെയ്യേണ്ടിവന്നു. പന്നികളെ മേയ്ക്കുന്ന ജോലി. പ്രതിഫലമായി പന്നിച്ചട്ടിയിലെ തവിടുതന്നെ തിന്നുപോന്നു. എത്രയോ നിർഭാഗ്യകരമായ ഒരവസ്ഥയാണിത്. എന്നാൽ ഒരു പാപിയുടെ സ്ഥിതി ഇതിലും ഹീനമാണ്. ദൈവത്തിൻെറ ഭവനത്തിൽ വിശുദ്ധ കൂദാശകളും മറ്റു സ്വർഗ്ഗീയാനുഗ്രഹങ്ങളും അനുഭവിച്ചുകഴിയുന്ന വ്യക്തി പാപത്തിൽ അധഃപതിക്കുന്നതോടുകൂടി സകല ദിവ്യദാനങ്ങളും നഷ്ടപ്പെടുത്തുന്നു: ക്രൂരനായ പിശാചിൻെറ അടിമയായിത്തീരുകയും ചെയ്യുന്നു.

ധൂർത്തന് ഒരു നല്ല വിചാരമുണ്ടായി. പിതൃഭവനത്തിലേക്ക് പിന്തിരിയുവാൻ. ഉടനെ അയാളെഴുന്നേററ് പിതാവിൻെറ ഭവനത്തെ ലക്ഷ്യമാക്കി പുറപ്പെട്ടു. പിതാവാകട്ടെ, സ്വപുത്രനെ വഴിയിൽവച്ചുതന്നെ കണ്ട് സ്നേഹപൂർവ്വം സ്വീകരിച്ചു. അവനെ വിശേഷവസ്ത്രങ്ങൾ ധരിപ്പിക്കുകയും കാലിൽ ചെരിപ്പും കൈവിരലുകളിൽ മോതിരവും അണിയിക്കുകയും ചെയ്തു. അനന്തരം മെഴുത്ത കാളക്കുട്ടിയെ കൊന്ന് വിഭവസമൃദ്ധമായ വിരുന്നൊരുക്കാനും നിർദ്ദേശിച്ചു. ഇതെല്ലാം ഈ ധ്യാനദിവസങ്ങളിൽ സ്നേഹപിതാവായ ദൈവം നമ്മെ സംബന്ധിച്ച്, ഓരോവിധം ചെയ്തുകഴിഞ്ഞു. അവിടുന്നു നമ്മെ പ്രസാദവരമാകുന്ന വിലയേറിയ വസ്ത്രവും സുകൃതങ്ങളാകുന്ന ആഭരണങ്ങളും ധരിപ്പിച്ചിരിക്കുന്നു. നമുക്കുവേണ്ടി ഒരു വലിയ വിരുന്നും ഒരുക്കുന്നുണ്ട്. തടിച്ച കാളക്കിടാവിൻെറ മാംസംകൊണ്ടുള്ളതല്ല അത്; പിന്നെയോ ദിവ്യ ചെ

മ്മരിയാട്ടിൻകുട്ടിയുടെ തിരുമാംസരക്തങ്ങൾകൊണ്ടു് തയ്യാറാക്കിയിട്ടുള്ള സ്വർഗ്ഗീയവിരുന്നാണു്. നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥരും മാലാഖമാരും സമ്മേളിക്കുന്നു, നമ്മെ ആ വിരുന്നിലേക്കു് ആനയിക്കുവാൻ, നമുക്കു് ഈശോയോടു പ്രാർത്ഥിക്കാം: ''വാങ്ങി ഭക്ഷിക്കുവിൻ. ഇതെന്റെ ശരീരമാകുന്നു; വാങ്ങി കുടിച്ചുകൊള്ളുവിൻ, ഇതെന്റെ രക്തമാകുന്നു'' എന്നു സ്നേഹപൂർവ്വം ഞങ്ങളെ ക്ഷണിക്കുന്ന ദിവ്യനാഥാ, അങ്ങേ ആദ്യ ശിഷ്യന്മാർക്കു് ആ ദിവ്യഭോജനം ആദ്യമായി നല്കിയല്ലോ. ഇന്നു ഞങ്ങൾക്കു അതു തരുവാൻ അങ്ങു തിരുമനസ്സാകുന്നു. ഇതിനൊന്നും ഒരു വിധത്തിലും ഞങ്ങൾ യോഗ്യരല്ല. അങ്ങയുടെ കാരുണ്യാധിക്യത്തെ ഞങ്ങളെന്നും പ്രകീർത്തിക്കും; ഞങ്ങളിൽ അങ്ങു് എഴുന്നള്ളി വരണമേ.

ഈ ലോകത്തിൽ പല മഹാപുരുഷന്മാരും ജനിച്ചു്, ജീവിച്ചു് പലേ വലിയ കാര്യങ്ങളും നിർവ്വഹിച്ചിട്ടുണ്ടല്ലോ. എന്നാൽ, മനുഷ്യസഹജമായവിധം, അവരൊക്കെ അനിവാര്യമായ മരണംവഴി ഭൂമുഖത്തുനിന്നു തിരോധാനം ചെയ്യേണ്ടി വന്നു. ലോകരക്ഷകനായ ക്രിസ്തുനാഥനും കുരിശിൽ മരണം വരിക്കുകയും സംസ്കരിക്കപ്പെടുകയും ചെയ്തു. പക്ഷേ, അവിടന്നു മുമ്പേകൂട്ടി പ്രസ്താവിച്ചിരുന്നതുപോലെ മരണത്തെ ജയിച്ചു്, ഉയിർത്തു് സ്വർഗ്ഗാരോഹണം ചെയ്തു. മാത്രമല്ല, ലോകാവസാനംവരെ മനുഷ്യരോടുകൂടി വസിക്കുവാനായി പുതിയൊരു ജീവിതരീതി സ്വീകരിക്കാനും തിരുമനസ്സായി. ഇതാണു വിശുദ്ധ കുർബാന എന്ന കൂദാശയിലെ നിരന്തര സാന്നിദ്ധ്യംവഴി അവിടുന്നു സാധിച്ചിരിക്കുന്നതു്.

ദിവ്യരക്ഷകന്റെ കാലിക്കൂട്ടിലെ ജനനവും പണിപ്പുരയിലെ ജീവിതവും കുരിശിലെ മരണവും യഹൂദന്മാർക്കു് വലിയൊരു വിഷമപ്രശ്നവും പുറജാതികൾക്കു് വിഡ്ഢിത്തവുമായി പരിണമിച്ചെങ്കിൽ, അതിലുപരി അസ്വീകാര്യമായിത്തീർന്നു അവിടുത്തെ കൗദാശികസാന്നിദ്ധ്യം. അത്ഭുതകരമായി അപ്പവും മത്സ്യവും വർദ്ധിപ്പിച്ചു് ആയിരക്കണക്കിനാളുകളെ തീററി തൃപ്തരാക്കുകയും, അലറിമറിഞ്ഞ തിരമാലകളേയും കൊടുങ്കാററിനെയും ശമിപ്പിക്കുകയും ചെയ്ത കർത്താവു് അടുത്ത പ്രഭാതത്തിൽ കഫർണ്ണാമിലെ കടൽക്കരയിൽവച്ചു

ദിവ്യകാരുണ്യഭക്ഷണത്തെപ്പററി പറയുവാൻ ആരംഭിച്ചതോടെ, താല്പര്യപൂർവ്വം അവിടെ ഓടിക്കൂടിയിരുന്ന ജനങ്ങളുടെ ഭാവം മാറി. ''സ്വശരീരം ഭക്ഷണമായും, രക്തം പാനീയമായും നല്കുവാൻ ഇദ്ദേഹത്തിനു് എങ്ങനെ കഴിയും?'' എന്നു് പ്രതിഷേധസ്വരത്തിൽ അവർ ചോദിച്ചു. അനന്തരം ഈശോയുടെ ശിഷ്യന്മാരിൽത്തന്നെ പലരും അവിടുത്തെ വിട്ടുപോയി.

തൻെറ വാക്കുകളുടെ അർത്ഥം ഗ്രഹിക്കുവാൻ കഴിയാതെ ശ്രോതാക്കൾ വിഷമിച്ച അവസരങ്ങളിൽ ക്രിസ്തുനാഥൻ ആവശ്യമായ വിശദീകരണം നല്കിയിരുന്നു. സ്വർഗ്ഗപ്രവേശനത്തിനായി രണ്ടാമതു് ജനിക്കുന്നതു് എങ്ങനെയെന്നറിയാതെ വിഷമിച്ച നിക്കദേമോസിനു ജലത്താലും, പരിശുദ്ധാത്മാവിലുമുള്ള പുനർജന്മത്തെപ്പററി അവിടുന്നു പറഞ്ഞുകൊടുത്തു. എന്നാൽ വി. കുർബാനയിലെ യഥാർത്ഥ സാന്നിദ്ധ്യത്തിൻെറ കാര്യത്തിൽ തിരുത്തിക്കൊടുക്കുവാൻ ഒന്നുമില്ലാത്തതിനാൽ ഈശോ തൻെറ പന്ത്രണ്ടുപേരുടെ നേരേ തിരിഞ്ഞു് ചോദിക്കുകയാണു്. ''നിങ്ങളും എന്നെ വിട്ടുപോകുന്നോ?'' സർവ്വശക്തനായ അവിടുത്തേയ്ക്കു അസാദ്ധ്യമായി ഒന്നുമില്ല; അവിടുന്നു പറഞ്ഞതുപോലെ എല്ലാം നടക്കും എന്നു വ്യഞ്ജിപ്പിക്കുന്നവിധം പത്രോസ്ശ്ലീഹാ മറുപടി നല്കി. ''ഞങ്ങൾ എവിടെപ്പോകുവാനാണു്; അങ്ങേയ്ക്കു് സജീവവചസ്സുകളുണ്ടല്ലോ.'' ഇതുതന്നെയാണു വി. കൊച്ചുത്രേസ്യായ്ക്കും നല്കുവാനുള്ള വ്യാഖ്യാനം: ''ഈശോ സർവ്വശക്തനാണു്; ഒരപ്പക്കഷണത്തിൽ വസിക്കുവാനും അവിടുത്തേയ്ക്കു കഴിയും.'' ആകയാൽ അനവധി അത്ഭുതങ്ങളാൽ സ്ഥിരീകരിക്കപ്പെട്ടിരിക്കുന്ന ഈ വിശ്വാസസത്യത്തെപ്പററി രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പറയുന്നു: ''വിശുദ്ധ കുർബ്ബാന സ്നേഹത്തിൻെറ കൂദാശയും ഐക്യത്തിൻെറ അടയാളവും ഉപവിയുടെ ഉടമ്പടിയുമാണു്. ഇതു് പെസഹാ വിരുന്നുകൂടിയാണു്. അതിൽ ക്രിസ്തു നമ്മുടെ ഭക്ഷണമായിത്തീരുകയും നമ്മുടെ ആത്മാവു് ദൈവപ്രസാദംകൊണ്ടു നിറയുകയും ഭാവിമഹത്വത്തിനു് ഇതു് അച്ചാരമായി ഭവിക്കയും ചെയ്യുന്നു.'

''അദ്ധ്വാനിക്കയും ഭാരം വഹിക്കയും ചെയ്യുന്ന നിങ്ങളെല്ലാവരും എൻെറ പക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വ

സിപ്പിക്കാം'' എന്നു് സ്നേഹപൂർവ്വം എല്ലാവരേയും ക്ഷണിച്ചു കൊണ്ടു് ഈശോ ദിവ്യകാരുണ്യത്തിൽ കാത്തിരിക്കുന്നു. രോഗികളെ സുഖപ്പെടുത്തുകയും, പിശാചുക്കളെ ബഹിഷ്കരിക്കുകയും, മരിച്ചവരെ ഉയിർപ്പിക്കുകയും, പാപികൾക്കു മോചനം നല്കുകയും, ഓറശ്ലത്തെ നോക്കി കരയുകയും ചെയ്ത കർത്താവു തന്നെയാണു നമ്മുടെ മദ്ധ്യത്തിൽ ഇന്നു വസിക്കുന്നതെന്നു നാം ഓർക്കുക. അവിടുന്നു അന്നത്തേക്കാൾ കൂടുതലായി ഇന്നു് ദരിദ്രനും, അവമാനിതനും പീഡിതനുമായി കഴിയുന്നു. ആകയാൽ അവിടുത്തെ സമീപിച്ചു് ആരാധിക്കുകയും, ആശ്വസിപ്പിക്കുകയും, സ്നേഹം പ്രകാശിപ്പിക്കുകയും, അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യേണ്ടതു നമ്മുടെ കടമയാണു്. ഈ ദിവസങ്ങൾ നാം ഈശോയുടെ പാദങ്ങളിൽ ചിലവഴിച്ചു. ഇനിയും ഈ സ്നേഹബന്ധം തുടരുവാൻ നമുക്കു കഴിയട്ടെ.

വി. കൊച്ചുത്രേസ്യാപറയുന്നു: ''സ്വർണ്ണപാത്രത്തിൽ ഇരിക്കുവാൻ വേണ്ടിയല്ല ഈശോ വി. കുർബ്ബാന സ്ഥാപിച്ചതു്: പ്രത്യുത നമ്മുടെ ഹൃദയങ്ങളിൽ വസിക്കുവാനാണു്.'' ആകയാൽ നമ്മൾ ദിവ്യകാരുണ്യനാഥനെ ആരാധിച്ചാൽ മാത്രം പോരാ, അവിടുത്തെ ഭക്ഷിക്കുകയുംകൂടി വേണം. ശാരീരികതലത്തിൽ ഭക്ഷണത്തിനുള്ള ആവശ്യം അറിയാവുന്ന മനുഷ്യർ അതുപോലെയെങ്കിലും ഈ ദിവ്യഭോജനം അനുഭവിക്കുവാനും താല്പര്യപ്പെടുവാനാണു് ഈശോ തന്നെത്തന്നെ ഭക്ഷണമായിത്തരുവാൻ തിരുമനസ്സായതു്. ഭക്ഷണമേശയിൻ വച്ചാണു് ഈ കൂദാശ സ്ഥാപിച്ചതു്. ഭക്ഷണസാധനങ്ങൾ തന്നെയാണു് അതിനുപയോഗിച്ചതു്; ഭക്ഷിക്കുന്നതിന്റെ മദ്ധ്യേയാണു് അങ്ങനെ ചെയ്തതു്. വാങ്ങി ഭക്ഷിക്കുവിൻ എന്നു് ആഹ്വാനം ചെയ്തുകൊണ്ടാണു് ഈ ഭോജ്യം നൽകിയതു്. ഇപ്രകാരം സർവ്വത്ര ഭക്ഷണമയമാണു ദിവ്യകാരുണ്യം. അങ്ങനെയെങ്കിൽ നിത്യജീവദായകമായ വി. കുർബ്ബാന നമ്മൾ പ്രതിദിനം അനുഭവിക്കേണ്ടതല്ലയോ? മനുഷ്യരക്ഷയ്ക്കുവേണ്ടി സഹിക്കുവാനും മരിക്കുവാനുമായി ഈശോ മനുഷ്യനായി അവതരിച്ചു. നമ്മോടുള്ള സ്നേഹം കാണിക്കുവാനും നമ്മോടു് ഐക്യപ്പെടുവാനും വേണ്ടി അവിടുന്നു നമ്മുടെ ഭക്ഷണമായിത്തീരുവാൻ തിരുമനസ്സായി. ഈ ദിവ്യഭോജനം അനുഭവിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി ക്രിസ്തുനാഥൻതന്നെ പറഞ്ഞിട്ടുണ്ടു്:

"സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് നിങ്ങളിൽതന്നെ ജീവനുണ്ടായിരിക്കയില്ല." ആകയാൽ വി. തോമസ് അക്വിനാസ് പറയുന്നു: "അത്യുൽകൃഷ്ടവും അതിവിശിഷ്ടവുമായ ഈ കുദാശ ആത്മശരീരങ്ങളുടെ രക്ഷയും സകല ആത്മീയരോഗങ്ങളുടെ ഔഷധവുമാണ്. അതിന്റെ ശക്തിയാൽ ദുർഗ്ഗുണങ്ങൾ നിർമ്മൂലമാക്കപ്പെടും, ദുർമോഹങ്ങൾ നിഗ്രഹിക്കപ്പെടും, പ്രലോഭനങ്ങളെ ജയിക്കുവാൻ കഴിയും, പുണ്യങ്ങൾ വർദ്ധിക്കും, വിശ്വാസവും പ്രത്യാശയും ദൃഢമാകുകയും സ്നേഹം വർദ്ധനമാകുകയും ചെയ്യും." പന്ത്രണ്ടാം പീയൂസ് മാർപാപ്പ ഉദ്ബോധിപ്പിക്കുന്നു: "കുട്ടികളും യുവജനങ്ങളും പ്രതിദിനം ദിവ്യകാരുണ്യം സ്വീകരിക്കട്ടെ. ദമ്പതികളും കൂടെക്കൂടെ ബലിപീഠത്തെ സമീപിക്കട്ടെ. അങ്ങനെ തങ്ങളുടെ സന്താനങ്ങളെ മിശിഹായ്ക്ക് അനുരൂപമായി വളർത്തുവാൻ അവർക്കു കഴിയട്ടെ. തൊഴിലാളികളും ഈ ഭോജ്യം അനുഭവിച്ചുകൊണ്ടു തങ്ങളുടെ അദ്ധ്വാനത്തെ വിശുദ്ധീകരിക്കട്ടെ. കാരണം എല്ലാവർക്കും ഇതാവശ്യമത്രെ."

എല്ലാവരും കൂടെക്കൂടെ ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനു പ്രോത്സാഹിപ്പിക്കുന്നതിനായി 12-ാം പീയൂസ് പാപ്പാ, പതിനഞ്ചു നൂററാണ്ടുകളായി നിലനിന്നിരുന്ന ഉപവാസനിയമം ലാഘവപ്പെടുത്തി മൂന്നു മണിക്കൂറായി കുറച്ചു. ആറാം പൗലോസ് പാപ്പാ ദിവ്യകാരുണ്യസ്വീകരണത്തിനു മുൻപ് ഒരു മണിക്കൂർ മാത്രം ഉപവാസം മതിയെന്നു നിശ്ചയിക്കുകയും ചെയ്തു. രോഗികൾക്കും അവരെ പരിചരിക്കുന്നവർക്കും കൂടുതൽ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുമുണ്ട്. 1973 ജൂൺ 21-ാം തീയതി ആറാം പൗലോസ് പാപ്പായുടെ അംഗീകാരത്തോടെ പുതുക്കി പ്രസിദ്ധം ചെയ്ത കുദാശക്രമത്തിൽ പ്രത്യേകം നൽകിയിരിക്കുന്ന വേറൊരു ആനുകൂല്യമുണ്ട്: കഴിയുന്നത്ര വി. ബലിയിൽത്തന്നെ ദിവ്യകാരുണ്യം സ്വീകരിക്കുകയാണ് അഭിലഷണീയമെങ്കിലും, വിശ്വാസികളുടെ സൗകര്യം പരിഗണിച്ച് വി. ബലിക്കു പുറമേയും, ഏതുസമയത്തും വി. കുദാശ നല്കേണ്ടതാണ്. ഇതിന് ഒരു വൈദികനും വൈമനസ്യം കാണിക്കുവാൻ പാടില്ല. ചില പ്രത്യേ

കാവസരങ്ങളിൽ ഒരുദിവസം തന്നെ രണ്ടു പ്രാവശ്യം ദിവ്യ കാരുണ്യം സ്വീകരിക്കുവാനും ആറാം പൗലോസ് പാപ്പാ അനു വദിച്ചിരിക്കുന്നു: ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, രോ ഗീലേപനം, ഗുരുപ്പട്ടം, വിവാഹം, പ്രഥമ കർബാനസ്വീക രണം, പള്ളിയുടെകൂദാശ, സന്യാസവ്രതാനുഷ്ഠാനം, മൃതസം സ്ക്കാരം, പ്രഥമചരമവാർഷികം എന്നീ അവസരങ്ങളിലെ വി. ബലിയിൽ കർബാന രണ്ടാമതും കൈക്കൊള്ളാവുന്ന താണു്. വി. കർബാനയുടെ തിരുനാളിലെ പ്രധാന ബലി യിലും ഇതനുവദിച്ചിട്ടുണ്ടു്. ഈ ദൃശ്യമായ മററു ചില അവ സരങ്ങൾ കൂടിയുണ്ടെന്നു ചുരുക്കത്തിൽ പറഞ്ഞുകൊള്ളുന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും, ചില വ്യർത്ഥകാരണ ങ്ങൾ പറഞ്ഞു്, പലരും ഈശോയെ അടുത്തടുത്തു് അനുഭ വിക്കാതെ മാറി നിൽക്കുന്നുണ്ടു്. ചിലർ പറയുന്നു: ''ഞാൻ പാപിയാണു്, പിന്നെങ്ങനെ കർബാന സ്വീകരിക്കും?'' ചാവുദോഷമുണ്ടെങ്കിൽ ഒരു നല്ല കുമ്പസാരം കഴിക്കണം: ലഘുപാപങ്ങളെയുള്ളുവെങ്കിൽ ശരിയായി മനസ്തപിച്ചാൽ മതി, അനന്തരം കർബാന കൈക്കൊള്ളാം. രണ്ടു കൂട്ടരും ഓർക്കണം ഈശോയെ നിരന്തരം സ്വീകരിക്കുകയാണു് പാ പത്തിൽനിന്നും രക്ഷപെടുവാനുള്ള വഴിയെന്നു്. മററു ചില ർക്കുള്ള തടസ്സം, അവർക്കു വേണ്ട യോഗ്യതയില്ലെന്നുള്ളതാ ണു്. എന്നാൽ ആർക്കുണ്ടു് ദൈവപുത്രനെ സ്വീകരിക്കുവാനുള്ള യോഗ്യത? ''ഇന്നു യോഗ്യത പോരെങ്കിൽ ഒരു കൊല്ലം കഴിഞ്ഞാലും അവർക്കു് യോഗ്യതയുണ്ടാകുകയില്ല'' എന്നു വി. അംബ്രോസ് പ്രസ്താവിക്കുന്നു. ഇനി ചിലർ പറയുന്ന തു്, വേണ്ട ഭക്തി തോന്നുന്നില്ലെന്നാണു്. അവർ ഭക്തി യും വികാരവും തമ്മിൽ കൂട്ടിക്കുഴയ്ക്കുന്നു. വി. ഇഗ്നേഷ്യസ് പറയുന്നു: ''വേണ്ടത്ര ഭക്തി തോന്നുന്നില്ല എന്ന പേരിൽ ഈശോയെ അനുഭവിക്കാത്തവർ, തിന്നാൻ തേൻകട്ടയില്ലെന്നു പറഞ്ഞു പട്ടിണികിടന്നു മരിക്കുന്നപോലെയാകുന്നു'' എന്നു്. കുമ്പസാരം നടത്തുക വിഷമമാകയാൽ കർബാന സ്വീകരി ക്കുന്നില്ലെന്നു് ഒഴിവു പറയുന്നവരുണ്ടു്. ഇതു നിർഭാഗ്യകരം തന്നെ. കാരണം, ചാവുദോഷത്തിൽ ജീവിക്കുക എത്രയോ ആപൽക്കരമാണു്! അവർ വേഗം കുമ്പസാരിക്കണം. ലഘു പാപങ്ങൾ മാത്രമാണുള്ളതെങ്കിൽ, മുമ്പു പറഞ്ഞതുപോലെ,

വേണ്ടവിധം മനസ്സുപിച്ചാൽ മതിയാകും. ചിലർക്കു് ഈ ശോയെ സ്വീകരിക്കാൻ സമയമില്ലപോലും! ഇതൊഴിച്ചു ബാക്കിയെല്ലാററിനും അവർക്കു സമയമുണ്ടു്. ടൂർണ്ണമെൻറുകളിൽ സംബന്ധിക്കുവാനും മററും സൗകര്യമുള്ളവർക്കു് മനസ്സുണ്ടെങ്കിൽ കുർബാന സ്വീകരിക്കുവാനും സമയം കണ്ടെത്താം. ഞായറാഴ്ചകളിൽ വി. ബലിയിൽ പങ്കെടുക്കുവാൻ വരുമ്പോഴെങ്കിലും ദിവ്യകാരുണ്യം സ്വീകരിക്കാമല്ലൊ. ഒരു കൂട്ടർക്കു്, ദിവ്യകാരുണ്യം സ്വീകരിക്കാതെതന്നെ പുണ്യമായി ജീവിക്കാൻ കഴിയുന്നുണ്ടു്; പിന്നെന്തിനു് ഈ ഭക്തി കൂടി? എന്നാണു് ചിന്ത. വാസ്തവത്തിൽ ദൈവം ആവശ്യപ്പെടുന്ന പരിപൂർണ്ണതയെപ്പററി ഇവർ ചിന്തിക്കുന്നില്ല. സമ്പാദിക്കാവുന്നത്ര പുണ്യപൂർണ്ണത പ്രാപിക്കുവാൻ എല്ലാവർക്കും കടമയുണ്ടു്. അപ്പോൾ അതിർത്തിവച്ചു പുണ്യം ചെയ്യുക കുററകരമല്ലേ? ചിലരുടെ വിചാരം ഇത്രയേറെ കുർബാന സ്വീകരണവുമൊക്കെ സ്ത്രീകൾക്കു് കൊള്ളാം; പുരുഷന്മാർക്കു് യോജിച്ചതല്ല. എന്നാൽ അവരൊരു കാര്യം ഓർക്കണം. സ്ത്രീപുരുഷപരിഗണനയൊന്നും പുണ്യജീവിതത്തിലില്ലതന്നെ. എല്ലാവരും പരിപൂർണ്ണത പ്രാപിക്കാൻ കടപ്പെട്ടിരിക്കുന്നു. ‘‘ഞാനെന്നും കുർബാന സ്വീകരിച്ചാൽ മനുഷ്യർ എന്തുപറയും?’’ എന്ന ദുരഭിമാനചിന്തയുടെ പേരിൽ ചിലർ ഈശോയെ സ്വീകരിക്കാതെയിരിക്കുന്നു. വാസ്തവത്തിൽ അനുദിനം കുർബാന സ്വീകരിക്കുന്നവർ മററുള്ളവരുടെ ഹൃദയപൂർവ്വകമായ പരിഗണനയ്ക്കു് പാത്രമാകുന്നതാണു്. നല്ല മനുഷ്യരെ എല്ലാവരും മാനിക്കുമെന്നു് അനുഭവത്തിൽനിന്നു് അറിയാവുന്നതാണല്ലോ. ഒടുവിലായി, മുടങ്ങാതെയുള്ള ദിവ്യകാരുണ്യ സ്വീകരണംമൂലം വി. കുർബാനയോടുള്ള ഭക്തി കുറഞ്ഞു് എല്ലാം ഒരു പതിവായിത്തീരും എന്നാണു് ചിലരുടെ ഭീതി. ഇതു് ഭക്തിയെപ്പററിയുള്ള തെററായ ബോധംകൊണ്ടു് ഉണ്ടാകുന്നതാണു്. അവർ കഴിയുന്നത്ര ഒരുങ്ങിവന്നു് ഈശോയെ അനുഭവിക്കട്ടെ. അപ്പോൾ ഓരോ കുർബാന സ്വീകരണവും അടുത്തതിനുള്ള ഒരുക്കമായിത്തീരുന്നതാണു്. എങ്കിൽ എങ്ങനെയാണു് ദിവ്യകാരുണ്യസ്വീകരണത്തിനു് ഒരുങ്ങേണ്ടതെന്നു് ചോദിച്ചേക്കാം. വിശദമായി ഉത്തരം പറയാം.

ഈശോയോടു് നിരന്തരം ഐക്യപ്പെട്ടിരിക്കുന്ന ഒരു ജീവിതം നയിക്കുകയാണു് കുർബാന സ്വീകരണത്തിനുള്ള

അടിസ്ഥാനപരമായ ഒരുക്കം. ഒരുക്കത്തെ അകന്നതു്, അടുത്തതു്, ഏററം അടുത്തതു് എന്നിങ്ങനെ മൂന്നായി തിരിക്കാം. നിരന്തരം വരപ്രസാദസ്ഥിതിയിൽ ജീവിക്കുന്നതിലാണു് അകന്ന ഒരുക്കം അടങ്ങിയിരിക്കുന്നതു്. ലഘുവായ പാപങ്ങളും ലൗകിക താല്പര്യങ്ങളുംകൊണ്ടു നമ്മുടെ ഹൃദയത്തെ മലിനമാക്കാതിരിക്കാനും സൂക്ഷിക്കണം. ഇതോടുകൂടി പ്രസാദവരത്തിൽ കൂടുതൽ വർദ്ധിച്ചുവരുവാനായി എല്ലാ കൃത്യങ്ങളും ഈശോയോടുകൂടി ഈശോയ്ക്കുവേണ്ടി ചെയ്യുക; അനുദിനക്ലേശങ്ങൾ സസന്തോഷം സ്വീകരിക്കുകയും ചെയ്യുക. "എന്റെ ഭവനത്തിൽ അങ്ങു പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ല" എന്നു പ്രസ്താവിച്ച ശതാധിപനെപ്പോലെ വിനീതമനോഭാവം പാലിക്കേണ്ടതാണു്. കർത്താവിനെ കൈക്കൊള്ളുവാനുള്ള വലിയ ആഗ്രഹം ഉണ്ടായിരിക്കണം. "ഈ പെസഹാ നിങ്ങളോടുകൂടി ഭക്ഷിക്കുവാൻ ഞാൻ എത്രയോ ആഗ്രഹിച്ചിരുന്നു" എന്നു് ഈശോ അരുളിച്ചെയ്തിട്ടുണ്ടല്ലോ. നമ്മുടെ ആഗ്രഹം പ്രകാശിപ്പിക്കുവാനായി പലപ്പോഴും ആത്മനാ കുർബ്ബാനസ്വീകരണം നടത്തുന്നതു കൊള്ളാം.

അടുത്ത ഒരുക്കം തലേദിവസം മുതൽ ആരംഭിക്കേണ്ടതാണു്. ഉറങ്ങാൻ പോകുമ്പോൾ ആത്മനാ ദിവ്യകാരുണ്യം സ്വീകരിച്ചുകൊണ്ടു് ഈശോയെ നമ്മുടെ ഹൃദയത്തിലേക്കു് ക്ഷണിക്കുക. സുകൃതജപങ്ങൾ ധാരാളമായി ചൊല്ലുക. നിദ്രാവേളയിൽ ഓർമ്മയുണ്ടാകുമ്പോഴും ഇവയെല്ലാം തുടരാവുന്നതാണു്. പ്രഭാതത്തിൽ ഉണരുമ്പോൾ, "വേഗത്തിൽ ഇറങ്ങിവരിക; ഇന്നു നിന്റെ ഭവനത്തിൽ എനിക്കു വസിക്കണം" എന്നു് കർത്താവു് സക്കേവൂസിനോടു പറഞ്ഞതു് ഓർത്തുകൊണ്ടു് ഉത്സാഹപൂർവ്വം പുറപ്പെടുക. കുർബാനസ്വീകരണത്തിനുള്ള ബാഹ്യമായ ഒരുക്കമായി പ്രഭാതകൃത്യങ്ങൾ ഓരോന്നും ചെയ്യുന്നതുകൊള്ളാം. വി. ബലിയിൽ ഭക്തിപൂർവ്വം സംബന്ധിക്കുകയാണു് ഈശോയെ സ്വീകരിക്കുവാൻ ഏററം പററിയ ഒരുക്കം.

ഇനി വരുന്നതു് ഏററവും അടുത്ത ഒരുക്കമാണു്. ദിവ്യകാരുണ്യസ്വീകരണത്തിനു സമയമാകുമ്പോൾ മാതാവിനോടും, കാവൽദൂതനോടും സ്വർഗ്ഗീയമദ്ധ്യസ്ഥരോടും കൂടി

പോകുക. വിശ്വാസം, എളിമ, മനസ്താപം, ആഗ്രഹം എന്നീ പ്രകരണങ്ങൾ ആവർത്തിച്ചു ചൊല്ലുക. കർബ്ബാന സ്വീകരണത്തിനുമുമ്പ് ''ഇതാ കർത്താവിൻെറ ദാസി'' എന്നു പറഞ്ഞ പരി. കന്യകയെപ്പോലെ നമ്മെത്തന്നെ ആദ്യം ഈശോയ്ക്കു സമർപ്പിക്കുക. ''എൻെറ കർത്താവേ, എൻെറ ദൈവമേ'' എന്നു ചൊല്ലിക്കൊണ്ടു് ദിവ്യനാഥനെ സ്വീകരിക്കയും ചെയ്യുക.

ഉപകാരസ്മരണയെപ്പററിയാണു് ഇനി ചിന്തിക്കുവാനുള്ളതു്. വി. അൽഫോൻസു് ലിഗോരി പറയുന്നു: ''വളരെപ്പേർ പലപ്പോഴും ദിവ്യകാരുണ്യം സ്വീകരിക്കുന്നുണ്ടു്. എന്നാൽ അല്പം പ്രയോജനമേ, അവർക്കുണ്ടാകുന്നുള്ളു. കാരണം, അല്പം സമയമേ അവർ ഈശോയോടുകൂടി ഇരിക്കുന്നുള്ളു.'' വി. ബലിയുടെ ഒടുവിൽ കൃതജ്ഞതയുടേതായ അല്പം പ്രാർത്ഥന ഉണ്ടെന്നു കരുതി ദിവ്യകാരുണ്യസ്വീകരണത്തിനുശേഷം ഈശോക്കു ഹൃദയപൂർവ്വം കൃതജ്ഞത സമർപ്പിക്കാതിരിക്കരുതു് എന്നു് പന്ത്രണ്ടാം പീയൂസു് ഉത്ബോധിപ്പിക്കുന്നു. കർത്താവിനോടുള്ള ഐക്യം നിലനിർത്തുകയാണു് ഉപകാരസ്മരണയുടെ ഉദ്ദേശ്യം.

ഒന്നാമതായി, വിശ്വാസത്തിൻേറയും ആരാധനയുടേയും പ്രകരണങ്ങൾ ചൊല്ലുക. അന്നു് മനുഷ്യനായി അവതരിച്ചു് മനുഷ്യരോടിടപെട്ട ഈശോ തന്നെയാണു നമ്മുടെ ഹൃദയത്തിൽ വന്നിരിക്കുന്നതെന്ന ബോധ്യം പാലിക്കണം. അനന്തരം, അന്നു കർത്താവിനോടു് ഇടപെടുവാൻ ഭാഗ്യം ലഭിച്ച നല്ല മനുഷ്യരോടു ചേർന്നു് അവിടുത്തെ ആരാധിക്കുക. ആരാധനാവത്സരത്തിലെ ഓരോ കാലത്തിനും പ്രാധാന്യം കൊടുത്തുകൊണ്ടു് ഈ പ്രകരണങ്ങൾ ചെയ്യാം. മംഗലവാർത്തക്കാലത്തു്, യുഗങ്ങളുടെ പ്രതീക്ഷയായ മിശിഹായെ നമ്മുടെ ഹൃദയത്തിൽ ഏററുപറഞ്ഞുകൊണ്ടു് പൂർവ്വപിതാക്കന്മാരോടു് ചേർന്നു് അവിടുത്തെ ആരാധിക്കുക. പിറവിക്കാലത്തു്, ഉണ്ണീശോയുടെ സാന്നിദ്ധ്യം അനുസ്മരിച്ചു മാതാവിനോടും മററും ചേർന്നു് അവിടുത്തെ ആരാധിക്കാം. ആവിഷ്ക്കാരകാലത്തു്, സ്നാനം സ്വീകരിക്കുന്ന കർത്താവിനെ കണ്ടുകൊണ്ടു് സ്നാപകനോടുകൂടി അവിടുത്തേയ്ക്കു് ആരാധന സമർപ്പിക്കാം. നോമ്പുകാലത്തു്

പീഡാനുഭവേരംഗങ്ങളിലെ രക്ഷകനെ ഏററുപറഞ്ഞു്, യോഹന്നാനോടും മഗ്ദലേനയോടും യോജിച്ചുകൊണ്ടു് അവിടുത്തെ ആരാധിക്കുക. പെസഹാക്കാലത്തു്, ദിവ്യകുഞ്ഞാടായ മിശിഹായെ സ്വീകരിച്ചു്, ശ്ലീഹന്മാരോടു ചേർന്നു് അവിടുത്തെ ആരാധിക്കാം. പെന്തക്കുസ്താക്കാലത്തു്, പ്രേഷിതപ്രവൎത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ഈശോയെ അനുസ്മരിച്ചു്, അവിടുത്തെ കരുണയ്ക്കു പാത്രമായവരോടു ചേർന്നു് ആരാധിക്കാം.

ഇനി വരുന്നകാലങ്ങളിൽ, വിധിയാളനായി സ്വർഗ്ഗത്തിന്റെ മഹത്ത്വമായി ആഗമിക്കുന്ന ഈശോയെക്കണ്ടു് മാലാഖമാരോടും പുണ്യവാന്മാരോടുംകൂടി അവിടുത്തെ ആരാധിക്കുക. അനന്തരം ഈശോയോടൊന്നിച്ചു നമ്മിൽ വസിക്കുന്ന പിതാവിനേയും പരിശുദ്ധാത്മാവിനേയുംകൂടി അനുസ്മരിച്ചു് ആരാധനാസ്തോത്രങ്ങൾ സമർപ്പിക്കണം.

രണ്ടാമതായി, ഈശോയ്ക്കു നമ്മെ മുഴുവനായി സമർപ്പിച്ചുകൊണ്ടു് അവിടുത്തോടുള്ള ഐക്യം ഉപരി ദൃഢവും പൂർണ്ണവുമാക്കുവാൻ ശ്രമിക്കുക. നമ്മുടെ ബുദ്ധിയും മനസ്സും ഹൃദയവും, ഓർമ്മയും ഭാവനയും, ശരീരവും അതിന്റെ പഞ്ചേന്ദ്രിയങ്ങളും ഓരോന്നായി കത്താവിനു കാഴ്ചവച്ചുകൊണ്ടു് അവിടുത്തെ ബുദ്ധിയോടും മനസ്സിനോടും ഹൃദയത്തോടും ഓർമ്മയോടും ഭാവനയോടും ശരീരത്തോടും ഐക്യപ്പെടണം. അങ്ങനെ നമ്മൾ ക്രിസ്തുവിലേക്കു രൂപാന്തരപ്പെടുന്നതാണു്. തൽഫലമായി, നമ്മുടെ ബുദ്ധി വിശ്വാസംകൊണ്ടു ജ്വലിക്കുകയും, മനസ്സ് ദൈവത്തിനു് വിധേയമാകുകയും, ഹൃദയം സ്നേഹംകൊണ്ടു നിറയുകയും, ഓർമ്മയിൽ സ്വർഗ്ഗീയസ്മരണകൾ വളരുകയും, ശരീരം ജഡികതാല്പര്യങ്ങളിൽനിന്നും മോചനം പ്രാപിക്കുകയും ചെയ്യും.

മൂന്നാമതായി, നമ്മുടെ ഹൃദയത്തിൽ വന്നിരിക്കുന്ന ദിവ്യാതിഥിയോടു് സംഭാഷണം ചെയ്യണം. അന്നു് ഈശോ ഒരു വാക്കു പറഞ്ഞപ്പോൾ രോഗികൾ സുഖം പ്രാപിച്ചു; പാപികൾക്കു് മോചനം ലഭിച്ചു; കാററും കോളും ശമിച്ചു; പാവങ്ങൾക്കു് വിജ്ഞാനം കൈവന്നു. അതുപോലെ അവിടുന്നു് ഒരു വാക്കു് അരുളിച്ചെയ്തു് നമ്മളേയും അനുഗ്രഹിക്കണമേ

യെന്നു് അപേക്ഷിക്കുക. അല്പസമയം മൗനമായിരുന്നു് ദിവ്യ നാഥൻ പറയുന്നതു കേൾക്കുകയും ചെയ്യുക.

നാലാമതായി ഈശോ നമുക്കു് ഭക്ഷണമായിതീർന്ന തിനു് കൃതജ്ഞതാസ്തോത്രങ്ങൾ സമർപ്പിക്കണം. മാതാവി ൻേറയും മററു പുണ്യാത്മാക്കളുടേയും തീക്ഷ്ണമായ കൃതജ്ഞത സമർപ്പിച്ചുകൊണ്ടു് നമ്മുടെ കുറവു പരിഹരിക്കാം:

അഞ്ചാമതായി ഈശോയ്ക്കു് ഒരു തിരുമുൽക്കാഴ്ച സമർ പ്പിക്കണം. ഈ ധ്യാനത്തിൽ നിന്നെടുത്തിട്ടുള്ള പ്രതിജ്ഞകൾ കാഴ്ചവച്ചുകൊണ്ടു്, അവ പാലിക്കുവാനുള്ള അനുഗ്രഹത്തി നായി അപേക്ഷിക്കുക. ആറാമതായി, നമുക്കും മററുള്ളവക്കു വേണ്ട അനുഗ്രഹങ്ങൾ ലഭിക്കുവാനായി പ്രാർത്ഥിക്കുക. നാം എത്രയധികം നന്മകൾ ചോദിക്കുമോ, അതുപോലെ അവി ടുന്നു നമ്മെ അനുഗ്രഹിക്കും. പാപികൾക്കും, രോഗികൾക്കും, അവശർക്കും, മതപീഡനം അനുഭവിക്കുന്നവർക്കും, മരണാസ ന്നർക്കും, ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കൾക്കും വേണ്ടി പ്രാ ത്ഥിക്കുവാൻ ശ്രദ്ധിക്കണം. എല്ലാവരും രക്ഷകൻെറ തിരു രക്തത്തിൻെറ ഫലം പ്രാപിച്ചു് ഒരു തൊഴുത്തും ഒരു ഇടയനു മായിത്തീരുവാൻ പ്രത്യേകം അപേക്ഷിക്കുക.

അനന്തരം, മാതാവിനോടും യൗസേപ്പിതാവിനോടും കാ വൽമാലാഖായോടും സ്വർഗ്ഗീയ മദ്ധ്യസ്ഥരോടും പ്രാർത്ഥി ക്കുക, നമ്മുടെ ഹൃദയത്തിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയ്ക്കു പ്രീതികരമായവിധം എല്ലായിടത്തും വ്യാപരിക്കുവാൻ സഹാ യിക്കണേയെന്നു്. ദേവാലയത്തിൽനിന്നു മടങ്ങുമ്പോൾ, ഈശോ നമ്മോടുകൂടിയുണ്ടെന്നു ഓർമ്മിക്കണം. നമ്മുടെ കണ്ണു കളിലൂടെ അവിടുന്നു കാണുന്നു, ചെവികളിലൂടെ അവിടുന്നു കേൾക്കുന്നു, നാവിലൂടെ അവിടുന്നു സംസാരിക്കുന്നു, കൈ കളിലൂടെ അവിടുന്നു പ്രവർത്തിക്കുന്നു എന്ന ബോധം പാലി ക്കുക. പലപ്പോഴും ആത്മനാ കർബാന സ്വീകരണം നടത്തി ഈ ചിന്തകൾ നവീകരിച്ചുകൊണ്ടിരിക്കയും ചെയ്യണം.

# 18 പ്രാർത്ഥന

മിശിഹായിൽ പ്രിയ സഹോദരരേ,

മറിയം മഗ്ദലേന ഈശോയുടെ പാദങ്ങളിൽ പ്രണമിച്ച പാപശാന്തി നേടിയതിനെപ്പററി നമ്മരം ധ്യാനിച്ചല്ലോ ഇങ്ങനെ പാപവിമുക്തയായ മറിയം പിന്നീട് എന്തു ചെയ്തു? അവരം കർത്താവിൻെറ പാദങ്ങളിൽ തന്നെ അഭയം തേടി. ക്രൂശിതനായ ഈശോയുടെ തൃപ്പാദങ്ങളെ ആശ്ലേഷിച്ചുകൊണ്ട് അവരം കാൽവരി മുകളിൽ നിലകൊണ്ടു. മരണമടഞ്ഞ ഈശോയെ അന്വേഷിച്ചുനടന്നു് അവരം ഉത്ഥാനംചെയ്ത ഈശോയെ കണ്ടെത്തുകയും അവിടുത്തെ പാദങ്ങളിൽ സ്വയം സമർപ്പിക്കയും ചെയ്തു. ഇതൊക്കെയാണു നമ്മളും ഇനി ചെയ്യേണ്ടതു്. നിരന്തരം ഈശോയോടുകൂടിയായിരിക്കുക, സന്തോഷത്തിലും സങ്കടത്തിലും അദ്ധ്വാനത്തിലും വിശ്രമത്തിലും. ഇതിനുള്ള സാമാന്യ മാർഗ്ഗമാണു് പ്രാർത്ഥന. അപ്പസ്തോലന്മാരോടുകൂടി, "കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ" എന്നു് അപേക്ഷിച്ചുകൊണ്ടു് നമുക്കു് ഈ ധ്യാനം ആരംഭിക്കാം.

വി. അഗസ്റ്റിൻ പറയുന്നു: ദൈവത്തെപ്പററി നമ്മുടെ ആത്മാവു നടത്തുന്ന ഭക്തിപൂർവ്വവും സ്നേഹസമന്വിതവുമായ അന്വേഷണമാകുന്നു പ്രാത്ഥന." വി. ഗ്രിഗരി നസിയാൻസൻെറ അഭിപ്രായത്തിൽ, പ്രാർത്ഥന ദൈവത്തോടു നമ്മരം നടത്തുന്ന സ്നേഹസംഭാഷണമാകുന്നു. അപ്പോരം പ്രാർത്ഥന സ്നേഹത്തിൻെറ പ്രവൃത്തിയാണെന്നു വ്യക്തം; പ്രാർത്ഥിക്കുക എന്നുവച്ചാൽ സ്നേഹിക്കുകയും. ദിവ്യരക്ഷകൻ പഠിപ്പിച്ച കർത്തൃപ്രാർത്ഥന ഇതിനു നല്ല ഉദാഹരണമാണു്. "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്നാണല്ലോ ആ പ്രാർത്ഥന ആരംഭിക്കുന്നതു്. മക്കരം അവരുടെ വത്സലപിതാവിനെ സ്നേഹപൂർവ്വം വിളിക്കുന്നു! ഈശോ സംസാരിച്ച ആരമായ സുറിയാനിഭാഷയിൽ, 'പിതാവു്' എന്ന പദത്തിൻെറ സ്ഥാനത്തു് 'ആബാ' എന്ന വാക്കാണുള്ളതു്. ഇതു് മലയാളത്തിൽ

'പിതാവേ' എന്നു തർജ്ജമ ചെയ്താൽ പോരാ. ''അപ്പച്ചാ'' 'എന്നു പറഞ്ഞാലേ 'ആബാ' ശബ്ദത്തിൽ അടങ്ങിയിരിക്കുന്ന സ്നേഹാധിക്യം വ്യക്തമാകുകയുള്ളു. ആകയാൽ നമ്മൾ ദൈവത്തോടു പ്രാർത്ഥിക്കുമ്പോൾ പുത്രസഹജമായ സ്നേഹം വഴിഞ്ഞൊഴുകുന്നവിധം സ്നേഹനിധിയായ ആ വത്സല താതനോടു സംസാരിക്കുകയാണ്. ദൈവം നമ്മോടും അതുപോലെ വാത്സല്യപൂർവ്വം സംഭാഷിക്കുന്നതാണ്. മകനേ, നിന്റെ ഹൃദയം എനിക്കു തരുക'' (സുഭാ.23:26). നമ്മുടെ പ്രവർത്തനങ്ങളെല്ലാം സ്നേഹത്താൽ പ്രേരിതമായെങ്കിലേ അവിടുത്തേക്ക് പ്രീതികരമാകയുള്ളൂ. സ്നേഹത്തിന്റെ പ്രഥമപ്രവർത്തനമാണു പ്രാർത്ഥന.

ഈ ലോകത്തിൽ നമ്മൾ നൂറുനൂറു കാര്യങ്ങൾ ദൈവഹിതാനുസാരം ചെയ്യുന്നുണ്ടല്ലോ. എന്നാൽ അവയെല്ലാം മരണത്തോടെ അവസാനിക്കുന്നു. ഒന്നുമാത്രം എന്നേക്കും തുടരും, അതാണു പ്രാർത്ഥന; അതാണു സ്വർഗ്ഗത്തിൽ അവസാനമില്ലാതെ ചെയ്യുവാനുള്ളതും. അവിടെ നമ്മുടെ ആരംഭവും അന്ത്യവുമായ ദൈവത്തെ അഭിമുഖം ദർശിക്കുകയും അങ്ങേയററം സ്നേഹിക്കുകയും അങ്ങനെ അവിടുത്തോടു ഗാഢമായി ഐക്യപ്പെടുകയും ചെയ്യും. അതുതന്നെയാണു സാക്ഷാൽ പ്രാർത്ഥന എന്നു പറയാം. ആകയാൽ ഈ ലോകത്തിൽവച്ചു നമുക്കു ചെയ്യുവാനുള്ള മുഖ്യമായ കാര്യം പ്രാർത്ഥന തന്നെ. വി. അമ്മത്രേസ്യ ദൈവസ്നേഹപരവശയായി ഉദ്ഘോഷിക്കുന്നതു കേട്ടാലും: 'എനിക്കു ഈ ഭൂമിയിലെ ഏററം ഉയരമുള്ള കൊടുമുടിയുടെ അഗ്രത്തിൽ കയറിനിന്നുകൊണ്ട് ലോകത്തിലേ സകല മനുഷ്യരും കേൾക്കത്തക്കവിധം ഉറക്കെ വിളിച്ചു പറയുവാൻ സാധിക്കുന്നതായാൽ, ഞാൻ എല്ലാവരോടും ഇങ്ങനെ പറയുമായിരുന്നു: സഹോദരരേ, പ്രാത്ഥിക്കുവിൻ; പ്രാത്ഥിക്കുവിൻ എന്ന്.''

ക്രിസ്തുനാഥൻ ഈ ലോകത്തിൽ നിരന്തരം പ്രാത്ഥിച്ചുകൊണ്ടു ജീവിച്ചു. പ്രവർത്തനബഹുലമായിരുന്ന അവിടുത്തെ ജീവിതമെങ്കിലും അതിനിടയ്ക്കു് അവിടുന്നു പ്രാത്ഥിക്കുവാൻ സമയം കണ്ടുപിടിച്ചു. വി. മർക്കോസ് പറയുന്നു; ''രാവിലേ ഉഷസ്സിനു വളരെ മുമ്പേ അവിടുന്ന് എഴുന്നേററ് ഒരു വി

ജനസ്ഥലത്തേക്കുപോയി പ്രാർത്ഥിച്ചു'' (1.35) ഇതുപോലെ തന്റെ പ്രസംഗങ്ങൾക്കും അത്ഭുതപ്രവർത്തനങ്ങൾക്കും ശേഷവും ഈശോ തനിച്ചു പ്രാർത്ഥിച്ചിരുന്നു;'' അവരെ പറഞ്ഞയച്ചിട്ട് അവിടുന്ന പ്രാർത്ഥിക്കുവാൻ മലയിലേക്കു പോയി'' (മർക്കോ. 6.46). വി. ലൂക്കാ പറയുന്നു: ഈശോ പ്രാർത്ഥിക്കുവാൻ ഒരു മലയിലേക്കു പോയി. രാത്രി മുഴുവൻ ദൈവത്തോടുള്ള പ്രാർത്ഥനയിൽ കഴിച്ചു'' (6.12). അവിടുന്ന ഗദ്സേമനിൽ പോയി പ്രാർത്ഥിക്കുക പതിവായിരുന്നുവെന്നു സുവിശേഷത്തിൽ കാണുന്നുണ്ട്.

ഈ പതിവുള്ള പ്രാർത്ഥനകൾക്കു പുറമേ, ക്രിസ്തുനാഥൻ സുപ്രധാനസന്ദർഭങ്ങളിൽ ദീർഘമായി പ്രാർത്ഥിച്ചിരുന്നു. 12 ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നതിനു് ഒരുക്കമായി ഒരു രാത്രി മുഴുവൻ അവിടുന്നു പ്രാർത്ഥനയിൽ ചെലവഴിച്ചു. താബോർ മലയിൽ വച്ചു രൂപാന്തരപ്പെടുന്നതിനുമുമ്പും അവിടുന്നു പ്രാർത്ഥിച്ചു. തന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽ പ്രാർത്ഥനയും പ്രായശ്ചിത്തവുമായി നാല്പതുദിവസം അവിടുന്നു കഴിച്ചുകൂട്ടി. അപ്രകാരം തന്നെ തന്റെ പീഡാനുഭവത്തിനും കുരിശുമരണത്തിനുംമുമ്പ് ഈശോ ഗദ്സെമനിൽ ദീർഘമായി പ്രാർത്ഥിക്കയുണ്ടായല്ലോ.

ഇങ്ങനെ ക്രിസ്തുനാഥൻ തന്റെ മാതൃകവഴി പ്രാർത്ഥിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നതോടുകൂടി തുടർച്ചയായി അപേക്ഷിച്ചു ശക്തി പ്രാപിക്കുവാൻ ഉദ്ബോധിപ്പിക്കയും ചെയ്യുന്നുണ്ട്. ''നിങ്ങൾ ചോദിക്കുവിൻ, നിങ്ങൾക്കു കിട്ടും; അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, നിങ്ങൾക്കു തുറന്നുതരും'' (ലൂക്കാ. 11/9). മനസ്സു മടുക്കാതെ പ്രാർത്ഥിക്കണമെന്നു് പഠിപ്പിക്കുവാനായി അവിടുന്നു നീതിബോധമില്ലാത്ത ന്യായാധിപന്റെയും വിധവയുടേയും, രാത്രിയിൽവന്നു് അപ്പം ചോദിക്കുന്ന അയൽക്കാരന്റെയും സ്നേഹിതന്റെയും ഉപമകൾ അരുളിച്ചെയ്തിരിക്കുന്നു. മാത്രമല്ല ഏററം വിശിഷ്ടമായ 'കർത്തൃപ്രാർത്ഥന' പറഞ്ഞുതന്നിട്ടുമുണ്ടല്ലോ.

ഈശോ ഇപ്രകാരമൊക്കെ പ്രാർത്ഥിക്കുവാനായി നമ്മെ ഉദ്ബോധിപ്പിച്ചിട്ടുള്ളതു് നമ്മൾ പിതാവായ ദൈവത്തോടു ഗാ

ഢമായ സ്നേഹബന്ധത്തിൽ ജീവിക്കുന്നതിനാണ്. കാരണം നിത്യഭാഗ്യം പ്രാപിക്കുവാനായി നമ്മാം സൃഷ്ടികർത്താവായ ദൈവത്തിൻെറ സന്നിധിയിൽ അനുഷ്ഠിക്കേണ്ട ആ നാലു കടമകാം– ആരാധന, കൃതജ്ഞത, പരിഹാരം, അപേക്ഷ എന്നിവ- നിർവ്വഹിക്കാനുള്ള സാധാരണവും സുഖകരവുമായ മാർഗ്ഗമാണു പ്രാർത്ഥന. സ്വർഗ്ഗത്തിലെ മാലാഖാമാരും വിശുദ്ധരും ചെയ്യുന്നതുപോലെ നമ്മളും ദൈവത്തെ ആരാധിക്കയും സ്തുതിക്കയും മഹത്വപ്പെടുത്തുകയും ചെയ്യേണ്ടതാണ്. അതു നാം സാധിക്കുക സാമാന്യമായി പ്രാർത്ഥനയിലൂടെയാകുന്നു. ലോകത്തിലെ സകല സൃഷ്ടികളുടേയും നാഥനെന്ന നിലയിൽ അങ്ങനെ ചെയ്യുക മനുഷ്യരായ നമ്മുടെ മുഖ്യചുമതലയാണ്. ത്രിത്വസ്തുതി തുടങ്ങിയ ജപങ്ങാംവഴി ദൈവത്തിനു നമ്മാം ആരാധനാസ്തോത്രങ്ങാം സമർപ്പിച്ചുകൊണ്ടിരിക്കണം. ഇതുപോലെതന്നെ നമ്മുടെ ഏററം വലിയ ഉപകാരിയായ ദൈവം കരുണാപൂർവ്വം നല്കിയിട്ടുള്ളതും നല്കിക്കൊണ്ടിരിക്കുന്നതുമായ ലൗകികവും ആത്മികവുമായ സകല നന്മകാംക്കും കൃതജ്ഞത സമർപ്പിക്കാനുള്ള സുഗമമായ മാർഗ്ഗവും പ്രാർത്ഥനയത്രേ. മൂന്നാമതായി ദൈവത്തിൻെറ അനുഗ്രഹങ്ങളെ ദുരുപയോഗിച്ച് അവിടുത്തേയ്ക്ക് എതിരായി നമ്മാം വിചാരശൂന്യരായി ചെയ്യുന്ന തെററുകാം ഏററുപറഞ്ഞ് മാപ്പപേക്ഷിക്കാനും പ്രാർത്ഥന സഹായകമാണ്. നാലാമതായി നമ്മുടെ ബലഹീനതയും പോരായ്മകളും ഏററുപറയുകയും ദൈവത്തിൻെറ പൈതൃക പരിപാലനയിലുള്ള വിശ്വാസം പ്രകാശിപ്പിക്കയും ചെയ്തുകൊണ്ട് നമുക്കു വേണ്ട എല്ലാവിധ നന്മകളും പ്രാപിക്കാനും പ്രാർത്ഥന പ്രയോജനകരം തന്നെ.

ദൈവത്തോടുള്ള നമ്മുടെ ഈ നാലു കടമകളും ഏററം പൂർണ്ണമായി നിർവ്വഹിക്കാനുള്ള സർവ്വ പ്രധാന മാർഗ്ഗം വി. കുർബാനയെന്ന ബലിയാകുന്നു. അതിൽ സംബന്ധിക്കുമ്പോാം നമ്മാം ദിവ്യരക്ഷകനും നമ്മുടെ ഏകമദ്ധ്യസ്ഥനുമായ ഈശോയോടു ചേർന്ന് പ്രാർത്ഥിക്കുന്നു. ക്രൂശിതൻെറ അഭ്യർത്ഥനകളും കൃതജ്ഞതാസ്തോത്രങ്ങളും ഏററം കാര്യക്ഷമമാണല്ലോ. ആകയാൽ കഴിയുമെങ്കിൽ പ്രതിദിനം തന്നെ വി. ബലിയിൽ സംബന്ധിക്കയും, കാർമ്മികനും ബലിവസ്തുവുമായ ഈശോ

യോടൊന്നിച്ച് നമ്മളേയും ബലിയായി സമർപ്പിക്കയും വേണം. അതാണ് ഏററം ശ്രേഷ്ഠമായ പ്രാർത്ഥനാകർമ്മം.

ഇനി നമുക്ക പ്രാർത്ഥന വഴിയുണ്ടാകുന്ന നന്മകളെപ്പററി ചിന്തിക്കാം. പ്രാർത്ഥന നമ്മെ പാപത്തിലും ദുരാശകളിലുംനിന്നു മോചിപ്പിക്കുന്നു. ഗാന്ധിജി പറയുന്നു: ''മനുഷ്യഹൃദയത്തിൽ പ്രകാശത്തിന്റേയും അന്ധകാരത്തിന്റേയും ശക്തികൾ തമ്മിൽ ഒരു നിരന്തര സമരം നടക്കുന്നുണ്ട്. പ്രാത്ഥനയിൽ ഉറച്ചു നില്ക്കാത്തവൻ അന്ധകാരശക്തിക്ക് അധീനനാകും. എന്നാൽ പ്രാർത്ഥനയിൽ വിശ്വസിക്കുന്നവനു മനശക്തി ലഭിക്കും.'' പ്രലോഭനത്തിൽ ഉൾപ്പെടാതിരിക്കുവാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ'' എന്നു ക്രിസ്തുനാഥൻ ഉപദേശിച്ചിട്ടുണ്ടല്ലോ. പ്രാർത്ഥനയിലൂടെ ലഭിക്കുന്ന ആത്മീകശക്തി ഉപയോഗിച്ച് തിന്മയെ ജയിക്കുവാനും അധമാഭിലാഷങ്ങളെ നിഗ്രഹിക്കാനും നമുക്കു കഴിയുന്നതാണ്. തികഞ്ഞ മദ്യപാനിയായിരുന്ന അയർലണ്ടുകാരൻ തൊഴിലാളി മാത്യു ടാൽബാട്ടു് ആ ദുശ്ശീലം പരിഹരിക്കുകയും പുണ്യപൂർണ്ണത പ്രാപിക്കുകയും ചെയ്തതു പ്രാർത്ഥനവഴിയാണ്. വി. ഇഗ്നേഷ്യസും ഫ്രാൻസിസ് അസ്സീസിയും മാനസാന്തരപ്പെട്ടു വലിയ പുണ്യവാന്മാരായതും തീക്ഷ്ണമായ പ്രാർത്ഥനയുടെ ഫലമായിട്ടത്രെ. ആകയാൽ ഈ ധ്യാനംവഴി ലഭിച്ചിരിക്കുന്ന നന്മകൾ നഷ്ടമാക്കാതെ നമ്മുടെ പ്രതിജ്ഞകളിൽ ഉറച്ചു നില്ക്കണമെങ്കിൽ നമ്മൾ പ്രാത്ഥനയിൽ ഉത്സുകരായിരിക്കണം.

ഈ ശുദ്ധീകരണത്തെത്തുടർന്നു സുകൃതങ്ങളിൽ വളർന്നുവരുവാൻ പ്രാത്ഥന നമ്മെ സഹായിക്കും. സങ്കീർത്തകൻ പറഞ്ഞിട്ടുള്ളതുപോലെ ശുദ്ധജലം ഒഴുകുന്ന അരുവിയുടെ തീരത്തു വളരുന്ന വൃക്ഷം യഥാകാലം പൂക്കുകയും കായ്ക്കുകയും ചെയ്യുന്നവിധം പ്രാത്ഥനാനിരതൻ ധാരാളം സുകൃതഫലങ്ങൾ ഉല്പാദിപ്പിക്കും. പ്രാത്ഥനവഴി വിശ്വാസം, ശരണം, ഉപവി തുടങ്ങിയ പുണ്യങ്ങൾ പ്രകാശിപ്പിക്കുന്നതോടുകൂടി ഈ സുകൃതങ്ങളിൽ നിരന്തരം അഭിവൃദ്ധിപ്പെടുവാനും കഴിയും. ജീവിതക്ലേശങ്ങളെ ശാന്തമായി അഭിമുഖീകരിക്കുവാൻ പ്രാത്ഥന നമ്മെ പ്രാപ്തരാക്കും. ഒരു കുടുംബനായകനും ഭത്താവും

പിതാവുമായിരുന്ന തോമസ് മൂറിന്റ് തന്റെ കത്തോലി ക്കാ വിശ്വാസത്തിനുവേണ്ടി സുസ്മേരവദനായി രക്തസാക്ഷി ത്വം വരിക്കുവാൻ കഴിഞ്ഞതു പ്രാർത്ഥനയുടെ ശക്തി കൊണ്ടാ യിരുന്നു. നമ്മുടെ കുടുംബങ്ങളിൽ ഓരോവിധം ഉണ്ടാകുന്ന വിഷമതകൾ അനുഗ്രഹപ്രദമായി തരണം ചെയ്യുവാൻ കുടുംബ ത്തിലെ കൂട്ടപ്രാർത്ഥന ഏററം ആവശ്യമാണ്. "ഒരുമിച്ചു പ്രാർത്ഥിക്കുന്ന കുടുംബാംഗങ്ങൾ ഒരുമിച്ചു ജീവിക്കും" എന്ന ചൊല്ല് തികച്ചും അർത്ഥവത്താകുന്നു.

പ്രാർത്ഥിക്കേണ്ട വിധത്തെപ്പററിക്കൂടി അല്പം ചിന്തിക്കാം. ചുങ്കക്കാരനും ഫരിസേയനും ദൈവാലയത്തിൽ പോയി പ്രാ ത്ഥിച്ചതിനെപ്പററി ദിവ്യരക്ഷകൻ അരുളിച്ചെയ്തിട്ടുണ്ടല്ലോ. ഫരിസേയന്റെ അഹങ്കാരമനോഭാവം അയാളുടെ പ്രാത്ഥനയെ ഫലശൂന്യമാക്കിയെങ്കിൽ ചുങ്കക്കാരന്റെ എളിമയും കുററബോ ധവും അയാളെ സ്വീകാര്യനാക്കി. പാപികളായ നമ്മൾ മന സ്താപത്തോടും എളിമയോടുംകൂടി വേണം പ്രാർത്ഥിക്കുവാൻ. ദൈവം കരുണാപൂർവ്വം അനുഗ്രഹിക്കുമെങ്കിലും നമുക്കൊന്നി നും അർഹതയില്ലെന്നുള്ള സത്യം പാലിക്കേണ്ടതാണ്. അന്യ രുടെ പ്രശംസ ലഭിക്കാനായി പ്രാർത്ഥിക്കുന്നതിനെ ഈശോ പലവട്ടം കുററപ്പെടുത്തുകയുണ്ടായി.

പ്രാത്ഥനയാരംഭിക്കുന്നതിനു മുമ്പ് ഒരുങ്ങേണ്ടതാണ്. ദൈവസന്നിധിയിൽ പ്രവേശിക്കുന്നു; അവിടുന്നു നമ്മെ തൃക്കൺ പാർക്കുന്നു; എന്ന ബോധമുണ്ടായിരിക്കണം. സന്തോഷത്തോ ടും ഭക്തിയോടും കൂടി പ്രാർത്ഥന തുടങ്ങുക. നമ്മുടെ ബുദ്ധിയും മനസ്സും ഹൃദയവും ഓർമ്മയും ഭാവനയും നമ്മുടെ ശരീരവും പഞ്ചേന്ദ്രിയങ്ങളുമെല്ലാം പ്രാർത്ഥനയിൽ പങ്കെടുക്കണം. കഴി യുന്നത്ര ശ്രദ്ധ നിലനിറുത്തുവാൻ പരിശ്രമിക്കുക. രാഷ്ട്രപിതാ വിന്റെ നിർദ്ദേശം വളരെ ശ്രദ്ധാർഹമാകുന്നു: "പ്രാത്ഥനയിൽ ഹൃദയമില്ലാതെ വാക്കുകൾ ഉണ്ടായിരിക്കുന്നതിനെക്കാൾ നല്ലതു വാക്കുകളില്ലാതെ ഹൃദയമുണ്ടായിരിക്കുന്നതാണ്". പ്രാർത്ഥന യ്ക്കുള്ള സ്ഥലവും സമയവും അതിനു പററിയതായിരിക്കണം. സൗകര്യപ്രദമായ വിധം നടന്നോ, ഇരുന്നോ, മുട്ടുകുത്തിയോ പ്രാർത്ഥിക്കാം. ഭക്തിപൂർവ്വം പ്രാർത്ഥിക്കാൻ കഴിഞ്ഞാൽ സമതി. എന്നാൽ അലസതമൂലം പ്രാർത്ഥന വികൃതമാകരുതു്.

അല്പം ത്യാഗം പ്രാർത്ഥനയുടെ വിജയത്തിനു സഹായകമാകും. നമ്മെ അലട്ടുന്ന എന്തെങ്കിലും വിഷമപ്രശ്നമുണ്ടെങ്കിൽ അതു് ആദ്യമേ തന്നെ ദൈവത്തിനു സമർപ്പിക്കുക; അവിടുത്തെ പൈതൃക പരിപാലനയനുസരിച്ചു് എല്ലാം നടക്കട്ടെ എന്ന ബോധത്തോടെ ഇനി പ്രർത്ഥിക്കുക. വീണ്ടും ചില അന്യ ചിന്തകൾ ഇടയ്ക്കു കടന്നുകൂടിയാൽ അവയുടെ വിജയത്തിനു വേണ്ടികൂടി നിയോഗം വച്ചുകൊണ്ടു പ്രാർത്ഥന തുടരുക. അങ്ങനെ അന്യചിന്തകളെ പ്രാർത്ഥനയുടെ വിഷയമാക്കി തീർക്കാവുന്നതാണു്.

നമ്മൾ പലപ്പോഴും കൂട്ടമായി പ്രാർത്ഥിക്കുന്നുണ്ടല്ലോ. അപ്പോൾ നമ്മുടെ മദ്ധ്യേ ഈശോയും ഉണ്ടായിരിക്കുമെന്നു് അവിടുന്നു പറഞ്ഞിട്ടുള്ളതു് ഓർക്കുക. ഇതിനുംപുറമേ തനിച്ചു പ്രാർത്ഥിക്കാനും പ്രതിദിനം കുറച്ചുസമയം കണ്ടുവയ്ക്കണം. അങ്ങനെ ദൈവസന്നിധിയിലിരുന്നു് അവിടുത്തെ കണ്ടും കേട്ടും സ്നേഹിച്ചും സ്തുതിച്ചും കുറച്ചുസമയം ചെലവഴിക്കുന്നതു നല്ലതാണു്. വേദപുസ്തകമോ, മററു ഭക്തഗ്രന്ഥമോ ഭക്തി പൂർവ്വം വായിച്ചു ധ്യാനിക്കുവാനും ഈ സമയം ഉപയോഗപ്പെ ടുത്താം. പരാജയമുണ്ടായാലും ഈ പരിപാടി ഉപേക്ഷിക്കരു തു്. ദിവസവും പരിശ്രമിച്ചുകൊണ്ടിരിക്കണം. ക്രമേണ എല്ലാം വിജയകരമാകുന്നതാണു്.

പരിശുദ്ധാത്മാവാണു പ്രാർത്ഥനയുടെ ഗുരുനാഥൻ. വി. പൗലോസ് പറഞ്ഞിരിക്കുന്നതുപോലെ "നമ്മുടെ ബലഹീന തയിൽ ആത്മാവു നമ്മെ സഹായിക്കുന്നു. വേണ്ടവിധം പ്രാ ത്ഥിക്കേണ്ടതു് എങ്ങനെയെന്നു നമുക്കറിഞ്ഞുകൂടാ. ആത്മാവു തന്നെ ആഴമായ നെടുവീർപ്പോടെ നമുക്കുവേണ്ടി മദ്ധ്യസ്ഥ്യം വഹിക്കുന്നു" (റോമ. 8:26). ആകയാൽ പ്രാർത്ഥനാചൈത ന്യം പ്രദാനം ചെയ്യുവാൻ പരി. ആത്മാവിനോടു പലപ്പോഴും അപേക്ഷിക്കണം. നമ്മുടെ പ്രാർത്ഥനാപരിപാടികളുടെ ആരംഭത്തിൽ അവിടുത്തേ സഹായം പ്രത്യേകം അപേക്ഷി ക്കേണ്ടതാണു്.

പരി. ദൈവമാതാവു പ്രാർത്ഥനയിൽ നമുക്കു മാതൃകയാ ണെന്ന കാര്യംകൂടി അനുസ്മരിപ്പിച്ചുകൊള്ളട്ടെ. രക്ഷാകര

പദ്ധതിയിൽ സഹകരിക്കുന്നതിനിടയിൽ തനിക്കുണ്ടായ അനുഭവങ്ങൾ ''ഹൃദയത്തിൽ സൂക്ഷിച്ചു ധ്യാനിച്ചിരുന്ന'' മാതാവിനെപ്പോലെ നമുക്കും ദൈവത്തിന്റെ അത്ഭുതകരപ്രവർത്തനങ്ങൾ ഓർത്തും അവയിലെ അനുഭവങ്ങൾ പാലിച്ചുകൊണ്ടും അനുദിനജീവിതം നയിക്കാം. നമ്മിലുള്ള ദൈവത്തിന്റെ സാന്നിദ്ധ്യം സദാ സ്മരിച്ചു് അവിടുത്തെ ആരാധിച്ചു്, അവിടുത്തോടുകൂടി ഓരോ കൃത്യവും ചെയ്യാമല്ലോ. അതുവഴി നമ്മുടെ പ്രവൃത്തികളെല്ലാം പ്രാർത്ഥനയാക്കാവുന്നതാണു്. പലപ്പോഴും സുകൃതജപങ്ങൾ ചൊല്ലി ദൈവത്തോടു സംസാരിച്ചുകൊണ്ടു നടക്കാം. ആത്മനായുള്ള ദിവ്യകാരുണ്യസ്വീകരണം ആവർത്തിച്ചു നടത്തി ദിവ്യസാന്നിദ്ധ്യബോധം നവീകരിക്കയും ചെയ്യാം. അങ്ങനെ സ്വർഗ്ഗഭവനത്തിലുണ്ടാകാനിരിക്കുന്ന നിത്യസമ്മാനത്തിനു് നമുക്കു തയ്യാറാകാം.

# 19. നിൻെറ സഹോദരനെവിടെ?

നമ്മുടെ ധ്യാനം അതിൻെറ അന്ത്യഘട്ടത്തിലേക്ക് എത്തു കയാണ്. ഇപ്പോഠം സ്വാഭാവികമായിത്തന്നെ നമുക്കൊരു ചിന്തയുണ്ടാകാം, ഒരു പുതിയ ജീവിതം ആരംഭിക്കണം; ദൈവത്തിനും സ്വർഗ്ഗത്തിനുംവേണ്ടി ഇനി ജീവിക്കണം എന്ന്. എന്നാൽ ഇതു തികച്ചും ശരിയാണെന്നു പറയുക വിഷമം. ''ഞാനും ദൈവവും സ്വർഗ്ഗവും'' എന്ന ആദർശം അതുപടി സ്വീകാര്യമല്ല. പ്രത്യുത, ''ഞാനും ദൈവവും ദൈവത്തിൻെറ മക്കളും സ്വർഗ്ഗവും എന്നായിരിക്കണം നമ്മുടെ ജീവിതനിയമം. അതായതു്, ഞാൻ മാത്രമായി സ്വർഗ്ഗം പ്രാപിക്കുക സാധ്യമല്ല; മററുള്ളവരെക്കൂടി സ്വർഗ്ഗത്തിലേക്ക് എത്തിക്കുവാൻ ഞാൻ യഥാശക്തി പരിശ്രമിക്കേണ്ടതുണ്ട്. ഓരോ ക്രൈസ്തവനുമുള്ള മഹത്തായ ഈ കടമയെപ്പററി നമുക്കു കൂടുതൽ അവബോധം പ്രദാനം ചെയ്യണമേയെന്നു പ്രാർത്ഥിക്കാം. ദിവ്യ പ്രേഷകനായ ഈശോയേ, അങ്ങയുടെ രക്ഷാകരകൃത്യത്തിൽ പങ്കുചേരുവാൻ എല്ലാവർക്കും കടമയുണ്ടെന്നുള്ള സത്യം ഞങ്ങളേറെ പറയുന്നു. ''നിങ്ങഠംക്കു വൃഥാ ലഭിച്ചു, നിങ്ങഠം മററുള്ളവർക്കും വൃഥാ നൽകുവിൻ'' എന്നു അങ്ങു ഞങ്ങളോട് ആവശ്യപ്പെടുന്നുണ്ടല്ലോ. ഈ ധ്യാനദിവസങ്ങളിൽ അതിനുവേണ്ടി ഞങ്ങളെ ഒരുക്കുകയായിരുന്നു. ദിവ്യരക്ഷകാ, കഴിഞ്ഞകാലത്തു് ഞങ്ങളിതൊന്നും വേണ്ടത്ര പരിഗണിക്കാതെ ജീവിച്ചു പോയി, ഞങ്ങളോടു ക്ഷമിക്കണമേ. പ്രേഷിതചൈതന്യം കൊണ്ടു ഞങ്ങളെ നിറയ്ക്കണമേ. ലോകമാതാവായ പരി. മറിയമേ, ഞങ്ങളുടെ പിതാവായ മാർത്തോമ്മാശ്ലീഹായേ, ഞങ്ങഠംക്കുവേണ്ടി പ്രാർത്ഥിക്കണമേ.

പ്രിയപ്പെട്ടവരേ, എല്ലാവരും ആത്മാക്കളുടെ രക്ഷയ്ക്കു വേണ്ടി അദ്ധ്വാനിക്കണമെന്നതു് ദൈവത്തിൻെറ വ്യക്തമായ ഹിതമാണ്. അവിടുന്ന് മനുഷ്യരെ സൃഷ്ടിച്ചതു് അവരെല്ലാം നിത്യഭാഗ്യം പ്രാപിക്കുവാനാണല്ലോ. ആദത്തിൻെറ

പാപം അതിനു തടസ്സമുണ്ടാക്കിയപ്പോഠം സ്വപുത്രനെത്തന്നെ രക്ഷകനായി ലോകത്തിലേക്കു് അയച്ചു; അവിടുത്തെ കുരിശിൽ ഹോമിച്ചുകൊണ്ടു് സ്വർഗ്ഗത്തിലേക്കുള്ള വഴി വീണ്ടും തുറന്നുകൊടുക്കുകയും ചെയ്തു. ഈശോ മനുഷ്യാവതാരം ചെയ്തതു്, അവിടുന്നുതന്നെ പ്രസ്താവിച്ചതുപോലെ നമുക്കു ജീവനുണ്ടാകുവാനും അതു ധാരാളമായി ഉണ്ടാകുവാനും വേണ്ടിയാണു്. അവിടുന്നു തന്റെ അമൂല്യരക്തത്തിന്റെ അവസാനത്തെ തുള്ളി കൂടി വിലയായി കൊടുത്തു് നമ്മെ ദൈവപുത്രരും സ്വർഗ്ഗഭാഗ്യത്തിനു് അവകാശികളുമാക്കിയിരിക്കുന്നു.

ഈ രക്ഷാകരകൃത്യത്തിൽ മററുള്ളവരേയും ഭാഗഭാക്കാക്കുവാൻ ദൈവം തിരുമനസ്സായി. അങ്ങനെയാണു് അവിടുന്നു് പരി. കന്യകാമറിയത്തേയും, വി. യൗസേപ്പുപിതാവിനേയും ദിവ്യരക്ഷകനോടുകൂടി പ്രവർത്തിക്കാൻ നിയോഗിച്ചതു്. മാതാവു് ആദ്യന്തം ഈശോയെ അനുഗമിച്ചു പ്രവർത്തിച്ചു. അവിടുത്തെ സ്വർഗ്ഗാരോഹണശേഷവും അപ്പസ്തോലന്മാർക്കു് നേതൃത്വം നൽകിക്കൊണ്ടു മറിയം ആ സഹകരണം തുടർന്നു; അതു് ഇന്നും ഓരോവിധം സാധിക്കുന്നുണ്ടെന്നാണല്ലോ ലൂർദ്ദിലേയും, ഫാത്തിമായിലേയും മററും ദർശനങ്ങഠം വ്യക്തമാക്കുന്നതു്. വീണ്ടും, ഈശോ അപ്പസ്തോലന്മാരെ വിളിച്ചു് ശിക്ഷണം നൽകിയതു് അവരെ പ്രേഷിതരായി ലോകമെങ്ങും അയയ്ക്കുവാൻ വേണ്ടിയായിരുന്നു. ''നിങ്ങഠം എന്നെ അനുഗമിക്കുവിൻ, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം'', എന്നു് ദിവ്യരക്ഷകൻ ആദ്യമേതന്നെ അവരോടു പറഞ്ഞു. ആ ലക്ഷ്യം മുറുകെപ്പിടിച്ചുകൊണ്ടു് അവർ ലോകത്തിന്റെ അതിർത്തികഠം വരേയും സുവിശേഷം പ്രസംഗിക്കുകയും ഒടുവിൽ സ്വജീവൻ ബലിയർപ്പിക്കുകയും ചെയ്തു. അക്കൂട്ടത്തിൽ മാർത്തോമ്മാ ശ്ലീഹാ നമ്മുടെ നാട്ടിലും വന്നു് രക്ഷയുടെ വഴിയിലേക്കു നമ്മെ ആനയിച്ചു.

ഇതേ ദൌത്യം തന്നെ നമുക്കുമുണ്ടു്. കാരണം, അതിനാണു ദൈവം നമ്മെ സൃഷ്ടിച്ചു്, രക്ഷിച്ചു്, വളർത്തിക്കൊണ്ടുവരുന്നതു്. മക്കഠം വളർന്നു പ്രായമാകുമ്പോഠം കുടുംബത്തിന്റെ ചുമതലകഠം അവരെ ഏല്പിക്കുക സാധാരണമാണല്ലോ. ലോകമഹാകുടുംബത്തിന്റെ രക്ഷയുടെ കാര്യം ദൈവപിതാവു

നമ്മെ ഏല്പിക്കുന്നു. അതാണു ദൈവവിളിയുടെ ലക്ഷ്യം. മാമ്മോദീസാവഴി നമ്മൾ ക്രിസ്തുനാഥന്റെ പൗരോഹിത്യത്തിൽ പങ്കുചേരുകയും, സ്ഥൈര്യലേപനം വഴി അവിടുത്തെ യോദ്ധാക്കളായിത്തീരുകയും ചെയ്യുന്നു. അങ്ങനെ ഓരോ ക്രൈസ്തവനും ഓരോ പ്രേഷിതനാകുന്നു. കർത്താവിന്റെ സമുദ്ധാരണകർമ്മത്തിൽ ഭാഗഭാക്കാകാനുള്ള ഉത്തരവാദിത്വം അവനുണ്ടാകുന്നു. ഏതു ജീവിതാവസ്ഥയിൽ പ്രവേശിക്കുന്നവർക്കും ഈ മഹത്തായ കടമ നിർവ്വഹിക്കാനുണ്ട്. വിവാഹം കഴിക്കുന്നവർക്കും ഇതേ ചുമതല തന്നെയാണുള്ളത്. ഭാര്യ ഭർത്താവിനേയും, ഭർത്താവ് ഭാര്യയേയും, മാതാപിതാക്കന്മാർ മക്കളേയും സ്വർഗ്ഗത്തിലേക്ക് ആനയിക്കണം. ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി കൂടുതൽ വ്യാപകമായി പ്രവർത്തിക്കുവാനുള്ള കടമയാണ് വൈദികർക്കും സന്യാസിനീസന്യാസികൾക്കുമുള്ളത്: ഈ ദ്വിശജീവിതാവസ്ഥകൾ ഒന്നും സ്വീകരിക്കാതെ ബ്രഹ്മചാരികളായി കഴിയുന്നവരും ഈ ചുമതലയിൽനിന്നും ഒഴിവാക്കപ്പെടുന്നില്ല.

ഇതിനൊരു നല്ല മാതൃകയാണ് സുവിശേഷത്തിലെ സമരിയാക്കാരി സ്ത്രീ. യാക്കോബിന്റെ കിണററിൽനിന്ന് വെള്ളം കോരുവാൻ വന്ന ആ പരസ്യ പാപിനി അവിടെ വച്ച് ഒരു വഴിപോക്കനെ കണ്ടുമുട്ടുന്നു. കുടിക്കുവാൻ വെള്ളം ചോദിച്ചുകൊണ്ട് ആരംഭിച്ച സംസാരത്തിലൂടെ അവളുടെ ജീവിതപരാജയങ്ങൾ അയാൾ വ്യക്തമാക്കുന്നു. ഒടുവിൽ ആ യാത്രക്കാരൻ, യുഗങ്ങളുടെ പ്രതീക്ഷയായ മിശിഹാ തന്നെയാണെന്ന് അവൾ മനസ്സിലാക്കുന്നു. പിന്നെ ഒട്ടും വൈകാതെ വെള്ളം നിറച്ച പാത്രം അവിടെ വച്ചിട്ട് അവൾ അടുത്തുള്ള സിക്കാർ പട്ടണത്തിലേക്ക് ഓടുകയായി. പട്ടണവാസികളോട് ആ സ്ത്രീ ആവേശപൂർവ്വം വിളിച്ചുപറയുന്നു: "ഇതാ മിശിഹാ വന്നിരിക്കുന്നു, നിങ്ങൾ വന്നു കാണുവിൻ", ആളുകൾ കൂട്ടമായി കിണററുകരയിലേക്ക് വന്നു. അവർ ഈശോയെ പട്ടണത്തിലേക്ക് ആദരപൂർവ്വം ആനയിക്കുകയും അവരെല്ലാവരും രക്ഷകനിൽ വിശ്വസിക്കുകയും ചെയ്തു. തനിക്കു കിട്ടിയ അനുഗ്രഹം മററുള്ളവർക്കും പങ്കുവയ്ക്കുവാൻ സന്നദ്ധമായതിന്റെ ഫലം! അങ്ങനെ അവൾ സഭാചരിത്രത്തിലെ പ്രഥമ പ്രേഷിതയായിത്തീർന്നു. ഇതുതന്നെയാണ്

ക്രിസ്ത്യാനികളായ നമ്മുടേയും കടമ. ആ പരസ്യ പാപിനി സിക്കാറിലെ ജനങ്ങരംക്കെല്ലാം രക്ഷയുടെ വഴി തുറന്നുകൊടുത്തതുപോലെ നമ്മളും സമസൃഷ്ടികളുടെ ജീവിതവിജയത്തിൽ ബദ്ധശ്രദ്ധരാകണം.

ദൈവത്തോടുള്ള സ്നേഹത്തിൻെറ വ്യക്തമായ പ്രകടനമാണ് പ്രേഷിതപ്രവർത്തനം. വി. ആഗുസ്റ്റീനോസ് പ്രസ്താവിക്കുന്നു: ''ഞാൻ സ്നേഹിക്കുന്ന ദൈവത്തെ എല്ലാവരും സ്നേഹിക്കണം: ഞാൻ പ്രാപിക്കുവാൻ ആഗ്രഹിക്കുന്ന ദൈവത്തെ എല്ലാവരും പ്രാപിക്കണം.'' ഇതാണ് ആശംസാപരമായ സ്നേഹം. അതായത്, പിതാവായ ദൈവത്തെ എല്ലാ ജനങ്ങളും അറിയുകയും സ്നേഹിക്കുകയും ചെയ്യണം. അങ്ങനെ അവരൊക്കെ സ്വർഗ്ഗഭാഗ്യത്തിലേക്ക് എത്തണം. ഇതു തന്നെയാണ് ഈശോ പഠിപ്പിച്ച കർതൃപ്രാർത്ഥനയുടെ ഉള്ളടക്കവും. സ്വർഗ്ഗസ്ഥനായ പിതാവിൻെറ തിരുനാമം സകല ജനങ്ങളാലും പൂജിതമാകണം. അവിടുത്തെ ഭരണത്തിനു് എല്ലാവരും വിധേയരാകുന്നതുവഴി ദൈവരാജ്യം സർവത്ര വ്യാപിക്കണം. അപ്രകാരം, അവിടുത്തെ ദിവ്യഹിതം സ്വർഗ്ഗവാസികരം അനുവർത്തിക്കുന്നതുപോലെ ഈ ലോകത്തിലെ അഖിലജനങ്ങളും അനുവർത്തിക്കണം.

ഈ ദൈവസ്നേഹത്തിൻെറ വേറൊരു ഭാഗമായ അഭിനന്ദനപരമായ സ്നേഹം പ്രേഷിതചൈതന്യത്തിൻെറ മറെറാരു വശം കാണിച്ചുതരുന്നുണ്ട്. ദൈവത്തെ അറിയാതെയും സേവിക്കാതെയും അനേകങ്ങരം അലഞ്ഞുതിരിയുന്നതു് കാണുക എത്രയോ സങ്കടകരമാണ്! അവരുടെ പാപകരമായ ജീവിതത്തെപ്പററി ആത്മാർത്ഥമായി ദുഃഖിക്കുകയും അതിനെല്ലാം എങ്ങനെയും പരിഹാരം ചെയ്യുവാൻ തീവ്രമായി ആഗ്രഹിക്കയും ചെയ്യണം. വി. കൊച്ചുത്രേസ്യായുടെ വാക്കുകരം കേട്ടാലും; ''ഒരു വൈകുന്നേരം, നരകക്കുഴിയിൽനിന്നു് ദൈവസ്നേഹത്തിൻെറ ഒരു പ്രകരണമെങ്കിലും സ്വർഗ്ഗത്തിലേക്ക് ഉയരുന്നില്ലല്ലോ എന്നുള്ള വിചാരം എൻെറ ബോധത്തിൽ അഗാധമായി പതിഞ്ഞു. തന്നിമിത്തം ആ സ്ഥലത്തുകൂടെയും നിത്യകാലം ദൈവത്തെ സ്നേഹിക്കുന്നതിനു് ഒരാളെങ്കിലും ഉണ്ടാകുവാൻവേണ്ടി, ദുരിതങ്ങളുടേയും

ദൈവദൂഷണങ്ങളുടേയും ആ പാതാളത്തിലേക്ക് സ്വമനസ്സാ ചാടുവാൻ സന്നദ്ധയാണെന്ന് ഞാൻ നിലവിളിച്ചുപറഞ്ഞു.'' ഈ മനോഭാവം പാലിക്കുവാനാണ് ദൈവജനനി ലൂർദിലും ഫാത്തിമായിലും പ്രത്യക്ഷയായി ആവശ്യപ്പെട്ടത്. മാതാവു പറഞ്ഞു: ''പാപികൾക്കുവേണ്ടി അപേക്ഷിക്കണം: അനേകർ നരകാഗ്നിയിൽ നശിക്കുന്നു; അതു തടയുവാനായി പ്രാർത്ഥിക്കണം. പ്രായശ്ചിത്തം ചെയ്യണം.'' ജപമാലയുടെ ഓരോ ദശകത്തിനുശേഷം ചൊല്ലുവാൻ പരി. ജനനി പഠിപ്പിച്ച പ്രാർത്ഥനയിലെ ആശയവും ഇതുതന്നെയാണ്.

കേരളീയരായ നമുക്ക് ക്രിസ്തീയ വിശ്വാസം വളരെ നേരത്തെ ലഭിച്ചു. ശ്ലീഹൻതന്നെ അതു കൊണ്ടുവന്നു തന്നു. എന്നാൽ നമ്മുടെ വിശ്വാസത്തിന്റെ വില വേണ്ടത്ര മനസ്സിലാക്കാൻ കഴിയാതെ പോയി. നമ്മൾ വിശ്വാസത്തെ പരിഗണിച്ചതു് ആഭിജാത്യത്തിന്റേയും തറവാടിത്തത്തിന്റേയും പര്യായമായിട്ടാണ്. ''ഞങ്ങൾ സവർണ്ണരാണ്, കുലീനരാണ്, മാർത്തോമ്മാശ്ലീഹായിൽ നിന്നു ജ്ഞാനസ്നാനം സ്വീകരിച്ചവരാണ്'' എന്നൊക്കെ നാം അഹങ്കരിച്ചു. അതേസമയം നമ്മൾ ക്രൈസ്തവ വിശ്വാസംവഴി ദൈവമക്കളും സ്വർഗ്ഗാവകാശികളുമായിരിക്കുന്നു എന്ന സർവപ്രധാനകാര്യം വേണ്ടത്ര പരിഗണിച്ചുമില്ല. അങ്ങനെ ദൈവികമായതിനെ വെറും ലൗകികമാക്കിത്തീർത്തു. തന്നിമിത്തം നമ്മുടെ വിശ്വാസം മററുള്ളവർക്കു കൊടുക്കുവാൻ നമ്മൾ തയ്യാറായില്ല. നമ്മോടുകൂടി കഴിഞ്ഞിരുന്ന ഹൈന്ദവർക്ക് വിശ്വാസം ഒഴിച്ച് മററു പലനന്മകളും ചെയ്തുകൊടുത്തു. അവർക്ക് പാർക്കുവാൻ സ്ഥലവും വീടും, ഉപജീവനത്തിനു ജോലിയും, പഠിക്കുവാൻ പള്ളിക്കൂടവും ഉദാരമായി ഏർപ്പെടുത്തിക്കൊടുത്തു: എന്നാൽ ഒരുകാര്യം പാടേ അവഗണിച്ചു. അവർക്ക് ഒരാത്മാവുണ്ടെന്നും അവരും സ്വർഗ്ഗം പ്രാപിക്കണമെന്നും അതിനുവേണ്ടി സത്യവിശ്വാസം നൽകണമെന്നുമുള്ളകാര്യം. കാരണം, മാമ്മോദീസാ മുങ്ങിയാൽ പിന്നെ അവർ നമ്മുടെ വീട്ടിൽ കയറിവരും. നമ്മെ ''ചേട്ടാ പെങ്ങളേ'' എന്നൊക്കെ വിളിക്കും. അതു് നമുക്ക് സ്വീകാര്യമല്ലപോലും!

ഇതുകൊണ്ടും തീർന്നില്ല. ചില അക്രൈസ്തവർ എങ്ങനേയോ മാനസാന്തരപ്പെടുവാൻ ഇടയായപ്പോൾ, അവരെ

നമ്മുടെ ദേവാലയങ്ങളിൽ പ്രവേശിപ്പിക്കാതെ, പ്രത്യേക പള്ളി ഉണ്ടാക്കിക്കൊടുക്കുകപോലും ചെയ്തു. ഇങ്ങനെ നമ്മുടെ പ്രേഷിതചൈതന്യം മുരടിച്ചുപോയതിനാൽ വിശ്വാസത്തിൻെറ പിള്ളത്തൊട്ടിയായ ഈ കൊച്ചുകേരളം തന്നെയും രണ്ടായിരത്തോളം കൊല്ലത്തിനുശേഷവും അക്രൈസ്തവമായി, സ്ഥിതിചെയ്യുന്നു. പക്ഷേ, ഈ അടുത്തകാലത്തു് വേദപ്രചാരപ്രവർത്തനങ്ങളിൽ വലിയ താത്പര്യം ഉണ്ടായിട്ടുണ്ടു്. അതു ശരിയായി വളർത്തിയെടുക്കുവാൻ നമ്മളോരോരുത്തരും യത്നിക്കേണ്ടിയിരിക്കുന്നു.

അതിനുവേണ്ടി ഒന്നാമതു് ചെയ്യേണ്ടതു് ക്രിസ്തുനാഥനു സാക്ഷ്യം വഹിക്കുകയാണു്; ഉത്തമ ക്രൈസ്തവജീവിതം നയിക്കുകയാണു്. ഗാന്ധിജി ഒരിക്കൽ പറഞ്ഞു; "നിങ്ങൾ ഞങ്ങളോടു മതം പ്രസംഗിക്കേണ്ട, ക്രിസ്തുവിൻെറ പഠനമനുസരിച്ചു് ജീവിച്ചാൽ മതി; എല്ലാവരും ക്രിസ്ത്യാനികളായിക്കൊള്ളും." ഇതോടുകൂടി നമ്മൾ ചെയ്യേണ്ട വേറൊരു കാര്യമുണ്ടു്; മററുള്ളവരെ കഴിയുന്നവിധമെല്ലാം സഹായിക്കണം. നാടുതോറും നടന്നു്, നന്മ പ്രവത്തിച്ച ദിവ്യരക്ഷകൻെറ മാതൃക ഇതിനു നമ്മെ പ്രേരിപ്പിക്കട്ടെ. ഒരു സംഭവം പറയാം. വടക്കേ മലബാറിൽ നടന്നതാണു്. അവിടെ ഒരു ഹൈന്ദവ കുടുംബം മുഴവൻ കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു. അവരോടു് ആരും സുവിശേഷം പ്രസംഗിച്ചില്ല. അവർ പള്ളിയിൽവന്നു് അച്ചനോടു പറഞ്ഞു: "ഞങ്ങൾക്കു മാമ്മോദീസാ മുങ്ങണം. കാരണം, നിങ്ങളുടെ ദൈവമാണു ഞങ്ങളുടെ ദൈവത്തേക്കാൾ നല്ലതു്." എങ്ങനെ ഈ ബോദ്ധ്യം അവക്കുണ്ടായി? കുടുംബനായകനായ ഹൈന്ദവൻ രോഗം പിടിച്ചു് കിടപ്പിലായി. ചികിത്സയ്ക്കു വഴിയില്ലാത്തതിനാൽ കൃഷിഭൂമിയുടെ ഒരു ഭാഗം വില്ക്കുവാൻ വിചാരിക്കുന്നുവെന്നു് അവർ അയൽപക്കക്കാരായ കത്തോലിക്കരോടു പറഞ്ഞു. എന്നാൽ ആ കത്തോലിക്കാ കുടുംബത്തിലെ നായിക തൻെറ പുത്രന്മാരെ ഉപദേശിച്ചു: "ആ സ്ഥലം വില്ക്കുവാൻ ഇടയാകരുതു്. എന്തുകൊണ്ടെന്നാൽ അവരുടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടു് അവർ കൂടുതൽ വിഷമത്തിലാകും. ആകയാൽ അവരുടെ നിലംകൂടി നമുക്കു് ഉഴുതു് വിതച്ചു് കൊടുക്കാം. വിളവു മുഴവൻ അവർ

തന്നെ എടുത്തുകൊള്ളട്ടെ''. ആ നല്ല മക്കൾ അമ്മ പറഞ്ഞതുപോലെ ചെയ്തു. അങ്ങനെ ആ ഹിന്ദുകുടുംബം രക്ഷപ്പെട്ടു. ഇതാണ് അവരുടെ മാനസാന്തരത്തിനു വഴി തുറന്ന കാര്യം. നാം അന്യർക്ക് ചെയ്യുന്ന നന്മ നല്ലവനായ ഈശോയുടെ പക്കലേക്കു തിരിയുവാൻ അവരെ സഹായിക്കുന്നതാണ്.

വേറൊരു കാര്യംകൂടി നാം ചെയ്യേണ്ടതുണ്ട്. ക്രിസ്തുനാഥനേയും അവിടുത്തെ ഉപദേശങ്ങളേയുംപററി മററുള്ളവരോട് സംസാരിക്കണം. രാഷ്ട്രീയക്കാരും, വ്യവസായികളും മററും തങ്ങൾക്കു താല്പര്യമുള്ള കാര്യങ്ങൾ സംഭാഷണത്തിൽപെടുത്തുന്നുണ്ടല്ലോ. അതുപോലെ നമ്മുടെ രക്ഷാകരസത്യങ്ങളെപ്പററി നമ്മൾ സംസാരിക്കുന്നതായാൽ അവയെക്കുറിച്ചു കൂടുതൽ പഠിക്കുവാൻ മററുള്ളവർക്കു പ്രേരണയുണ്ടാകും. നമ്മുടെ പുസ്തകങ്ങളും മററു പ്രസിദ്ധീകരണങ്ങളും അന്യമതസ്ഥരുടെയിടയിൽ വിതരണം ചെയ്യുന്നതും വളരെ പ്രയോജനകരമാണ്. അവ എപ്പോഴെങ്കിലും മാനസാന്തരത്തിനു കാരണമാകാതിരിക്കയില്ല. വരിക്കാരായി ചേർന്ന് നമ്മുടെ പത്രമാസികകളെ പ്രോത്സാഹിപ്പിക്കുവാനും നമ്മൾ ശ്രമിക്കണം. അവയ്ക്ക് മേന്മ പോരെന്നു പറഞ്ഞ് അവഗണിക്കുന്നതു കഷ്ടമാണ്. നമ്മുടെ കുട്ടികൾക്ക് സൗന്ദര്യമില്ലെന്ന പേരിൽ, വീട്ടിലുണ്ടാക്കുന്ന ഭക്ഷണസാധനങ്ങൾ അയൽപക്കത്തെ കുട്ടികൾക്കു കൊടുത്താൽ നമ്മുടെ മക്കൾ പട്ടിണികിടന്നു മരിക്കയില്ലേ? ഇതുതന്നെയാണ് നമ്മുടെ പ്രസിദ്ധീകരണങ്ങളുടെ കുറവുകൾക്കും കാരണം.

വളർന്നുവരുന്ന തലമുറയെ മതകാര്യങ്ങൾ പഠിപ്പിക്കുന്നതിൽ സഹകരിക്കുക ഇന്നത്തെ വലിയ ആവശ്യമാണ്. അബദ്ധസിദ്ധാന്തങ്ങൾക്ക് അധീനരായി അവർ അധഃപതിക്കരുതല്ലോ. വിദ്യാഭ്യാസമുള്ള നമ്മുടെ യുവാക്കൻമാർ മിഷൻ പ്രദേശങ്ങളിൽപോയി കുറേനാളത്തേയ്ക്കെങ്കിലും സൗജന്യമായി സേവനം ചെയ്യുന്നതും നല്ല പ്രേഷിതപ്രവർത്തനമാണ്. കഴിയുന്നത്ര സാമ്പത്തിക സഹായംകൊണ്ട് മിഷൻ പ്രവർത്തനങ്ങളെ സംരക്ഷിക്കേണ്ടതുമുണ്ട്. ജർമ്മനിയിലും മററും ചെയ്യുന്നതുപോലെ നമ്മുടെ ഇടവകകൾ ഓരോ മിഷൻ കേന്ദ്രത്തിൻെറ സംരക്ഷണം ഏറെറടുത്ത് ആവശ്യംപോലെ ആളും പണവും

കൊണ്ടു സഹായിക്കുക എത്രയോ അഭിലഷണീയമാണ്. നമ്മുടെ ഇടയിലുള്ള ദൈവവിളികൾ വളരുവാൻ വേണ്ട സാമ്പത്തികസഹായം നല്കുവാൻ എല്ലാവർക്കും കടമയുണ്ട്. ആണ്ടുതോറും ദൈവവിളി ഫണ്ട് ശേഖരിക്കുന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണല്ലോ.

അവസാനമായി, എന്നാൽ അതിപ്രധാനമായി, നാം ചെയ്യേണ്ടതു് പ്രാർത്ഥനകൊണ്ടുള്ള പ്രേഷിതപ്രവർത്തനമാണ്. പതിനായിരങ്ങളെ മാമ്മോദീസാ മുക്കിയ വി. ഫ്രാൻസിസ് സേവ്യറിനോടൊപ്പം, മഠത്തിനു പുറത്തിറങ്ങാതെ ജീവിച്ച വി. കൊച്ചുത്രേസ്യായും മിഷനറിമാരുടെ മദ്ധ്യസ്ഥയാണല്ലോ. ദിവ്യനാഥൻതന്നെ ആവശ്യപ്പെട്ടതാണ് ഈ പ്രേഷിതപ്രവർത്തനവും. അവിടുന്നു തന്റെ ശിഷ്യരോടു് ഒരിക്കൽ പറഞ്ഞു: "വിളവധികം, വേലക്കാരോ ചുരുക്കം." അതുകൊണ്ടു് അവർ എന്തുചെയ്യണമെന്നാണ് ഈശോ ആവശ്യപ്പെട്ടതു്? ഉടനെ കൊയ്യുവാൻ ഇറങ്ങണമെന്നാണോ? അല്ല. അവിടുന്നു് തുടർന്നു നിർദ്ദേശിച്ചു: "ആകയാൽ നിങ്ങൾ വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുവാൻ, തന്റെ വിളവിലേക്കു് അധികം വേലക്കാരെ അയയ്ക്കുവാൻ". അധികം താമസിയാതെ ലോകമെങ്ങുംപോയി സുവിശേഷം പ്രസംഗിക്കേണ്ട ആദ്യഅപ്പസ്തോലന്മാർ പ്രഥമത ചെയ്യേണ്ടതു് പ്രാത്ഥിക്കയത്രേ. എന്തുകൊണ്ടെന്നാൽ മാനസാന്തരം ദൈവാനുഗ്രഹംകൊണ്ടേ ഉണ്ടാകുകയുള്ളു. ബിഷപ്പ് ഷീൻ പറഞ്ഞിട്ടുള്ളതുപോലെ, ദൈവം ചെയ്യേണ്ടതു് ദൈവത്തെക്കൊണ്ടു ചെയ്യിക്കുവാനുള്ള കാര്യക്ഷമമായ മാർഗ്ഗമാണു പ്രാർത്ഥന. ദിവസവും വേദപ്രചരണത്തിനായി കൂട്ടമായും തനിച്ചും പ്രാർത്ഥിക്കണം. വി. ബലിയിൽ സംബന്ധിച്ചുകൊണ്ടു്, ഈശോയുടെ തിരുരക്തത്തിന്റെ അളവററ ഫലമനുസരിച്ച് അസംഖ്യം ആത്മാക്കളെ രക്ഷിക്കണമേയെന്നു് അപേക്ഷിക്കുക ഏററം ഫലപ്രദമത്രെ. അതോടുകൂടി നമ്മുടെ ജീവിതക്ലേശങ്ങൾ പ്രായശ്ചിത്തമായി കാഴ്ചവയ്ക്കുകയും ചെയ്യുക. നമ്മുടെ പത്രപാരായണവും ഇതേവിധം പ്രാർത്ഥിക്കുവാൻ നമുക്കു പ്രേരണ നൽകേണ്ടതാണ്. പത്രത്തിൽ കാണുന്നവ നമുക്കു് വെറും വാർത്തകളല്ല, പിന്നെയോ, ഈശോയുടെ തിരുരക്തത്തിന്റെ ഫലം ആളുകൾ പ്രാപിക്കുന്നതിന്റെ വിവര

ണമാണ്. പത്രത്തിൽ മരണവാർത്തകൾ വായിക്കുമ്പോൾ, ആ പരേതർക്കുവേണ്ടി നാം അപേക്ഷിക്കണം. വിവാഹപരസ്യങ്ങൾ കാണുമ്പോൾ, ആ പുതിയ കുടുംബങ്ങൾ ഈശോയുടെ തിരുഹൃദയത്തിനു പ്രീതികരമായി പ്രവർത്തിക്കാൻ അനുഗ്രഹിക്കണമേയെന്നു പ്രാർത്ഥിക്കാം. സമ്മേളനപരിപാടികൾ വായിക്കുമ്പോൾ, അവയിലെല്ലാം സത്യവും നീതിയും പാലിക്കപ്പെടണമെന്ന് അപേക്ഷിക്കാമല്ലോ.

വിശ്വവ്യാപകമായ വേദപ്രചാരസഖ്യത്തെപ്പററി നിങ്ങൾക്ക് അറിയാമല്ലോ. ഫ്രാൻസിലെ രണ്ടു ഫാക്ടറി തൊഴിലാളികളായ സ്ത്രീകൾ കഴിഞ്ഞ നൂററാണ്ടിൽ ആരംഭിച്ചതാണത്. മിഷൻെറ പാപ്പായെന്നറിയപ്പെടുന്ന പതിനൊന്നാം പീയൂസ് 1922-ൽ ഈ സഖ്യത്തെ തിരുസിംഹാസനത്തിൻെറ നേരിട്ടുള്ള ഭരണത്തിൽ സ്വീകരിച്ച് ഇന്നത്തെ വേദപ്രചാരസംഘമാക്കി. ഈ പരിശുദ്ധപിതാവു തന്നെയാണ് മിഷൻ ഞായറാഴ്ച ആചരണവും ഏർപ്പെടുത്തിയത്. വേദപ്രചാരസംഘത്തിൽ ചേർന്ന് അതിൻെറ നിയമമനുസരിച്ച് പ്രതിദിനം ഒരു സ്വർഗ്ഗ. ഒരു നന്മ. ഒരു ത്രിത്വ. "ഞങ്ങളുടെ പിതാവായ മാർത്തോമ്മാശ്ലീഹായേ, ഞങ്ങൾക്കുവേണ്ടിയപേക്ഷിക്കണമേ, വി. ഫ്രാൻസിസ് സേവ്യറേ, വി. കൊച്ചുത്രേസ്യായേ, ഞങ്ങൾക്കുവേണ്ടിയപേക്ഷിക്കണമേ" എന്നീ ജപങ്ങൾ ചൊല്ലുകയും ഒരു ചെറിയ തുക മാസംതോറും നല്കുകയും ചെയ്യുക. ഇപ്രകാരം പലേ വിധത്തിൽ ഏററം ശ്രേഷ്ഠവും ആവശ്യകവുമായ പ്രേഷിതപ്രവർത്തനങ്ങളിൽ നമുക്ക് ഉത്തരവാദബോധത്തോടെ സഹകരിക്കാം.

വി. ആഗുസ്തീനോസ് പറയുന്നു: "ഒരാത്മാവിനെ രക്ഷിക്കുന്നവൻ സ്വന്തം ആത്മാവിനെ രക്ഷിക്കുന്നു." നമ്മുടെ നിത്യരക്ഷ ഭദ്രമാക്കാനുള്ള വഴിയാണിത്. നമ്മുടെ സഹകരണം വഴി സ്വർഗ്ഗം പ്രാപിക്കുന്ന പുണ്യാത്മാക്കൾ ദൈവസമക്ഷം നമുക്കുവേണ്ടി പ്രാർത്ഥിക്കും. അതു് നമുക്ക് അതിമാത്രം അനുഗ്രഹപ്രദവും ഫലപ്രദവുമായിത്തീരുകയും ചെയ്യും.

# 20. ഇതാ നിൻെറ അമ്മ

മിശിഹായിൽ പ്രിയ സഹോദരരേ,

വി. അൽഫോൺസ് ലിഗോരി പറയുന്നു: 'ആരു ധ്യാനിപ്പിച്ചാലും, ആരെ ധ്യാനിപ്പിച്ചാലും വേണ്ടില്ല. പരി. ദൈവമാതാവിനെപ്പററി പറയാതിരുന്നാൽ ആ ധ്യാനം പൂർണ്ണമാകുകയില്ലതന്നെ.'' മനുഷ്യരക്ഷയ്ക്കായുള്ള ദൈവത്തിൻെറ പ്രവർത്തനത്തിൽ പരി. മറിയത്തിനു നല്കിയിട്ടുള്ള പ്രാധാന്യം ഇതുതന്നെയാണു വ്യക്തമാക്കുന്നത്. ദിവ്യരക്ഷകൻ ലോകത്തിൽ പിറന്നതും വളർന്നതും മാതാവിൻെറ കൈകളിലായിരുന്നല്ലോ, മനുഷ്യാവതാരം മുതൽ കുരിശുമരണവും സ്വർഗ്ഗാരോഹണവുംവരേയും, അതിനുശേഷവും പരി. കന്യക ലോകരക്ഷയുടെ വഴിയിൽ പ്രവർത്തിച്ചു; ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. മാതാവിൻെറ സംരക്ഷണയിൽ ആശ്രയിച്ചുകൊണ്ടാണു നമ്മൾ ഈ ധ്യാനം നടത്തിയതു്. ഇനി ആരംഭിക്കുന്ന പുതിയ ജീവിതവും അവിടത്തെ കൈകളിൽ നമുക്കു് ഏല്പിക്കാം. സ്നേഹനിധിയായ അമ്മേ, ഞങ്ങളെ സദാ, കാത്തുപരിപാലിക്കണമേ എന്നു് പ്രാർത്ഥിക്കാം.

പരി. ദൈവമാതാവിനോടു നമുക്കു ഭക്തിയും ബഹുമാനവും വേണം. മാതാവിനെ ദൈവം അങ്ങേയററം ബഹുമാനിച്ചു. ഒരു സൃഷ്ടിക്കു കിട്ടാവുന്ന മഹത്വത്തിൻെറ തികവാണു മറിയത്തിൽ നാം കാണുക. Mary a special creation എന്നു ദൈവശാസ്ത്രജ്ഞന്മാർ പറയുന്നു. മറിയം ഒരു പ്രത്യേക സൃഷ്ടിയാണു്. ആദത്തിൻെറ സന്താനങ്ങളിൽ നിന്നൊക്കെ വളരെ വ്യത്യസ്തമായ വിധത്തിലാണു അമ്മയുടെ ജനനം. അവിടുന്നു് അമലോത്ഭവയാണല്ലോ. 1858 മാർച്ചു് 25-ാം തീയതി മംഗലവാർത്തത്തിരുനാളിൽ മാതാവു് ലോകത്തിനു നല്കിയ മംഗലവാർത്തയാണതു്. അവിടുന്നു് ലൂർദിലെ വി. ബർണർദീത്തായോടു പറഞ്ഞു: ''ഞാൻ അമലോത്ഭവം ആകുന്നു.'' അതിനു നാലുകൊല്ലം മുൻപു് തിരുസ്സഭ

മാതാവിൻെറ അമലോത്ഭവം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചിരുന്നു. ഇങ്ങനെ പരമപിതാവു സൃഷ്ടിച്ച് പ്രത്യേക വരങ്ങൾകൊണ്ട് അലങ്കരിച്ചവളെ ദൈവപുത്രൻ സ്വമാതാവായി സ്വീകരിച്ചു മഹത്വപ്പെടുത്തി. പരി. ആത്മാവാകട്ടെ, മനുഷ്യാവതാരത്തിൽ പ്രവർത്തിച്ചുകൊണ്ട് തൻെറ ദിവ്യവധുവായി അവളെ അംഗീകരിക്കുകയും ചെയ്തു. ഇതിൻെറയെല്ലാം പരിണതഫലമായി മാതാവിനെ ശരീരത്തോടുകൂടി ത്തന്നെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിച്ചു ത്രിലോകരാജ്ഞിയായി അവരോധിക്കുവാനും ദൈവം തിരുമനസ്സായി. ഈ കിരീടധാരണത്തിരുനാൾ ആഗസ്റ്റ് 22–ാം തീയതിതോറും നമ്മൾ ആഘോഷിച്ചുവരുന്നു. ഇപ്രകാരം ദൈവം മഹത്വപ്പെടുത്തിയിരിക്കുന്ന ഒരാളെ നമ്മൾ എത്ര ബഹുമാനിച്ചാലും അധികമാകുകയില്ലെന്നു കാർഡിനൽ ന്യൂമാൻ പറയുന്നു. ആകയാൽ ദൈവം കഴിഞ്ഞാൽ നമ്മുടെ ബഹുമാനത്തിനു് ഏററം അർഹയായിട്ടുള്ളതു് ദൈവമാതാവുതന്നെ.

മാതാവിൻെറ തിരുനാൾ ആണ്ടുവട്ടത്തിൽ പത്തുനാല്പതുണ്ടു്. പലതും നാമറിയാതെ കടന്നുപോകുകയാണു്. ഈ തിരുനാളുകൾ നാം താല്പര്യത്തോടുകൂടെ അനുസ്മരിച്ചു് ആചരിക്കണം; അമ്മയോടുള്ള ഭക്ത്യാദരങ്ങൾ വ്യക്തമാക്കണം; വെറും ബാഹ്യാഡംബരങ്ങൾകൊണ്ടു് അവസാനിപ്പിക്കരുതു്. ഈ പുണ്യദിനങ്ങളിൽ മാതാവു പ്രാപിച്ചുതരുന്ന ദിവ്യദാനങ്ങൾ സ്വീകരിക്കുവാനും സുകൃതജീവിതത്തിൽ പുരോഗമിക്കുവാനും നമ്മൾ ഉത്സാഹിക്കേണ്ടതാണു്. മററുള്ളവരേയും അതിനു പ്രേരിപ്പിക്കണം. പരി. അമ്മ സ്നേഹപൂർവ്വം നല്കിയിരിക്കുന്ന ജപമാലയും ഉത്തരീയവും നമ്മൾ അഭിമാനപൂർവ്വം ഉപയോഗിച്ചുകൊണ്ടു് അവിടുത്തോടുള്ള ഭക്തി പ്രകാശിപ്പിക്കേണ്ടതാണു്. ഉത്തരീയവും ജപമാലയും വഴി വലിയ അത്ഭുതങ്ങൾ നടന്നിട്ടുണ്ടു്; അനുഗ്രഹങ്ങൾ ലഭിച്ചിട്ടുമുണ്ടു്. അതിനാൽ ഉത്തരീയജപമാല സഖ്യങ്ങളിൽ അംഗങ്ങളായിച്ചേർന്നു ജീവിക്കുവാനും എല്ലാവരും ശ്രദ്ധിക്കട്ടെ.

ഇപ്രകാരം ദൈവം ബഹുമാനിച്ചു ആദരിച്ചിരിക്കുന്ന പരി. മറിയം നമ്മുടെ അമ്മയാണെന്നു കൂടി ഓർക്കുക. ഈശോയുടെ അമ്മ നമ്മുടേയും അമ്മയാണു്. മാതാവു് എപ്പോഴും

ഈശോയുടെ അമ്മയാകുവാൻ തിരുമനസ്സായോ അപ്പോഠം ത്തന്നെ നമ്മുടേയും അമ്മയായെന്നാണു് ദൈവശാസ്ത്രജ്ഞന്മാർ പഠിപ്പിക്കുന്നതു്. വചനം മാംസമായി മറിയത്തിൻെറ ഉദര ത്തിൽ വസിച്ചതോടെ അവഠം മൗതികശരീരത്തിൻെറ ശിര സ്സായ ക്രിസ്തുവിൻെറ അമ്മയായിത്തീർന്നു; അതോടുകൂടി അവയവങ്ങളായ നമ്മുടേയും അമ്മയായി ഭവിച്ചു. "ഇതാ, നിൻെറ അമ്മ" എന്നുപറഞ്ഞു്, കുരിശിൽനിന്നു് അക്കാര്യം പ്രഖ്യാപനം ചെയ്യുക മാത്രമാണു് ഈശോ ചെയ്തതു്. തൻെറ വേർപാടിൻെറ അവസരത്തിൽ നമ്മെ ആശ്വസിപ്പിക്കുവാൻ ആ വലിയ സത്യം നമുക്കു പറഞ്ഞു തന്നു. "ഇതാ നിൻെറ മകൻ" എന്നുകൂടി പ്രസ്താവിച്ചുകൊണ്ടു് യോഹന്നാനിലൂടെ മനുഷ്യവംശത്തെ മുഴുവൻ മാതാവിൻെറ സംരക്ഷണത്തിൽ പരസ്യമായി ഏല്പിക്കുകയും ചെയ്തു. ആകയാൽ നമ്മഠം പൂർണ്ണമായി മാതാവിൻെറ സംരക്ഷണയിൽ ആശ്രയിക്കണം. ധ്യാനത്തിലെടുത്ത തീരുമാനങ്ങളുമായി നാം ഇവിടെനിന്നും പുറപ്പെടുമ്പോഠം, കുറച്ചു ആശങ്കയും ആകുലതയുമൊക്കെ ഉണ്ടാ യേക്കാം. എന്നാൽ എന്തിനു ഭയപ്പെടുന്നു? നമ്മുടെ അമ്മയുടെ കൈകളിൽ നാം സുരക്ഷിതരല്ലേ, മാതാവിനെ പരിപൂർണ്ണ മായി ആശ്രയിച്ചാൽമാത്രം മതി.

നമ്മെ സഹായിക്കുവാനുള്ള തികഞ്ഞ കഴിവും മനസ്സും പരി. മറിയത്തിനുണ്ടു്. നമുക്കു സഹായം ചെയ്യുവാൻ ഒരാഠംക്കു മനസ്സുണ്ടു്. പക്ഷേ അയാഠംക്കു കഴിവില്ല. കഴിവി ല്ലാതെ അയാളെന്തു ചെയ്യും? വേറൊരാഠംക്കു് കഴിവുണ്ടു്: പക്ഷേ നമ്മെ സഹായിക്കുവാൻ അയാഠംക്കു മനസ്സില്ല. ഇതു പോലൊരു കുറവു് പരി. അമ്മയ്ക്കില്ല. എല്ലാ അമ്മമാരുടേയും സ്വഭാവം നമ്മഠംക്കറിയാമല്ലോ. കുഞ്ഞുങ്ങഠംക്കു് അങ്ങേയററം നന്മ ചെയ്യുവാൻ അവർ എപ്പോഴും ഒരുക്കമാണു്. പക്ഷേ അതിനുള്ള കഴിവു് അവർക്കു കുറവാണു്. എന്നാൽ നമ്മുടെ സ്വർഗ്ഗീയ മാതാവു് ദൈവജനനി കൂടെയായതിനാൽ അവഠം ക്കു് അസാദ്ധ്യമായി ഒന്നുമില്ല. സമുദ്ധാരണകൃത്യത്തിൽ ദിവ്യരക്ഷകനോടു സഹകരിച്ച മറിയത്തിനു് രക്ഷയുടെ ഫലം കൈകാര്യം ചെയ്യുവാനും അവകാശമുണ്ടല്ലോ. സ്വന്തം പുത്ര നെ നമുക്കുവേണ്ടി കുരിശിൽ ഹോമിച്ച അവഠം തൻെറ മക്ക ളായ നമുക്കുവേണ്ടി എന്തു ചെയ്യുവാനും സന്നദ്ധയാണു്.

അതാണ് പലപ്പോഴും ഉണ്ടായിട്ടുള്ള ദിവ്യദർശനങ്ങൾ വ്യക്തമാക്കുന്നത്. ഭൗതിക വ്യാമോഹങ്ങൾ വളർന്നുവരുന്നതു കണ്ട്, മാതാവ് ലൂർദിൽ പ്രത്യക്ഷപ്പെട്ടു മനുഷ്യരെ സ്വർഗ്ഗീയ ചിന്തകളിലേക്കു നയിക്കുവാൻ താൽപര്യപ്പെട്ടു. സ്വർഗ്ഗവും ലോകവും സമ്മേളിക്കുന്ന പുണ്യസ്ഥാനമാണ് ലൂർദ് എന്നു പറയാം. അവിടം സന്ദർശിക്കുന്നവർക്കെല്ലാം ഒരു സ്വർഗ്ഗീയാനുഭൂതി ഉണ്ടാകുന്നുവെന്ന് അക്രൈസ്തവർ പോലും പറയുന്നു. ലൂർദിൽ നടക്കുന്ന വലിയ അത്ഭുതങ്ങൾ ശാസ്ത്രത്തിന്റെ പരിമിതികളും പരാശക്തിയുടെ പാരമ്യവും വ്യക്തമാക്കിക്കൊണ്ടിരിക്കുന്നു. മാതാവ് ആകുലാധീനയായി ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടതു് റഷ്യൻവിപ്ലവത്തിന്റെ സമയത്താണ്. നാസ്തികത്വം മനുഷ്യരെ നശിപ്പിക്കാൻ പോകുന്നുവെന്ന് അവിടുന്നു ലോകത്തെ അറിയിച്ചു; പ്രാർത്ഥനയും പ്രായശ്ചിത്തവുംവഴി അതിനു പരിഹാരം ചെയ്യുവാൻ ആവശ്യപ്പെടുകയും ചെയ്തു. ക്വീറേറായിലും, ഇററലിയിലും സ്പെയിനിലുമൊക്കെ ഉണ്ടായതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ ദർശനങ്ങൾ വ്യാകുലമാതാവിനെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. ഈ വെളിപാടുകളെല്ലാം മനുഷ്യമക്കളുടെ ശാശ്വത സൗഭാഗ്യത്തിൽ മാതാവിനുള്ള താല്പര്യമാണല്ലോ പ്രകടിപ്പിക്കുന്നതു്. ആകയാൽ, ഇത്രയേറെ കരുണയും വാത്സല്യവും, കഴിവും ശക്തിയുമുള്ള ഈ അമ്മയെ നമ്മളെപ്പോഴും അഭയം ഗമിക്കേണ്ടതല്ലേ?

കേരളീയരായ നമ്മെ സംബന്ധിച്ചിടത്തോളം മാതാവിനോടുള്ള ഭക്തി നമ്മുടെ രക്തത്തിൽ കലർന്നിട്ടുള്ളതാണ്. ഉത്തരീയം ധരിച്ചും കൊന്ത ജപിച്ചുമാണ് നാം വളർന്നുവന്നതു്. ഉത്തരീയം ഒരു പടച്ചട്ടയാണ്. ജപമാല അജയ്യമായ ആയുധവും. ''എന്റെ അമ്മേ, എന്റെ ആശ്രയമേ'' എന്നു വിളിച്ചുകൊണ്ടു് നമുക്കു് എല്ലാ ആവശ്യങ്ങളിലും പരി. മറിയത്തെ അഭയം തേടാം. ശാരീരികവും ആത്മീയവുമായ സകല വിപത്തുകളിൽനിന്നും മാതാവു നമ്മെ രക്ഷിക്കുന്നതാണ്.

മൂന്നാമതായി, സ്നേഹനിധിയായ പരി. അമ്മയോടു നമുക്കു ശിശുസഹജമായ സ്നേഹം ഉണ്ടായിരിക്കണം. മക്കളിൽനിന്നു് ഏതൊരമ്മയും ആഗ്രഹിക്കുന്നതും അതുതന്നെ. തന്റെ

കുഞ്ഞിൻെറ സ്നേഹംനിറഞ്ഞ പുഞ്ചിരി കാണവാനും ചുംബനം സ്വീകരിക്കുവാനുംവേണ്ടി അമ്മ ബദ്ധപ്പെടുകയാണ്. ഓമൽ സന്താനത്തിനുവേണ്ടി എന്തു ക്ലേശം സഹിക്കുവാനും അവൾക്കു മടിയില്ല. ഒരു ചുംബനംകൊണ്ടു് അമ്മ തൃപ്തിപ്പെട്ടുകൊള്ളും. ഈ ബോധ്യത്തോടെ നമ്മുടെ സ്വർഗ്ഗീയ മാതാവിനേയും നാം സ്നേഹിക്കണം. തൻെറ പുത്രനായ ഈശോയുടെ സവിശേഷ സ്നേഹത്തിനു പാത്രമായ മാതാവു് അതേവിധം നമ്മുടെ സ്നേഹവും ലഭിക്കുവാൻ ആഗ്രഹിക്കുന്നു.

നമ്മുടെ സ്നേഹം എങ്ങനെയാണു് കാണിക്കുക? അതിനുള്ള വഴി അനുകരണമാണു്. നാം സ്നേഹിക്കുന്നയാളെപ്പോലെയാകുവാൻ, അയാൾക്കു പ്രീതികരമായവിധം പ്രവർത്തിക്കുവാൻ നമ്മൾ താല്പര്യപ്പെടുമല്ലോ. ആകയാൽ നാം മാതാവിനു യോജിച്ച മക്കളാകണം. അമ്മമാർ ഇപ്രകാരം പറയാറില്ലേ? ''ഈ കുഞ്ഞു് വളർന്നുവരുമ്പോൾ എന്നെപ്പോലെയിരിക്കും; എൻെറ കണ്ണു്, എൻെറ മൂക്കു്, എൻെറ നോട്ടം, എൻെറ നടപ്പു്''. അമ്മ അഭിമാനം കൊള്ളുന്നു! ഇതുപോലെ പരി. അമ്മയും തൻെറ മക്കളായ നമ്മിൽ ആനന്ദമടയണം. അതിനു് മാതാവിൻെറ സുകൃതങ്ങൾ നമ്മളും പരിശീലിക്കണം. അപ്പോൾ നമ്മൾ മാതാവിനും അതുവഴി ഈശോയ്ക്കും അനുരൂപരാകും. മാതാവു് ഈശോയ്ക്കുവേണ്ടി എന്തു ചെയ്തുവോ, അതാണു് നമ്മളും ചെയ്യേണ്ടതു്. പരി. മറിയത്തിൻെറ ഉദരത്തിൽ വസിച്ച ഈശോ നമ്മിലും സദാ വസിക്കുന്നുണ്ടല്ലോ. അതുകൊണ്ടു് നമ്മൾ പാപരഹിതരായിരിക്കണം. അമലോത്ഭവയും, പ്രസാദവരപൂർണ്ണയുമായ അമ്മയെപ്പോലെ നാം ദുരാശകളെ ഭരിക്കുകയും നന്മയിൽ വളരുകയും വേണം. ''ഇത്രയൊന്നും പുണ്യം എനിക്കു വേണ്ട'' എന്നു വിചാരിക്കുന്നതു് എത്രയോ നിർഭാഗ്യകരമാണു്. സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ നമ്മളും പരിപൂർണ്ണരാകണമെന്നല്ലേ ദിവ്യരക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ളതു്? ആദിമക്രിസ്ത്യാനികളെപ്പററി ''വിശുദ്ധർ'' എന്നല്ലേ വി. പൗലോസ് എഴുതിയിട്ടുള്ളതു്? ദൈവത്തോടുകൂടി വസിക്കുന്ന നമ്മൾ വിശുദ്ധരായിരിക്കേണ്ടതാണു്.

വീണ്ടും, പരി. ദൈവമാതാവിനെപ്പോലെ നമ്മളെല്ലാവരും വിനീതരായിരിക്കണം. കർത്താവിൻെറ ദാസിയായി

മറിയം ജീവിച്ചു; മാത്രമല്ല അവമാനവും നിന്ദനവും കൈവരിച്ചു. ഓശാനയുടെ മഹത്ത്വത്തിൽ കടന്നുവരാതിരുന്ന മറിയം കുരിശിൻെറ വഴിയിലും, കാൽവരിയുടെ മുകളിലും ശാന്തമായി സ്ഥലം പിടിച്ചു; കുററക്കാരൻെറ അമ്മയായി കുരിശിൻെറ കീഴിൽ നിന്നു. ഇതു് നമ്മൾ കണ്ടുപഠിക്കണം. ഈ ധ്യാനത്തിൻെറ ഫലം നീണ്ടുനില്ക്കണമെങ്കിൽ, നിരൂപണവും കുററാരോപണവും നിശബ്ദമായി സ്വീകരിക്കുവാൻ നമുക്കു കഴിയണം. കോപവും വാശിയും നമ്മെ പിടികൂടിയാൽ പുണ്യമെല്ലാം തിരോധാനം ചെയ്യും. ആവലാതി കൂടാതെ ജീവിക്കാൻ നമുക്കു സാധിക്കണം. അവകാശവാദത്തിനു് മുതിരരുതു്. സമാധാനപ്രിയരായിരിക്കുക. മാതാവിൻെറ അമാനുഷികമായ എളിമയുടെ വിജയമല്ലേ അവളുടെ സ്വർഗ്ഗീയമഹത്ത്വത്തിൽ നമ്മൾ കാണുന്നതു്! സർവ്വശക്തൻ സ്വദാസിയുടെ വിനീതഭാവം വീക്ഷിച്ചു് അവളിൽ വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. എല്ലാ തലമുറകളും അവളെ ഭാഗ്യവതി എന്നു വിളിക്കും. ഇതാണു ദൈവത്തിൻെറ വഴി. നമുക്കും വിനീതമായി ജീവിക്കാം. ദൈവം എന്തുപറയും എന്നുമാത്രം ചിന്തിച്ചു് സമാധാനമായിരിക്കുകയും ചെയ്യാം.

ദൈവമാതാവായ മറിയം നിത്യകന്യക കൂടിയാണു്. ദൈവപുത്രനു തൻെറ മാംസരക്തങ്ങൾ പ്രദാനം ചെയ്യുവാൻ മറിയം അങ്ങനെ യോഗ്യയായി. തന്നിമിത്തം അമ്മയുടെ ശരീരംകൂടി സ്വർഗ്ഗഭാഗ്യത്തിലേക്കു് സ്വീകരിക്കപ്പെട്ടു. നമ്മുടെ ജീവിതാവസ്ഥ ആവശ്യപ്പെടുന്ന ശുദ്ധത പാലിക്കാൻ നമ്മളെപ്പോഴും ഉത്സുകരായിരിക്കണം; ഇക്കാര്യത്തിൽ വിജയിക്കണമെങ്കിൽ പരിത്യാഗത്തിൻെറ വഴിയിൽ ജീവിക്കുക ആവശ്യമാണു്. വിശുദ്ധ പുണ്യത്തെപ്പററി നമ്മൾ ദീർഘമായി ചിന്തിച്ച കാര്യങ്ങൾഇവിടെ ആവർത്തിക്കുന്നില്ല.

ശുദ്ധത എന്ന പുണ്യം പൂർണ്ണത പ്രാപിക്കുന്നതു സഹനം വഴിയാണു്. പരി. അമ്മയുടെ ജീവിതം ആദ്യന്തം ദാരിദ്ര്യവും അദ്ധ്വാനവും നിറഞ്ഞതായിരുന്നല്ലോ. നസ്രത്തിലെ ദാരിദ്ര്യം പോരാഞ്ഞിട്ടെന്നവണ്ണം, അവൾ ബത്ലേഹമിലും ഈജിപ്തിലും കടുത്ത ദാരിദ്ര്യം അനുഭവിക്കേണ്ടിവന്നു; വി. യൗസേപ്പിൻെറ മരണംവഴി വിധവയും ഏകപുത്രൻെറ പരസ്യ

ജീവിതം വഴി അനാഥയും ആലംബഹീനയുമായി. ഈ ദുശ്യാനുഭവങ്ങളുണ്ടായാൽ നമ്മൾ നിരാശപ്പെടരുതു്. ധ്യാനപ്രതിജ്ഞകൾ പാലിക്കുന്നതിനു് ഇവയൊന്നും തടസ്സമാകാതിരിക്കട്ടെ. ത്രിലോകരാജ്ഞിയായി വിരാജിക്കുന്ന മാതാവിന്റെ ജീവിതവിജയം നമ്മെ എപ്പോഴും ആശ്വസിപ്പിക്കുകയും, ശക്തിപ്പെടുത്തുകയും ചെയ്യുമല്ലോ.

അവസാനമായി, മാതാവിന്റെ ക്ലേശഭൂയിഷ്ഠമായ ജീവിതവും നമ്മൾ അനുകരിക്കേണ്ടതാണു്. "ഇതാ നിന്റെ അമ്മ" എന്നു് ഈശോ നമ്മെ ചൂണ്ടിക്കാണിക്കുന്നതു് കുരിശിന്റെ ചുവട്ടിൽ നിൽക്കുന്ന വ്യാകുലജനനിയെയാണെന്നു് ഓർക്കുക. കണ്ണീരിന്റെ താഴ്‌വരയായ ഈ ലോകത്തിൽ ഓരോ വിധത്തിൽ നമുക്കു ക്ലേശമുണ്ടാകും. അതൊന്നും നമ്മെ അലട്ടരുതു്. കാരണം, ഏതൊരു വീട്ടമ്മയുടെ ജീവിതത്തിലും ഉണ്ടാകാവുന്ന എല്ലാ വിപരീതാനുഭവങ്ങളും നസ്രത്തിലെ അമ്മയ്ക്കും ഉണ്ടായി. മംഗലവാർത്തയും മനുഷ്യാവതാരവും സൃഷ്ടിച്ച വിഷമപ്രശ്നം യൗസേപ്പുപിതാവിനേയും മാതാവിനേയും വളരെ ക്ലേശിപ്പിച്ചു. പൂർണ്ണ ഗർഭിണിയായ മറിയത്തിന്റെ ബത്‌ലേഹമിലേക്കുള്ള ദീർഘയാത്രയും പുൽക്കൂട്ടിലെ പ്രസവവും എത്രയോ വലിയ മാനസികവും കായികവുമായ വേദന ഉളവാക്കിയിരിക്കും! "നിന്റെ ഹൃദയത്തിൽ ഒരു വാൾ കടക്കും" എന്ന ശിമയോന്റെ പ്രവചനത്തെ അതിശയിക്കുന്ന വിധമായിരുന്നു അനന്തരാനുഭവങ്ങൾ. ദിവ്യശിശുവിനെ ഹനിക്കുവാൻ ഹേറോദേസ് പുറപ്പെട്ടതും, പന്ത്രണ്ടാം വയസ്സിൽ ഓമനമകനെ കാണാതായതും, വി. യൗസേപ്പു മരണമടഞ്ഞതും, ഈശോ പരസ്യജീവിതത്തിൽ പ്രവേശിച്ചതും, യഹൂദപ്രമാണിമാർ അവിടുത്തെ നിഗ്രഹിക്കുവാൻ പലവട്ടം മുതിർന്നതും പരി. മറിയത്തെ കഠിനമായി വേദനിപ്പിച്ചുകൊണ്ടേയിരുന്നു. ഒടുവിൽ മാതാവിന്റെ ക്ലേശത്തിന്റെ കാസ നിറഞ്ഞൊഴുകി., പീഡാനുഭവരംഗങ്ങളിൽ, മരണമടയുന്ന മകന്റെ കുരിശിന്റെ കീഴിൽ മരിക്കാതെ മരിച്ചുകൊണ്ടു മറിയം നിന്നു; ഈശോയുടെ മൃതശരീരം തന്റെ മടിയിൽ വഹിച്ചുകൊണ്ടു് ഹൃദയം പിളർന്നു് അവളിരുന്നു. തനിക്കെല്ലാമായ പുത്രനെ കല്ലറയിൽവച്ചിട്ടു് അവൾ എല്ലാം

നഷ്ടപ്പെട്ടവളായി മടങ്ങി. ഈ അമ്മയുടെ മക്കളും ക്ലേശങ്ങളുടെ മുമ്പിൽ നിരാശപ്പെടരുത്. കർത്താവിൻെറ സഹനത്തിൽ ഭാഗഭാക്കാകുക വലിയൊരു അവകാശമായി നമ്മളും കരുതണം. അവസാനമില്ലാത്ത സ്വർഗ്ഗഭാഗ്യത്തെപ്പററിയുള്ള ബോധം നമുക്ക് ആശ്വാസമരുളണം. ഈ പറഞ്ഞ കാര്യങ്ങളെല്ലാം വി. യൗസേപ്പ് പിതാവിനെ സംബന്ധിച്ചും ഓരോ വിധം സ്വാർത്ഥകമാണ്. വിശുദ്ധൻ ഈശോയോടും മാതാവിനോടുംകൂടി രക്ഷയുടെ വഴിയിൽ ഏററം വിശ്വസ്തമായി വ്യാപരിച്ച് നമുക്ക് പററുന്ന മാതൃക നല്കിയിരിക്കുന്നു. തിരുക്കുടുംബത്തിൻെറ സംരക്ഷകനായിരുന്ന വിശുദ്ധൻ തിരുസ്സഭയുടേയും സാർവ്വത്രിക പരിപാലകനാണല്ലോ. നമ്മളാരംഭിക്കുന്ന പുതിയ ജീവിതം ഈ പുണ്യപിതാവിൻേറയുംകൂടി സംരക്ഷണയിൽ ഏല്പിക്കാം. നമുക്കാവശ്യമായ ലൗകികവും ആത്മീയവുമായ എല്ലാ സഹായങ്ങളും പുണ്യപിതാവു ചെയ്തു തരുന്നതാണ്.

ഒടുവിൽ നമുക്കെല്ലാം ആവശ്യമായിരിക്കുന്നത് ഒരു നല്ല മരണമാണല്ലോ. ഈശോയുടേയും മാതാവിൻേറയും കൈകളിൽ ഭാഗ്യമരണം പ്രാപിച്ച വി. യൗസേപ്പ് നമുക്കും അതേ ഭാഗ്യം നേടിത്തരുന്നതാണ്. പരി. അമ്മ പാപികളായ നമുക്കുവേണ്ടി ഇപ്പോഴും നമ്മുടെ മരണസമയത്തും ദൈവത്തോടു അപേക്ഷിക്കും. നമ്മുടെ കാവൽമാലാഖയും മററു ദൈവദൂതന്മാരും നമ്മുടെ ജീവിതസമരത്തിൽ സഹായവും ആശ്വാസവും പ്രദാനം ചെയ്യുന്നുണ്ടല്ലോ. നമ്മുടെ നാമഹേതുകരായ വിശുദ്ധരും മററുള്ള എണ്ണമററ പുണ്യാത്മാക്കളും തങ്ങളുടെ ആകർഷകമായ മാതൃകയും കരുത്തേറിയ മാദ്ധ്യസ്ഥ്യവും വഴി അവർക്കു ലഭിച്ചിരിക്കുന്ന നിത്യഭാഗ്യത്തിലേക്ക് നമ്മെ നിരന്തരം നയിച്ചുകൊണ്ടിരിക്കുന്നു.

ആകയാൽ, കണ്ണുകണ്ടിട്ടില്ലാത്തതും ചെവി കേട്ടിട്ടില്ലാത്തതും മനുഷ്യമനസ്സിൽ പ്രവേശിച്ചിട്ടില്ലാത്തതുമായ പരലോകഭാഗ്യം മുമ്പിൽ കണ്ടുകൊണ്ട് ക്ഷണികവും പരിമിതവുമായ വിഷമതകളെ സസന്തോഷം സ്വീകരിച്ചു, സ്വർഗ്ഗത്തിലേക്ക് മഹത്വം സമ്പാദിക്കാം- എപ്പോഴാണ് ദൈവത്തിൻെറ വിളി ഉണ്ടാകുന്നതെന്നും മരണത്തിൻെറ വാതിൽ

MALANKARA
LIBRARY

ത്തുാക്കുന്നതെന്നും നമുക്കു നിശ്ചയമില്ലല്ലോ. വാതിലെവിടെയെന്നു് അറിയാതെ വാതില്ക്കൽത്തന്നെ ഇരിക്കുകയായിരിക്കും നമ്മൾ. അതു പെട്ടെന്നു തുറക്കും; അന്ധകാരം നീങ്ങി നിത്യപ്രകാശം ഉദിക്കും; കദനം കടന്നുപോയി, ശാശ്വതസൗഭാഗ്യം അനുഭവസ്ഥമാകുകയും ചെയ്യും.

നമ്മുടെ ധ്യാനത്തിൽ ലഭിച്ച ചൈതന്യം നിലനിറുത്തുവാനായി ഈ അടിസ്ഥാനചിന്തകൾ സദാ പാലിക്കാം.

എന്റെ ദൈവമേ. എന്റെ സമസ്തവുമേ;
ഈശോയെ, എന്റെ സ്നേഹമേ.
എന്റെ അമ്മേ, എന്റെ ആശ്രയമേ.